
# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും




തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും

വാല്യം-II


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും

## വാല്യം II

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581

| | |
|---|---|
| **Editorial Board** | **എഡിറ്റോറിയൽ ബോർഡ്,** |
| January 2014 | ജനുവരി 2014 |
| **Chief Editor :** | **ചീഫ് എഡിറ്റർ** |
| Dr. P. P. Balan | ഡോ. പി.പി. ബാലൻ |
| Director, KILA | ഡയറക്ടർ, കില |
| **Editor:** | **എഡിറ്റർ** |
| Dr. Peter.M.Raj | ഡോ. പീറ്റർ.എം.രാജ് |
| Associate Professer, KILA | അസോസിയേറ്റ് പ്രൊഫസർ, കില |
| **Associate Editor**: | **അസോസിയേറ്റ് എഡിറ്റർ** |
| Sri. M.K.Ravindranathan | ശ്രി. എം.കെ. രവീന്ദ്രനാഥൻ |
| Consultant, KILA | കൺസൽട്ടന്റ്, കില |
| **D.T.P** | **ഡി.ടി.പി.** |
| Vinitha Ravi | വിനിത രവി |
| **Layout Designing** | **ലേ ഔട്ട് ഡിസെനിംഗ്** |
| Co-operative Press | കോ-ഓപ്പറേറ്റീവ് പ്രസ്സ് |
| **Cover Designing** | **കവർ ഡിസൈനിംഗ്** |
| Usman Kuttoth | ഉസ്മാൻ കൂട്ടോത്ത് |
| **Published by:** | **പ്രസാദനം** |
| Kerala Institute of Loca | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ |
| Administration | അഡ്മിനിസ്ട്രേഷൻ, |
| Mulamkunnathukavu, | മുളങ്കുന്നത്തുകാവ്, |
| Thrissur – 680581 | തൃശൂർ 680581 |
| Phone: 0487-2201768, | ഫോൺ : 04872201768, |
| 2200244 (Office) | 2200244 (ഓഫീസ്) |
| 0487-2201312 (Director) | 04872201312 (ഡയറക്ടർ) |
| 0487-2201062 (Fax) | 04872201062 (ഫാക്സ്) |
| e-mail: mail@kilaonline.org | ഇ-മെയിൽ : mail@kilaonline.org |
| Website : www.kilaonline.org | വെബ്സൈറ്റ്: www.kilaonline.org |



**മാന്യരെ,**

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് കില പ്രസിദ്ധീകരിച്ച കൈപുസ്തകം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും വളരെയധികം പ്രയോജനം നൽകിയിട്ടുണ്ട്. ആയതിൽ നിന്നാണ് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന സംസ്ഥാനസർക്കാരിന്റെ വിവിധ സ്കീമുകളെക്കുറിച്ച്, പ്രത്യേകിച്ച് സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട സ്കീമുകൾ ഉൾപ്പെടുത്തി, ഒരു കൈപുസ്തകം തയ്യാറാക്കണമെന്ന ആശയം ഉടലെടുത്തത്. കില യഥാസമയം അതിനുള്ള നേതൃത്വം ഏറ്റെടുത്തത് ഏറ്റവും ശ്ലാഘനീയമായകാര്യം തന്നെയാണ്.

സംസ്ഥാന സ്കീമുകൾ, പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളെ ഉദ്ദേശിച്ചുള്ളവ, ഇന്നും വേണ്ടത്ര രീതിയിൽ പൊതുജനസമക്ഷം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സ്കീമുകളുടെ ബാഹുല്യവും എങ്ങനെ അപേക്ഷിക്കണമെന്ന അജ്ഞതയും പലർക്കും അവസരം നഷ്ടപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ എല്ലാവർക്കും വേണ്ടത്ര രീതിയിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ഫലം അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ വിവിധ വകുപ്പുകൾ വഴി ൮൦൦ ഓളം സ്കീമുകൾ നടപ്പിലാക്കുന്നുണ്ട് എന്നു പറയുമ്പോൾ തന്നെ ആയതിന്റെ വ്യാപ്തി നമുക്ക് ബോധ്യമാകും. ഇതുകൂടാതെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും എം.എൽ.എ, എം.പി സ്കീമുകളും പ്രാദേശിക സർക്കാരുകളുടെ പദ്ധതികളും നടപ്പിലാക്കാനുണ്ട്. ഇവയെല്ലാം തന്നെ പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിന് മുൻഗണന നൽകികൊണ്ടാണ് ചെയ്യുന്നത്. ആയതിനാൽ തന്നെ വിവിധ സർക്കാരുകളുടെ സ്കീമുകളെക്കുറിച്ചുള്ള അവബോധം അനിവാര്യവുമാണ്. ഇത് പാഴ്ച്ചിലവും അഴിമതിയും ഒഴിവാക്കി സാധാരണ ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യുന്നതരത്തിൽ സ്കീമുകൾ ആസൂത്രണം ചെയ്യുന്നതിന് അവസരം നൽകുന്നു. ഇതു കൂടാതെ ബോർഡുകൾ, കോർപ്പ

റേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ, അതോറിറ്റികൾ മുതലായ പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ സ്കീമുകളും നിലവിലുണ്ട് . രണ്ടാംഘട്ടമായി ഈ സ്കീമുകളും കൈപുസ്തകരൂപത്തിൽ തയ്യാറാക്കുന്നതിന് കില ഉദ്ദേശിക്കുന്നു എന്ന് മനസിലാക്കുന്നു.

രണ്ട് വാള്യങ്ങളായി കില തയ്യാറാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഈ കൈപുസ്തകം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും സർവ്വോപരി പൊതുജനങ്ങൾക്കും വളരെയധികം ഗുണം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഉദ്യമം ഏറ്റെടുത്ത കിലയേയും, ഡയറക്ടർ ശ്രീ പി.പി. ബാലനേയും ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു.

എല്ലാ ആശംസകളും

ഉമ്മൻചാണ്ടി
കേരള മുഖ്യമന്ത്രി



മാന്യരെ,

പാവപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി കേരള സർക്കാർ വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നിരവധി സ്കീമുകൾ നടപ്പിലാക്കി വരുന്നുണ്ട്. സ്ത്രീ ശാക്തീകരണം, ശിശുവികസനം, വൃദ്ധ-വികലാംഗ ക്ഷേമം, ഭക്ഷ്യസുരക്ഷ, ആരോഗ്യ വിദ്യാഭ്യാസ മേഖല, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ വിഷയങ്ങളിൽ നിരവധി സ്കീമുകൾ നിലവിലുണ്ട്. കൂടാതെ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ ഡിപ്പാർട്ട്മെന്റുകൾ വഴി വിവിധ സ്കീമുകൾ നടപ്പിലാക്കി വരുന്നു. എന്നാൽ ടി സ്കീമുകളെക്കുറിച്ച് ബന്ധപ്പെട്ട ജനവിഭാഗത്തിന് ഇന്നും മതിയായ അറിവ് ലഭ്യമല്ല. വികേന്ദ്രീകരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ പതിന്മടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. ആയതിനാൽ തന്നെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകളെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വേണ്ട വിധം അറിഞ്ഞിരിക്കേണ്ടതും അവയുടെ പദ്ധതി രൂപീകരിക്കുമ്പോൾ പ്രസ്തുത സ്കീമുകൾ കൂടി ചർച്ച ചെയ്യപ്പെടുകയും ആയതിനനുസരിച്ച് തങ്ങളുടെ പദ്ധതിയുമായുള്ള ഏകോപന സംയോജന സാധ്യതകൾ പരിഗണിക്കപ്പെടേണ്ടതും പരമ പ്രാധാന്യമുള്ള കാര്യവുമാണ്. ആയത് കേന്ദ്ര-സംസ്ഥാനവിഷ്കൃത സ്കീമുകളിലുള്ള അവഗാഹം വർദ്ധിപ്പിക്കുന്നതിന് പുറമെ അവയുമായി സംയോജിപ്പിച്ചുകൊണ്ട് പദ്ധതി രൂപീകരണത്തിന് സഹായിക്കുകയും ചെയ്യും. കൂടാതെ വിവിധ സർക്കാർ സ്കീമുകളുടെ വിടവുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയുമായി ബന്ധപ്പെട്ട് സ്കീമുകൾ മുഖേന പരിഹരിക്കുകയും ചെയ്യാം. ആയതിന് വകുപ്പുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും സംസ്ഥാന സർക്കാരിന്റെ വിവിധ മേഖലയിലെ സ്കീമുകളെക്കുറിച്ചുള്ള അവബോധം അനിവാര്യമാണ്. ആയതിനായി കില ഏറ്റെടുത്ത ഈ സംരംഭം ശ്ലാഘനീയം തന്നെയാണ്. ആയതിനാൽ തന്നെ ഈ കൈപുസ്തകം സ്കീമുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനവും സാമൂഹ്യനീതിയും പ്രദാനം ചെയ്യുന്നതിനും വളരെയധികം പ്രയോജനം ചെയ്യുമെന്നും നിസ്സംശയം പറയാം. ഈ സംരംഭം ഏറ്റെടുത്ത് പൂർത്തി

യാക്കിയ കില ഡയറക്ടർ പി.പി. ബാലനേയും ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വരേയും അഭിനന്ദിക്കുന്നു.

**ശ്രീ. എം.കെ.മുനീർ**
ബഹു. കേരള പഞ്ചായത്ത്
സാമൂഹ്യ നീതി വകുപ്പ് മന്ത്രി



ബഹുമാന്യരെ,

വികേന്ദ്രീകരണത്തിൽ പ്രാദേശിക സർക്കാരുകൾക്കുള്ള പ്രാധാന്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലൊ. എന്നാൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത സൽഭരണം കാഴ്ചവെക്കുന്നതിന്  അവർക്ക് കഴിഞ്ഞു എന്ന് തീർത്തും പറയാനാവില്ല. വികേന്ദ്രീകരണം പ്രാബല്യത്തിൽ വന്ന് 3 പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിട്ടും ദാരിദ്ര്യനിർമ്മാർജനവും സാമ്പത്തിക വികസനവും സാമൂഹ്യനീതിയും പ്രദാനം ചെയ്യുന്നതിൽ ഇനിയും മുന്നോട്ട് പോകാനുണ്ട്. പ്രാദേശിക ഭരണത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മുമ്പിലാണെങ്കിലും ജനപങ്കാളിത്തം പൂർണ്ണതോതിൽ ഉറപ്പു വരുത്തുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.

പദ്ധതികൾ വേണ്ട വിധത്തിൽ ആസൂത്രണം ചെയ്യായ്ക, മുൻഗണനകൾ നിശ്ചയിക്കുന്നതിലും അർഹരെ തെരഞ്ഞെടുക്കുന്നതിലും സുസ്ഥിര വികസനം നടപ്പാക്കുന്നതിലും ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിലും, സ്ത്രീനീതി, ബാലനീതി എന്നിവ നടപ്പിലാക്കുന്നതിലും ദുർബല ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പ്രത്യേക വിഭാഗങ്ങളുടെ പ്രത്യേകിച്ച് ശാരീരിക-മാനസീക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനും വിജയം പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമത ഇല്ലായ്മ, അഴിമതി, പാഴ്ചെലവ് എന്നിവ ഒഴിവാക്കേണ്ടതാണ്. ജനങ്ങളെ ബോധ്യപ്പെടുത്തികൊണ്ടുള്ള ഭരണം കാഴ്ച്ചവെയ്ക്കുന്നതിൽ ഇനിയും ശ്രദ്ധചെലുത്തേണ്ടതുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പണം ഉപയോഗിച്ചുകൊണ്ടുള്ള ആസൂത്രണം ഇതിനൊരു പരിഹാരമാണ്. കേന്ദ്ര-സംസ്ഥാന ഫണ്ടുകളും എം.എൽ.എ, എം.പി ഫണ്ടുകളുമായുള്ള സംയോജന ഏകോപനവും അനിവാര്യമാണ്. ആയതിനാൽ തന്നെ പ്രാദേശിക സർക്കാരുകളെ ഇതിനുവേണ്ടി സജ്ജമാക്കുക എന്നത്

പരമപ്രധാനമാണ്. ആയതിനുള്ള പ്രധാനദൗത്യം എന്ന നിലയിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആദ്യപുസ്തകം കഴിഞ്ഞവർഷം പുറത്തിറക്കിയത്. അതിന്റെ വിജയത്തിൽ നിന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടേയും നിർദ്ദേശപ്രകാരം സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. വിവിധ വകുപ്പുകളുടെ 800 ഓളം സ്കീമുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രധാനപ്പെട്ട ചില പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാ. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി മുതലായവ. സ്കീമുകളുടെ ബാഹുല്യം മൂലം ഇവ രണ്ട് വാല്യം ആയിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. രണ്ടാംഘട്ടത്തിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, അതോറിറ്റികൾ മുതലായ സർക്കാർ പണം കൈകാര്യം ചെയ്യുന്നവരുടെ സ്കീമുകൾ അടങ്ങിയ കൈപുസ്തകം രണ്ടാംഘട്ടമായി ഈ വർഷം തന്നെ പുറത്തിറക്കുന്നു. ഇവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനും പാഴ്ച്ചെലവുകൾ ഒഴിവാക്കുന്നതിനും എം.എൽ എ, എം.പി സ്കീമുകളുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്യുന്നതിനും വളരെയേറെ ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ എങ്ങനെ പ്രസ്തുത പ്രോജക്ടുകളുമായി ബന്ധപ്പെടണം എന്ന് വ്യക്തമായി ഇതിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾക്കും വകുപ്പുദ്യോഗസ്ഥർക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരിക്കുമ്പോൾ ഇത് ഒരു മുതൽ കൂട്ടാവുമെന്നതിൽ സംശയമില്ല. ഇത് കിലയുടെ വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. ഈ കൈപുസ്തകം തയ്യാറാക്കുന്നതിനായി പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകം പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

**ഡോ. പി.പി. ബാലൻ**
ഡയറക്ടർ

| അദ്ധ്യായം നം. | അദ്ധ്യായത്തിന്റെ പേര് | പേജ് നമ്പർ |
|---|---|---|
| | **വാള്യം I** | |
| I | തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും | 27-36 |
| II | കൃഷിവകുപ്പ് | 37-82 |
| III | മണ്ണു സംരക്ഷണ - മണ്ണു പര്യവേഷണ വകുപ്പ് | 83-100 |
| IV | ജലസേചന വകുപ്പ് | 101-106 |
| V | മത്സ്യബന്ധന വകുപ്പ് | 107-148 |
| VI | മൃഗസംരക്ഷണ വകുപ്പ് | 149-184 |
| VII | ക്ഷീരവികസനം | 185-230 |
| VIII | വ്യവസായ-വാണിജ്യ വകുപ്പ് | 231-252 |
| IX | കയർ ഡിപ്പാർട്ട്മെന്റ് | 253-256 |
| X | ആരോഗ്യ വകുപ്പ് | 257-284 |
| XI | ആയൂർവ്വേദ വകുപ്പ് | 285-322 |
| XII | ഹോമിയോപ്പതി വകുപ്പ് | 232-242 |
| XII | കേരള സംസ്ഥാന സാക്ഷരതാമിഷൻ | 343-370 |
| XIV | ഭൂജല വകുപ്പ് | 371-380 |
| XV | ജലനിധി | 381-393 |
| XVI | വാട്ടർ അതോറിറ്റി | 393-404 |
| XVII | പട്ടികജാതി വികസനം | 405-424 |
| XVIII | പട്ടികവർഗ്ഗ വികസനം | 425-436 |
| XIX | സാമൂഹ്യ നീതി വകുപ്പ് | 437-513 |
| XX | കുടുംബശ്രീ | 515-524 |
| | **വാള്യം II** | |
| XXI | ശാസ്ത്ര സാങ്കേതിക വകുപ്പ് | |
| XXII | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് | |
| XXIII | കൈത്തറി & വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് | |
| XXIV | വനം വകുപ്പ് | |
| XXV | വിദ്യാഭ്യാസ വകുപ്പ് | |
| XXVI | കോളേജ് വിദ്യാഭ്യാസ വകുപ്പ് | |
| XXVII | സഹകരണ വകുപ്പ് | |
| XXVIII | നാഷ്ണൽ എംപ്ലോയ്മെന്റ് സർവ്വീസസ്, കേരള | |
| XXIX | തൊഴിൽ വകുപ്പ് | |
| XXX | ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് | |

| | |
|---|---|
| XXXI | പിന്നോക്ക സമുദായ വകുപ്പ് |
| XXXII | വിനോദ സഞ്ചാര വകുപ്പ് |
| XXXIII | സിവിൽ സപ്ലൈസ് വകുപ്പ് |
| XXXIV | റവന്യു വകുപ്പ് |
| XXXV | കായിക-യുവജനകാര്യ വകുപ്പ് |
| XXXVI | പോലീസ് വകുപ്പ് |
| XXXVII | ഭാഗ്യക്കുറി വകുപ്പ് |
| XXXVIII | ലീഗൽ മെട്രോളജി വകുപ്പ് |
| XXXIX | സംസ്ഥാന ഇൻഷുറൻസ് വകുപ്പ് |
| XL | മൈനിംഗ് & ജിയോളജി വകുപ്പ് |
| XLI | എക്സൈസ് വകുപ്പ് |
| XLII | ഔഷധ ഗുണനിയന്ത്രണ വകുപ്പ് |
| XLIII | ഫയർ & റസ്ക്യു സർവ്വീസസ് വകുപ്പ് |
| XLIV | മോട്ടോർ വാഹന വകുപ്പ് |
| XLV | പൊതുമരാമത്ത് വകുപ്പ് |
| XLVI | പുരാവസ്തു വകുപ്പ് |
| XLVII | റിമോട്ട് സെൻസിംഗ് |
| XLVIII | ഇലക്ട്രിസിറ്റി ബോർഡ് |
| XLIX | ഭൂവിനിയോഗ ബോർഡ് |
| L | ഭവന നിർമ്മാണ ബോർഡ് |
| LI | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| LII | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ |
| LIII | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ |
| LIV | വികസന കോർപ്പറേഷനുകൾ |
| LV | കേരള ലീഗൽ സർവ്വീസ് അതോറിറ്റി |
| LVI | കേരള സംഗീത നാടക അക്കാദമി |
| LVII | അനർട്ട് |
| LVIII | എം.എൽ.എ മാർക്കുള്ള സ്പെഷൽ വികസന ഫണ്ട് സ്കീം |
| LIX | കേന്ദ്രാവിഷ്കൃത പദ്ധതികൾ - സപ്ലിമെന്റ് |
| LX | കയർ-ജിയോ ടെക്സ്റ്റയിൽസ് |
| LXI | എം.പി മാരുടെ പ്രാദേശിക വികസന പരിപാടി സ്കീമുകൾ |
| LXII | ബാങ്കിംഗ് മേഖല |

## വാല്യം II

# ഉള്ളടക്കം

പേജ് നമ്പർ

**I. തദ്ദേശസ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും.** 27–36

**XXI. ശാസ്ത്ര സാങ്കേതിക വകുപ്പ്**

**സി സ്റ്റെഡ് – സ്കീമുകൾ–** 1 മുതൽ 87 വരെ നമ്പർ

**XXII. കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ്**

1. വകുപ്പു തല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും പുതിയവ സ്ഥാപിക്കലും
2. ഖാദി നൂൽപ് – നെയ്ത്ത് തൊഴിലാളികൾക്കുള്ള ഉൽപാദന ഉൽസവകാല ഇൻസെന്റ്റീവ് നൽകൽ
3. തേനീച്ച വളർത്തൽ വ്യവസായം
4. വകുപ്പുതല ഗ്രാമ വ്യവസായ കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും പുതിയവ സ്ഥാപിക്കലും
5. ഇൻഫർമേഷൻ, പബ്ലിസിറ്റി, പരിശീലനം
6. ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം
7. ഖാദി സഹകരണ സംഘങ്ങൾക്കും മറ്റു ഖാദി സ്ഥാപനങ്ങൾക്കും ഉള്ള ധനസഹായം
8. പ്രവർത്തന രഹിത/പീഡിത ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾക്കും ഗ്രാമവ്യവസായ സ്ഥാപനങ്ങൾക്കും ഉള്ള ധനസഹായം
9. പുതിയ വിൽപ്പനശാലകൾ സ്ഥാപിക്കുക, നിലവിലെ വിൽപ്പനശാലകളുടേയും ഗോഡൗണുകളുടെയും നവീകരിക്കലും കമ്പ്യൂട്ടർവൽക്കരിക്കലും
10. സ്പെഷ്യൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രേം (പ്രത്യേക തൊഴിൽ ദാന പദ്ധതി)
11. ഖാദി ക്ലസ്റ്ററുകൾ സ്ഥാപിക്കൽ.
12. ഖാദി ഗ്രാമ വ്യവസായ പാർക്ക് സ്ഥാപിക്കൽ

**XXIII. കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്**

1. പ്രാഥമിക കൈത്തറിനെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം
2. വിപണന കയറ്റുമതി പ്രോൽസാഹനപദ്ധതി

3. പരിശീലനവും വൈദഗ്ദ്ധ്യ വികസന പരിപാടിയും
4. ഹാന്റക്സ്, ഹാൻവീവ്, അസംസ്കൃതവസ്തു ബാങ്ക് എന്നിവയിലൂടെയുള്ള കൈത്തറി വികസനം
5. ഹാൻടെക്സ്/ഹാൻവീവ് എന്നിവയ്ക്ക് ഓഹരി പങ്കാളിത്തം
6. അംശദാന സമ്പാദ്യ പദ്ധതി
7. കൈത്തറി സംഘങ്ങളുടെ ആധുനിക വത്ക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും
8. കൈത്തറി നെയ്ത്തുകാരുടെ/ തൊഴിലാളികളുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കലും പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റവും
9. കൈത്തറി സഹകരണ സംഘങ്ങൾ, അപ്പക്സ് സൊസൈറ്റി, കൈത്തറി വികസന കോർപ്പറേഷൻ എന്നിവയുടെ പുനരുദ്ധാരണവും, ശക്തിപ്പെടുത്തലും
10. വിദഗ്ധ നെയ്ത്തുകാർക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം. (ഫ്ളാഗ് ഷിപ്പ് പരിപാടി)
11. കൈത്തറി നെയ്ത്തുകാരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിന് പരിശീലനം
12. പ്രീ-ലൂം പ്രോസസ്സിംഗിൽ ഭാഗിക യന്ത്രവൽക്കരണവും തറികളുടെ അനുബന്ധ സാമഗ്രികൾ മാറ്റുന്നതിനുമുള്ള ഗ്രാന്റ്
13. കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണം, പരിശീലനം, പഠനം എന്നിവ
14. കൈത്തറി മാർക്ക് സ്കീം - ക്വാളിറ്റി കൺസപ്റ്റിന്റെ പ്രചാരണത്തിനുള്ള സഹായ പദ്ധതി.
15. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി സ്ഥാപിക്കൽ
16. കൈത്തറി മേഖലയിലെ സ്വയംതൊഴിൽ പദ്ധതി
17. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി
18. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും സ്ഥാപനം

**യന്ത്രത്തറി**

19. യന്ത്രത്തറിയിലെ പരിശിലന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
20. യന്ത്രത്തറി സഹകരണസംഘങ്ങളുടെ നവീകരണത്തിനുള്ള ഓഹരി പങ്കാളിത്തം
21. ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ നവീകരണവും വിപണന സഹായവും
22. ടെക്സ്ഫെഡിന്റെ നിയന്ത്രത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

23. മാള, മലബാർ (മാൽക്കോടെക്സ്),പ്രിയദർശിനി സ്പിന്നിംഗ് മില്ലുകൾക്ക് സഹായം

## XXIV. വനം വകുപ്പ്

1. വനം വകുപ്പിന്റെ വിവിധ സ്കീമുകൾ

1. അതിർത്തി നിർണ്ണയവും സംരക്ഷണവും
2. മണ്ണൊലിപ്പ് തടഞ്ഞ് മണ്ണിലെ ഈർപ്പം സംരക്ഷിക്കുക
3. കാട്ടിനുള്ളിലെ ജലം, ആഹാരം എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക
4. കാട്ടുതീ തടയുക
5. നാശോന്മുഖമായ വനഭാഗങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുക
6. പ്ലാന്റേഷൻ ജോലികൾ
7. വന്യജീവി ആക്രമണം
8. നഴ്സറി ഉത്പാദനം
9. ചന്ദന മരസംരക്ഷണം
10. വനം കുറ്റകൃത്യങ്ങൾ തടയൽ
11. ആർ.ഡി.എഫ്.ഏരിയായിലെ പുനരുജ്ജീവന പ്രവർത്തനങ്ങൾ
12. ജണ്ടകളുടെ നിർമ്മാണം
13. വാഹനങ്ങളുടെ അറ്റകുറ്റപണികൾ ഇന്ധനചെലവുകൾ
14. ഗള്ളി പ്ലക്ഷിങ്ങ്, ഗഞ്ചാ റെയ്ഡ് മുതലായവ
15. എൻ.ഡബ്ല്യു.എഫ്.പി. ഏരിയയിലെ പരിചരണപ്രവർത്തനങ്ങൾ
16. റോഡ് നിർമ്മാണം
17. ചുറ്റുമതിൽ നിർമ്മാണം
18. ബിൽഡിങ്ങ് നിർമ്മാണം
19. റോഡുകളുടെ അറ്റകുറ്റപ്പണികൾ
20. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ
21. നഴ്സറിയുടെ പ്രവർത്തനങ്ങൾ
22. ടിമ്പർ ജോലികൾ
23. വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ട പരിഹാരം

2. ഹരിത കേരളം പദ്ധതി

3. സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ട് വളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം
4. ഇത്തിരി വനവും ഒത്തിരി ജനങ്ങളും
   സീരിയൽ നമ്പർ 1 മുതൽ 23 വരെ
5. തോട്ടങ്ങളുടെ സംരക്ഷണം
   സീരിയൽ നമ്പർ 1 മുതൽ 8 വരെ

**XXV. വിദ്യാഭ്യാസവകുപ്പ്**

**A. പൊതു വിദ്യാഭ്യാസം**

**വിഭാഗം 1**

1. ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
2. സ്കൂളുകളിലെ വിവര വിനിമയ സാങ്കേതികവിദ്യാപദ്ധതികൾ/എഡ്യുക്കേഷൻ ടെക്നോളജി സ്കീം.
3. പുരാതനങ്ങളായ വിദ്യാലയങ്ങളെ ശക്തിപ്പെടുത്തൽ
4. അന്തർദേശീയ തലത്തിലേക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുക

**വിഭാഗം 2**

5. സെക്കണ്ടറി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കൽ
6. ഗുണനിലവാരമുള്ള വിദ്യാഭ്യാസം - വിദ്യാർത്ഥികളുടെ അവകാശം
7. സംസ്കൃത വിദ്യാഭ്യാസ വികസനം
8. ഗണിതശാസ്ത്ര, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ
9. ഇംഗ്ലീഷ്ഭാഷാ ജില്ലാ കേന്ദ്രങ്ങൾ

വിഭാഗം 3

10. മുസ്ലീം/നാടാർ ആംഗ്ലോ-ഇന്ത്യൻ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്
11. എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ്
12. ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് നൽകുന്ന നാഷ്ണൽ സ്കോളർഷിപ്പ്
13. സംസ്കൃത സ്കോളർഷിപ്പ്
14. പ്രീ-മെട്രിക് സ്കോളർഷിപ്പ്
15. പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്
16. ഗിഫ്റ്റഡ് ചിൽഡ്രൺ സ്കീം.
17. നിർദ്ധനരായ വിദ്യാർത്ഥികൾക്കുള്ള കലാപ്രതിഭസ്കീം

18. വിദ്യാർത്ഥികൾക്കുള്ള അപകട/അപകട മരണ ഇൻഷുറൻസ് പദ്ധതി
19. ഉച്ചഭക്ഷണ പദ്ധതി
20. കേരളസ്ക്കൂൾ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ
21. കേരളസ്ക്കൂൾ കലോത്സവം
22. സ്പോർട്സ് & ഗെയിംസ്
23. അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾക്കുള്ള സമ്മാനങ്ങൾ
24. മറ്റ് പ്രധാന പദ്ധതികളും പ്രവർത്തനങ്ങളും

വിഭാഗം 4

25. ഇ-ഗവേണൻസ്, നിലവാരം ഉയർത്തൽ

**B. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം**

26. ഹയർ സെക്കണ്ടറി സ്കൂളുകൾ - അടിസ്ഥാന സൗകര്യ വികസനം
27. വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി
28. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്
29. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ

**C. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം**

30. അടിസ്ഥാന സൗകര്യ വികസന പരിപാടി
31. പഠന നിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ
32. വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾ
33. ഡയറക്ടറേറ്റും ഭരണ വിഭാഗവും നവീകരിക്കുക

**D. സാങ്കേതിക വിദ്യാഭ്യാസം.**

34. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് ഹെഡ് ഓഫീസും, റീജണൽ ഡയറക്ടറേറ്റുകളും, സാങ്കേതിക പരീക്ഷാ വിഭാഗം ഓഫീസും (പ്ലാൻ)
35. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ (പ്ലാൻ)
36. കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരത്തിന്റെ വികസനം (പ്ലാൻ)
37. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ (പ്ലാൻ)
38. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ (പ്ലാൻ)
39. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം (പ്ലാൻ)
40. ഫൈൻ ആർട്ട്സ് കോളേജുകൾ (പ്ലാൻ)

41. പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനിംഗ് (പ്ലാൻ)
42. ഫാക്കൽറ്റി ഡവലപ്പ്മെന്റ് (പ്ലാൻ)
43. ജനറൽ പോളിടെക്നിക്ക് (പ്ലാൻ)
44. വനിതാ പോളിടെക്നിക്ക് (പ്ലാൻ)
45. അപ്ഗ്രേഡഡ് പോളിടെക്നിക്ക് (പ്ലാൻ)
46. മറ്റു എൻജിനീയറിംഗ് കോളേജുകളുടെ വികസനം (പ്ലാൻ)
47. ഇൻഡസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ (പ്ലാൻ)
48. സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ (പ്ലാൻ)
49. കളമശ്ശേരി കരിക്കുലം ഡവലപ്മെന്റ് സെന്ററിന്റെ വികസനം (മാനവശേഷി വികസനം) (പ്ലാൻ)
50. എഞ്ചിനീയറിംഗ് ഗവേഷണത്തിനും വികസനത്തിനുമായുള്ള സെന്റർ (സെന്റർ ഫോർ ഡവലപ്പ്മെന്റ് റിസർച്ച് സെന്റർ - CERD) (പ്ലാൻ)
51. പോളിടെക്നിക്കുകളിലെ ഫിനിഷിംഗ് സ്കൂളുകൾ (പ്ലാൻ)
52. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും കായിക വിദ്യാഭ്യാസ വികസനം (പ്ലാൻ)
53. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും വിവര സാങ്കേതികവിദ്യാ വികസനം (പ്ലാൻ)
54. കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കൽ (കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി - ഗഠഡ) (പ്ലാൻ)
55. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസെർച്ച് സെന്റർ (റ്റി. ആർ. സി) (പ്ലാൻ)
56. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികളുടെ ശാക്തീകരണം (പ്ലാൻ)
57. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവകേന്ദ്രങ്ങൾ (എഡ്യൂക്കേഷണൽ റിസോഴ്സ് സെന്ററുകൾ) (പ്ലാൻ)
58. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണസ്കോളർഷിപ്പ് (പ്ലാൻ)
59. ഫാക്കൽറ്റിയുടെയും സ്റ്റാഫിന്റെയും പരിശീലന കേന്ദ്രങ്ങളുടെ വികസനം (പ്ലാൻ)
60. വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (Scholar Support Programme) (പ്ലാൻ)

61. രണ്ട് കോളേജുകളിലെ ക്യൂ. ഐ. പി. കേന്ദ്രങ്ങൾ (പ്ലാൻ)
62. വിദഗ്ദ്ധ കഴിവ് നേടുന്ന പദ്ധതി (അധിക വൈദഗ്ദ്ധ്യം ആർജിക്കുന്നതിനുള്ള പദ്ധതി - ASAP) (പ്ലാൻ)
63. കേരളത്തിൽ പുതിയ ഐ. ഐ. റ്റി. (പ്ലാൻ)
64. തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (ട്രസ്റ്റ്) (പ്ലാൻ)
65. പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപീകരിക്കൽ (എൻ.വി.ഇ.ക്യു.എഫ്.) (പ്ലാൻ)
66. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ (പി.പി.പി) (പ്ലാൻ)

## XXVI. കോളേജ് വിദ്യാഭ്യാസ വകുപ്പ്

1. ഫാക്കൽറ്റി വികസനം
2. പുതിയ കോഴ്സുകൾ
3. സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടേയും ലൈബ്രറികളുടേയും വികസനം
4. തെരെഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്
5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റേയും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടേയും നവീകരണം
6. ഐ.റ്റി.ഗ്രിഡ്
7. കോളേജുകൾക്കുള്ള നാഷണൽ അസസ്മെന്റ് ആന്റ് അക്രിഡിറ്റേഷൻ കൗൺസലിന്റെ (NACC) അംഗീകാരം
8. ഗ്രാജ്വേറ്റ് പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
9. എഡ്യൂസാറ്റ് സ്കീം വിത്ത് ടെലിട്രെയിനിംഗ് ഇൻ ഗവണ്മെന്റ് കോളേജസ്
10. പഠനയാത്രകൾ
11. സംഗീത കോളേജുകൾ
12. കായിക വിദ്യാഭ്യാസ കോളേജ്, കോഴിക്കോട്
13. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയ്ക്ക് ധനസഹായം
14. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

15. അസ്പയർ സ്കോളർഷിപ്പ് പദ്ധതി
16. എഡ്യൂസാറ്റ് ക്ലാസ് മുറികളുടെ നവീകരണം
17. സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പ് നൽകുക
18. സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പ്
19. സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പ്
20. സാമൂഹ്യശാസ്ത്രത്തിനും സാഹിത്യത്തിനും അദ്ധ്യാപകർക്കുള്ള സ്കോളർഷിപ്പ്
21. ട്രെയിനിംഗ് കോളേജുകൾ
22. വിവരസാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസമിഷനുള്ള കണക്ടിവിറ്റി
23. കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി
24. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടി (CQIP)
25. അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി (ASAP)
26. ഗവേഷണ സഹായ പദ്ധതി
27. പഠിതാവിനൊപ്പം
28. നൈപുണ്യ വികസന പദ്ധതി
29. സർക്കാർ കോളേജുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം
30. കോളേജുകകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിട നിർമ്മാണം
31. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്
32. മുസ്ലീം പെൺകുട്ടികൾക്കുള്ള സാമ്പത്തിക സഹായം (ഹോസ്റ്റൽ സ്റ്റൈപ്പെന്റ്)
33. മുസ്ലീം / നാടാർ സ്കോളർഷിപ്പ്
34. സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്
35. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
36. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്
37. അദ്ധ്യാപകരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്
38. അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
39. മ്യൂസിക് / ഫൈൻ ആർട്ട്സ് സ്കോളർഷിപ്പ്

40. IAS കോച്ചിംഗ് സ്കോളർഷിപ്പ്
41. ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്
42. ഹിന്ദി സ്കോളർഷിപ്പ്
43. സംസ്കൃത പഠന പ്രോത്സാഹന സ്കോളർഷിപ്പ്
44. കേരള സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്
45. കേരള സ്റ്റേറ്റ് സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ്

**XXVII. സഹകരണ വകുപ്പ്**

1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ സഹായം.
2. സംസ്കരണ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
3. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും, നീതി സ്റ്റോറുകൾക്കും ധനസഹായം
4. വനിത സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ എന്നിവക്കുള്ള ധനസഹായം.
5. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം.
6. വിപണന ഇടപെടലിനും, സംസ്ക്കരണത്തിനുമുള്ള ധനസഹായം
7. കർഷകസേവന കേന്ദ്രം നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം മുതലായ സ്കീമുകൾ ഉൾപ്പെടുന്നു.

**XXVIII. നാഷ്ണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്**

1. കെസ്റു 99 (Kerala State Self Employment Scheme for the registered unemployed)
2. മൾട്ടി പർപസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്. (MPSC & JC)
3. ശരണ്യ
4. തൊഴിൽ രഹിത വേതനം

**XXIX. A. തൊഴിൽ വകുപ്പ്**

1. 1980 ലെ കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി
2. 2012 – ലെ കേരള മരം കയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി
3. കേരള കർഷക തൊഴിലാളി പെൻഷൻ
4. കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതി, 1991

5. കള്ളുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഒരു നിധി ഏർപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതും
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി.
7. കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി.
8. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി
9. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് പദ്ധതി

**C. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്**

a. അൺ അറ്റാച്ച്ഡ് വിഭാഗം
b. അറ്റാച്ച്ഡ് വിഭാഗം
c. സ്കാറ്റേർഡ് വിഭാഗം

**D. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി**

a. പെൻഷൻ
b. കുടുംബ പെൻഷൻ
c. അവശതാ പെൻഷൻ
d. വിവാഹ ധനസഹായം
e. പ്രസവ ധനസഹായം
f. ചികിത്സാ ധനസഹായം
g. സ്കോളർഷിപ്പ്
h. ക്യാഷ് അവാർഡ്
i. അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്കും ശവസംസ്ക്കാരത്തിനുമായി ആശ്രിതർക്കുള്ള ധനസഹായം

**E. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി സ്കീമുകൾ**

a. പെൻഷൻ
b. മുൻകാല തൊഴിലാളികൾക്കു പെൻഷൻ
c. കുടുംബ പെൻഷൻ
d. പ്രസവാനുകൂല്യം
e. വിവാഹാനുകൂല്യം
f. വിദ്യാഭ്യാസ ആനുകൂല്യം
g. ‘ഭവന നിർമ്മാണ വായ്പ

**XXX. ഫാക്ടറീസ് & ബോയ്ലേഴ്സ്**

നൽകുന്ന സേവനങ്ങൾ – സീരിയൽ നമ്പർ 1 മുതൽ 20 വരെ

**XXXI. പിന്നോക്ക സമുദായം**

**I. പിന്നോക്ക സമുദായ വികസന വകുപ്പ്**

1. കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഗ്രാന്റ് വിതരണം
2. അഡ്വക്കറ്റ് ഗ്രാന്റ്

**II. കേരള സംസ്ഥാന പിന്നോക്ക വി ാഗ വികസന കോർപ്പറേഷൻ – കെ.എസ്.ബി.സി.ഡി.സി. പദ്ധതികൾ**

3. വിദേശത്ത് ജോലി നേടിപോകുന്നവർക്കുള്ള വായ്പ
4. പെൺകുട്ടികളുടെ വിവാഹ ധനസഹായ വായ്പ
5. വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ
6. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ
7. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ
8. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥ ഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ
9. പ്രവർത്തന മൂലധന വായ്പ
10. ഭവനശ്രി വായ്പ
11. വിദ്യാശ്രി വായ്പ
12. സ്വയംതൊഴിൽ വായ്പ
13. സുവർണ്ണശ്രി (വിവിധോദ്ദേശ വായ്പ)
14. ബിസിനസ്സ് ഡവലപ്മെന്റ് വായ്പ

**XXXII. വിനോദസഞ്ചാരവകുപ്പ്**

1. വിനോദസഞ്ചാരത്തിനുതകുന്ന വിവിധങ്ങളായ പദ്ധതികൾ
2. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റീവൽ
3. കേരള ട്രാവൽ മാർട്ട്
4. തെന്മല ഇക്കോ ടൂറിസം പദ്ധതി
5. കുമ്പളങ്ങി റൂറൽ ടൂറിസം പദ്ധതി

### XXXIII. സിവിൽ സപ്ലൈസ് വകുപ്പ്

1. എ.പി.എൽ കാർഡുടമകൾക്ക് 2/ രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്ന പദ്ധതി
2. പഞ്ചസാര
3. കേന്ദ്രസർക്കാർ പരിധിയിൽ വരാത്ത ദരിദ്രരായ ആളുകൾക്ക് 25 കി.ഗ്രാം അരിയും 8 കി.ഗ്രാം ഗോതമ്പും യഥാക്രമം 1 രൂപ 2 രൂപ നിരക്കിൽ വിതരണം ചെയ്യൽ

### XXXIV. റവന്യു വകുപ്പ്

1. State Disaster Response Fund (SDRF) പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായം.
2. State Disaster Response Fund (SDRF) വരൾച്ച ലഘൂകരണ പദ്ധതികൾ, കുടിവെള്ള വിതരണം
3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി
4. State Disaster Response Fund (SDRF)
5. സർക്കസ് പെൻഷൻ
6. സ്വാതന്ത്ര്യ സമര പെൻഷൻ
7. അവശകലാകാരൻമാർക്കുള്ള പെൻഷൻ
8. ദേശീയ കുടുംബക്ഷേമ പദ്ധതി
9. വികലാംഗപെൻഷൻ
10. സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം
11. വിധവാ പെൻഷൻ
12. 50 വയസ്സിൽ കൂടുതൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ
13. വാർദ്ധക്യകാല പെൻഷൻ

### XXXV. കായിക-യുവജന കാര്യ വകുപ്പ്

1. പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ
2. സ്വിം എൻ സർവൈവ്
3. പ്രചാരണം കരിയർ ഗൈഡൻസ് പ്രോഗ്രാം
4. പ്രചാരണം - ക്ലബ്ബുകൾക്കും/ സ്കൂളുകൾക്കും ധനസഹായം (കായിക ഉപകരണങ്ങൾ വാങ്ങുന്നതിന്)

5. പ്രചാരണം - കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം.
6. പ്രചാരണം - കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം
7. കമ്മ്യൂണിറ്റി സ്പോർട്സ്
8. മെയിന്റനൻസ് ഓഫ് പ്ലേ ഫീൽഡ്.
9. വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം.
10. അവശതയനുഭവിക്കുന്ന സർക്കസ്സ് കലാകാരന്മാർക്ക് പെൻഷൻ നൽകുന്ന പദ്ധതി.
11. സിവിൽ സർവ്വീസ് മത്സരം.
12. രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ.

**XXXVI. പോലീസ് വകുപ്പ്**

1. സ്റ്റുഡന്റ് പോലീസ് കേഡറ്റ്
2. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (SPG)
3. വിക്റ്റിം സപ്പോർട്ട് സ്കീം
4. സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് (SCHD)
5. വുമൺ ഹെൽപ് ഡെസ്ക്
6. കമ്മ്യൂണിറ്റി പോലീസിംഗ് ഇൻ കോസ്റ്റൽ ഏരിയ
7. ജനമൈത്രി സുരക്ഷ പദ്ധതി

**XXXVII. ഭാഗ്യക്കുറി വകുപ്പ്**

1. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടേയും ക്ഷേമ നിധി പദ്ധതി
2. കാരുണ്യ ബെനവലന്റ് ഫണ്ട്

**XXXVIII. ലീഗൽ മെട്രോളജി വകുപ്പ്**

1. പരസ്യവും പ്രചാരണവും
2. ഇംപ്രൂവ്മെന്റ് ഇൻ ക്വാളിറ്റി ആന്റ് എഫിഷ്യൻസി ഓഫ് വെരിഫിക്കേഷൻ
3. പരിശീലനം
4. കെട്ടിടങ്ങൾ

**XXXIX. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**

**A. സ്കീമുകൾ**

1. സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി (എസ്.എൽ.ഐ.)

2. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
3. പുതിയ പദ്ധതികൾ
4. ജനറൽ ഇൻഷ്വറൻസ് പദ്ധതി

B. **സേവനങ്ങൾ** – 1 മുതൽ 15 വരെ നമ്പർ

**XL. മൈനിംഗ് & ജിയോളജി വകുപ്പ്**

1. ക്വാറിയിംഗ് പെർമിറ്റ്
2. കൺസോളിഡേറ്റഡ് റോയൽറ്റി പേമെന്റ് സിസ്റ്റം (CRPS)
3. ക്വാറിയിംഗ് ലീസ്
4. പ്രോസ്പെക്ടിംഗ് ലൈസൻസ്/ക്വാറിയിംഗ് ലീസ്
5. ഡീലേഴ്സ് ലൈസൻസ്
6. റെക്കണൈസൻസ് പെർമിറ്റ്
7. പ്രോസ്പെക്ടിംഗ് ലൈസൻസ്
8. മൈനിംഗ് ലീസ്

**XLI. എക്സൈസ് വകുപ്പ്**

1. വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്
2. മദ്യസക്തിക്കെതിരായ പ്രചാരണം
3. എക്സൈസ് വകുപ്പ് നവീകരണം
4. എക്സൈസ് വകുപ്പിലെ വയർലസ് സംവിധാനത്തിന്റെ മെച്ചപ്പെടുത്തൽ
5. ജില്ലാ മൊബൈൽ അനലറ്റിക്കൽ ലബോറട്ടറികൾ
6. സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

**XLII. ഔഷധ ഗുണ നിയന്ത്രണ വകുപ്പ്**

1. ലൈസൻസ് നൽകൽ
2. സർട്ടിഫിക്കറ്റുകൾ
3. വിൽപനയ്ക്കുള്ള ലൈസൻസുകൾ (അലോപ്പതി/ഹോമിയോ)

**XLIII. ഫയർ & റെസ്ക്യൂസർവ്വീസ്സസ് വകുപ്പ്**

1. അഗ്നിശമനവും അടിയന്തിര സർവ്വീസുകളേയും ശക്തിപ്പെടുത്തൽ
2. ഫയർഫോഴ്സിന്റെ ആധുനികവത്ക്കരണം
3. ഒറ്റത്തവണ ആധിക കേന്ദ്ര സഹായം

**XLIV. മോട്ടോർ വാഹന വകുപ്പ്**

1. റോഡ് സുരക്ഷ ദശകം 2010 20 പദ്ധതി (Road Safety decade action Plan)

**XLV. പൊതുമരാമത്ത് വകുപ്പ്**

1. കെട്ടിടവിഭാഗം
2. റോഡ്സ് & ബ്രിഡ്ജസ്
3. നാഷ്ണൽ ഹൈവേ വിങ്ങ്

**XLVI. പുരാവസ്തു വകുപ്പ്**

1. പുരാവസ്തു മ്യൂസിയങ്ങൾ, പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ, പുരാവസ്തു മ്യൂസിയം, ഗ്യാലറി എന്നിവയുടെ ഡോക്യുമെന്റേഷൻ, ഫോട്ടോഗ്രാഫി എന്നിവ പൊതു ജനങ്ങൾക്ക് ലഭ്യമാക്കൽ

**XLVII. റിമോട്ട് സെൻസിംഗ് വകുപ്പ്**

1. കഡസ്ട്രൽ തോതിലുള്ള സമഗ്ര ഭൂപട വിവര ശേഖരണം
2. ഇൻവെന്ററി ഓഫ് നാചുറൽ വെറ്റ്ലാൻഡ്സ് ഓഫ് കേരള ആന്റ് ഡെവലപ്പ്മെന്റ് ആൻ ഇൻഫർമേഷൻ സിസ്റ്റം, എ ഹോളിസ്റ്റിക് അപ്രോച്ച് യൂസിംഗ് റിമോട്ട് സെൻസിംഗ് ആന്റ് ഡി.ഐ.എസ്.
3. ജിയോ-സ്പേഷ്യൽ അസറ്റ് ഇൻഫർമേഷൻ സിസ്റ്റം

**XLVIII. കേരള സംസ്ഥാന വൈദ്യുതി ബോർഡ്**

1. R-APDRP പരിഷ്ക്കരിച്ച ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി)

**XLIX. ഭൂവിനിയോഗ ബോർഡ്**

1. ലാൻഡ് യൂസ് ബോർഡ് ശക്തിപ്പെടുത്തൽ
2. പഞ്ചായത്തുതല വിഭവ പര്യവേഷണം
3. ഭൂവിഭവ വിവര സംവിധാനം

**L. ഭവന നിർമ്മാണ ബോർഡ്**

1. എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി
2. സുരക്ഷാ ഭവന പദ്ധതി
3. ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതി
4. സാഫല്യം ഭവന പദ്ധതി
5. സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി
6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

7. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി
8. പാരസ്പര്യ പദ്ധതികൾ
9. സായൂജ്യം ഭൂവികസന പദ്ധതികൾ

**LI. മലിനീകരണ നിയന്ത്രണ ബോർഡ്**

1. മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ

**LII. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ**

1. മോഡൽ വില്ലേജ് ലൈബ്രറി
2. അക്കാദമിക് സ്റ്റഡി സെന്റർ
3. ജയിൽ / ജുവനൈൽഹോം ലൈബ്രറി സർവീസ്
4. ഹോസ്പിറ്റൽ ലൈബ്രറി
5. ഓർഫനേജ് ലൈബ്രറി സർവീസ്
6. ഹെർമിറ്റേജ് ലൈബ്രറി
7. ലൈബ്രറി കമ്പ്യൂട്ടർവത്കരണം

**LIII. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ**

a. നിർമ്മാണ പ്രവർത്തനങ്ങൾ– സീരിയൽ നമ്പർ 1 മുതൽ 17 വരെ
b. വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ– സീരിയൽ നമ്പർ 18 മുതൽ 25 വരെ
c. വിവിധ തരത്തിലുള്ള പരിശീലനങ്ങൾ– സീരിയൽ നമ്പർ 26 മുതൽ 37 വരെ
d. പദ്ധതി രൂപീകരണവും/തയ്യാറാക്കലും– സീരിയൽ നമ്പർ 38 മുതൽ 40 വരെ

**LIV. വികസന കോർപ്പറേഷനുകൾ**

**I. കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ**

1. കൃഷിഭൂമി വായ്പാ പദ്ധതി
2. ബെനിഫിഷിറി ഓറിയന്റഡ് പദ്ധതി
3. പ്രൊഫഷണൽ സർവ്വീസ് പദ്ധതി
4. വിദേശ തൊഴിൽ വായ്പാ പദ്ധതി
5. പെട്രോൾ/ഡീസൽ ഓട്ടോറിക്ഷാ വായ്പാ പദ്ധതി
6. വിവാഹ വായ്പാ പദ്ധതി
7. വിദ്യാഭ്യാസ വായ്പാ പദ്ധതി
8. വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി

9. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി
10. സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി
11. സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പ പദ്ധതി

**II. കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ**

12. തടിയേതര വനവിഭവ ശേഖരണവും വിപണനവും
13. ഫെഡറേഷന്റെ ഔഷധ നിർമ്മാണ യൂണിറ്റായ ആയ്യൂർധാരയ്ക്ക് ആയ്യൂർവ്വേദ മരുന്ന്

**III. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ**

14. കൃഷിഭൂമിയ്ക്ക് വായ്പാ പദ്ധതി
15. ഭവന നവീകരണ വായ്പാ
16. ഭവന നിർമ്മാണ വായ്പ
17. വിവാഹ വായ്പ
18. ഭൂരഹിത ഭവന രഹിത വായ്പ
19. വ്യക്തിഗത വായ്പ
20. തൊഴിലധിഷ്ഠിത പരിശീലന പദ്ധതി
21. വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം

**LV. ലീഗൽ സർവ്വീസ് അതോറിറ്റി**

1. നിയമ സാക്ഷരത
2. ലോക് അദാലത്ത്
3. സൗജന്യ നിയമസഹായം നൽകൽ

**LVI. കേരള സംഗീത നാടക അക്കാദമി**

1. റെയിൽവെ യാത്രാ കൺസെഷൻ
2. കുട്ടികൾക്ക് കലാപരിശീലനത്തിന് ധനസഹായം
3. ബി.ടി.എ/എം.ടി.എ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
4. കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി (എല്ലാ അക്കാദമികൾക്കും)
5. നാടൻ കലാകാരൻമാർക്ക് ചികിത്സാ ധനസഹായം
6. സംസ്ഥാന കലാകാര പെൻഷനുള്ള അപേക്ഷ
7. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

**LVII. അനർട്ട്**

**LVIII. എം.എൽ.എ. മാർക്കുള്ള സ്പെഷൽ വികസനഫണ്ട് സ്കീമുകൾ**

**LIX. കേന്ദ്രാവിഷ്കൃത പദ്ധതികൾ - സപ്ലിമെന്റ്**

**വിവിധ സ്കീമുകൾ**

**സിവിൽ സപ്ലൈസ്**

1. മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകൽ

**വൈദ്യുതി ബോർഡ്**

2. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന

**ആരോഗ്യ വകുപ്പ്**

3. പുതുക്കിയ ക്ഷയരോഗ പരിപാടി (ആർ.എൻ.ടി.സി.പി.)
4. അന്ധതാനിവാരണ പരിപാടി
5. കുഷ്ഠരോഗ നിവാരണ പരിപാടി
6. അയോഡിന്റെ അഭാവം മൂലമുള്ള രോഗങ്ങൾക്കെതിരെയുള്ള നിയന്ത്രണപരിപാടി
7. സംയോജിത രോഗപര്യവേഷണ പരിപാടി (ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം - ഐ.ഡി.എസ്.പി.)
8. കൊതുകുജന്യരോഗ നിയന്ത്രണ പരിപാടി

**റിമോട്ട് സെൻസിംഗ്**

9. നാഷണൽ അർബൻ ഇൻഫർമേഷൻ സിസ്റ്റം
10. ഭൂവിനിയോഗ-ഭൂവാവരണം 50 K രണ്ടാംഘട്ടം

**LX. കയർ ജിയോടെക്സറ്റയിൽസിന്റെ (ഭൂവസ്ത്രത്തിന്റെ) വിവിധ ഉപയോഗ ങ്ങൾ മണ്ണൊലിപ്പ് തടയുന്നതിനും ഗ്രാമീണ റോഡ് നിർമ്മാണത്തിനും**

**LXI. എം.പി മാരുടെ പ്രാദേശിക വികസന പരിപാടി (എം.പി.എൽ.എ.ഡി.എസ്)**

**LXII. ബാങ്കിംഗ്**

# XXI.
# ശാസ്ത്ര സാങ്കേതിക വകുപ്പ്
## സി സ്റ്റെഡ് - സ്കീമുകൾ



### ആമുഖം

കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമാണ് സി-സ്റ്റെഡ് (സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്). നൂതനമായ ശാസ്ത്ര സാങ്കേതിക വിദ്യകളുമപയോഗിച്ച് വ്യവസായ സംരംഭകത്വ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, തൊഴിൽ സാദ്ധ്യതാ മേഖലകളിൽ വിദഗ്ദ്ധരെ വാർത്തെടുക്കൽ എന്നിവ മുഖ്യലക്ഷ്യം. കൂടാതെ കൗൺസലിംഗ്, പ്രോജക്ട് ഐഡന്റിഫിക്കേഷൻ, സാധ്യതാ പഠനങ്ങൾ, പ്രോജക്ടുകൾ തയ്യാറാക്കൽ, തൊഴിൽ പരിശീലനങ്ങൾക്ക് യൂണിറ്റുകൾ സ്ഥാപിച്ച് നൽകൽ, മാർക്കറ്റിംഗ്, മറ്റ് സേവനങ്ങളും നൽകുന്നു. വിവര സാങ്കേതികം, കരകൗശലം, കാർഷിക-പരമ്പരാഗത വ്യവസായം, വിനോദസഞ്ചാരം, വിദ്യാഭ്യാസം, ഗാർമെന്റ് മെയ്ക്കിംഗ്, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങളുടെ നിർമ്മാണം, ആരോഗ്യം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിലുണ്ടാകുന്ന പദ്ധതികൾക്കും തുടക്കമിട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്

## ലക്ഷ്യം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശാലനപരിപാടികളും യൂണിറ്റ് സ്ഥാപിക്കലും

## ഫണ്ടിംഗ്

അതതു സ്ഥാപനത്തിന്റെ ഫണ്ട്

## ഗുണഭോക്താക്കൾ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനങ്ങളും തദ്ദേശഭരണ സ്ഥാപനവും

## നിർവ്വഹണം

പദ്ധതിയിൽ ഉൾപെടുത്തിയിട്ടുള്ള പരിപാടികൾ സമയബന്ധിതമായി നടത്തി കൊടുക്കുന്നത് സി-സ്റ്റെഡ്. നിർവ്വഹണം തദ്ദേശഭരണ സ്ഥാപനം

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം സേവനങ്ങൾ നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങൾക്കുള്ള വിവിധ സ്വയംതൊഴിൽ പരിപാടികൾക്കായുള്ള പരിശീലനപരിപാടികൾ സി-സ്റ്റെഡിന്റെ സഹായത്തോടെ പൂർത്തീകരിക്കാവുന്നതാണ്. സർക്കാർ സ്ഥാപനമെന്ന നിലയിൽ അവയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാൻ മുൻഗണന നൽകേണ്ടതാണ്. വിവിധ പരിശീലനങ്ങളെക്കുറിച്ചുള്ള അവബോധം ഗ്രാമസഭ വഴി അവർക്കു നൽകാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം ഏങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്താം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സ്ഥാപനം എന്ന നിലയിൽ നൂതനമായ സ്കീമുകൾ അവരുമായി ചർച്ച ചെയ്ത് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വിവിധ പരിപാടികൾ താഴെകൊടുക്കുന്നു.

**വിവര സാങ്കേതിക മേഖല**

1. കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി ഡിസൈനിംഗ് & അപ്പാരൽ മേക്കിംഗ് (മോഡ്യൂൾ I & II തയ്യൽ പരിചയമില്ലാത്തവർ)
2. കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി ഡിസൈനിംഗ് & അപ്പാരൽ മേക്കിംഗ് (മോഡ്യൂൾ II തയ്യൽ പരിചയമില്ലാത്തവർ)
3. മൾട്ടീമീഡിയ & ഇന്ററാക്ടീവ് സി.ഡി ഓതറിംഗ്
4. കമ്പ്യൂട്ടർ എയ്ഡഡ് ഇന്റീരിയൽ & എക്സ്റ്റീരിയർ ഡിസൈനിംഗ്
5. സിവിൽ, ഇലക്ട്രിക്കൽ & മെക്കാനിക്കൽ കാഡ് (CAD)
6. ഡിജിറ്റർ വീഡിയോ ഫിലിം മേക്കിംഗ്
7. ഡെസ്ക്ടോപ്പ് ലാപ്ടോപ് കമ്പ്യൂട്ടർ അസംബ്ലിംഗ്, സർവ്വീസിംഗ് & നെറ്റ് വർക്കിംഗ്
8. ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി & വീഡിയോ ഗ്രാഫി
9. വെബ് ഡിസൈനിംഗ് ആന്റ് ഹോസ്റ്റിംഗ്
10. കമ്പ്യൂട്ടറൈസ്ഡ് ബ്യൂട്ടിപാർലർ മാനേജ്മെന്റ് & സ്പാ
11. സോഫ്റ്റ് വെയർ അധിഷ്ഠിത മൊബൈൽ ഫോൺ റിപ്പയറിംഗ്
12. ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് & ഡിജിറ്റൽ ഇമേജിംഗ്
13. കമ്പ്യൂട്ടറൈസ്ഡ് ഓഫീസ് മാനേജ്മെന്റ് വിത്ത് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്
14. ഇന്റർനെറ്റ് കഫേ & മൾട്ടീമീഡിയ സെന്റർ
15. കമ്പ്യൂട്ടറൈസ്ഡ് ഓഫീസ് മാനേജ്മെന്റ്
16. ഡാറ്റാ എൻട്രി ഓപ്പറേഷൻ (മലയാളം & ഇംഗ്ലീഷ്)
17. കാർട്ടൂൺ ആനിമേഷൻ
18. C. സെക്രട്ടറി ഷിപ്പ്
19. പ്രിന്റിംഗ് ടെക്നോളജി
20. കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്

**ടൂറിസം/കരകൗശല മേഖല**

21. ഡെക്കോ പാച്ച്
22. ടൂറിസ്റ്റ് ഗൈഡ് ട്രെയിനിംഗ്
23. മുള, ചൂരൽ ഇവകൊണ്ടുള്ള കരകൗശല ഉൽപന്നങ്ങൾ
24. ചിരട്ടകൊണ്ടുള്ള ഉൽപന്നങ്ങൾ
25. സോഫ്ട് ടോയ്സ് നിർമ്മാണം

26. ആർട്ടിഫിഷൽ ഫ്ളവർ മേക്കിംഗ്
27. സ്പാ തെറാപ്പി
28. ഗ്ലാസ് & പോട്ടറി പെയിന്റിംഗ്

**കാർഷിക/ജൈവ സാങ്കേതിക മേഖല**

29. കൂൺകൃഷി
30. നേഴ്സറി മാനേജ്മെന്റ്
31. പുഷ്പകൃഷി
32. ഗാർഡൻ ഡിസൈനിംഗ്
33. മെഡിസിനൽ പ്ലാന്റ് കൾട്ടിവേഷൻ
34. തെങ്ങ് കയറ്റ പരിശീലനം

**ഭക്ഷ്യമേഖല**

35. പാലുകൊണ്ടുള്ള ഉൽപന്നങ്ങൾ
36. നാളികേരാധിഷ്ഠിത ഉൽപന്നങ്ങൾ
37. ഭക്ഷ്യ സംസ്ക്കരണം (ബേക്കറി ഉൽപന്നങ്ങൾ, മസാല പൗഡറുകൾ, റെഡി മിക്സുകൾ മുതലായവ - 40 ഇനം)
38. പഴം, പച്ചക്കറി സംസ്ക്കരണം (10 ഇനം)
39. കാറ്ററിംഗ് സർവ്വീസ് & കുക്കറി (ഇന്ത്യൻ, ചൈനീസ്, കോൺടിനെന്റൽ)
40. പപ്പട നിർമ്മാണം

**മത്സ്യമേഖല**

41. മത്സ്യ സംസ്കരണം (കട്ലൈറ്റ്, വേഫർ, പിക്കിൾസ് മുതലായവ)
42. അലങ്കാര മത്സ്യകൃഷി & അക്വേറിയം മാനേജ്മെന്റ്
43. മത്സ്യ & കല്ലുമ്മക്കായ കൃഷി

**ഗാർമെന്റ് & ടെക്സറ്റൈൽസ്**

44. ഹോസിയേറി, നാപ്കിൻ മേക്കിംഗ്
45. ഇലക്ട്രിക് മെഷീൻ എംബ്രോയ്ഡറി
46. ഗാർമെന്റ് മേക്കിംഗ്
47. സാരി ഡിസൈനിംഗ് (പ്രിന്റിംഗ്, ഫാബ്രിക് പെയ്ന്റിംഗ്, എംബ്രോയ്ഡറി, ആർട്ട് വർക്ക് ടൈ&ഡൈ മുതലായവ)
48. കർട്ടൻ മേയ്ക്കിംഗ്
49. ടെക്സ്റ്റൈൽ പ്രിന്റിംഗ്

**ജനറൽ (സേവന മേഖല)**

50. ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽ ഗൃഹോപകരണങ്ങളുടെ റിപ്പയർ & മെയിന്റനൻസ്
51. യു.പി.എസ്. ഇൻവെർട്ടർ അസംബ്ലിംഗ് ആന്റ് സർവ്വീസിംഗ്
52. പ്ലംബിംഗ് & പമ്പ് ഓപ്പറേറ്റേഴ്സ് ട്രെയിനിംഗ്
53. മോട്ടോർ & പമ്പ്സെറ്റ് റിപ്പയറിംഗ്
54. ബ്യൂട്ടി പാർലർ മാനേജ്മെന്റ്
55. ലേഡി മേസൻസ് ട്രെയിനിംഗ് (വനിതാ മേസ്തിരി പരിശീലനം)
56. റിപ്പയർ & മെയിന്റനൻസ് ഓഫ് സോളാർ എക്യുപ്മെന്റ്
57. ടൂവീലർ, ത്രീവീലർ & ഫോർ വീലർ ഡ്രൈവിംഗ് പരിശീലനം
58. ടു & ത്രീ വീലർ റിപ്പയറിംഗ് & സർവ്വീസിംഗ്
59. മെഡിക്കൽ എക്യുപ്മെന്റ് റിപ്പയർ, മെയിന്റനൻസ് & സർവ്വീസിംഗ്
60. എക്സറേ വെൽഡിംഗ്, മെറ്റൽ കാർവിങ്ങ്
61. ഗ്യാസ് സ്റ്റൗ റിപ്പയറിംഗ് & സർവ്വീസിംഗ്
62. ടൈലറിംഗ് മെഷീൻ റിപ്പയറിംഗ് & സർവ്വീസിംഗ്

**ഇക്കോ ഫ്രൻഡ്‌ലി ഇൽപന്നങ്ങൾ**

63. വാഴനാരുകൊണ്ടുള്ള ഉൽപന്നങ്ങൾ (പ്രകൃതിദത്ത നാരുകൾ)
64. പേപ്പർക്യാരിബാഗ് വിത്ത് സ്ക്രീൻ പ്രിന്റിംഗ് (കൺവെൻഷണൽ)
65. സ്കീൻ പ്രിന്റ് ചെയ്ത തുണിസഞ്ചികൾ & പില്ലോ കവറുകൾ (ഫാൻസി & ഡിസ്പോസിബിൾ)
66. സ്ക്രീൻ പ്രിന്റ് ചെയ്ത ചണം കൊണ്ടുള്ള ബാഗുകൾ
67. പാളപാത്ര നിർമ്മാണം - യൂണിറ്റ് നിർമ്മാണം

**ജനറൽ (ഉൽപാദന മേഖല)**

68. ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ് (ഇലക്ട്രോണിക്ക് ചോക്ക്, സിഎഫ്. എൽ ലാംപ്, എമർജൻസി ലാംപ്, റീചാർജബിൽ ടോർച്ച്)
69. എൽ. ഇ.ഡി ബൾബ്/തെരുവ് വിളക്ക് നിർമ്മാണം
70. റെക്സിൻ ബാഗ് & ക്ലാത്ത് ബാഗ് നിർമ്മാണം
71. ക്ലീനിംഗ്/വാഷിംഗ് ഉൽപന്നങ്ങളുടെ നിർമ്മാണം
72. ചന്ദനത്തിരി & മെഴുകുതിരി നിർമ്മാണം
73. ഓഫീസ് സ്റ്റേഷനറി നിർമ്മാണം (രജിസ്റ്ററുകൾ, ഫയലുകൾ, ബുക്ക് മുതലായവ)

74. കുട നിർമ്മാണം
75. ചെരുപ്പ് നിർമ്മാണം
76. ഗോൾഡ് പ്ലേറ്റിംഗ്
77. ജുവൽ ഡിസൈനിംഗ്
78. ഫെറോ ടാങ്ക് കൺസ്ട്രക്ഷൻ ഫോർ വെർമി കമ്പോസ്റ്റ്
79. ഫെറോ സിമന്റ് ഉൽപന്ന നിർമ്മാണം (15 ഇനം)
80. ആട് പരിപാലനം
81. പശു പരിപാലനം
82. കോഴി, കാട പരിപാലനം
83. നായ വളർത്തലും പരിപാലനവും
84. തേനീച്ച വളർത്തൽ

**സംരംഭകത്വം/മാനേജ്മെന്റ്**

85. സെയിൽസ് പ്രൊമോഷൻ & മാനേജ്മെന്റ് ഓറിയന്റേഷൻ ട്രെയിനിംഗ്
86. എന്റർപ്രൈസസ് മാനേജ്മെന്റ്
87. സംരംഭകത്വ വികസന പരിശീലനം

# XXII.
# കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്



## ആമുഖം

1957 ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ആക്ട് പ്രകാരം സ്ഥാപിതമായതും പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ് അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നതുമായ സ്ഥാപനമാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്.

## ലക്ഷ്യങ്ങൾ

വകുപ്പ് തല ഖാദി ഉൽപാദന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, സ്ഥാപിക്കൽ, ഇൻസെന്റ്റീവ് നൽകൽ, പബ്ലിസിറ്റി, പരിശീലനം, ഖാദി സഹകരണ സംഘങ്ങൾ, ഖാദി ഗ്രാമവ്യവസായ പാർക്ക് സ്ഥാപിക്കൽ, പ്രത്യേക തൊഴിൽ ദാന പദ്ധതികൾ മുതലായവ ലക്ഷ്യമാക്കുന്നു.

## ഗുണഭോക്താവ്

വകുപ്പതലത്തിലുള്ള ഖാദി സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, ഖാദി തൊഴിലാളികൾ മുതലായവർ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റുകൾ ടി കാര്യങ്ങൾക്ക് വിനിയോഗിക്കുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

ഖാദിബോർഡ് വഴി അപേക്ഷിച്ചിരിക്കുന്ന സ്കീമുകൾ നടപ്പിലാക്കുന്നു. ധനസഹായം നൽകുന്നു.

| ക്രമ. | പദ്ധതിയുടെ പേര് | പദ്ധതി പ്രകാരം നടപ്പാക്കുന്ന കാര്യങ്ങൾ |
|---|---|---|
| 1 | **വകുപ്പു തല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും പുതിയവ സ്ഥാപിക്കലും** | വകുപ്പുതല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, ഖാദി കേന്ദ്രങ്ങൾക്കുള്ള വർക്ക് ഷെഡുകളുടെ നിർമ്മാണം, ചർക്കകളുടെയും തറികളുടെയും റിപ്പയറിംഗ്, പുതിയവ സ്ഥാപിക്കൽ, സിൽക്ക് നെയ്ത്ത്, ആധുനിക സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവ |
| 2 | **ഖാദി നൂൽപ് - നെയ്ത്ത് തൊഴിലാളികൾക്കുള്ള ഉൽപാദന ഉൽസവകാല ഇൻസെന്റ്റീവ് നൽകൽ** | ഖാദി നൂൽപ്, നെയ്ത്ത് തൊഴിലാളികൾക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നൂൽ, തുണി എന്നിവ കണക്കാക്കി ഉൽപാദന ഇൻസെന്റീവ് നൽകുകയും ഓണക്കാലത്ത് ഉൽസവ കാല ഇൻസെന്റീവ് വിതരണം ചെയ്യുകയും. |
| 3 | **തേനീച്ച വളർത്തൽ വ്യവസായം** | തേനീച്ച വളർത്തൽ പ്രോൽസാഹിപ്പിക്കുകയും തേൻ ഉൽപാദനം വർദ്ധിപ്പിച്ച് തേനീച്ച കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുകയും ചെയ്യുക, സബ്സിഡി നിരക്കിൽ തേനീച്ചപ്പെട്ടിയും തേനീച്ച കോളനിയും തേനീച്ച കർഷകർക്ക് വിതരണം ചെയ്യുക, തേനീച്ച വളർത്തലിൽ പരിശീലനം നൽകുക തുടങ്ങിയവ. |
| 4 | **വകുപ്പുതല ഗ്രാമ വ്യവസായ കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും പുതിയവ സ്ഥാപിക്കലും** | വകുപ്പുതല റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ നൽകി ഉൽപാദനം വർദ്ധിപ്പിക്കുക, വകുപ്പുതല ഹാൻഡ് മെയ്ഡ് പേപ്പർ നിർമ്മാണ യൂണിറ്റിന്റെ ആധുനിക വൽക്കരണം തുടങ്ങിയവ |
| 5 | **ഇൻഫർമേഷൻ, പബ്ലിസിറ്റി, പരിശീലനം** | ഖാദി ഉൽപന്നങ്ങളെക്കുറിച്ചും ഗ്രാമവ്യവസായ ഉൽപന്നങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാർത്താ മാദ്ധ്യമങ്ങളിലൂടെയുള്ള പബ്ലിസിറ്റി, തൊഴിലാളികൾക്കും ജീവനക്കാർക്കും പരിശീലനം തുടങ്ങിയവ. |
| 6 | **ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം.** | ഖാദി ബോർഡിന്റെ ഹെഡ് ഓഫീസും ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുക. വിവിധ സോഫ്റ്റ് വെയറുകൾ തയ്യാറാക്കുക തുടങ്ങിയവ. |

| | | |
|---|---|---|
| 7 | **ഖാദി സഹകരണ സംഘങ്ങൾക്കും മറ്റു ഖാദി സ്ഥാപനങ്ങൾക്കും ഉള്ള ധനസഹായം** | ഖാദി സഹകരണ സംഘങ്ങൾക്കും മറ്റു ഖാദി ചാരിറ്റബിൾ സ്ഥാപനങ്ങൾക്കും ബോർഡ് നിശ്ചയിക്കുന്ന നിയമാവലിയ്ക്ക് അനുസരിച്ച് പുനരുദ്ധാരണത്തിനായി ഗ്രാന്റ് അനുവദിക്കുക. |
| 8 | **പ്രവർത്തന രഹിത/പീഡിത ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾക്കും ഗ്രാമവ്യവസായ സ്ഥാപനങ്ങൾക്കും ഉള്ള ധനസഹായം** | പ്രവർത്തന രഹിത/പീഡിത ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾക്കും ഗ്രാമവ്യവസായ സ്ഥാപനങ്ങൾക്കും ഗ്രാന്റ് നൽകി പുനരുദ്ധാരണം നടത്തുക |
| 9 | **പുതിയ വിൽപ്പനശാലകൾ സ്ഥാപിക്കുക, നിലവിലെ വിൽപ്പനശാലകളുടേയും ഗോഡൗണുകളുടെയും നവീകരിക്കലും കമ്പ്യൂട്ടർ വൽക്കരിക്കലും** | ഖാദി ഗ്രാമ വ്യവസായ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും പ്രദർശിപ്പുക്കുന്നതിനും പുതിയ വിൽപനശാലകൾ സ്ഥാപിക്കുക, നിലവിലെ വിൽപനശാലകൾ ആധുനിക വൽക്കരിക്കുകയും ചെയ്യുക, ഖാദി ബോർഡിന്റെ ഗോഡൗണുകൾ നവീകരിക്കുകയും കമ്പ്യൂട്ടർ വൽക്കരിക്കുകയും ചെയ്യുക തുടങ്ങിയവ |
| 10 | **സ്പെഷ്യൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പ്രത്യേക തൊഴിൽ ദാന പദ്ധതി)** | ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഖാദി ബോർഡിലൂടെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി (മാർജിൻ മണി) ലഭ്യമാക്കി പുതിയ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുകയും അതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക. |
| 11 | **ഖാദി ക്ലസ്റ്ററുകൾ സ്ഥാപിക്കൽ.** | എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഖാദി ക്ലസ്റ്ററുകൾ സ്ഥാപിച്ച് ഖാദി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഖാദി ഉൽപാദനം വർദ്ധിപ്പിക്കുക, റെഡിമെയ്ഡ് വാർപ്പ് നൽകി നെയ്ത്ത് വർദ്ധിപ്പിക്കുക തുടങ്ങിയവ |
| 12 | **ഖാദി ഗ്രാമ വ്യവസായ പാർക്ക് സ്ഥാപിക്കൽ** | കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ മിനി ഇൻഡസ്ട്രീയൽ പാർക്ക് (ഖാദി ഗ്രാമ വ്യവസായ പാർക്ക്) സ്ഥാപിച്ച് വിവിധ വ്യവസായ സംരംഭകർക്ക് വ്യവസായം നടത്തുന്നതിനാവശ്യമായ സ്ഥലം നൽകുക അതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവ |

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുക, ധനസഹായം ലഭിക്കുന്നതിന് ഇടപെടുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്വയംതൊഴിൽ പ്രോജക്ടുകളുമായും സഹകരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ധനസഹായം പ്രോജക്ടുകളുമായും ഇതിനെ ബന്ധപ്പെടുത്താം.

# XXIII.

# കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്



## ആമുഖം

സ്വയംതൊഴിലുമായി ബന്ധപ്പെട്ട കൈത്തറി മേഖലയുടെ സമഗ്ര വികസനം വകുപ്പ് ലക്ഷ്യമിടുന്നു. കൈത്തറി സഹകരണ സംഘങ്ങളുടെ വിഭവ സ്ഥിതി ഉയർത്തുക, പ്രവർത്തന മൂലധനം ഒരുക്കുക, കൈത്തറി പ്രദർശനം സംഘടിപ്പിക്കുക, ഉൽപ്പന്ന ങ്ങൾക്ക് സംസ്ഥാനതല അവാർഡ് നൽകുക, പുതിയ ഡയിംഗ് രീതികൾ പ്രചരിപ്പി ക്കുക, നെയ്ത്തുക്കാർക്ക് പരിശീലനം നൽകുക, ഹാന്റക്സ്, ഹാൻവീവ്, യാൺ ബാങ്കുകൾ എന്നിവയ്ക്ക് സബ്സിഡി നൽകുക, വൈദഗ്ധ്യപോഷണം, പുതിയ ഡിസൈനുകൾ വികസിപ്പിക്കൽ, കൈത്തറി വസ്തുക്കളെക്കുറിച്ച് പൊതുജന അവ ബോധം വളർത്തൽ, യന്ത്രവത്ക്കരണം, ഇൻസെന്റീവുകൾ നൽകി കൈത്തറി ഉൽപാ ദനം വർദ്ധിപ്പിക്കുക, നെയ്ത്തുമായി ബന്ധപ്പട്ട മറ്റ് തൊഴിലാളികളേയും പ്രവർത്ത നോന്മുഖമാക്കുക, യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുക എന്നിവ കൈത്തറി വകുപ്പു വഴി ധനസഹായം നൽകി പരിപോഷിപ്പിക്കുന്നു. ചുരുക്കിപറഞ്ഞാൽ പരമ്പരാഗത വ്യവസായമായ കൈത്തറിയെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആയതിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ ഉന്നമനവും വകുപ്പ് ലക്ഷ്യമിടുന്നു. 2012-13 വർഷം വകുപ്പുമായി ബന്ധപ്പെടുത്തി 23 ഓളം സ്കീമുകൾക്കുള്ള പ്ലാൻ

ബജറ്റ് വിഹിതം സംസ്ഥാന ബജറ്റിൽ ഉൾപെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ താഴെ നൽകുന്നു.

## 1. പ്രാഥമിക കൈത്തറിനെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം

### ലക്ഷ്യം

50 സഹകരണ സംഘങ്ങൾക്കായി 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അതിൽ 5% വനിതാ നെയ്ത്തുകാർ രൂപികരിച്ചിട്ടുളള സംഘങ്ങൾക്കായും ഉദ്ദേശിയ്ക്കുന്നു.

### ഗുണഭോക്താവ്

സഹകരണ സംഘങ്ങൾ, വനിതാ നെയ്ത്തുകാർ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

150 ലക്ഷം രൂപ, പ്ലാൻഫണ്ട്

### പ്രവർത്തനം

സഹകരണ സംഘങ്ങളുടെ നെറ്റ് ഡിസ്പോസബിൾ വിഭവസ്ഥിതി ഉയർത്തുന്നതിനും, അടിയന്തിരമായി ആവശ്യമുളള പ്രവർത്തന മൂലധനത്തിന്റെ ഒരു ഭാഗം പലിശ രഹിതമായി ലഭ്യമാക്കുന്നതിനും വേണ്ടിയുള്ളതാണ്.

## 2. വിപണന കയറ്റുമതി പ്രോൽസാഹനപദ്ധതി

### ലക്ഷ്യം

കയറ്റുമതി പ്രോത്സാഹനം, വിപണന പ്രോൽസാഹനം

### ഗുണഭോക്ത്താവ്

കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ്

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

290 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും, കൈത്തറി എക്സ്പോകൾ നടത്തുന്നതിനും, ദേശീയ അന്താരാഷ്ട്ര പ്രദർശനങ്ങളിലും മേളകളിലും പങ്കെടുക്കുന്നതിനും, കൈത്തറി ഉല്പന്നത്തിന് സംസ്ഥാനതല അവാർഡ് നൽകുന്നതിനും

## 3. പരിശീലനവും വൈദഗ്ദ്ധ്യ വികസന പരിപാടിയും

### ലക്ഷ്യം

പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യ വൽക്കരണത്തിൽ പരിശീലനം നൽകുന്നതിനും

### ഗുണഭോക്താവ്

സേലം, വെങ്കിടഗിരി, ഗഡക് എന്നിവിടങ്ങളിലെ നെയ്ത്ത് സാങ്കേതിക വിദ്യാ സ്ഥപനത്തിലെ (ഐ.ഐ.എച്ച്.റ്റി) ഭാരത സർക്കാർ സ്പോൺസർ ചെയ്യുന്ന ടെക്സ്റ്റയിൽ ടെക്നോളജി കോഴ്സ് വിദ്യാർത്ഥികൾക്കും കണ്ണൂരിൽ കൈത്തറി നെയ്ത്ത് സാങ്കേതിക വിദ്യാ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്കും

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

230 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

പുതിയ ഡൈയിംഗ് രീതികൾ കളർ പാറ്റേണുകൾ, ഡിസൈനുകൾ, പുതിയ തറികൾ, പ്രീലൂം പോസ്റ്റ് ലൂം പ്രോസസിംഗിന് പുതിയ രീതികൾ എന്നിവ വികസിപ്പിക്കുന്നതിനു വ്യവസായ സ്ഥാപനങ്ങളുടെ ലിങ്കേജ് പരിപാടിയും നെയ്ത്തുകാർക്കും മറ്റുള്ളവർക്കും പരിശീലനം നൽകുന്നതിനും പ്രചോദന പരിപാടികൾക്കുമായി വകയിരുത്തിയിരിയ്ക്കുന്നു. വിഹിതത്തിന്റെ 60% വനിതാ നെയ്ത്തുകാർക്കായി നീക്കിവച്ചിരിയ്ക്കുന്നു.

## 4. ഹാന്റക്സ്, ഹാൻവീവ്, അസംസ്കൃതവസ്തു ബാങ്ക് എന്നിവയിലൂടെയുള്ള കൈത്തറി വികസനം

### ലക്ഷ്യം

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനാണ് ഈ പദ്ധതി

### ഗുണഭോക്താവ്

നെയ്ത്തുകാർ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

450 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

ഹാന്റക്സ്, ഹാൻവീവ്, യാൺബാങ്കുകൾ എന്നിവയ്ക്ക് കഴിനൂൽ സബ്സിഡി ചായങ്ങളും, രാസവസ്തുക്കളും വാങ്ങുന്നതിന് വിലയുടെ 10% നിരക്കിൽ സബ്സിഡി അസംസ്കൃത വസ്തു ബാങ്കുകൾക്ക് പ്രവർത്തമൂലധനത്തിന് മാർജിൻമണി ലോൺ എന്നീ പരിപാടികളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിയ്ക്കുന്നത്.

## 5. ഹാൻടെക്സ്/ഹാൻവീവ് എന്നിവയ്ക്ക് ഓഹരി പങ്കാളിത്തം

### ലക്ഷ്യം

ഹാന്റക്സ്/ഹാൻവീവ് എന്നിവയുടെ മൂലധന അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ കൂടുതൽ ല ്യമാക്കുന്നതിന് ഇവയെ അർഹമാക്കുന്നതിനുമാണ് ഓരോ വർഷവും 3:2 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തം നൽകുന്നത്

### ഗുണഭോക്താവ്

ഹാന്റക്സ്/ഹാൻവീവ്

## സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

## ഫണ്ടിംഗ്

1000 ലക്ഷം രൂപ പ്ലാൻഫണ്ട്

## പ്രവർത്തനം

വൈദഗദ്ധ്യ വികസന പരിപാടികൾ, ഡിസൈൻ വികസനം, പ്രവർത്തന മൂലധനം എന്നിവയ്ക്കാണ് വിഭാവനം ചെയ്തിരിക്കുന്നത്.

# 6. അംശദാന സമ്പാദ്യ പദ്ധതി

## ലക്ഷ്യം

വരിക്കാരുടേയും അവരുടെ കുടംബാംഗങ്ങളുടേയും ചികിത്സാ ചെലവുകൾ,. വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ

## ഗുണഭോക്താവ്

വരിക്കാരും അവരുടെ കുടംബാംഗങ്ങളും

## സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

## ഫണ്ടിംഗ്

70 ലക്ഷം രൂപ പ്ലാൻഫണ്ട്

## പ്രവർത്തനം

50% തുക വനിതാ നെയ്ത്തുകാർക്കായി ഉദ്ദേശിച്ചിരിയ്ക്കുന്നു. 12000 നെയ്ത്തുകാരെ ഉൾപ്പെടുത്തുന്ന ഈ പ്ദധതിയിൽ കുറഞ്ഞത് കൂലിയുടെ 8% തുക നെയ്ത്തുകാരുടെ കൈയ്യിൽ നിന്നും ഈടാക്കുകയും അത്രയും തുക സർക്കാരിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്നു.

# 7. കൈത്തറി സംഘങ്ങളുടെ ആധുനിക വത്ക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും

## ലക്ഷ്യം

നൂതന ഉത്പന്നങ്ങൾക്ക് ഒരേ വർക്ക്ഷെഡ് ഉപയോഗിയ്ക്കുന്ന ഫാകട്റി മാതൃകാ സഹകരണ സംഘങ്ങളുടെ ആധുനിക വത്ക്കരണവും കൈത്തറി

മേഖലയിലെ അധിക മൂല്യവർദ്ധിത/ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും

**ഗുണഭോക്താവ്**

മാതൃകാ സംഘങ്ങൾ

**സ്കീമിന്റെ നിർവ്വഹണം**

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

**ഫണ്ടിംഗ്**

210 ലക്ഷം രൂപ പ്ലാൻഫണ്ട്

**പ്രവർത്തനം**

10% സഹായം വനിതാ സംഘങ്ങൾക്കായി നീക്കി വച്ചിരിയ്ക്കുന്നു. ഫാക്ടറി മാതൃക/കുടിൽ മാതൃകാ സംഘങ്ങൾക്ക് ഈ സഹായം ലഭ്യമാണ്. കൂടാതെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിയ്ക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും ഉത്പന്നങ്ങളുടെ രൂപകല്പന വികസനം, പരിശീലനം, വിപണനം എന്നിവയ്ക്കും ഈ സഹായം ലഭ്യമാണ്.

## 8. കൈത്തറി നെയ്ത്തുകാരുടെ/ തൊഴിലാളികളുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കലും പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റവും

**ലക്ഷ്യം**

കൈത്തറി ഉത്പന്നങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനും ഉത്പാദന ക്ഷമത വർദ്ധിപ്പിയ്ക്കുന്നതിനും

**ഗുണഭോക്താവ്**

പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

**സ്കീമിന്റെ നിർവ്വഹണം**

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

**ഫണ്ടിംഗ്**

80 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

തറികൾ മെച്ചപ്പെടുത്തൽ ഡൈയിംഗ്, സൈസിംഗ്, പ്രോസസിംഗ് , പ്രിന്റിംഗ് എന്നിവയിൽ സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തൽ, വാർപ്പിംഗിനും യാൺ സൈസിംഗിനുമുളള സൗകര്യങ്ങൾ നവീകരിയ്ക്കൽ, വിപണനത്തിൽ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം, ഗുണമേന്മാ വികസനം, മെച്ചപ്പെട്ട ഉത്പന്നങ്ങൾക്ക് ബ്രാൻഡ് സൃഷ്ടിക്കൽ, മൂല്യവർദ്ധനവിന് ആവശ്യമായ സാങ്കേതിക വിദ്യയുടെ രൂപീകരണം.

## 9. കൈത്തറി സഹകരണ സംഘങ്ങൾ, അപ്പക്സ് സൊസൈറ്റി, കൈത്തറി വികസന കോർപ്പറേഷൻ എന്നിവയുടെ പുനരുദ്ധാരണവും, ശക്തിപ്പെടുത്തലും

### ലക്ഷ്യം

പ്രാഥമികകൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഹാന്റക്സ്, ഹാൻവീവ്, പ്രീലൂം പോസ്റ്റ്ലൂം സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപണന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനും

### ഗുണഭോക്താവ്

ഹാന്റക്സിനും 120 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളും

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

700 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

ഷോറൂമുകളിൽ കമ്പ്യൂട്ടർ സ്ഥാപിയ്ക്കുന്നതിനും ഹാന്റക്സിൽ വർപ്പിംഗ് ഡൈയിംഗ് എന്നിവയുടെ യന്ത്രവത്ക്കരണത്തിനും റിബേറ്റ് കാലയളവിൽ റിബേറ്റിന് പുറമേ വിലകിഴിവ് നൽകികൊണ്ട് ഹാന്റക്സിന്റേയും ഹാൻവീവിന്റേയും വളരെ പഴയ സ്റ്റോക്ക് വിറ്റഴിക്കുന്നതിനും

## 10. വിദഗ്ധ നെയ്ത്തുകാർക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം. (ഫ്ളാഗ് ഷിപ്പ് പരിപാടി)

### ലക്ഷ്യം

30 വിദഗ്ധ നെയ്ത്തുകാർക്ക് കുറഞ്ഞത് 10 തറികൾ ഉൾപ്പെടുന്ന ഉല്പാദന യൂണിറ്റുകൾ ബാങ്ക് വായ്പ സഹായത്തോടെ സ്ഥാപിക്കുന്നതിന്

### ഗുണഭോക്താവ്

വിദഗ്ധ നെയ്ത്തുകാർ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

30 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

ഷെഡ്ഡുകൾ നിർമ്മിക്കുക, തറികളും അനുബന്ധ സാമഗ്രികളും വാങ്ങുക , വിദഗ്ധ നെയ്ത്തുകാർക്കും മറ്റു നെയ്ത്തുകാർക്കും പരിശീലനം നൽകുക, ഡിസൈൻ ഇൻപുട്ട്, പ്രവർത്തന മൂലധനത്തിന് മാർജിൻമണി എന്നിവ

## 11. കൈത്തറി നെയ്ത്തുകാരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിന് പരിശീലനം

### ലക്ഷ്യം

സമാനതകളില്ലാത്തതും വൈവിദ്ധ്യമുളളതുമായ മൂല്യവർദ്ധിത കൈത്തറി ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരമ്പരാഗത നെയ്ത്തുകാരിൽ അനന്തർലീനമായിരിയ്ക്കുന്ന കരവിരുതുകൾ വികസിപ്പിച്ചെടുക്കുക

### ഗുണഭോക്താവ്

60 പ്രാഥമിക കൈത്തറി സംഘങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

25 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

പുതിയ ഡിസൈനുകൾ വികസിപ്പിച്ചെടുക്കുന്നതിന് സംസ്ഥാനത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്ന് സമർത്ഥരായ 50 നെയ്ത്തുകാർക്ക് ( കുറഞ്ഞത് 50 ശതമാനം വനിതാ നെയ്ത്തുകാർ) മൂന്നു മുതൽ 6 മാസകാലത്തെ പരിശീലനം.

## 12. പ്രീ–ലൂം പ്രോസസ്സിംഗിൽ ഭാഗിക യന്ത്രവൽക്കരണത്തിനും തറികളുടെ അനുബന്ധ സാമഗ്രികൾ മാറ്റുന്നതിനുമുളള ഗ്രാന്റ്

### ലക്ഷ്യം

വൈൻഡിംഗ്, വർപ്പിംഗ് സൈസിംഗ് തുടങ്ങിയ പ്രീലൂം പ്രോസസിംഗ് പ്രവർത്തനങ്ങളുടെ യന്ത്രവത്ക്കരണത്തിന് കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങൾക്ക് 100% ഗ്രാന്റായി ധനസഹായം

### ഗുണഭോക്താവ്

25 കൈത്തറി സഹകരണ സംഘങ്ങളും 500 നെയ്ത്തുകാരും

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

100 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

ഓരോ സംഘത്തിലേയും വ്യക്തിഗത നെയ്ത്തുകാർക്ക് തറിയുടെ അനുബന്ധ സാമഗ്രികൾ സ്റ്റീർ, റീഡ്സ് ഷട്ടിൽസ് എന്നിവ മാറ്റി വയ്ക്കുന്നതിന് സഹായം നൽകുന്നുണ്ട്. രണ്ട് ഷട്ടിലുകളും ഒരു സെറ്റ് റീഡ്സിനുമായി ഓരോരുത്തർക്കും 2500 രൂപ വച്ച് 60% വനിതകളെ ഉൾപ്പെടുത്തികൊണ്ട് 5000 നെയ്ത്തുകാർക്ക് സഹായം ലഭിയ്ക്കുന്നു

## 13. കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണം, പരിശീലനം, പഠനം എന്നിവ

### ലക്ഷ്യം

കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനു സംസ്ഥാനത്തിനകത്തും പുറത്തും പ്രചാരണം നടത്തുന്നതിന്

### ഗുണഭോക്താവ്

കൈത്തറി ഉപഭോക്താക്കൾ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

200 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കൽ, ജീവനക്കാർക്ക് പരിശീലനം, കൈത്തറി കയറ്റുമതി പ്രോത്സാഹന കൗൺസിലും ടെക്സ്റ്റൈൽ കമ്മിറ്റിയുമായി ചേർന്ന് സെമിനാറുകളും വർക്ക് ഷോപ്പുകളും നടത്തുക, നയരൂപീകരണത്തിൽ സർക്കാരിനെ സഹായിക്കുക, ഓഫീസ് ഉപകരണങ്ങൾ വാങ്ങുക, സോഫ്റ്റ്‌വെയർ വികസിപ്പിക്കുക എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു. ഹാന്റ്‌ലൂം ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിലും മറ്റ് ഓഫീസുകളിലും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫാക്സ് മെഷീനുകൾ, ഫോട്ടോ കോപ്പിയറുകൾ എന്നിവ വാങ്ങുന്നതും.

## 14. കൈത്തറി മാർക്ക് സ്കീം – ക്വാളിറ്റി കൺസപ്റ്റിന്റെ പ്രചാരണത്തിനുള്ള സഹായ പദ്ധതി.

### ലക്ഷ്യം

കൈത്തറി മാർക്ക് സ്കീമിൽ അംഗത്വം നേടുന്നതിനുവേണ്ടി പ്രാഥമിക കൈത്തറി സംഘങ്ങളെയും ഹാന്റക്സിനെയും ഹാൻവീവിനെയും സഹായിക്കുന്ന പദ്ധതി

## ഗുണഭോക്താവ്

225 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് ഈ പദ്ധതിയുടെ പ്രയോജനം

## സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

## ഫണ്ടിംഗ്

25 ലക്ഷം രൂപ പ്ലാൻഫണ്ട്

## പ്രവർത്തനം

ഉപഭോക്താക്കളിൽ കൈത്തറി മാർക്കിനെ പറ്റി അവബോധം സൃഷ്ടിയ്ക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു

# 15. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി സ്ഥാപിക്കൽ

ലക്ഷ്യം

സേലം ഐ.ഐ.എച്ച്.റ്റി ക്ക് സമാനമായ രീതിയിൽ ഭാരത സർക്കാരിന്റെ സഹായത്തോടെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി സ്ഥാപിക്കുന്നതിന്

## ഗുണഭോക്താവ്

കൈത്തറി യൂണിറ്റുകളും, സഹകരണ സംഘങ്ങളും, നെയ്ത്തുകാരും,

## സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

## ഫണ്ടിംഗ്

449 ലക്ഷം രൂപ പ്ലാൻഫണ്ട്

## പ്രവർത്തനം

ഡിപ്ലോമകോഴ്സുകൾ നടന്നുവരുന്നു. ആവശ്യമായ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ ശ്രമിച്ചുവരുന്നു.

## 16. കൈത്തറി മേഖലയിലെ സ്വയംതൊഴിൽ പദ്ധതി

### ലക്ഷ്യം

പുതിയ തലമുറയിലെ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിയ്ക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിയ്ക്കുന്നത്. പരമ്പരാഗത മേഖലയുടെ പഴമ നിലനിർത്തുന്നതിനും സഹകരണ മേഖലയുടെ പുറത്തുള്ള 25 യൂണിറ്റുകളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

പുതിയ തലമുറയിലെ സംരംഭകർ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

40 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

10 വർഷം കൈത്തറി നെയ്ത്തിൽ പ്രവർത്തന പരിചയമുള്ള സംരംഭകർക്കും കൈത്തറി /ടെക്സ്റ്റയിൽ ടെക്നോളജിയിൽ ഡിപ്ലോമയുള്ളവർക്കും ഈ പദ്ധതിയിൽ പ്രാമുഖ്യം നല്കുന്നു.

## 17. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി

### ലക്ഷ്യം

ആകർഷമായ ഇൻസെന്റീവുകൾ നല്കി ഉത്പാദനം വർദ്ധിപ്പിയ്ക്കുന്നതിന് നെയ്ത്തുകാരെയും നെയ്ത്തുമായി ബന്ധപ്പെട്ട മറ്റ് തൊഴിലാളികളെയും പ്രവർത്തനോന്മുഖമാക്കുക

### ഗുണഭോക്താവ്

5000 നെയ്ത്തുകാർ/ അനുബന്ധ തൊഴിലാളികൾ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

200 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

കൈത്തറി ഗ്രാമത്തിനും സമഗ്ര കൈത്തറി ഗ്രാമത്തിനും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രചാരണത്തിനും

## 18. കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും സ്ഥാപനം

### ലക്ഷ്യം

കൈത്തറി പഴമയുടെയും സമ്പന്നമായ പാരമ്പര്യത്തിന്റെയും കലാവൈഭവം പ്രചരിപ്പിയ്ക്കുന്നതിനും വ്യവസായത്തിന്റെ ഉന്നമനം

### ഗുണഭോക്താവ്

കൈത്തറി ഉപഭോക്താക്കൾ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

250 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

കൈത്തറി ഗ്രാമത്തിനും സമഗ്ര കൈത്തറി ഗ്രാമത്തിനും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രചാരണത്തിനും

### സംഘാടനം

ഹാന്റക്സ്, ഹാൻവീവ്, കൈത്തറി സഹകരണ സംഘങ്ങൾ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പരിശീലന പരിപാടികളും, ധനസഹായ നടപടികളും

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തലും മേൽനോട്ടം വഹിക്കലും

### തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

നിർവ്വഹണ ഉദ്യോഗസ്ഥനുമായി ആലോചിച്ചുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളുടെ തയ്യാറാക്കലും നടത്തിപ്പും.

### പ്രത്യേകം ശ്രദ്ധിക്കേണ്ടണ്ട കാര്യങ്ങൾ

പ്രചാരണം വർദ്ധിപ്പിക്കുകയും അവബോധം വളർത്തുകയും വഴി, കൈത്തറി ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് ആത്മാർത്ഥമായ നടപടികൾ കൈക്കൊള്ളുകയും നഷ്ടക്കണക്കുകൾക്ക് പകരം ലാഭത്തിന്റെ ദിശയിലേക്ക് കൈത്തറി മേഖലയെ എത്തിക്കുക എന്നതും ലക്ഷ്യമാക്കണം.

## യന്ത്രത്തറി

## 19. യന്ത്രത്തറിയിലെ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

### ലക്ഷ്യം

തിരുവനന്തപുരത്തെ ഡെമോൺസ്ട്രേഷൻ കം ട്രെയിനിംഗ് സെന്റർ, കേരള ടെക്സ്റ്റയിൽ കോർപ്പറേഷൻ, ഐ.ഐ.എച്ച്.റ്റി തുടങ്ങിയവ മുഖേന പരിശീലനം നൽകുന്നത്

### ഗുണഭോക്താവ്

കൈത്തറി, യന്ത്രത്തറി സഹകരണ സംഘങ്ങളിലെ അംഗങ്ങളും മറ്റു സംരംഭകരും

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

25 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

നെയ്ത്ത്, ഡിസൈനിംഗ് മുതലായവയിൽപരിശീലനം നൽകുന്നത്

## 20. യന്ത്രത്തറി സഹകരണസംഘങ്ങളുടെ നവീകരണത്തിനുള്ള ഓഹരി പങ്കാളിത്തം

### ലക്ഷ്യം

പ്രവർത്തന മൂലധനത്തിനും യന്ത്രത്തറി സഹകരണ സംഘങ്ങളുടെ നവീകരണത്തിനും സാങ്കേതിക വിദ്യ ഉന്നമനത്തിനും.

### ഗുണഭോക്താവ്

5 കൈത്തറി, യന്ത്രത്തറി സഹകരണ സംഘങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

15 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും യന്ത്രത്തറി സഹകരണ സംഘങ്ങൾക്ക് മാർജിൻ മണിയായി ഓഹരി പങ്കാളിത്തം നൽകുന്നതിനുള്ളതാണ് ഈ പദ്ധതി.

## 21. ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ നവീകരണവും വിപണന സഹായവും

### ലക്ഷ്യം

ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടതിന്. സംസ്ഥാനത്തെ 4 ഇന്റഗ്രേറ്റഡ് യന്ത്രത്തറി സംഘങ്ങളിൽ ഘട്ടം ഘട്ടമായുള്ള സഹായമാണ് നൽകാൻ ഉദ്ദേശിയ്ക്കുന്നത്.

### ഗുണഭോക്താവ്

ഇന്റഗ്രേറ്റഡ് യന്ത്രത്തറി സംഘങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

240 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

പ്രധാന പട്ടണങ്ങളിലും നഗരങ്ങളിലും ഷോറൂം/ വ്യാപാര ശാലകൾ സ്ഥാപിയ്ക്കുന്നതിന് സംഘങ്ങൾക്ക് വിപണന സഹായം ഈ പദ്ധതി നൽകുന്നു. സംഘങ്ങൾക്ക് ബ്രാൻഡ് നിർമ്മാണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനത്തിനും സഹായം നൽകി വരുന്നുണ്ട്.

## 22. ടെക്സ്ഫെഡിന്റെ നിയന്ത്രത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

### ലക്ഷ്യം

ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിലെ പ്ലാന്റ്, മെഷനിറി എന്നിവയുടെ നവീകരണം

### ഗുണഭോക്താവ്

തൃശ്ശൂർ ആലപ്പുഴ കൊല്ലം സ്പിന്നിംഗ് മില്ലുകൾ

### സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

### ഫണ്ടിംഗ്

810.47 ലക്ഷം രൂപ പ്ലാൻഫണ്ട്

### പ്രവർത്തനം

സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

## 23. മാള, മലബാർ (മാൽക്കോടെക്സ്), പ്രിയദർശിനി സ്പിന്നിംഗ് മില്ലുകൾക്ക് സഹായം

### ലക്ഷ്യം

മാള സഹകരണ സ്പിന്നിംഗ് മിൽ 25000 സ്പിൻഡിലുകൾ 2 ഘട്ടങ്ങളിലായി സ്ഥാപിയ്ക്കാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിയ്ക്കുന്നത്.

## ഗുണഭോക്താവ്

മാള, മലബാർ (മാൽക്കോടെക്സ്), പ്രീയദർശിനി (കോട്ടയം) സഹകരണ സ്പിന്നിംഗ് മില്ലുകൾ

## സ്കീമിന്റെ നിർവ്വഹണം

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്/ ജില്ലാ ഓഫീസ്

## ഫണ്ടിംഗ്

700.28 ലക്ഷം രൂപ പ്ലാൻഫണ്ട്

## പ്രവർത്തനം

എൻ.സി.ഡി.സി സഹായത്തോടെ ആദ്യ ഘട്ടത്തിൽ 6000 സ്പിൻഡിലുകളും 2-ാം ഘട്ടത്തിൽ എൻ.സി.ഡി.സി സഹായത്തോടെ 19000 സ്പിൻഡിലുകളും സ്ഥാപിയ്ക്കുന്നതാണ്

## സംഘാടനം

ഹാന്റക്സ്, ഹാൻവീവ്, കൈത്തറി  സഹകരണ സംഘങ്ങൾ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പരിശീലന പരിപാടികളും, ധനസഹായ നടപടികളും

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ പങ്ക്

പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തലും മേൽനോട്ടം വഹിക്കലും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

നിർവ്വഹണ ഉദ്യോഗസ്ഥനുമായി ആലോചിച്ചുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളുടെ തയ്യാറാക്കലും  നടത്തിപ്പും.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രചാരണം വർദ്ധിപ്പിക്കുകയും അവബോധം വളർത്തുകയും വഴി, കൈത്തറി ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് ആത്മാർത്ഥമായ നടപടികൾ കൈക്കൊള്ളുകയും നഷ്ടക്കണക്കുകൾക്ക് പകരം ലാഭത്തിന്റെ ദിശയിലേക്ക് കൈത്തറി മേഖലയെ എത്തിക്കുക എന്നതും ലക്ഷ്യമാക്കണം.

# XXIV.

# വനം വകുപ്പ്



കേരളത്തിലെ വനങ്ങൾ ജൈവസമ്പത്തു കൊണ്ടും പ്രകൃതിരമണീയത കൊണ്ടും സവിശേഷമാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിലും, സുഖകരമായ കാലാവസ്ഥ രൂപപ്പെടുത്തുന്നതിലും വനത്തിനുള്ള പങ്ക് വിവരണാതീതമാണ്. വനത്തെ ആശ്രയിച്ചു കഴിയുന്ന ജനസമൂഹങ്ങളുടെ നിലനിൽപ്പ്, ജൈവ സമ്പത്തിന്റെ സംരക്ഷണം, പാരിസ്ഥിതിക സംരക്ഷണം പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കൽ എന്നിവയ്ക്കായി ശാസ്ത്രീയമായ രീതിയിലുള്ള വനസംരക്ഷണം അത്യന്താപേക്ഷിതമാണ്.

സ്വാഭാവിക വനത്തെയും അതിലെ ജൈവ വൈവിദ്ധ്യത്തെയും സംരക്ഷിക്കുക, വനവിസ്തൃതി നിലനിർത്തുക എന്നിവയാണ് വനംവകുപ്പിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ. ജൈവ സമ്പത്ത് വർദ്ധിപ്പിക്കുക വഴി സാമ്പത്തിക ഉന്നമനവും ഈ വകുപ്പിന്റെ അനുബന്ധ ലക്ഷ്യമാണ്. തടി, വനോത്പന്നങ്ങൾ എന്നിവയുടെ വിപണനം വഴി സംസ്ഥാനത്തിന്റെ വരുമാനസ്രോതസ്സ് വർദ്ധിപ്പിക്കാനും വനം വകുപ്പിനു കഴിയുന്നുണ്ട്.

വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരാതെ സംരക്ഷിക്കുകയും അവയുടെ ജൈവനാശം തടയുകയും ചെയ്യുക എന്നതും വനംവകുപ്പിന്റെ കടമയാണ്.

## ലക്ഷ്യങ്ങൾ

വനംവകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളും അതിനായി നിവർത്തിക്കുന്ന മാർഗ്ഗങ്ങളും സംക്ഷിപ്തമായി താഴെ വിവരിക്കുന്നു.

## 1. വനം വകുപ്പിന്റെ വിവിധ സ്കീമുകൾ

### 1. അതിർത്തി നിർണ്ണയവും സംരക്ഷണവും

വനവിസ്തൃതി കുറയാതെ സംരക്ഷിക്കേണ്ട ആവശ്യകതയിലേക്കായി സമയാസമയങ്ങളിൽ സർവ്വെ പ്രവർത്തനങ്ങൾ നടത്തി അതിർത്തികളിൽ ജണ്ടകൾ സ്ഥാപിക്കുന്നു. വനംകയ്യേറ്റങ്ങൾ തടയുന്നതിനായി നിതാന്ത ജാഗ്രത പുലർത്തുന്നു.

### 2 മണ്ണൊലിപ്പ് തടഞ്ഞ് മണ്ണിലെ ഈർപ്പം സംരക്ഷിക്കുക

ഗള്ളി പ്ലക്ഷിങ്ങ് പ്രവർത്തനങ്ങൾ നടത്തി മണ്ണൊലിപ്പ് തടയുന്നു.. ചെക്ക് ഡാമുകൾ നിർമ്മിക്കുന്നു.. ഈറ്റ, മുള എന്നീ സസ്യങ്ങൾ വച്ചു പിടിപ്പിച്ച് നദീതീരങ്ങൾ സംരക്ഷിക്കുന്നു.

### 3 കാട്ടിനുള്ളിലെ ജലം, ആഹാരം എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക

കാട്ടിനുള്ളിൽ മഴക്കുഴികൾ സ്ഥാപിച്ച് വന്യമൃഗങ്ങൾക്കായുള്ള ജലലഭ്യത ഉറപ്പ് വരുത്തുന്നു. ആനകളുടെ പ്രധാന ഭക്ഷണമായ ഈറ്റ, മുള എന്നിവ വച്ചുപിടിപ്പിക്കുക വഴി അവയുടെ നാട്ടിലേക്കുള്ള കടന്നുകയറ്റം തടയുന്നു.

### 4 കാട്ടുതീ തടയുക

മനുഷ്യരുടെ അശ്രദ്ധമായ പ്രവൃത്തികൾ മൂലവും മറ്റു കാരണങ്ങളാലും ഉണ്ടാകുന്ന കാട്ടുതീ വനത്തിന് വലിയ ഭീഷണിയാണ്. ഇത്തരത്തിലുള്ള അഗ്നിയെ പ്രതിരോധിക്കാനായി വനാതിർത്തികളിൽ 5.2 മീറ്റർ വീതിയിൽ ഫയർ ലൈൻ എടുത്ത് കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയും ആവശ്യമായ ഇടങ്ങളിൽ വാച്ചർമാരെയും അഗ്നിശമന ഗാങ്ങുകളെയും നിയോഗിച്ച് അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വന്യജീവികളെയും വനസമ്പത്തും സംരക്ഷിക്കുന്നു.

### 5 നാശോന്മുഖമായ വനഭാഗങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുക

വനത്തെ അതിന്റെ സ്വാഭാവികതയോടുകൂടി സംരക്ഷിക്കുകയും നശിച്ചുകൊണ്ടിരിക്കുന്ന വനഭാഗങ്ങളെ തദ്ദേശ സസ്യവർഗ്ഗങ്ങൾ വച്ചുപിടിപ്പിച്ച് പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു.

## 6 പ്ലാന്റേഷൻ ജോലികൾ

വർദ്ധിച്ചു വരുന്ന തടിയുടെ ആവശ്യകത പരിഗണിച്ച് പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയും അവയുടെ പരിചരണ പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നു. ഈ തോട്ടങ്ങൾ സംസ്ഥാനത്തിന്റെ ഒരു വലിയ വരുമാനസ്രോതസ്സാണ്. പരമ്പരാഗതതൊഴിൽ മേഖലകളുടെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയ്ക്കും പൾപ്പിന്റെയും കടലാസ്സിന്റെയും നിർമ്മാണത്തിനും ഈറ്റ, മുള തുടങ്ങിയവയുടെ തോട്ടങ്ങൾ പ്രയോജനപ്പെടുന്നുണ്ട്.

## 7 വന്യജീവി ആക്രമണം

വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘട്ടനം ലഘൂകരിക്കുന്നതിനും വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. അതിലേക്കായി ജൈവ വേലികൾ, സൗരോർജ്ജ വേലികൾ എന്നിവ സ്ഥാപിക്കുന്നത് ഇതിനുവേണ്ടിയാണ്. വന്യജീവി ആക്രമണം മൂലം കൃഷിനാശം, ജീവഹാനി എന്നിവ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നു. ആനിമൽ റസ്ക്യൂ ടീമിനെ നിയോഗിച്ച് നാട്ടിലിറങ്ങുന്ന മൃഗങ്ങളെ രക്ഷിച്ച് കാട്ടിൽ കൊണ്ട് വിടുന്നു.

## 8. നഴ്സറി ഉത്പാദനം.

വിവിധ തോട്ടങ്ങൾക്കാവശ്യമായ തൈകളും വനവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പൊതുവിതരണത്തിനാവശ്യമായ തൈകളും വനംവകുപ്പിന് കീഴിലുള്ള വിവിധ നഴ്സറികളിൽ ഉത്പാദിപ്പിക്കുന്നു.

## 9. ചന്ദന മരസംരക്ഷണം

കേരളത്തിലെ വനങ്ങൾ ചന്ദനമരങ്ങളാൽ സമ്പന്നമാണ്. ഇവയുടെ സംരക്ഷണം വനംവകുപ്പിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി വാച്ചർമാരെ നിയോഗിക്കുന്നു.

## 10. വനം കുറ്റകൃത്യങ്ങൾ തടയൽ

ഗഞ്ചാ റെയ്ഡുകൾ, വ്യാജമദ്യ റെയ്ഡുകൾ എന്നിവ സമയാസമയങ്ങളിൽ നടത്തുന്നു. കുറ്റകൃത്യങ്ങൾ തടയുന്നതിനായി രാത്രികാലങ്ങളിൽ പട്രോളിങ്ങ് നടത്തി നിതാന്ത ജാഗ്രത പുലർത്തുന്നു.

**11.** ആർ.ഡി.എഫ്.ഏരിയായിലെ പുനരുജ്ജീവന പ്രവർത്തനങ്ങൾ

**12.** ജണ്ടകളുടെ നിർമ്മാണം

13. വാഹനങ്ങളുടെ അറ്റകുറ്റപണികൾ ഇന്ധനചെലവുകൾ
14. ഗള്ളി പ്ലഗ്ഗിങ്ങ്, ഗഞ്ചാ റെയ്ഡ് മുതലായവ
15. എൻ.ഡബ്ലിയു.എഫ്.പി. ഏരിയയിലെ പരിചരണപ്രവർത്തനങ്ങൾ
16. റോഡ് നിർമ്മാണം
17. ചുറ്റുമതിൽ നിർമ്മാണം
18. ബിൽഡിങ്ങ് നിർമ്മാണം
19. റോഡുകളുടെ അറ്റകുറ്റപ്പണികൾ
20. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ
21. നഴ്സറിയുടെ പ്രവർത്തനങ്ങൾ
22. ടിമ്പർ ജോലികൾ
23. വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ട പരിഹാരം

## ഫണ്ടിംഗ്

ഓരോ വർഷത്തേയും സംസ്ഥാന ബജറ്റിൽ തുക മാറ്റി വെയ്ക്കുന്നതിനനുസരിച്ചാണ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്.

## ഗുണഭോക്താക്കൾ

പൊതുജനം

## വകുപ്പിന്റെ പങ്ക്

ബജറ്റ് വിഹിതത്തിനനുസൃതമായി വനം വകുപ്പിന്റെ വിവിധ ശാഖകൾ വഴി സ്കീമുകൾ നടപ്പിലാക്കുന്നു. പൊതുജനസഹായത്തോടെ വനസംരക്ഷണം നടപ്പിലാക്കുക.

## പ്രവർത്തനങ്ങൾ

മുകളിൽ നൽകിയിട്ടുള്ള വിവിധ സ്കീമുകളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ വിവിധ രീതിയിൽ നടത്തി വരുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭകൾ/വാർഡ്സഭകൾ വഴി വനം സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ച് ജനങ്ങൾക്ക് അവബോധം നൽകുക. വനം വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന വിവിധ പദ്ധതികൾ ഫലവത്താക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ ജനകീയകമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം നടത്തുക.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വനസംരക്ഷണ പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ലക്ഷ്യം പൂർത്തീകരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വനം വകുപ്പുമായി നിരന്തരം സമ്പർക്കം നടത്താവുന്നതാണ്.

# 2. ഹരിത കേരളം പദ്ധതി

## ആമുഖം

ഒരു നാടിന്റെ ഭൂവിസ്തൃതിയുടെ മൂന്നിലൊന്നെങ്കിലും വനാവൃതമായിരിക്കണം എന്ന് അന്തർദേശിയമായ ശാസ്ത്രീയ വീക്ഷണമുണ്ട്. ഈ ലക്ഷ്യത്തെ ദേശീയ വനനയത്തിലൂടെ അംഗീകരിച്ചിട്ടുള്ള നാടാണ് ഭാരതം. എന്നാൽ നമ്മുടെ രാജ്യത്തെ വനവിസ്തൃതി ദേശീയ ഭൂവിസ്തൃതിയുടെ 21% മാത്രമേയുള്ളു. 33.33% എന്ന സ്വപ്ന സംഖ്യയിലേക്ക് സാവധാനത്തിലെങ്കിലും മുന്നേറികൊണ്ടിരിക്കുന്ന ലോകത്തെ അപൂർവ്വം രാഷ്ട്രങ്ങളിലൊന്നാണ് ഭാരതം.

വനവിസ്തൃതിയിൽ കേരളം ദേശീയ ശരാശരിയിലും മുന്നിലാണ്. ജനബാഹുല്യവും, സാമൂഹ്യ സമ്മർദ്ദങ്ങളും മൂലം വെല്ലുവിളികൾ നേരിടുന്ന കേരളത്തിന്റെ വനവിസ്തൃതിൽ ഭൂവിസ്തൃയുടെ മൂന്നിലൊന്നാക്കുക എന്നത് ക്ഷിപ്രസാധ്യമല്ല. ഒരു തുണ്ട് വനഭൂമിയും കൈമോശം വരാതെ സംരക്ഷിക്കുന്നതിനോടൊപ്പം ലഭ്യമായ മുഴുവൻ വനേതര മേഖലയിലും വൃക്ഷാവരണം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ വൃക്ഷവൽക്കരണ സംരംഭങ്ങൾക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുള്ളത്. പുത്തൻ ദിശാബോധം കൈവന്ന സ്ക്കൂൾ വിദ്യാർത്ഥികളുടെ എന്റെ മരം പദ്ധതിയും, കലാലയ വിദ്യാർത്ഥികളുടെ നമ്മുടെ മരം പദ്ധതിയും ആശയപരമായ പുതുമകൊണ്ടും വൈവിധ്യം കൊണ്ടും വൻവിജയമായിതീർന്നു. സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലേയും 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ വീടുകളിൽ വച്ചു പിടിപ്പിക്കാൻ വൃക്ഷതൈകൾ നൽകുന്ന എന്റെ മരം, ഹയർ സെക്കന്ററി സ്ക്കൂൾ മുതൽ കോളേജ് കാമ്പസുകളിൽ വരെ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന നമ്മുടെ മരം, പാതയോരങ്ങളിൽ തണൽ മരങ്ങൾ നട്ടുവളർത്തുന്ന വഴിയോരതണൽ, കടലിന് കവചമായി മരങ്ങൾ നട്ടുവളർത്തുന്ന ഹരിതതീരം എന്നീ പദ്ധതികൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുന്നു.

കേരളത്തിലെ ലഭ്യമായ ഭൂമേഖലകളിലൊക്കെയും നാടൻവൃക്ഷതൈകൾ നട്ടു വളർത്താൻ ലക്ഷ്യമിടുന്നതാണ് ഹരിതകേരളം പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും, ജനകീയ കൂട്ടായ്മയുടേയും കുടുംബശ്രീ അടക്കമുള്ള സ്വാശ്രയ സമിതികളുടെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹരിതവൽക്കരണത്തിന്റെ അനിവാര്യത സംസ്ഥാനത്തിലെ ഗ്രാമീണ ജനങ്ങളിലെത്തിച്ചുകൊണ്ടാണ് ആ പദ്ധതിയ്ക്ക് തുടക്കമിട്ടത്. സ്വന്തം ഗ്രാമമേഖലയിൽ നട്ടുവളർത്തേണ്ട നാടൻ വൃക്ഷത്തൈകൾ ഏതെന്ന് തീരുമാനിച്ച് അവ സ്വന്തം നേഴ്സറികളിൽ വളർത്തിയെടുത്ത് നട്ട് പരിപാലിക്കാനാണ് ലക്ഷ്യമിടുന്നത്. ഹരിതകേരളം ഭാവിയിലും പച്ചപ്പുമുരടിച്ചുപോകാതെ മലയാളകരയ്ക്കായുള്ള ഒരു ജനതയുടെ സമർപ്പണമാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്ത് വൃക്ഷവൽക്കരണം നടത്തുന്ന പദ്ധതിയാണ് "വനം നമുക്കും നമ്മുടെ നാടിനും."

## ലക്ഷ്യങ്ങൾ

- ആഗോളതാപനത്തിന്റെ ദൂഷ്യഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി വനേതര ഭൂമിയിൽ ലഭ്യമായ സ്ഥലങ്ങളിൽ വൃക്ഷവൽക്കരണം നടത്തുക, ഹരിത സംസ്ക്കാരം ഉണർത്തുക.
- ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു കൊണ്ട് നമ്മുടെ നാടിനുവേണ്ടിയും ഭൂമിയ്ക്കുവേണ്ടിയും വൃക്ഷങ്ങൾ നട്ടുപരിപാലിച്ച് സംരക്ഷിക്കുക.
- ആഗോളതാപനത്തിനെതിരെ പ്രതിരോധിക്കാൻ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.
- ബഹുജന പങ്കാളിത്തത്തോടെയുള്ള വൃക്ഷവൽക്കരണം.
- മണ്ണ്, ജലം സംരക്ഷണം

## ഗുണഭോക്താവ്

ഭൂമയിലെ മനുഷ്യർ ഉൾപ്പെട്ട എല്ലാജീവജാലങ്ങളും

## സ്കീമിന്റെ നിർവ്വഹണം

കേരളവനം വന്യജീവി വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണവിഭാഗം. ജില്ലാതലത്തിലുള്ള അസിസ്റ്റന്റ്ഫോറസ്റ്റ് കൺസർവേറ്റർമാരാണ് നിർവ്വഹണ ഉദ്യോഗസ്ഥർ.

## ഫണ്ടിംഗ്

സർക്കാരിന്റ സംസ്ഥാന ബജറ്റ് ഫണ്ട്.

## പ്രവർത്തനങ്ങൾ

- ഗുണനിലവാരമുള്ള നാടൻവൃക്ഷതൈകൾ ഉല്പാദിപ്പിക്കുക
- നഴ്സറി നിർമ്മാണത്തിൽ ഗ്രാമീണർക്ക് പരിശീലനം നൽകുക.
- ആവശ്യമുള്ള വൃക്ഷതൈകൾ/സ്കൂൾ/കോളേജ്/ സന്നദ്ധസംഘടനകൾ ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/മതസ്ഥാപനങ്ങൾ/ യൂത്ത് ഓർഗനൈസേഷൻ എന്നിവക്ക് വിതരണത്തിന് ലഭ്യമാക്കുക.
- വൃക്ഷതൈകളുടെ നടീലും, പരിപാലനവും, സംരക്ഷണവും.
- ജലസേചനവും,മണ്ണും സംരക്ഷണവും

## സംഘാടനം

സ്കൂൾ, കോളേജ്, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന വർ എന്നിവർക്ക് ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ വൃക്ഷവൽക്കരണത്തിന്റെ പ്രധാന്യത്തെ കുറിച്ച് ബോധവൽക്കരണം. ഇതുമായി ബന്ധപ്പെട്ട പി.ടി.എ, സ്റ്റുഡന്റ് ക്ലബ്ബുകൾ, അയൽക്കൂട്ടങ്ങൾ എന്നിവ വഴി നടത്തിപ്പ്. വനസംരക്ഷണ സമിതി, ഇക്കോറസ്റ്റോറേഷൻ സമിതി എന്നിവ പ്രധാന പങ്ക് വഹിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്:-

- വനംവകുപ്പ് നടപ്പിലാക്കുന്ന ജനകീയ വൃക്ഷവൽക്കരണ പദ്ധതി പ്രവർത്തന ങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പ്രചരണപരിപ്പാടികൾ നടത്തുക.
- ഗ്രാമസഭയിൽ ഉൽബോധനം നടത്തുക
- തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കൽ
- വൃക്ഷതൈകളുടെ ഉല്പാദനം, വിതരണം
- തൈനടീൽ
- പരിചരണം, ജലസേചനം, സംരക്ഷണം

ഹരിതകേരളം പദ്ധതി വിജയിപ്പിക്കുന്നതിന് ഗ്രാമസഭ/വാർഡ്സഭ, വിവിധ ജന കീയ കമ്മിറ്റികൾ വഴിയുള്ള ബോധവൽക്കരണം തൈനടീൽ, ക്ലബ്ബ് രൂപീകരണം, സ്കൂൾ സന്നദ്ധ സംഘടനകൾ വഴിയുള്ള പ്രചാരണവും പ്രവർത്തനങ്ങളും സംഘ ടിപ്പിക്കുക എന്നതാണ്. കൂടാതെ നട്ട വൃക്ഷങ്ങളുടെ സംരക്ഷണവും ഇതുമൂലം ഉറപ്പാക്കാം.

### വകുപ്പിന്റ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല.

- ഗുണനിലവാരമുള്ളതും, അതാത് മേഖലയ്ക്ക് അനുയോജ്യവുമായ നാടൻവൃക്ഷ തൈകളുടെ ഉല്പാദനം, നഴ്സറി പരിപാലനം, തൈനടീൽ പരിശീലനം ബോധ വൽക്കരണം, സംരക്ഷണം.
- വൃക്ഷതൈകളുടെ വിതരണം
- അനുയോജ്യമായ സ്ഥലം, അനുയോജ്യമായ വൃക്ഷതൈകളുടെ ഇനം എന്നിവ കണ്ടെത്തൽ.

### തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധിക്കാം

തൊഴിലുറപ്പ് പദ്ധതി നീർത്തട പദ്ധതി എന്നിവയുമായി സംയോജിപ്പിച്ച് ഗുണനിലവാരമുള്ള നാടൻ വൃക്ഷതൈകളുടെ ഉല്പാദനം, വിതരണം, തൈനടീൽ, പരിപാലനം, ജലസേചനം, സംരക്ഷണം വിജയപ്രദമാക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വൃക്ഷവൽക്കരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുക.
- മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വൃക്ഷങ്ങളുടെ തൈകൾ ഉല്പാദിപ്പിക്കുക, ബോധവൽക്കരണം നടത്തുക, തൈകൾ നടുക മൂന്നും നാലും വർഷം സംരക്ഷിക്കാൻ അതീവ ജാഗ്രത പുലർത്തുക.
- തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്ന പ്രവർത്തികളും അതിൽ ഉൾപെടുത്തി ചെയ്യുക. ജനകീയ കമ്മിറ്റികൾക്ക് ചുമതലകൾ നൽകുക.

## 3. സ്വകാര്യ ഭൂമിയിൽ മരങ്ങൾ നട്ട് വളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം

### ആമുഖം

തടി, വിറക് പച്ചിലവളം, കാലിത്തീറ്റ, ഭക്ഷ്യവസ്തുക്കൾ എന്നിവയ്ക്കായി വനങ്ങളെ ആശ്രയിക്കാവുന്ന കാലം കഴിയുകയാണ്. നമുക്കും നാളത്തെ തലമുറയ്ക്കും ഈ ആവശ്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ മരങ്ങൾ നട്ടു വളർത്തിയേ പറ്റുകയുള്ളു. ഇന്ന് സംസ്ഥാനത്ത് ആവശ്യമായ തടിയുടെ 60 ശതമാനവും ഇറക്കുമതിചെയ്യുകയാണ്. ഈ സാഹചര്യത്തിൽ സ്വകാര്യ ഭൂമിയിൽ മരം നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കാൻ സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. തേക്ക്, ആഞ്ഞിലി, ചമ്പകം, ചന്ദനം, പ്ലാവ്, കുമ്പിൾ, മഹാഗണി, വീട്ടി, കുന്നിവാക, തേന്മാവ്

എന്നീ പത്ത് ഇനമരങ്ങൾ നട്ട് പരിപാലിക്കുന്നതിനാണ് ഈ പദ്ധതി പ്രകാരം ധന സഹായം നൽകുന്നത്.

## ലക്ഷ്യങ്ങൾ

- സ്വകാര്യ ഭൂമികളിലെ ശോഷിച്ചുവരുന്ന തടിയുൽപ്പാദനം വർദ്ധിപ്പിക്കുക.
- കർഷകന് അധിക വരുമാനം ഉറപ്പാക്കുക.
- തടിയുൽപ്പാദനത്തിന് സ്വയം പര്യാപ്തത നേടുക.
- ആഗോള താപനം, കാലാവസ്ഥാവ്യതിയാനം എന്നിവയുടെ പ്രത്യാഘാതം കുറയ്ക്കുക.
- മണ്ണ്, ജലംസംരക്ഷണം വർദ്ധിപ്പിക്കുക

## ഗുണഭോക്താക്കൾ

കാടിനെ ആശ്രയിക്കുന്ന ജനങ്ങളും പൊതുജനങ്ങളും

## സ്കീമിന്റെ നിർവ്വഹണം

- വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗം അസി. ഫോറസ്റ്റ് കൺസർവേറ്റർമാർ/ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കാണ് അപേക്ഷ നൽകേണ്ടത്.
- പഞ്ചായത്ത് ജില്ലാതല കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനസഹായം വിതരണം ചെയ്യുന്നു.

## ഫണ്ടിംഗ്

സർക്കാരിന്റെ സംസ്ഥാന ബജറ്റ് ഫണ്ട്. തൈകളുടെ എണ്ണം കണക്കാക്കി താഴെപ്പറയുന്ന പ്രകാരമാണ് ധനസഹായം നൽകുക. തൈകളുടെ എണ്ണവും-ധനസഹായവും-50 മുതൽ 200 വരെ-തൈ ഒന്നിന് 50/-രൂപ, 201-400 വരെ-തൈ ഒന്നിന് 40/- രൂപ. 401-625 വരെ തൈ ഒന്നിന് 30/- രൂപ.

## പ്രവർത്തനങ്ങൾ

- ഗ്രാമസഭകളിൽ അവബോധം നൽകുക
- അപേക്ഷകൾ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചാഫീസിൽ അപേക്ഷ നൽകുക.
- പഞ്ചായത്ത്/ജില്ലാതല കമ്മറ്റികൾ രൂപീകരിച്ച് പരിശോധന നടത്തി ധനസഹായത്തിന് ശുപാശ ചെയ്യുക.
- ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ധന സഹായം അനുവദിക്കുക.

- ഗ്രാമസഭകളിൽ മരങ്ങൾ നട്ടുവളർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനെ കുറിച്ച് ചർച്ച ചെയ്യുക.
- ബന്ധപ്പെട്ട വ്യക്തികളുടെ അപേക്ഷകൾ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചാഫീസിൽ നൽകുക.
- വൃക്ഷങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് അവബോധം ഉണ്ടാക്കുക. അതുവഴി അധിക വരുമാനം ഉറപ്പാക്കുക.
- കുടുംബശ്രീ/വനസംരക്ഷണ സമിതി/കൃഷി വകുപ്പ് എന്നീ സംഘടനകൾ പദ്ധതിയെ കുറിച്ച് ബോധവത്കരണ പ്രവർത്തനം നടത്തുക.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

- തദ്ദേശ സ്വയം ഭരണ സ്ഥാപനം അർഹതപ്പെട്ട വ്യക്തികളെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി പ്രചാരണവും അവബോധവും നൽകുക.
- ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ ഇനം വൃക്ഷങ്ങൾ തെരഞ്ഞെടുക്കുക.
- കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപനം.
- പഞ്ചായത്ത്തല കമ്മിറ്റികൾ രൂപീകരിച്ച് പരിശോധന നടത്തുക.

## വകുപ്പിന്റെ പങ്ക്

- പദ്ധതിയിൽ ധനസഹായം നൽകുന്നതിന്, വ്യക്തികളിൽ നിന്നും അപേക്ഷ സ്വീകരിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിക്കുക. മോണിറ്ററിംഗിൽ പങ്കാളിയാക്കുക
- വൃക്ഷതൈകൾ നട്ട സ്ഥലങ്ങൾ സമയബന്ധിതമായി പരിശോധന നടത്തി ധനസഹായം ലഭ്യമാക്കുക.
- പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇനം വൃക്ഷ തൈകളുടെ ഉല്പാദനത്തിനുള്ള നേഴ്സറി നിർമ്മാണം.
- വ്യാപകമായ പ്രചരണം – ഇതിനായി ഗ്രാമസഭ/വാർഡ് സഭകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ വഴി ഇത് നടത്താം.
- സോഷ്യൽ ഫോറസ്ട്രിയുടെ അതാത് ജില്ലാതല അസി. ഫോറസ്റ്റ് കൺസർവേറ്റർമാർ/റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ അർഹതപ്പെട്ടവരിൽനിന്നും അപേക്ഷ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുക.

### തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ നടത്താം

- തൊഴിലുറപ്പ് പദ്ധതിയുമായി ഇതിനെ ബന്ധപ്പെടുത്തി പ്രവൃത്തികൾ ചെയ്യാം.
- ഗ്രാമസഭ തെരഞ്ഞെടുക്കുന്നഅർഹതപ്പെട്ട കർഷകരുടെ ലിസ്റ്റ് വനം വകുപ്പിന് കൈമാറാം..
- വനം വകുപ്പ്/കൃഷി വകുപ്പ് എന്നീ ഉദ്യോഗസ്ഥരുമായി സഹകരിച്ച് പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്താം. പദ്ധതികൾ ആവിഷ്ക്കരിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- അർഹതപ്പെട്ട കർഷകന് ധനസഹായം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുക.
- ആവർത്തന ധനസഹായം കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കുക.
- കർഷകന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇനം വൃക്ഷതൈകൾ ലഭ്യമാക്കുക.

## 4. ഇത്തിരി വനവും ഒത്തിരി ജനങ്ങളും

### ആമുഖം

ഭാരതത്തിന്റെ തെക്കുപടിഞ്ഞാറെ അറ്റത്ത് അറബിക്കടലിനും പശ്ചിമഘട്ടനിരകൾക്കുമിടയിൽ സ്ഥിതി ചെയ്യുന്നതും, ഏകദേശം 600 കി.മീ. നീളവും ശരാശരി 65 കി.മീ വീതിയുമുള്ള ഭൂഭാഗമാണ് കേരളം. 38,863 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ സംസ്ഥാനം രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 1.18 ശതമാനം മാത്രമെ ഉള്ളുവെങ്കിലും, ഭാരതത്തിലെ മൊത്തം ജനസംഖ്യയുടെ 3.1 ശതമാനം ഇവിടെയാണ് വസിക്കുന്നത്. കേരളത്തിലെ മൊത്തം ജനസംഖ്യ 2001 ലെ കണക്കുപ്രകാരം 318 ലക്ഷമായിരുന്നു. ജനസാന്ദ്രതയുടെ ദേശീയ ശരാശരി ചതുരശ്ര കിലോ മീറ്ററിന് 324 ആയിരിക്കെ, കേരളത്തിൽ അത് 819 ആണ്. ആകെ വന വിസ്തൃതി ഏകദേശം 11270 ച.കി.മീ. ആണെങ്കിലും, സർക്കാർ സ്ഥാപനങ്ങൾക്കും നാണ്യ വിള കൃഷികൾക്കും മറ്റും പാട്ടത്തിന് നൽകിയ ഭൂമി ഒഴികെ ബാക്കിയുള്ള വനഭൂമി ഏകദേശം 9400 ച.കി.മീറ്ററാണ്. ഇന്ത്യയിലെ ആളോഹരി വനവിസ്തൃതി 0.056 ഹെക്ടറും കേരളത്തിൽ അത് 0.03 ഹെക്ടറും ആണ്. സഹ്യസാനുക്കളിലെ മഴക്കാടുകൾ ജന്മം നൽകി നിലനിർത്തുന്ന 44 നദികളാണ് കേരളത്തിന്റെ ജീവനാഡികൾ. ഈ നദികളുടെ ഉത്ഭവമേഖലയിലെ മഴക്കാടുകൾ വേനൽക്കാലത്തും ഈ നദികളിൽ നീരൊഴുക്കു നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

ഇത്തിരി വനവും ഒത്തിരി ജനങ്ങളും  എന്ന വെല്ലുവിളി നേരിടുന്ന കേരളത്തിൽ ശേഷിക്കുന്ന വനങ്ങളെങ്കിലും സംരക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ പ്രസക്തിയും ആവശ്യകതയും ഏറെയാണ്. വനങ്ങൾ നൽകുന്ന സേവനം കേവലം പ്രാദേശികമോ സംസ്ഥാനത്തിനുള്ളിൽ ഒതുങ്ങുന്നതോ അല്ല. അന്തരീക്ഷത്തിലെ കാർബൺഡൈയോക്സൈഡ് സ്വീകരിച്ചും പ്രാണവായുവിനെ പുറത്തുവിട്ടും സസ്യ സമ്പന്നമായ കാടുകൾ ചെയ്യുന്ന സേവനം വിലമതിക്കാനാകാത്തതാണ്. വികസനത്തിന്റെ പേരിൽ മനുഷ്യൻ ഉൽപാദിപ്പിച്ചുകൂട്ടുന്ന ഹരിതഗൃഹ വാതകങ്ങൾ സൃഷ്ടിക്കുന്ന ഓസോൺപാളി ശോഷണവും ആഗോള താപനവും ഉയർത്തുന്ന ഭീഷണികളെ നേരിടാൻ നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുന്നതും പരിപോഷിപ്പിക്കുന്നതും കഴിയുന്നത്ര മരങ്ങൾ നട്ടുപിടിപ്പിക്കുന്നതുമാണ് ഏറ്റവും പ്രായോഗികമായ പോം വഴികൾ.

### വനംവകുപ്പ് വഴി നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ മുഖേന നടപ്പിലാക്കുന്ന  എന്റെ മരം, നമ്മുടെ മരം  പദ്ധതികൾ
2. സാമൂഹ്യ സംഘടനകളും ഹരിതസേനയും, തൊഴിലാളികളും മുഖേന നടപ്പിലാക്കുന്ന  വഴിയോര തണൽ പദ്ധതി
3. ''ഹരിതതീരം പദ്ധതി''
4. ''കാവ് സംരക്ഷണ പദ്ധതി''
5. വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രകൃതി പഠനക്യാമ്പ്
6. വനസംരക്ഷണ സമിതികളും (VSS) ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും (EDC) മുഖേനയുള്ള വനസംരക്ഷണ പ്രവർത്തികൾ, ഇക്കോടൂറിസം, ജൈവവൈവിദ്ധ്യ സംരണം തുടങ്ങിയവ
7. വനത്തിനുപുറത്ത് നടത്തുന്ന അഗ്രോ ഫോറസ്ട്രി, കാവ് സംരക്ഷണം, ഔഷധ സസ്യത്തോട്ടം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനു നൽകുന്ന ധനസഹായം
8. ആദിവാസികളും വീട് നിർമ്മാണത്തിന് നൽകുന്ന സൗജന്യ തടി വിതരണ പദ്ധതി.
9. പൊതുജനങ്ങൾക്ക് വീട് പണിക്ക് ന്യായവിലക്ക് തടി നൽകുന്ന പദ്ധതി
10. വന്യമൃഗങ്ങളും അക്രമത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി
11. പട്ടികജാതി/പട്ടികവർഗ്ഗ പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് മുള-ഈറ്റ ശേഖരണത്തിനുള്ള പദ്ധതി
12. കണ്ടൽ വനസംരക്ഷണ പദ്ധതി

13. വനം-വന്യജീവി കുറ്റകൃത്യങ്ങൾ സംബന്ധിച്ച് രഹസ്യവിവരം കൈമാറുന്ന വ്യക്തികൾക്ക് നൽകുന്ന പാരിതോഷികം
14. വനങ്ങളിലും, വനത്തിനു സമീപവും താമസിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് നൽകുന്ന ഇൻഷുറൻസ് പരിരക്ഷണ പദ്ധതി
15. ജൈവവൈവിദ്ധ്യ പ്രാധാന്യമുള്ള സ്ഥലം സംരക്ഷിക്കുന്നതിനുള്ള പദ്ധതി
16. പങ്കാളിത്ത വനപരിപാലന പ്രവർത്തന പദ്ധതി
17. സാമൂഹ്യ വനവത്ക്കരണ പദ്ധതി
18. വനമിത്ര പുരസ്ക്കാരം പദ്ധതി
19. കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി
20. മണ്ണ്, ജലം, വായു സംരക്ഷണ പദ്ധതി.
21. വ്യവസായാവശ്യങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ നൽകുകയും, പുന രുൽപാദനം നടത്തുകയും ചെയ്യുന്നു.
22. ഭാവി തലമുറക്ക് വേണ്ടി ഈ ഭൂമിയെ സംരക്ഷിക്കുന്നു.
23. NAP/GIM പദ്ധതികളുടെ നടത്തിപ്പ്

## ലക്ഷ്യങ്ങൾ

1. വൃഷ്ടിപ്രദേശങ്ങളുടെ വനാവരണവും വൃക്ഷാവരണവും മെച്ചപ്പെടുത്തി അണ ക്കെട്ടുകളിലേക്കുള്ള ജല പ്രവാഹം സമൃദ്ധമാക്കുക.
2. വനത്തിനകത്തും അരികിലും താമസിക്കുന്ന ആദിവാസികളുടെയും, സ്ത്രീക ളുടെയും, സാമൂഹിക സാമ്പത്തിക നിലവാരം മറ്റു ജന സമൂഹങ്ങളുടെ മറ്റ് ദുർബല വിഭാഗങ്ങളുടെയും സാമൂഹ്യ സാമ്പത്തിക നിലവാര്ത്തിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരത്തക്കരീതിയിൽ വനങ്ങൾ പരിപാലിക്കുക
3. വനങ്ങൾ പൊതുവായും, വനത്തോട്ടങ്ങൾ പ്രത്യേകിച്ചും അന്തർദേശീയ നില വാരത്തിലേക്ക് ഉയർത്തി അവയുടെ ഉത്പാദന - വിഭവശേഷി വർദ്ധിപ്പിക്കുക
4. ജൈവവൈവിദ്ധ്യ സംരക്ഷണം, വിഭവ ഉത്പാദനം എന്നീ കാര്യങ്ങളിൽ കേര ളത്തെ ഉന്നത നിലവാരത്തിൽ എത്തിക്കുക
5. സാമൂഹ്യ-സാംസ്ക്കാരിക മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും, സമ്പന്നമാക്കു ന്നതിനും ഉതകുന്ന തരത്തിൽ വനങ്ങൾ പരിപാലിക്കുക
6. ആദിവാസി സമൂഹങ്ങളുടെ തനതു സംസ്ക്കാരം നിലനിർത്തുകയും പരിപോ ഷിപ്പിക്കുകയും ചെയ്യുക.
7. പരമ്പരാഗത വനമേഖലകളുടെ മൂല്യശോഷണം തടയുകയും അനുയോജ്യമായ പ്രവർത്തികളിലൂടെ ഗതകാല മൂല്യം പുനരാർജ്ജിക്കുകയും ചെയ്യുക.

8. കണ്ടൽ വനങ്ങൾ, കാവുകൾ തുടങ്ങി അതീവ പ്രാധാന്യമുള്ള ഇക്കോവ്യൂഹ ങ്ങളുടെ സംരക്ഷണവും വ്യാപനവും നടത്തുക.
9. തണ്ണീർത്തടങ്ങളുടേയും ജലസ്രോതസ്സുകളുടേയും സംരക്ഷണവും, പരിപാല നവും വഴി നീരുറവ വർദ്ധിപ്പിക്കുന്നതിനും ഭൂമിയുടെ ജല സ്വാംശീകരണ ശേഷി കൂട്ടുന്നതിനുമുള്ള അടിസ്ഥാന പ്രവർത്തനങ്ങൾ നടത്തുക.
10. വന്യജീവികളുടെ ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
11. ആഗോളതാപനത്തിന്റെ ദൂഷ്യഫലങ്ങൾ പരമാവധി കുറക്കുന്നതിനായി വനേ തര ഭൂമികളിലും, വനത്തിനു പുറത്ത് ലഭ്യമായ മറ്റ് അനുയോജ്യ പ്രദേശങ്ങ ളിലും പരമാവധി മരങ്ങൾ വെച്ചു പിടിപ്പിക്കുക
12. ദേശാടന പക്ഷികളേയും അവയുടെ ആവാസ സ്ഥലങ്ങളേയും സംരക്ഷിക്കുക.
13. പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പദ്ധതികളും ബോധവത്ക്കരണ പരി പാടികളും മുഖേന ജനങ്ങളിൽ പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടി ക്കുക.

## ഗുണഭോക്താക്കൾ

ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങളും

## പദ്ധതി നിർവ്വഹണം

വനം-വന്യജീവി വകുപ്പിന്റെ റെയ്ഞ്ച്, ഡിവിഷൻ, സർക്കിൾ തലങ്ങളിൽ പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും, വൈൽഡ്ലൈഫ് വാർഡനും, സോഷ്യൽഫോറസ്ട്രി അസി.കൺസർവേറ്റർമാരുമാണ് ഓരോ ജില്ലാ തലത്തിലും പദ്ധതി നിർവ്വഹണം നടത്തുന്നത്.

## ഫണ്ടിംഗ്

ഓരോ ഡിവിഷൻ തലത്തിലുള്ള പദ്ധതിയിൽ, പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ സംസ്ഥാന ഫണ്ട് ലഭിക്കുന്നു. വന്യജീവി സങ്കേതങ്ങളിൽ സംസ്ഥാന ഫണ്ടിനു പുറമെ കേന്ദ്ര വിഹിതം കൂടി ലഭിക്കുന്നു. NAP/GIM പദ്ധതികളിൽ VSS/EDC അക്കൗ ണ്ടിലേക്കും നേരിട്ട് ഫണ്ട് ലഭിക്കുന്നു. VSS/EDC കമ്മിറ്റികൾക്ക് അടങ്കൽ ബില്ല് പാസ്സാ ക്കുന്ന മുറക്ക് സംഖ്യ അവരുടെ കോർഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

## പ്രവർത്തനങ്ങൾ

റെയ്ഞ്ച് തലത്തിൽ ഓരോ ജോലികളുടേയും അടങ്കൽ പ്രത്യകം പ്രത്യകം തയ്യാറാക്കി ജില്ല ഓഫീസർമാർക്ക് സമർപ്പിക്കുകയും ജില്ല ഓഫീസർമാരുടെ പരി

ധിയിൽ വരുന്ന അടങ്കലുകൾ ജില്ല ഓഫീസർ പാസ്സാക്കുകയും ടി പരിധിയിൽ കവിഞ്ഞ അടങ്കൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകി പാസ്സാക്കുകയുംചെയ്യുന്നു. അനുമതി ലഭിക്കുന്ന പദ്ധതികൾ റെയ്ഞ്ച് തലത്തിൽ മോണിറ്ററിംഗ് നടത്തി നടപ്പിലാക്കുന്നു.

## ജനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങളെ ആദരിക്കുകയും അതിന് അനുഗുണമായി പ്രവർത്തിക്കുകയും ചെയ്യുക.
- പ്രകൃതി വിഭവ സംരക്ഷണ താൽപ്പര്യം ഉൾക്കൊള്ളുകയും, പ്രകൃതി നിയമങ്ങളെ മാനിക്കുകയും ചെയ്യുക.
- വനം വകുപ്പുമായി വിവരങ്ങൾ പങ്കുവെയ്ക്കുകയും പ്രകൃതി സംരക്ഷണത്തിന്റേയും, സുസ്ഥിര വികസനത്തിന്റെയും സന്ദേശം വ്യാപിപ്പിക്കാൻ വനം വകുപ്പിനെ സഹായിക്കുകയും ചെയ്യുക.
- വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും നൽകുക വഴി പൗരന്റെ ഉത്തരവാദിത്വവും കടമകളും നിറവേറ്റുക.
- വന്യജീവി ആക്രമണ സാധ്യതയുള്ള സ്ഥലങ്ങളിൽ സൗരോർജ്ജവേലി, കിടങ്ങ്, ജൈവവേലി മുതലായവ നിർമ്മിച്ച് വന്യജീവി ആക്രമണസാധ്യത ഇല്ലാതാക്കുക.

## തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

- തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ മനുഷ്യന് വന്യജീവികൾ മൂലമുണ്ടാക്കുന്ന കൃഷി, വാസസ്ഥലം എന്നിവയ്ക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾക്ക് സർക്കാർ അംഗീകരിച്ച നഷ്ടപരിഹാരവും, വന്യജീവികൾ മൂലമുണ്ടാകുന്ന അപകടം, മരണം എന്നിവയക്ക് ധനസഹായവും നൽകി വരുന്നത് ഗുണഭോക്താക്കളിലേക്ക് എത്തിക്കുക. ഗ്രാമസഭയിൽ അവ ചർച്ചയ്ക്ക് വിധേയമാക്കുക. അർഹത നിശ്ചയിക്കുക.
- അഗ്നി പ്രതിരോധ പ്രവർത്തനങ്ങളിൽ വനത്തിന് സമീപം താമസിക്കുന്ന ആളുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.
- വനത്തിന് പുറത്തും, മറ്റ് അനുയോജ്യമായ പ്രദേശങ്ങളിലും പരമാവധി മരങ്ങൾ വെച്ച് പിടിപ്പിക്കുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.
- പ്രകൃതിയുടെ ആവാസവ്യവസ്ഥക്ക് വന്യജീവികൾ ഒരു പ്രധാന ഘടകമാണ്. ടി വന്യജീവികൾ ജനവാസ/കൃഷി സ്ഥലങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതി

നായി വനാതിർത്തികളിൽ സൗരോർജ്ജവേലി, ജൈവവേലി, കിടങ്ങ്, മതിൽ എന്നിവ നിർമ്മിക്കാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ മണ്ണ്,ജല,ജൈവ സംരക്ഷണ പദ്ധതികളുമായി ഇവയെ ഏകോപിപ്പിക്കണം. തദ്ദേശഭരണസ്ഥാപനത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

## 5. തോട്ടങ്ങളുടെ സംരക്ഷണം

- പുതിയ തോട്ടങ്ങളുടെ നിർമ്മാണം
- നിലവിലുള്ള തോട്ടങ്ങളുടെ പരിപാലന പ്രവർത്തനങ്ങൾ
- വിവിധ തോട്ടങ്ങളിൽ തീ കയറാതെ സംരക്ഷിക്കൽ
- തോട്ടങ്ങൾക്കകത്ത് കൂപ്പ് റോഡ് നിർമ്മാണവും അറ്റകുറ്റപണികളും
- വനാതിർത്തികളിൽ ജണ്ട നിർമ്മാണം
- വളർച്ചയെത്തിയ തോട്ടങ്ങളുടെ അടച്ചുമുറി
- ചെക്ക് ഡാം നിർമ്മാണം
- ഓഫീസ് കെട്ടിടങ്ങൾ, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപണികളും.

### ലക്ഷ്യങ്ങൾ

ജൈവ വൈവിധ്യ സംരക്ഷണം, വൃക്ഷാവരണം മെച്ചപ്പെടുത്തൽ വഴി കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കൽ, ആഗോള താപനത്തിന്റെ ആഘാതം കുറയ്ക്കൽ, തടി, വിറക് എന്നീ വിഭവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയാണ് ഈ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ

### ഗുണഭോക്താക്കൾ

ഇവയൊന്നും വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യം വെച്ചുള്ള പദ്ധതികൾ അല്ല. പ്രകൃതിയിലുള്ള മുഴുവൻ ജീവജാലങ്ങളുമാണ് വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ.

### നിർവ്വഹണം

കേരള വനം വകുപ്പിന്റെ റെയ്ഞ്ചു ഫോറസ്റ്റാഫീസർമാരിലൂടെയും വനസംരക്ഷണ സമിതികളിലൂടെയുമാണ് പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണം നടത്തുന്നത്.

## ഫണ്ടിംഗ്

സംസ്ഥാന ബഡ്ജറ്റ് വിഹിതം അംഗീകൃത വാർഷിക പ്രവർത്തന പരിപാടി പ്രകാരം മേഖല ഓഫീസുകൾ വഴിയാണ് ട്രഷറിയിൽ എത്തുന്നത്.

## പ്രവർത്തനങ്ങൾ

- മുൻകൂട്ടി വാർഷിക പ്രവർത്തന പരിപാടി തയ്യാറാക്കി അംഗീകാരം വാങ്ങൽ
- അടങ്കലുകൾ തയ്യാറാക്കി അംഗീകാരം നേടൽ
- ആവശ്യമായവക്ക് ടെണ്ടറുകൾ ക്ഷണിച്ചു അംഗീകാരം നേടൽ
- പ്രവർത്തനങ്ങൾ മുന്നേറുന്നതനുസരിച്ച് പരിശോധനയും ദിശാഗതി നിയന്ത്രണവും

## സംഘാടനം

റെയ്ഞ്ചുഫോറസ്റ്റാഫീസർമാർ നേതൃത്വത്തിലാണ് എല്ലാ പ്രവർത്തനങ്ങളുടെയും സംഘാടനം നടക്കുന്നത്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രവർത്തനങ്ങൾ എല്ലാം തന്നെ ഏതെങ്കിലും ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിലുള്ള സ്ഥലത്ത് നടക്കുന്നവയാണ്. ജൈവ വൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകത, കാട്ടുതീക്കെതിരായ പ്രവർത്തന പരിപാടികൾ, വനം കയ്യേറ്റത്തിനെതിരെയുള്ള പ്രചരണ പരിപാടികൾ, വനസംരക്ഷണത്തെക്കുറിച്ചുള്ള ആശയ പ്രചരണം, ഒഴിഞ്ഞു കിടക്കുന്ന പ്രദേശങ്ങളിൽ മരം നട്ടു വളർത്തൽ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളാണ്. ഗ്രാമസഭകൾ വഴിയുള്ള അവബോധം വളർത്തൽ, വനസംരക്ഷണത്തിന് പൊതുജനസഹായം എന്നിവ സ്വരൂപിക്കാവുന്നതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലകൾ

- പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക
- സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പു വരുത്തുക
- തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## സംയോജന സാധ്യതകൾ

ഒഴിഞ്ഞു കിടക്കുന്ന പ്രദേശങ്ങളിൽ മരം നടുന്നതിനുള്ള പരിപാടികൾ ജനകീയ ബോധവൽക്കരണ പ്രവർത്തനങ്ങൾ, വന സംരക്ഷണ സമിതികളെ ശക്തിപ്പെടു

ത്തൽ, കടലാമ സംരക്ഷണം, കണ്ടൽ സംരക്ഷണം എന്നിവ പദ്ധതിരേഖയിൽ ഉൾപ്പെടുത്താവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിസ്ഥിതി പ്രവൃത്തികൾ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ഇതിനെ ഏകോപിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതിരേഖയിൽ പരിസ്ഥിതി സംരക്ഷണം മുഖ്യ ഘടകമായിരിക്കണം. ആഗോളതാപനവും പരിസ്ഥിതി സംരക്ഷണവും കാലാവസ്ഥ വ്യതിയാനവും ഗ്രാമസഭാതലത്തിൽ ചർച്ച ചെയ്യാനാവും വിധം പദ്ധതിരേഖകളിൽ ഇടം പിടിക്കണം. വികസന പരിപാടികൾ നീർത്തടാടിസ്ഥാനത്തിൽ രൂപപ്പെടുത്തണം.

# XXV.

# വിദ്യാഭ്യാസ വകുപ്പ്




## A. പൊതു വിദ്യാഭ്യാസം

### ആമുഖം

സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ളതും സർഗാത്മകമായ അവരുടെ കഴിവുകൾ വികസിപ്പിക്കാനുതകുന്ന വിധത്തിലുള്ളതുമായ വിദ്യാഭ്യാസം നൽകുക എന്നതാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രധാനപ്പെട്ട ദൗത്യം. സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും നൽകുക, ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി അദ്ധ്യാപകർക്ക് തുടർച്ചയായ പരിശീലനം നൽകുക, സ്വഭാവ രൂപീകരണത്തിന് ഊന്നൽ നൽകിയുട്ടുള്ള പാഠ്യപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, ഐ.ടി വിദ്യാഭ്യാസം പ്രൈമറിതലം മുതൽ നടപ്പിലാക്കുകയും കമ്പ്യൂട്ടർ പഠനത്തെപ്പറ്റിയുള്ള അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുക, സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, വികലാംഗരായ വിദ്യാർത്ഥികൾക്ക് തക്കതായ വിദ്യാഭ്യാസം നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരിക, എൻ.സി.സി സ്ക്കൗട്ട് തുടങ്ങിയ പാഠ്യേതര പരിപാടികളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സാമൂഹ്യ പ്രതിബദ്ധതയും ദേശസ്നേഹവും വളർത്തുക, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുക, കലോത്സവങ്ങൾ സംഘടിപ്പിക്കുക എന്നിവയിലൂടെ ഈ ലക്ഷ്യത്തിനു

വേണ്ടി പ്രവർത്തിക്കുന്നു. 5 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം കേരളത്തിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുന്നതിനായി വിവിധയിനം സ്കീമുകൾ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ഈ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് വിവിധ സ്കീമുകൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. അവ ഏതൊക്കെയാണെന്ന് നോക്കാം.

# വിഭാഗം ഒന്ന് - സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

## 1. ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

### ലക്ഷ്യം

സംസ്ഥാനത്തെ സർക്കാരിന്റെ അധീനതയിലുള്ള സ്പെഷ്യൽ സ്കൂളുകളുടെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

സർക്കാരിന്റെ അധീനതയിലുള്ള 7 (ഏഴ്) സ്പെഷ്യൽ സ്കൂളുകൾ

### പദ്ധതി നിർവ്വഹണം

ഏഴ് സ്പെഷ്യൽ സ്കൂളുകളിലെയും പ്രധാനാദ്ധ്യപകർ/പ്രിൻസിപ്പാൾ മുഖേന

### ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതം

### പ്രവർത്തനങ്ങൾ

സ്കൂൾ കെട്ടിടങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കൽ, ഹോസ്റ്റൽ നവീകരണം, ടോയ്ലറ്റുകൾ, മെസ്സ്, അടുക്കള എന്നിവയുടെ വിപുലീകരണം, ചുറ്റുമതിൽ നിർമ്മാണം, അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം മുതലായവ.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് അതത് പ്രദേശത്ത് പ്രവർത്തിച്ചു വരുന്നത്. ആകയാൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്പെഷ്യൽ സ്കൂളുകളുടെ

അടിസ്ഥാന വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കാണുള്ളത്.

## വകുപ്പിന്റെ പങ്ക്

പദ്ധതി രൂപരേഖ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തുക. പദ്ധതി വിഹിതം അതത് സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽമാർക്ക് യഥാസമയം കൈമാറുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക വികസന കമ്മിറ്റിയുടെ നേതൃത്വത്തിൽ നിർമ്മാണ-അറ്റകുറ്റപണിയുടെ പ്രവർത്തനം നടത്തുക. തദ്ദേശഭരണസ്ഥാപനവുമായും പി.ടി.എ കളുമായും കൂടിയാലോചിക്കുക.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

വകുപ്പും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, പി.ടി.എ, സ്കൂൾ വികസന സമിതി, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹകരണം പ്രവർത്തനം എന്നിവ ഏകോപിപ്പിക്കൽ, നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തൽ എന്നിവ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ടി മേഖലയിലുള്ള പ്രോജക്ടുകളുമായി ഏകോപിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അതത് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പ് പദ്ധതി പ്രവർത്തനങ്ങൾ നടത്തി പദ്ധതി വിഹിതം യഥോചിതം പ്രയോജനപ്പെടുത്തേണ്ടതാണ്.

# 2. സ്കൂളുകളിലെ വിവര വിനിമയ സാങ്കേതികവിദ്യാപദ്ധതികൾ/ എഡ്യുക്കേഷൻ ടെക്നോളജി സ്കീം.

## ലക്ഷ്യം

സാങ്കേതിക വിദ്യയുടെ വികസനവും വ്യാപനവും വിദ്യാഭ്യാസമേഖലയിൽ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ പ്രക്രിയ ഗുണമേന്മയുള്ളതും ഗുണപ്രദവുമാക്കി തീർക്കുക

## ഗുണഭോക്താവ്

കേരളത്തിലെ പ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ

## പദ്ധതിനിർവ്വഹണം

ജില്ലാതല ഐ.ടി കോർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽ അതത് സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൾമാർ

## പ്രവർത്തനങ്ങൾ

വിവരസാങ്കേതികവിദ്യ പ്രയോജനപ്രദമാകത്തക്ക രീതിയിൽ സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുക, അദ്ധ്യാപകരെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭാഷയും മറ്റ് ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര വിഷയങ്ങളും പഠിപ്പിക്കാൻ പ്രാപ്തരാക്കുക, ബോർഡ് ബാന്റ് പരിപാടികൾ, ഹാർഡ് വെയർ ക്ലിനിക്ക്, ഐ.ടി മേളകൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

സാങ്കേതികവിദ്യയുടെ വളർച്ചക്കനുസൃതമായി വിദ്യാഭ്യാസ പ്രക്രിയയും സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ വളർത്തുന്നതിന്, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളുടെ വികസനത്തിൽ ടി സ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. ടി പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനവുമായും പി.ടി.എ കളുമായും ചർച്ച ചെയ്യേണ്ടതുണ്ട്.

## വകുപ്പിന്റെ പങ്ക്

പദ്ധതി വിഹിതം യഥാസമയം ഈ പദ്ധതിയുടെ നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന ഐ.ടി സ്കൂളിനെ ഏൽപ്പിക്കുകയും പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക. തദ്ദേശ രണ സ്ഥാപനങ്ങളുമായി നിർവ്വഹണ ഉദ്യാഗസ്ഥർ വഴി നിരന്തരം ചർച്ച നടത്താം.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി സുഗമമായി നടക്കണമെങ്കിൽ വിദ്യാർത്ഥി രക്ഷിതാക്കൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ, പ്രിൻസിപ്പൽ, ഐ.ടി കോ-ഓഡിനേറ്റർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യാഗസ്ഥർ എന്നിവരുടെ സംയുക്തമായ സഹകരണവും ഏകോപനവും വേണം. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാവുന്നതും നേതൃത്വം വഹിക്കാവുന്നതുമാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടുകൾ വഴി വിടവുകൾ നികത്താവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ ലഭ്യമാക്കാനും ഒരു വിദ്യാർത്ഥി പോലും അതിന്റെ ഗുണഫലങ്ങൾ അനു

ഭവിക്കാതെ പോകാൻ ഇടനൽകാത്ത രീതിയിൽ പദ്ധതി വിഭാവന ചെയ്ത് നടപ്പിലാക്കണം. നടത്തിപ്പ് ഗ്രാസഭ/വാർഡ്സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

## 3. പുരാതനങ്ങളായ വിദ്യാലയങ്ങളെ ശക്തിപ്പെടുത്തൽ

### ലക്ഷ്യം

സർക്കാർ മേഖലയിൽ അൻപതും അതിൽ കൂടുതലും വർഷങ്ങളായി നില നിൽക്കുന്ന പുരാതന സ്കൂളുകളെ ശക്തിപ്പെടുത്താൻ ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നു.

### ഗുണഭോക്താവ്

അൻപതും അതിൽ കൂടുതലും വർഷം പഴക്കമുള്ളതും മൂവ്വായിരത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതുമായ ഹൈസ്കൂളുകൾ 50 ൽ കൂടുതൽ വർഷം പഴക്കമുള്ളതും രണ്ടായിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്നതുമായ പുരാതന യു.പി സ്കൂളുകൾ

### പദ്ധതി നിർവ്വഹണം

അതത് സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൾമാർ

### ഫണ്ട്

സംസ്ഥാന സർക്കാർ പദ്ധതി വിഹിതം

### പ്രവർത്തനങ്ങൾ

ഇത്തരം സ്കൂളുകളുടെ തനിമയും പാരമ്പര്യവും നഷ്ടപ്പെടാതെ അവയെ സംരക്ഷിക്കുക, സുരക്ഷിത അടിസ്ഥാന ഘടനയുള്ളവ നിലനിർത്തുക, ആവശ്യമെങ്കിൽ പുനർ നിർമ്മാണം നടത്തുക, ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തുക, വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഇത്തരം സ്കൂളുകളെ കണ്ടെത്തി അവയുടെ സംരക്ഷണവും പുന:നിർമ്മാണ പ്രക്രിയയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണ പങ്കാളിത്തം വഹിച്ച്, സാംസ്ക്കാരിക വകുപ്പിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പ്രസ്തുത സ്കൂളുകളെ സംരക്ഷിക്കേണ്ടതാണ്. വർക്കിങ്ങ് ഗ്രൂപ്പുകൾ, ഗ്രാമസഭ/വാർഡ് സഭകൾ എന്നിവയിലും തദ്ദേശഭരണത്തിന്റെ വിവിധ കമ്മിറ്റികളിലും ചർച്ചയ്ക്ക് വിധേയമാക്കണം.

### വകുപ്പിന്റെ പങ്ക്

വകുപ്പ് കൃത്യമായി പദ്ധതി വിഹിതം പ്രഥമാദ്ധ്യാപകർക്ക് ലഭ്യമാക്കുക, പദ്ധതി രേഖയിൽ പറയും പ്രകാരം പ്രവർത്തനങ്ങൾ നടന്നുവെന്ന് ഉറപ്പു വരുത്തുക, പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക. മാസറിപ്പോർട്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകുക അഭിപ്രായം ആരായുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, സാംസ്ക്കാരിക വകുപ്പ്, പി.ടി.എ, സ്കൂൾ വികസനസമിതി എന്നിവയുടെ പങ്കാളിത്വവും ഏകോപനവും ഉറപ്പാക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ വിദ്യാഭ്യാസ പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം. മെയിന്റനൻസ് ഫണ്ട് തനത്, വികസന ഫണ്ടും വിനിയോഗിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തെരെഞ്ഞെടുക്കുന്ന സ്കൂളുകളും അവയക്ക് ഒരിക്കൽ അനുവദിക്കുന്ന പണം പരമാവധി ഉപയോഗപ്രദമാക്കേണ്ടതാണ്. പദ്ധതി കാലഘട്ടത്തിൽ തന്നെ അനുവദിച്ച പദ്ധതി വിഹിതം പ്രസ്തുത പ്രവർത്തനങ്ങൾക്ക് തന്നെ പ്രയോജനപ്പെടുത്തണം. വരവ് ചെലവ് കണക്ക് സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണം.

## 4. അന്തർദേശീയ തലത്തിലേക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുക

### ലക്ഷ്യം

പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കുന്ന സർക്കാർ സ്കൂളുകളെ ആധുനീകരിച്ച് അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക

### ഗുണഭോക്താവ്

ഓരോ വർഷവും ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന സമ്പൂർണ്ണ ഹയർ സെക്കണ്ടറി സ്കൂളുകൾ

### പദ്ധതി നിർവ്വഹണം

തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിലെ പ്രിൻസിപ്പൾമാർ

## ഫണ്ട്

അതത് വർഷം പദ്ധതി ഇനത്തിൽ അനുവദിച്ച് നൽകുന്ന പദ്ധതി വിഹിതം

## പ്രവർത്തനങ്ങൾ

സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട, വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ഭക്ഷണശാല, ലൈബ്രറി, എല്ലാ സംവിധാനങ്ങളോടുകൂടിയ ലബോറട്ടറികൾ (ഐ. ടി, ഭാഷാ ലാബുകൾ ഉൾപ്പെടെ), കായികക്കളരി, ആർട്സ് മുറികൾ, ഹാളുകൾ, കാര്യനിർവ്വഹണ കെട്ടിടങ്ങൾ, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ബാഡ്മിന്റൺ കോർട്ടുകൾ, ആധുനിക കളിസ്ഥലങ്ങൾ, ചുറ്റുമതിലോടു കൂടിയ പ്രവേശന കവാടം, നീന്തൽ കുളങ്ങൾ, മറ്റ് ആധൂനിക സൗകര്യങ്ങൾ എന്നിവ ഒരുക്കുക

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം നിർണ്ണായകവും അത്യന്താപേക്ഷിതവുമാണ്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനം, പി.ടി.എ, ഗ്രാമസഭ എന്നിവയിൽ ചർച്ച ചെയ്ത് തയ്യാറാക്കണം.

## വകുപ്പിന്റെ പങ്ക്

എല്ലാ വകുപ്പുകളുടേയും ഏകോപനവും പ്രവർത്തന നടത്തിപ്പും വിദ്യാഭ്യാസ വകുപ്പിന്റെ മേൽ നോട്ടത്തിലായിരിക്കും. നിർവ്വഹണ ഉദ്യാഗസ്ഥർ പ്രവർത്തനങ്ങൾ യഥാസമയം തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചർച്ച ചെയ്യണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഈ പദ്ധതി വിജയപ്രദമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പിന്റെ ഘടകങ്ങളായ എസ്.എസ്.എ, ആർ.എം.എസ്.എ, സീമാറ്റ് എസ്.സി.ഇ.ആർ.ടി, എസ്.ഐ.ഇ.ടി, ഐ.ടി സ്കൂൾ എന്നിവയുടേയും എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് മറ്റ് പ്രാദേശിക വിഭവ സമാഹരണം എന്നിവയുടെ ഏകോപിപ്പിക്കലും അത്യാവശ്യമാണ്. തദ്ദേശഭരണസ്ഥാപനത്തിന് ശേഷിക്കുന്ന വിടവുകൾ കണ്ടെത്തി അവരുടെ പദ്ധതിയുമായി ഏകോപിപ്പിച്ച് 100% ലക്ഷ്യം നിറവേറ്റാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും പ്രാദേശിക വിഭവ സ്രോതസ്സും, എം.എൽ.എ, എം.പി മാരുടേയും ജനപ്രതിനികളുടേയും

സംയുക്ത പ്രവർത്തനം ഉറപ്പാക്കേണ്ടതുമാണ്. വിവിധ ഫണ്ടുകളുടെ സംയോജനം ഉറപ്പു വരുത്തണം.

# വിഭാഗം രണ്ട് – വിദ്യാഭ്യാസ പരിപാടികളുടെ മികവ് ഉറപ്പാക്കൽ

## 1. സെക്കണ്ടറി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കൽ

### ലക്ഷ്യം

സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്.

### ഗുണഭോക്താവ്

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃത) സ്കൂളുകളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ മുതലായവർ

### പദ്ധതി നിർവ്വഹണം

സംസ്ഥാനതലത്തിൽ വകുപ്പും, ജില്ല, വിദ്യാഭ്യാസജില്ല തലത്തിൽ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾതലത്തിൽ പ്രഥമാദ്ധ്യാപകർ എസ്.ആർ.ജി അദ്ധ്യാപകർ മുഖേനയും

### ഫണ്ട്.

പദ്ധതി വിഹിതം

### പ്രവർത്തനങ്ങൾ

അദ്ധ്യാപക പരിശീലനം, അദ്ധ്യാപക തുടർ പരിശീലനത്തിനായുള്ള എസ്.ആർ.ജി (സ്റ്റേറ്റ്, റിസോഴ്സ് ഗ്രൂപ്പ്) പരിശീലനം, ചോദ്യപേപ്പർ തയ്യാറാക്കൽ, ക്യു.ഐ.പി പരിശീലന സാമഗ്രികളുടെ വികസനം, അനുബന്ധ പ്രോഗ്രാമുകൾ, ഓൺസൈറ്റ് സപ്പോർട്ട് പരിപാടികൾ, പരിശീലകരുടെ കാര്യശേഷി വർദ്ധിപ്പിക്കാനുള്ള പരിപാടികൾ മുതലായവ.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

സ്കൂൾതല പ്രവർത്തനങ്ങളിൽ പങ്കാളിയാവുക, പരിശീലന-അനുബന്ധ പരിപാടികൾ യഥാസമയം നടക്കുന്നുവെന്ന് ഉറപ്പാക്കുക, അനുവദിച്ചു നൽകുന്ന ഫണ്ട്

പൂർണ്ണമായും വിനിയോഗിക്കുന്നവെന്ന് ഉറപ്പാക്കൽ. പ്രവർത്തനം വിലയിരുത്തൽ, പോരായ്മകൾ ശ്രദ്ധയിൽ കൊണ്ടുവരൽ.

## വകുപ്പിന്റെ പങ്ക്

പരിപാടികൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തുക. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട പണം പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കുക. കൃത്യമായ മോണിറ്ററിംഗ് നടത്തുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി പ്രവർത്തനം ഗ്രാമസഭ വിലയിരുത്തലിന് വിധേയമാക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ, സ്കൂൾ അക്കാദമിക് കൗൺസിൽ എന്നിവരുടെ മേൽനോട്ടത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പരിപാടികളുടെ അവലോകനവും, വിലയിരുത്തലുകളും നടത്തുക. പ്രവർത്തനങ്ങൾ അപ്പപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനം, പി.ടി.എ, ഗ്രാമസഭ/വാർഡ്സഭ അഭിപ്രായത്തിന് സമർപ്പിക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി വിഹിതം കൃത്യമായും പ്രസ്തുത പരിപാടികൾക്കായി സമയബന്ധിതമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കുക. ഫണ്ടുകൾ പാഴ്ചെലവായി മാറില്ലെന്ന് ഉറപ്പ് വരുത്തണം. പി.ടി.എ തദ്ദേശഭരണ സ്ഥാപനങ്ങളും അവലോകനത്തിന് വിധേയമാക്കണം.

# 2. ഗുണനിലവാരമുള്ള വിദ്യാഭ്യാസം – വിദ്യാർത്ഥികളുടെ അവകാശം

## ലക്ഷ്യം

എസ്.എസ്.എൽ.സി യ്ക്ക് വിജയശതമാനം കുറഞ്ഞ സ്കൂളുകളിലെ വിജയശതമാനം സംസ്ഥാന ശരാശരിയ്ക്ക് തുല്യമായി ഉയർത്തിക്കൊണ്ടു വരുന്നതിന് ആവിഷ്ക്കരിച്ച പദ്ധതി.

## ഗുണഭോക്താവ്

2006-2007 ൽ വകുപ്പ് തുടക്കമിട്ട പദ്ധതിയാണ്. വിജയശതമാനം കുറഞ്ഞ സംസ്ഥാനത്തെ 104 സ്കൂളുകൾ

## പദ്ധതി നിർവ്വഹണം

104 സ്കൂളുകളിലെ അദ്ധ്യാപകർ, പ്രിൻസിപ്പൾമാർ, പി.ടി.എ എന്നിവരുടെ സഹ കരണത്തോടെ നടപ്പിലാക്കുന്നു.

## ഫണ്ട്

സംസ്ഥാന പദ്ധതി വിഹിതം

## പ്രവർത്തനങ്ങൾ

വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും, ഗുണനിലവാരമുള്ള വിദ്യാ ഭ്യാസം ഉറപ്പു വരുത്തുന്നതിനു വേണ്ടിയും സ്കൂൾ, ജില്ലതല, സംസ്ഥാനതല വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക, അദ്ധ്യാപക പരിശീലനം, മോണിറ്ററിംഗും, സഹായ പരിപാടികൾ, റെമഡിയൽ കോച്ചിംഗ്, പ്രത്യേക ഉച്ചഭക്ഷണ പരിപാടികൾ, ദ്രുത കർമ്മ പരിപാടികൾ സഹവാസ ക്യാമ്പുകൾ എന്നിവയാണ് പ്രധാന പ്രവർത്തന ങ്ങൾ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവർത്തനങ്ങളും മേൽനോട്ടവും തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന സാഹചര്യത്തിൽ, അതത് സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്കൂളുകളിലെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും, പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും വിജയശതമാനം വർദ്ധി പ്പിക്കുന്നതിനും സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വിജയശതമാനം കുറയാനുള്ള കാരണങ്ങൾ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഗ്രാമസഭ/വാർഡ്സഭ എന്നിവ ചർച്ചയ്ക്ക് വിധേയമാക്കി വേണം പദ്ധതിയ്ക്ക് രൂപം നൽകാൻ.

## വകുപ്പിന്റെ പങ്ക്

പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും, വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പ് ആവിഷ്ക്കരിക്കുന്ന പദ്ധതിരേഖയും പദ്ധതികളുടെ സമയക്രമവും കൃത്യ മായി പാലിക്കുവാനും യഥാസമയം പദ്ധതി വിഹിതം മേൽ സ്കൂളുകളിലെ പ്രഥമാ ദ്ധ്യപകരെ എൽപിക്കുകയും ചെയ്യുക. തദ്ദേശഭരണ സ്ഥാപനവും വിവിധ കമ്മിറ്റിക ളുമായി ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാൻ നിർവ്വഹണ ഉദ്യാഗ സ്ഥൻ ശ്രദ്ധിക്കണം.

### തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

സ്കൂൾ അക്കാദമിക് കൗൺസിൽ, പി.ടി.എ, എം.പി.ടി.എ, പഞ്ചായത്തുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ - എം.പി.മാർ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ ഫണ്ടും പങ്കാളിത്വവും ഉറപ്പാക്കുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി വിഹിതത്തിൽ, പദ്ധതികാലത്ത് അനുവദിക്കപ്പെടുന്ന തുക, കൃത്യമായും ആ പരിപാടിക്ക് തന്നെ വിനിയോഗിക്കുന്നുവെന്നും സമയബന്ധിതമായി പ്രവർത്തനങ്ങൾ നടന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. പദ്ധതി വിടവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിൽ പരിഹരിക്കണം.

## 3. സംസ്കൃത വിദ്യാഭ്യാസ വികസനം

### ലക്ഷ്യം

സംസ്കൃതഭാഷയെ പരിപോഷിപ്പിക്കുന്നതിനും, സംസ്കൃതഭാഷാ പഠനം കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ്.

### ഗുണഭോക്താക്കൾ

സംസ്കൃതം ഐച്ഛിക വിഷയമായി പഠിപ്പിക്കുന്ന സംസ്ഥാനത്തെ 3000 സ്കൂളുകളും, രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികളും

### പദ്ധതി നിർവ്വഹണം

വകുപ്പുതലത്തിലും സംസ്ഥാന, ജില്ലാതലത്തിലും, സ്കൂൾ തലത്തിലും നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വകുപ്പും, ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, സ്കൂൾ തലത്തിൽ സ്കൂൾ പ്രഥമാദ്ധ്യാപകരും മറ്റ് അദ്ധ്യാപകരും.

### ഫണ്ട്

പദ്ധതി വിഹിതം

## പ്രവർത്തനങ്ങൾ

സംസ്കൃത കൗൺസിലടക്കമുള്ള ധനസഹായം, സംസ്കൃതഭാഷ സംസാരിക്കുന്നതിനുള്ള പരിശീലനം, സംസ്കൃത സ്കോളർഷിപ്പുകൾ, സർട്ടിഫിക്കറ്റുകൾ, സംസ്കൃത ദിനാചരണം, ശുദ്ധസംസ്കൃത സ്കോളർഷിപ്പ്, അധിക പഠനസഹായിയുടെ നിർമ്മാണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, വിതരണം, സംസ്കൃത കൗൺസിൽ സെക്രട്ടറിമാർക്കുള്ള ഏകദിന പരിശീലനം, സ്കൂൾ ലൈബ്രറികൾക്ക് സംസ്കൃത പുസ്തകങ്ങൾ വാങ്ങൽ മുതലായവയാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ

## തദ്ദേശസ്വയംഭരണ വകുപ്പുന്റെ പങ്ക്

പ്രസ്തുത പ്രവർത്തനങ്ങൾ ഓരോ സ്കൂളിലും നടക്കുന്നുവെന്ന് ഉറപ്പാക്കൽ, മോണിറ്ററിംഗ് മുതലായവ. സംസ്കൃതപഠനത്തിന്റെ ആവശ്യകത ഗ്രാമസഭ/വാർഡ്സഭ വഴി ബോധ്യപെടുത്തണം.

## വകുപ്പിന്റെ പങ്ക്

വകുപ്പ് ഒരു വർഷക്കാലത്തേക്ക് തയ്യാറാക്കുന്ന പരിപാടികളുടെ സമയക്രമപട്ടിക പ്രകാരം മേൽ പ്രസ്താവിച്ച പരിപാടികൾ നടത്തുക. പദ്ധതി വിഹിതം യഥാസമയം കൈമാറുക. സംസ്കൃത പഠനവും ധാർമ്മികതയും തമ്മിലുള്ള ബന്ധം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. കൂടുതൽ കുട്ടികളെ / രക്ഷിതാക്കളെ സംസ്കൃതപഠനത്തിന് പ്രേരിപ്പിക്കുക.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

വകുപ്പും, സംസ്ഥാന സംസ്കൃത കൗൺസിൽ, ജില്ലാതല, സ്കൂൾതല സംസ്കൃത കൗൺസിൽ ഭാരവാഹികൾ, തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സ്കൂൾ അധ്യാപകർ, പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർമാർ എന്നിവ ചേർന്ന് പരിപാടികൾ ഏകോപിപ്പിക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപനത്തിന് ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രോജക്ടുകൾ തയ്യാറാക്കി വിടവുകൾ നികത്താം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി വിഹിതം യഥാസമയം അർഹതപ്പെട്ട പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കൽ. ലക്ഷ്യം നേടിയത് പി.ടി.എ തദ്ദേശഭരണസ്ഥാപന തലങ്ങളിൽ ചർച്ചയ്ക്ക് വിധേയമാക്കുക.

# 4. ഗണിതശാസ്ത്ര, സയൻസ്, സാമൂഹ്യശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ

## ലക്ഷ്യം

ശാസ്ത്രവിഷയങ്ങളുടെ അദ്ധ്യയനം മെച്ചപ്പെടുത്തുകയും ശാസ്ത്രാവബോധം വിദ്യാർത്ഥികൾക്ക് പകർന്നു നൽകുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

## ഗുണഭോക്താവ്

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് അംഗീകൃത വിദ്യാലയങ്ങൾ

## പദ്ധതി നിർവ്വഹണം

എല്ലാ സ്കൂളുകളിലെയും പ്രഥമാദ്ധ്യാപകർ മുഖേന

## ഫണ്ട്

പദ്ധതി വിഹിതം

## പ്രവർത്തനങ്ങൾ

വകുപ്പ് നടപ്പിലാക്കി വരുന്ന ഒരു തുടർ പദ്ധതിയാണിത്. സയൻസ്, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, എന്നിവ മികച്ച രീതിയിൽ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശം. സയൻസ് സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ, സയൻസ് ഫെയർ, കമ്പ്യൂട്ടർ ഫെയർ, സയൻസ് നാടക മത്സരം, ഉപന്യാസ മത്സരം, അദ്ധ്യാപന മാതൃകകൾ തയ്യാറാക്കൽ സ്കൂളുകളിലെ വിവിധ ക്ലബ്ബുകൾക്ക് ധനസഹായം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ പ്രവർത്തനങ്ങൽ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഇത്തരം പ്രവർത്തനങ്ങൾ അതത് സ്കൂളുകളിൽ നടക്കുന്നുവെന്ന് ഉറപ്പാക്കുക, അതിന്റെ മോണിറ്ററിംഗ് നടത്തുക. പദ്ധതിവിഹിതം ലാപ്സാകാതെ പ്രസ്തുത പ്രവർത്തനങ്ങൾക്കു തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കൽ. പ്രവർത്തനം വിവിധ കമ്മിറ്റിതലത്തിൽ അവലോകനത്തിന് വിധേയമാക്കുക. ഗ്രാമസഭ ചർച്ചയ്ക്ക് വിധേയമാക്കുക.

### വകുപ്പിന്റെ പങ്ക്

അക്കാദമിക് കലണ്ടർ പ്രകാരം പ്രസ്തുത പരിപാടികൾ എല്ലാ സ്കൂളുകളിലും, ജില്ലാതലത്തിലും, തുടർന്ന് സംസ്ഥാനതലത്തിലും നടത്തുക. വേണ്ട ഫണ്ട് അനുവദിച്ചു നൽകുക. മോണിറ്ററിംഗ് നടത്തുക. പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനം/പി.ടി.എ എന്നിവ മുമ്പാകെ വയ്ക്കുക. വ്യതിയാനങ്ങൾ പ്രവർത്തനങ്ങൾക്കനുസരിച്ച് വരുത്തുക.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും, സാമൂഹ്യ-സാംസ്ക്കാരിക പ്രവർത്തകരേയും ഈ പരിപാടികൾക്ക് പ്രയോജനപ്പെടുത്താം. സ്കൂൾ പിടിഎ, എം.പി.ടിഎ എന്നിവരുടെ സഹകരണവും ഏകോപിപ്പിക്കലും ഉറപ്പാക്കുക. തദ്ദേശഭരണ സ്ഥാപനത്തിന് പ്രോജക്ടുകൾ തയ്യാറാക്കി ഇതിന്റെ 100% ലക്ഷ്യം നിറവേറ്റി ഏകോപിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രസ്തുത പരിപാടികളും, വിവിധ ക്ലബ്ബുകളും, ഓരോ സ്കൂളിലും പ്രവർത്തിക്കുന്നുവെന്നും, പദ്ധതി വിഹിതം പൂർണ്ണമായും ഉപയോഗിക്കുന്നുവെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വരവ്-ചെലവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ/ഗ്രാമസഭ/വാർഡ് സഭയുടെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം.

## 5. ഇംഗ്ലീഷ്ഭാഷാ ജില്ലാ കേന്ദ്രങ്ങൾ

### ലക്ഷ്യം

ഇംഗ്ലീഷ് ഭാഷയുടെ ശരിയായ ഉപയോഗം, ഇംഗ്ലീഷ് ഭാഷ പ്രായോഗികമായി സ്വായത്തമാക്കുക, ഇംഗ്ലൂഷ് ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകരെ വിദഗ്ധരാക്കുവാൻ പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം

### ഗുണഭോക്താവ്

ഇംഗ്ലീഷ് ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളും, അദ്ധ്യപകരും.

### പദ്ധതി നിർവ്വഹണം

സംസ്ഥാനത്തെ 4 ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ വഴി

## ഫണ്ട്

സംസ്ഥാന പദ്ധതി വിഹിതം

## പ്രവർത്തനങ്ങൾ

ഹൈദരാബാദിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജിന്റെ മാതൃകയിലാണ് ഈ 4 ജില്ലാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്. ഹൈസ്കൂൾ അദ്ധ്യാപകർക്കായി 10 ദിവസത്തെ ഇംഗ്ലീഷ് കോഴ്സ്, ഹെഡ്മാസ്റ്റർമാർ/പ്രിൻസിപ്പൾമാർ, എ.ഇ.ഒ മാർ എന്നിവർക്കായി രണ്ട് ദിവസത്തെ ഓറിയന്റേഷൻ പരിപാടി, അദ്ധ്യാപകർക്കായി കറസ്പോണ്ടൻസ്, കോണ്ടാക്ട് കോഴ്സുകൾ, സ്കൂളുകളിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലബ്ബുകൾ, ടി.ടി.ഐ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ, ജേർണലുകൾ പ്രസിദ്ധീകരിക്കുക, സന്ദർശന ഓൺസൈറ്റ് സപ്പോർട്ട് പരിപാടി എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഇംഗ്ലീഷ് ഭാഷ ജില്ലാ കേന്ദ്രങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുക. ഒരു വർഷത്തെ പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിൻപ്രകാരം പദ്ധതികളും പരിപാടികളും നടക്കുന്നുവെന്ന് ഉറപ്പാക്കുക. അനുവദിക്കുന്ന പണം ആ പദ്ധതികൾക്കു തന്നെയാണോ ചെലവിടുന്നതെന്ന് പരിശോധിക്കുക. തദ്ദേശഭരണ സ്ഥാപനത്തിലെ സ്കൂളുകളിൽ ഇംഗ്ലീഷ് നിലവാരം വിലയിരുത്തി അദ്ധ്യാപകർക്ക് വേണ്ടത്ര ക്ലാസ്സ് ലഭിച്ചുവെന്ന് ഉറപ്പ് വരുത്തുക.

## വകുപ്പിന്റെ പങ്ക്

വകുപ്പിന്റെ പൂർണ്ണ മേൽനോട്ടത്തിലാണ് ഈ 4 ജില്ലാ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നത്. നിർവ്വഹണ ഉദ്യാഗസ്ഥൻ തദ്ദേശഭരണ സ്ഥാപനവുമായി ചർച്ച ചെയ്ത് അദ്ധ്യാപകരെ തെരഞ്ഞെടുത്ത് കൂടുതൽ പ്രാവീണ്യം നേടാൻ അയക്കണം. ഉണ്ടായ മാറ്റം വിലയിരുത്തണം.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ടി കേന്ദ്രത്തിലെ പ്രിൻസിപ്പാൾ, ഫാക്കൽറ്റി അംഗങ്ങളും ചേർന്ന് പദ്ധതി ഏകോപിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. ഇംഗ്ലീഷ് ഗുണനിലവാരം ഉയർത്തുന്നതിന് മറ്റ് പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനം പദ്ധതിയിൽപെടുത്തി വിടവുകൾ നികത്താം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജില്ലാ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യാം. പ്രവർത്തനങ്ങളും പ്രവർത്തികളും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്മിറ്റികളുമായി ചർച്ചയ്ക്ക് വിധേയമാക്കി പരിഹാരങ്ങൾ നിർദ്ദേശിക്കണം. തുടർ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് നടപ്പിൽ വരുത്തി 100% ലക്ഷ്യം ഉറപ്പു വരുത്തണം.

# വിഭാഗം മൂന്ന് - വിദ്യാർത്ഥി- കേന്ദ്രീകൃത പ്രവർത്തനങ്ങൾ

## 1. മുസ്ലീം/നാടാർ/ആംഗ്ലോ-ഇന്ത്യൻ പെൺകുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്

### ലക്ഷ്യം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേൽ വിഭാഗത്തിലെ പെൺകുട്ടികളെ പഠനത്തിൽ തൽപ്പരരാക്കാനും അവരെ പ്രോത്സാഹിപ്പിക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലേയും അപ്പർ പ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന മുസ്ലീം/നാടാർ/ആംഗ്ലോ-ഇന്ത്യൻ പെൺകുട്ടികൾക്ക് സ്കീമിന്റെ ഗുണം ലഭിക്കുന്നു.
- രക്ഷിതാക്കളുടെ വാർഷിക വരുമാനം 25000/- രൂപയിൽ താഴെ ആയിരിക്കണം. ഓരോ അദ്ധ്യയന വർഷവും അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക ബന്ധപ്പെട്ട പ്രധാന അദ്ധ്യപകൻ തയ്യാറാക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാന അദ്ധ്യാപകൻ മുഖേനയാണ് പദ്ധതി നിർവ്വഹണം.

### ഫണ്ടിംഗ്

100% സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ

അലോട്ട്മെന്റ് നൽകുന്നു. ഈ അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് റീ അലോട്ട് ചെയ്ത് നൽകുന്നു. ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ അലോട്ട്മെന്റ് മാറി തുക പ്രധാനപ്പെട്ട അദ്ധ്യാപകർക്ക് വിതരണത്തിനായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- സ്കൂൾ തലത്തിൽ അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്നു.
- പട്ടിക പ്രധാന അദ്ധ്യാപകന്റെ ശുപാർശ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അംഗീകാരത്തിനായി നൽകുന്നു.
- അംഗീകാരം ലഭിച്ച പട്ടിക ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കുന്നു.
- ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ അവ തരം തിരിച്ച പട്ടികയും ആവശ്യമായ തുകക്കുള്ള അപേക്ഷയും സഹിതം ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിക്കുന്നു.
- വിദ്യാഭ്യാസ ഉപഡയറക്ടർമാർ തുക ലഭിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നൽകുന്നു.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന പ്രധാന അദ്ധ്യാപകർക്ക് തുക നൽകി വിതരണം നടത്തുന്നു.
- യു.പി വിഭാഗത്തിന് 125/ രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 150/- രൂപയും വാർഷിക സ്കോളർഷിപ്പ് നൽകുന്നു.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രധാന അദ്ധ്യപകൻ തയ്യാറാക്കുന്ന അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക തദ്ദേശ ഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നു.

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപന യോഗങ്ങളിൽ അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക അവതരിപ്പിക്കാനും യഥാസമയം അംഗീകാരം നേടാനും സാധിക്കണം. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിംഗും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. ഡിപ്പാർട്ട്മെന്റ് കോൺഫറൻസുകളിൽ ഇവ ചർച്ച ചെയ്യപ്പെടണം.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും അർഹരായ വിദ്യാർത്ഥിനികൾക്ക് സ്ക്കോളർഷിപ്പ് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും തദ്ദേശസ്വയം ഭരണസ്ഥാപനത്തിന് കഴിയും. ഗുണഭോക്താക്കളെ ഗ്രാമസഭയിലും പി.ടി.എ യോഗങ്ങളിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങണം. അർഹരായ എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവൽക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ സാധിക്കും.

## 2. എൽ.എസ്.എസ്/യു.എസ്.എസ് സ്ക്കോളർഷിപ്പ്

### ലക്ഷ്യം

പഠനത്തിൽ മികവു കാട്ടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും എൽ.എസ്.എസ്/യു.എസ്.എസ് പരീക്ഷയിൽ വിജയികളാകുന്നവർക്ക് സ്ക്കോളർഷിപ്പ് ലഭിക്കുന്നു.
- ഒന്നാം പാദവാർഷിക പരീക്ഷയിൽ എല്ലാ വിഷയത്തിനും എ ഗ്രേഡ് ലഭിക്കുന്ന 4,7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് യഥാക്രമം എൽ.എസ്.എസ്/യു.എസ്.എസ് പരീക്ഷ എഴുതാവുന്നതാണ്.
- 70% മോ അതിനു മുകളിലോ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് ലഭിക്കും.

### സ്ക്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാന അദ്ധ്യാപകൻ മുഖേനയാണ് പദ്ധതി നിർവ്വഹണം.

## ഫണ്ടിംഗ്

100% സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ അലോട്ട്മെന്റ് നൽകുന്നു. ഈ അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് റീ അലോട്ട് ചെയ്ത് നൽകുന്നു. ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ അലോട്ട്മെന്റ് മാറി തുക പ്രധാനപ്പെട്ട അദ്ധ്യാപകർക്ക് വിതരണത്തിനായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- സ്കൂൾ തലത്തിൽ പരീക്ഷ എഴുതാൻ അർഹരായ വിദ്യാർത്ഥികളുടെ പട്ടിക പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്നു.
- പട്ടിക ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കുന്നു.
- പരീക്ഷഭവൻ ഡയറ്റിന്റെ സഹായത്തോടെ ജില്ലയിൽ പരീക്ഷ നടത്തുന്നു.
- പരീക്ഷയിൽ 70% മോ അതിനു മുകളിലോ മാർക്ക് നേടുന്ന വിദ്യാർത്ഥികളുടെ പട്ടിക വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നൽകുന്നു.
- വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് പൊതു ചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നു.
- അടുത്ത അദ്ധ്യയന വർഷം മുതൽ സ്ക്കോളർഷിപ്പ് ലഭിക്കുന്നു.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന തുക ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന പ്രധാന അദ്ധ്യപകർക്ക് നൽകി വിതരണം നടത്തുന്നു.
- സ്ക്കോളർഷിപ്പിനർഹരായ കുട്ടികൾക്ക് യഥാക്രമം എൽ.എസ്.എസ് 5,6,7 ക്ലാസ്സുകളിലും യു.എസ്.എസ് 8,9,10 ക്ലാസ്സുകളിലും നൽകുന്നു.
- എൽ.എസ്.എസ് 100/- രൂപയും യു.എസ്.എസ് 150/- രൂപയും വാർഷിക സ്ക്കോളർഷിപ്പ് നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ പ്രചരണം, പരീക്ഷ നടത്തിപ്പ് എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി ഇടപെടാവുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

## വകുപ്പിന്റെ പങ്ക്

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിംഗും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. പരീക്ഷ നടത്തിപ്പിന് ആവശ്യമായ സഹായങ്ങൾ നേടിയെടുക്കാനാവും.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും അർഹരായ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കഴിയും. പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തുന്നുവെന്ന് ഉറപ്പു വരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കഴിയും. ഗ്രാമസഭ യോഗങ്ങളിൽ സ്കോളർഷിപ്പിനെക്കുറിച്ചും അർഹതയെ സംബന്ധിച്ചും ബോധവൽക്കരണം നടത്താം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവത്ക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ സാധിക്കും.

## 3. ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് നൽകുന്ന നാഷ്ണൽ സ്ക്കോളർഷിപ്പ്

### ലക്ഷ്യം

ഗ്രാമപ്രദേശങ്ങളിലെ പഠനത്തിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കുളുകളിലേയും യു.എസ്.എസ് പരീക്ഷയിൽ വിജയികളാകുന്നവരിൽ നിന്നും ബ്ലോക്ക് തലത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് ലഭിക്കുന്നു.
- ജനറൽ - 4, ഭൂരഹിതർ - 2, എസ്.ടി - 3, എസ്.സി - 2 ( 20% ൽ കൂടുതൽ എസ്.സി കുട്ടികൾ താമസിക്കുന്ന ബ്ലോക്കിൽ അഡീഷണൽ - 1) എന്ന ക്രമത്തിൽ തയ്യാറാക്കുന്ന പട്ടികയിലെ കുട്ടികൾക്ക് സ്ക്കോളർഷിപ്പ് ലഭിക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാന അദ്ധ്യാപകൻ മുഖേനയാണ് പദ്ധതി നിർവ്വഹണം.

## ഫണ്ടിംഗ്

100% സംസ്ഥാനാവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ അലോട്ട്മെന്റ് നൽകുന്നു. ഈ അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് റീ അലോട്ട് ചെയ്ത് നൽകുന്നു. ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ അലോട്ട്മെന്റ് മാറി തുക പ്രധാനപ്പെട്ട അദ്ധ്യാപകർക്ക് വിതരണത്തിനായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- യു.എസ്.എസ് സ്ക്കോളർഷിപ്പ് റിസൽട്ട് ഷീറ്റിൽ നിന്നും ബ്ലോക്ക് വൈസ് ലിസ്റ്റ് പരീക്ഷ ഭവൻ തയ്യാറാക്കി നൽകുന്നു.
- അതിൽ നിന്നാണ് സ്ക്കോളർഷിപ്പിന് അർഹരായവരെ കണ്ടെത്തുന്നത്.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന തുക ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന പ്രധാന അദ്ധ്യപകർക്ക് നൽകി വിതരണം നടത്തുന്നു.
- അർഹരായ എല്ലാ കുട്ടികൾക്കും പ്രതിവർഷം 300/- രൂപയും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് 1000/- രൂപയും ട്യൂഷൻ ഫീസ് കൊടുത്ത് പഠിക്കുന്നവർക്ക് 460 രൂപയും നൽകുന്നു.
- യു.എസ്.എസ് സ്ക്കോളർഷിപ്പ് വാങ്ങിയവർക്ക് ഈ സ്ക്കോളർഷിപ്പ് നൽകില്ല.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്ന അർഹരായ വിദ്യാർത്ഥികളുടെ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നു. പദ്ധതിയുടെ പ്രചരണം, അർഹരായ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി ഇടപെടാവുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

## വകുപ്പിന്റെ പങ്ക്.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശസ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിംഗും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ച് ഈ പദ്ധതി അർഹരായവർക്കെല്ലാം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവൽക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും.

## 4. സംസ്കൃത സ്ക്കോളർഷിപ്പ്

### ലക്ഷ്യം

ഉത്കൃഷ്ടമായ പൈതൃകവും സംസ്ക്കാരത്തനിമയുള്ള ഭാഷയായ സംസ്കൃതത്തിന്റെ പഠനം പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും അപ്പർ പ്രൈമറി വിഭാഗത്തിൽ സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ജില്ല സംസ്കൃതം കൗൺസിൽ പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്നവർക്ക് സ്കീമിന്റെ ഗുണം ലഭിക്കുന്നു.
- സ്ക്കൂൾ തലത്തിൽ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ സംസ്കൃതത്തിൽ ഉയർന്ന മാർക്ക് നേടുന്ന 2 കുട്ടികൾക്ക് സംസ്കൃതം കൗൺസിൽ നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കാം.
- സ്ക്കൂൾതല സംസ്കൃതം കൗൺസിലുകൾ ആവശ്യമായ സഹായങ്ങൾ ചെയ്യുന്നു.
- സംസ്ഥാനത്തെ 3000 സ്ക്കൂളുകളിൽ സംസ്കൃതം ഐച്ഛിക വിഷയമായി പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്.

### സ്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാന അദ്ധ്യാപകൻ മുഖേനയാണ് പദ്ധതി നിർവ്വഹണം.

### ഫണ്ടിംഗ്

100% സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ അലോട്ട്മെന്റ് നൽകുന്നു. ഈ അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീ

സർമാർക്ക് റീ അലോട്ട് ചെയ്ത് നൽകുന്നു. ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ അലോട്ട്മെന്റ് മാറി തുക പ്രധാനപ്പെട്ട അദ്ധ്യാപകർക്ക് വിതരണത്തിനായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- സംസ്കൃത വിദ്യാഭ്യാസ കൗൺസിൽ ജില്ല/ഉപജില്ലാതലത്തിൽ പരീക്ഷ നടത്തി അർഹരായവരെ തെരഞ്ഞെടുക്കുന്നു.
- ജില്ല/ഉപജില്ലാതലത്തിൽ യു.പി വിഭാഗത്തിന് 150/- രൂപയും ഹൈസ്ക്കൂൾ വിഭാഗത്തിന് 200/- രൂപയും വാർഷിക സ്കോളർഷിപ്പ് നൽകുന്നു.
- ശുദ്ധ സംസ്കൃതം വിഭാഗത്തിൽ യു.പി വിഭാഗത്തിന് 120/- രൂപയും ഹൈസ്ക്കൂൾ വിഭാഗത്തിന് 150/- രൂപയും വാർഷിക സ്ക്കോളർഷിപ്പ് നൽകുന്നു.
- ശുദ്ധ സംസ്കൃതം മുൻവർഷത്തെ മാർക്കിന്റെ അടിസ്ഥാനത്തിൽ 6 സ്ക്കോളർഷിപ്പ് വീതം (5,6,7 ക്ലാസ്സുകളിൽ 2 സ്ഥാനക്കാർക്ക്) എല്ലാ സംസ്കൃതം ഐഛിക വിഷയമായി പഠിപ്പിക്കുന്ന സ്ക്കൂളുകളിലും നൽകുന്നു.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന തുക ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന പ്രധാന അദ്ധ്യപകർക്ക് നൽകി വിതരണം നടത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പദ്ധതിയിൽ പങ്കാളിത്തമില്ല. സ്കീമിനെപ്പറ്റിയുള്ള അവബോധം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും. ഗ്രാമസഭ, പി.ടി.എ എന്നിവ വഴി അവബോധം നൽകാം.

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ സ്കീമിനെപ്പറ്റി അവതരിപ്പിക്കാനും അതു വഴി കൂടുതൽ പേർക്ക് സ്കീമിനെപ്പറ്റി അറിയുവാനും സാധിക്കും. സംസ്കൃതപഠനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയും.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും സംസ്കൃത പഠനത്തിനെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപ

നങ്ങളുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്കൃത കൗൺസിലുകളെ സഹായിക്കാനാകും.പദ്ധതി രേഖയിൽ തദ്ദേശഭരണ സ്ഥാപനത്തിൽ അർഹരായവരെക്കുറിച്ച് പ്രതിപാദിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംസ്കൃത പഠനത്തിന്റെ സാധ്യതകളെപ്പറ്റിയും ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റിയും ചർച്ചകൾ സംഘടിപ്പിക്കാനും ഉത്കൃഷ്ടമായ പൈതൃകവും സംസ്ക്കാരത്തനിമയുമുള്ള ഭാഷയായ സംസ്കൃതത്തിന്റെ തനിമ നിലനിർത്താൻ സാധിക്കുന്നുവെന്ന് ഉറപ്പു വരുത്താം. കൂടുതൽ കുട്ടികളെ സംസ്കൃത പഠനത്തിന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉൽബോധനം ഗ്രാമസഭ, പി.ടി.എ യോഗങ്ങൾ എന്നിവ വഴി നൽകാം.

## 5. പ്രീ-മെട്രിക് സ്ക്കോളർഷിപ്പ്

### ലക്ഷ്യം

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പഠനത്തിൽ തൽപ്പരരാക്കാനും അവരെ പ്രോത്സാഹിപ്പിക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ സ്ഥാനം ഉറപ്പുവരുത്തുന്നു.

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി എന്നീ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കാണ് സ്ക്കോളർഷിപ്പ് നൽകുന്നത്.
- രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരും കഴിഞ്ഞ വാർഷിക പരീക്ഷയിൽ 50 ശതമാനമോ അതിനു മുകളിലോ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.

### സ്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാന അദ്ധ്യാപകൻ മുഖേനയാണ് പദ്ധതി നിർവ്വഹണം.

## ഫണ്ടിംഗ്

75% കേന്ദ്രാവിഷ്കൃതവും 25% സംസ്ഥാന ആവിഷ്കൃതവുമായ പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ബന്ധപ്പെട്ട ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് ചെക്ക് മുഖാന്തിരം നൽകുന്നു. ജില്ല വിദ്യാഭ്യാസ ഓഫീസർമാർ ചെക്ക് മാറി തുക പ്രധാന അദ്ധ്യാപകർക്ക് വിതരണത്തിനായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- പൂരിപ്പിച്ച അപേക്ഷകൾ പ്രധാന അദ്ധ്യാപകർക്ക് സമർപ്പിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പം കുട്ടിയുടെ മതം, വെള്ളപേപ്പറിലും രക്ഷകർത്താവിന്റെ വരുമാനം തെളിയിക്കുന്നതിന് സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്ങ് മൂലവും, ഉദ്യോഗമുള്ളവർ അതാത് സ്ഥാപനം നൽകുന്ന വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
- സത്യവാങ്ങ് മൂലം വെള്ളപേപ്പറിൽ മതിയാകും മുദ്രപ്പത്രം ആവശ്യമില്ല.
- മുസ്ലീം/നാടാർ സ്ക്കോളർഷിപ്പ്, പ്രീ മെട്രിക് സ്ക്കോളർഷിപ്പ് തുടങ്ങിയ മതാടിസ്ഥാനത്തിൽ അനുവദിക്കുന്ന ഏതെങ്കിലും ഒരു സ്ക്കോളർഷിപ്പ് തുകയെ വിദ്യാർത്ഥിക്ക് അനുവദിക്കു.
- അപേക്ഷകൾ പ്രധാന അദ്ധ്യാപകൻ ഓൺലൈനായി എൻട്രി നടത്തുന്നു.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന പ്രധാന അദ്ധ്യാപകർക്ക് നൽകി വിതരണം നടത്തുന്നു.
- 1000 രൂപയാണ് വാർഷിക സ്ക്കോളർഷിപ്പ്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയുടെ പ്രചരണം, വാർഷിക പദ്ധതിരേഖയിൽ ചർച്ച, പരാതിരഹിതമായി സ്കീം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക എന്നിവ ചെയ്യാനാകും. ഗ്രാമസഭ വഴിയുള്ള അവബോധം, ചർച്ച എന്നിവ നടത്തണം. അർഹരായ എല്ലാവരും ഉൾപ്പെട്ടുവെന്ന് ഉറപ്പുവരുത്തണം

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപന യോഗങ്ങളിൽ അർഹരായ വിദ്യാർത്ഥികളുടെ പട്ടിക അവതിപ്പിക്കാനും യഥാസമയം അംഗീകാരം നേടാനും സാധിക്കണം. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിംഗും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും അർഹരായ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷിക വരുമാനം കുറഞ്ഞ കുടുംബത്തിൽപ്പെട്ടവരേയും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവൽക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ സാധിക്കും.

## 6. പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്

### ലക്ഷ്യം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളെ പഠനത്തിൽ തൽപ്പരരാക്കാനും അവരെ പ്രോത്സാഹിപ്പിക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും അപ്പർപ്രൈമറി വിഭാഗത്തിൽ പഠിക്കുന്ന ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുന്നോക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും സ്കീമിന്റെ ഗുണം ലഭിക്കുന്നു.
- രക്ഷിതാക്കളുടെ വാർഷിക വരുമാനം 25000/- രൂപയിൽ താഴെ ആയിരിക്കണം.
- ഓരോ അദ്ധ്യയനവർഷവും അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം.

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും പ്രധാന അദ്ധ്യാപകൻ മുഖേനയാണ് പദ്ധതി നിർവ്വഹണം.

## ഫണ്ടിംഗ്

100% സംസ്ഥാനാവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ അലോട്ട്മെന്റ് നൽകുന്നു. ഈ അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് റീ അലോട്ട് ചെയ്ത് നൽകുന്നു. ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ അലോട്ട്മെന്റ് മാറി തുക പ്രധാന അദ്ധ്യാപകർക്ക് വിതരണത്തിനായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- സ്കൂൾ തലത്തിൽ അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്നു.
- പട്ടിക പ്രധാന അദ്ധ്യാപകന്റെ ശുപാർശ സഹിതം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അംഗീകാരത്തിനായി നൽകുന്നു.
- അംഗീകാരം ലഭിച്ച പട്ടിക ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കുന്നു.
- ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ അവ തരം തിരിച്ച പട്ടികയും ആവശ്യമായ തുകക്കുള്ള അപേക്ഷയും സഹിതം ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിക്കുന്നു.
- വിദ്യാഭ്യാസ ഉപഡയറക്ടർമാർ തുക ലഭിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നൽകുന്നു.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന തുക ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന പ്രധാന അദ്ധ്യാപകർക്ക് നൽകി വിതരണം നടത്തുന്നു.
- യു.പി വിഭാഗത്തിന് 125/-രൂപയും ഹൈസ്ക്കൂൾ വിഭാഗത്തിന് 150/- രൂപയും വാർഷിക സ്കോളർഷിപ്പ് നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്ന അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നു.

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ അർഹരായ വിദ്യാർത്ഥിനികളുടെ പട്ടിക അവതരിപ്പിക്കാനും യഥാസമയം അംഗീകാരം നേടാനും സാധിക്കണം. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണി

റ്ററിംഗും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. ഗ്രാമസഭയിൽ ലിസ്റ്റ് അവതരിപ്പിച്ച് അനർഹർ ഇല്ലായെന്നും അർഹരായ എല്ലാ വിദ്യാർത്ഥികളും ഉൾപ്പെട്ടുവെന്നും ഉറപ്പുവരുത്തണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും അർഹരായ വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കഴിയും. പദ്ധതി രേഖയിൽ സ്കീം ചർച്ച ചെയ്യപ്പെടണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവൽക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാകുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും.

# 7. ഗിഫ്റ്റഡ് ചിൽഡ്രൺ സ്കീം.

## ലക്ഷ്യം

പ്രതിഭാശാലികളായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

## ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും 7-ാം ക്ലാസ്സിൽ 75 ശതമാനവും അതിൽ കൂടുതലും മാർക്ക് വാങ്ങി വിജയിച്ച് 8-ാം തരത്തിൽ പഠിക്കുന്ന പ്രതിഭാശാലികളായി വിദ്യാർത്ഥികൾക്ക് സ്കീമിന്റെ ഗുണം ലഭിക്കുന്നു.
- യു.എസ്.എസ് പരീക്ഷക്കും സ്ക്രീനിങ്ങ് ടെസ്റ്റിനും ലഭിക്കുന്ന സ്കോറുകൾ പരിഗണിച്ച് പ്രതിഭാശാലികളായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലെയും പ്രധാന അദ്ധ്യാപകൻ മുഖേന അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു. ജില്ലാ തലത്തിൽ കോ-ഓർഡിനേറ്റർമാരാണ് പദ്ധതി നിർവ്വഹണം.

## ഫണ്ടിംഗ്

100% സംസ്ഥാനാവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ അലോട്ട്മെന്റ് നൽകുന്നു. ഈ അലോട്ട്മെന്റ് മാറി തുക ജില്ല കോ-ഓഡിനേറ്റർമാർക്ക് നൽകുന്നു.

## പ്രവർത്തനങ്ങൾ

- സ്കൂൾ തലത്തിൽ പരീക്ഷ എഴുതാൻ അർഹരായ വിദ്യാർത്ഥികളുടെ പട്ടിക പ്രധാന അദ്ധ്യാപകൻ തയ്യാറാക്കുന്നു.
- പട്ടിക ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കുന്നു.
- പരീക്ഷഭവൻ ഡയറ്റിന്റെ (ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്) സഹായത്തോടെ ജില്ലയിൽ പരീക്ഷ നടത്തുന്നു.
- യു.എസ്.എസ് പരീക്ഷക്കും സ്ക്രീനിംഗ് ടെസ്റ്റിനും ലഭിക്കുന്ന സ്കോറുകൾ പരിഗണിച്ച് പ്രതിഭാശാലികളായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു.
- ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 20 വിദ്യാർത്ഥികൾക്ക് പ്രത്യേക ശാസ്ത്ര ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ, വിദ്യാഭ്യാസ പര്യടനം തുടങ്ങിയവയിലൂടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സാധിക്കുന്നു.
- വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ പ്രഭാഷണങ്ങൾ, ശാസ്ത്രജ്ഞരുടെ അനുഭവ വിവരണം, ക്വിസ് മത്സരങ്ങൾ, ചർച്ചകളും സെമിനാറുകളും, പുസ്തകങ്ങളും റഫറൻസ് മാന്വലും നൽകുക, ലാബ് സന്ദർശനം, ഫീൽഡ് സന്ദർശനം, ഇന്റർവ്യൂ, ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പദ്ധതിയിൽ പങ്കാളിത്തമില്ല. സ്കീമിനെപ്പറ്റിയുള്ള അവലോകനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനയോഗങ്ങളിൽ നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നു. സെമിനാറുകൾ, ചർച്ചകൾ എന്നിവയിൽ തദ്ദേശഭരണ സ്ഥാപനത്തിന് പങ്ക് വഹിക്കാൻ കഴിയും. സ്കീമിനെക്കുറിച്ച് ഗ്രാമസഭകളിൽ അറിവ് നൽകണം.

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ സ്കീമിനെപ്പറ്റി അവതരിപ്പിക്കാനും അതുവഴി പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന തടസ്സങ്ങളും പ്രശ്നങ്ങളും ഒഴിവാക്കാൻ

കഴിയും. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിംഗും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. പഞ്ചായത്തിന്റെയും ഗ്രാമസഭയുടേയും വിവിധ യോഗങ്ങളിൽ ഇവ അവതരിപ്പിക്കപ്പെടണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും പദ്ധതി ശരിയായ ദിശയിലാണെന്ന് ഉറപ്പു വരുത്താൻ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കഴിയും. പദ്ധതിരേഖയിൽ ഇതിനെക്കുറിച്ച് പ്രതിപാദിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവൽക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്താൻ സാധിക്കും.

## 8. നിർദ്ധനരായ വിദ്യാർത്ഥികൾക്കുള്ള കലാപ്രതിഭ സ്കീം

### ലക്ഷ്യം

കലകളിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് കലാരംഗത്ത് സജീവമായി നിൽക്കുന്നതിന് ഈ പദ്ധതി ഉപകരിക്കുന്നു. കലാരംഗത്തെ സാമ്പത്തിക അന്തരം ഇല്ലാതാക്കുന്നു.

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും പഠിക്കുന്ന കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സ്കീമിന്റെ ഗുണം ലഭിക്കുന്നു.
- കഥകളി. ഓട്ടൻതുള്ളൽ, കുച്ചുപ്പുടി, നാടോടി നൃത്തം, മോഹിനിയാട്ടം, ഭരതനാട്യം എന്നിവയിൽ ഉപജില്ലാ തലത്തിൽ എ ഗ്രേഡ് കിട്ടിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- രക്ഷകർത്താവിന്റെ വാർഷിക വരുമാനം 75000/- രൂപയിൽ താഴെയായിരിക്കണം.
- അപേക്ഷ ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സമർപ്പിക്കണം.

## സ്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ് പദ്ധതി നിർവ്വഹണം.

## ഫണ്ടിംഗ്

100% സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ അലോട്ട്മെന്റ് നൽകുന്നു. ഈ അലോട്ട്മെന്റ് മാറി തുക വിദ്യാർത്ഥികൾക്ക് നൽകുന്നു.

## പ്രവർത്തനങ്ങൾ

- വിദ്യാഭ്യാസ ഉപഡയറക്ടർമാർ ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന അപേക്ഷ ക്ഷണിക്കുന്നു.
- അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം.
- അപേക്ഷകരുടെ എണ്ണമനുസരിച്ച് ആവശ്യമായ തുക പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ആവശ്യപ്പെടാം.
- പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന അലോട്ട്മെന്റ് മാറി തുക ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.
- വിദ്യാർത്ഥികൾക്ക് 10,000 രൂപയാണ് വാർഷിക ധനസഹായം ലഭിക്കുന്നത്.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പദ്ധതിയിൽ പങ്കാളിത്തമില്ല. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് കൂടുതൽ സഹായങ്ങൾ നൽകാൻ തദ്ദേശഭരണ സ്ഥാപനത്തിന് കഴിയും. ഗ്രാമസഭയിൽ സ്കീമിനെക്കുറിച്ച് അവബോധം നൽകണം.

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ സ്കീമിനെപ്പറ്റി അവതരിപ്പിക്കാനും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ കഴിയും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിംഗും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. തദ്ദേശഭരണത്തിന്റെ വിവിധ യോഗങ്ങളിലും ഗ്രാമസഭയിലും ഇവ അവതരിപ്പിക്കപ്പെടണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും ഫണ്ടുകൾ ലഭ്യമെങ്കിൽ കൂടുതൽ സഹായങ്ങൾ നൽകാനും സാധിക്കും. ഇവ പദ്ധതിരേഖയിലും പദ്ധതിയിലും ചർച്ച ചെയ്ത് ഉൾപ്പെടുത്തണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് നടത്താം. പരാതി രഹിതമായി സ്കീം നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്താൻ സാധിക്കും.

## 9. വിദ്യാർത്ഥികൾക്കുള്ള അപകട/അപകട മരണ ഇൻഷുറൻസ് പദ്ധതി

### ലക്ഷ്യം

അപകടത്തിൽ അകപ്പെടുന്ന വിദ്യാർത്ഥികൾക്കും കുടുംബത്തിനും സാന്ത്വനം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

### ഗുണഭോക്താവ്

- പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കും സ്കീമിന്റെ ഗുണം ലഭിക്കുന്നു.
- അപകട/അപകടമരണത്തിൽ അകപ്പെടുന്ന വിദ്യാർത്ഥികളുടെ ധനസഹായത്തിനുള്ള അപേക്ഷ പ്രധാന അദ്ധ്യാപകൻ ആവശ്യമായ രേഖകൾസഹിതം ജില്ല ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം.

### സ്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേനയാണ് പദ്ധതി നിർവ്വഹണം.

### ഫണ്ടിംഗ്

100% സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുകയുടെ ചെക്ക് നൽകുന്നു. തുക പ്രധാന അദ്ധ്യാപകർക്ക് വിതരണത്തിനായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- അപകട/അപകടമരണത്തിൽ അകപ്പെടുന്ന വിദ്യാർത്ഥികളുടെ ധനസഹായത്തിനുള്ള അപേക്ഷ പ്രധാന അദ്ധ്യാപകൻ ആവശ്യമായ രേഖകൾ സഹിതം ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം.
- അപകടത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ഒറിജനൽ ബില്ലുകളും ഡിസ്ചാർജ്ജ് സമ്മറിയും സഹിതം അപേക്ഷ സമർപ്പിക്കുക.
- അപകടമരണത്തിൽ അകപ്പെടുന്ന വിദ്യാർത്ഥികളുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം മരണ സർട്ടിഫിക്കറ്റ്, എഫ്.ഐ.ആറിന്റെ കോപ്പി, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ സഹിതം സമർപ്പിക്കണം.
- അപേക്ഷയിൽ നിശ്ചിത സ്ഥലത്ത്, ചികിത്സിച്ച ഡോക്ടറും ബന്ധപ്പെട്ട ജില്ല/ഉപജില്ല വിദ്യാഭ്യസ ഓഫീസർമാരും സാക്ഷ്യപ്പെടുത്തണം.
- വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപേക്ഷ പരിഗണിച്ച് അർഹമായ തുക അനുവദിക്കുന്നു.
- അപകടമരണം സംഭവിച്ച കുട്ടിയുടെ കുടുംബത്തിന് 10,000 രൂപയും അപകടത്തിന് ആശുപത്രി ചെലവുകൾക്കായി പരമാവധി 500 രൂപയും മറ്റ് അംഗവൈകല്യങ്ങൾക്ക് സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ചും തുക നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പദ്ധതിയിൽ പങ്കാളിത്തമില്ല. സ്കീമിനെപ്പറ്റിയുള്ള അവബോധം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും. അർഹരായ എല്ലാവരെയും ഉൾപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ അവതരിപ്പിക്കണം.

## വകുപ്പിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപന യോഗങ്ങളിൽ സ്കീമിനെപ്പറ്റി അവതരിപ്പിക്കാനും അതുവഴി കൂടുതൽ പേർക്ക് സ്കീമിനെപ്പറ്റി അറിയാൻ സാധിക്കും. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിംഗും ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. ഗ്രാമസഭകളിൽ നിർവ്വഹണ ഉദ്യാഗസ്ഥൻ പങ്കെടുത്ത് അറിവ് നൽകണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യാമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനയോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും അർഹരായ വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് തുക യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇൻഷുറൻസ് പദ്ധതി പ്രകാരം ലഭിക്കുന്ന തുകയിൽ വർദ്ധനവ് വരുത്താൻ സാധിക്കും. അത് കുടുംബങ്ങൾക്ക് ഉപകാരപ്പെടുന്നു. പരാതികളിൻമേൽ തദ്ദേശഭരണ സ്ഥാപനം നിർവ്വഹണ ഉദ്യോഗസ്ഥൻ വഴി ഡിപ്പാർട്ട്മെന്റ് ശ്രദ്ധയിൽ കൊണ്ടുവരണം. പദ്ധതിരേഖയിൽ ടി വിവരങ്ങൾ പ്രതിപാദിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവൽക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്താൻ സാധിക്കും.

## 10. ഉച്ചഭക്ഷണ പദ്ധതി

### ലക്ഷ്യം

വിദ്യാർത്ഥികളുടെ ആരോഗ്യവും പോഷകാഹാര ലഭ്യതയും ഉറപ്പു വരുത്തുന്നു. ഒരു പൊതു സ്ഥലത്ത് വച്ച് ഭക്ഷണം കഴിക്കുന്നത് വഴി കുട്ടികളിൽ ആരോഗ്യപരമായ സൗഹൃദവും പരസ്പരധാരണയും ഉടലെടുക്കുന്നു.

### ഗുണഭോക്താവ്

- സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾ
- സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ നടത്തുന്ന പ്രീ-പ്രൈമറി സ്ക്കൂൾ കുട്ടികൾ(പി.ടി.എ നടത്തുന്നതുൾപ്പടെ)
- എം.ജി.എൽ.സി/ബദൽ സ്കൂളുകളിലെ കുട്ടികൾ
- സർക്കാർ അംഗീകാരമുള്ള, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള സ്ക്കൂളുകളിലെ കുട്ടികൾ
- ടെക്നിക്കൽ ഹൈസ്കൂളുകളിലെ 8-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾ

## സ്ക്കീമിന്റെ നിർവ്വഹണം

സ്ക്കൂൾതലത്തിൽ രൂപീകരിക്കുന്ന നൂൺഫീഡിങ്ങ് കമ്മിറ്റികൾ മുഖേനയായിരിക്കും പദ്ധതിയുടെ നിർവ്വഹണം.

## ഫണ്ടിംഗ്

നോൺ പ്ലാൻ. എഫ്.സി.ഐയിൽ നിന്നും ഉച്ചക്ഷണത്തിനായി എടുക്കുന്ന അരിയുടെ വിലനൽകുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് തുക നൽകുന്നു. അരി ഒഴികെയുള്ള മറ്റു ചെലവുകൾക്കുള്ള തുക പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രധാന അദ്ധ്യാപകന്റെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകുന്നു.

## പ്രവർത്തനങ്ങൾ

- പൊതു വിദ്യാഭ്യാസ ഡയറക്ടറാണ് ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാന തല നോഡൽ ഓഫീസർ. ഈ പദ്ധതിയുടെ നടത്തിപ്പിനും മോണിറ്ററിങ്ങിനുമായി പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി സംസ്ഥാനതലത്തിൽ സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റിയുമുണ്ട്.
- ജില്ലാ തലത്തിൽ കലക്ടർ ചെയർമാനും വിദ്യാഭ്യാസ ഉപഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി ഒരു കമ്മിറ്റി നിലവിലുണ്ട്. ബ്ലോക്ക് തലത്തിൽ (ഉപജില്ല തലത്തിൽ) പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സെക്രട്ടറിയുമായുള്ള കമ്മിറ്റിയുമുണ്ട്.
- സ്കൂൾതലത്തിൽ പി.ടി.എ പ്രസിഡന്റ് ചെയർമാനും പ്രധാന അദ്ധ്യാപകൻ മെമ്പർ സെക്രട്ടറിയുമായ കമ്മിറ്റി ഉച്ചഭക്ഷണത്തിന്റെ മുഴുവൻ ചുമതലകളും നിർവ്വഹിക്കുന്നു. പഞ്ചായത്ത് വാർഡ് മെമ്പർമാർ, രണ്ട് അദ്ധ്യാപകർ (ഒരു വനിത മെമ്പർ), മദർ പി.ടി.എ മെമ്പർ, ഉച്ചഭക്ഷണം കഴിക്കുന്ന പട്ടികജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും തെരഞ്ഞെടുത്ത 2 പ്രതിനിധികൾ എന്നിവർ സ്കൂൾ തല കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.
- ഉച്ചഭക്ഷണത്തിനുള്ള സാമഗ്രികൾ ശേഖരിക്കേണ്ട ചുമതല പ്രധാന അദ്ധ്യാപകന്റേതാണ്.
- സ്ക്കൂൾ തുറന്ന പ്രവൃത്തിദിവസം മുതൽ ഉച്ചഭക്ഷണ പദ്ധതി ആരംഭിക്കും.
- നിലവിലുള്ള സ്ക്കൂൾതല കമ്മിറ്റിരക്ഷകർത്താക്കളിൽ നിന്നും അദ്ധ്യാപകർ ശേഖരിച്ച സമ്മതപത്രങ്ങളുടെ അടിസ്ഥാനത്തിൽ ആ വർഷത്തെ ഉച്ചഭക്ഷണ പദ്ധതിയിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റിന് അംഗീകാരം നൽകുന്നു.

- കമ്മിറ്റി അംഗീകരിച്ച ലിസ്റ്റാണ് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടത്.
- ഗുണമേന്മയുള്ള ഭക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രാദേശിക സാഹചര്യം, ഫണ്ടിന്റെ ലഭ്യത എന്നിവ കണക്കാക്കി സാധന സാമഗ്രികൾ വാങ്ങുന്നതിനും മെനു തയ്യാറാക്കുന്നതിനും സ്കൂൾതല കമ്മിറ്റിക്ക് ഉത്തരവാദിത്വമുണ്ട്.
- സ്ക്കൂൾ തല കമ്മിറ്റി അംഗീകരിച്ച് സമർപ്പിക്കുന്ന ലിസ്റ്റ് ജൂൺ 30 തിയ്യതിക്കകം ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ച് നൽകണം.
- ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ 1 ദിവസം കോഴിമുട്ടയും രണ്ട് ദിവസം തിളപ്പിച്ച പാലും നൽകുന്നു.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ എന്നിവരുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന പരിധിയിൽ വരുന്ന സ്ക്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയുടെ മേൽനോട്ടസമിതികൾ രൂപവൽക്കരിക്കണം. സ്ക്കൂൾ തല കമ്മിറ്റികൾ, ബ്ലോക്ക് തല കമ്മിറ്റികൾ, ജില്ലാ തല കമ്മിറ്റി എന്നിവയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ടവയാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഗ്രാമസഭകൾക്കും പ്രവർത്തനം ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ നൽകാം.

## വകുപ്പിന്റെ പങ്ക്

ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട സ്ക്കൂളുകളിൽ ഉറപ്പു വരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് തദ്ദേശ സ്ഥാപനങ്ങളുടെ സഹായം തേടാം. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിങ്ങും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രഭാതഭക്ഷണം, വൈകുന്നേരങ്ങളിൽ ലഘു ഭക്ഷണം എന്നിവ നൽകുന്നതിന് ആവശ്യമായ ധനസ്രോതസ്സുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, പി.ടി.എ , സന്നദ്ധ സംഘടനകൾ നിയമസഭാസാമാജികർ മുതൽ പേരിൽ നിന്നും സഹായം ഉറപ്പു വരുത്താവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഉച്ചഭക്ഷണ പദ്ധതി പോഷക സമൃദ്ധവും ശുചിത്വ പൂർണ്ണവും ആക്കുക,പാചകപുര,സ്റ്റോർ എന്നിവയുടെ നിർമ്മാണം, പാത്രങ്ങൾ വാങ്ങൽ, ശുദ്ധജല വിതരണം,

ബയോ ഗ്യാസ് പ്ലാന്റ് എന്നിവ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിദ്യാഭ്യാസ പദ്ധതികളിൽ ആവശ്യമായ ഫണ്ടുകൾ വകയിരുത്താം. തദ്ദേശഭരണ സ്ഥാപനം വിദ്യാഭ്യാസ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വിവിധ സർക്കാർ സ്കീമുകൾ വഴി ചെയ്യാവുന്ന സ്കീമുകൾ ചർച്ച ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതികളുമായി ഏകോപിപ്പിക്കേണ്ടതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രത്യേകം കമ്മിറ്റികൾ രൂപവൽക്കരിച്ച് പദ്ധതിയുടെ നിർവ്വഹണം സുതാര്യമാക്കുന്നതിനും മോണിറ്ററിങ്ങ് ശക്തിപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. പരാതി രഹിതമായി സ്കീം നടപ്പാകുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും. ഏറ്റവും നല്ല രീതിയിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്ന സ്ക്കൂളുകളെ ഗ്രേഡ് ചെയ്യുന്നതിനും നല്ല മാതൃകകൾക്ക് പ്രചാരണം നൽകുന്നതിനും മികച്ച സ്ക്കൂളുകൾക്ക് അവാർഡുകൾ നൽകുന്നതിനും ശ്രമിക്കാവുന്നതാണ്.

## 11. കേരളസ്കൂൾ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ മേളകൾ

### ലക്ഷ്യം

- വിദ്യാർത്ഥികളുടെ വൈജ്ഞാനികവും ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ അഭിരുചിയും ഗവേഷണ താല്പര്യവും പഠനത്തിലൂടെ ആർജ്ജിച്ച അറിവുകൾ തനിക്കും താനുൾക്കൊള്ളുന്ന സമൂഹത്തിനും ഉതകുന്ന രീതിയിൽ വളർത്തിയെടുക്കുക, പ്രയോജനപ്പെടുത്തുക
- ശാസ്ത്ര- സാങ്കേതിക, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ പരിജ്ഞാനം നിത്യ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിന് പരിശീലനം നൽകുക.
- വിജ്ഞാന വർദ്ധനവിനൊപ്പം അന്വേഷണത്വരയും , ഗവേഷണബുദ്ധിയും വളർത്തിയെടുക്കുക.
- കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുക. മനുഷ്യനും അവന്റെ ചുറ്റുപാടുകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിവു നേടുകയും ഈ അറിവ് നേടാനുള്ള രീതിശാസ്ത്രത്തെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക
- മൺമറഞ്ഞ ചരിത്രാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആനുകാലിക സംഭവങ്ങളെ അപഗ്രഥിച്ചറിയുകയും അവ ഭാവി തലമുറക്ക് ഉപയുക്തമാക്കുകയും ചെയ്യുക.

- ഭാവിയിൽ തനതായ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ ,ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ വൈദഗ്ദ്ധ്യം എന്നിവ കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

## ഗുണഭോക്താവ്

- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗീകൃത വിദ്യാലയങ്ങളിലെയും 1 മുതൽ 4 വരെയുള്ള കുട്ടികൾക്കും 5 മുതൽ 7 വരെയുള്ള കുട്ടികൾക്കും 8 മുതൽ 10 വരെയുള്ള കുട്ടികൾക്കും 11,12 ക്ലാസ്സുകളിലെ കുട്ടികൾക്കും യഥാക്രമം എൽ.പി/യു.പി/എച്ച്.എസ്/എച്ച്.എസ്.എസ് & വി.എച്ച്.എസ്.എസ് വിഭാഗത്തിൽ സംഘടിപ്പിക്കുന്ന മേളകളിൽ പങ്കെടുക്കാം.

## സ്ക്കീമിന്റെ നിർവ്വഹണം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സംഘാടകസമിതികൾ മുഖേനയാണ് മേളകൾ നടത്തുന്നത്.

## ഫണ്ടിംഗ്

സ്പെഷ്യൽ ഫീസ്, പി.ടി.എ സംഭാവന, പൊതുജനങ്ങളുടെ സംഭാവന, വിദ്യാർത്ഥികളുടെ സംഭാവന, സ്ക്കൂളുകളിലെ വിവിധ ക്ലബ്ബുകളുടെ സംഭാവന, രജിസ്ട്രേഷൻ ഫീസ് എന്നിവയായി ഫണ്ട് കണ്ടെത്തുന്നു.

## പ്രവർത്തനങ്ങൾ

- സ്കൂൾ, ഉപജില്ല, റവന്യുജില്ല ,സംസ്ഥാനതല മേളകളാണ് സംഘടിപ്പിക്കുക.
- ഓരോ സ്ക്കൂളുകളിലെയും ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിലായിരിക്കണം സ്ക്കൂൾ തല മേളകൾ നടത്തേണ്ടത്.
- സ്ക്കൂൾ മേളക്ക് വാർഡ് മെമ്പർ ചെയർമാനും പ്രധാന അദ്ധ്യാപകൻ ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം.
- ഉപജില്ല തലത്തിൽ മേയർ/മുൻസിപ്പൽ ചെയർമാൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും മേള നടക്കുന്ന സ്ക്കൂളിലെ പ്രിൻസിപ്പാൾ/ പ്രധാന അദ്ധ്യാപകൻ ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം.
- റവന്യുജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് /മേയർ/മുൻസിപ്പൽ ചെയർമാൻ ചെയർമാനും വിദ്യാഭ്യാസ ഉപഡയറക്ടർ ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം.

- സംസ്ഥാനതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് /മേയർ/മുൻസിപ്പൽ ചെയർമാൻ ചെയർമാനും അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ(അക്കാദമിക്) ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം.
- പൊതു വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച മാനുവൽ പ്രകാരമുള്ള കമ്മിറ്റികൾ രൂപീകരിച്ചാണ് മേളകൾ സംഘടിപ്പിക്കുന്നത്.
- എൽ.പി.വിഭാഗത്തിന് സംസ്ഥാനതല മത്സരം ഉണ്ടായിരിക്കുന്നതല്ല.
- സംസ്ഥാന തല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് എ, ബി,സി ഗ്രേഡ് ലഭിച്ചവർക്ക് താഴെ പറയുന്ന രീതിയിൽ ഗ്രേസ് മാർക്ക് ലഭിക്കും.

| | | |
|---|---|---|
| 70% മാർക്കോ അതിലധികമോ | എ ഗ്രേഡ് | - 30 മാർക്ക് |
| 60% നും 69% നുമിടക്ക് | ബി ഗ്രേഡ് | - 24 മാർക്ക് |
| 50% നും 59% നുമിടക്ക് | സി ഗ്രേഡ് | - 18 മാർക്ക് |

- 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ മേളയിൽ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ് ഗ്രേസ് മാർക്കിന് പരിഗണിക്കുമെങ്കിൽ പത്താം ക്ലാസ്സിൽ സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തിരിക്കണമെന്നില്ല. പകരം റവന്യു ജില്ലാ തലമത്സരത്തിൽ ഇതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകും.
- ഹയർസെക്കണ്ടറി തലമത്സരത്തിൽ 11-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ ലഭിക്കുന്ന ഗ്രേഡിന്റെ ഗ്രേസ് മാർക്ക് ലഭിക്കണമെങ്കിൽ 12-ാം ക്ലാസ്സിൽ റവന്യു ജില്ലാ തലമത്സരത്തിൽ ഇതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകും.
- ഗ്രേസ് മാർക്കിന് അപേക്ഷിക്കാനുള്ള മാതൃകഫോറം എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസിലും ലഭിക്കും.
- ഗ്രേസ് മാർക്കിനുള്ള അപേക്ഷ വിദ്യാഭ്യാസ ഡയറക്ട്രേറ്റിൽ ലഭിക്കാനുള്ള അവസാന തിയ്യതി എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനവാരമാണ്.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്ക്കൂൾ തല കമ്മിറ്റികൾ,ഉപജില്ല തല കമ്മിറ്റികൾ,ജില്ലാ തല കമ്മിറ്റി ,സംസ്ഥാന തല കമ്മിറ്റി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ടവയാണ്. മേളയുടെ നടത്തിപ്പിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പങ്ക് വഹിക്കാവുന്നതാണ്. ആവശ്യം വരുന്ന പക്ഷം ധനസഹായവും നൽകാവുന്നതാണ്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇവ ചർച്ചയ്ക്ക് വിധേയമാക്കണം.

## വകുപ്പിന്റെ പങ്ക്

മേളകളുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിങ്ങും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. മേളകളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കണ്ടെത്തുന്നതിന് ശ്രമിക്കാവുന്നതാണ്. മേളകൾക്കായി രൂപീകരിക്കുന്ന കമ്മിറ്റികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്താം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേളകളുടെ നടത്തിപ്പിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക വകയിരുത്താവുന്നതാണ്. മേളകളുടെ വിജയത്തിന് പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കു വഹിക്കാൻ കഴിയും. തദ്ദേശഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ ഇവ ചർച്ച ചെയ്ത് വിടവുകൾ നികത്തണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മേളകൾ പരാതി ഇല്ലാതെ നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും. മേളകൾ നടക്കുന്ന സ്ഥലങ്ങളിലെ പ്രാദേശിക പ്രശ്നങ്ങളിലും അടിസ്ഥാന സൗകര്യങ്ങളിലും പരിഹാരം കാണാൻ തദ്ദേശസ്വയം ഭരണസ്ഥാനങ്ങൾക്ക് കഴിയണം.

# 12. കേരളസ്കൂൾ കലോത്സവം

## ലക്ഷ്യം

- വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളുടെ സർവ്വതല സ്പർശിയായ വളർച്ചയും വികാസവുമാണ് ലക്ഷ്യം.
- കലാസാഹിത്യ രംഗത്തെ സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുക.

## ഗുണഭോക്താവ്

- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗീകൃത വിദ്യാലയങ്ങളിലെയും 1 മുതൽ 4 വരെയുള്ള കുട്ടികൾക്കും 5 മുതൽ 7 വരെയുള്ള കുട്ടികൾക്കും 8 മുതൽ 10 വരെയുള്ള കുട്ടികൾക്കും 11,12 ക്ലാസ്സുകളിലെ കുട്ടികൾക്കും മേളകളിൽ പങ്കെടുക്കാം.

## സ്ക്കീമിന്റെ നിർവ്വഹണം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കലോത്സവ മാനുവൽ പ്രകാരം രൂപീകരിക്കുന്ന സംഘാടകസമിതികൾ മുഖേനയാണ് മേളകൾ നടത്തുന്നത്.

## ഫണ്ടിംഗ്

സ്പെഷ്യൽ ഫീസ്,പി.ടി.എ സംഭാവന, പൊതുജനങ്ങളുടെ സംഭാവന, വിദ്യാർത്ഥികളുടെ സംഭാവന, രജിസ്ട്രേഷൻ ഫീസ്, വിദ്യാഭ്യാസ ഡയറക്ടറുടെ ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക എന്നിവയായി ഫണ്ട് കണ്ടെത്തുന്നു.

## പ്രവർത്തനങ്ങൾ

- സ്ക്കൂൾ,ഉപജില്ല, റവന്യുജില്ല ,സംസ്ഥാനതല മേളകളാണ് സംഘടിപ്പിക്കുക.
- നാല് വിഭാഗങ്ങളിലായിട്ടാണ് മത്സരം നടക്കുക.

  കാറ്റഗറി I - ക്ലാസ്സ് 1 മുതൽ 4 വരെ

  കാറ്റഗറി II - ക്ലാസ്സ് 5 മുതൽ 7 വരെ

  കാറ്റഗറി III - ക്ലാസ്സ് 8 മുതൽ 10 വരെ

  കാറ്റഗറി IV - ക്ലാസ്സ് 11 മുതൽ 12 വരെ
- കാറ്റഗറി I ന്റെ മത്സരങ്ങൾ ഉപജില്ലാ തലത്തിലും കാറ്റഗറി II ന്റെ മത്സരങ്ങൾ റവന്യു ജില്ലാ തലത്തിലും കാറ്റഗറി III, IV എന്നിവയുടെ മത്സരങ്ങൾ സംസ്ഥാനതലത്തിലും അവസാനിക്കുന്നു.
- 50%മോ അതിലധികമോ മാർക്ക് കിട്ടുന്ന ഇനങ്ങളെ എ, ബി, സി എന്നീ മൂന്ന് ഗ്രേഡുകളായി തിരിക്കുന്നു.

| | | |
|---|---|---|
| 70% മാർക്കോ അതിലധികമോ | എ ഗ്രേഡ് | - 5 പോയിന്റ് |
| 60% നും 69% നുമിടക്ക് | ബി ഗ്രേഡ് | - 3 പോയിന്റ് |
| 50% നും 59% നുമിടക്ക് | സി ഗ്രേഡ് | - 1 പോയിന്റ് |

- എ ഗ്രേഡ് ലഭിച്ച് ടോപ് സ്കോർ നേടിയ ഒരു വ്യക്തിഗത ഇനം/ഗ്രൂപ്പ് മാത്രമേ മേൽതല മത്സരത്തിൽ പങ്കെടുക്കാനാവൂ.
- സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് എ, ബി,സി ഗ്രേഡ് ലഭിച്ചവർക്ക് താഴെ പറയുന്ന രീതിയിൽ ഗ്രേസ് മാർക്ക് ലഭിക്കും.

| | | |
|---|---|---|
| 70% മാർക്കോ അതിലധികമോ | എ ഗ്രേഡ് | - 30 മാർക്ക് |
| 60% നും 69% നുമിടക്ക് | ബി ഗ്രേഡ് | - 24 മാർക്ക് |
| 50% നും 59% നുമിടക്ക് | സി ഗ്രേഡ് | - 18 മാർക്ക് |

- കാറ്റഗറി III, IV എന്നിവയുടെ സംസ്ഥാനതല മത്സരങ്ങളിൽ ടോപ്സ്കോർ നേടിയ 3 പേർക്ക് 1000/-, 800/-, 600/- രൂപ ക്രമത്തിൽ പ്രൈസ് മണി നൽകുന്നതാണ്.
- ഒരു മത്സരാർത്ഥിക്ക് പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ പങ്കെടുക്കാൻ ആവുകയുള്ളൂ. സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് മേളയിൽ ഉൾപ്പെട്ട സംസ്കൃതോത്സവത്തിൽ പങ്കെടുക്കാം.
- കാറ്റഗറി രണ്ട് (അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകൾ)ലെ കുട്ടികൾ റവന്യൂ ജില്ലാതലം വരെ പങ്കെടുക്കാം. കാറ്റഗറി മൂന്നിലെ (8 മുതൽ 10 വരെ) കുട്ടികൾക്ക് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാം.
- അറബിഭാഷ പഠിക്കുന്ന കുട്ടികൾക്ക് അറബിക് സാഹിത്യോൽസവത്തിൽ പങ്കെടുക്കാം.
- ടി.ടി.ഐ., പി.പി.ടി.ടി.ഐ. എന്നിവയിൽ പഠിക്കുന്ന കുട്ടികൾക്ക് ജില്ലാതല മത്സരത്തിനു ശേഷം എല്ലാ വർഷവും അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് സെപ്തംബർ മാസം 4, 5 തിയതികളിലായി സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നു.
- സ്ക്കൂൾ തലം മുതൽ സംസ്ഥാന തലം വരെ മേളകളുടെ നടത്തിപ്പിനായി ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, പി.ടി.എ., അദ്ധ്യാപക സംഘടനകൾ എന്നിവ ഉൾപ്പെട്ട വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നു.
- സ്ക്കൂൾ മേളക്ക് പ്രധാന അദ്ധ്യാപകൻ ജനറൽ കൺവീനറായി സംഘാടക സമിതി രൂപീകരിക്കണം.
- ഉപജില്ല തലത്തിൽ മേള നടക്കുന്ന സ്ക്കൂളിലെ പ്രിൻസിപ്പാൾ/ പ്രധാന അദ്ധ്യാപകൻ ജനറൽ കൺവീനറായി സംഘാടക സമിതി രൂപീകരിക്കണം.
- റവന്യൂജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് /മേയർ/മുൻസിപ്പൽ ചെയർമാൻ ചെയർമാനും വിദ്യാഭ്യാസ ഉപഡയറക്ടർ ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം.
- സംസ്ഥാനതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് /മേയർ/മുൻസിപ്പൽ ചെയർമാൻ ചെയർമാനും അഡീഷണൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ( ജനറൽ) ജനറൽ കൺവീനറുമായി സംഘാടക സമിതി രൂപീകരിക്കണം.
- പൊതു വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച മാനുവൽ പ്രകാരമുള്ള വിവിധ കമ്മിറ്റികൾ രൂപീകരിച്ചാണ് മേളകൾ സംഘടിപ്പിക്കുന്നത്.

- 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോൾ മേളയിൽ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ് ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ പത്താം ക്ലാസ്സിൽ സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തിരിക്കണമെന്നില്ല. പകരം റവന്യു ജില്ലാ തലമത്സരത്തിൽ ഇതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകും.
- ഹയർസെക്കണ്ടറി തലമത്സരത്തിൽ 11-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ ലഭിക്കുന്ന ഗ്രേഡിന്റെ ഗ്രേസ് മാർക്ക് ലഭിക്കണമെങ്കിൽ 12-ാം ക്ലാസ്സിൽ റവന്യു ജില്ലാ തലമത്സരത്തിൽ ഇതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകും.
- ഗ്രേസ് മാർക്കിന് അപേക്ഷിക്കാനുള്ള മാതൃകഫോറം എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസിലും ലഭിക്കും.
- ഗ്രേസ് മാർക്കിനുള്ള അപേക്ഷ വിദ്യാഭ്യാസ ഡയറക്ട്രേറ്റിൽ ലഭിക്കാനുള്ള അവസാന തിയ്യതി എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനവാരമാണ്.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്ക്കൂൾ തല കമ്മിറ്റികൾ,ഉപജില്ല തല കമ്മിറ്റികൾ,ജില്ലാ തല കമ്മിറ്റി ,സംസ്ഥാന തല കമ്മിറ്റി എന്നിവയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ടവയാണ്. ഉൽസവനടത്തിപ്പിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണം. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യണം.

## വകുപ്പിന്റെ പങ്ക്

മേളകളുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിങ്ങും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. മേളകളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കണ്ടെത്തുന്നതിന് ശ്രമിക്കാവുന്നതാണ്. മേളകൾക്കായി രൂപീകരിക്കുന്ന കമ്മിറ്റികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്താം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേളകളുടെ നടത്തിപ്പിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക വകയിരുത്താവുന്നതാണ്. മേളകളുടെ വിജയത്തിന് പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കു വഹിക്കാൻ കഴിയും. തദ്ദേശഭരണ സ്ഥാപനത്തിന് വിടവുകൾ നികത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കി പദ്ധതിയിൽപെടുത്താവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മേളകൾ പരാതി ഇല്ലാതെ നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും. മേളകൾ നടക്കുന്ന സ്ഥലങ്ങളിലെ പ്രാദേശിക പ്രശ്നങ്ങളിലും അടിസ്ഥാന സൗകര്യങ്ങളിലും പരിഹാരം കാണാൻ തദ്ദേശ സ്വയംഭരണ സ്ഥാനങ്ങൾക്ക് കഴിയണം.

## 13. സ്പോർട്സ് & ഗെയിംസ്

### ലക്ഷ്യം

- വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനമാണ് ലക്ഷ്യം.
- വിദ്യാർത്ഥികളുടെ മാനസികവും കായികവുമായ വളർച്ച.

### ഗുണഭോക്താവ്

- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗീകൃത വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾ

### സ്ക്കീമിന്റെ നിർവ്വഹണം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്പോർട്സ് & ഗെയിംസിനു വേണ്ടി തയ്യാറാക്കുന്ന മാനുവൽ പ്രകാരം രൂപീകരിക്കുന്ന സമിതികൾ മുഖേനയാണ് പദ്ധതി നിർവ്വഹണം .

### ഫണ്ടിംഗ്

സ്പോർട്സ് ഫണ്ട്,, പൊതുജനങ്ങളുടെ സംഭാവന,വിദ്യാർത്ഥികളുടെ സംഭാവന, രജിസ്ട്രേഷൻ ഫീസ്, വിദ്യാഭ്യാസ ഡയറക്ടറുടെ ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക എന്നിവയായി ഫണ്ട് കണ്ടെത്തുന്നു.

### പ്രവർത്തനങ്ങൾ

- സ്ക്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
- ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന ടീമിനെ തെരഞ്ഞടുക്കുന്നു.
- വേനൽക്കാല പരിശീലനം കൊടുക്കുന്നു.
- സ്പോർട്സ് സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുന്നു.

- പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും ഓർഗനൈസർ ഫോർ സ്പോർട്സ് കൺവീനറും ഒരു ഡെപ്യൂട്ടി ഡയറക്ടർ, ഒരു ജില്ല വിദ്യാഭ്യാസ ഓഫീസർ , ഒരു പ്രഥമാദ്ധ്യാപകൻ, റവന്യു ജില്ല സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായി സ്പോർട്സ് & ഗെയിംസ് നിർവ്വാഹക സമിതി രൂപീകരിക്കുന്നു.
- നീന്തൽ മത്സരങ്ങൾ, മേഖല ഗെയിംസ് മത്സരങ്ങളും ടീം തെരഞ്ഞെടുപ്പ്, കായിക മേള എന്നിവ മേൽ സമിതി സംഘടിപ്പിക്കുന്നു.
- സ്ക്കൂൾ തലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സരങ്ങൾ വിവിധ കമ്മിറ്റികൾ മുഖാന്തിരം സംഘടിപ്പിക്കുന്നു.
- വിവിധ തല മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകി വരുന്നു.
- കേരളത്തിലെ രണ്ട് സ്പോർട്സ് സ്കൂളുകളായ ജി.വി. രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവ കേരളത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങൾക്ക് വിദഗ്ദ പരിശീലനം നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കൂൾ തല കമ്മിറ്റികൾ, ഉപജില്ല തല കമ്മിറ്റികൾ, ജില്ലാ തല കമ്മിറ്റി, സംസ്ഥാന തല കമ്മിറ്റി എന്നിവയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ടവയാണ്. ഗ്രാമസഭകളിൽ ഇവ ചർച്ചയ്ക്ക് വിധേയമാക്കണം. അർഹരായ എല്ലാ കുട്ടികളേയും ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകാം.

## വകുപ്പിന്റെ പങ്ക്

മേളകളുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിങ്ങും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം. മേളകളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കണ്ടെത്തുന്നതിന് ശ്രമിക്കാവുന്നതാണ്. മേളകൾക്കായി രൂപീകരിക്കുന്ന കമ്മിറ്റികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്താം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേളകളുടെ നടത്തിപ്പിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക വകയിരുത്താവുന്നതാണ്. മേളകളുടെ വിജയത്തിന് പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്

വലിയ പങ്കു വഹിക്കാൻ കഴിയും. ഡിപ്പാർട്ട്മെന്റൽ ആയി ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് വിടവുകൾ നികത്താം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മേളകൾ പരാതി ഇല്ലാതെ നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും. മേളകൾ നടക്കുന്ന സ്ഥലങ്ങളിലെ പ്രാദേശിക പ്രശ്നങ്ങളിലും അടിസ്ഥാന സൗകര്യങ്ങളിലും പരിഹാരം കാണാൻ തദ്ദേശ സ്വയംഭരണ സ്ഥാനങ്ങൾക്ക് കഴിയണം.

## 14. അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾക്കുള്ള സമ്മാനങ്ങൾ

### ലക്ഷ്യം

അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുക.

### ഗുണഭോക്താവ്

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവ/എയിഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ.

### സ്ക്കീമിന്റെ നിർവ്വഹണം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ ഓഫീസുകൾ മുഖേന പദ്ധതി നിർവ്വഹണം.

### ഫണ്ടിംഗ്

100% സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ആവശ്യമായ തുക നൽകുന്നു.

### പ്രവർത്തനങ്ങൾ

- പ്രൈമറിതല പി.ടി.എ കൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും ഹൈസ്ക്കൂൾ പി.ടി.എ കൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും സമർപ്പിക്കണം.
- ഉപജില്ല തലത്തിൽ എ.ഇ.ഒ ,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ, ഡയറ്റ് ഫാക്കൽട്ടി എന്നിവരുൾപ്പെട്ട കമ്മിറ്റി അപേക്ഷകൾ

പരിശോധിച്ച് മികച്ച പി.ടി.എ കളെ തെരഞ്ഞെടുക്കുന്നു. ഹൈസ്ക്കൂളുകളുടെ അപേക്ഷകൾ ഡി.ഇ.ഒ കൺവീനറായ കമ്മിറ്റി മികച്ചത് കണ്ടെത്തുന്നു.

- ഉപജില്ലാ തിലത്തിൽ ഒന്നാം സ്ഥാനം നേടിയ പി.ടി.എ കൾ ജില്ലാ തലത്തിൽ പങ്കെടുക്കാം. ഹൈസ്ക്കൂൾ തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ വർക്ക് ജില്ലാ തലത്തിൽ പങ്കെടുക്കാം.
- ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും ഡി.ഡി.ഇ (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ) കൺവീനറുമായ കമ്മിറ്റിയാണ് ജില്ലയിൽ പ്രൈമറിതലത്തിലും ഹൈസ്കൂൾ തലത്തിലും 1,2 സ്ഥാനക്കാരെ തെരഞ്ഞെടുക്കുന്നു.
- ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 60,000/- രൂപയും രണ്ടാം സ്ഥാനക്കാർക്ക് 40,000/- രൂപയും സമ്മാനമായി നൽകുന്നു.
- ഉപജില്ലാ തലത്തിൽ 10,000/- രൂപ ക്രമത്തിലും ജില്ലാതലത്തിൽ 25,000/- രൂപ ക്രമത്തിലും സമ്മാനങ്ങൾ നൽകുന്നു.
- ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാന തലത്തിൽ ഒന്നാം സമ്മാനമായി 5 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 4 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 3 ലക്ഷം രൂപയും നാലാം സമ്മാനമായി 2 ലക്ഷം രൂപയും അഞ്ചാം സമ്മാനമായി 1 ലക്ഷം രൂപയും നൽകുന്നു.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

വിജയികളെ തെരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റികളിൽ തദ്ദേശ സ്വയം രണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അംഗങ്ങളാണ്. അതാത് പി.ടി.എ കൾക്ക് അറിവു നൽകി ഇതിൽ പങ്കെടുപ്പിക്കാം. പി.ടി.എ കളുടെ കാര്യക്ഷമത കൂട്ടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം.

## വകുപ്പിന്റെ പങ്ക്

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും മോണിറ്ററിങ്ങും ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിയണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെ സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപന യോഗങ്ങളിൽ ചർച്ച ചെയ്യുന്നതിനും പദ്ധതി ശരിയായ ദിശയിലാണെന്ന് ഉറപ്പു വരുത്താൻ തദ്ദേശസ്വയം ഭരണ

സ്ഥാപനത്തിന് കഴിയും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗിച്ച് കൂടുതൽ സമ്മാനങ്ങൾ നടപ്പിലാക്കാനും അതുവഴി പി.ടി.എ.കളുടെ നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരാതി രഹിതമായി സ്കീം നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്താൻ സാധിക്കും. അർഹരായ പി.ടി.എ.കളെ കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഇടപെടാൻ കഴിയും.

## 15. മറ്റ് പ്രധാന പദ്ധതികളും പ്രവർത്തനങ്ങളും

- **സൈനിക സ്ക്കൂൾ സ്ക്കോളർഷിപ്പ്**

കഴക്കൂട്ടം സൈനിക സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകുന്നതിനും (ഏകദേശം 230-250 കുട്ടികൾ) ഒരു കുട്ടിക്ക് ഒരു ദിവസം 35 രൂപ എന്ന നിരക്കിൽ ഡയട്രി ചാർജ്ജ് (ഏകദേശം 600 കുട്ടികൾ) നൽകുന്നു. വാർഷിക വരുമാനം 10,000 രൂപ വരെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് 17500 രൂപയും 10001 മുതൽ 12750 രൂപ വരെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് 13125 രൂപയും(17500 രൂപയുടെ 75%) 12751 മുതൽ 15000 രൂപ വരെ വരുമാനമുള്ളവരുടെ കുട്ടികൾക്ക് 8750 രൂപയും(17500 രൂപയുടെ 50%) എന്ന ക്രമത്തിൽ 2 വർഷം സ്ക്കോളർഷിപ്പ് നൽകുന്നു. കൂടാതെ 100%,75% എന്ന ക്രമത്തിൽ സ്ക്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികൾക്ക് മാത്രം ഒന്നാം വർഷം 1000 രൂപ എന്ന ക്രമത്തിലും രണ്ടാം വർഷം 500 രൂപ എന്ന ക്രമത്തിലും ഡ്രസ്സ് അലവൻസ്സ് നൽകുന്നു. അർഹരായ കുട്ടികളുടെ അപേക്ഷയും മറ്റു രേഖകളും സൈനിക സ്കൂൾ പ്രിൻസിപ്പാൾ പൊതു വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുന്നു. ആദ്യ മൂന്ന് റാങ്ക് നേടിയ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ സ്ക്കോളർഷിപ്പ് തുകയും നൽകുന്നു.

- **RIMCഡെറാഡൂണിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്ക്കോളർഷിപ്പ്**

കേരളത്തിൽ 5 വർഷം തുടർച്ചയായി താമസം ആക്കിയിട്ടുള്ള RIMC ഡെറാഡൂണിലെ വിദ്യാർത്ഥികളിൽ ഒന്നാം റാങ്ക് വാങ്ങുന്ന കുട്ടി കൾക്ക് 11000/- രൂപ പ്രതി വർഷം നൽകുന്നു.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ടി സ്ഥാപനങ്ങൾ നൽകുന്ന സ്കോളർഷിപ്പുകളെക്കുറിച്ച് ഗ്രാമസഭ/വാർഡ്സഭ വഴി ജനങ്ങൾക്ക് അറിവ് നൽകണം. സൈനീക സ്കൂൾ പ്രവേശനത്തിന്റെ പ്രാധാ

ന്യത്തെക്കുറിച്ച് ബോധ്യപെടുത്തണം. അവ നൽകുന്ന വിവിധ സ്കോളർഷിപ്പുക ളെക്കുറിച്ച് അവബോധം നൽകാം.

### വകുപ്പിന്റെ /നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

സ്കീമിനെക്കുറിച്ചുള്ള ധാരണ തദ്ദേശഭരണസ്ഥാപനവും ഗ്രാമസഭ വഴി ജന ങ്ങൾക്കും നൽകുക

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടോയെന്ന് പരിശോ ധിക്കുകയും അവർക്ക് വേണ്ട പ്രോത്സാഹനവും, പഠനാനുകൂല്യങ്ങളും തദ്ദേശഭ രണ സ്ഥാപനങ്ങൾ നൽകി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിടവുകൾ നിക ത്താവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാനം പി.ടി.എ ഗ്രാമസഭ എന്നിവയിൽ ഈ പദ്ധതി ചർച്ച ചെയ്യാ വുന്നതാണ്.

# വിഭാഗം - നാല്- വകുപ്പിനെ ആധുനികവൽക്കരിക്കൽ

## 1. ഇ-ഗവേണൻസ്, നിലവാരം ഉയർത്തൽ

### ആമുഖം

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അതിന്റെ ഓഫീസിന്റേയും ജീവനക്കാരുടേയും കാര്യക്ഷമത വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

### ലക്ഷ്യം

- വകുപ്പിന്റെ ഓഫീസ് നവീകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കൽ
- ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ
- പി.ടി.ഐ കളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ എന്നിവ ഇതിൽ ലക്ഷ്യമിടുന്നു.

### ഗുണഭോക്താവ്

വിദ്യാഭ്യാസ വകുപ്പ് അതുവഴി പൊതുസമൂഹം

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്

## നിർവ്വഹണം

വിദ്യാഭ്യാസ വകുപ്പ് വഴി അതാതു തലത്തിലെ ഉദ്യാഗസ്ഥർ

## പ്രവർത്തനങ്ങൾ

- വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണം
- പരീക്ഷാഭവന്റെ വിപുലീകരണം
- ഡി.ഡി, ഡി.ഇ.ഒ. എ.ഇ.ഒ ഓഫീസ് ശക്തിപ്പെടുത്തൽ
- അദ്ധ്യാപക-രക്ഷാകർത്തൃ സമിതിക്കുള്ള പ്രോത്സാഹന സമ്മാനങ്ങൾ
- വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

ഇവയുടെ പ്രവർത്തനങ്ങൾ വകുപ്പ് നേരിട്ടും വകുപ്പിലെ ഉദ്യാഗസ്ഥർ മുഖേനയും, ഐ.എം.ജി വഴിയും നടപ്പിലാക്കുന്നു.

## നിർവ്വഹണ ഉദ്യാഗസ്ഥന്റെ/വകുപ്പിന്റെ പങ്ക്

യഥാസമയം പ്രവർത്തനം നടത്തി ലക്ഷ്യം കൈവരിക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ഇതിനായി സ്കൂളുകളുടെ പ്രവർത്തന ഗുണനിലവാരം വിലയിരുത്തി നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുക

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

മേൽ പ്രവർത്തനങ്ങളുടെ പോരായ്മകളും പരിഹാരങ്ങളും വിവിധ കമ്മിറ്റികളിൽ ചർച്ചയ്ക്ക് വിധേയമാക്കി നിർവ്വഹണ ഉദ്യാഗസ്ഥർ വഴി വകുപ്പിന് കൈമാറുക.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മേൽ പ്രവർത്തനങ്ങൾ 100% ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുന്നതിൽ പങ്കാളിയാവുക.. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് പി.ടി.എ കളെ സജീവ സംഘടനയായി നിലനിർത്തി പ്രവർത്തിപ്പിക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ വകുപ്പിന്റേയും തദ്ദേശ ഭരണ സ്ഥാപനത്തിന്റേയും പ്രവൃത്തികൾ കൂട്ടിയിണക്കുന്നവരും ഉപദേശകരും ആയി മാറണം.

## B. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

### ആമുഖം

1983-84 ലാണ് സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ആരംഭിച്ചത്. ഇപ്പോൾ 389 സ്കൂളുകളിൽ 1100 ബാച്ചുകളിലായി ഓരോ വർഷവും ഏകദേശം 30,000 വിദ്യാർത്ഥികൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുന്നു.

261 സർക്കാർ സ്കൂളുകളിലും 128 സർക്കാർ എയ്ഡഡ് സ്കൂളുകളിലുമായി 1100 ബാച്ചുകൾ നിലവിലുണ്ട്. 42 വൊക്കേഷണൽ കോഴ്സുകളാണ് കേരളത്തിലെ സ്കൂളുകളിലുള്ളത്. 14 ജില്ലകളിലെ സ്കൂളുകളുടെ മേൽനോട്ടവും നടത്തിപ്പും ഏഴ് റീജണൽ ഓഫീസുകളുടെ നിയന്ത്രണത്തിലാണ്. ഓരോ റീജണൽ ഓഫീസുകളും ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതലയിലാണ് പ്രവർത്തിക്കുക. 389 സ്കൂളുകളുടേയും റീജണൽ ഓഫീസുകളുടേയും ഭരണ നിർവ്വഹണം നടത്തുന്നത് ഡയറക്ടറേറ്റും പരീക്ഷാ വിഭാഗവുമാണ്.

വൊക്കേഷണൽ സെക്ഷൻ കൈകാര്യം ചെയ്യുന്നത് വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടറും ഒരു ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാണ്. കൂടാതെ നോൺ-വൊക്കേഷണൽ വിഷയങ്ങൾ അതത് വിഷയാദ്ധ്യാപകരും കൈകാര്യം ചെയ്യും. പാർട്ട് 1 ഇംഗ്ലീഷും ജനറൽ ഫൗണ്ടേഷൻ കോഴ്സും, പാർട്ട് 2 വൊക്കേഷണൽ വിഷയവും പാർട്ട് 3 നോൺ വൊക്കേഷണൽ വിഷയഗ്രൂപ്പുകളുമാണ്. വൊക്കേഷണൽ ഗ്രൂപ്പുകളെ (എ) എഞ്ചിനീയറിംഗ് ടെക്നോളജി, (ബി) അഗ്രികൾച്ചർ, പാരാമെഡിക്കൽ, ആനിമൽ ഹസ്ബൻഡറി, ഹോംസയൻസ് (സി) ട്രാവൽ ആന്റ് ടൂറിസം, (ഡി) ബിസിനസ്സ് ആന്റ് കോമേഴ്സ് എന്നീ വിഭാഗമായി തരംതിരിച്ചിരിക്കുന്നു.

തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തുകയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ സ്കിൽഡ്, സെമി സ്കിൽഡ് ഉദ്യോഗാർത്ഥികളെ വാർത്തെടുക്കാനും സൃഷ്ടിക്കുന്നതിനും, സമൂഹത്തിൽ തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും മദ്ധ്യമേഖലയിലെ ബ്ലൂകോളർ എംപ്ലോയ്മെന്റ് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ഒപ്പം തൊഴിൽ മേഖലയിലേയ്ക്കും ഉന്നതപഠനത്തിനും അവസ്സരം ഒരുക്കുന്നതുമാണ് ഈ മേഖലയുടെ സവിശേഷതയും ലക്ഷ്യവും.

# 1. അടിസ്ഥാന സൗകര്യ വികസന പരിപാടി

## ലക്ഷ്യം

സംസ്ഥാനത്തെ 261 സർക്കാർ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം വിവിധ ഘട്ടങ്ങളായി മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

## ഗുണഭോക്താവ്

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്കൂളുകൾ

## പദ്ധതി നിർവ്വഹണം

അതത് സ്കൂൾ പ്രിൻസിപ്പൾമാർ മുഖേന

## ഫണ്ടിംഗ്

അതത് വർഷത്തെ വാർഷിക പദ്ധതി വിഹിതം

## പ്രവർത്തനങ്ങൾ

സർക്കാർ തൊഴിലധിഷ്ഠിത വിദ്യാലയങ്ങളിലെ ഉപകരണങ്ങൾ, ലാബിലേക്ക് ആവശ്യമായ സാധനങ്ങൾ, ലൈബ്രറി ബുക്കുകൾ വാങ്ങൽ,ക്ലാസ്സ്റൂം, ലാബോറട്ടറി, സ്റ്റാഫ് റൂം, ടോയ്ലറ്റ് വർക്ക്ഷോപ്പ്റൂമുകൾ, പെൺകുട്ടികൾക്ക് വേണ്ടിയുള്ള പൊതുമുറി തുടങ്ങിയവയുടെ നിർമ്മാണം.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

അതത് സ്ഥലങ്ങളിലെ തൊഴിലധിഷ്ഠിത വിദ്യാലയങ്ങളുടെ ഉന്നമനം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലായതിനാൽ പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും ചുമതലയിൽപെടുന്നതുമാണ്.

## വകുപ്പിന്റെ പങ്ക്

സ്കൂളുകളുടെ തെരഞ്ഞെടുക്കൽ, പദ്ധതി വിഹിതം യഥാസമയം സ്കൂളുകൾക്ക് കൈമാറുക, പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വകുപ്പും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാവാതെ സ്കൂൾ വികസനം ത്വരിതപ്പെടുത്തേണ്ടതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി വിഹിതം പാഴാക്കാതെ അതതു വർഷം തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് അനുവദിക്കുന്ന പണം കൃത്യമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തൽ

## 2. പഠന നിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ

### ലക്ഷ്യം

സംസ്ഥാനത്തെ 389 തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടി വിദ്യാലയങ്ങളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളും, നിലവാരവും ഉയർത്തുന്നതിനുള്ള വിവിധ പരിപാടികൾ

### ഗുണഭോക്താവ്

389 സ്കൂളുകളിലെ 1100 ബാച്ചുകളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ മുതലായവർ

### പദ്ധതി നിർവ്വഹണം

സംസ്ഥാനതലത്തിൽ വകുപ്പ്, ജില്ലാതലങ്ങളിൽ അസിസ്റ്റന്റ് ഡയറക്ടർമാർ സ്കൂൾതലത്തിൽ സ്കൂൾ പ്രിൻസിപ്പൾ മുതലായവർ മുഖേന

### ഫണ്ടിംഗ്

വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിഹിതം

### പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് മേഖലയിലുള്ള 389 തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 1100 ബാച്ചുകളിലെ വിദ്യാർത്ഥികൾക്കുള്ള തൊഴിൽ, വിദഗ്ധ പരിശീലനം, ഉൽപാദക-പരിശീലന-കേന്ദ്രങ്ങളുടെ നിർമ്മാണം, നവീകരണം, അദ്ധ്യാപകർക്കുള്ള പരിശീലനം തൊഴിലധിഷ്ഠിത വിഷയങ്ങളിലുള്ള മൂല്യനിർണ്ണയ രീതിയുടെ നവീകരണം തുടങ്ങിയവ.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തൊഴിലധിഷ്ഠിത വിദ്യാലയങ്ങളുടെ ഉന്നമനവും പ്രവർത്തന മികവിലും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്.

### വകുപ്പിന്റെ പങ്ക്

എല്ലാ സ്കൂളുകളിലും ഉൽപ്പാദക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, അവയുടെ പ്രവർത്തനം മികവുറ്റതാക്കുക. യഥാസമയം പദ്ധതി വിഹിതം സ്കൂൾ പ്രിൻസിപ്പൽമാർക്ക് കൈമാറുക, അദ്ധ്യാപക പരിശീലനത്തിനുവേണ്ട സ്റ്റേറ്റ് റിസോഴ്സ് അദ്ധ്യാപകരെ പരിശീലിപ്പിച്ചു ജില്ലകളിലേക്ക് പുനർ:വിന്യസിക്കുക, പരിശീലന പരിപാടികൾ പരിശീലന കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പു വരുത്തൽ.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വം ഉറപ്പാക്കൽ, പദ്ധതി വിഹിതം പാഴാക്കാതെ തനതു വർഷം തന്നെ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കൽ.

## 3. വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പരിപാടികൾ

(എ) റെമഡിയൽ കോച്ചിംഗ് (ബി) കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് (സി) ഫിനിഷിംഗ് സ്കൂളുകൾ

### ലക്ഷ്യം

സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുപയുക്തമായ വിവിധ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾ

### പദ്ധതി നിർവ്വഹണം

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പ്രിൻസിപ്പൾ, അദ്ധ്യാപകർ, കരിയർ മാസ്റ്റേഴ്സ് മുഖേന.

### ഫണ്ടിംഗ്

സംസ്ഥാന പദ്ധതി വിഹിതം

### പ്രവർത്തനങ്ങൾ

പഠനത്തിൽ പിന്നോക്കം നിൽക്കുന്നതും വിജയശതമാനം കുറഞ്ഞതുമായ സ്കൂളുകളിൽ റെമഡിയൽ കോച്ചിംഗ് നടത്തുക. അതുവഴി വിദ്യാഭ്യാസ നിലവാരം മെച്ച

പ്പെടുത്തുകയും വിജയശതമാനം വർദ്ധിപ്പിക്കുകയും ചെയ്യുക, തൊഴിലധിഷ്ഠിത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ മേഖലയെപ്പറ്റിയും വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കാനും തൊഴിലവസരങ്ങൾ കണ്ടെത്തുവാനും പ്രാപ്തരാക്കാൻ വേണ്ട ഗൈഡൻസും കൗൺസലിംഗ് ക്ലാസ്സുകൾ നടത്തുക. തൊഴിലധിഷ്ഠിത കോഴ്സുകൾ പാസ്സായി നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠന മേഖലയിൽ ഉണ്ടാവുന്ന നൂതന മാറ്റങ്ങൾ അറിയുവാനും പഠനം സമകാലികമാക്കുവാനും ഉതകത്തക്ക തരത്തിലുള്ള ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുക മുതലായവ.

### വകുപ്പിന്റെ പങ്ക്

വകുപ്പ് ഈ മേഖലയിൽ നടത്തി വരുന്ന തുടർ പദ്ധതികളാണിവ. യഥാസമയം പദ്ധതി വിഹിതം നിർവ്വഹണ ഉദ്യാഗസ്ഥരിൽ എത്തിക്കുകയും അക്കാദമിക് കലണ്ടർ പ്രകാരം മേൽപ്പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നേതൃത്വം വഹിക്കുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

മേൽപ്പറഞ്ഞ വ്യത്യസ്ത പരിപാടികൾ സ്കൂളുകളിൽ നടക്കുന്നത് ഏകോപിപ്പിക്കുവാൻ വകുപ്പും വകുപ്പിലെ ഉദ്യാഗസ്ഥരും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യാഗസ്ഥരും ജനപ്രതിനിധികളും സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രസ്തുത പരിപാടികൾ സ്കൂൾ കലണ്ടർ പ്രകാരം നിശ്ചിത സമയങ്ങളിൽ യഥാക്രമം നടക്കുന്നുവെന്നും പദ്ധതി പണം യഥോചിതം ഉപയോഗിക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

## 4. ഡയറക്ടറേറ്റും ഭരണ വിഭാഗവും നവീകരിക്കുക

ഡയറക്ടറേറ്റും പരീക്ഷാവിഭാഗവും ഏഴ് ജില്ലാതല ഓഫീസുകളും നവീകരിക്കുന്നതിനും ഉദ്യാഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും, കമ്പ്യൂട്ടർ, സെർവർ മുതലായവ വാങ്ങുക, ഓഫീസ് നവീകരണം എന്നിവയ്ക്കും പദ്ധതി ഇനത്തിൽ വക കൊള്ളിച്ചിട്ടുണ്ട്.

# ഇ. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

## 1. ഹയർ സെക്കണ്ടറി സ്കൂളുകൾ – അടിസ്ഥാന സൗകര്യ വികസനം

### ലക്ഷ്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

### ഗുണഭോക്താവ്

- സംസ്ഥാനത്തെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളും കുട്ടികളും.
- നിലവിൽ അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന സ്കൂളുകൾക്കും പിന്നോക്ക ജില്ലകളിലെ സ്കൂളുകളും
- അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകണം.

### സ്കീമിന്റെ നിർവ്വഹണം.

- നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടത്തുന്നത്.
- മറ്റ് അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച പ്രവർത്തനങ്ങൾ ഡയറക്ടർ നേരിട്ട് നടത്തുന്നു.

### ഫണ്ടിംഗ്

- നിർമ്മാണ പ്രവർത്തനങ്ങളുടെ ഫണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് വഴി നൽകുന്നു.
- സർക്കാരിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്കാണ് ഫണ്ട് നൽകുന്നത്.
- കേന്ദ്രാവിഷ്കൃതം, എൻ.ജി.ഒ മുതലായ ഫണ്ടുകൾ ഈ വകുപ്പിന് ഇപ്പോൾ ലഭിക്കുന്നില്ല.

### പ്രവർത്തനങ്ങൾ

- സ്കീം തയ്യാറാക്കൽ - ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ
- അനുമതി നൽകൽ - ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് /സർക്കാർ

- നിർവ്വഹണം നടത്തൽ - ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
- മോണിറ്ററിംഗ് - ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് /

## സംഘാടനം

PTA അദ്ധ്യാപക-രക്ഷാകർതൃസമിതി

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടത്തപ്പെടുന്നു. അദ്ധ്യാപക-രക്ഷാകർതൃസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ ചർച്ചയ്ക്ക് വിധേയമാക്കണം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥൻ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിൽ ചർച്ച ചെയ്യണം.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

ഡിപ്പാർട്ട്മെന്റ് വഴി ചെയ്യുന്ന പ്രവർത്തികളിലെ വിടവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി പരിഹരിക്കേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഈ വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.
- ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയായതിനാൽ ഇക്കാര്യത്തിന് കൂടുതൽ പ്രസക്തി ഉണ്ട്.
- സ്കൂൾ പി.ടി.എ യെ സജീവമായി പദ്ധതി നടത്തിപ്പുമായി സഹകരിപ്പിക്കുന്നത് അഴിമതി തടയാൻ സഹായിക്കും. പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനും ഇത് സഹായകമാണ്.

## 2. വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി

### ലക്ഷ്യങ്ങൾ

വിദ്യാർത്ഥികളുടെ പാഠ്യ, പാഠ്യേതര കഴിവുകൾ മെച്ചപ്പെടുത്തുക

### ഗുണഭോക്താവ്

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ

### നിർവ്വഹണം

ഹയർ സെക്കണ്ടറി ഡയറക്ടർ

### ഫണ്ടിംഗ്

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്/പ്രിൻസിപ്പാൾ

### പ്രവർത്തനങ്ങൾ

സ്കീം ഡയറക്ടർ തയ്യാറാക്കുന്നു. അനുമതി നൽകുന്നത് സർക്കാർ, നിർവ്വഹണവും മോണിറ്ററിംഗും ഡയറക്ടർ

### സംഘാടനം

അക്കാദമിക്, കരിയർ ഡവലപ്പ്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ, ഗ്രൂപ്പുകൾ വ്യക്തികൾ എന്നിവരുടെ സേവനം പദ്ധതി നടത്തിപ്പിന് പ്രയോജനപ്പെടുത്തുന്നു. ഉദാ. നാഷ്ണൽ റൂറൽ ഹെൽത്ത് മിഷൻ, മഹിളാ സമഖ്യ സൊസൈറ്റി, വിദഗ്ധർ.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകൽ. പി.ടി.എ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചയ്ക്ക് വിധേയമാക്കുക, വിദ്യാർത്ഥികളെ കണ്ടെത്തി സ്കീമിൽ ഉൾപ്പെടുത്തുക

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്തന്റെ ചുമതല

വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനവുമായി കൂടിയാലോചിക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി തയ്യാറാക്കുമ്പോൾ ഈ പദ്ധതികളുമായി വിദ്യാഭ്യാസ പ്രോജക്ടുകൾ ഏകോപിപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗുണനിലവാരം ഇടക്കിടെ തദ്ദേശഭരണ സ്ഥാപനം അവലോകനം ചെയ്യണം.

## 3. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

### ലക്ഷ്യങ്ങൾ

മിടുക്കരായ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക

### ഗുണഭോക്താവ്

സംസ്ഥാനത്തെ 12,000 ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ

### സ്കീമിന്റെ നിർവ്വഹണം

- ഹയർ സെക്കണ്ടറി വകുപ്പ്
- വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പ്
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

### ഫണ്ടിംഗ്

പ്രിൻസിപ്പൽമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

### പ്രവർത്തനങ്ങൾ

- അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ്, സ്കൂൾ പ്രിൻസിപ്പൽ, അദ്ധ്യാപകർ, പി.ടി.എ എന്നിവർ അടങ്ങുന്ന കമ്മിറ്റി തയ്യാറാക്കുന്നു.
- പ്രസ്തുത ലിസ്റ്റിൻ പ്രകാരം തുക പ്രിൻസിപ്പലിന് അലോട്ട് ചെയ്യുന്നു.
- എസ്.സി/എസ്.ടി കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ ജില്ലാ പഞ്ചായത്ത് വഴി വിതരണം ചെയ്യുന്നു. ( 1443 സ്കോളർഷിപ്പുകൾ - 1443X5000= 42,15,000/) യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ടവർ നൽകുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതക്കനുസരണമായി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതും തുക വിതരണം ചെയ്യുന്നതും ബന്ധപ്പെട്ട ജില്ലാ പഞ്ചായത്താണ്.

### വകുപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതക്കനുസരണമായി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതും തുക വിതരണം ചെയ്യുന്നതും ബന്ധപ്പെട്ട ജില്ലാ പഞ്ചായത്താണ്. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ/വാർഡ് സഭകളിൽ ചർച്ച ചെയ്യണം. അർഹതയുള്ളവർ എല്ലാം ഉൾപ്പെട്ടു എന്ന് ഉറപ്പു വരുത്തണം.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

ടി സ്കീം തദ്ദേശഭരണ സ്ഥാപനത്തിന്റെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്ന പ്രോജക്ടുകളുമായി ഏകോപിപ്പിക്കണം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- അർഹതയുള്ള കുട്ടികളെ സസൂക്ഷ്മം തെരഞ്ഞെടുക്കണം.
- സ്കാളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യണം.
- യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി നൽകണം.

## 4. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ

### ലക്ഷ്യങ്ങൾ

സംസ്ഥാനത്തെ ഹയർ സെകണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ച പ്പെടുത്തുക.

### ഗുണഭോക്താവ്

സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പൊതു സമൂഹം.

### സ്കീമിന്റെ നിർവ്വഹണം

വിദ്യാഭ്യാസ വകുപ്പ്/ സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി)

## ഫണ്ടിംഗ്

എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് ഫണ്ട് അലോട്ട് ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

സ്കീം എസ്.സി.ഇ.ആർ.ടി തയ്യാറാക്കുന്നു.

- അനുമതി - സർക്കാർ
- നിർവ്വഹണം - ഹയർ സെക്കണ്ടറി ഡയറക്ടർ /എസ്.സി.ഇ.ആർ.ടി
- മോണിറ്ററിംഗ് - ഹയർ സെക്കണ്ടറി ഡയറക്ടർ

## സംഘാടനം

ഹയർ സെക്കണ്ടറി ഡയറക്ടർ /എസ്.സി.ഇ.ആർ.ടി

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

വിദ്യാർത്ഥികളെ തെരഞ്ഞെടുക്കൽ, അവബോധം നൽകൽ, അർഹത പരിശോധിക്കൽ. അർഹതപ്പെട്ട എല്ലാവരും ഉൾപെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക. സ്റ്റാന്റിംഗ് കമ്മിറ്റി, തദ്ദേശഭരണ സ്ഥാപന കമ്മിറ്റി ലെവലിൽ ചർച്ച ചെയ്യുക.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിനുമുന്നിൽ കൊണ്ടു വരുക. ചർച്ച ചെയ്യുക.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വകുപ്പ് വഴിയുള്ള പദ്ധതിയുമായി വിദ്യാഭ്യാസ മേഖലയിലെ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടുകളുമായി ഏകോപിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതപ്പെട്ട എല്ലാവർക്കും ഗുണനിലവാരം ഉയർത്തിയതിന്റെ ഫലം കിട്ടി എന്ന് ഉറപ്പു വരുത്തണം.

# D. സാങ്കേതിക വിദ്യാഭ്യാസം.

## 1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടറേറ്റ് ഹെഡ് ഓഫീസും, റീജണൽ ഡയറക്ടറേറ്റുകളും, സാങ്കേതിക പരീക്ഷാ വിഭാഗം ഓഫീസും (പ്ലാൻ)

### ലക്ഷ്യങ്ങൾ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ഓഫീസ്, കോതമംഗലത്തും കോഴിക്കോട്ടുമുള്ള 2 സാങ്കേതിക വിദ്യാഭ്യാസ മേഖലാ കാര്യാലയങ്ങൾ, തിരുവനന്തപുരം കൈമനത്തു പ്രവർത്തിക്കുന്ന സാങ്കേതിക പരീക്ഷാകൺട്രോളർ ഓഫീസ് എന്നിവയാണ് ഈ സ്കീമിൽ ഉൾപ്പെടുന്നത്.

### ഗുണഭോക്താവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ മൊത്തം 200 സ്ഥാപനങ്ങളിലായി ഏകദേശം 5000 ജീവനക്കാരുണ്ട്. അതിൽ 200 പേർ ഡയറക്ടറേറ്റിലാണ് ജോലി നോക്കുന്നത്. ജീവനക്കാരുടെ നിയമനവും സർവീസ് സംബന്ധമായ കാര്യങ്ങളും, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, ബന്ധപ്പെട്ട കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുക, ബഡ്ജറ്റ് തയ്യാറാക്കുക തുടങ്ങിയവയാണ് ഇവിടത്തെ പ്രധാന ജോലികൾ. ഈ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥലമാറ്റം , സ്ഥാപനങ്ങളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുക, ബഡ്ജറ്റ് അലോക്കേഷൻ, പദ്ധതി ചെലവുകളുടെ നിരീക്ഷണം, അപ്രന്റീസുകളുടെ നിയമനം തുടങ്ങിയവ ഓൺലൈനായി ആണ് നടന്നുവരുന്നത്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ എറണാകുളം, തൃശ്ശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലെ സ്ഥാപനങ്ങൾ കോതമംഗലം മേഖലാ കാര്യാലയത്തിന്റെയും, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോഡ് ജില്ലകളിലെ സ്ഥാപനങ്ങൾ കോഴിക്കോട് മേഖലാ കാര്യാലയത്തിന്റെയും നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുള്ള പരീക്ഷാ വിഭാഗം 26 ശാഖകളായി 30000 വിദ്യാർത്ഥികൾക്ക് ഡിപ്ളോമാതല പരീക്ഷകളും, 5 ശാഖകളിലായി ഏകദേശം 900 വിദ്യാർത്ഥികൾക്കു മൾട്ടി പോയിന്റ് എൻട്രി ക്രെഡിറ്റ് സമ്പ്രദായം തുടങ്ങിയവയുൾപ്പെട്ട ഡിപ്ളോമാ പരീക്ഷകളും 15000 ത്തോളം വിദ്യാർത്ഥികൾക്കായി കെ.ജി.ടി.ഇ, പി.ജി.ഡി.സി.എ തുടങ്ങിയ മറ്റു പരീക്ഷകളും എല്ലാ വർഷവും നടത്തിവരുന്നുണ്ട്.

## സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ഓഫീസിന്റെ പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ നടക്കുന്നു. റീജണൽ ഡയറക്ടറേറ്റുകളുടെയും, സാങ്കേതിക പരീക്ഷാ വിഭാഗം ഓഫീസിന്റേയും പ്ലാൻ സ്കീമിന്റെ നിർവ്വഹണം യഥാക്രമം റീജണൽ ജോയിന്റ് ഡയറക്ടർമാരും സാങ്കേതിക പരീക്ഷാ വിഭാഗം ജോയിന്റ് കൺട്രോളറും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ നടക്കുന്നു.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വകയിരുത്തുന്ന തുക സാങ്കേതിക വിദ്യാഭ്യാസ മേഖലാ കാര്യാലയങ്ങളിലെ ജോയിന്റ് ഡയറക്ടർമാർക്കും സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളർക്കും ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ട് അലോട്ട്മെന്റ് കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

സാങ്കേതിക വിദ്യാഭ്യാസ മേഖലാ കാര്യാലയങ്ങളിലെ ജോയിന്റ് ഡയറക്ടർമാർ, സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളർ എന്നിവർ തയ്യാറാക്കുന്ന സ്കീം അനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അലോട്ട്മെന്റ് നൽകുകയും പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 2. സാങ്കേതികവിദ്യാഭ്യാസഡയറക്ടറേറ്റിലെജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ (പ്ലാൻ)

### ലക്ഷ്യങ്ങൾ

ഡയറക്ടറേറ്റിൽ നടപ്പിലാക്കുന്ന ഇ-ഗവേണൻസ്, ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം തുടങ്ങിയ പ്രോജക്ടുകളുടെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഐ.എം.ജി.യിലും, എഞ്ചിനീയറിംഗ് കോളേജുകളിലും മറ്റ് പ്രമുഖ പരിശീലന കേന്ദ്രങ്ങളിലുമായി പരിശീലനം നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ജീവനക്കാരുടെ ജോലിയുടെ സ്വഭാവമനുസരിച്ച് 4 തലങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള ചെലവുകൾ ഈ സ്കീമിൽ നിന്നാണ് വഹിക്കുന്നത്. 2013-14 വർഷത്തിൽ പദ്ധതിക്കായി 15 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

### ഗുണഭോക്താവ്

സാങ്കേതിക വിദ്യാഭ്യാസഡയറക്ടറേറ്റിലെ എല്ലാ വിഭാഗത്തിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകുന്നു.

### സ്കീമിന്റെ നിർവ്വഹണം

നിർവ്വഹണ ഏജൻസി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ്.

### പ്രവർത്തനങ്ങൾ

ജീവനക്കാരുടെ ജോലിയുടെ സ്വഭാവമനുസരിച്ച് 4 തലങ്ങളിൽ പരിശീലനം നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 3. കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരത്തിന്റെ വികസനം (പ്ലാൻ)

### ലക്ഷ്യങ്ങൾ

പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ അത്യാധുനിക ക്ലാസ്സ് മുറികൾ, ആവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായുള്ള പദാർത്ഥങ്ങൾ വാങ്ങുക, പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഗ്രൗണ്ടുകളും, ഇൻഡോർ സ്റ്റേഡിയം, ഫിറ്റ്നസ് സെന്റർ, ഡിജിറ്റൽ ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. കൂടാതെ ഡി. ഡി. എഫ്. എസ്സ്. സിസ്റ്റം കോളേജിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഗവേഷണത്തിനും കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

### ഗുണഭോക്താവ്

തിരുവനന്തപുരം സർക്കാർ എൻജിനീയറിംഗ് കോളേജിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന 4,000 ത്തോളം കുട്ടികൾക്ക് ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ (പ്ലാൻ)

### ലക്ഷ്യങ്ങൾ

തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ 8 ഡിഗ്രി കോഴ്സുകളിൽ 702 വിദ്യാർത്ഥികൾക്കും, 10 ബിരുദാനന്തര ബിരുദ കോഴ്സുകളിലായി 180 വിദ്യാർത്ഥികൾക്കും, എം. സി. എ കോഴ്സുകൾക്ക് 10 വിദ്യാർത്ഥികൾക്കും ഓരോ വർഷവും പ്രവേശനം നൽകുന്നു. പ്രസ്തുത സ്ഥാപനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ

ദേശീയ കൗൺസിൽ (എ. ഐ. സി റ്റി. ഇ), ക്യൂ. ഐ. പി കേന്ദ്രമാക്കി അംഗീകരിക്കുകയും, ഇന്ത്യ ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് കോളേജ് ഫാക്കൽറ്റികൾക്ക് എം. ടെക്, പി. എച്ച. ഡി തുടങ്ങിയ പഠനങ്ങൾ നടത്തുവാനും സ്ഥാപനം വഴി അവസരം ലഭിക്കുന്നു.പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളായ അത്യാധുനിക ക്ലാസ്സ് മുറികൾ, അത്യാവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങൾ, പരീക്ഷണശാലയിലേയ്ക്കാവശ്യമായ ഉപകരണങ്ങളും പദാർത്ഥങ്ങളും വാങ്ങുക, പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഗ്രൗണ്ടുകളും, ഇൻഡോർ സ്റ്റേഡിയം, ഫിറ്റ്നസ് സെന്റർ, ഡിജിറ്റൽ ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്. കൂടുതൽ ബിരുദാനന്തര ബിരുദ കോഴ്സുകളും റിസർച്ച് പ്രോഗ്രാമുകളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## ഗുണഭോക്താവ്

തൃശ്ശൂർ സർക്കാർ എൻജിനീയറിംഗ് കോളേജിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന 3,500 ൽ അധികം കുട്ടികൾക്ക് ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു

## സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

## പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

## സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ (പ്ലാൻ)

### ലക്ഷ്യങ്ങൾ

സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ 380 വിദ്യാർത്ഥികൾക്കും 4 ബിരുദാനന്തര ബിരുദ കോഴ്സുകളിലായി 72 വിദ്യാർത്ഥികൾക്കും ഓരോവർഷവും പ്രവേശനം നൽകി വരുന്ന ഈ സ്ഥാപനം 1986-ൽ ആരംഭിച്ചു. നിലവിലുള്ള ലബോറട്ടറി, വർക്ക് ഷോപ്പുകൾ, ഹോസ്റ്റലുകൾ എന്നിവ തീർത്തും അപര്യാപ്തമാണ്. കണ്ണൂർ എഞ്ചിനിയറിംഗ് കോളേജിലെ എല്ലാ ബിരുദ കോഴ്സുകൾക്കും അക്രഡിറ്റേഷൻ ലഭിക്കേണ്ടതുണ്ട്. അത്യാധുനിക സൗകര്യങ്ങളുള്ള ക്ലാസ്സ് മുറികൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ് വർക്ക് സ്ഥാപിക്കൽ, പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കായി പശ്ചാത്തല സൗകര്യങ്ങൾ ഇ-ജേർണലുകൾ, അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള ഐ.സി.റ്റി. പരിപാടികൾ എന്നിവയ്ക്കായി 2013-14 -ൽ 100 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ഗുണഭോക്താവ്

കണ്ണൂർ സർക്കാർ എൻജിനീയറിംഗ് കോളേജിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന 1,600 ൽ അധികം കുട്ടികൾക്ക് ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതല വന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 6. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം (പ്ലാൻ)

### ലക്ഷ്യങ്ങൾ

1991-ൽ സ്ഥാപിതമായ കോട്ടയം എഞ്ചിനിയറിംഗ് കോളേജ് പിൽക്കാലത്ത് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന് നാമകരണം ചെയ്യപ്പെടുകയുണ്ടായി. 5 വിഷയങ്ങളിൽ ബി.ടെക്.കോഴ്സുകളും, 4 വിഷയത്തിൽ എം.ടെക്. കോഴ്സും, കൂടാതെ എം.സി.എയും ഈ സ്ഥാപനം വഴി നടത്തി വരുന്നു. എഞ്ചിനീയറിംഗ് കോളേജ് ഫാക്കൽറ്റികൾക്ക് M. Tech - നും PhD യ്ക്കും പഠിയ്ക്കുന്നതിന് സൗകര്യമുള്ള QIP സെന്റർ ആയി AICTE ഈ കോളേജിനെ അംഗീകരിച്ചിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളുള്ള ക്ലാസ്സ് മുറികൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ് വർക്ക് സ്ഥാപിക്കൽ, പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്കായി പശ്ചാത്തല സൗകര്യങ്ങൾ ഇ-ജേർണലുകൾ, തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായാണ് തുക വകയിരുത്തിയിരിക്കുന്നത്.

### ഗുണഭോക്താവ്

കോട്ടയം സർക്കാർ എൻജിനീയറിംഗ് കോളേജിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന 1,600 ൽ അധികം കുട്ടികൾക്ക് ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 7. ഫൈൻ ആർട്ട്സ് കോളേജുകൾ (പ്ലാൻ)

### ലക്ഷ്യങ്ങൾ

തിരുവനന്തപുരത്തും, മാവേലിക്കരയിലും തൃശ്ശൂരിലും ഉള്ള ഫൈൻ ആർട്ട്സ് കോളേജുകളുടെ വികസനത്തിനാണ് ഈ സ്കീം. ആർട്ട് ഗ്യാലറികൾ സ്ഥാപിക്കുന്നതിനും, സ്റ്റുഡിയോ സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ലൈബ്രറി ദൃശ്യ-ശ്രാവ്യ സൗകര്യങ്ങളുടെ വികസനത്തിനും, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും, ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിനുമായി മൂന്നു ഫൈൻ ആർട്സ് കോളേജുകൾക്കുമായി ആണ് തുക വകയിരുത്തുന്നത്.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 3 ഫൈൻ ആർട്ട്സ് കോളേജുകളിലുമായി BFA, MFA കോഴ്സുകൾക്ക് പഠിക്കുന്ന 500 - ൽ അധികം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

പദ്ധതി നിർവ്വഹണം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരുവനന്തപുരത്തും, മാവേലിക്കരയിലും തൃശ്ശൂരിലും ഉള്ള ഫൈൻ ആർട്ട്സ് കോളേജുകളിലെ പ്രിൻസിപ്പൽമാർ നിർവഹിക്കുന്നു.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജുകൾക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതല വന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 8. പ്ലെയ്സ്മെന്റ് ആന്റ് ട്രെയിനിംഗ് (പ്ലാൻ)

### ലക്ഷ്യങ്ങൾ

സംസ്ഥാനത്ത് 153 എഞ്ചിനീയറിംഗ് കോളേജുകളും 64 പോളിടെക്നിക്കുകളും ഉണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന എഞ്ചിനീയറിംഗ് ഡിഗ്രിക്കാർക്കും, ഡിപ്ലോമക്കാർക്കും അപ്രന്റീസ് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കൽ തുടങ്ങിയവ കളമശ്ശേരിയിലുള്ള സൂപ്പർവൈസറി വികസന കേന്ദ്രമാണ് നിർവ്വഹിക്കുന്നത്. ഇത്തരത്തിൽ 350 ഉദ്യോഗാർത്ഥികൾക്ക് (300 ഡിപ്ലോമക്കാർക്കും 50 ഡിഗ്രിക്കാർക്കും) ട്രെയിനിംഗ് സൗകര്യം നൽകാനുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

### ഗുണഭോക്താവ്

1973 ലെയും 1986 ലെയും അപ്രന്റീസ് ആക്ട് പ്രകാരം എഞ്ചിനീയറിംഗ് ഡിഗ്രി, ഡിപ്ലോമ; എന്നീ കോഴ്സുകൾ പാസ്സാകുന്ന കുട്ടികളെ വിവിധ സ്ഥാപനങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും അപ്രന്റീസ് പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുക്കുന്നത് സൂപ്പർവൈസറി ഡവലപ്പ് സെന്റർ വഴിയാണ്. ഈ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ ഒരു പാനൽ ഉണ്ടാക്കി വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്നു.

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ കളമശ്ശേരിയിലുള്ള സൂപ്പർവൈസറി ഡവലപ്പ്മെന്റ് സെന്റർ അസിസ്റ്റന്റ് ഡയറക്ടർ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സൂപ്പർവൈസറി ഡവലപ്പ്മെന്റ് സെന്ററിന് അലോട്ടുമെന്റായി കൊടുക്കുന്നു.

## പ്രവർത്തനങ്ങൾ

അപ്രന്റീസ്ഷിപ്പ് പരിശീലനത്തിനായി സൂപ്പർവൈസറി ഡവലപ്പ്മെന്റ് സെന്ററിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ ഒരു പാനൽ ഉണ്ടാക്കി വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്നു. ഇതിനുള്ള വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കൽ തുടങ്ങിയവ സൂപ്പർവൈസറി വികസന കേന്ദ്രമാണ് നിർവ്വഹിക്കുന്നത്. തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ പരിശീലന കാലത്ത് ഡിപ്ലോമക്കാർക്ക് 2530 രൂപയും ഡിഗ്രിക്കാർക്ക് 3560 രൂപയും പ്രതിമാസ സ്റ്റൈപന്റായി നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനത്തിന് ജനങ്ങളെ വിദ്യാർത്ഥികളെ അറിയിക്കാം

# 9. ഫാക്കൽറ്റി ഡവലപ്പ്മെന്റ് (പ്ലാൻ)

## ലക്ഷ്യങ്ങൾ

എൻജിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിനായി ഫുൾടൈം എം. ടെക്/പി.എച്ച്.ഡി കോഴ്സ് സംഘടിപ്പിക്കുക, എൻജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ വഹിക്കുക, അദ്ധ്യാപകരുടെ യോഗങ്ങൾ നടത്തുക, എഞ്ചിനിയറിംഗ് കോളേജുകളിൽ സെമിനാറുകളും ഹ്രസ്വകാല കോഴ്സുകളും നടത്തുക എന്നീ ചെലവുകൾക്കായി 2013-14 വർഷത്തേയ്ക്ക് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഗുണഭോക്താവ്

എൻജിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്ക് കോളേജുകളിലെയും തെരഞ്ഞെടുത്ത അദ്ധ്യാപകർക്ക് എം. ടെക്/പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് ഈ സ്കീം മുഖേന സാധിക്കുന്നു. ഫാക്കൽറ്റികളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈ ഹെഡിൽ നിന്നാണ് വഹിക്കുന്നത്.

## സ്കീമിന്റെ നിർവ്വഹണം

നിർവ്വഹണ ഏജൻസി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ബന്ധപ്പെട്ടവർക്ക് അവബോധം നൽകുക

## 10. ജനറൽ പോളിടെക്നിക്ക് (പ്ലാൻ)

### ലക്ഷ്യങ്ങൾ

സംസ്ഥാനത്ത് ആകെയുള്ള 43 സർക്കാർ പോളിടെക്നിക്കുകളിൽ 27 എണ്ണം ജനറൽ പോളിടെക്നിക്ക് ഗ്രൂപ്പിൽ വരുന്നു. ഇവയിൽ പലതും വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും 27 പോളിടെക്നിക്കുകളിലും മെഷിനറികളും ഉപകരണങ്ങളും ഫർണിച്ചറുകളും ലബോറട്ടറി ഉപകരണങ്ങളും, ലബോറട്ടറികൾക്കാവശ്യമായ പദാർത്ഥങ്ങളും വാങ്ങുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള പോളിടെക്നിക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോളിടെക്നികൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ, മെഷിനറികളും ഫർണീച്ചറുകളും, ലൈബ്രറി പുസ്തകങ്ങളും വാങ്ങുക എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 27 ജനറൽ പോളിടെക്നിക്കുകളിൽ പഠിക്കുന്ന 20,000 ൽ അധികം കുട്ടികൾക്ക് ഡിപ്ലോമ തലത്തിൽ ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പോളിടെക്നിക്ക് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി

ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 11. വനിതാ പോളിടെക്നിക്ക് (പ്ലാൻ)

### ലക്ഷ്യങ്ങൾ

സംസ്ഥാനത്ത് ആകെയുള്ള 43 സർക്കാർ പോളിടെക്നിക്കുകളിൽ 7 എണ്ണം വനിതാ പോളിടെക്നിക്ക് ഗ്രൂപ്പിൽ വരുന്നു. ഇവയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും 7 പോളിടെക്നിക്കുകളിലും മെഷിനറികളും ഉപകരണങ്ങളും ഫർണിച്ചറുകളും ലബോറട്ടറി ഉപകരണങ്ങളും, ലബോറട്ടറികൾക്കാവശ്യമായ പദാർത്ഥങ്ങളും വാങ്ങുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള പോളിടെക്നിക്കുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ, മെഷിനറികളും ഫർണീച്ചറുകളും, ലൈബ്രറി പുസ്തകങ്ങളും വാങ്ങുക എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. വൈദ്യുതീകരണം, കായിക പരിശീലന സൗകര്യങ്ങൾ സജ്ജീകരിക്കുക എന്നിവയും അവശ്യം വേണ്ടതാണ്.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 7 വനിതാ പോളിടെക്നിക്കുകളിൽ പഠിക്കുന്ന 4,200 ൽ അധികം കുട്ടികൾക്ക് ഡിപ്ലോമ തലത്തിൽ ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പോളിടെക്നിക്ക് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 12. അപ്ഗ്രേഡഡ് പോളിടെക്നിക്ക് (പ്ലാൻ)

### ലക്ഷ്യങ്ങൾ

സംസ്ഥാനത്ത് ആകെയുള്ള 43 സർക്കാർ പോളിടെക്നിക്കുകളിൽ 9 എണ്ണം അപ്ഗ്രേഡഡ് പോളിടെക്നിക്ക് ഗ്രൂപ്പിൽ വരുന്നു. ഇവയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും 9 പോളിടെക്നിക്കുകളിലും മെഷിനറികളും ഉപകരണങ്ങളും ഫർണിച്ചറുകളും ലബോറട്ടറി ഉപകരണങ്ങളും, ലബോറട്ടറികൾക്കാവശ്യമായ പദാർത്ഥങ്ങളും വാങ്ങുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള പോളിടെക്നിക്കുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ, മെഷിനറികളും ഫർണീച്ചറുകളും, ലൈബ്രറി പുസ്തകങ്ങളും വാങ്ങുക എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു. വൈദ്യുതീകരണം, കായിക പരിശീലന സൗകര്യങ്ങൾ സജ്ജീകരിക്കുക എന്നിവയും അവശ്യം വേണ്ടതാണ്.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 9 അപ്ഗ്രേഡഡ് പോളിടെക്നിക്കുകളിൽ പഠിക്കുന്ന 5,100 ൽ അധികം കുട്ടികൾക്ക് ഡിപ്ലോമ തലത്തിൽ ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു

## സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പോളിടെക്നിക്ക് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 13. മറ്റു എൻജിനീയറിംഗ് കോളേജുകളുടെ വികസനം (പ്ലാൻ)

### ലക്ഷ്യങ്ങൾ

ഇടുക്കി, വയനാട്, കോഴിക്കോട്, ബാർട്ടൺഹിൽ (തിരുവനന്തപുരം), ശ്രീകൃഷ്ണപുരം (പാലക്കാട്) എന്നീ 5 എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനാണ് ഈ വിഹിതം. ഈ എഞ്ചിനീയറിംഗ് കോളേജുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും മെഷിനറികളും ഉപകരണങ്ങളും ഫർണിച്ചറുകളും ലബോറട്ടറി ഉപകരണങ്ങളും, ലബോറട്ടറികൾക്കാവശ്യമായ പദാർത്ഥങ്ങളും വാങ്ങുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. ഈ കോളേജുകളെ സ്വയം പര്യാപ്തമായ ക്യാമ്പസ്സുകളാക്കി മാറ്റേണ്ടതുണ്ട്.

### ഗുണഭോക്താവ്

മേൽ വിവരിച്ച 5 എൻജിനീയറിംഗ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന 5,400 ൽ അധികം കുട്ടികൾക്ക് ഗുണ നിലവാരമുള്ള എഞ്ചിനിയറിംഗ് വിദ്യാഭ്യാസം ലഭിക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 14. ഇൻഡസ്ട്രി – ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ (പ്ലാൻ)

### ലക്ഷ്യങ്ങൾ

വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ട് ആധുനിക സാങ്കേതിക വിദ്യയിലൂടെ എഞ്ചിനിയറിംഗ്/പോളിടെക്നിക് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. വിവിധ വ്യവസായ സ്ഥാപനങ്ങളിൽ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നു. ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജുകളിൽ നടപ്പിലാക്കി

വരുന്ന വിസിറ്റിംഗ് ഫാക്കൽട്ടി പരിപാടി അനുസരിച്ച് ഗവൺമെന്റ്, എയ്ഡഡ് എഞ്ചിനിയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ, ഗവൺമെന്റ് മേഖലയിലെ പ്രൊഫഷണലുകൾ, അക്കാദമിക് വിദഗ്ദ്ധർ, വ്യവസായ മേഖലയിൽ നിന്നുള്ള വിദഗ്ദ്ധർ എന്നിവർ 4 ആഴ്ചക്കാലം വരെ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജുകളിൽ വിസിറ്റിംഗ് ഫാക്കൽട്ടി ആയി പ്രവർത്തിക്കും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വ്യാവസായിക പരിശീലനം നൽകുക, ഫാക്കൽറ്റി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇവയും നടപ്പിലാക്കും. സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലെയും, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും ഗുണമേന്മയുള്ള പരിശീലനം നൽകുന്നതിന് 2013-14-ൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ഗുണഭോക്താവ്

സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും വിദ്യാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിന് ഈ സ്കീം ലക്ഷ്യമിടുന്നു.

## സ്കീമിന്റെ നിർവ്വഹണം

എഞ്ചിനീയറിംഗ് കോളേജ് സ്ട്രീമിൽ ഉൾപ്പെട്ട ഒരു ജോയിന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ ആണ് ഈ സ്കീമിന്റെ പ്രവർത്തനം നടക്കുന്നത്.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിസിറ്റിങ്ങ് ഫാക്കൽറ്റി സ്കീം തുടങ്ങിയ കോഴ്സുകൾ നടത്തുന്നതിനായി സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്ക് അലോട്ട്മെന്റായി നൽകുന്നു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്കീമിനെക്കുറിച്ച് ബന്ധപ്പെട്ടവർക്ക് അവബോധം നൽകാം

# 15. സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ (പ്ലാൻ)

## ലക്ഷ്യങ്ങൾ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ പല ടെക്നിക്കൽ ഹൈസ്കൂളുകളും

യാതൊരുവിധ സൗകര്യങ്ങളും ഇല്ലാതെ താൽക്കാലിക ഷെഡുകളിൽ പ്രവർത്തിക്കുന്നവയുമാണ്. ചില ടെക്നിക്കൽ ഹൈസ്കൂളുകൾക്ക് സ്വന്തമായി ഭൂമിയില്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുമാണ്. സ്ഥിരം കെട്ടിടങ്ങളുടെ നിർമ്മാണവും മുൻഗണന നൽകി നടപ്പിലാക്കേണ്ട പ്രവർത്തികളാണ്.പുതുക്കിയ പാഠ്യക്രമത്തിനനുസൃതമായി കമ്പ്യൂട്ടർ വാങ്ങുകയും ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. 2013-14 വർഷത്തിൽ പദ്ധതിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ഗുണഭോക്താവ്

സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളിലായി പഠിക്കുന്ന 7500 – ൽ അധികം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

പദ്ധതി നിർവ്വഹണം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളിലെ സൂപ്രണ്ട്മാർ ആണ് നടത്തുന്നത്

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജുകൾക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

## പ്രവർത്തനങ്ങൾ

ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ ടെക്നിക്കൽ ഹൈസ്കൂളിലെ അദ്ധ്യാപകരുമായി ആലോചിച്ച് സൂപ്രണ്ട്മാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

## സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് സ്കൂൾ സൂപ്രണ്ട്മാർക്ക് ഡയറക്ടർ ഫണ്ട് അലോട്ടുചെയ്യുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 16. കളമശ്ശേരി കരിക്കുലം ഡവലപ്മെന്റ് സെന്ററിന്റെ വികസനം (മാനവശേഷി വികസനം) (പ്ലാൻ)

### ലക്ഷ്യങ്ങൾ

ത്രിവൽസര എഞ്ചിനിയറിംഗ് ഡിപ്ലോമ കോഴ്സുകളുടെ വിവിധ എഞ്ചിനിയറിംഗ് ബ്രാഞ്ചുകളിലേയും ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിവിധ എഞ്ചിനിയറിംഗ് ട്രേഡുകളിലെയും സിലബസ് പരിഷ്ക്കരണവും, കരിക്കുലം വികസനവും ഇതിനായി രൂപം കൊടുത്ത കളമശ്ശേരിയിലെ സെന്ററിൽ നടപ്പാക്കി വരുന്നു.

### ഗുണഭോക്താവ്

സംസ്ഥാനത്തെ പോളിടെക്നിക്കുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവയുടെ സിലബസ് പരിഷ്ക്കരണവും, കരിക്കുലം വികസനവും ഈ സ്ഥാപനത്തിൽ നടക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

നിർവ്വഹണ ഏജൻസി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ്

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഈ സ്ഥാപനത്തിന് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

2013-14 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

- കരിക്കുലം റിവിഷൻ ഫാക്കൽറ്റി വികസനം, അക്കാഡമിക്ക് മോണിറ്ററിംഗ് എന്നിവ നടത്തുക.
- ഓൺലൈൻ വൈബ്സൈറ്റ് വഴി പോളിടെക്നിക്കുകളിൽ പ്രവേശനം നടത്തുക.
- അദ്ധ്യാപക, പാഠ്യപദ്ധതിയിലെ വസ്തുനിഷ്ഠമായ പാഠ്യ വസ്തുക്കളുടെ വികസനം.
- സെമിനാറുകൾ, വർക്ക്ഷോപ്പുകൾ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തുക, കമ്പ്യൂട്ടർ വാങ്ങുക, പരിശീലകർക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 17. എഞ്ചിനീയറിംഗ് ഗവേഷണത്തിനും വികസനത്തിനുമായുള്ള സെന്റർ (എഞ്ചിനീയറിംഗ് റിസർച്ച് & ഡവലപ്പ്മെന്റ് - CERD) (പ്ലാൻ)

### ലക്ഷ്യങ്ങൾ

കേരളത്തിലെ എഞ്ചിനിയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്.

### ഗുണഭോക്താവ്

നൂതന മേഖലകളിലെ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും, ശക്തിപ്പെടുത്താനും, എഞ്ചിനിയറിംഗ് കോളേജുകളിലെ ഗവേഷണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒരു ഏജൻസിയായി സെന്റർ പ്രവർത്തിക്കുന്നു. എഞ്ചിനിയറിംഗിലെ അടിസ്ഥാന ഗവേഷണത്തിലും, ഉന്നത ഗവേഷണത്തിലും, സെന്റർ ശ്രദ്ധ പതിപ്പിക്കും. ടെക്നോളജിക്കൽ കോൺഗ്രസ്സ്, 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി അംഗങ്ങൾക്ക് ഗവേഷണത്തിനായുള്ള ഗ്രാന്റ് വിതരണം, ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം, ഏറ്റവും നല്ല വാർഷിക ഗവേഷകർക്കുള്ള അവാർഡ്, പേപ്പർ പബ്ലിക്കേഷനുള്ള പാരിതോഷികം, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക മുതലായവയാണ് സെന്റർ 2013-14 ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ. ഇതിനായി 147 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### സ്കീമിന്റെ നിർവ്വഹണം

തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പലിന്റെ മേൽനോട്ടത്തിൽ CERD ന്റെ ഡയറക്ടർ പദ്ധതി നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ CERD ന് അലോട്ടുമെന്റായി കൊടുക്കുന്നു.

## പ്രവർത്തനങ്ങൾ

9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി അംഗങ്ങൾക്ക് ഗവേഷണത്തിനായുള്ള ഗ്രാന്റ് വിതരണം, ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം, ഏറ്റവും നല്ല വാർഷിക ഗവേഷകർക്കുള്ള അവാർഡ്, പേപ്പർ പബ്ലിക്കേഷനുള്ള പാരിതോഷികം, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക മുതലായവയാണ് പ്രധാന പരിപാടികൾ.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ടവർക്ക് സ്കീമിനെക്കുറിച്ച് അവബോധം നൽകാം

# 18. പോളിടെക്നിക്കുകളിലെ ഫിനിഷിംഗ് സ്കൂളുകൾ (പ്ലാൻ)

## ലക്ഷ്യങ്ങൾ

വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിഷയങ്ങളിലും, സോഫ്ട് സ്കിൽ വികസനത്തിലും വ്യക്തിത്വ വികസനത്തിനും പരിശീലനം നൽകുക എന്നതാണ് ഫിനിഷിംഗ് സ്കൂൾ കൊണ്ട് ലക്ഷ്യമിടുന്നത്.

## ഗുണഭോക്താവ്

സംസ്ഥാനത്ത് 43 സർക്കാർ പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂളുകൾ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.

## സ്കീമിന്റെ നിർവ്വഹണം

നിർവ്വഹണ ഏജൻസി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ്.

## ഫണ്ടിംഗ്

പോളിടെക്നിക്കുകളിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ തുക, പ്രിൻസിപ്പൽമാർക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അലോട്ടുമെന്റായി കൊടുക്കുന്നു.

## പ്രവർത്തനങ്ങൾ

ഫിനിഷിംഗ് സ്കൂളുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മാർഗ്ഗരേഖ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനനുസരിച്ച് അനുയോജ്യ

മായ ക്ലാസ്സുകൾ ഫിനിഷിംഗ് സ്കൂളുകൾ വഴി പോളിടെക്നിക്ക് പ്രിൻസിപ്പൽമാർ നടത്തുന്നു.

### സംഘാടനം

ക്ലാസ്സുകൾ നടത്തുന്നതിന് ആവശ്യാനുസരണം പ്രിൻസിപ്പൽമാർക്ക് ഡയറക്ടറേറ്റിൽ നിന്ന് ഫണ്ട് അനുവദിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ടവർക്ക് സ്കീമിനെക്കുറിച്ച് അവബോധം നൽകാം.

## 19. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും കായിക വിദ്യാഭ്യാസ വികസനം (പ്ലാൻ)

### ലക്ഷ്യങ്ങൾ

മിക്ക എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ഉൾപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ആയതിനാൽ കായികമത്സരങ്ങളോ കായികക്ഷമതാ സെന്ററുകളോ പ്രാപ്യമല്ലാത്ത അവസ്ഥയാണുള്ളത്. സ്റ്റേഡിയം നിർമ്മാണം, സ്വിമ്മിംഗ് പൂൾ, ആധുനിക ഫിറ്റ്നസ് സെന്ററുകളുടെ നിർമ്മാണം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കായിക മത്സര ഉപകരണങ്ങൾ വാങ്ങുന്നതിനും പദ്ധതി തുക വിനിയോഗിക്കുന്നതാണ്. 2013-14 വർഷത്തിൽ 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 43 സർക്കാർ പോളിടെക്നിക്കുകളിലും പഠിക്കുന്ന കുട്ടികൾക്ക് കായിക വിദ്യാഭ്യാസവും കായിക പരിശീലനവും ലഭിക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എഞ്ചിനീയ

റിംഗ് കോളേജ്, പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കായിക വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, കായിക വിദ്യാഭ്യാസ സംബന്ധമായ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ കോളേജുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ വിദഗ്ദ്ധരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ടവർക്ക് സ്കീമിനെക്കുറിച്ച് അവബോധം നൽകാം

## 20. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും വിവര സാങ്കേതികവിദ്യാ വികസനം (പ്ലാൻ)

എഞ്ചിനിയറിംഗ് വിദ്യാഭ്യാസം മെച്ചപ്പെട്ടതാക്കാൻ വിവര സാങ്കേതിക വിദ്യ ഏറെ പ്രയോജനപ്പെടുത്തി അത്യാധുനിക ഉപകരണങ്ങളോടുകൂടിയ ഡിജിറ്റൽ ക്ലാസ്സ് മുറികൾ, ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, ക്യാമ്പസ് നെറ്റ് വർക്കിംഗ്, ഓൺലൈൻ കോഴ്സ് മാനേജുമെന്റ് സിസ്റ്റം എന്നീ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ സർക്കാർ എഞ്ചിനിയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും സജ്ജീകരിക്കുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 43 സർക്കാർ പോളിടെക്നിക്കുകളിലും പഠിക്കുന്ന കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു

### സ്കീമിന്റെ നിർവ്വഹണം

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

ഡിജിറ്റൽ ക്ലാസ്സ് മുറികൾ, ഡിജിറ്റൽ ലൈബ്രറികൾ, ഡിജിറ്റൽ ഫാക്കൽറ്റി മുറികൾ, ക്യാമ്പസ് നെറ്റ് വർക്കിംഗ്, ഓൺലൈൻ കോഴ്സ് മാനേജുമെന്റ് സിസ്റ്റം എന്നിവയ്ക്കാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 21. കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കൽ (കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി - KTU) (പ്ലാൻ)

### ലക്ഷ്യങ്ങൾ

എഞ്ചിനീയറിംഗിലും, സാങ്കേതിക വിദ്യയിലുമായി ബിരുദതലത്തിൽ പഠിക്കുന്നവരുടെയും ബിരുദധാരികളുടെയും ഗവേഷണ പരിപാടികളുടെയും വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നതാണ് സാങ്കേതിക സർവ്വകലാശാല കൊണ്ട് ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

നിലവിൽ കേരളത്തിൽ 153-ൽ പരം എഞ്ചിനീയറിംഗ് കോളേജുകളും, ഒരു എൻ. ഐ. റ്റി. യും ഉണ്ട്. അതിൽ മൊത്തം 45000 ൽ അധികം പേർ പ്രവേശനം നേടുന്നുമുണ്ട്. ഈ കോളേജുകളെല്ലാം തന്നെ കേരളത്തിലെ 5 സർവ്വകലാശാലകളുടെ കീഴിൽ പ്രവർത്തിക്കുന്നവയാണ്. ഈ സർവ്വകലാശാലകളെല്ലാം തന്നെ ഭരണ കാര

ൃങ്ങളിൽ ഉദ്യോഗസ്ഥ മേധാവിത്വത്തോടുകൂടിയുള്ളവയും ഇത് സാങ്കേതിക വിദ്യാഭ്യാസ നിർവ്വഹണത്തിന് വൈരുദ്ധ്യമായ സമീപനമുളവാക്കുന്നവയുമാണ്. ഇത്തരം പോരായ്മകൾ പരിഹരിക്കുകയും മുഖച്ഛായയിൽ സമാനതകളില്ലാത്തതും ആയ ഒരു മാതൃകാ സർവ്വകലാശാലസ്ഥാപിക്കുന്നതുവഴി സാങ്കേതിക വിദ്യാഭ്യാസത്തിന് അനുകൂലമായ അന്തരീക്ഷം കേരളത്തിൽ സംജാതമാവുന്നതാണ്.

## സ്കീമിന്റെ നിർവ്വഹണം

നിർവ്വഹണ ഏജൻസി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ്.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചെലവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതാണ്.

## തദ്ദേശ രണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

# 22. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസെർച്ച് സെന്റർ (റ്റി. ആർ. സി) (പ്ലാൻ)

## ലക്ഷ്യങ്ങൾ

സാങ്കേതിക വിദ്യാഭ്യാസത്തിനും, ഗവേഷണത്തിനും, ട്രാൻസ്പോർട്ടേഷനിലുള്ള അറിവുകൾ വ്യാപിപ്പിക്കുന്നതിനും അതുവഴി ട്രാൻസ്പോർട്ടേഷൻ അവലംബിക്കുന്ന ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും കൂടുതൽ സൗകര്യമുള്ള ലാബുകൾ സജ്ജമാക്കുന്നതിനും പഠനസഹായികൾ ലഭ്യമാക്കുന്നതിനും ആണ്.

### റ്റി. ആർ. സി. യുടെ ലക്ഷ്യങ്ങൾ താഴെ വിവരിക്കുന്നവയാണ്

- ഹൈവെകളുമായി ബന്ധപ്പെടുത്തിയുള്ള ഗവേഷണം സംഘടിപ്പിക്കുക.
- നാഗരിക വാഹന ആസൂത്രണത്തിലുള്ള പരിശീലനവും, ഗവേഷണസൗകര്യ വികസനവും, പ്രാദേശിക തലത്തിൽ വിദഗ്ദ്ധ അഭിപ്രായം ആരായുന്നതിനുള്ള സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, എഞ്ചിനീയർമാർക്കുള്ള ഹ്രസ്വകാല കോഴ്സുകൾ ഗവേഷണ ഫലമായുണ്ടാകുന്ന ഉല്പന്നങ്ങൾ പ്രാവർത്തികമാക്കുന്നതിലേയ്ക്ക് വേണ്ടി പ്രഗത്ഭരായവർക്ക് അറിവുകൾ കൈമാറ്റം ചെയ്യുക, ട്രാൻസ്പോർട്ട് മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുക.

### ഗുണഭോക്താവ്

പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിക്കുകയും ട്രാൻസ്പോർട്ടേഷൻ രംഗത്തെ ഗവേഷണ ഫലമായി ഉണ്ടാകുന്ന ഉല്പന്നങ്ങൾ പ്രാവർത്തികമാക്കുന്നതിലേയ്ക്ക് വേണ്ടി പ്രഗത്ഭരായവർക്ക് അറിവുകൾ കൈമാറ്റം ചെയ്യുക, ട്രാൻസ്പോർട്ട് മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടാണ് റ്റി. ആർ. സി പ്രവർത്തിക്കുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുളള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുളള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

റ്റി. ആർ. സി. യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, റിസർച്ച് പ്രോഗ്രാമുകൾ ഇവ റ്റി. ആർ. സി. യുടെ മേധാവിയുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 23. എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികളുടെ ശാക്തീകരണം (പ്ലാൻ)

### ലക്ഷ്യങ്ങൾ

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികൾ നവീകരിക്കുക, ഡിജിറ്റലൈസ് ചെയ്യുക എന്നിവയാണ് ഈ പദ്ധതി

യിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ലൈബ്രറി മാനേജ്മെന്റ് സംവിധാനത്തെ അന്തർദേശീയ നിലവാരത്തിലേക്ക് വിപുലീകരിക്കുകയാണ് ഈ പദ്ധതി ചെയ്യുന്നത്. താഴെ പറയുന്ന മേഖലകളിലാണ് വികസനം സാധ്യമാകുന്നത്.

- എല്ലാ സ്ഥാപനങ്ങളിലെയും ലൈബ്രറി പുസ്തകങ്ങളെ ഡിജിറ്റൽ സംവിധാനത്തിൽ ആക്കുക.
- എല്ലാ മേഖലകളിലും ഓൺലൈൻ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക
- ലൈബ്രറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്വെയർ സംവിധാനം പ്രവർത്തികമാക്കുക.
- അന്താരാഷ്ട്ര ആനുകാലിക പ്രസിദ്ധീകരണങ്ങളായ ഐ. ഇ. ഇ. ഇ., എ. സി. എം. മുതലായവ ഓൺലൈൻ പഠനസഹായികളായി ലഭ്യമാക്കൽ.
- ഓൺലൈൻ വഴി ബുക്കുകൾ വാങ്ങുവാനും അത് രേഖപ്പെടുത്തുവാനുമുള്ള സൗകര്യം.
- ബുക്കുകൾ കണ്ടെത്താനുള്ള ഡിജിറ്റൽ സംവിധാനം.
- പുതിയ പുസ്തകങ്ങൾ വാങ്ങുക, ജേർണലുകൾ ഇ- ജേർണലുകൾ എന്നിവ ലഭ്യമാക്കുക.

## ഗുണഭോക്താവ്

സംസ്ഥാനത്തെ 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 43 സർക്കാർ പോളിടെക്നിക്കുകളിലും പഠിക്കുന്ന കുട്ടികൾക്ക് ഗുണനിലവാരമുള്ള ലൈബ്രറി സൗകര്യം ലഭ്യമാകുന്നു.

## സ്കീമിന്റെ നിർവ്വഹണം

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് പ്രിൻസിപ്പൽമാർക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികൾ നവീകരിക്കുന്നതിനാവശ്യമായ ഹാർഡ്‌വെയർ ഉപകരണങ്ങൾ സജ്ജമാക്കുക, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുക, പുതിയ പുസ്തകങ്ങൾ വാങ്ങുക, ജേർണലുകൾ ഇ- ജേർണലുകൾ എന്നിവ ലഭ്യമാക്കുക തുടങ്ങിയവയ്ക്കുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 24. എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ വിഭവകേന്ദ്രങ്ങൾ (എഡ്യൂക്കേഷണൽ റിസോഴ്സ് സെന്ററുകൾ) (പ്ലാൻ)

### ലക്ഷ്യങ്ങൾ

കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഡിജിറ്റൽ വിവരങ്ങൾ ശേഖരിക്കുക, സംഘടിപ്പിക്കുക, സൃഷ്ടിക്കുക എന്നിവയൊക്കെയാണ് നോളഡ്ജ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ സഹായത്തോടെ നടപ്പിലാക്കുന്നത്. കെ - ബെയ്സ് വിപുലീകരണം ഇ - ലേണിംഗിന്റെ ഭാഗമാണ്. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും കെ - ബെയ്സ് ഡിജിറ്റൽ സംവിധാനം വ്യാപിപ്പിക്കുക, എല്ലാ വിഷയങ്ങളിലെയും ഉള്ളടക്കം വികസിപ്പിക്കുക, ഗവേഷണ പദ്ധതികൾക്കുള്ള ഒരു കലവറ സൃഷ്ടിക്കുക, വിദഗ്ദ്ധപ്രഭാഷണങ്ങൾ അടങ്ങുന്ന വീഡിയോ കോൺഫറൻസിംഗ് സൗകര്യമൊരുക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

സംസ്ഥാനത്തെ 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാകുന്നു.

### സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ 9 സർക്കാർ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതല വന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 25. എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കുമുള്ള ഗവേഷണസ്കോളർഷിപ്പ് (പ്ലാൻ)

### ലക്ഷ്യങ്ങൾ

സ്പീഡ് -ഐ. റ്റി. പോലുള്ള റിസർച്ച് സ്കോളർഷിപ്പുകൾ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഏർപ്പെടുത്തുകയെന്നതാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഒരു മാസം ഒരു വിദ്യാർത്ഥിക്ക് 20,000 രൂപ നിരക്കിൽ പ്രോത്സാഹന തുകയായി പി. എച്ച്. ഡി. വിദ്യാർത്ഥികൾക്കും 6000 രൂപ നിരക്കിൽ എം. ടെക് വിദ്യാർത്ഥികൾക്കും നൽകുന്നതാണ്. ഗേറ്റ് സ്കോളർഷിപ്പുകൾ ഇല്ലാത്ത അർഹതയുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതാണ്. മെച്ചപ്പെട്ട ഗവേഷണ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

### ഗുണഭോക്താവ്

എല്ലാ കോളേജുകളിലെയും സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

## സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിലുള്ള ഒരു കമ്മിറ്റി ആണ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.

## ഫണ്ടിംഗ്

തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അതാതു പ്രിൻസിപ്പൽമാർ മുഖേന ലഭ്യമാക്കുന്നു

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

# 26. ഫാക്കൽറ്റിയുടെയും സ്റ്റാഫിന്റെയും പരിശീലന കേന്ദ്രങ്ങളുടെ വികസനം (പ്ലാൻ)

## ലക്ഷ്യങ്ങൾ

തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും രണ്ട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ വഴി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഫാക്കൽറ്റിക്കും സ്റ്റാഫിനും വേണ്ടിയുള്ള പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ സഹായത്തോടുകൂടി അദ്ധ്യാപകർക്ക് അവരവരുടെ വിഷയങ്ങളിലുള്ള അറിവിനെ വികസിപ്പിക്കുകയും കൂടാതെ ഈ - ഗവേണൻസിൽ സ്റ്റാഫിന് പരിശീലനം നല്കുകയും ചെയ്യുന്നതാണ്. ഈ പദ്ധതിയിലൂടെ വ്യക്തിഗത വികസനം, ഓഫീസിലെ നടപടി ക്രമങ്ങൾ, സേവന നിയമങ്ങളെക്കുറിച്ചുള്ള അറിവുകൾ എന്നിവ സാദ്ധ്യമാക്കപ്പെടുന്നു. 2013-14 വാർഷിക പദ്ധതിയിൽ 100 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി നീക്കിവച്ചിരിക്കുന്നു.

## ഗുണഭോക്താവ്

സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഫാക്കൽറ്റികൾക്കും സ്റ്റാഫിനും പരിശീലനം ലഭിക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടയുടെ മേൽനോട്ടത്തിൽ തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

കോളേജിലെ പരിശീലന കേന്ദ്രത്തിനാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതലവന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

### സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 27. വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (Scholar Support Programme) (പ്ലാൻ)

### ലക്ഷ്യങ്ങൾ

പട്ടികജാതി/പട്ടികവർഗ്ഗ സംവരണാനുപാതത്തിൽ പ്രവേശനം നേടിയ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ, 3 വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമ പാസ്സായശേഷം 3-ാം സെമസ്റ്റർ എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്ക് ലാറ്ററൽ എൻട്രി ടെസ്റ്റു പാസ്സായി പ്രവേശനം നേടി വരുന്ന വിദ്യാർത്ഥികൾ, ബൗദ്ധികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾ എന്നിവർക്കായി പ്രയാസമുള്ള വിഷയങ്ങളിൽ പ്രത്യേക കോച്ചിംഗ് നൽകി വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്.

### ഗുണഭോക്താവ്

ലാറ്ററൽ എൻട്രി ടെസ്റ്റു പാസ്സായി പ്രവേശനം നേടി വരുന്ന വിദ്യാർത്ഥികൾ, ബൗദ്ധികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾ എന്നിവർക്കായി പ്രയാസമുള്ള വിഷയങ്ങളിൽ പ്രത്യേക കോച്ചിംഗ് നൽകി അത്തരം

വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

പ്രത്യേക കോച്ചിങ്ങ് വേണ്ടതായ വിഷയങ്ങളിൽ കുട്ടികളുടെ ആവശ്യകത അനുസരിച്ച് അതാതു പ്രിൻസിപ്പൽമാർ കുട്ടികൾക്കായി സ്പെഷ്യൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

പ്രത്യേക കോച്ചിങ്ങ് നൽകേണ്ട വിഷയങ്ങൾ, കുട്ടികളുടെ എണ്ണം എന്നിവയുടെ വ്യത്യാസത്തിനനുസരിച്ച് പ്രിൻസിപ്പൽമാരുടെ അപേക്ഷ അനുസരിച്ച് ഡയറക്ടർ ഈ സ്കീമിനായി കോളേജുകൾക്ക് തുക അനുവദിക്കുന്നു.

## സംഘാടനം

ക്ലാസ്സുകൾ നടത്തുന്നതിന് ആവശ്യാനുസരണം പ്രിൻസിപ്പൽമാർക്ക് ഡയറക്ടറേറ്റിൽ നിന്ന് ഫണ്ട് അനുവദിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

# 28. രണ്ട് കോളേജുകളിലെ ക്യൂ. ഐ. പി. കേന്ദ്രങ്ങൾ (പ്ലാൻ)

## ലക്ഷ്യങ്ങൾ

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റികൾക്ക് പി. എച്ച്. ഡി. പ്രോഗ്രാം ചെയ്യുന്നതിനായി തിരുവനന്തപുരത്തേയും, തൃശ്ശൂരിലേയും എഞ്ചിനീയറിംഗ് കോളേജുകളെയും കോട്ടയം ആർ. ഐ. റ്റി. യെയും ക്വാളിറ്റി ഇംപ്രൂവ്മെന്റ് (ക്യൂ. ഐ. പി.) സെന്ററുകളായി എ. ഐ. സി. റ്റി. ഇ., യിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2013-14 അധ്യയന വർഷത്തിൽ 3 കോളേജുകളും കൂടി 34 ഫാക്കൽറ്റികൾക്ക് പി. എച്ച്. ഡി. ചെയ്യാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ക്യൂ. ഐ. പി. സെന്ററുകൾക്ക് വേണ്ടിയുള്ള ലബോറട്ടറിയുടെ ആധുനീകരണം, ലൈബ്രറി സൗകര്യങ്ങൾ, ക്യൂ. ഐ. പി. ഗവേഷണ വിദ്യാർത്ഥികൾക്കുവേണ്ടി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കാൻ 2012-13- ൽ ലക്ഷ്യമിടുന്നു. 2013-14 വാർഷിക പദ്ധതിയിൽ 200 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്നു.

## ഗുണഭോക്താവ്

തിരുവനന്തപുരത്തേയും, തൃശ്ശൂരിലേയും എഞ്ചിനീയറിംഗ് കോളേജുകളിലും കോട്ടയം ആർ. ഐ. റ്റി. യിലുമായി ഓരോ വർഷവും എഞ്ചിനീയറിംഗ് കോളേജുകളിലെ 20 ഫാക്കൽറ്റികൾക്ക് പി. എച്ച്. ഡി. പ്രോഗ്രാം ചെയ്യുന്നതിന് അവസരം ലഭിക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

ഓരോ ശാഖയ്ക്കും 2 അദ്ധ്യാപകർ എന്ന നിലയിൽ സി. ഇ. റ്റി. യിൽ ക്യൂ. ഐ. പി. പദ്ധതികൾ അനുവദിച്ച 4 ശാഖകൾ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്) ഉണ്ട്. ഓരോ ശാഖയ്ക്കും 2 അദ്ധ്യാപകർ എന്ന നിലയിൽ തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ ക്യൂ. ഐ. പി. കേന്ദ്രം 3 ശാഖകൾ അനുവദിച്ചിട്ടുണ്ട്. ക്യൂ. ഐ. പി. കേന്ദ്രമായി എ. ഐ. സി. റ്റി. ഇ. അംഗീകരിച്ചിട്ടുണ്ട്. കോട്ടയം ആർ. ഐ. റ്റി. യിൽ 2 അദ്ധ്യാപകർ എന്ന നിലയിൽ 6 അദ്ധ്യാപകർക്ക് ഗവേഷണം നടത്താനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മേൽ വിവരിച്ച 3 എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽമാർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

## പ്രവർത്തനങ്ങൾ

കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ മെഷീനറികൾ, ഉപകരണങ്ങൾ, പഠന സാമഗ്രികൾ ഇവ കോളേജിലെ വിവിധ വകുപ്പുതല വന്മാരുമായി ആലോചിച്ച് പ്രിൻസിപ്പൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു.

## സംഘാടനം

പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 29. വിദഗ്ദ്ധ കഴിവ് നേടുന്ന പദ്ധതി (അധിക വൈദഗ്ദ്ധ്യം ആർജിക്കുന്നതിനുള്ള പദ്ധതി – ASAP (പ്ലാൻ)

### ലക്ഷ്യങ്ങൾ

വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോക്കിന് ഇരയാകുന്നവർക്കും, ആർട്സ്-സയൻസ് കോളേജുകളിൽ നിന്നും ജയിച്ചു നിൽക്കുന്നവരും ഉൾപ്പെടെ എല്ലാ സമുദായങ്ങളിലും ഉൾപ്പെട്ടതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുമായി മാസംതോറുമുള്ള സ്റ്റയ്പന്റോടുകൂടി എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, തിരഞ്ഞെടുക്കപ്പെട്ട സാങ്കേതിക സ്കൂളുകൾ എന്നിവ മുഖേന തൊഴിലധിഷ്ഠിത പരിശീലനം നൽകുന്ന പദ്ധതിയാണിത്. എഞ്ചിനീയറിംഗ് കോളേജുകളിലൂടെ സെക്കന്ററി വിദ്യാർത്ഥികൾക്കായുള്ള ഔട്ട് റീച്ച് പരിപാടികളും നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കണക്കിലെ കഴിവ് വികസിപ്പിച്ചുകൊണ്ട് എഞ്ചിനീയറിംഗ് കരിയർ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള നിരന്തര കോഴ്സുകൾ സെക്കന്ററി വിദ്യാർത്ഥികൾക്ക് വേണ്ടി പ്രസ്തുത പരിപാടിവഴി സംഘടിപ്പിക്കുന്നുണ്ട്. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ നൽകുകയും മാസന്തോറുമുള്ള സ്റ്റയിപന്റ് റൂൾകിറ്റ് മുതലായവയും നൽകുന്നു. ഫാക്കൽറ്റികൾക്ക് വേതനം നൽകാനും തുക ഉപയോഗിക്കുന്നതാണ്. 2013-14 വർഷത്തിൽ 10.50 ലക്ഷം രൂപ വകയിരുത്തുന്നു.

### ഗുണഭോക്താവ്

വിദ്യാഭ്യാസം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോക്കിന് ഇരയാകുന്നവർക്കും, ആർട്സ്-സയൻസ് കോളേജുകളിൽ നിന്നും ജയിച്ചു നിൽക്കുന്നവരും ഉൾപ്പെടെ എല്ലാ സമുദായങ്ങളിലും ഉൾപ്പെട്ടതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിഭാഗക്കാർക്ക് ഈ സ്കിമിന്റെ പ്രയോജനം ലഭിക്കുന്നു.

### സ്കീമിന്റെ നിർവ്വഹണം

എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, തിരഞ്ഞെടുക്കപ്പെട്ട സാങ്കേതിക സ്കൂളുകൾ എന്നിവിടങ്ങളിലെ മേലധികാരികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നു.

### ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മേൽവിവരിച്ച സ്ഥാപന മേലധികാരികൾക്ക് അലോട്ടുമെന്റായി കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതും, സെക്കന്ററി വിദ്യാർത്ഥികൾക്ക് കണക്കിലെ കഴിവ് വികസിപ്പിച്ചുകൊണ്ട് എഞ്ചിനീയറിംഗ് കരിയർ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള നിരന്തര പരിശീലനം നൽകുന്നതും ഈ സ്കീമിന്റെ പ്രധാന പ്രവർത്തനങ്ങൾ ആണ്.

### സംഘാടനം

ക്ലാസ്സുകൾ നടത്തുന്നതിന് ആവശ്യാനുസരണം പ്രിൻസിപ്പൽമാർക്ക് ഡയറക്ടറേറ്റിൽ നിന്ന് ഫണ്ട് അനുവദിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

## 30. കേരളത്തിൽ പുതിയ ഐ. ഐ. റ്റി. (പ്ലാൻ)

### ലക്ഷ്യങ്ങൾ

പാലക്കാട് ജില്ലയിലാണ് പുതിയ ഐ. ഐ. റ്റി സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. വാർഷിക പദ്ധതി 2013-14 -ലേക്ക് ഭൂമി വാങ്ങുന്നതിലേക്ക് (ടോക്കൺ പ്രൊവിഷൻ) 1 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### ഗുണഭോക്താവ്

ഉന്നത വിദ്യാഭ്യാസത്തിലും, സാങ്കേതിക വിദ്യാഭ്യാസത്തിലും ഗവേഷണ രീതിയിലുള്ള ഗുണനിലവാരത്തിലും, അളവിന്റേയും അടിസ്ഥാനത്തിലുള്ള ഒരു പിന്നോക്ക അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ ധാരാളമുണ്ടെങ്കിലും ഇവയിൽ ഒട്ടുമിക്കവയ്ക്കും ബിരുദാനന്തര ബിരുദ പദ്ധതികളോ, ഗവേഷണത്തിനുള്ള സൗകര്യങ്ങളോ ഇല്ല. ഗവേഷണത്തിലൂടെയും വ്യാവസായിക മേഖലയുടെ വളരെ ശക്തമായ ഇടപെടലിലൂടെയും മാത്രമേ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലൂടെ സമഗ്ര വികസനം സാദ്ധ്യമാകൂ. ഒരു സുസ്ഥിര പാഠ്യപദ്ധതി ഐ. ഐ. റ്റി. ഉറപ്പുതരുകയും അതിൽ സംസ്ഥാനത്തെ യുവ എഞ്ചിനീയർമാരുടെ സാങ്കേതിക അറിവുകളുടെയും കഴിവുകളുടെയും പ്രചാരണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കേരളത്തിൽ ദേശീയ സ്ഥാപനങ്ങളായ ഐ. ഐ. എം, ഐ. ഐ. റ്റി. എം. കെ, ഐ. ഐ. എസ്. ഇ. ആർ. എന്നിവ സ്ഥാപിക്കുക വഴി സയൻസ്, മാനേജ്മെന്റ് മേഖലകളിൽ ഗവേഷണത്തിനും വികസനത്തിനും ഉണർവ്വുണ്ടാക്കാൻ സാധിക്കും. ഐ. ഐ. റ്റി. കളിൽ പൊതുവേ കുറവായി കാണുന്ന പെൺകുട്ടികളുടെ

പങ്കാളിത്തം, പുതിയ സ്ഥാപനം നിലവിൽ വരുന്നതോടെ കൂടുതൽ പ്രചോദനം പെൺകുട്ടികൾക്ക് നൽകുന്നതാണ്.

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഇതിന്റെ നിർവ്വഹണം നടത്തുന്നതാണ്.

## പ്രവർത്തനങ്ങൾ

കേരളത്തിൽ ഐ. ഐ. റ്റി. സ്ഥാപന പ്രോജക്ടിന്റെ ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് നയപരമായ തീരുമാനം ഉണ്ടായാൽ മാത്രമേ പദ്ധതി നിർവ്വഹണം സാധ്യമാകുകയുള്ളൂ.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

# 31. തിരുവനന്തപുരം എഞ്ചിനീയറിംഗ്, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് (ട്രെസ്റ്റ്) (പ്ലാൻ)

## ലക്ഷ്യങ്ങൾ

വ്യവസായ സ്ഥാപനങ്ങൾ പരസ്പര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനെ പരിപോഷിപ്പിക്കുക, അടിസ്ഥാനപരവും പ്രായോഗികവുമായ ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യം കൈവരിക്കാനായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ട്രെസ്റ്റ് റിസർച്ച് പാർക്ക്. വാണിജ്യപരമായ പ്രവർത്തനങ്ങളേക്കാൾ ഗവേഷണങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് ടെക്നോപാർക്കിന്റെ മാതൃകയിലുള്ള റിസർച്ച് പാർക്ക് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതാണ്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ലഭ്യമായ ഗവേഷണ സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും കൂടാതെ ഗവേഷണത്തിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളെ റിസർച്ച് പാർക്കിൽ കൊണ്ടുവരുന്നതിനുള്ള സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## ഗുണഭോക്താവ്

ഗവേഷണത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ഗവേഷണത്തിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രയോജനപ്പെടുത്തിക്കൊണ്ട്

വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുതുതായി പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കമ്പനികൾക്ക് സാധിക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

## ഫണ്ടിംഗ്

ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

## പ്രവർത്തനങ്ങൾ

ഗവേഷണത്തിന് സഹായകമായ മെഷീനറികൾ, ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ്, ഇന്റർനെറ്റ് കണക്ടിവിറ്റി, പൊതുവായ ഇൻസ്ട്രുമെന്റേഷൻ സെന്റർ, വീഡിയോ കോൺഫറൻസിങ്ങ് സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

# 32. പോളിടെക്നിക്കുകളിലും സാങ്കേതിക ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് രൂപീകരിക്കൽ (എൻ. വി. ഇ. ക്യു. എഫ്.) പ്ലാൻ)

## ലക്ഷ്യങ്ങൾ

മാനവ വിഭവ മന്ത്രാലയത്തിൻകീഴിൽ വരുന്ന ഓൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ 2012-13 അധ്യയന വർഷം മുതൽ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും യൂണിവേഴ്സിറ്റി സംവിധാനത്തിൻ കീഴിൽ പ്രവർത്തിച്ചുവരുന്ന എല്ലാ കോളേജുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യതാ ചട്ടക്കൂട് രൂപ കൽപ്പന ചെയ്ത് നടപ്പിലാക്കിവരുന്നു.

പൊതു വിദ്യാഭ്യാസത്തിലെ കോഴ്സുകൾക്ക് മാറ്റം വരാതെയും സർട്ടിഫിക്കറ്റ് തലങ്ങളിലെ സാധ്യതകൾ നഷ്ടപ്പെടുത്താതെയും കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലുള്ള മൽസരങ്ങളിലധിഷ്ഠിതമായ പഠനത്തെ വിദ്യാർത്ഥികൾക്ക് തന്നെ തിരഞ്ഞെടുക്കാവുന്നതാണ്. അനന്തരഫലമായി തൊഴിലധിഷ്ഠിതകമ്പോളങ്ങളിലും

പൊതുവിദ്യാഭ്യാസത്തിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലും പരിപൂർണ്ണമായ ബഹുതല പ്രവേശന സംവിധാനം നിലവിൽ വരികയും ചെയ്യുന്നതാണ്.

സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിലേക്കും, തിരഞ്ഞെടുക്കപ്പെട്ട ചില പോളിടെക്നിക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ സംവിധാനം, ടെക്നിക്കൽ ഹൈസ്കൂൾ പാഠ്യപദ്ധതിയിലെ 5 മേഖലകളായ നിർമ്മാണ പ്രവർത്തനങ്ങൾ, ആട്ടോമൊബൈൽ, വിനിമയരംഗം, കാർഷികം, വിവര സാങ്കേതികവിദ്യ എന്നീ മേഖലകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## ഗുണഭോക്താവ്

വ്യവസായങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഏഴ് (7) സർട്ടിഫിക്കറ്റ് തലങ്ങളിലായാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. ഏകദേശം 1000 മണിക്കൂർ വീതമുള്ള ഓരോ സർട്ടിഫിക്കറ്റ് തലങ്ങളിലും തൊഴിലധിഷ്ഠിതമായ നൈപുണ്യ വികസന മോഡ്യൂളുകൾ ഉൾപ്പെടുത്തിയും ബാക്കിയുള്ള സമയങ്ങളിൽ പൊതുവായ പഠനവും നടത്തുന്നതിനോടൊപ്പം 5-ാമത്തെ സർട്ടിഫിക്കറ്റ് തലത്തിനുശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലുള്ള ഡിപ്ലോമ നൽകുകയും അല്ലെങ്കിൽ ഏഴാം സർട്ടിഫിക്കറ്റ് തലത്തിനുശേഷം യൂണിവേഴ്സിറ്റി സംവിധാനത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലുള്ള ബിരുദവും നിയമനിർമ്മാണ സമിതിയുടെ അംഗീകാരത്തോടുകൂടി നൽകുന്നതായിരിക്കും എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ.

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിലും, തിരഞ്ഞെടുക്കപ്പെട്ട ചില പോളിടെക്നിക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ സംവിധാനം, ടെക്നിക്കൽ ഹൈസ്കൂൾ പാഠ്യപദ്ധതിയിലെ 5 മേഖലകളായ നിർമ്മാണ പ്രവർത്തനങ്ങൾ, ആട്ടോമൊബൽ, വിനിമയരംഗം, കാർഷികം, വിവര സാങ്കേതികവിദ്യ എന്നീ മേഖലകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## ഫണ്ടിംഗ്

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വ്യവസായിക കൂട്ടായ്മയ്ക്ക് പ്രതിഫലം നൽകുവാനും വിദഗ്ദ്ധരായ ലക്ചർമാർ മുഖേനയുള്ള തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ നടപ്പാക്കുന്നതിനും എൻ. വി. ഇ. ക്യു. എഫിന് സാമ്പത്തിക സഹായം ആവശ്യമായിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്സൂളുകളിലും, പോളിടെക്നിക്കുകളിലും എൻ. വി. ഇ. ക്യു. എഫ്. നടപ്പാക്കുന്നതിന് 2013-14 അധ്യയന വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## പ്രവർത്തനങ്ങൾ

ടെക്നിക്കൽ ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മാനസിക പരിശീലനം നൽകുകയും വിനിമയ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുന്നതരത്തിലുള്ള അനുയോജ്യമായ പരിതസ്ഥിതി വിദ്യാലയങ്ങളിൽ സൃഷ്ടിക്കുകയും, അദ്ധ്യാപകർക്ക് പാഠ്യപദ്ധതിയെക്കുറിച്ചുള്ള പരിശീലനവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല

# 33. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയ പദ്ധതികൾ (പി. പി. പി) (പി. പി. പി) (പ്ലാൻ)

## ലക്ഷ്യങ്ങൾ

പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഒറ്റ ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പൂനെയിലെ മെഴ്സിഡസ് ബെൻസ് ഓഫ് ഇന്ത്യ എന്ന സ്വകാര്യ കമ്പനിയുടെ പങ്കാളിത്തത്തോടുകൂടി തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ ആധുനിക ഡിപ്ലോമ കോഴ്സുകൾ, ബഹുരാഷ്ട്ര കമ്പനിയായ ബോഷ് റെക്സ്റോത്തിന്റെ കൂട്ടായ്മയിൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലും കളമശ്ശേരി സർക്കാർ പോളിടെക്നിക്കിലും ആട്ടോമേഷൻ ടെക്നോളജിയിൽ മാത്സര്യത്തിന്റെയും മികവിന്റെയും കേന്ദ്രമാക്കി പടുത്തുയർത്തുക, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ട്രാൻസ്ലേഷണൽ സയൻസിൽ ഒരു വർഷ പോസ്റ്റ് ഡിപ്ലോമ കോഴ്സ് സംഘടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്. ഇതിനായി 2013-14 അധ്യയനവർഷത്തിൽ 250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## ഗുണഭോക്താവ്

കേരളത്തിലെ യുവജനങ്ങൾക്ക് അന്താരാഷ്ട്രനിലവാരത്തിലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നൂതന സാങ്കേതിക വിദ്യയിലുള്ള കോഴ്സുകൾ പഠിക്കുന്നതിനും അതിനനുസരിച്ചുള്ള തൊഴിലുകൾ ലഭിക്കുന്നതിനും സാധിക്കുന്നു.

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നീ സ്ഥാപനങ്ങളും ബഹുരാഷ്ട്ര കമ്പനികളും സംയുക്തമായി നടത്തുന്നതാണ് ഈ കോഴ്സുകൾ.

## ഫണ്ടിംഗ്

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള യന്ത്രാപകരണങ്ങും ഹാർഡ്‌വെയറുകളും ഫർണിച്ചറുകളും സജ്ജീകരിക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നീ സ്ഥാപനങ്ങളിലെ മേധാവികൾ സ്ഥാപനത്തിലെ വകുപ്പുതലവൻമാരുമായി ആലോചിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ നൽകുന്നു. പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് നിർവ്വഹണം നടത്തുന്നതിന് ഫണ്ട് അലോട്ടുചെയ്യുന്നു. കോളേജിന് അലോട്ടുമെന്റായി കൊടുക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഈ സ്കീമിന് ആവശ്യമില്ല.

# XXVI.
# കോളേജ് വിദ്യാഭ്യാസ വകുപ്പ്



## ആമുഖം

കോളേജ് വിദ്യാഭ്യാസം കുറ്റമറ്റതാക്കുവാനുള്ള വിവിധ പരിപാടികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ, കെട്ടിടങ്ങൾ, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ, ശമ്പളവും മറ്റാനൂകൂല്യങ്ങളും നൽകൽ, വിവിധ വിദ്യാഭ്യാസ സ്ക്കോളർഷിപ്പുകൾ നൽകൽ, യു.ജി.സി. സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, ഉന്നതനിലവാരം ഉറപ്പുവരുത്തുക, യു.ജി.സി. നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, സ്വകാര്യകോളേജ് ജീവനക്കാരുടെ ശമ്പളവും മറ്റാനൂകൂല്യങ്ങളും നല്കുന്നതിന് ക്രമീകരണങ്ങൾ നടത്തുക, വാർഷിക പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കുക, വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുക മുതലായവ വകുപ്പ് ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

1. ഈ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും സുഗമമായ പ്രവർത്തനത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും ഏർപ്പെടുത്തുക

2. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
3. സ്വകാര്യകോളേജ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക
4. സർക്കാർ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുക
5. ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും നടപ്പിലാക്കുക
6. വിജ്ഞാനശാഖാ വികസനത്തിനായി അദ്ധ്യാപകർക്ക് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുക
7. വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള വിവിധ സ്കോളർഷിപ്പുകളും സ്റ്റൈപന്റും നൽകുക
8. അദ്ധ്യാപകർക്കുവേണ്ടിയുള്ള വിവിധ ഇൻ-സർവ്വീസ് കോഴ്സുകൾ ആരംഭിക്കുക
9. യു.ജി.സി. നൽകുന്ന സാമ്പത്തിക സഹായം അദ്ധ്യാപകർക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനുവേണ്ട ഗവണ്മെന്റ് നടപടികൾ സ്വീകരിക്കുക
10. ഉന്നത വിദ്യാഭ്യാസത്തിന്റെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതിക്കും വേണ്ട എല്ലാ നടപടികളും സ്വീകരിക്കുക
11. ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള യു.ജി.സി. പദ്ധതി നടപ്പിലാക്കുക. ശമ്പള പരിഷ്ക്കരണം ഉൾപ്പെടെ യു.ജി.സി. പദ്ധതിയിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

# സ്കീമുകൾ

## 1. ഫാക്കൽറ്റി വികസനം

ഫാക്കൽറ്റി വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഫാക്കൽറ്റികൾക്കായി റിഫ്രഷർ കോഴ്സുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നു. രാജ്യത്ത് മറ്റ് സ്ഥലങ്ങളിലുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങളും രീതികളുമായി ഫാക്കൽറ്റി പരിചയപ്പെടേണ്ടതുണ്ട്. രാജ്യത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഫാക്കൽറ്റികളെ ക്ഷണിച്ച് സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുന്നതിന് ഈ പദ്ധതി പ്രകാരം ഫണ്ട് അനുവദിക്കുന്നു.

## 2. പുതിയ കോഴ്സുകൾ

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കോളേജുകളിൽ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഫർണിച്ചർ, ലാബ്/ ലൈബ്രറി സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പുതിയ കോഴ്സുകൾ ആരംഭിച്ച കോളേജുകളിൽ ലബോറട്ടറി /ലൈബ്രറി സൗകര്യങ്ങൾക്കും, നിലവിലുള്ള ലാബ് മെച്ചപ്പെടുത്തിന്നതിനും തുക അനുവദിക്കുന്നു.

## 3. സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടേയും ലൈബ്രറികളുടേയും വികസനം

ഭൂരിഭാഗം സർക്കാർ കോളേജുകളിലെ ലബോറട്ടറികളിലും ലൈബ്രറികളിലും കാലപ്പഴക്കം ചെന്ന ഉപകരണങ്ങളാണുള്ളത്. പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയതു കാരണം ലബോറട്ടറികളും ലൈബ്രറികളും ആധുനിക രീതിയിൽ നവീകരിക്കുകയും കമ്പ്യൂട്ടർ, ഡിജിറ്റൽ ലൈബ്രറി സംവിധാനം, നെറ്റ് വർക്ക് സംവിധാനം എന്നിവ ഏർപ്പെടുത്തടേണ്ടതുമാണ്. ആധുനിക വിദ്യാഭ്യാസ യുഗത്തിൽ ലബോറട്ടറികളുടേയും ലൈബ്രറികളുടേയും പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി അതിനൂതനങ്ങളായ ഉപകരണങ്ങൾ/ഫർണിച്ചർ ലഭ്യമാക്കേണ്ടതുണ്ട്. കോളേജുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനായി ലബോറട്ടറികളുടേയും, ലൈബ്രറികളുടേയും വികസനം അത്യാവശ്യമാണെന്ന് NAAC നിഷ്കർഷിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ ഫണ്ട് അനുവദിച്ചു നൽകുന്നു.

## 4. തെരെഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്

കോളേജുകളുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കാനായി കോളേജ് വികസന സമിതികൾക്കു രൂപം കൊടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സമിതി ശേഖരിക്കുന്ന ഫണ്ടിന് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റ് ആയി നൽകുകയെന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപ്രകാരം ശേഖരിക്കുന്ന സി.ഡി.സി. ഫണ്ടുകൾ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

## 5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റേയും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടേയും നവീകരണം

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റേയും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടേയും പ്രവർത്തന ആവശ്യത്തിനു കമ്പ്യൂട്ടർ/ഇന്റർനെറ്റ് മറ്റ് ആധുനിക സംവിധാനങ്ങൾ

എന്നിവ സജ്ജീകരിക്കുന്നതിന് ഈ ശീർഷകത്തിൽ നിന്നും ഫണ്ട് അനുവദിച്ചു നൽകുന്നു.

## 6. ഐ.റ്റി.ഗ്രിഡ്

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക്ക് ഗവേഷണ ആവശ്യങ്ങൾക്കായി ഒരു എഡ്യൂക്കേഷണൽ ഗ്രിഡ് സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും വിവരസാങ്കേതിക വിദ്യയിലൂടെ ശാക്തീകരിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. ബ്രോഡ്ബാന്റ് കണക്ഷനുവേണ്ടി ബി.എസ്.എൻ.എൽ-ന് നൽകേണ്ട വാർഷിക തുക ഈ പദ്ധതിയിൽനിന്നും വഹിച്ചുവരുന്നു.

## 7. കോളേജുകൾക്കുള്ള നാഷണൽ അസസ്മെന്റ് ആന്റ് അക്രിഡിറ്റേഷൻ കൗൺസലിന്റെ (NACC) അംഗീകാരം

കൗൺസലിന്റെ അംഗീകാരം ലഭിക്കാനായി സർക്കാർ കോളേജുകളെ സജ്ജമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇനിയും നാക്ക്-ന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത കോളേജുകൾക്കും അംഗീകാരം ലഭിക്കണമെങ്കിൽ എല്ലാ മേഖലകളിലും നവീകരണം നടപ്പിലാക്കുകയും മികച്ച പ്രകടനം കാഴ്ചവെയ്ക്കുകയും വേണം. ഇതിന് വലിയൊരു തുക അത്യാവശ്യമാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉയർത്തുവാനായി നൽകിപ്പോരുന്ന വിവിധ സാമ്പത്തിക സഹായ പദ്ധതികൾ ലഭിക്കണമെങ്കിൽ നാക്കിന്റെ അംഗീകാരം അത്യാവശ്യമാണ്. അപ്രകാരം നാക്കിന്റെ അംഗീകാരം നേടുന്നതിന് കോളേജുകളെ പ്രാപ്തരാക്കുന്നതിന് ഈ പദ്ധതിപ്രകാരം ഫണ്ട് നൽകുന്നു.

## 8. ഗ്രാജ്വേറ്റ് പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുമായി ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. തികച്ചും മെറിറ്റ് അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്. പ്രതിഭാശാലികളായ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പ് വളരെയധികം സഹായകരമായിരിക്കും. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും യോഗ്യതാ പരീക്ഷയിൽ 50% മാർക്കെങ്കിലും നേടി ഗവണ്മെന്റ്, എയ്ഡഡ്, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ എവിടെയെങ്കിലും ആർട്സ് & സയൻസ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളിൽ പ്രവേശനം നേടിയ 4000 വിദ്യാർത്ഥികൾക്ക് 10,000/- രൂപാ നിരക്കിൽ സ്കോളർഷിപ്പ് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## 9. എഡ്യൂസാറ്റ് സ്കീം വിത്ത് ടെലിട്രെയിനിംഗ് ഇൻ ഗവണ്മെന്റ് കോളേജസ്

സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനിൽ 30 കോളേജുകളിൽ സ്ഥാപിച്ചു. വിദഗ്ദ്ധരുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും സംപ്രഷേണം ചെയ്തുവരുന്നു. സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനിൽ ബാക്കിയുള്ള കോളേജുകളിൽ സ്ഥാപിക്കുന്നതിനും വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും പ്രമുഖ വിദഗദ്ധരെ പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനും വെർച്ച്യൂൽ ക്ലാസ്സ് റൂം നിർമ്മാണത്തിനും ഉപകരണങ്ങളുടെ മെയിന്റനൻസിനും തുക അനുവദിച്ചു നൽകുന്നു.

## 10. പഠനയാത്രകൾ

പഠനയാത്രകൾ/ഫിൽഡ് വിസിറ്റ് എന്നിവ പല വിഷയങ്ങളുടേയും ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠനപദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. സർക്കാർ കോളേജുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പദ്ധതിയുടെ ഭാഗമായ യാത്രകൾക്കും ഫീൽഡ് വിസിറ്റുകൾക്കും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

## 11. സംഗീത കോളേജുകൾ

എസ്.എസ്.ടി.സംഗീത കോളേജ് തിരുവനന്തപുരം, ആർ.എൽ.വി.കോളേജ്, തൃപ്പൂണിത്തുറ, സി.എം.ഗവണ്മെന്റ് സംഗീത കോളേജ്, പാലക്കാട് എന്നീ മൂന്നു കോളേജുകളാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണത്തിൽ കീഴിലുള്ളത്. ഈ കോളേജുകൾ സംഗീതത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തിവരുന്നു. ഈ കോളേജുകളിലെ അമൂല്യമായ പുസ്തക ശേഖരം സംരക്ഷിക്കുന്നതിനായി ഡിജിറ്റൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിനും, അന്തർദേശീയ നിലവാരമുള്ള ആധുനിക പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിനും എൽ. സി.ഡി. പ്രോജക്ടർ, കമ്പ്യൂട്ടർ ശൃംഖല, സംഗീത കച്ചേരികൾ അവതരിപ്പിക്കാനുള്ള സൗകര്യങ്ങൾ മുതലായ ആധുനിക സൗകര്യങ്ങളോടുകൂടി ഓരോ വിഷയങ്ങളിലെ ക്ലാസ്സ് മുറികളും ആധുനികവൽക്കരിക്കുന്നതിനും സാംസ്കാരിക വിനിമയ പരിപാടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമായി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

## 12. കായിക വിദ്യാഭ്യാസ കോളേജ്, കോഴിക്കോട്

കേരളത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഏക കായിക വിദ്യാഭ്യാസ കോളേജ് കോഴിക്കോടാണ് പ്രവർത്തിക്കുന്നത്. ഹോസ്റ്റലുകൾ റീവയറിംഗ് ചെയ്യുന്നതിനും, മൾട്ടീ ജിം, പവലിയൻ, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ

വികസനങ്ങൾക്കും ബോധനപരമായ പ്രവർത്തനങ്ങൾക്കുമായി തുക അനുവദിച്ചു നൽകുന്നു.

## 13. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയ്ക്ക് ധനസഹായം

കളികളും കായിക വിദ്യാഭ്യാസവും സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും കളികളും കായിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനും ധനസഹായം നൽകി വരുന്നു.

## 14. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തന മികവിനുമായി സ്ഥിരമായുള്ള പരിശീലനവും മോണിറ്ററിംഗും ഏർപ്പെടുത്തേണ്ടതുണ്ട്. കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർക്കും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥന്മാർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശീലനം നൽകുന്നതിന് ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക വിനിയോഗിച്ചുവരുന്നു.

## 15. അസ്പയർ സ്കോളർഷിപ്പ് പദ്ധതി

രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടേയും സ്ഥാപനത്തിന്റേയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുമായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല പഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്ത്രജ്ഞരും ആയി ചേർന്ന് ചെയ്യാൻ ഗ്രാന്റ് നൽകാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

## 16. എഡ്യൂസാറ്റ് ക്ലാസ് മുറികളുടെ നവീകരണം

എഡ്യൂസാറ്റ് പദ്ധതി നിലവിലുള്ള 24 സർക്കാർ കോളേജുകളിലും എഡ്യൂസാറ്റ് ക്ലാസ് മുറികൾ ആധുനിക വിവരസാങ്കേതിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ് റൂം ആയി സജ്ജീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. അത്തരം ക്ലാസ് മുറികളിൽ ഇന്റർനെറ്റ് സൗകര്യം, എൽ.സി.ഡി.പ്രോജക്ടർ, ലാപ്ടോപ്പ് കമ്പ്യൂട്ടർ, ജഫേഴ്സൺ ചെയറുകൾ മുതലായവ ലഭ്യമാക്കുന്നതിനും എയർ കണ്ടീഷൻ

ചെയ്യുന്നതിനും ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

## 17. സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പ് നൽകുക

യുവജനങ്ങൾക്കിടയിൽ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് അറിയാനും മനസ്സിലാക്കാനുമുള്ള ആഗ്രഹം വളർത്തിയെടുക്കുകയും ഗവേഷണ സംസ്ക്കാരം വിദ്യാർത്ഥികളുടെ ഇടയിൽ വ്യാപിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം.

## 18. സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പ്

സാഹിത്യത്തിൽ അഭിരുചിയും കഴിവും തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും അവർക്ക് താത്പര്യമുണ്ടെങ്കിൽ സാഹിത്യത്തിൽ ഉന്നതവിദ്യാഭ്യാസം നടത്താൻ അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

## 19. സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പ്

വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുകയും അവർക്ക് താത്പര്യമുണ്ടെങ്കിൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

## 20. സാമൂഹ്യശാസ്ത്രത്തിനും സാഹിത്യത്തിനും അദ്ധ്യാപകർക്കുള്ള സ്കോളർഷിപ്പ്

യൂണിവേഴ്സിറ്റികളിലും സംസ്ഥാനത്തിനു പുറത്തുള്ള സെന്ററുകളിലും അദ്ധ്യാപകർക്ക് റിസർച്ച് ചെയ്യുന്നതിന് അവസരമൊരുക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

## 21. ട്രെയിനിംഗ് കോളേജുകൾ

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ 4 ട്രെയിനിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിച്ച് വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ കോളേജുകളിൽ എം.എഡ്.കോഴ്സ് ആരം

ഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുക, റിഫ്രഷർ കോഴ്സ്, സെമിനാറുകൾ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി തുക വകയിരുത്തിയിരിക്കുന്നു.

## 22. വിവരസാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസമിഷനുള്ള കണക്ടിവിറ്റി

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ വിദ്യാഭ്യാസ മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഐ.ടി..രംഗത്തെ ഗുണനിലവാരം എത്തിച്ച് കൊടുക്കലിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവണ്മെന്റ് കോളേജുകൾക്ക്, കണക്ടിവിറ്റി നൽകാൻ കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള ദേശീയ വിവര നെറ്റ് വർക്കുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

## 23. കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി

സംസ്ഥാനത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 40 ആർട്സ് & സയൻസ് കോളേജുകളുണ്ട്. ഇവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കണ്ടെത്തുവാനും അവയെ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനും വേണ്ടി താഴെ പറയുന്ന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം
- ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ
- കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ
- കോളേജുകളുടെ പൈതൃക സംരക്ഷണം
- ജോബ് ഓറിയന്റഡ് ആഡ് ഓൺ കോഴ്സുകൾ
- സ്റ്റുഡൻസ് അമിനിറ്റീസ്

## 24. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടി (CQIP)

ഈ പദ്ധതിയിലൂടെ നാക് അക്രഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളെ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. അനുവദിക്കുന്ന തുകയിൽ 75% അടിസ്ഥാന സൗകര്യ വികസനത്തിനും 25% മറ്റു പ്രവർത്തികളുടെ മെച്ചപ്പെടുത്തലിനുമായി വിനിയോഗിക്കാവുന്നതാണ്. പൈതൃക കോളേജുകൾ ഉൾപ്പെടെ പത്തു കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ സാമ്പത്തിക വർഷം യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം,

മഹാരാജാസ് കോളേജ്, എറണാകുളം, ബ്രണ്ണൻ കോളേജ്, തലശ്ശേരി എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

## 25. അധിക കഴിവ് സ്വായത്തമാക്കൽ പദ്ധതി (ASAP)

പൊതു വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹയർ സെക്കണ്ടറി തലത്തിലും, ആർട്സ് & സയൻസ് കോളേജിൽ ബിരുദതലത്തിലും വരെയുള്ള 1 ലക്ഷം വിദ്യാർത്ഥികളുടെ സ്ഥിതി വിവരകണക്ക് തയ്യാറാക്കി അവരെ വ്യാവസായികവും തൊഴിൽപരവുമായ കഴിവുകൾ ആർജ്ജിക്കുന്നതിന് പ്രാപ്തരാക്കുകയാണ് പന്ത്രണ്ടാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

## 26. ഗവേഷണ സഹായ പദ്ധതി

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വികസിപ്പിച്ചെടുക്കുന്നതിനായി സംസ്ഥാനം കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. സംസ്ഥാനത്തിലുള്ള ബിരുദ വിദ്യാർത്ഥികളേയും ബിരുദധാരികളേയുമാണ് ഈ  പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഏകദേശം 1,58,000 ബിരുദതലത്തിലുള്ള വിദ്യാർത്ഥികളുള്ളതിൽ 29,000 വിദ്യാർത്ഥികൾ പഠിക്കുന്നത് സർക്കാർ മേഖലയിലാണ്.ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരായവരെ ഉപയോഗിച്ചുകൊണ്ട് സമയബന്ധിതമായുള്ള പ്രത്യേകതരം ക്ലാസ്സുകൾ നൽകുക ചോദ്യപേപ്പറുകൾ, വ്യക്തിഗത പരിശീലനം, വിശേഷാലുള്ള അദ്ധ്യാപനം തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ക്ലാസ്സുകളുടെ നടത്തിപ്പ് വ്യക്തിപരവും വെബ്സൈറ്റിൽ അധിഷ്ഠിതവുമാണ്. ഒരു മണിക്കൂറിൽ ഒരു ലക്ചറിന് 1000 രൂപ എന്ന നിരക്കിലാണ് അദ്ധ്യാപക വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

## 27. പഠിതാവിനൊപ്പം

ആർട്സ് - സയൻസ് - കൊമേഴ്സ് ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന പരിപാടികൾ നടപ്പിലാക്കുകയും അവരെ ഭാവിയിലേക്കുള്ള വാഗ്ദാനങ്ങളാക്കി മാറ്റുകയും അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുകയും ചെയ്യുന്ന ഉപദേഷ്ടാക്കളെ  നിയമിച്ച് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ സവിശേഷതകൾ താഴെപ്പറയുന്നു.

- കുട്ടികൾക്കുള്ള മാർഗ്ഗ നിർദ്ദേശ പദ്ധതികൾ സ്വമേധയായുള്ളവയാണ്
- ഏകോപന സംവിധാനം ഉണ്ടായിരിക്കണം

- കുട്ടി പഠിക്കുന്ന സ്ഥാപനത്തിലെ ഫാക്കൽറ്റി അദ്ധ്യാപകനായിരിക്കണം ഇന്റേണൽ മാർഗ്ഗോപദേഷ്ടാവ്. ആഴ്ചയിൽ കുറഞ്ഞത് 8 മണിക്കൂറെങ്കിലും കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്. ഇത്തരത്തിലുള്ള ഓരോ ഉപദേഷ്ടാവിനും 6 പഠിതാക്കളിൽ കൂടുതൽ ഉണ്ടായിരിക്കാൻ പാടില്ല.
- ബാഹ്യോപദേഷ്ടാവ് സംസ്ഥാന-കേന്ദ്ര പൊതു മേഖലകളിൽ പ്രവർത്തിക്കുന്നവരോ വ്യവസായ മേഖലകളായ എഞ്ചിനീയറിംഗ്, വൈദ്യശാസ്ത്രം, ആർക്കിടെക്ച്ചർ മേഖലയിൽ പ്രവർത്തിക്കുന്നവരോ ആയിരിക്കണം. ഇതിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവരെ മാത്രമേ ബാഹ്യോപദേഷ്ടാവായി തെരെഞ്ഞെടുക്കുകയുള്ളൂ.

## 28. നൈപുണ്യ വികസന പദ്ധതി

തൊഴിൽ ഇല്ലാത്തവരുടേയും ഭാഗികമായി തൊഴിൽ ഉള്ളവരുടേയും കഴിവുകൾ കണ്ടെത്തി അവരെ വിദ്യാഭ്യാസം തുടരുവാനും അവ പൂർത്തീകരിക്കുവാനും സജ്ജമാക്കുക തൊഴിൽ ഇല്ലാത്ത യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്തുക. വ്യവസായ ശൃംഖലയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് അവരുടെ കഴിവുകൾ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ  ലക്ഷ്യം. പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നത വിദ്യാഭ്യാസ വകുപ്പും, തൊഴിൽ വകുപ്പും ചേർന്ന് സംയോജിതമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്.

## 29. സർക്കാർ കോളേജുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻ  കീഴിലുള്ള സർക്കാർ കോളേജുകളിൽ വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് യു.ജി.സിയിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. എന്നാൽ അപ്രകാരം ലഭിക്കുന്ന തുക മാത്രം വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കാൻ കഴിയാറില്ല. അതിനാൽ യു.ജി.സിയുടെ ധനസഹായത്തോടെയുള്ള ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി തുക അനുവദിക്കുന്നുണ്ട്.

## 30. കോളേജുകളുടേയും ഹോസ്റ്റലുകളുടേയും കെട്ടിട നിർമ്മാണം

പ്രസ്തുത അക്കൗണ്ട് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക മാറ്റിയെടുക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. തൃശ്ശൂർ ഗവ.കോളേജ്, ഗവ.കോളേജ് ആറ്റിങ്ങൽ, പി.റ്റി.എം.ഗവ.കോളേജ് പെരിന്തൽമണ്ണ, ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി എന്നിവിടങ്ങളിൽ സയൻസ് ബ്ലോക്ക്, നെടുമങ്ങാട് ഗവ.കോളേജിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പെരിന്തൽമണ്ണ പി.റ്റി.എം.ഗവ.കോളേജിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, മണിമലക്കുന്ന് ഗവ.കോളേജിന് സ്റ്റേഡിയം നിർമ്മാണം, കൊഴിഞ്ഞാമ്പാറ ഗവ.കോളേജിന് ഹോസ്റ്റൽ നിർമ്മാണം എന്നിവ വളരെ പ്രധാനപ്പെട്ടവയാണ്.

### വകുപ്പിന്റെ /നിർവഹണഉദ്യോഗസ്ഥന്റെ പങ്ക്

വിവിധ സ്കീമുകൾക്ക് ഡയറക്ടർ വിതരണം ചെയ്യുന്ന ഫണ്ട് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ വഴി നടപ്പിലാക്കുന്നു.

### പ്രവർത്തനങ്ങൾ

ബഡ്ജറ്റ് പ്രകാരമുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കുക. അപേക്ഷകൾ യഥാസമയം ക്ഷണിക്കുക. അർഹരായവർക്ക് യഥാസമയം ഫണ്ട് വിതരണം ചെയ്യുക. ഇതുമായി ബന്ധപ്പെട്ട വിവിധപ്രവർത്തനങ്ങൾ ചെയ്യുക

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക്

വകുപ്പു നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ ഗ്രാമസഭവഴി പൊതുജനങ്ങളിൽ എത്തിക്കുക, പ്രത്യേകിച്ച് സ്കോളർഷിപ്പും മറ്റ് ധനസഹായങ്ങൾ എന്നിവ. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള വിദ്യാർത്ഥികൾ യഥാസമയം ഇതിന് അപേക്ഷിച്ചു എന്ന് ഉറപ്പുവരുത്തുക.

## കോളേജ് വിദ്യാഭ്യാസ വകുപ്പ് (രണ്ടാം ഭാഗം)

### ആമുഖം

കോളേജ് വിദ്യാഭ്യാസ വകുപ്പ് 15 വിധത്തിലുള്ള സ്കോളർഷിപ്പുകൾ കോളേജ് വിദ്യാർത്ഥികൾക്കായി നൽകി വരുന്നു. അവയുടെ സംക്ഷിപ്തം താഴെ നൽകുന്നു.

### ലക്ഷ്യം

കോളേജിയേറ്റ് എഡ്യുക്കേഷന് കീഴിൽ വരുന്ന വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക് പഠനവുമായി ബന്ധപ്പെട്ട വിവിധ സ്കോളർഷിപ്പുകൾ നൽകൽ

### ഫണ്ടിംഗ്

കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകൾ

### ഗുണഭോക്താവ്

ഹയർ സെക്കണ്ടറി, ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥികൾ (അർഹത അതാത് സ്ഥലത്ത് നൽകിയിട്ടുണ്ട്)

## നിർവ്വഹണം

എല്ലാ സ്കോളർഷിപ്പുകൾക്കും അപേക്ഷ ഓൺലൈനിലൂടെയാണ് നൽകേണ്ടത്. ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ/സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-ട്രാൻസ്ഫർ മുഖേന സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നു.

## സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ:

www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം വിവിധ പത്ര മാധ്യമങ്ങളിലും , ദൃശ്യ വാർത്താ മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

യോഗ്യതാ പരീക്ഷയുടെ മാർക്ക്, കുടുംബ വരുമാനം, മതം എന്നിവ അടിസ്ഥാനമാക്കി അപേക്ഷ ക്ഷണിച്ച് അർഹത നിശ്ചയിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അവബോധം നൽകൽ

# 1. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്

കേരളത്തിലെ വിവിധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ എന്നീ സ്ഥാപനങ്ങളിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പഠിക്കുന്നതും, സ്വാശ്രയ കോളേജുകളിലെ (പ്രൊഫഷണൽ കോഴ്സുകൾ മാത്രം) കോഴ്സുകളിൽ പഠിക്കുന്നതുമായ മുസ്ലീം പെൺകുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം.

അപേക്ഷകർ 50% മാർക്കോടുകൂടി യോഗ്യതാ പരീക്ഷ വിജയിച്ചിരിക്കണം. വാർഷിക വരുമാനം 4.5 ലക്ഷം രൂപ കവിയാൻ പാടില്ല. സ്കോളർഷിപ്പ് തുക, എണ്ണം താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| ബിരുദം | 3000 | 4000/-p.a |
| ബിരുദാനന്തര ബിരുദം | 1000 | 5000/-p.a |
| പ്രൊഫഷണൽ/ ടെക്നിക്കൽ | 1000 | 6000/-p.a |

സ്കോളർഷിപ്പ് ചട്ടങ്ങൾക്ക് അനുസരണമായി ടി സ്കോളർഷിപ്പ് പുതുക്കി അനുവദിക്കുന്നതാണ്. ലാറ്റിൻ പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിന് ആകെ സ്കോളർഷിപ്പിന്റെ 20% നീക്കിവെച്ചിട്ടുണ്ട്.

## 2. മുസ്ലീം പെൺകുട്ടികൾക്കുള്ള സാമ്പത്തിക സഹായം (ഹോസ്റ്റൽ സ്റ്റൈപ്പെന്റ്)

സർക്കാർ/സർക്കാർ അംഗീകൃത/യൂണിവേഴ്സിറ്റി അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് ബിരുദം/ബിരുദാനന്തര ബിരുദം/ പ്രൊഫഷണൽ കോഴ്സുകൾ, വിവിധ ഹ്രസ്വകാല കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് 2008-09 ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഹോസ്റ്റൽ സ്റ്റൈപന്റ് അനുവദിക്കുന്നു.

അപേക്ഷകർ 50% മാർക്കോടുകൂടി യോഗ്യതാ പരീക്ഷ വിജയിച്ചിരിക്കണം. കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപ കവിയാൻ പാടില്ല. ടി പദ്ധതി പ്രകാരം പ്രതിമാസം 1200/- രൂപ നിരക്കിൽ പരമാവധി 12,000/- രൂപ വരെ ഒരു വർഷത്തേയ്ക്ക് ഹോസ്റ്റൽ സ്റ്റൈപ്പെന്റായി അനുവദിക്കുന്നു. (കോഴ്സ് പരിഗണന കൂടാതെ)

ഹോസ്റ്റൽ ചാർജ്ജിന് അർഹരായവർക്ക് സ്കോളർഷിപ്പ് ചാർജ്ജിന് അർഹത ഉണ്ടായിരിക്കുന്നതല്ല. സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ വിഹിതത്തിൽ പ്രവേശനം നേടിയവർക്കും സ്കോളർഷിപ്പ് /ഹോസ്റ്റൽ ചാർജ്ജിന് അപേക്ഷിക്കാം.

2010-11 വർഷം മുതൽ പ്രസ്തുത സ്കോളർഷിപ്പിന്റെ 20% ലത്തീൻ കത്തോലിക്ക് പരിവർത്തിത ക്രിസ്ത്യൻ വിഭാഗത്തിലെ പെൺകുട്ടികൾക്കായി നീക്കി വച്ചിരിക്കുന്നു.

മെറിറ്റ് കം മീൻസ് അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ഇനത്തിൽ 5000 എണ്ണവും, ഹോസ്റ്റൽ ചാർജ്ജ് ഇനത്തിൽ 2000 എണ്ണവും അനുവദിച്ചിട്ടുണ്ട്. (ആകെ 7000 എണ്ണം) ഒക്ടോബർ / നവംബർ മാസത്തിൽ ആയിരിക്കും പുതിയ അപേക്ഷ ക്ഷണിക്കുന്നത്.

## 3. മുസ്ലീം / നാടാർ സ്കോളർഷിപ്പ്

മുസ്ലീം/നാടാർ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പ് ഇപ്പോൾ പ്രസ്തുത സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കൊപ്പം, മറ്റു പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കും, മുന്നോക്ക സമുദായങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥിനികൾക്കും അനുവദിക്കുന്നു.

പ്രതിവർഷം 125/ രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്ന അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 18,000/- രൂപയിൽ കവിയരുത്.

സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, സർക്കാർ/ എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒന്നാം വർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം.

# ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ താഴെ പറയുന്നവയാണ്.

## 4. സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്

കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയം കോളേജ് / സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് ആണ്. കേരള സ്റ്റേറ്റ് ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി ബോർഡുകൾ നടത്തുന്ന 12-ാം ക്ലാസ്സ് /തത്തുല്യ പരീക്ഷയിൽ 80% മാർക്ക് വാങ്ങി വിജയിച്ചവരും ഏതെങ്കിലും ബിരുദ കോഴ്സിന് (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ) ഒന്നാം വർഷം പഠിക്കുന്നവരായിരിക്കണം.

**മാനദണ്ഡം :**

- അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 80% മാർക്ക് നേടിയവരും വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപ കവിയാൻ പാടില്ലാത്തതുമാകുന്നു.
- അപേക്ഷകർ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സിന് പഠിക്കുന്നവരായിരിക്കണം.
- മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.
- ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
- 15% സ്കോളർഷിപ്പുകൾ SC വിഭാഗത്തിനും , 7.5 % സ്കോളർഷിപ്പുകൾ ST വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ OBC വിഭാഗത്തിനും 3% അംഗവൈകല്യമുള്ള വിഭാഗത്തിനും നീക്കിവച്ചിരിക്കുന്നു.

സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ച് നൽകും. ബിരുദതലത്തിൽ പ്രതിമാസം 1000/- രൂപയും

ബിരുദാനന്തര ബിരുദതലത്തിൽ പ്രതിമാസം 2000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. ഒരു അധ്യയന വർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പനുവദിക്കുന്നത്. ഒന്നാം വർഷം പ്രവേശനം ലഭിച്ച മാസം മുതലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

തൊട്ടു മുമ്പുള്ള പരീക്ഷയിൽ കുറഞ്ഞത് 60% മാർക്കുള്ള വിദ്യാർത്ഥികൾക്ക് 2-ാം വർഷം മുതൽ പുതുക്കി നൽകും.

## 5. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി കേന്ദ്ര ഗവണ്മെന്റിന്റെ ന്യൂനപക്ഷ മന്ത്രാലയം 2007-08-ൽ തുടങ്ങിയതാണ് ഈ പദ്ധതി. 50%-ൽ കൂടുതൽ മാർക്ക് അവസാനപരീക്ഷയിൽ ലഭിച്ച +1, +2 വിഭാഗം മുതൽ എം.എ, എം.ഫിൽ, പി.എച്ച്.ഡി വരെയും ഐ.റ്റി.ഐ, ഐ.റ്റി.സി കോഴ്സുകളിലെ വിദ്യാർത്ഥികളേയും സ്കോളർഷിപ്പിനായി പരിഗണിക്കും.

**സ്കോളർഷിപ്പിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.**

- സ്കോളർഷിപ്പ് തുക: നിശ്ചയിച്ച പരമാവധി തുകയ്ക്ക് അകത്തുനിന്ന് കൊണ്ട് അഡ്മിഷൻ/കോഴ്സ് ഫീ, ട്യൂഷൻ ഫീ, മെയിന്റനൻസ് അലവൻസ് എന്നിവ വിശദമായ പട്ടിക അനുബന്ധം I ൽ നൽകിയിട്ടുണ്ട്.
- അർഹതയുടെ മാനദണ്ഡങ്ങൾ:

A. അപേക്ഷകർ താഴെ പറയുന്ന കോഴ്സുകളിലെ ഒന്നാം വർഷ വിദ്യാർത്ഥിയായിരിക്കണം.

തുടർന്ന് ഓരോ വർഷവും സ്കോളർഷിപ്പ് പുതുക്കൽ അപേക്ഷ നൽകേണ്ടതാണ്.

- ഗവണ്മെന്റ് / എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഹയർ സെക്കന്ററി സ്കൂൾ/കോളേജ്/ഇൻസ്റ്റിറ്റ്യൂട്ടുകൾ/ സർവ്വകലാശാലകൾ എന്നിവയിൽ പ്ലസ് ടു/ ഡിഗ്രി/പോസ്റ്റ് ഗ്രാഡ്വേഷൻ/എം ഫിൽ/പി എച്ച് ഡി കോഴ്സുകളിൽ പഠിക്കുന്നവർ.
- എൻ.സി.വി.ടി യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ ടി ഐ / ഐ ടി സി സെന്ററുകളിലെ ടെക്നിക്കൽ /വൊക്കേഷണൽ കോഴ്സുകളിൽ 12-ാം ക്ലാസ്സുകളിൽ പഠിക്കുന്നവർ.
- മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത കോഴ്സുകൾക്ക് പഠിക്കുന്നവർ.

B. ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീം/ക്രിസ്ത്യൻ/ബുദ്ധ മതം/ സിക്ക് മതം/ പാഴ്സി (സൊറാസ്ട്രിയൻസ്) എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടവരായിരിക്കണം.

C. തൊട്ടു മുൻപത്തെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയിൽ 50%ൽ കുറയാത്ത മാർക്കോ തത്തുല്യ ഗ്രേഡോ ലഭിച്ചിരിക്കണം.

D. മറ്റ് സ്കോളർഷിപ്പുകളോ സ്റ്റൈപ്പെന്റോ കൈപ്പറ്റുന്നവർ ആയിരിക്കരുത്.

## മറ്റ് പ്രധാന വിവരങ്ങൾ

**എ)** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ അപേക്ഷകന്റെ സ്വന്തം പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്കിന്റെ ബ്രാഞ്ച് കോഡ് നമ്പർ അപേക്ഷകന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൈവശം ഉണ്ടായിരിക്കണം.

**ബി)** ഒരേ കുടുംബത്തിലെ രണ്ടിൽ കൂടുതൽ പേർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതല്ല.

**സി)** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരിൽ ഏറ്റവും കുറഞ്ഞ വരുമാനക്കാർക്ക് മുൻഗണന നൽകുന്നതാണ്.

**ഡി)** സ്കോളർഷിപ്പിന്റെ 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അപേക്ഷ 30%ൽ കുറയുകയാണെങ്കിൽ അവർക്ക് വേണ്ടി മാറ്റിവയ്ക്കപ്പെട്ട സ്കോളർഷിപ്പ് യോഗ്യരായ ആൺ കുട്ടികൾക്ക് നൽകുന്നതാണ്.

**ഇ)** കോഴ്സ് ഫീ/ ട്യൂഷൻ ഫീ എന്നിവ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

**എഫ്)** മെയിന്റനൻസ് അലവൻസ് വിദ്യാർത്ഥിയുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

**ജി)** സ്കോളർഷിപ്പ് അനുവദിക്കുന്നത് കോഴ്സ് കാലയളവിൽ ആണ്. മെയിന്റനൻസ് അലവൻസ് എന്നത് ഒരധ്യയന വർഷത്തിൽ 10 മാസം കാലയളവിൽ മാത്രമായിരിക്കും.

**എച്ച്)** സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥി 50% മാർക്കോ തതുല്യമായ ഗ്രേഡോ തൊട്ടു മുൻപത്തെ വാർഷിക പരീക്ഷയ്ക്ക് നേടിയിട്ടില്ല എങ്കിൽ സ്കോളർഷിപ്പ് നിർത്തൽ ചെയ്യുന്നതാണ്. കോഴ്സുകൾക്ക് അനുവദനീയമായ കാലപരിധിയ്ക്കപ്പുറത്തേയ്ക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല.

**ഐ)** കേന്ദ്ര ഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള നിയമാവലി അനുസരിച്ച് മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.

## RATE OF SCHOLARSHIP (അനുബന്ധം - 1)

Actual financial assistance will be provided for admission & course /tuition fee and maintenance allowance as given below subject to a maximum ceiling indicated against item concerned:

| Sl.No. | Item | Hosteller | Day scholar |
|---|---|---|---|
| 1. | Admission and tuition fee for classes XI and XII. | Actual subject to amaximum ceilingof Rs.7,000 p.a. | Actual subject to a maximum ceiling ofRs.7,000 p.a. |
| 2 | Admission and course/ tuition fee for technical and vocational courses of XI and XII level. (Includes fees/charges for raw materials, etc.) | Actual subject to a maximum ceiling of Rs. 10,000 p.a. | Actual subject to a maximum ceiling of Rs. 10,000 p.a. |
| 3 | Admission and tuition fee for undergraduate,post graduate. | Actual subject to a maximum ceiling of Rs.3,000 p.a. | Actual subject to a maximum ceiling of Rs.3,000 p.a. |
| | Maintenance allowance for 10 months only in an academic year (Includes expenses for study material, etc.) | Rs.380 p.m. | Rs. 230 p.m. |
| | (i) Classes XI and XII including technical and vocational courses of this level. | | |
| | (ii)Courses other than technical and professional courses at under graduate and post graduate level | Rs.570 p.m. | Rs. 300 p.m. |

| | | | |
|---|---|---|---|
| | (iii) M. Phil and Ph.D. (For those researchers who are not awarded any fellowship by university or any other authority) | Rs.1200 p.m. | Rs.550 p.m. |
| 2 | Admission and course/ tuition fee for technical and vocational courses of XI and XII level. (Includes fees/charges for raw materials, etc.) | Actual subject to a maximum ceiling of Rs. 10,000 p.a. | Actual subject to a maximum ceiling of Rs. 10,000 p.a. |

* Hostellers include students who are not staying in hostel of the school/institute concerned but are staying as paying guest or in rented accommodation in towns/cities which are not the places where their parents reside.

## 6. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം കേരളത്തിലെ ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളിൽപ്പെട്ടതും പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകളിലെ ബിരുദ / ബിരുദാനന്തര ബിരുദ ക്ലാസ്സുകളിൽ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് മാർക്കിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഈ സ്കോളർഷിപ്പ് അനുവദിക്കുന്നു.

അപേക്ഷകർ യോഗ്യതാ പരീക്ഷ 50% മാർക്കിൽ കൂടുതൽ ഉള്ളവരും വാർഷിക കുടുംബ വരുമാനം 2.5 ലക്ഷം കവിയാത്തവരുമായിരിക്കണം. ആകെ സ്കോളർഷിപ്പിന്റെ 30% ഓരോ വിഭാഗത്തിലേയും പെൺകുട്ടികൾക്കായി നീക്കി വച്ചിട്ടുണ്ട്.

നൽകുന്ന സംഖ്യ:

കോഴ്സ് ഫീസ് 20000/- രൂപ വരെ

ഹോസ്റ്റൽ ചാർജ്ജ് 10000/- രൂപ വരെ

ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് 5000/- രൂപ വരെ പ്രതിവർഷം ലഭിക്കുന്നു.

ഓരോ വർഷത്തെയും കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അടുത്ത വർഷങ്ങളിൽ വരുമാന പരിധി ബാധകമാക്കി അപേക്ഷ സമർപ്പിക്കുന്നതിന് അനുസരിച്ച് പുതുക്കി നൽകും. 2009-10 അദ്ധ്യയന വർഷം മുതൽ ഈ

സ്കോളർഷിപ്പ് ആദ്യമായി ലഭിക്കുന്ന വിദ്യാർത്ഥികളുടെ തുക വിതരണം ചെയ്യുന്ന ചുമതല സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആണ് നിർവ്വഹിക്കുന്നത്. 2007-08 , 2008-09-ൽ ഈ സ്കോളർഷിപ്പ് ആദ്യമായി ലഭിച്ചു വരുന്നതും , തുടർന്നുള്ള 2010-11 വരെയുള്ള പുതുക്കൽ ജോലികളാണ് കോളേജ് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത്. 2011-12 വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പു മുഖേന ഈ തുക വിതരണം ചെയ്യുന്നു.

**ഡിഗ്രി മുതൽ പി ജി വരെയുള്ള പൊതുവായ സ്കോളർഷിപ്പുകൾ താഴെ പറയുന്നവയാണ്.**

## 7. അദ്ധ്യാപകരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്

+1,+2 രൂപ 50/ per month

ഡിഗ്രി ഒന്നാം വർഷം രൂപ 50/-per month

ഡിഗ്രി രണ്ടും മൂന്നും വർഷം രൂപ 75/-per month

പി ജി / പ്രൊഫഷണൽ കോഴ്സ് രൂപ 100/per month

ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് പ്രതിമാസം രൂപ 25/- അധികമായി നൽകുന്നു.

അപേക്ഷിക്കേണ്ട സമയം: നവംബർ / ഡിസംബർ

വരുമാന പരിധി : രൂപ 1,00,000/-

## 8. അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ്

സർക്കാർ/എയ്ഡഡ്-ട്രെയിനിംഗ്/മ്യൂസിക്/ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ/ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയതാണ് ഈ പദ്ധതി.

വാർഷിക വരുമാനം 2,50,000/- രൂപ വരെയുള്ള അന്ധ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യവും 4,50,000/- രൂപ വാർഷിക വരുമാനമുള്ള അന്ധ/ബധിര/ വികലാംഗ വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ താമസത്തിനുള്ള ആനുകൂല്യവും ഈ പദ്ധതി പ്രകാരം നൽകുന്നു. ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് പ്രതിമാസം

400/- രൂപ തോതിൽ ബോർഡിംഗ് ചാർജ്ജ് നൽകും . ബ്ലൈന്റിനു മാത്രം Tuition fee , Special fee, Exam fee , 500/- രൂപ Book allowance എന്നിവ നൽകും

## 9. മ്യൂസിക് / ഫൈൻ ആട്ട്സ് സ്കോളർഷിപ്പ്

തിരുവനന്തപുരം, തൃപ്പൂണിത്തുറ, പാലക്കാട് എന്നിവിടങ്ങളിലെ ഗവണ്മെന്റ് മ്യൂസിക് കോളേജുകളിലും, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലെ ഗവണ്മെന്റ് ഫൈൻ ആട്ട്സ് കോളേജുകളിലും, ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയതാണ് ഈ പദ്ധതി. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ കവിയാൻ പാടില്ല.

### മ്യൂസിക് സ്കോളർഷിപ്പ്

**1. ബിരുദ കോഴ്സ് (BPA)**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| BPA | 50 | 1250/- per year |

**2. ബിരുദാനന്തബിരുദ കോഴ്സ് (MPA)**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| MPA | 15 | 1500/- per year |

### ഫൈൻ ആർട്ട്സ് സ്കോളർഷിപ്പ്

**1. ബിരുദ കോഴ്സ്**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| എ) ഭരതനാട്യം | 5 | 300/- per month |
| ബി)Drawing /painting | 5 | 250/- per month |
| സി) മോഹിനിയാട്ടം | 5 | 300/- per month |
| ഡി)Sculpture/Modeling | 5 | 250/- per month |

**ബിരുദാനന്തര ബിരുദ കോഴ്സ്**

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| കഥകളി | അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും | 750/- per month |
| മറ്റു വിഭാഗങ്ങൾ | 2 വീതം | 500/- per month |

## 1. IAS കോച്ചിംഗ് സ്കോളർഷിപ്പ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും IAS കോച്ചിംഗ് ക്ലാസ്സിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. 6000/- രൂപ വീതം ആണ് സ്കോളർഷിപ്പ്.

ഓരോ വർഷത്തെയും അഡ്മിഷൻ പൂർത്തിയായതിനുശേഷം സ്ഥാപന മേധാവി ആവശ്യമായ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

## 2. ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്

സംസ്ഥാന സർക്കാർ പദ്ധതിയായ ഈ സ്കോളർഷിപ്പ് പ്രകാരം 2009 വർഷം മുതൽ SSLC പരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും എ+ ഗ്രേഡ് നേടിയ എല്ലാ വിദ്യാർത്ഥികൾക്കും 1250/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

ഓരോ വർഷവും SSLC പരീക്ഷാ ഫലം പ്രഖ്യാപിച്ചതിനുശേഷം പരീക്ഷാ ഭവൻ സെക്രട്ടറിയിൽ നിന്നും ലഭിയ്ക്കുന്ന ലിസ്റ്റിൽ നിന്നും അർഹരായവരെ തെരഞ്ഞെടുത്ത് വിശദവിവരങ്ങൾ വിദ്യാർത്ഥി SSLC പരീക്ഷ എഴുതിയ സ്കൂൾ മേധാവിയെ അറിയിക്കുന്നു. അതോടൊപ്പം വിവിധ വാർത്താ മാധ്യമങ്ങളിൽ അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനവും പുറപ്പെടുവിക്കുന്നു. സ്കൂൾ മേധാവിയിൽ നിന്നും അറിയിപ്പ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറവും ജോയിനിംഗ് റിപ്പോർട്ടും പൂരിപ്പിച്ച് പ്ലസ്സ്ടു തുല്യ യോഗ്യത കോഴ്സിന് ചേർന്ന സ്ഥാപന മേധാവിയുടെ ശുപാർശയോടുകൂടി യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. ഈ സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിന് 50% മാർക്കോടുകൂടി യോഗ്യതാ പരീക്ഷ വിജയിച്ചവർക്ക് അടുത്ത വർഷത്തേയ്ക്ക് പുതുക്കി നൽകുന്നു. 2009-10 മുതൽ ഈ സ്കോളർഷിപ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

പ്രസ്തുത പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ചട്ടങ്ങൾക്ക് വിധേയമായി പഠനം അവസാനിപ്പിക്കുന്നതുവരെ പുതുക്കി നൽകുന്ന താണ്. ഓൺലൈനായി അപേക്ഷിക്കുന്നതിന് വിശദവിവരങ്ങൾ www.dcescholarship.kerala.gov.in എന്ന websiteൽ ലഭ്യമാണ്.

## 3. ഹിന്ദി സ്കോളർഷിപ്പ്

അഹിന്ദി സംസ്ഥാനങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പാണ്. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഹിന്ദി സ്കോളർഷിപ്പിന് BA/ BSc ബിരുദം MA/M.phil/Phd. എന്നീ കോഴ്സിന്റെ ഒന്നാം വർഷ പ്രവേശനം ലഭിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്. വരുമാന പരിധി ഇല്ല. അർഹതാ പരീക്ഷയിൽ 60%മോ അതിൽ കൂടുതലോ മാർക്ക് വാങ്ങി വിജയിച്ചിരിക്കണം. സ്കോളർഷിപ്പുകളുടെ എണ്ണം തുക എന്നിവ താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| ബിരുദം (PI) | 180 | 500/- per month |
| Hindi MA/M.Phil/Phd/Bed/Med | 59 | 1000/- per month |

സ്കോളർഷിപ്പ് ഒരു കോഴ്സിന് ആദ്യ വർഷം അനുവദിച്ചാൽ ആ കോഴ്സ് തീരുന്നതുവരെ വർഷം തോറും പുതുക്കി നൽകുന്നു.

## 1. സംസ്കൃത പഠന പ്രോത്സാഹന സ്കോളർഷിപ്പ്

സംസ്കൃതം പ്രധാന വിഷയമായെടുത്ത് പഠിക്കുന്ന ആർട്ട്സ് ആന്റ് സയൻസ് കോളേജിലേയും കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലേയും സംസ്കൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും (Govt.&Aided college/University Regional Centre) വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും യോഗ്യതാ പരീക്ഷയിൽ ആദ്യ പ്രാവശ്യം തന്നെ പാസ്സായിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് മാർക്കിന്റെ അടിസ്ഥാനത്തിൽ ഈ സ്കോളർഷിപ്പിന് അർഹരാണ്. എന്നാൽ ഡിഗ്രിയ്ക്ക് പഠിക്കുന്ന ആദ്യത്തെ അഞ്ച് വിദ്യാർത്ഥികൾക്കും പി.ജി. യ്ക്ക് പഠിക്കുന്ന ആദ്യത്തെ 2 വിദ്യാർത്ഥികൾക്കും യോഗ്യതാ പരീക്ഷയുടെ മാത്രമടിസ്ഥാനത്തിൽ വരുമാന പരിധി കണക്കാക്കാതെ സ്കോളർഷിപ്പ് നൽകുന്നതാണ്.

സ്കോളർഷിപ്പുകളുടെ എണ്ണം, തുക താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| ബിരുദം | 55 | 200/- per month |
| ബിരുദാനന്തര ബിരുദം | 25 | 200/- per month |

ഇപ്പോൾ പഠിക്കുന്ന ഈ കോഴ്സിന് പഠിച്ചിരുന്നതിന് മുൻപ് ഓരോ വർഷവും 45% മാർക്ക് ഉണ്ടെങ്കിൽ സ്കോളർഷിപ്പ് പുതുക്കി അനുവദിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

## 1. കേരള സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്

കേരള സംസ്ഥാനത്തിലെ സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവണ്മെന്റ് Aided ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലേയും Department കളിലേയും /യൂണിവേഴ്സിറ്റി ഡിപ്പാർട്ട് മെന്റ്കളിലേയും വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഹയർ സെക്കന്ററി, ഡിഗ്രി എന്നീ കോഴ്സുകൾക്ക് 50%മോ അതിലധികമോ മാർക്ക് ലഭിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം. ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ബിരുദ പരീക്ഷയിൽ ഐഛിക വിഷയത്തിനും സബ്സിഡിയറി സബ്ജറ്റിനും കൂടി 50% മാർക്ക് ലഭിച്ചിരിക്കണം.

സ്കോളർഷിപ്പുകളുടെ എണ്ണം ,തുക എന്നിവ താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| ബിരുദം (PI) | 300 | 1250/- p a |
| ബിരുദാനന്തര ബിരുദം (PG) | 150 | 1500/- p a |

വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ കവിയരുത്. മെറിറ്റിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് മെട്രിക് സ്റ്റേജിൽ ആദ്യത്തെ 25 പേർക്കും പോസ്റ്റ് ഇന്റർ സ്റ്റേജിൽ സയൻസ് വിാഗത്തിലെ ആദ്യത്തെ 6 വിദ്യാർത്ഥികൾക്കും ആർട്ട്സ് വിഭാഗത്തിലെ ആദ്യത്തെ 6 വിദ്യാർത്ഥികൾക്കും കോമേഴ്സ് വിഭാഗത്തിലെ ആദ്യത്തെ 3 പേർക്കും പോസ്റ്റ് ഗ്രാജ്വേറ്റ് സ്റ്റേജിൽ ഓരോ വിഭാഗത്തിലേയും ആദ്യത്തെ ഒരു വിദ്യാർത്ഥിയ്ക്കും വരുമാന പരിധി നോക്കാതെ സ്കോളർഷിപ്പ് അനുവദിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നതു വരെ ഓരോ വർഷവും 45% മാർക്കുണ്ടെങ്കിൽ സ്കോളർഷിപ്പ് പുതുക്കി നൽകാവുന്നതാണ്.

## 1. കേരള സ്റ്റേറ്റ് സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ്

ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദ കോഴ്സിന് സംസ്ഥാനത്തിലെ വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലും സർക്കാർ/ എയ്ഡഡ് കോളേജുകളിലും പഠിക്കുന്ന അർഹതാ പരീക്ഷയ്ക്ക് 50% മാർക്ക് വാങ്ങിയ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (BPL) കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു.


സ്കോളർഷിപ്പുകളുടെ എണ്ണം, തുക താഴെ പറയും പ്രകാരമാണ്.

| കോഴ്സ് | സ്കോളർഷിപ്പ് എണ്ണം | സ്കോളർഷിപ്പ് തുക (Rs) |
|---|---|---|
| ബിരുദം | 3000 | 10,000/- p a |
| ബിരുദാനന്തര ബിരുദം | 1000 | 10,000/- p a |

സംസ്ഥാനത്തിലെ ഓരോ സർക്കാർ എയ്ഡഡ് കോളേജുകൾ , യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഓരോ അദ്ധ്യയന വർഷത്തിലേയും ഒന്നാം വർഷ ബിരുദ ബിരുദാനന്തര ബിരുദത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് ഈ സ്കോളർഷിപ്പ് വീതിച്ച് നൽകുന്നത്.

# XXVII.

# സഹകരണ വകുപ്പ്




## മേഖല വിവരണം

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധതരം സഹകരണ സംഘങ്ങളിൽ കൂടി ആ സ്ഥാപനത്തിലെ അംഗങ്ങൾക്ക് കൂടുതൽ ക്ഷേമവും, മെച്ചപ്പെട്ടതുമായ സേവനങ്ങൾ നൽകുന്നു. ഇതിനായി സംസ്ഥാന സർക്കാർ സഹകരണ വകുപ്പിലൂടെ സേവനങ്ങൾ നടപ്പിലാക്കി വരുന്നു. സഹകരണ വകുപ്പിന്റെ കീഴിലാണ് സംസ്ഥാന സഹകരണ വകുപ്പ് പ്രവർത്തിക്കുന്നത്. നിലവിൽ ഈ വകുപ്പിന് രണ്ട് വിഭാഗങ്ങളുണ്ട്.

1. ജനറൽ വിഭാഗം
2. ആഡിറ്റ് വിഭാഗം

ജനറൽ വിഭാഗത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ ഭരണ നിയന്ത്രണം നടത്തുന്നു. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലാണ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ഓരോ ജില്ലയിലും ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ആഫീസുകൾ മുഖേനയാണ് സഹകരണ സംഘങ്ങൾ നിയന്ത്രിക്കുന്നത്. സഹകരണ സംഘ

ങ്ങൾക്ക് വിവിധതരം ധനസഹായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ ജില്ലക്കും സഹകരണ സംഘം രജിസ്ട്രാർ വഴി തുക ലഭിക്കുന്നു. ഈ തുക സഹകരണ സംഘങ്ങൾക്ക് അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, അംഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്കുവേണ്ടിയും ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ സഹായം.
2. സംസ്കരണ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം
3. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും, നീതി സ്റ്റോറുകൾക്കും ധനസഹായം
4. വനിത സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ എന്നിവക്കുള്ള ധനസഹായം.
5. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം.
6. വിപണന ഇടപെടലിനും, സംസ്ക്കരണത്തിനുമുള്ള ധനസഹായം.
7. കർഷകസേവന കേന്ദ്രം നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം.

## ലക്ഷ്യങ്ങൾ

1. സ്വാശ്രയ സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക
2. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടിക്കുള്ള ഓഹരി വിഹിതം നൽകുക.
3. വായ്പാ തിരിച്ചടവ് കാലയളവിൽ നിര്യാതരാകുന്ന വായ്പക്കാരന്റെ വായ്പകൾ എഴുതിത്തള്ളുന്നതിന് സർക്കാർ സ്ഥാപിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് വിഹിതം തൽകുക
4. നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകുക.
5. പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന ധനസഹായം നൽകുക.
6. കൃത്യമായി വായ്പ തിരിച്ചടക്കുന്ന വായ്പക്കാർക്ക് പലിശയിളവ് നൽകുക.
7. കൊയ്ത്തുമെതി യന്ത്രം വാങ്ങുന്നതിന് സംഘത്തിന് ഗ്രാന്റ് നൽകുക
8. സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള യന്ത്രസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുക.

9. നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തുന്ന സംഘങ്ങൾക്ക് ഓഹരി മൂലധനം, വായ്പാഗ്രാന്റ് എന്നിവ നൽകൽ.
10. കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾക്ക് സഹായം ഉൾപ്പെടെ വനിത സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുക.
11. മോട്ടോർ ട്രാൻസ്പോർട്ട്/ആട്ടോറിക്ഷ/ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ എന്നിവക്ക് ധനസഹായം നൽകുക.
12. പഞ്ചായത്ത്/താലൂക്ക്/ജില്ലാ തലത്തിലുള്ള പുതിയ ഡിസ്പെൻസറി/സഹകരണ ആശുപത്രി സൊസൈറ്റികൾക്ക് ധനസഹായം നൽകുക
13. നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലബോറട്ടറീസ്, ബ്ളഡ് ബാങ്ക് എന്നിവ എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് ധനസഹായം നൽകുക
14. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി ഇത്തരം സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം നൽകുക

## ഗുണഭോക്താവ്

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സംഘങ്ങൾ പദ്ധതികളുടെ പ്രത്യക്ഷ ഗുണഭോക്താക്കളും ഗുണഭോക്തൃ സംഘങ്ങളിലെ അംഗങ്ങൾ പരോക്ഷ ഗുണഭോക്താക്കളുമായിരിക്കും. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്.

## സ്കീമിന്റെ നിർവ്വഹണം

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ, താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരാണ് നിർവ്വഹണ ഉദ്യോഗസ്ഥർ.

## ഫണ്ടിംഗ്

ഫണ്ട് അലോട്ട്മെന്റ് ഗവൺമെന്റ് ഉത്തരവ് മുഖേന രജിസ്ട്രാർടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിലോ, സംസ്ഥാന ട്രഷറിയിലോ ഉള്ള അക്കൗണ്ടിലേക്ക് മാറ്റുന്നു. ഈ തുക ജോയിന്റ് രജിസ്ട്രർടെ ശുപാർശ പ്രകാരം സംഘത്തിന് പിൻവലിച്ച് ജില്ലാ സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലൂടെ ഓഹരിമൂലധനം, വായ്പ എന്നിവയിലൂടെ ധനസഹായമായി അനുവദിക്കുന്നു. ഓഹരി മൂലധനം, വായ്പ എന്നിവ ഗുണഭോക്തൃ ക്ഷീരസംഘങ്ങൾ ഗഡുക്കളായി തിരിച്ചടക്കണം. ട്രഷറിയിൽ ചലാൻ സഹിതം തുക തിരിച്ചടയ്ക്കണം.

## പ്രവർത്തനങ്ങൾ

പ്രോജക്ട് തയ്യാറാക്കൽ സംഘം തലത്തിൽ ചെയ്യണം. ആയത് ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്ത് രജിസ്ട്രാർക്ക് സമർപ്പിക്കുന്നു. രജിസ്ട്രാർ അംഗീകരിക്കുന്ന പദ്ധതികൾ രജിസ്ട്രാറും, ഗവൺമെന്റ് അംഗീകരിക്കുന്നവ വകുപ്പ് സെക്രട്ടറിക്ക് നൽകി ഉത്തരവാകുകയും ചെയ്യുന്നു. പ്രവർത്തനം മോണിറ്റർ ചെയ്യുന്നത് ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവരാണ്.

## സംഘാടനം

സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികൾ, വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർക്കാണ് സംഘാടനത്തിന്റെ ചുമതല.

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീം അവബോധം നൽകുന്നതിന്/പദ്ധതി തയ്യാറാക്കുന്നതിൽ അതാതു പ്രദേശത്തെ അംഗങ്ങൾക്ക് ഗ്രാമസഭവഴി മാർഗ്ഗനിർദ്ദേശം നൽകാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണത്തിൽ സഹകരണ സംഘങ്ങളെ ഭാഗമാക്കണം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വകുപ്പുതല യോഗങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നും അവശ്യാധിഷ്ഠിത പ്രൊജക്റ്റുകൾ സമാഹരിച്ച് നൽകുന്നതിന് യത്നിക്കുക. പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

സഹകരണ സ്ഥാപനങ്ങളുടെ രൂപീകരണവും ശാക്തീകരണവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപ്പെടുന്നതാകയാൽ മേൽ പദ്ധതികൾ അവയുമായി ബന്ധിപ്പിക്കണം പൂരക പ്രവർത്തനങ്ങൾ നിയമാനുസൃതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതും മുഴുവൻ പദ്ധതികൾ മോണിറ്ററിംഗിന് വിധേയമാക്കാവുന്നതുമാണ്. ഉല്പാദന-സേവന-പശ്ചാത്തല വികസന പ്രവർത്തനങ്ങൾ സഹകരണ മേഖലയുമായി ഏകോപിപ്പിക്കാവുന്നതാണ്

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രോജക്ടുകൾ സാധ്യതാ പഠനങ്ങൾക്ക് വിധേയമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ചചെയ്തും തയ്യാറാക്കി നിർവ്വഹണം നടത്തുന്നത് ഉചിതമായിരിക്കും.

# XXVIII.
# നാഷ്ണൽ എംപ്ലോയ്മെന്റ് സർവ്വീസ് കേരളം



## സ്വയം തൊഴിൽ പദ്ധതികൾ

### ആമുഖം

ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും നിലവിലുള്ള ഒഴിവുകളുടെ എണ്ണം നാമമാത്രമാക്കി ചുരുക്കിയിരിക്കുന്നു. അതുപോലെ തന്നെ പ്രൈവറ്റ് റിക്രൂട്ടിംഗ് ഏജൻസികളുടെ ആവിർഭാവം. പൊതുമേഖലയുടെ പ്രാധാന്യം നഷ്ടപ്പെട്ടത് കമ്പ്യൂട്ടറൈസേഷന്റെയും എം.ജി.പി.യുടെ ഭാഗമായി ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ കുറവ് വരുത്തിയത്. ഇങ്ങനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജോലി ലഭിക്കുന്ന വരുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. ഇത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ മാത്രം കാര്യമല്ല. PSC, BSRB നിർത്തി (IBPA, SSC etc) തുടങ്ങി മറ്റ് എല്ലാ റിക്രൂട്ടിംഗ് ഏജൻസികളുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. ഇങ്ങനെ ഇന്നു നിലവിലുള്ള വൈവിധ്യങ്ങളായ ജോലികളിൽ കേവലം 7% ശതമാനം മാത്രമാണ്, സർക്കാർ അർദ്ധസർക്കാർ മേഖലകളിലുള്ളത്. അതുകൊണ്ടു തന്നെ ഉത്പാദന സേവന, വിതരണ മേഖലകളിൽ സ്വന്തമായ സംരംഭങ്ങൾ ആരംഭിക്കുക എന്നത് തികച്ചും, കാലിക പ്രസക്തിയുള്ളതാണ്. ഇത്തരത്തിലുള്ള സാഹചര്യത്തിൽ തൊഴിൽ രഹിതരായ യുവതി യുവാക്കൾ ആദ്യം അഭിമുഖീകരി

ക്കുന്ന സർക്കാർ സ്ഥാപനം എന്ന നിലയിൽ തൊഴിൽ രഹിതരെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനു സ്വയം തൊഴിൽ മേഖലകളിൽ പ്രാപ്തരും പ്രഗൽഭരുമാക്കുന്നതിനും അതോടൊപ്പം അവരെ തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാഷ്ണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പു മുഖേന സ്വയം തൊഴിൽ പദ്ധതികൾ ആരംഭിച്ചത്. 99 ൽ കെസ്റു 99, 2007 ൽ മൾട്ടി പർപ്സ് സർവ്വീസ് സെന്റേഴ്സ് ജോബ് ക്ലബ്, 2010 ൽ ശരണ്യ എന്നിങ്ങനെ മൂന്ന് സ്വയം തൊഴിൽ പദ്ധതികളാണ് ഇന്ന് നിലവിലുള്ളത്. ഈ മൂന്ന് പദ്ധതികളും സംസ്ഥാനാവിഷ്കൃതമാണ്.

സ്കീമിന്റെ പേര്

1. കെസ്റു 99 (Kerala State SelfEmployment Scheme for the registered unemployed)
2. മൾട്ടി പർപ്സ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്. (MPSC & JC)
3. ശരണ്യ

## 1. കെസ്റു 99

30.3.99 മുതൽ എംപ്ലോയ്മെന്റ് വകുപ്പിൽ നടപ്പിലാക്കി വരുന്നു.

a) എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21 നും 50 നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതർക്ക് അപേക്ഷിക്കാം.

b) വാർഷിക കുടുംബ വരുമാനം 40,000 രൂപ വരേയും വ്യക്തിഗത വരുമാനം പ്രതിമാസം 500 രൂപയ്ക്കും താഴെ വരുമാനമുള്ളവരായിരിക്കണം

c) പരമാവധി വായ്പ ഒരു ലക്ഷം രൂപ വരെ ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ 20% സർക്കാർ സബ്സിഡി നൽകുന്നു. (Frontend)

d) വായ്പ എടുത്ത ഗുണഭോക്താക്കളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്ക്കാലിക ജോലിക്ക് പരിഗണിക്കുന്നതല്ല. സ്ഥിരം ജോലിക്ക് പരിഗണിക്കും

## 2. മൾട്ടി പർപ്സ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് 28.10.07 മുതൽ വകുപ്പിൽ നിന്നും നടപ്പിലാക്കി വരുന്നു.

a) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21 നും 40 നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതർക്ക് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷിക്കാം. SC/ST/PH വിഭാഗങ്ങൾക്ക് 5 വർഷവും OBC ക്ക് 3 വർഷവും പ്രായപരിധിയിൽ ഇളവ് അനുവദിക്കും.

b) ഈ സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് കുറഞ്ഞത് രണ്ട് അംഗങ്ങൾ ഉണ്ടായിരിക്കണം. ഇവർ ഓരേ വീട്ടിലെയോ അടുത്ത ബന്ധുക്കളോ ആകാൻ പാടില്ല.

c) വാർഷിക കുടുംബ വരുമാനം 50,000 രൂപയ്ക്കു താഴെയുള്ളവരുമായിരിക്കണം.

d) പരമാവധി 10 ലക്ഷം രൂപ വായ്പ ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ 25% അല്ലെങ്കിൽ പരമാവധി രണ്ടു ലക്ഷം രൂപ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നു.

e) 10% ശതമാനം ഗുണഭോക്തൃ വിഹിതം ഓരോ ജോബ് ക്ലബ്ബും ബാങ്കിൽ അടയ്ക്കേണ്ടതാണ്. സബ്സിഡിയും ഗുണഭോക്തൃ വിഹിതവും കഴിച്ചുള്ള തുകയ്ക്കു മാത്രം ധനകാര്യസ്ഥാപനം പലിശ ഈടാക്കുന്നതുമായിരിക്കും.

മേൽ വിവരിച്ച രണ്ടു പദ്ധതികളും ദേശസാൽകൃത, ഷെഡ്യൂൾസ്/കൊമേഴ്സ്യൽ ബാങ്കുകൾ, സംസ്ഥാന ജില്ല സഹകരണ ബാങ്കുകൾ മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന നടപ്പിലാക്കുന്നു.

## 3. ശരണ്യ

24.07.2010 മുതൽ എംപ്ലോയ്മെന്റ് വകുപ്പിൽ നടപ്പിലാക്കി വരുന്നു.

a) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത വിധവകൾ നിയമാനുസൃതം, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവിനെ കാണാതായവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്ക് വേണ്ടിയുള്ള സ്വയംതൊഴിൽ പദ്ധതി

b) വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം കവിയാൻ പാടില്ല. പ്രായപരിധി 18 നും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം.

c) 50,000 രൂപ വരെ പലിശ രഹിത വായ്പയാണ്. 50,000 ത്തിനു മേൽ വായ്പ്പ ആവശ്യമുള്ള ഗുണഭോക്താക്കൾ 3% ഫ്ളാറ്റ് പലിശ അടയ്ക്കേണ്ടതാണ്. കൂടാതെ 10% ഗുണഭോക്തൃവിഹിതവും അടയ്ക്കേണ്ടതാണ്.

d) വായ്പ്പയുടെ 50% പരമാവധി 25,000% രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. ഈ പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം മുഴുവനായും നടപ്പിലാക്കുന്നു.

### ലക്ഷ്യങ്ങൾ

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകന്ന് ഒറ്റപ്പെട്ടു പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ഒരു ജനസഞ്ചയത്തെ അവരുടെ കഷ്ടപാടുകളിൽ നിന്നു മോചനം ലഭിക്കുന്നതിനു എംപ്ലോയ്മെന്റ് ഡിപ്പാർട്ടുമെന്റിന് കഴിയുന്ന സഹായം ചെയ്യുക എന്ന സാമൂഹിക ഉത്തരവാദിത്തം ഏറ്റെടുത്ത് സേവന/ബിസ്നസ് മേഖലകളിൽ

പ്രവർത്തന മൂലധനത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള സംരംഭം സ്വന്തം വീട്ടിലോ ചെറിയ വാടകയ്ക്ക് എടുക്കുന്ന സ്ഥലത്തോ തുടങ്ങാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

## ഗുണഭോക്താവ്

അപേക്ഷകരുടെ സംരഭകത്വ ശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, സാങ്കതിക വൈദഗ്ദ്യം, വായ്പ തിരിച്ചടവിനുള്ള കഴിവ് എന്നിവ പരിശോധിച്ച് ജില്ലാ കമ്മിറ്റി തെരെഞ്ഞെടുക്കുന്നു.

## സ്കീമിന്റെ നിർവഹണം.

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. കാലാകാലങ്ങളിൽ ഇതിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥർക്ക് ഡയറക്ടർ നൽകുന്നതാണ്. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, സ്വയം തൊഴിൽ പദ്ധതിയുടെ ഉദ്യോഗസ്ഥർ എന്നിവർ അദ്ദേഹത്തെ സഹായിക്കുന്നതുമാണ്.

## ഫണ്ടിംഗ്

കെസ്റു, (non plan) മൾട്ടി പർപ്സ് സർവ്വീസ് സെന്റെഴ്സ്/ജോബ് ക്ലബ്ബ് (plan fund) എന്നീ പദ്ധതികൾ ജില്ലയിലെ ദേശസാൽകൃത ബാങ്കുകൾ, റീജണൽ റൂറൽ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, എന്നിവ മുഖേന നടപ്പിലാക്കുന്നു. കെസ്റുവിന് 20% സബ്സിഡിയും. ജോബ് ക്ലബ്ബിന് ആകെ ഉൽപ്പാദന ചെലവിന്റെ 25% അല്ലെങ്കിൽ രണ്ടുലക്ഷം രൂപ സബ്സിഡിയായി വകുപ്പ് അനുവദിക്കുന്നു. ശരണ്യ സ്വയം തൊഴിൽ പദ്ധതി മുഴുവനായും സംസ്ഥാന സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നു.

## പ്രവർത്തനങ്ങൾ

കെസ്റു/മൾട്ടിപർപ്സ് ജോബ് ക്ലബ് എന്നീ പദ്ധതികളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായുള്ള ജില്ലാകമ്മിറ്റിയും, ശരണ്യ സ്വയം തൊഴിൽ പദ്ധതി കളക്ടർ ചെയർമാനായുള്ള ജില്ലാ കമ്മിറ്റിയുമാണ് അപേക്ഷകൾ പരിഗണിക്കുന്നത്. അപേക്ഷകരുടെ സംരഭകത്വ ശേഷി വ്യക്തിത്വ ശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, വിശ്വസ്യത, സാങ്കേതിക വൈദഗ്ദ്യം, വായ്പ തിരിച്ചടക്കുവാനുള്ള കഴിവ് എന്നിവ പരിശോധിച്ച് ജില്ലാ കമ്മിറ്റി യോഗ്യത നിർണ്ണയിക്കുന്നു. പ്രോജകട് അപേക്ഷകർ തന്നെ തയ്യാറാക്കി നൽകുന്നു.

സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ ഓരോ സ്വയം തൊഴിൽ പദ്ധതിയുടേയും കുറഞ്ഞത് മൂന്ന് സംരംഭങ്ങൾ വീതം ഓരോ മാസവും സന്ദർശിച്ച് സംരംഭത്തിന്റെ പുരോഗതി വിലയിരുത്തണം.

## സംഘാടനം

ജില്ലയിൽ ജില്ല എംപ്ലോയ്മെന്റ് എക്സചേഞ്ച് സെൽഫ് എംപ്ലോയ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കെസ്റു മൾട്ടി പർപ്സ് എന്നീ സ്വയം തൊഴിൽ പദ്ധതിയുടെ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്കൂടാതെ കെസ്റു ജില്ലാ കമ്മിറ്റിയിൽ ജില്ലയിലെ എല്ലാ ബ്ലോക്കിലെയും പ്രസിഡണ്ടുമാർ മെമ്പർമാരാണ്.

തദ്ദേശസ്ഥാപനങ്ങൾക്ക് ഗ്രാമസഭകൾ/വാർഡ് സഭകൾ പദ്ധതിയെ സംബന്ധിച്ച അവബോധം നൽകൽ, പബ്ലിസിറ്റി എന്നിവ നൽകാവുന്നതാണ്. ഇതിലൂടെ അർഹതപ്പെട്ട എല്ലാ തൊഴിൽ രഹിതരെയും സ്കീമിൽ കൊണ്ടുവരാൻ ശ്രമിക്കണം. ഗ്രാമസഭ/വാർഡ് സഭകളിൽ കൂടിയും അപേക്ഷകൾ പരിപൂർണ്ണമാക്കി ശേഖരിച്ച് നൽകാം. ഗ്രാമസഭകളിൽ/വാർഡ് സഭകളിൽ വേണ്ട സംശയങ്ങൾ തീർക്കാം.

## വകുപ്പിന്റെ പങ്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

a) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയെ സംബന്ധിച്ച് പബ്ലിസിറ്റി കൊടുക്കാവുന്നതാണ്.

b) ഇതിനായി പഞ്ചായത്തു ഓഫീസുകളിൽ പൊതുജനങ്ങൾ കാണത്തക്ക വിധത്തിൽ ഒരു ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്.

c) പദ്ധതി നിർവഹണ ഉദ്യോഗസ്ഥർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ വിളിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ യോഗങ്ങളിൽ അല്ലെങ്കിൽ ഗ്രാമസഭയിൽ ക്ലാസ്സ് എടുപ്പിക്കാവുന്നതാണ്. അപേക്ഷകൾ എങ്ങനെ നൽകണം, എങ്ങനെ പൂരിപ്പിക്കണം എന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വായ്പ ആവശ്യമായ ഗുണഭോക്താക്കൾക്ക് ഗ്രാമസഭവഴി തദ്ദേശഭരണ സ്ഥാപനം അവബോധം നൽകി ഗുണഭോക്താക്കളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യിച്ച് സ്കീമിന്റെ പങ്കാളിയാക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മോണിറ്ററിംഗ് : സംരംഭം തുടങ്ങി കഴിഞ്ഞും അതു സന്ദർശിച്ച് അതിന്റെ നിലനിൽപ്പ് ഉറപ്പു വരുത്തുക. വായ്പ്പ തുക സംരംഭത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണോ ചെലവഴിച്ചത് എന്ന് പരിശോധിക്കുക. വായ്പ തിരിച്ചടവിൽ മുടക്കം വരുത്തുന്നുണ്ടോ എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപന ങ്ങൾക്ക് പ്രവർത്തനം നേരിട്ടും ഗ്രാമസഭകൾ വഴിയും വിലയിരുത്താം, നിർദ്ദേശ ങ്ങൾ നൽകാം. വായ്പ തിരിച്ചടവ് ഉറപ്പു വരുത്താം.

## 4. തൊഴിൽ രഹിത വേതനം

28.05.1998 ലെ ജി.ഒ (പി) 23/98 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തൊഴിൽ രഹിത വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറുകയുണ്ടായി. അപേക്ഷ ക്ഷണിക്കലും അർഹത നിർണ്ണയിക്കലും വേതന വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. തൊഴിൽ രഹിത വേതനത്തിനുള്ള ഫണ്ട് വിതരണവും മോണിറ്ററിംഗും എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരമാണ് നട ത്തുന്നത്.

### ലക്ഷ്യം

എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്ന 21 നും 35 നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതർക്ക് സമാശ്വാസമേകുക.

### അർഹത

അർഹരായവർക്ക് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീ സുകളിൽ അപേക്ഷ കൊടുക്കാവുന്നതാണ്.

a) 21 നും 35 നും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചിത സമയ പരി ധിയില്ല. അർഹതയുള്ള ഏതു വ്യക്തിക്കും ഏതു സമയത്തും അപേക്ഷിക്കാ വുന്നതാണ്.

b) അപേക്ഷകർ 18 വയസ്സിനു ശേഷം 3 വർഷം രജിസ്ട്രേഷൻ സീനിയോറിറ്റി യോടുകൂടി അപേക്ഷിക്കുന്ന ദിവസം 21 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവരുമായിരിക്കണം.

c) വാർഷിക കുടുംബ വരുമാനം 12,000/- രൂപയിൽ താഴെ വ്യക്തിഗത വരുമാനം 100 രൂപയിൽ താഴെ. വിദ്യാർത്ഥികളല്ലാത്തവരും എസ്.എസ്.എൽ.സി പാസായവരും ആയിരിക്കണം. പട്ടികജാതി/പട്ടിക വർക്ഷ/വികലാംഗർക്ക് എന്നിവർ എസ്.എസ്.എൽ.സി പാസാകണമെന്നില്ല. പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും.

റ) അംഗവൈകല്യമുള്ള അപേക്ഷകരെ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായ 2 വർഷത്തെ സീനിയോറിറ്റി മതിയാകുന്നതാണ് (മിനിമം വയസ്സ് 21 ൽ മാറ്റമില്ല)

ല) തൊഴിൽ രഹിത വേതനം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക ആയിരിക്കും. നിലവിൽ മാസം 120 രൂപ.

## ഫണ്ടിംഗ്

ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അലോട്ട്മെന്റ് തദ്ദേശഭരണ സ്ഥാപനത്തിന് നൽകുന്നു. സംസ്ഥാന സർക്കാരിന്റെ നോൺപ്ലാൻ ഫണ്ടാണിത്.

## നിർവ്വഹണ ഉദ്യോഗസ്ഥർ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണം നടത്തി സഞ്ചിത നിധിയിൽ നിന്നും പണം പിൻവലിച്ച് നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്നു. വേതനം കൈപ്പറ്റുന്നതിൽ ഒരു തവണ വീഴ്ച വരുത്തിയാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് വേതനം നൽകാം. എന്നാൽ രണ്ട് തവണ ഹാജരായില്ലെങ്കിൽ ജില്ലാ കളക്ടർക്ക് നൽകുന്ന അപ്പീൽ പ്രകാരം കൺഡോൺ ചെയ്യുന്നപക്ഷം മുടങ്ങിയ വേതനം സെക്രട്ടറിക്ക് നൽകാം. രജിസ്റ്ററുകളും വിതരണ രജിസ്റ്ററും സെക്രട്ടറി സൂക്ഷിക്കണം.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഗുണഭോക്താക്കളെ ഗ്രാമസഭ വഴി അർഹത നിശ്ചയിച്ച് തെരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്ത്/നഗരസഭയാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അപേക്ഷകൾ ചർച്ച ചെയ്യുകയും യഥാസമയം വേതനം നൽകുന്ന നടപടികൾക്ക് നേതൃത്വം നൽകുകുയും വെയ്ക്കേണ്ടതാണ്.

## വകുപ്പിന്റെ പങ്ക്

അലോട്ട്മെന്റ് നൽകൽ തദ്ദേശഭരണസ്ഥാപനത്തിന്റെ തീരുമാനത്തിന്മേൽ നടപടിയെടുക്കൽ, മാർഗ്ഗ നിർദ്ദേശം നൽകൽ.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം,സംയോജനം എങ്ങനെ സാധ്യമാക്കാം.

തൊഴിൽ രഹിതരും വേതനം കൈപ്പറ്റുന്നവരും എത്രയെന്ന് പദ്ധതിയിൽ പ്രതിപാദിക്കണം. ഇതിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചു എന്നും എത്രപേർ സ്വയം തൊഴിൽ സ്വീകരിച്ചുവെന്നും പ്രതിപാദിക്കാം. ഇവർക്ക് വേണ്ടി സ്വയം തൊഴിൽ പദ്ധതികൾ കണ്ടെത്താം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വേതനം കൈപ്പറ്റുന്നവർ എല്ലാവരും അർഹരായവരാണെന്ന് ഉറപ്പു വരുത്തണം. അനർഹരെ ഒഴിവാക്കണം.

# XXIX.
# തൊഴിൽ വകുപ്പ്



രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ആഗോളതലത്തിൽ തൊഴിൽ രംഗം ആകെ മാറി മറിഞ്ഞു. ആകമാനമുണ്ടായ വ്യവസായവൽക്കരണം തൊഴിലവസരങ്ങളും, അതോടൊപ്പം തൊഴിൽ പ്രശ്നങ്ങളും സൃഷ്ടിച്ചു. ഇവ കൈകാര്യം ചെയ്യാൻ പ്രത്യേകം വകുപ്പിന്റെ ആവശ്യവും വന്നു.

കേരളത്തിൽ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരാണ് തൊഴിൽ വകുപ്പിന്റെ രൂപീകരണത്തിന് മുൻകൈ എടുത്തത്. അതുവരെ വ്യവസായ വകുപ്പിന്റെ ഭാഗമായിരുന്നു തൊഴിൽ വകുപ്പ്.

ശ്രീ. ചിത്തിരതിരുനാൾ ബാലരാമ വർമ മഹാരാജാവ് 16-10-1946 ലെ 154 ാം നമ്പർ ഉത്തരവ് മുഖേനയാണ് ആദ്യമായി ലേബർ കമ്മീഷണറെ നിയമിക്കുന്നതും, അന്നുമുതലാണ് കേരളത്തിൽ സ്വതന്ത്രമായി തൊഴിൽ വകുപ്പ് പ്രവർത്തനം ആരംഭിക്കുന്നതും.

## ലക്ഷ്യങ്ങൾ

തൊഴിൽ രംഗത്ത് നിലനിർത്തുക എന്നതാണ് തൊഴിൽ വകുപ്പിന്റെ മുഖ്യമായ ലക്ഷ്യം. അതു വഴി തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും, ജീവിത സാഹ

ചര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുക, തൊഴിലാളി - തൊഴിലുടമ ബന്ധം ശക്തവും ദൃഢവുമാക്കുക, അന്യോന്യമുള്ള സഹകരണത്തിന്റെ സാഹചര്യം നിലനിർത്തുക ഇവയെല്ലാം കേരളത്തിൽ തൊഴിൽ വകുപ്പിന്റെ ഉദ്ദേശ ലക്ഷ്യങ്ങളാണ്.

ഘട്ടം ഘട്ടമായി മുപ്പതിലധികം വരുന്ന തൊഴിൽ നിയമങ്ങൾ നടപ്പിലാക്കി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുക എന്നത് തൊഴിൽ വകുപ്പിന്റെ മുഖ്യ ലക്ഷ്യമാണ്. അതിനായി മെച്ചപ്പെട്ട പ്രോഗ്രാമുകളും പോളിസികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്.

## മുഖ്യപ്രവർത്തനങ്ങൾ

### 1. വ്യവസായ ബന്ധം

ഊഷ്മളമായ വ്യവസായ അന്തരീക്ഷം നിലനിർത്തുന്നതിനുള്ള പ്രധാന ഉപകരണം തന്നെയാണ് തൊഴിൽ വകുപ്പ്. ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1 വരെ നീളുന്ന അനുരഞ്ജന ഉദ്യോഗസ്ഥരുടെ പരിശ്രമം സംസ്ഥാനത്ത് സമാധാനപരമായ വ്യവസായ അന്തരീക്ഷം നിലനിർത്തുന്നതിന് കാരണമായിട്ടുണ്ട്.

### 2. എൻഫോഴ്സ്മെന്റ്

30 ലധികം വരുന്ന വ്യത്യസ്തങ്ങളായ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നത് തൊഴിൽ വകുപ്പ് മുഖേനയാണ്. അതിനായി 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, അവരെ നിയന്ത്രിക്കുകയും, അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുമായി ജില്ല തോറും എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാർ, 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് തുടങ്ങി വിപുലമാണ് എൻഫോഴ്സ്മെന്റ് വിഭാഗം.

### ക്വാസി ജുഡീഷ്യൽ ജോലികൾ

വർക്ക്മെൻസ് കോമ്പൻസേഷൻ, ഷോപ്പ് അപ്പീൽ, മിനിമം വേജസ് ക്ലെയിം, സബ്സിസ്റ്റൻസ് അലവൻസ്, സ്റ്റാന്റിംഗ് ഓർഡർ എന്നിവ കൈകാര്യം ചെയ്യാൻ ക്വാസി ജുഡീഷ്യൽ അധികാരമുള്ള ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരാണുള്ളത്.

### 3. ക്ഷേമ പദ്ധതികൾ

സമൂഹത്തിലെ ഏതാണ്ട് എല്ലാ വിഭാഗം തൊഴിലാളികളുടേയും ക്ഷേമം ലക്ഷ്യമാക്കി 18 ക്ഷേമ പദ്ധതികൾ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

1. Kerala Abkari Workers Welfare Fund Board, Thiruvananthapuram – 36
2. Kerala Agricultural Workers Welfare Fund Board, Thrissur – 4
3. Kerala Artisans and skilled Workers Welfare Scheme, Thiruvananthapuram-1
4. Kerala Beedi & Cigar Workers Welfare Fund Board, Kannur.
5. Kerala Building & Other Construction Workers Welfare Board, Thiruvananthapuram -14
6. Kerala Cashew Workers Relief & welfare Fund Board, Kollam
7. Kerala Handloom Workers Welfare Fund Board, Kannur
8. Kerala Headload Workers Welfare Fund Board, Ernakulam
9. Kerala Labour Welfare Fund Board, Thiruvananthapuram – 1
10. Kerala Motor Transport Workers Welfare Fund Board, Kollam
11. Kerala Shops & Commercial Establishments Workers Welfare Fund Board, thiruvananthapuram – 35
12. Kerala Tailoring Workers Welfare Fund Board, Thiruvananthapuram – 4
13. Kerala Toddy Workers Welfare Fund Board, Thiruvananthapuram – 11
14. Kerala Beedi & Cigar Workers Welfare Fund Board, Kozhikode
15. Kerala Eetta, Kattuvally and Pandanus Leaf Workers Welfare Fund, Ernakulam.
16. Kerala Small Plantation Workers Welfare Fund Board, Kottayam
17. Kerala Jewellery Workers Welfare Fund Board, Thiruvananthapuram-01
18. Kerala Minimum Wages Advisory Board, Thiruvananthapuram - 14

### 1. 1980 ലെ കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി

### ലക്ഷ്യങ്ങൾ

തൊഴിലിനിടെ അപകടത്തിൽപെടുന്ന മരംകയറ്റ, മരംമുറി തൊഴിലാളികൾക്ക് തുടർന്ന് ജോലി ചെയ്യാൻ സാധിക്കാത്ത വിധത്തിൽ അവശത അനുഭവിക്കുന്ന വർക്ക് 25,000 രൂപയും, അപകടത്തെ തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 50,000 രൂപയും ധനസഹായം അനുവദിക്കുന്നു.

### ഗുണഭോക്താവ്

കേരളത്തിലെ മരംകയറ്റ തൊഴിലാളികളിൽ മരംകയറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അവസരത്തിൽ അപകടം സംഭവിക്കുന്ന തൊഴിലാളികളും തൊഴിലാളി മര

ണപ്പെടുന്ന അവസരത്തിൽ അവരുടെ ആശ്രിതരുമാണ് ഗുണഭോക്താക്കൾ. ചെത്തു തൊഴിലാളികൾ ഈ ധനസഹായത്തിന് അർഹരല്ല.

## സ്കീമിന്റെ നിർവ്വഹണം

അപകടം സംഭവിച്ച തൊഴിലാളി/ആശ്രിതർ നിശ്ചിത ഫോറത്തിൽ ജില്ലാ ലേബർ ഓഫീസർക്ക് അപകടം സംഭവിച്ച് 90 ദിവസത്തിനകം അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ഗവൺമെന്റ് ഡോക്ടറിൽ നിന്നും തുടർന്ന് മരംകയറ്റ ജോലി യിൽ ഏർപ്പെടാൻ കഴിയാത്തവിധം പൂർണ്ണവും ശാശ്വതവുമായി അവശനാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

തൊഴിലാളി മരണമടയുന്ന കേസുകളിൽ ആശ്രിതർ അപേക്ഷയോടൊപ്പം മരണ സർട്ടിഫിക്കറ്റിന്റെയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും സാക്ഷ്യപെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

## ഫണ്ടിംഗ്

കേരളസർക്കാർ

## സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന തൊഴിൽ വകുപ്പ്

## പ്രവർത്തനങ്ങൾ

- അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം
- അപേക്ഷകന്/ആശ്രിതർക്ക് തുക അനുവദിക്കൽ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെകുറിച്ചുള്ള അവബോധം, ഗ്രാമസഭ വഴി തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലൂടെ ടി തൊഴിലാളി കുടുംബങ്ങൾക്ക് നൽകുക. യഥാസമയം അർഹി ക്കുന്ന തൊഴിലാളികൾ അപേക്ഷ നൽകിയെന്നും അവർക്ക് ആനുകൂല്യം ലഭ്യ മാക്കി എന്നു ഉറപ്പുവരുത്തുക.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോ ജനം എങ്ങനെ സാധ്യമാക്കാം

സ്കീമിനെ കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകൽ, അർഹരായ എല്ലാ വരും അപേക്ഷിച്ചു എന്ന് ഉറപ്പുവരുത്തൽ മുതലായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

യഥാസമയം ആനുകൂല്യം അർഹിക്കുന്ന തൊഴിലാളികൾ/ആശ്രിതർ അപേക്ഷ നൽകി എന്ന് ഉറപ്പുവരുത്തുക.

## 2. 2012 – ലെ കേരള മരം കയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി

## ആമുഖം

1980 ലെ മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്നതിനിടയിൽ അപകടം സംഭവിച്ചാൽ 25000 രൂപയും മരണമടയുകയാണെങ്കിൽ 50000 രൂപയും നൽകി വരുന്നതും ടി ധനസഹായം കൈപ്പറ്റിയ തൊഴിലാളിക്ക്/തൊഴിലാളിയുടെ ആശ്രിതർക്ക് പ്രായമോ വരുമാനമോ ബാധകമാക്കാതെ അവശതാപെൻഷൻ നൽകുന്ന പദ്ധതി.

## ലക്ഷ്യങ്ങൾ

- തൊഴിലിനിടെ അപകടത്തിൽപെട്ടവർക്ക് പ്രതിമാസം 400 ക പെൻഷൻ നൽകൽ
- അപകടം സംഭവിച്ച് മരംകയറ്റ ക്ഷേമനിധിപ്രകാരം ധനസഹായം ലഭിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് പ്രതിമാസം 400 ക പെൻഷൻ നൽകൽ
- അവരുടെ 8 മുതൽ 12 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 100 ക സ്കോളർഷിപ്പ് നൽകൽ
- അവരുടെ കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 200ക (പരമാവധി ഒരു വർഷം 1000 ക) സ്കോളർഷിപ്പ് നൽകൽ

## ഗുണഭോക്താക്കൾ

- മരംകയറ്റ തൊഴിലാളികൾ/ആശ്രിതർ (ക്ഷേമനിധി അംഗം)
- അവരുടെ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന/കോളേജിൽ പഠിക്കുന്ന കുട്ടികൾ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ വിഹിതം

## പദ്ധതിയുടെ നിർവ്വഹണം

തൊഴിൽ വകുപ്പ് മുഖേന

## പ്രവർത്തനങ്ങൾ

- നോമിനി അപേക്ഷ ബന്ധപെട്ട അസി.ലേബർ ഓഫീസർ വഴി നൽകുന്നു.
- ലേബർ ഓഫീസർ ഫണ്ടിന് വേണ്ടി അപേക്ഷിക്കുന്നു.
- അപേക്ഷയോടൊപ്പം (എൽ.ഐ.സി അപേക്ഷാ ഫോറം). അവശത തെളിയിക്കുന്ന ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം
- സ്കോളർഷിപ്പിനുള്ള അപേക്ഷകൾ രക്ഷിതാവ് ബന്ധപ്പെട്ട ലേബർ ഓഫീസർക്ക് നൽകുന്നു. ഹെഡ്മാസ്റ്റർ സാക്ഷ്യപെടുത്തണം. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സംഖ്യ രക്ഷിതാവിന് കൈമാറുന്നു.

## നിർവ്വഹണ ഉദ്യാഗസ്ഥന്റെ പങ്ക്

അന്വേഷണം നടത്തി യഥാസമയം ധനസഹായം നൽകൽ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകൽ, അർഹതയുള്ള എല്ലാവരും അപേക്ഷിച്ചു എന്ന് ഉറപ്പു വരുത്തൽ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം/ സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിരേഖയിൽ വിവരങ്ങൾ പ്രതിപാദിക്കാം.

# 3. കേരള കർഷക തൊഴിലാളി പെൻഷൻ

## ആമുഖം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് അംഗത്വം അവസാനിപ്പിച്ചതിന് ശേഷം ജീവിത വൃത്തിയ്ക്ക് വേണ്ടി പ്രതിമാസം നൽകുന്ന പെൻഷൻ പദ്ധതിയാണിത്.

## ലക്ഷ്യങ്ങൾ

കർഷക തൊഴിലാളിയായി സേവനമനുഷ്ഠിച്ചവർക്ക് (ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക്) 60 വയസ്സിന് ശേഷം പെൻഷൻ നൽകുന്ന പദ്ധതിയാണിത്.

## ഗുണഭോക്താവ്

- 60 വയസ്സ് പൂർത്തിയായ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള കർഷക തൊഴിലാളികൾ

- വാർഷിക കുടുംബ വരുമാനം 20,000 ക യിൽ കൂടരുത്
- മറ്റു പെൻഷനുകളൊന്നും തന്നെ ലഭിക്കുന്നതുമായിരിക്കരുത്.

## ഫണ്ടിംഗ്

മുഴുവൻ സംസ്ഥാന വിഹിതം (നോൺ പ്ലാൻ)( കാറ്റഗറി ബി ഫണ്ട്). ഫണ്ട് അലോട്ട്മെന്റ് ലേബർ ഡിപ്പാർട്ട്മെന്റ് വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇപ്പോൾ നൽകുന്ന പെൻഷൻ മാസം 400 രൂപയാണ്

## പ്രവർത്തനങ്ങൾ

- അർഹതപെട്ടയാൾ അപേക്ഷ തദ്ദേശഭരണ സ്ഥാപനത്തിൽ നൽകണം
- കുടുംബ വരുമാനം അന്വേഷണ ഉദ്യോഗസ്ഥൻ സാക്ഷ്യപെടുത്തണം
- തദ്ദേശഭരണ സ്ഥാപനം ശുപാർശ ചെയ്യണം
- അപേക്ഷ നൽകിയ തിയതിക്ക് അടുത്തു വരുന്ന 1-ാം തിയതി മുതൽ പെൻഷന് അർഹതയുണ്ട്
- വയസ്സ് തെളിയിക്കുന്ന രേഖ ഹാജരാക്കണം
- ക്ഷേമനിധി സംബന്ധിച്ച വിവരവും നൽകണം
- തദ്ദേശഭരണ സ്ഥാപനം പെൻഷൻ അനുമതി നൽകുന്ന മുറയ്ക്ക് ഡിപ്പാർട്ട്മെന്റിനെ അിറയിച്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മാസാമാസം പെൻഷൻ എം.ഒ/അക്കൗണ്ട് വഴി പെൻഷൻ നൽകുന്നു.

## നിർവ്വഹണ ഉദ്യാഗസ്ഥന്റെ / വകുപ്പിന്റെ പങ്ക്

വകുപ്പ് തദ്ദേശഭരണ സ്ഥാപനത്തിന് ഫണ്ട് അലോട്ട് ചെയ്യുന്നു. നിർവ്വഹണ ഉദ്യാഗസ്ഥൻ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയും, അന്വേഷണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറുമാണ്.

## സംഘാടനം

അപേക്ഷ കൈപ്പറ്റ് മുതൽ പെൻഷൻ വിതരണം വരെയുള്ള പ്രവർത്തികൾ തദ്ദേശഭരണ സ്ഥാപനം നടത്തുന്നു. ഗുണഭോക്താക്കളെ ഗ്രാമസഭ /വാർഡ് സഭകൾ അംഗീകരിക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അപേക്ഷ നൽകിയവർക്കു യഥാസമയം അന്വേഷണം നടത്തി പെൻഷൻ വിതരണം നടത്തുക. ഗ്രാമസഭയിൽ അവ ചർച്ചയ്ക്ക് വിധേയമാക്കുക. അനർഹരെ

കണ്ടെത്താനുള്ള നടപടി സ്വീകരിക്കുക. ബാക്കി വന്ന സംഖ്യ സഞ്ചിത നിധിയിൽ ഉടൻ തിരിച്ചടയ്ക്കുക.

### തദ്ദേശഭരണ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

പെൻഷൻകാരുടെ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ പ്രതിപാദിക്കാം. മറ്റ് പെൻഷൻ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം.

## 4. കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതി, 1991

### ആമുഖം

കേരളത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരും നിലവിലുള്ള തൊഴിൽ നിയമങ്ങളുടെയും ക്ഷേമ പദ്ധതികളുടെയും പരിധിയിൽ വരാത്തവരുമായ കൈതൊഴിൽകാർക്കും മറ്റു വിദഗ്ധ തൊഴിലാളികൾക്കും മരണാനന്തര ആനുകൂല്യവും 60 വയസ്സ് കഴിഞ്ഞവർക്ക് റിട്ടയർമെന്റ് ആനുകൂല്യവും ഏർപ്പെടുത്തിക്കൊണ്ട് 1986 നവംബർ 1 കേരള സർക്കാർ ഒരു ഡെത്ത്-കം-റിട്ടയർമെന്റ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതി വിപുലീകരിച്ചുകൊണ്ടും തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം അനുവദിച്ചുകൊണ്ടും നടപ്പിലാക്കിയ പദ്ധതിയാണ് 1991 ലെ കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമ പദ്ധതി.

### ലക്ഷ്യങ്ങൾ

#### 1. റിട്ടയർമെന്റ് ആനുകൂല്യവും പെൻഷനും

60 വയസ്സ് പൂർത്തിയാക്കുന്ന അംഗത്തിന് സർവീസ് ദൈർഘ്യമനുസരിച്ച് 1682 രൂപ മുതൽ 62720 രൂപ വരെ റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കും. റിട്ടയർമെന്റ് ആനുകൂല്യം വാങ്ങിയവരെ 2008 ലെ കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം ൽ ഉൾപ്പെടുത്തി സംസ്ഥാന തൊഴിൽ വകുപ്പു മുഖേന 400 രൂപ പെൻഷനും നൽകി വരുന്നുണ്ട്.

#### 2. വിവാഹ ധനസഹായം

പദ്ധതിയിൽ ഒരു വർഷം പൂർത്തിയാക്കിയ അംഗത്തിന്റെ മകളുടെ വിവാഹത്തിന് 1000 രൂപ ധനസഹായം നൽകി വരുന്നു. ഈ ആനുകൂല്യം സർവ്വീസിൽ രണ്ടു തവണ ലഭിക്കും. മാതാവും പിതാവും പദ്ധതിയിൽ അംഗമാണെങ്കിലും ഒരാൾക്കു മാത്രമെ ആനുകൂല്യം ലഭിക്കുകയുള്ളു.

### 3. പ്രസവാനുകൂല്യം

പദ്ധതിയിൽ ഒരു വർഷം പൂർത്തിയാക്കിയ വനിതകളായ അംഗങ്ങൾക്ക് പ്രസാവുനുകൂല്യമായി 500 രൂപ നൽകി വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കായി പ്രസവാനുകൂല്യ പദ്ധതി 2012 പ്രകാരം 27.3.2012 നോ അതിനുശേഷമോ പ്രസവം നടന്നീട്ടുള്ള വനിതാ അംഗങ്ങൾക്ക് പ്രസവത്തിനു മുമ്പുള്ള ആറാഴ്ച മുതൽ മൂന്നു മാസത്തേക്കുള്ള മിനിമം വേതനത്തിന് തുല്യമായ തുകയും പ്രസവാനുകൂല്യമായി അനുവദിക്കുന്നതാണ്.

### 4. വിദ്യാഭ്യാസ സ്കോളർഷിപ്പ്

പദ്ധതിയിൽ ഒരു വർഷം പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് പ്ലസ് ടു മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള വിദ്യാഭ്യാസത്തിന് 300 രൂപ മുതൽ 1000 രൂപ വരെ ലഭിക്കും. ഓരോ കോഴ്സിന്റേയും ആദ്യത്തെ വർഷം മാത്രമെ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

### 5. മരണാനന്തര ധനസഹായം

പദ്ധതിയിൽ അംഗമായിരിക്കെ മരണമയടുന്ന അംഗത്തിന്റെ അവകാശിക്ക് മരണാനന്തര ധനസഹായമായി 10500 രൂപയും അംഗത്തിന്റെ സർവ്വീസിന് ആനുപാതികമായ റിട്ടയർമെന്റ് ആനുകൂല്യവും നൽകി വരുന്നു.

### 6. ചികിത്സാ ധനസഹായവും അവശതാപെൻഷനും

സ്ഥായിയായ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ കഴിയാത്ത അംഗത്തിന് അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി തീരുമാനത്തിനും വിധേയമായി 3000 രൂപയോ അംഗത്വ കാലാവധിക്ക് ആനുപാതികമായ റിട്ടയർമെന്റ് ആനുകൂല്യമോ ഏതാണ് കൂടുതൽ അതു നൽകി അംഗത്വം അവസാനിപ്പിക്കുന്നതും പ്രതിമാസം 400 രൂപ വീതം അവശതാപെൻഷനും നൽകി വരുന്നു. രണ്ടുവർഷം അഗത്വം പൂർത്തിയാക്കിയവർക്കു മാത്രമെ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

### 7. ചികിത്സാ ധനസഹായം

ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖം എന്നിവ മൂലം അവശത അനുഭവിക്കുകയും ചികിത്സാ ധനസഹായത്തിനുമാത്രമായി അപേക്ഷിക്കുകയും ചെയ്യുന്ന അംഗങ്ങൾക്ക് അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരം 3000 രൂപ ധനസഹായം അനുവദിക്കുന്നു. ഈ ആനുകൂല്യം സർവ്വീസ് കാലയളവിൽ ഒരിക്കൽ മാത്രമെ ലഭിക്കുകയുള്ളു.

പദ്ധതി നൽകി വരുന്ന ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ അതാതു ജില്ലാ ഓഫീസുകളിലാണ് നൽകേണ്ടത്. ജില്ലാ ഓഫീസുകളിൽ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കുന്ന അപേക്ഷകൾ ഭരണസമിതിയുടെ തീരുമാന പ്രകാരം അനുവദിക്കുന്നു. ആനുകൂല്യ ചെക്കുകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നത് ജില്ലാ ഓഫീസുകൾ വഴിയാണ്.

## ഗുണഭോക്താക്കൾ

കേരളത്തിലെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളെയും ഈ പദ്ധതിയുടെ ഗുണഭോക്താവാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

അസംഘടിത മേഖലയിൽ പ്രവർത്തിയെടുക്കുന്നവരും നിലവിലുള്ള മറ്റു ക്ഷേമ നിധികളുടെ പരിധിയിൽ വരാത്തവരുമായ 18 നും 50 നും ഇടയ്ക്കു പ്രായമുള്ള എല്ലാ കൈതൊഴിൽകാർക്കും വിദഗ്ദ്ധ തൊഴിലാളികൾക്കും ചേരാവുന്ന ഒരു പദ്ധതിയാണ് ഇത്.

പദ്ധതിയിൽ ചേരുന്നതിന് നിർദ്ദിഷ്ട ഫോറത്തിന്റെ 2 പ്രതി, പൂരിപ്പിച്ചത്, രണ്ട് പാസ്സ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ, വയസ്സ്, തൊഴിൽ എന്നിവ തെളിയിക്കുന്നതിനുള്ള രേഖ, ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെയും റേഷൻ കാർഡിന്റേയും കോപ്പി എന്നിവ സഹിതം അതാത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരെ സമീപിച്ചാൽ മതി

ഓരോ അംഗവും, അവർ തെരഞ്ഞെടുക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചിൽ ആദ്യത്തെ വരിസംഖ്യ, ഉത്തരവ് തിയതി മുതൽ 15 ദിവസത്തിനകം നിർബന്ധമായും അടച്ചിരിക്കണം. ഓരോ മാസത്തിന്റേയും 10-ാം തിയതിക്കു മുമ്പായി വരിസംഖ്യ അടച്ചിരിക്കേണ്ടതാണ്. അംഗമായി ചേരുമ്പോൾ കുടുംബാംഗങ്ങളിൽ ആരെയെങ്കിലും അനന്തരാവകാശിയായി നാമനിർദ്ദേശം ചെയ്തിരിക്കണം.

## ഫണ്ടിംഗ്

അംഗങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ അടയ്ക്കുന്ന വരിസംഖ്യയാണ് പദ്ധതിയുടെ ഫണ്ട്. ഫണ്ടിൽ സ്വരൂപിക്കുന്ന വരിസംഖ്യയുടെ 50% വീതം സർക്കാർ ട്രഷറിയിലും ബന്ധപ്പെട്ട ബാങ്കിലും നിക്ഷേപിക്കേണ്ടതാണ്.

## നിർവ്വഹണം

നിധിയുടെ നടത്തിപ്പിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടവും ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നുതാണ്.

ഒരു വർഷം അംഗത്വം പൂർത്തിയാക്കിയ എല്ലാ അംഗങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമുകളെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകുക. അർഹരായ മുഴുവൻ പേരും അപേക്ഷിച്ചുവെന്നും ധനസഹായം ലഭ്യമാക്കിയെന്നും ഉറപ്പു വരുത്തുക, ഗുണഭോക്താക്കളെ സഹായിക്കുക മുതലായ കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കാം. കാലതാമസം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതുമാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ടി വിഭാഗത്തിൽപെട്ട അർഹരായ എല്ലാ തൊഴിലാളികളേയും രജിസ്റ്റർ ചെയ്യിച്ചുവെന്ന് ഉറപ്പുവരുത്തുക.

## 5. കള്ളുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഒരു നിധി ഏർപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതും

### ഗുണഭോക്താക്കൾ

ഗുണം ലഭിക്കുന്നത് – കള്ളു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളികളും ആശ്രിതരും.

അർഹത – കള്ളു വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി രജിസ്ട്രേഷനുള്ള തൊഴിലാളികൾ

അപേക്ഷ നൽകേണ്ടത് – ക്ഷേമനിധി രജിസ്ട്രേഷനുള്ള അപേക്ഷ ജില്ല വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് മുമ്പാകെ

### നിർവ്വഹണം

സർക്കാർ, തൊഴിലുടമകൾ, തൊഴിലാളികൾ എന്നിവരുടെ 7 പ്രതിനിധികൾ വീതം 21 അംഗങ്ങൾ ഉള്ള ഗവൺമെന്റ് നിയമിക്കുന്ന ഒരു ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറും ചേർന്ന് ക്ഷേമനിധിയുടെ മേൽനോട്ടം വഹിക്കുന്നു.

മുഖ്യ കാര്യനിർവ്വഹണ അധികാരി – ചീഫ് വെൽഫെയർ ഫണ്ട് ഇൻപെക്ടർ

### ഫണ്ടിംഗ്

തൊഴിലാളികളുടെ വേതനത്തിൽ നിന്നും ക്ഷേമനിധി വിഹിതമായി 10% തൊഴിലുടമ ഈടാക്കുകയും അതോടൊപ്പം തൊഴിലുടമയുടെ വിഹിതമായി 10% വും ഗ്രാറ്റുവിറ്റിയായി 5% കൂട്ടിച്ചേർച്ച് ആകെ 25% ന് തുല്യമായ തുക തൊഴിലുടമ ക്ഷേമ

നിധിയിലേക്ക് അടയ്ക്കുന്നതാണ്. ഇതിൻ നിന്ന് 4% പെൻഷൻ ഫണ്ടിലേക്ക് മാറ്റപ്പെടും. ഓരോ ഷാപ്പിനും ഏറ്റവും ഒടുവിലായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള വാർഷിക ക്ഷേമനിധിയുടെ 12 ൽ 1 വീതം ഓരോ മാസവും തൊഴിലുടമ മുൻകൂറായി അടക്കുന്നു. ഇത് അടുത്ത മാസം 5-ാം തിയതിക്കകം ബോർഡ് നിർദ്ദേശിക്കുന്ന ബാങ്കുകളിൽ സ്ഥിര നിക്ഷേപമായി അടക്കുന്നു. തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് തൊഴിലാളി വിഹിതത്തിന്റെ 10% ഗവൺമെന്റ് ഗ്രാന്റായി ബോർഡിന് നൽകുന്നു.

## പ്രവർത്തനങ്ങൾ

1969 ലെ 22-ാം ആക്ട് പ്രകാരം 1969 ഏപ്രിൽ 11 ന് നിയമസഭ പാസാക്കിയ ബില്ലിന് ബഹു. പ്രസിഡണ്ട് അനുമതി നൽകി കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ആക്ട് നിലവിൽ വന്നു. സർക്കാർ അനുമതിയോടെ കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ക്ഷേമനിധിയുടെ ഭരണവും നിധിയിൽ നിന്നും പണം മുടക്കി നടത്തുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിർവ്വഹിക്കുന്നു.

ബോർഡിൽ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന സർക്കാർ, തൊഴിലുടമകൾ, തൊഴിലാളികൾ എന്നിവരുടെ 7 പ്രതിനിധികൾ വീതം 21 ഡയറക്ടർമാർ ഉണ്ടായിരിക്കും. ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ സർക്കാർ ചെയർമാനായി നിയമിക്കുന്നു. ഡയറക്ടർ ബോർഡും ചെയർമാനും ചീഫ് വെൽവെയർ ഫണ്ട് ഇൻസ്പെക്ടറും ചേർന്ന് മോണിറ്ററിംഗ് നടത്തുന്നു.

## സംഘാടനം

കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡും, കള്ളു വ്യവസായവുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ സംഘടനകളും തൊഴിലുടമ സംഘടനകളും.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമുകളെ കുറിച്ച് ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഗ്രാമസഭ/വാർഡ്സഭ വഴി അവബോധം നൽകാം.

## നിർവ്വഹണം

ഗവൺമെന്റ് നിയമിക്കുന്ന ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ബോർഡിന്റെ മുഖ്യ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥനാണ്. കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ആക്ടിലെയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം തൊഴിലുടമയിൽ നിന്നും ലഭിക്കേണ്ട ക്ഷേമനിധി തുക ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്കോ അദ്ദേഹം ഇതിലേക്ക് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്കോ നിർണ്ണയിക്കാവുന്നതും ഈടാക്കാവുന്നതുമാണ്.

# 6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി.

## ലക്ഷ്യം

കേരളത്തിൽ, സ്വകാര്യ മോട്ടോർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുകയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹിക സുരക്ഷിതത്വത്തിനും, ജീവിത ഭദ്രതയ്ക്കുമായിട്ടാണ് ടി പദ്ധതി നിലവിൽ വന്നീട്ടുള്ളത്.

## ഗുണഭോക്താക്കൾ

സ്വകാര്യ മോട്ടോർ വ്യവസായ മേഖലയിലെ തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി - 2005 പരിഷ്ക്കരിച്ച പദ്ധതി പ്രകാരം 18 നും 60 നും മദ്ധ്യേ പ്രായമുള്ള എല്ലാ തൊഴിലാളികൾക്കും ടി ക്ഷേമനിധിക്ക് അർഹതയുണ്ട്. അതാതു കാറ്റഗറിയിൽ ലൈസൻസും ബാഡ്ജും ഉള്ളവർക്ക് ഉടമ ക്ഷേമനിധി അടയ്ക്കുന്ന മുറയ്ക്ക് ഡ്രൈവർ/കണ്ടക്ടർ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയതിൽ യാതൊരു മുൻഗണനാക്രമവും നിലവിലില്ലാത്തതാണ്. ജില്ല/അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## നിർവ്വഹണം

തൊഴിലും പുനരധിവാസവും വകുപ്പിനു കീഴിൽ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡാണ് ഈ സ്കീമിന്റെ നിർവ്വഹണം നടത്തുന്നത്. തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന 15 അംഗ സമിതിയാണ് ബോർഡിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. പ്രതിനിധികളിൽ നിന്ന് ഒരാളെ ഗവൺമെന്റ് ചെയർമാനായി നിശ്ചയിക്കുന്നു. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ബോർഡിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാതല ആഫീസുകൾ കൂടാതെ RTO, Jt.RTO ഓഫീസുകൾക്കനുബന്ധമായി 46 കളക്ഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. ഓരോ ജില്ലയിലും അതാതു ജില്ലകളിലെ ജില്ല/അഡീ. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥർ

## ഫണ്ടിംഗ്

ഈ പദ്ധതിയിൽ തൊഴിലാളിയും തൊഴിലുടമയും ക്ഷേമനിധി അടയ്ക്കണം. 2005 ലെ പുതുക്കിയ പദ്ധതി പ്രകാരം വാഹനങ്ങളെ തരംതിരിച്ച് ഒരു നിശ്ചിത തുകയാണ് ക്ഷേമനിധിയിനത്തിൽ വ്യവസ്ഥ ചെയ്തീട്ടുള്ളത്. ഇത് കൂടാതെ തൊഴിലാളികൾ അവരുടെ വിഹിതമായി നിശ്ചയിക്കപ്പെട്ട തുക അടയ്ക്കുകയും വേണം.

**(തൊഴിലുടമയും, തൊഴിലാളിയും പ്രതിമാസം അടയ്ക്കേണ്ട തുക)**

| വാഹനങ്ങളുടെ ഇനം | തൊഴിലുടമാ വിഹിതം | തൊഴിലാളി വിഹിതം |
|---|---|---|
| ടേബിൾ 1<br>സ്റ്റേജ് ക്യാരേജ് (ഹെവി) ബസ്<br>സ്റ്റേജ് ക്യാരേജ് (ലൈറ്റ്) ബസ്<br>കോൺട്രാക്റ്റ് ക്യാരേജ് &<br>ലക്ഷ്വറി ബസ് | 1,050.00<br>700.00<br>700.00 | 150.00 (ഒരു തൊഴിലാളിയുടെ<br>വിഹിതം)150.00<br>( )150.00 ( ) |
| ടേബിൾ 2<br>ഗുഡ്സ് വെഹിക്കിൾ<br>(ഹെവി)ലോറിഗുഡ്സ്<br>വെഹിക്കിൾ (ലൈറ്റ്)<br>മിനി ലോറി, ടെമ്പോ<br>തുടങ്ങിയവ | 400.00<br>200.00 | 100.00 ( )<br>100.00 ( ) |
| ടേബിൾ 3<br>ഓംനിവാൻ, ക്വാളിസ്,<br>ടെമ്പോട്രാവലർ,<br>ടാക്സിക്യാബ്. | 100.00 | 50.00 ( ) |

ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾ സർവ്വീസിൽ നിന്നും പിരിഞ്ഞു പോകുമ്പോൾ ക്ഷേമനിധിയിനത്തിൽ അവരുടെ അക്കൗണ്ടിലുള്ള തുക പലിശ സഹിതം തിരികെ നൽകുന്നതോടൊപ്പം താഴെപറയുന്ന ആനുകൂല്യങ്ങളും ലഭിക്കും.

1. പെൻഷൻ
2. ഡിസെബിലിറ്റി പെൻഷൻ
3. അപകട മരണാനന്തര ധനസഹായം
4. ചികിത്സാ ധനസഹായം
5. വിവാഹ ധനസഹായം
6. പ്രസവാനുകൂല്യം
7. വിദ്യാഭ്യാസ സ്കോളർഷിപ്പ്

ഇവയ്ക്ക് പുറമെ വീട് വയ്ക്കുന്നതിനും, പെൺമക്കളുടെ വിവാഹത്തിനും എൽ. ഐ.സി. പോളിസിയ്ക്ക് പുറമെ പ്രീമിയം അടയ്ക്കുന്നതിനും തൊഴിൽ രഹിതനായിരിക്കുമ്പോഴും വായ്പകൾ ലഭിക്കുന്നതാണ്. വാഹന ഉടമകളും തൊഴിലാളികളും അടയ്ക്കുന്ന അംശാദായം കൊല്ലത്തുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. തൊഴിലാളികൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് പരിഗണനാർഹമായവയ്ക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തന്നെ തുക പാസാക്കുന്നതാണ്.

# 7. കേരള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ നിധി പദ്ധതി.

## ലക്ഷ്യം

കേരള സംസ്ഥാനത്തെ ഓട്ടോ മൊബൈൽ വർക്ക്ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും വർക്ക്ഷോപ്പുകളുമായി ബന്ധപ്പെട്ട ജോലികൾ സ്വയംതൊഴിലായി സ്വീകരിച്ചിട്ടുള്ള ആളുകളുടെയും ക്ഷേമത്തിനും സാമൂഹിക സുരക്ഷിതത്വത്തിനും വേണ്ടി 2004 ഡിസംബർ 10 ന് കേരളാ ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നു.

## ഗുണഭോക്താക്കൾ

കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 വയസ്സിനും 54 വയസ്സിനും ഇടയിൽ പ്രായമുള്ള ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്കാണ് നിലവിൽ പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യാവുന്നത്. ഈ പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നതും അർഹതയുള്ളതുമായ തൊഴിലാളികളും സ്വയം തൊഴിൽ ചെയ്യുന്ന ആളുകളും, അവർ ജോലി ചെയ്യുന്ന ജില്ലയിലെ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്കോ/അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്കോ അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയോടൊപ്പം സ്റ്റാമ്പ് സൈസ് വലിപ്പത്തിലുള്ള 2 ഫോട്ടോയും, തൊഴിലുടമ, തൊഴിലുടമാ സംഘടനയുടെ പ്രസിഡണ്ട്/സെക്രട്ടറി, സ്ഥലം എം.എൽ.എ/എം.പി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ഗസറ്റഡ് ആഫീസർ/അസിസ്റ്റന്റ് ലേബർ ആഫീസർ എന്നിവരാരെങ്കിലും സാക്ഷ്യപ്പെടുത്തിയെ തൊഴിലിനെ സംബന്ധിച്ച സർട്ടിഫിക്കറ്റും രജിസ്ട്രേഷൻ ഫീസായി 25/- രൂപയും നൽകേണ്ടതാണ്. ഈ പദ്ധതിയിൽ അംഗമാകാൻ യാതൊരു മുൻഗണനാ ക്രമവും നിലവിലില്ലാത്തതാണ്.

## നിർവ്വഹണം

തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിയാണ് പ്രസ്തുത പദ്ധതിയുടെ ഭരണ നിർവ്വഹണം നടത്തുന്നത്. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും യഥാക്രമം ഈ പദ്ധതി ചെയർമാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാണ്. കേരള ആട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതിയുടെ ചീഫ് ഓഫീസും ജില്ലാ ഓഫീസുകളും യഥാക്രമം മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് ഓഫീസും ജില്ലാ ഓഫീസുകളിലുമാണ് പ്രവർത്തിക്കുന്നത്. എല്ലാ ജില്ലകളിലും ഓഫീസുകൾ പ്രവർത്തിക്കുന്നു.

## ഫണ്ടിംഗ്

തൊഴിലാളികൾ പ്രതിമാസം 20/- രൂപ ക്രമത്തിലും ഒരു തൊഴിലാളിക്കു വേണ്ടി തൊഴിലുടമ 10/ രൂപ ക്രമത്തിലും സ്വയംതൊഴിൽ ചെയ്യുന്നവർ 30/ രൂപ ക്രമത്തിലും നൽകുന്ന ക്ഷേമനിധി വിഹിതവും സ്വയംതൊഴിൽ ചെയ്യുന്നവർ ഒഴികെയുള്ള അംഗ ങ്ങളിൽ നിന്നും ഫണ്ടിലേയ്ക്ക് ലഭിക്കുന്ന ഒരു വർഷത്തെ അംശാദായത്തിന്റെ 10% നു തുല്യമായി സർക്കാർ ഗ്രാന്റായി ഫണ്ടിലേയ്ക്ക് നൽകുന്ന തുകയും കൂടി ചേർന്നു വരുന്നതാണ് കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി. ഈ പദ്ധതി അനുസരിച്ച് തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. റിട്ടയർമെന്റ് ആനുകൂല്യം
2. അടിയന്തിരാശ്വാസ പദ്ധതി (മരണാനന്തര സഹായ പദ്ധതി)

മേൽ ആനുകൂല്യങ്ങൾക്കു പുറമെ പെൻഷൻ, ചികിത്സാ സഹായം, അംഗങ്ങ ളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം, വീട് വയ്ക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനോ, വീടു വയ്ക്കുന്നതിനോ ഉള്ള ധനസഹായം എന്നിവ ബോർഡിന്റെ സജ്ജീവ പരിഗണന യിലാണ്.

## പ്രവർത്തനങ്ങൾ

സ്കീം തയ്യാറാക്കുന്നത് കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിനു കീഴിൽ തൊഴിലാളി, തൊഴിലുടമ, സർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമി തിയാണ്. പ്രസ്തുത പദ്ധതിയുടെ ഭരണ നിർവ്വഹണം സർക്കാരിന്റെ അനുമതി യോടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കു വേണ്ടി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ കൂട്ടായ്മയിൽ നടത്തുന്നു.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിനു കീഴിൽ ജില്ലാ ഓഫീസു കൾ മുഖേന, വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികൾ ഉൾപ്പെട്ട ഉപദേശകസ മിതി യോഗം സംഘടിപ്പിച്ച് അവർ മുഖാന്തിരം ടി സ്കീമിന്റെ വിവിധോദ്ദേശ്യങ്ങൾ തൊഴിലാളികളിലേക്കെത്തിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാനങ്ങളുടെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭ/വാർഡ്സഭ വഴി അവബോധം നൽകുക. അർഹ രായ എല്ലാവരും അപേക്ഷിച്ചു എന്ന് ഉറപ്പുവരുത്തുക. ആനുകൂല്യങ്ങൾ ലഭിക്കുന്ന തിന് കാലതാമസം നേരിടുന്നില്ല എന്ന് ഉറപ്പു വരുത്തുക.

## 8. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി

1991 ൽ നിലവിൽ വന്ന ഈ പഴയ പദ്ധതിയിൽ അംഗത്വം എടുത്തിട്ടില്ലാത്ത ആട്ടോറിക്ഷ തൊഴിലാളികൾ, 2005 ലെ പരിഷ്ക്കരിച്ച പദ്ധതിപ്രകാരമുള്ള ക്ഷേമ നിധി പദ്ധതിയിലാണ് അംഗത്വം സ്വീകരിക്കേണ്ടത്.

## 9. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് പദ്ധതി

### ലക്ഷ്യങ്ങൾ

കേരളത്തിൽ വിവിധ തൊഴിൽ മേഖലകളിലായി വർക്ക് ചെയ്യുന്ന 10 ലക്ഷ ത്തിൽപരം തൊഴിലാളികൾക്കും, അസംഘടിതമേഖലയിലും, സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുക

### ഗുണഭോക്താവ്

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെ യർ ഫണ്ട് ബോർഡ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളി കൾ, മറ്റ് ക്ഷേമനിധികളിലെ മേഖലയിൽപ്പെടാത്ത സ്വയംതൊഴിൽ ചെയ്യുന്നവർ എന്നിവർക്ക് ഈ ക്ഷേമനിധി പദ്ധതിയിൽ ചേരാം. അംഗങ്ങളാകാനുള്ള പ്രായപ രിധി 18 വയസ്സ് പൂർത്തിയാകുകയും 55 വയസ്സ് തികയാത്തതുമായ തൊഴിലാളി കൾക്കാണ് അംഗത്വത്തിന് അർഹതയുള്ളത്.

### സ്കീമിന്റെ നിർവ്വഹണം

തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള ഷോപ്പ്സ് ആന്റ് കമേ ഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡാണ് ഈ സ്കീമിന്റെ നിർവ്വഹണം നടത്തുന്നത്. ബോർഡിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും എല്ലാ ജില്ലകളിലും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരുമാണ് ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.

### ഫണ്ടിംഗ്

ഈ ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ അടക്കുന്ന അംശാദായമാണ് ഈ പദ്ധതിയിലെ മുഖ്യവരുമാന സ്രോതസ്സ്. ഒരു അംഗം തൊഴിലാളി വിഹിതമായി 20/- രൂപയും തൊഴിലുടമ വിഹിതമായി 20/- രൂപയും, പ്രതിമാസം 40/- രൂപയാണ് ക്ഷേമനിധിയിൽ അടക്കേണ്ടത്. കൂടാതെ സർക്കാർ വിഹിതമായി 5/-രൂപ ഒരു അംഗ ത്തിന് ലഭിക്കുന്നുണ്ട്. ഒരംഗത്തിന് 45/- രൂപയാണ് മൊത്തം അംശാദായമായി ബോർഡിന് ലഭിക്കുന്നത്.

## പ്രവർത്തനങ്ങൾ

2006 ലെ ക്ഷേമനിധി നിയമം അനുസരിച്ച് കാലാനുസൃതമായി പദ്ധതിയിൽ പരിഷ്കാരം വരുത്തുന്നതും കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡാണ്. ക്ഷേമനിധിയിൽ പുതുതായി സ്ഥാപനങ്ങളേയും, അംഗങ്ങളേയും ചേർക്കുകയും അംശാദായം പിരിക്കുകയും മുതലായ ദൈനംദിന പ്രവർത്തനം നടത്തുന്ന ചുമതല ജില്ല എക്സിക്യൂട്ടീവ് ഓഫീസറാണ്. ഈ ക്ഷേമനിധിയിൽ അംഗങ്ങളായ വനിത അംഗത്തിനും, കൂടാതെ എല്ലാ അംഗങ്ങളുടെ രണ്ട് പെൺമക്കൾക്കും വിവാഹ ധനസഹായമായി 5000/- രൂപ നൽകി വരുന്നു. ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ വരാത്ത വനിത അംഗങ്ങൾക്ക് പ്രസവാനുകൂല്യം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നു.

## സംഘാടനം

ക്ഷേമ നിധിയിൽ പുതിയ സ്ഥാപനങ്ങളേയും തൊഴിലാളികളേയും അംഗങ്ങളാക്കുന്നത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറും, അതത് ജില്ലയിലെ ജില്ല ലേബർ ഓഫീസറും, അസി. ലേബർ ഓഫീസറും ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് തൊഴിലാളികൾക്ക് ഗ്രാമസഭ/വാർഡ്സഭ വഴി അവബോധം നൽകാം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

കേരളത്തിലെ ബഹു ഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് കേരള തൊഴിൽ വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഉദ്യാഗസ്ഥരുടെ (ജില്ല ലേബർ ഓഫീസർ, അസി. ലേബർ ഓഫീസർ) കൂടി സഹകരണത്തോടെയാണ് ഇപ്പോൾ ഈ പദ്ധതി പ്രാവർത്തികമാക്കി വരുന്നത്. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ഏകോപിച്ച്കൊണ്ട് പ്രവർത്തിക്കുന്നതോടൊപ്പം തൊഴിലാളികളുടെ അംഗത്വം ഉറപ്പു വരുത്തുക എന്നുള്ളതാണ് ജില്ല എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല.

# 10. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്

## a. അൺ അറ്റാച്ച്ഡ് വിഭാഗം

1978 ലെ കേരള ചുമട്ടുതൊഴിലാളി ആക്ട്. 1981 ലെ കേരള ചുമട്ടുതൊഴിലാളി നിയമം. 1983 ലെ കേരള ചുട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി.

## ലക്ഷ്യങ്ങൾ

ചുമട്ടു തൊഴിലാളികളുടെ തൊഴിൽ ക്രമീകരിക്കുന്നതിനും അവരുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും, കുട്ടികളുടെ വിദ്യാഭ്യാസം, ഭവന നിർമ്മാണം, ആരോഗ്യ സുരക്ഷിതത്വം തുടങ്ങിയവ

## ഗുണഭോക്താവ്

കമ്മിറ്റി ഉപകാര്യാലയങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളും, അവരുടെ കുടുംബാംഗങ്ങളും

## സ്കീമിന്റെ നിർവ്വഹണം

1978 ലെ കേരള ചുമട്ടുതൊഴിലാളി നിയമം 14-ാം വകുപ്പ് പ്രകാരം ക്രമീകരിച്ചിട്ടുള്ള ബോർഡും നിയമം 18-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളും

## ഫണ്ടിംഗ്

വ്യാപാരികളിൽ നിന്നും ലഭിക്കുന്ന 27% ലെവിയാണ് ബോർഡിന്റെ ഫണ്ട്.

## പ്രവർത്തനങ്ങൾ

ഏതെങ്കിലും തൊഴിലുടമയുടെ കീഴിലോ, കോൺട്രാക്ടറുടെ കീഴിലോ ജോലി ലഭിക്കാത്ത 26എ കാർഡ് ലഭിച്ചിട്ടുള്ള ഒരു പ്രദേശത്തെ ചുമട്ടുതൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകുക, അവരുടെ തൊഴിലും ക്രമീകരിക്കുക, ആവശ്യമുള്ള പക്ഷം അവയ്ക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുക, അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമുകളെക്കുറിച്ച് ഗ്രാമസഭ/വാർഡ്സഭ വഴി അവബോധം നൽകുക, യഥാസമയം അപേക്ഷിച്ചുവെന്ന് ഉറപ്പു വരുത്തുക

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

യഥാസമയം ഗുണഭോക്താക്കൾക്ക് ഫണ്ട് വിതരണം ചെയ്യുക.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ള എല്ലാവരേയും രജിസ്റ്റർ ചെയ്യിക്കുക

## b. അറ്റാച്ച്ഡ് വിഭാഗം

1978 ലെ കേരള ചുമട്ടു തൊഴിലാളി നിയമപ്രകാരം ആവിഷ്കരിച്ച 1983 ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) (1995 ലെ കേരള ചുമട്ടു തൊഴിലാളി അറ്റാച്ച്ഡ് വിഭാഗം ക്ഷേമ പദ്ധതി) (ഏതെങ്കിലും തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് വേണ്ടി)

## c. സ്കാറ്റേർഡ് വിഭാഗം

1978 ലെ കേരള ചുമട്ടു തൊഴിലാളി നിയമപ്രകാരം ആവിഷ്കരിച്ച 1983 ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) 1995 ലെ കേരള ചുമട്ടു തൊഴിലാളി അറ്റാച്ച്ഡ് വിഭാഗം ക്ഷേമ പദ്ധതിയുടെയും പരിധിയിൽപ്പെടാതെ സംസ്ഥാനത്തുടനീളം അസംഘടിത മേഖലയിൽ ചുമടെടുക്കുന്ന തൊഴിലാളികൾക്ക് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതി 1999 ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതി

## ലക്ഷ്യങ്ങൾ

സംസ്ഥാനത്തുടനീളം അസംഘടിത മേഖലയിൽ ചുമടെടുക്കുന്ന തൊഴിലാളി കൾക്ക് വേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ നിയമമാണ്.

## ഗുണഭോക്താവ്

1981 ലെ കേരള ചുമട്ടുതൊഴിലാളി ചട്ടം 26എ പ്രകാരം തൊഴിൽ വകുപ്പിൽ രജി സ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് ലഭിച്ചിട്ടുള്ള 18 വയസ്സ് പൂർത്തിയായതും എന്നാൽ 58 വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ ചുമട്ടുതൊഴിലാളികൾക്ക് 1–ാം നമ്പർ ഫോറ ത്തിൽ അപേക്ഷ സെക്രട്ടറിക്ക് നൽകാം. കമ്മിറ്റി സെക്രട്ടറി അപേക്ഷ പരിശോധിച്ച് രജിസ്ട്രേഷൻ നൽകാവുന്നതാണ്.

## ഫണ്ടിംഗ്

തൊഴിലാളികളിൽ നിന്ന് ലഭിക്കുന്ന അംശാദായം, തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് ലഭിക്കുന്ന ഗവൺമെന്റ് വിഹിതം എന്നിവയാണ് സ്കാറ്റേർഡ് ഫണ്ട്.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

സ്കാറ്റേർഡ് വിഭാഗം ക്ഷേമപദ്ധതിയിൽ അംഗങ്ങളായ തൊഴിലുടമകളിൽ നിന്നും അംശാദായം പിരിച്ചെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ ഗ്രാമസഭ/വാർഡ് സഭ വഴി അവബോധം നൽകി അസംഘടിതരായ എല്ലാവരേയും അംഗമായി ചേർക്കുക എന്നതും ചെയ്യാവുന്നതാണ്.

# 11. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

## ആമുഖം

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പ്, ക്യാഷ് അവർഡ്, അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്കും ശവസംസ്കാരത്തിനുമായി ആശ്രിതർക്കുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. വിവിധ സ്കീമുകളിലായി നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ലക്ഷ്യം

തയ്യൽ തൊഴിലാളികളുടെ ക്ഷേമം

## ഫണ്ടിംഗ്

ക്ഷേമനിധിയിൽ ശേഖരിക്കുന്ന വിവിധയിനം ഫണ്ടുകൾ വഴി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

തൊഴിലാളികളെ നിധിയിൽ രജിസ്റ്റർ ചെയ്യിക്കുക. നിധിയിലേക്ക് വസൂലാക്കേണ്ടതായ തുക തിട്ടപ്പെടുത്തി ഈടാക്കുക, പെൻഷനുള്ള അപേക്ഷകളിൻമേൽ പരിശോധനയും അന്വേഷണവും നടത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുക, വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൻമേൽ പരിശോധനയും അന്വേഷണവും നടത്തി ആനുകൂല്യങ്ങൾ വിതരണം ചെയ്യുക ഇവയാണ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രധാന ചുമതല.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തയ്യൽ തൊഴിലാളികൾക്കുള്ള വിവിധ സ്കീമുകളെക്കുറിച്ച് ഗ്രാമസഭകൾ / വാർഡുസഭകൾ വഴി അവബോധം നൽകൽ, അർഹരായ മുഴുവൻപേരും അപേക്ഷ നൽകി എന്ന് ഉറപ്പ് വരുത്തുക. യഥാസമയം ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

| ക്രമ നം. | സ്കീമിന്റെ പേര് | ഗുണഭോക്താവ് | ആനുകൂല്യങ്ങൾ | സ്കീമിന്റെ നിർവ്വഹണം |
|---|---|---|---|---|
| a. | **പെൻഷൻ** | 60 വയസ്സ് പൂർത്തിയായ അംഗങ്ങൾ (കുറഞ്ഞത് 3 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ) | മിനിമം 400/- രൂപ. മിനിമം സർവ്വീസിന് മേൽ വരുന്ന ഓരോ അധികവർഷ സർവ്വീസിനും 20/ രൂപ ക്രമത്തിൽ പെൻഷൻ തുകയിൽ വർദ്ധനവ് നൽകുന്നു. | ജില്ലയിലെ സ്കീമുകളുടെ നിർവ്വഹണം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നടത്തി വരുന്നു. |
| b. | **കുടുംബ പെൻഷൻ** | കുറഞ്ഞത് 3 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ മിനിമം പെൻഷൻ തുക | മിനിമം പെൻഷൻ തുക | |
| c. | **അവശതാ പെൻഷൻ** | | മിനിമം പെൻഷൻ തുക | |
| d. | **വിവാഹ ധനസഹായം** | | 2000/- രൂപ (അംഗങ്ങളായ പുരുഷൻമാർക്ക് 1000/-രൂപ) | |
| e. | **പ്രസവ ധനസഹായം** | കുറഞ്ഞത് 1 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ | 2000/- രൂപ | |
| f. | **ചികിത്സാ ധനസഹായം** | കുറഞ്ഞത് 3 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ | മാരക രോഗങ്ങൾക്കോ ശസ്ത്രക്രിയക്കോ പരമാവധി 5000/- രൂപ, മാരകമല്ലാത്ത അസുഖങ്ങൾക്ക് 1000/ രൂപ | |
| g. | **സ്കോളർഷിപ്പ്** | കുറഞ്ഞത് 1 വർഷം തുടർച്ചയായി നിധിയിൽ അംഗമായവർ | എസ്.എസ്.എൽ.സി -1000 രൂപ+1, +2 - 1000 രൂപബി.എഡ് - 700 രൂപഐ.ടി.ഐ/ഐ.ടി.സി-600 രൂപഡിഗ്രി കോഴ്സ് - 1000 രൂപപി.ജി. കോഴ്സ് - 2000 രൂപപ്രൊഫഷണൽ കോഴ്സ് - 5000 രൂപടെക്നിക്കൽ എഡ്യുക്കേഷൻ - 4000 രൂപ | ജില്ലയിലെ സ്കീമുകളുടെ നിർവ്വഹണം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നടത്തി വരുന്നു. |
| h. | **ക്യാഷ് അവാർഡ്** | | | |
| i. | **അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്കും ശവസംസ്കാരത്തിനുമായി ആശ്രിതർക്കുള്ള ധനസഹായം** | | 10,000 രൂപ + 1000 രൂപ ശവസംസ്ക്കാര ചടങ്ങുകൾക്ക് | |

# 12. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി സ്കീമുകൾ

## ആമുഖം

2008 ലെ കേരള ചെറികിട തോട്ടം തൊഴിലാളി ക്ഷേമനിധി ആക്റ്റ് അനുസരിച്ച് നടപ്പിലാക്കിയിട്ടുള്ള ക്ഷേമനിധിയാണ്. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി (ജി.ഒ.പി നമ്പർ 25/2009/തൊഴിൽ തിരുവനന്തപുരം 2009 ഫെബ്രുവരി 25). ചെറുകിടത്തോട്ടം - 5 ഹെക്ടർ വിസ്തീർണ്ണത്തിൽ കുറവായതും ഒന്നോ അതിലധികമോ തൊഴിലാളികളെ നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ ഒരു തോട്ടം എന്നർത്ഥമാക്കുന്നു. റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ, എണ്ണപ്പന, കശുവണ്ടി തോട്ടങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

## ലക്ഷ്യങ്ങൾ

കേരള സംസ്ഥാനത്തെ ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടിയുള്ളതാണ് ഈ ക്ഷേമപദ്ധതി

## ഫണ്ടിംഗ്

ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ നൽകുന്നു.

## നിർവചനം

**ചെറുകിടത്തോട്ടം തൊഴിലാളി** - ഒരു ഉടമസ്ഥന്റെയോ, കമ്പനിയുടേയോ, കുടുംബത്തിന്റെയോ, ട്രസ്റ്റിന്റേയോ, സൊസൈറ്റിയുടേയോ ഏതെങ്കിലും കോൺട്രാക്ടറോ, ഏജന്റോ മുഖേനയോ, കൂലിക്കോ, പ്രതിഫലത്തിനോ എന്തെങ്കിലും ജോലി ചെയ്യുന്നതിന് തൊട്ടു മുമ്പിലത്തെ 12 മാസത്തിനുള്ളിൽ 90 ദിവസത്തിൽ കുറയാതെ ഏർപ്പെടുത്തിയിരിക്കുന്ന ഒരാൾ എന്നർത്ഥമാക്കുന്നതും, തന്റെ സ്വന്തമായുള്ളതും, വിസ്തീർണ്ണം അര ഹെക്ടറിൽ കൂടാത്തതും, ചെറുകിടത്തോട്ടത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന ഏതൊരാളും ഉൾപ്പെടുന്നു.

## പ്രവർത്തനങ്ങൾ

**തൊഴിലുടമയുടെ രജിസ്ട്രേഷൻ** - ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ ചെറുകിടത്തോട്ടങ്ങളും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

തൊഴിലുടമയുടെ ചെറുകിടത്തോട്ടം രജിസ്ട്രേഷനുള്ള അപേക്ഷയും, നിശ്ചിത ഫീസായ 100 രൂപയും നൽകി രജിസ്ട്രേഷൻ നടപടികൾ ചെയ്യേണ്ടതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുമാണ്.

## അർഹത

ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തൊട്ടു മുമ്പുള്ള 12 മാസങ്ങളിൽ 90 ദിവസത്തിൽ കുറയാത്ത കാലയളവിൽ ചെറുകിടത്തോട്ടം തൊഴിലാളിയായോ, ചെറുകിട തോട്ടങ്ങളിൽ സ്വയം തൊഴിൽ ചെയ്യുന്ന ആളായോ, ജോലി ചെയ്തു വരുന്നതും 18 വയസ്സ് പൂർത്തിയാക്കുകയും, 55 വയസ്സ് പൂർത്തിയാകാത്തതുമായ ഒരാൾക്ക് ക്ഷേമനിധിയിൽ പദ്ധതി ആരംഭ മാസം മുതൽ അംഗത്വമെടുക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതും, അയാൾ അംഗത്വമെടുക്കേണ്ടതുമാണ്.

പദ്ധതി നിലവിൽ വന്നതിനുശേഷം ജോലിയിൽ പ്രവേശിച്ചതും 18 വയസ്സ് പൂർത്തിയായതുമായ തൊഴിലാളികൾക്കും, സ്വയംതൊഴിൽ ചെയ്യുന്ന ആൾക്കും കഴിഞ്ഞ 12 മാസത്തിനുള്ളിൽ 90 ദിവസത്തെ ജോലി പൂർത്തിയാക്കുന്നതു മുതൽ ക്ഷേമനിധിയിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതും അംഗത്വമെടുക്കേണ്ടതുമാണ്. സ്വയംതൊഴിൽ ചെയ്യുന്നവർക്കും അംഗത്വമെടുക്കാവുന്നതാണ്.

**അംഗത്വ രജിസ്ട്രേഷൻ** - ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ തൊഴിലാളിയും സ്വയംതൊഴിൽ ചെയ്യുന്ന ആളും 6-ാം നമ്പർ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകളും സമർപ്പിക്കേണ്ടതാണ്.

1. മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ
2. ജനന തീയതി തെളിയിക്കുന്നതിന് താഴെ പറയുന്ന രേഖകളിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

സ്കൂൾ സർട്ടിഫിക്കറ്റ്, ജനന-മരണ രജിസ്ട്രാറുടെ സാക്ഷ്യപത്രം

പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വോട്ടർ ഐഡന്റിറ്റി കാർഡ്

3. തൊഴിലാളി, തൊഴിലുടമയുടെ കീഴിലാണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിൽ തൊഴിലുടമ സാക്ഷ്യപ്പെടുത്തണം. തൊഴിലുടമ സാക്ഷ്യപ്പെടുത്തുവാൻ വിസമ്മതിക്കുന്ന സാഹചര്യത്തിൽ, ക്ഷേമനിധി എക്സിക്യൂട്ടീവ് ഓഫീസർ, ആവശ്യമായ അന്വേഷണം നടത്തി സാക്ഷ്യപ്പെടുത്താവുന്നതാണ്.
4. അപേക്ഷകനായ, തൊഴിലാളി ഒരു ട്രേഡ് യൂണിയൻ അംഗമാണെങ്കിൽ ആ ട്രേഡ് യൂണിയന്റെ സംസ്ഥാന/ജില്ല/പ്രാദേശിക പ്രസിഡണ്ട്/സെക്രട്ടറിയുടെ ശുപാർശ സമർപ്പിക്കേണ്ടതാണ്.

ട്രേഡ് യൂണിയൻ അംഗമല്ല, എങ്കിൽ വില്ലേജ് ഓഫീസറുടേയോ, ഒരു ഗസറ്റഡ് ഓഫീസറുടേയോ, അസി.ലേബർ ഓഫീസറുടേയോ, പ്ലാന്റേഷൻ ഇൻസ്പെക്ടുടേയോ, ശുപാർശയോടെ സമർപ്പിക്കാവുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും ക്ഷേമനിധിയിലോ ക്ഷേമ പദ്ധതിയിലോ അംഗമായി തുടരുന്നവർക്ക് ഈ പദ്ധതിയിൽ അംഗത്വത്തിന് അർഹതയില്ല.

**അംശാദായം –** ഒരു മാസത്തേക്കുള്ള അംശാദായം തൊഴിലുടമ വിഹിതം 20 രൂപയും, തൊഴിലാളി വിഹിതം 20 രൂപയും ചേർത്ത് അർദ്ധ വർഷത്തെ അംശാദായ തുക ഒന്നിച്ച് അടക്കേണ്ടതാണ്. പകുതി തുക മൂന്ന് മാസത്തിലൊരിക്കലെങ്കിലും സ്വയംതൊഴിൽ ചെയ്യുന്നവർക്ക് 6 മാസത്തേയോ ഒരു വർഷത്തേയോ അംശാദായം ഒന്നിച്ച് മുൻകൂറായി അടക്കാവുന്നതാണ്.

## വിവിധ സ്കീമുകൾ

### a. പെൻഷൻ

കുറഞ്ഞത് അഞ്ച് വർഷം തുടർച്ചയായി അംശാദായം അടച്ചു വരുന്ന അംഗത്തിനും, പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ചെറുകിടതോട്ടം തൊഴിലാളി ആയി ജോലി ചെയ്തു വന്നിരുന്നതും, പദ്ധതി പ്രാബല്യത്തിൽ വന്ന മാസം മുതൽ അംശാദായം അടച്ചതും പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പും, പ്രാബല്യത്തിൽ വരുന്ന മാസം മുതൽക്കുള്ള അംഗത്വ കാലയളവുമടക്കം മൊത്തം 15 വർഷം കാലം ജോലി ചെയ്ത അംഗത്തിനും 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്നു വിരമിക്കുന്ന മുറക്ക് പ്രതിമാസ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

### b. മുൻകാല തൊഴിലാളികൾക്കു പെൻഷൻ (ഇപ്പോൾ നിലവിലില്ല)

പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് 15 വർഷത്തിൽ കുറയാത്ത കാലം ചെറുകിടത്തോട്ടം തൊഴിലാളിയായി ജോലി ചെയ്യുകയും നിശ്ചിത പ്രായപരിധി കഴിഞ്ഞതുമൂലം അംഗത്വമെടുക്കാൻ കഴിയാതെ വന്നതുമായ തൊഴിലാളികൾക്ക്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ക്ഷേമനിധി ബോർഡിന് ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

### അവശതാ പെൻഷൻ

രണ്ട് വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന അംഗത്തിന് രണ്ടു വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ പ്രതിമാസം അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കും. അവശതമൂലം യാതൊരു ജോലിയും ചെയ്യുവാൻ കഴിയാത്ത ആളാണെന്ന് തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## c. കുടുംബ പെൻഷൻ

പെൻഷന് അർഹതയുള്ള തൊഴിലാളി മരണമടഞ്ഞാലും, ചുരുങ്ങിയത് മൂന്ന് വർഷം അംശാദായം അടച്ച അംഗം മരണമടഞ്ഞാലും ആശ്രിതർക്ക് കുടുംബ പെൻഷൻ ലഭിക്കും.

കുടുംബ പെൻഷൻ ലഭിക്കാൻ ആവശ്യമായ സാധുത സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

1. മരണ സർട്ടിഫിക്കറ്റ് (Death Certificate)
2. അവകാശിയുടെ ബന്ധുത സർട്ടിഫിക്കറ്റ് (Relationship Certificate)
3. വരുമാന സർട്ടിഫിക്കറ്റ്

റവന്യു അധികാരികൾ നൽകുന്ന മേൽപറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

മരണപ്പെട്ട അംഗത്തിന്റെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പുത്രിമാർ, അംഗത്തെ ആശ്രയിച്ചു കഴിയുന്ന അച്ഛൻ, അമ്മ എന്നിവർ മുൻഗണനാ ക്രമത്തിൽ കുടുംബ പെൻഷന് അപേക്ഷിക്കാൻ അർഹരായിരിക്കുന്നതാണ്.

**പെൻഷൻ തുക –** പത്ത് വർഷം വരെയുള്ള അംഗത്വ കാലയളവിന് 200 രൂപയും, 10 വർഷത്തിനുമേൽ അംഗത്വ കാലമുള്ളവർക്ക് 10 വർഷത്തിനു ശേഷം പൂർത്തിയായ ഓരോ വർഷത്തിനും 15 രൂപ വീതം അധിക തുകയുമായിരിക്കും.

**കുടുംബ പെൻഷൻതുക –** ഏറ്റവും കുറഞ്ഞ പ്രതിമാസ കുടുംബ പെൻഷൻ തുക 150 രൂപയായിരിക്കും. അംഗം മരണപ്പെടുമ്പോൾ പൂർത്തിയാക്കിയ സേവന കാലയളവിന്റെ അടിസ്ഥാനത്തിൽ ലഭിക്കാവുന്ന പെൻഷൻ തുകയുടെ 50 ശതമാനമോ, 150 രൂപയോ ഏതാണ് കൂടുതലെങ്കിൽ അത് ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

കുടുംബ പെൻഷനുള്ള അർഹത

1. കുടുംബ പെൻഷൻ പുനർ വിവാഹം ചെയ്യുന്നതുവരെ
2. ആൺ മക്കൾക്ക് 21 പൂർത്തിയാകുന്നതുവരെ
3. പെൺമക്കൾ വിവാഹിതരാകുന്നതുവരെ

**d.** **പ്രസവാനുകൂല്യം** – അംശാദായം ഒരു വർഷമെങ്കിലും തുടർച്ചയായി അടച്ചിരിക്കണം. ഇ.എസ്. ഐ പരിധിയിൽ വരാത്ത സ്ത്രീ തൊഴിലാളിയായിരിക്കണം. 2000 രൂപ വെച്ച് ഈ ആനുകൂല്യം രണ്ട് തവണ മാത്രമെ ലഭിക്കുകയുള്ളു.

ഗർഭം അലസൽ സംഭവിച്ച സ്ത്രീ അംഗത്തിന് 1000 രൂപ ആനുകൂല്യമായി ലഭിക്കും. എന്നാൽ രണ്ടു തവണ പ്രസവാനുകൂല്യം കൈപറ്റിയ അംഗത്തിനും, മുമ്പ് രണ്ടു തവണ ഗർഭം അലസൽ ആനുകൂല്യം കൈപ്പറ്റിയ അംഗത്തിനും തുടർന്ന് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ല. **വിവാഹാനുകൂല്യം** – 3 വർഷം തുടർച്ചയായി അംശാദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും സ്ത്രീ അംഗങ്ങളുടെ വിവാഹ ചെലവിനുമായി 3000 രൂപ ആനുകൂല്യമായി ലഭിക്കും.

വിവാഹ നിശ്ചയം/വിവാഹം നടന്നു എന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസിഡണ്ട് / സെക്രട്ടറി / മേയർ / ചെയർമാൻ/ എം.എൽ.എ/എം.പി/ഗസറ്റഡ് ഓഫീസർ/രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സമുദായ സംഘടനകൾ, ഹിന്ദു മാരേജ് ആക്റ്റോ, സ്പെഷൽ മാരേജ് ആക്റ്റോ പ്രകാരം ലഭിക്കുന്ന സാക്ഷ്യപത്രമോ ഹാജരാക്കേണ്ടതാണ്.

എന്നാൽ ആനുകൂല്യം നൽകുന്നത് വിവാഹം കഴിഞ്ഞതിന് ശേഷമായിരിക്കേണ്ടതാണ്. ഈ ആനുകൂല്യത്തിൽ രണ്ടു തവണയിൽ കൂടുതൽ ഒരംഗത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അച്ഛനും, അമ്മയും അംഗങ്ങളാണെങ്കിൽ, വിവാഹിതയാകുന്ന മകളും അംഗമാണെങ്കിൽ ഒരു അംഗത്തിന് മാത്രമായിരിക്കും അർഹത.

**ചികിത്സാ സഹായം** – 3 വർഷം തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നിട്ടുള്ള ചികിത്സക്ക് യഥാർത്ഥത്തിൽ ചിലവായ തു മൊത്തം അംഗത്വകാലത്തേക്ക് പരമാവധി 10000 രൂപ നിബന്ധനകൾക്ക് വിധേയമായി നൽകുന്നതാണ്. ചികിത്സ സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും ഹാജരാക്കേണ്ടതാണ്.

**f.** **വിദ്യാഭ്യാസ ആനുകൂല്യം (ഇപ്പോൾ നിലവിലില്ല)**

സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ക്ഷേമനിധി ബോർഡിന് ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

**മരണാനന്തര സഹായം** – അംഗമായിരിക്കെ മരണമടഞ്ഞ അംഗത്തിന്റെ ആശ്രിതർക്ക് 3 വർഷം വരെയുള്ള അംഗത്തിന് 1500 രൂപയും തുടർന്നുള്ള ഓരോ വർഷത്തെ അംഗത്വത്തിന് 400 രൂപ വീതവും കണക്കാക്കി പരമാവധി 10000 രൂപ

എന്ന നിബന്ധനയിൽ ധനസഹായം നൽകുന്നതാണ്. ആവശ്യമായ രേഖകളും സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്.

**g. ഭവന നിർമ്മാണ വായ്പ (ഇപ്പോൾ നിലവിലില്ല)**

(സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ക്ഷേമനിധി ബോർഡിന് ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ടി വിഭാഗത്തിൽപെട്ട തൊഴിലാളികൾക്ക് സ്കീമുകളെ കുറിച്ച് ഗ്രാമസഭ / വാർഡ്സഭ വഴി അവബോധം നൽകുക, അർഹതയുള്ള എല്ലാവരും രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പു വരുത്തുക, ആനുകൂല്യങ്ങൾ യഥാവിധി യഥാസമയം ലഭിക്കുന്നതിന് സഹായിക്കുക മുതലായവ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അനർഹർ ഉൾപ്പെട്ടിട്ടില്ലെന്നും യഥാസമയം അർഹതപെട്ട എല്ലാവരും അപേക്ഷ നൽകിയെന്നും ഉറപ്പു വരുത്തൽ

# XXX.
# ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്



തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന ഒരു ശാഖയാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്. ഇത് ഒരു ഡയറക്ടറേറ്റിൻ കീഴിൽ പ്രവർത്തിക്കുന്നു. ഫാക്ടറികളും ബോയ്‌ലറും സംബന്ധിച്ച അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൽ ചെയ്യുന്നത് വകുപ്പിന്റെ ഈ ശാഖയാണ്. കൂടാതെ അവിടുത്തെ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതും ഈ ശാഖയാണ്. ഫാക്ടറികൾക്കും ബോയ്‌ലറികൾക്കും ആവശ്യമായ സൈററ് അനുമതി, ഫാക്ടറി അനുമതി, രജിസ്റ്റർ ചെയ്യൽ, വെൽഡേഴ്സ് ക്വാളിഫിക്കേഷൻ ടെസ്റ്റ് നടത്തുക, ന്യൂ ബോയ്‌ലറുകൾ ടെസ്റ്റ് ചെയ്യുക മുതലായവ വകുപ്പിന്റെ ചുമതലയിൽപ്പെടുന്നു. പൊതു സുരക്ഷ, തൊഴിലാളി സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഇത് ലക്ഷ്യമിടുന്നു. വകുപ്പിന് സ്കീമുകൾ ഒന്നും തന്നെയില്ല. എന്നാൽ വിവിധ സേവനങ്ങൾ വകുപ്പ് പ്രദാനം ചെയ്യുന്നു. അവ ഏതൊക്കെയാണെന്നും അവയുടെ സമയപരിധിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ തസ്തികയും താഴെ നൽകുന്നു.

## ലക്ഷ്യങ്ങൾ

ഫാക്ടറി ബോയ്‌ലറുമായി ബന്ധപ്പെട്ട താഴെപറയുന്ന വിവിധ സേവനങ്ങൾ നൽകൽ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ബജറ്റ് വിഹിതം

## നിർവ്വഹണം

ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പുമായി ബന്ധപ്പെട്ട വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ

## പ്രവർത്തനങ്ങൾ

ഫാക്ടറി ബോയ്ലറുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾക്ക് അപേക്ഷ നൽകുന്നു. (നിശ്ചിത ഫീസും, രേഖകളും, പ്ലാനും അടക്കം)

## നിർവ്വഹണ ഉദ്യാഗസ്ഥന്റെ പങ്ക്

ഫാക്ടറി/ബോയ്ലർ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് ഡി ആന്റ് സി ലൈസൻസ് നൽകുമ്പോൾ ഫാക്ടറിസ്/ബോയ്ലറുമായി ബന്ധപ്പെട്ട് മാത്രം ലൈസൻസ് അനുവദിക്കുക. പൊതുജന ആശങ്കകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യുക. പരിഹാരം കാണുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള സംയോജനം എങ്ങനെ സാധ്യമാക്കാം.

സ്കീമുകൾ ഒന്നും തന്നെയില്ലാത്തതിനാൽ സംയോജനത്തിന് പ്രസക്തിയില്ല.

## നൽകുന്ന സേവനങ്ങൾ

| ക്ര. ന. | പേര് | പരമാവധി സമയം | സേവനം നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| 1 | ഫാക്ടറികൾക്കുള്ള സൈറ്റ് അനുമതി | 3 മാസം | സെക്രട്ടറി, ലേബർ ആന്റ് റീഹാബിലിറ്റേഷൻ (ബി) വകുപ്പ് |
| 2 | പെർമിറ്റ് നൽകൽ | | |
| | എ. (10 - 20 തൊഴിലാളികൾ ഉള്ളവ) (കാഷ്യു ഫാക്ടറി ഒഴിച്ചുള്ളവ) | 3 മാസം | റീജിയണൽ ജോയിന്റ് ഡയറക്ടർ ബോയ്ലേഴ്സ് |
| | ബി. 20 മേൽ തൊഴിലാളികൾ ഉള്ള കാഷ്യു ഫാക്ടറികൾ | 3 മാസം | ഡയറക്ടർ, ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 3 | എ. കശുവണ്ടി ഫാക്ടറികൾ ഒഴിച്ചുള്ള സെക്ഷൻ 85 പ്രകാരം വിജ്ഞാപനം ചെയ്ത ഫാക്ടറികളുടെ രജിസ്ട്രേഷനും ലൈസൻസ് നൽകലും | 60 ദിവസം | റീജിയണൽ ജോയിന്റ് ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |

| | | | |
|---|---|---|---|
| | സെക്ഷൻ 85 പ്രകാരമുള്ള കാഷ്യു ഫാക്ടറികൾ സെക്ഷൻ 2 (A) പ്രകാരമുള്ള ഫാക്ടറികൾ | 60 ദിവസം | ഡയറക്ടർ, ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 4 | ഫാക്ടറി ലൈസൻസിന്റെ പുതുക്കൽ, ഭേദഗതി, ഡ്യൂപ്ലിക്കേറ്റ് നൽകൽ | 60 ദിവസം | റീജിയണൽ ജോയിന്റ് ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 5 | എ. സെക്ഷൻ 85 പ്രകാരമുള്ള ഫാക്ടറികൾ നീക്കം ചെയ്യൽ | 60 ദിവസം | റീജിയണൽ ജോയിന്റ് ഡയറക്ടർ ഫാക്ടറീസ് & ബോയിലേഴ്സ് |
| | ബി. സെക്ഷൻ 2 (A) പ്രകാരമുള്ള ഫാക്ടറികൾ നീക്കം ചെയ്യൽ | 60 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 6 | ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ഫാക്ടറികളുടെ സസ്പെൻഷൻ | 60 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 7 | ഫാക്ടറികളിലെ തൊഴിലാളികളുടെ മെഡിക്കൽ പരിശോധനയും സർട്ടിഫിക്കറ്റ് നൽകും. | 60 ദിവസം | ജോയിന്റ് ഡയറക്ടർ ഫാക്ടറീസ് & ബോയിലേഴ്സ് (മെഡിക്കൽ) |
| 8 | പെർമിഷൻ ഒഴിവാക്കൽ ഗ്രാന്റ് ചെയ്യൽ | 3 മാസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 9 | എ. ഡയറക്ടർക്ക് അപ്പീൽ നൽകൽ | 30 ദിവസം | ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയ്ലേഴ്സ് |
| | ബി. തൊഴിൽ വകുപ്പ് സെക്രട്ടറിക്കുള്ള അപ്പീൽ നൽകൽ | സർക്കാർ തീരുമാന പ്രകാരം | ലേബർ ഡിപ്പാർട്ട്മെന്റ് സെക്രട്ടറി |
| 10 | എ. അനുയോജ്യരായ വ്യക്തികൾക്ക് അംഗീകാരം നൽകൽ | 3 മാസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| | ബി. അനുയോജ്യ വ്യക്തി അംഗീകാരം പുതുക്കൽ | 30 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 11 | എ. വെൽഡർ യോഗ്യത നിർണ്ണയ ടെസ്റ്റ് നടത്തൽ | 90 ദിവസം (അംഗീകൃത സ്ഥാപന ത്തിൽനിന്നും ടെസ്റ്റ് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക്) | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| | ബി. വെൽഡർ സർട്ടിഫിക്കറ്റ് നൽകൽ (ജോയിന്റ് ഡയറക്ടർ ശുപാർശ പ്രകാരം) | 90 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |

| | | | |
|---|---|---|---|
| 12 | പുതിയ ബോയ്‌ലർ രജിസ്ട്രേഷൻ | 3 മാസം (ഹൈഡ്രോളിക ടെസ്റ്റ് നടത്തിയ ശേഷം/ ബോയ്‌ലർ പരിശോധനയ്ക്ക് ശേഷം) | ഡയറക്ടർ ഫാക്ടറീസ് & ബോയ്‌ലേഴ്സ് |
| 13 | എ. ബോയ്‌ലർ പരിശോധനയ്ക്ക് ശേഷം പ്രൊഫഷണൽ ഓർഡർ നൽകൽ | 10 ദിവസം (ഹൈഡ്രോളിക ടെസ്റ്റ്/ പരിശോധന കഴിഞ്ഞ്) | ഫാക്ടറീസ് ആന്റ് ബോയിലർ ഇൻസ്പെക്ടർ |
| | ബി. നിലനിൽക്കുന്ന ബോയ്‌ലറുകളുടെ സർട്ടിഫിക്കറ്റ് പുതുക്കൽ | 10 ദിവസം (അവസാനം നടത്തിയ പരിശോധന കഴിഞ്ഞ്) | ഫാക്ടറീസ് ആന്റ് ബോയിലർ ഇൻസ്പെക്ടർ & ജോയിന്റ് ഡയറക്ടർ |
| | സി. റിപ്പയർ കഴിഞ്ഞ് ബോയ്‌ലറിന് കൗണ്ടർ സർട്ടിഫിക്കറ്റ് നൽകുക | 3 മാസം (പരിശോധന കഴിഞ്ഞ് 45 ദിവസത്തിന് ശേഷം) | ഫാക്ടറീസ് ആന്റ് ബോയിലർ ഇൻസ്പെക്ടർ, ഡയറക്ടർ ഫാക്ടറീസ് & ബോയ്‌ലേഴ്സ് |
| 14 | സ്ട്രീം ലൈൻ ഡ്രോയിനസ് സ്ക്രൂട്ട്നി അനുമതി നൽകുക | 30 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്‌ലേഴ്സ് |
| 15 | ന്യൂ ബോയ്‌ലറുകളുടെ നിർമ്മാണത്തിന് സ്ക്രൂട്ട്നി നൽകുക | 90 ദിവസം | ഡയറക്ടർ |
| 16 | പുതിയ വാൾവുകൾ, പൈപ്പുകൾ, ഫിറ്റിംഗ്സ് എന്നിവയുടെ ഡ്രോയിങ്ങുകൾ പരിശോധിക്കൽ | 30 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്‌ലേഴ്സ് |
| 17 | എ. നിർമ്മാണശേഷവും സർട്ടിഫിക്കറ്റ് നൽകിയതിന്ശേഷവും ന്യൂ ബോയ്‌ലറുകളുടെയും വാൾവുകളുടേയും ടെസ്റ്റിംഗ് | 60 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്‌ലേഴ്സ് |
| | ബി. ബോയ്‌ലർ, വാൾവുകൾ, ഫിറ്റിങ്ങുകൾ മുതലായവയുടെ ടെസ്റ്റ് സർട്ടിഫിക്കറ്റിൽ കൗണ്ടർ സിഗ്നേച്ചർ വയ്ക്കുക | 30 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്‌ലേഴ്സ് |

| | | | |
|---|---|---|---|
| 18 | അംഗീകരിച്ച ബോയിലർ, റിപ്പയർ സ്ഥാപിക്കുന്ന ആൾ, നിർമ്മിക്കുന്ന ആൾ എന്നിവരുടെ രജിസ്ട്രേഷൻ | 90 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 19 | വെൽഡർ സർട്ടിഫിക്കറ്റ്, ബോയ്ലർ അറ്റന്റൻസ് സർട്ടിഫിക്കറ്റ്, ദേശീയ അപ്രന്റിസ്ഷിപ്പ് സർട്ടിപിക്കറ്റ് എന്നിവയുടെ എൻഡോഴ്സ്മെന്റ് | 30 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |
| 20 | ബോയ്ലർ അറ്റന്റൻസ് സർട്ടിഫിക്കറ്റ്, ബോയ്ലർ ഓപ്പറേറ്റേഴ്സ്, എഞ്ചിനീയേഴ്സ്, വെൽഡർ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് നൽകൽ | 30 ദിവസം | ഡയറക്ടർ ഫാക്ടറീസ് & ബോയ്ലേഴ്സ് |

# XXXI.
# പിന്നോക്ക സമുദായം



## I. പിന്നോക്ക സമുദായ വികസന വകുപ്പ്

സംസ്ഥാന പിന്നോക്ക സമുദായ വികസന വകുപ്പ് നവംബർ 2011 ലാണ് രൂപീകരിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ (2012 പേജ് 315,316) കൈപുസ്തകത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. പിന്നോക്ക സമുദായങ്ങളുടെ വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങൾ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരമായിരുന്നു നടപ്പിലാക്കിയിരുന്നത്. പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പുതിയ പദ്ധതികൾ മേഖലാ കേന്ദ്രങ്ങൾ എന്നിവ തുടങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്.

### സംസ്ഥാനതലത്തിൽ നടത്തുന്ന പദ്ധതികൾ

#### 1. കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഗ്രാന്റ് വിതരണം

പിന്നോക്ക സമുദായങ്ങളിൽ പരമ്പരാഗതമായി കളിമൺ പാത്ര നിർമ്മാണം നടത്തുന്ന വ്യക്തികൾക്ക് 50,000 രൂപയും, സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം

രൂപ വരെയും ഗ്രാന്റായി നൽകുവാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർമ്മാണ യൂണിറ്റുകൾ നവീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

2. **അഡ്വക്കറ്റ് ഗ്രാന്റ്** - പുതിയതായി പ്രാക്ടീസ് ആരംഭിക്കുന്ന അഡ്വക്കറ്റ്മാരും, വാർഷിക വരുമാനം ഒരു ലക്ഷത്തിന് താഴെയുമായുള്ളവർക്ക് ആദ്യത്തെ രണ്ടുവർഷം 7500 രൂപ വീതം ഗ്രാന്റ് നൽകുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കളിമൺ പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കളിമൺ ലഭ്യത, വിൽപ്പന തുടങ്ങിയവയക്ക് വേണ്ട പ്രോത്സാഹനം നൽകുകയും, മറ്റു പദ്ധതികളുമായുള്ള സംയോജന സാദ്ധ്യതകൾ കണ്ടെത്താവുന്നതാണ്.

## II. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

കോർപ്പറേഷൻ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (2012, പേജ് 312-315 വരെ) കൈപുസ്തകത്തിൽ നൽകിയിരുന്നു. ഒപ്പംതന്നെ കോർപ്പറേഷന്റെ ലക്ഷ്യം, പ്രവർത്തനങ്ങൾ, വായ്പ നിബന്ധനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കും സംയോജന സാദ്ധ്യതകളും വിവരിച്ചിരുന്നുവല്ലോ? ആയത്കൊണ്ട് ഇവിടെ സംസ്ഥാനതലത്തിൽ നടത്തുന്ന 12 ഇന പദ്ധതികൾ മാത്രമാണ് വിവരിക്കുന്നത്.

## കെ.എസ്.ബി.സി.ഡി.സി. പദ്ധതികൾ

### 3. വിദേശത്ത് ജോലി നേടിപോകുന്നവർക്കുള്ള വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 8% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായ പരിധി | - | 18 നും 50 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | ഗ്രാമങ്ങളിൽ 40,000,<br>നഗരങ്ങളിൽ 55,000 |

### 4. പെൺകുട്ടികളുടെ വിവാഹ ധനസഹായ വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 1.50 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായപരിധി | - | 18 നും 60 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 1 ലക്ഷത്തിൽ താഴെ |

### 5. വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പ

(വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിന് കമ്പ്യൂട്ടറുകളും മറ്റ് സാമഗ്രികളും വാങ്ങുന്നതിന്)

| | | |
|---|---|---|
| പരമാവധി തുക | - | 50000 രൂപ |
| പലിശ നിരക്ക് | - | 8.5% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18 നും 60 മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | പരിധിയില്ല |

### 6. സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 3 ലക്ഷം |
| പലിശ നിരക്ക് | - | 9% |
| തിരിച്ചടവ് കാലാവധി | - | 84 മാസം |
| പ്രായപരിധി | - | 18 നും 60 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | പരിധിയില്ല |

### 7. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 9% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18 നും 60 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | പരിധിയില്ല |

**8. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ**

| | | |
|---|---|---|
| പരമാവധി തുക | - | 3 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 10% |
| തിരിച്ചടവ് കാലാവധി | - | 84 മാസം |
| പ്രായപരിധി | - | 18 നും 60 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | പരിധിയില്ല |

9. **പ്രവർത്തന മൂലധന വായ്പ** (കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്തവർക്ക് വായ്പയുടെ തിരിച്ചടവിന് ശേഷം ബിസിനസ്സ് വികസിപ്പിക്കുന്നതിന്)

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 7% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 1 ലക്ഷത്തിൽ താഴെ |

10. **ഭവനശ്രീ വായ്പ** (അംഗീകൃത ക്ഷേമനിധിയിൽ അംഗത്വമുള്ള പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഭവനം പുനരുദ്ധരിക്കുന്നതിനോ ഭവനം നിർമ്മിക്കുന്നതിനോ)

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 8% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 1 ലക്ഷത്തിൽ താഴെ |

11. **വിദ്യാശ്രീ വായ്പ** (ദേശീയ ഏജൻസികളുടെ പദ്ധതിപ്രകാരം വായ്പ അനുവദിക്കാൻ സാധിക്കാത്ത തൊഴിൽ സാധ്യത ഉള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്)

| | | |
|---|---|---|
| പരമാവധി തുക | - | 1.50 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |

| | | |
|---|---|---|
| പ്രായപരിധി | - | 16 നും 32 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 1 ലക്ഷത്തിൽ താഴെ |

## 12. സ്വയം തൊഴിൽ വായ്പ

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | ഗ്രാമങ്ങളിൽ 40,000<br>നഗരങ്ങളിൽ 55,000 |

## 13. സുവർണ്ണ ശ്രീ (വിവിധോദ്ദേശ വായ്പ)

| | | |
|---|---|---|
| പരമാവധി തുക | - | 1 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 8% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 1 ലക്ഷത്തിൽ താഴെ |

## 14. ബിസിനസ്സ് ഡവലപ്മെന്റ് വായ്പ

(നിലവിലുള്ള ചെറുകിട ഇടത്തരം സംരംഭം വിപുലീകരിക്കുന്നതിന്)

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 8% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായപരിധി | - | 18 നും 55 നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 1 ലക്ഷത്തിൽ താഴെ |

**നോട്ട്:** 1 ലക്ഷത്തിന് മുകളിലുള്ള വായ്പകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും കേന്ദ്ര ഏജൻസികളുടെ അംഗീകാരത്തിന് വിധേയമായും മാത്രമെ നൽകുകയുള്ളു. (വിദ്യാഭ്യാസ വായ്പ ഒഴികെ)

# XXXII.
# വിനോദ സഞ്ചാര വകുപ്പ്



## ആമുഖം

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന പ്രകൃതി രമണീയമായ നമ്മുടെ സംസ്ഥാനത്തിന്റെ പ്രധാന തൊഴിൽ-വരുമാന മേഖലയാണ് വിനോദ സഞ്ചാരം. കേരളത്തിന്റെ പ്രകൃതി, സംസ്ക്കാരം, തനതായ കലാരൂപങ്ങൾ എന്നിവയ്ക്ക് കോട്ടം തട്ടാതെയും അവയെ പരിപോഷിപിച്ചുകൊണ്ടും വിവിധങ്ങളായ പദ്ധതികളിലൂടെ സംസ്ഥാനത്തിലെ തൊഴിൽ-വരുമാന മാർഗ്ഗങ്ങളെ മെച്ചപ്പെട്ട രീതിയിൽ വളർത്തുക എന്നുള്ളതാണ് സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ പരമപ്രധാനമായ ലക്ഷ്യം.

## 1. വിനോദസഞ്ചാരത്തിനുതകുന്ന വിവിധങ്ങളായ പദ്ധതികൾ

### ലക്ഷ്യങ്ങൾ

സമഗ്രമായ വിനോദ സഞ്ചാരമേഖലയുടെ വികസനം, സംസ്ഥാനത്തിലെ തൊഴിൽ വരുമാനമേഖലകളുടെ വളർച്ച. അതുവഴി സാമ്പത്തിക സാംസ്ക്കാരിക വികസനത്തിന്റെ ഭാഗമായി സമൂഹത്തിന് വന്നുചേരുന്ന സ്വയംപര്യാപ്തത.

## ഗുണഭോക്താവ്

ഇതുമായി ബന്ധപ്പെടുന്ന എല്ലാവരും ഇതിന്റെ ഗുണഭോക്താക്കളായിരിക്കും. (ഉദാ. പ്രസ്തുത പദ്ധതി മേഖലകളിലെ സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നു. ഇതു മൂലം വിനോദ സഞ്ചാരികൾക്കും പ്രദേശവാസികൾക്കും സൗകര്യങ്ങൾ ലഭിക്കുന്നു. പദ്ധതിയുടെ നടത്തിപ്പ്/പരിപാലനം മൂലം (സെക്യൂരിറ്റി, ക്ലീനിംഗ്, കഫറ്റീരിയ, ടോയ്‌ലറ്റ്സ്) പഞ്ചായത്തുകൾ വഴി ജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നു. (ഇതിനെ നമുക്ക് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്താവുന്നതാണ്).

## നിർവ്വഹണം

പദ്ധതിയുടെ നിലവാരത്തിനനുസരിച്ച് അതാത് മേഖലകളിൽ പരിചയ സമ്പന്നരായ സർക്കാർ വകുപ്പുകൾ/ഏജൻസികൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ പദ്ധതി പൂർത്തീകരിച്ചും, ആയതിന് യോജിക്കുന്ന ഏജൻസികളെ തുടർ നടത്തിപ്പിനായ് ഏല്പിച്ചുകൊടുക്കുന്നു. (ഉദാ. റിസോർട്ടുകളും യാത്രാനിവാസുകളും നടത്തിപ്പിനായി കെ.റ്റി.ഡി.സി.യെ ഏല്പിക്കുന്നു. കംഫർട്ട് സ്റ്റേഷൻ, ടോയ്‌ലറ്റ്സ് - സുലഭ് പോലുള്ള ഏജൻസികൾ, പാർക്കുകളും ഉദ്യാനങ്ങളും ഡി.റ്റി.പി.സി/ഗ്രാമപഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങൾ)

## ഫണ്ടിംഗ്

പദ്ധതിക്കായ് നിശ്ചയിച്ചിരിക്കുന്ന തുക സംസ്ഥാനത്തെ വിനോദ സഞ്ചാര വികസന ഫണ്ടിൽ നിന്നും പദ്ധതിയുടെ പുരോഗതിക്കനുസരിച്ച് നടപ്പിലാക്കുന്ന ഏജൻസികളുടെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതാത് വകുപ്പുകൾക്ക്/ ഏജൻസികൾക്ക് ഘട്ടംഘട്ടമായ് വിനോദസഞ്ചാര വകുപ്പ് കൈമാറുന്നു.

## പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ഡി.റ്റി.പി.സി. കൾ/ വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ എന്നിവരിലൂടെ ലഭിക്കുന്ന വിവിധ പദ്ധതികളുടെ റിപ്പോർട്ടുകൾ വേണ്ടത്ര പരിശോധനകൾക്കു ശേഷം വിനോദ സഞ്ചാര വികസനത്തിന് യോജിക്കുന്നവ സർക്കാരിന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായ് സമർപ്പിക്കും. ഇതിലൂടെ പാസാകുന്നവ അതാത് മേഖലകളിൽ വിദഗ്ദ്ധരായ സർക്കാർ വകുപ്പുകൾ / ഏജൻസികൾ/ഡി.റ്റി.പി.സി.കൾ/ഗ്രാമപഞ്ചായത്ത് എന്നിവരുടെ സഹകരണത്തോടെ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നു.

## സംഘാടനം

അതാത് പദ്ധതി മേഖലകളിലെ വിദഗ്ദ്ധരായ സർക്കാർ വകുപ്പുകൾ/ഏജൻസികൾ എന്നിവരിലൂടെ നിർവ്വഹിക്കപ്പെടുന്നു. (ഉദാ. പി. ഡബ്ല്യൂ.ഡി, ഇറിഗേഷൻ, ഫോറസ്റ്റ്, കിറ്റ്കോ, കെ.റ്റി.ഡി.സി, ഡി.റ്റി.പി.സി ഗ്രാമപഞ്ചായത്ത് മുതലായവ..)

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വിനോദ സഞ്ചാര വികസനത്തിന് ഉതകുന്ന വിവിധങ്ങളായ പദ്ധതികളുടെ നിർവഹണം. അതിന്റെ നടത്തിപ്പിലൂടെ ലഭിക്കുന്ന നികുതികൾ, തൊഴിൽ എന്നിവ. (ഉദാ. ഉദ്യാനങ്ങൾ, വിവിധമേളകൾ- ജല, കാർഷിക പ്രദർശനം, ഉത്സവങ്ങൾ തുടങ്ങിയവ). തദ്ദേശഭരണ സ്ഥാപനത്തിലെ ടൂറിസത്തിന്റെ സാധ്യതകൾ ചർച്ചചെയ്ത് വിനോദസഞ്ചാര വകുപ്പിന് സമർപ്പിക്കുക. ഗ്രാമസഭകളിൽ സാധ്യതകൾ ചർച്ച ചെയ്യുക. ടൂറിസം വികസനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുക, സ്പോട്ടുകൾ കണ്ടുപിടിക്കുക.

## വകുപ്പിന്റെ പങ്ക്

ഓരോ പദ്ധതിയുടേയും പൂർത്തീകരണത്തിന് വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണം ആവശ്യമാണ്. സംസ്ഥാന വിനോദ സഞ്ചാരവകുപ്പ് ഈ പദ്ധതികളുടെ നടത്തിപ്പിന്റെയും പൂർത്തീകരണത്തിന്റേയും മേൽനോട്ടം വഹിക്കുന്നു.

## ഗ്രാമപഞ്ചായത്തുകളുടെ പങ്ക്

ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ വിവിധങ്ങളായ വിനോദസഞ്ചാര വികസനത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി ഡി.റ്റി.പി. സി യുടെ സഹകരണത്തോടെ വിശദമായ രൂപരേഖയും റിപ്പോർട്ടും തയ്യാറാക്കി ടൂറിസം ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്. വിനോദസഞ്ചാരത്തിന്റെ ഭാഗമായ് വിവിധ മേളകൾ (ജലമേളകൾ, കാർഷിക മേളകൾ, സസ്യഫല പ്രദർശന മേളകൾ) കൂടാതെ വിനോദ സഞ്ചാരവുമായ് ബന്ധപ്പെട്ടിരിക്കുന്ന ഓട്ടോ/ടാക്സി ഡ്രൈവർമാർ നാനാവിധ വിനോദ സഞ്ചാര വ്യവസായ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കായ് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

## അടിക്കുറിപ്പ്

കേരളത്തിന് എടുത്ത് കാണിക്കാൻ ലോകപൈതൃകങ്ങൾ കുറവാണ് എന്നിരുന്നാലും, നമ്മൾ ലോകടൂറിസം ഭൂപടത്തിന്റെ മഹത്തായ ഇടം നേടിയിട്ടുണ്ട്. ഇന്ത്യയിലെ തന്നെ പല വിനോദസഞ്ചാര പദ്ധതികളുടെയും മാതൃക അല്ലെങ്കിൽ തുടക്കകാർ സഞ്ചാരികളുടെ പറുദീസ എന്നറിയപ്പെടുന്ന ഈ കൊച്ചു സംസ്ഥാനമാണ്.

a. **ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റീവൽ** - കേരളത്തിലെ വിനോദസഞ്ചാരത്തിന്റെ ഏറ്റവും നല്ല സീസണായ ഡിസംബർ, ജനുവരി മാസങ്ങളിൽ നടത്തി വരുന്ന ഈ വ്യാപാരമേള വിനോദസഞ്ചാരികൾക്ക് നല്ല ഷോപ്പിംഗ് നടത്തുന്നതിനും

അതുവഴി കേരളത്തിന്റെ വ്യാപാരമേഖലകളിലെ വളർച്ചയും ഉദ്ദേശിച്ചിട്ടുള്ള താണ്.

b. **കേരള ട്രാവൽ മാർട്ട്** – കേരളത്തിലെ വിനോദസഞ്ചാര രംഗത്ത് പ്രവർത്തിക്കുന്നവരെ സഹകരിപ്പിച്ചുകൊണ്ട് രണ്ട് വർഷത്തിലൊരിക്കൽ നടത്തപെടുന്ന അന്താരാഷ്ട്ര വിനോദസഞ്ചാര രംഗത്ത് പ്രവർത്തിക്കുന്നവരുമായുള്ള ബിസിനസ്സ് മേള

c. **തെന്മല ഇക്കോ ടൂറിസം പദ്ധതി** – പ്രകൃതിക്കും അതിലെ ജന്തു സസ്യജീവജാലങ്ങൾക്കും കോട്ടം തട്ടാതെ സഞ്ചാരികൾക്ക് പ്രകൃതി സൗന്ദര്യവും ജന്തുസസ്യജീവികളുടെ ജീവിതരീതികളെ മനസ്സിലാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണ്.

d. **കുമ്പളങ്ങി റൂറൽ ടൂറിസം പദ്ധതി–** കായലാൽ ചുറ്റപ്പെട്ട ഐലന്റിനെ പ്രകൃതി സൗന്ദര്യം നിലനിർത്തുന്ന പദ്ധതി.

കൂടാതെ നമ്മുക്ക് കിട്ടുന്ന നൂതന ആശയങ്ങളെ അത് ഏത് തലങ്ങളിൽ നിന്നായിരുന്നാലും അതിലെ നല്ല വശങ്ങളെ പഠിച്ചുകൊണ്ടും അതു നടപ്പിലാക്കിയും ഈ വ്യവസായത്തിന്റെ വളർച്ചക്കായ് മുതൽ കൂട്ടുന്നു.

a. ഗ്രഹസ്ഥലി – കേരളത്തിന്റെ പഴയകാല വാസ്തുകല പ്രാവീണ്യം പ്രകടമാണ്. ഇത്തരത്തിലെ പഴയകാല കെട്ടിടങ്ങൾ, കൊട്ടാരങ്ങൾ, എട്ട് കെട്ടുകൾ, നാലു കെട്ടുകൾ എന്നിവ. ഇത്തരം കെട്ടിടങ്ങളുടെ നിർമ്മാണങ്ങളെ കാണുന്നതിനും പഠിക്കുന്നതിനുമായ് ഒത്തിരി വിദേശ സഞ്ചാരികൾ ആഗ്രഹം പ്രകടിപ്പിക്കാറുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള 50 വർഷത്തിലേറെ പഴക്കം വരുന്ന കെട്ടിടങ്ങളുടെ നവീകരണത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയാണിത്.

b. ഹോംസ്റ്റേ: – ഗ്രാമങ്ങളുടെ പ്രകൃതി രമണീയത ആസ്വദിച്ചുകൊണ്ടും കുടുംബ ജീവിത അന്തരീക്ഷം ഉൾകൊണ്ടും തനതായ ഭക്ഷണ പാചക രുചിഭേദങ്ങൾ രുചിച്ചുകൊണ്ടും സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വീട്ടുകാർക്ക് തൊഴിലും വരുമാനവും ലഭിക്കുവാൻ ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണിത്.

സമൂഹത്തിന്റെ വ്യത്യസ്ഥ തലങ്ങളെ നമ്മൾക്ക് വിനോദസഞ്ചാരവുമായ് ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കാവുന്നതാണ്. മേളകൾ, ഉത്സവങ്ങൾ, തനതായ കലാരൂപങ്ങളുടെ സംരക്ഷണം അങ്ങനെ ഒത്തിരി മേഖലകളിൽ സംസ്ഥാന വിനോദസഞ്ചാരവകുപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിലെല്ലാം നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്കും പൊതുജനത്തിനും പങ്കാളിയാകാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് www.keralatourism.org എന്ന വെബ്സൈറ്റിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

# XXXIII.
# സിവിൽ സപ്ലൈസ്



## 1. എ.പി.എൽ കാർഡുടമകൾക്ക് രണ്ട് രൂപ നിരക്കിൽ ഭക്ഷ്യ ധാന്യം നൽകുന്ന പദ്ധതി

### ലക്ഷ്യങ്ങൾ

എ.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ട ദരിദ്ര വിഭാഗങ്ങൾക്ക് 2/- രൂപയക്ക് പ്രതി മാസം അലോട്ട്മെന്റ് അനുസരിച്ച് 10കി ഗ്രാം അരിയും, 2 കി ഗ്രാം ഗോതമ്പും നൽകികൊണ്ട് ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തൽ.

### ഗുണഭോക്താവ്

1. 31.07.11 ൽ എ.പി.എൽ കാർഡ് കൈവശമുണ്ടായിരുന്നവർ
2. 2500 സ്ക്വയർ ഫീറ്റിൽ താഴെ വീട് സ്വന്തമായുള്ളവർ
3. പ്രതിമാസം 25000 രൂപയിൽ താഴെ വരുമാനമുള്ളവർ
4. 2.5 ഏക്കറിൽ കുറവ് ഭൂമി സ്വന്തമായുള്ളവർ

## സ്കീമിന്റെ നിർവ്വഹണം

സിവിൽ സപ്ലൈസ് വകുപ്പിലെ താലൂക്ക്തല സപ്ലൈ ഓഫീസുകൾക്കാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല

### പ്രവർത്തനങ്ങൾ

നിർദ്ദിഷ്ട ഫോറത്തിൽ കാർഡുടമ ഒപ്പിട്ട് നൽകുന്ന അപേക്ഷ, താലൂക്ക് സപ്ലൈ ഓഫീസർ റേഷനിംഗ് ഇൻസ്പെക്ടർ മുഖേന അന്വേഷണം നടത്തി ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കി അരിയും ഗോതമ്പും റേഷൻ കടകൾ വഴി ഗുണഭോക്താവിന് വിതരണം ചെയ്യുന്നു.

### ഫണ്ടിംഗ്

നോൺ പ്ലാൻ (പദ്ധതിയേതരം) സ്റ്റേറ്റ് ഗവൺമെന്റിന് വേണ്ടി സിവിൽ സപ്ലൈസ് ഡയറക്ടർ സബ്സിഡി തുക എഫ്.സി.ഐ ൽ അടക്കുന്നു. എഫ്.സി.ഐ യിൽ നിന്നും മൊത്തവ്യാപാരി സ്റ്റോക്കെടുത്ത് റീട്ടെയിൽ റേഷൻ വ്യാപാരിക്ക് കൈമാറുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗുണഭോക്താക്കൾക്ക് ഗ്രാമസഭ/വാർഡ് സഭ അറിവ് നൽകൽ, അർഹരായ എല്ലാവരും സ്കീമിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പു വരുത്തൽ, അനർഹർ ഇല്ല എന്ന് ഉറപ്പാക്കൽ എന്നിവയ്ക്ക് സഹായിക്കാം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

ആശ്രയ പദ്ധതിയുമായി ഇതിനെ ഏകോപിപ്പിക്കാം.

## 2. പഞ്ചസാര വിതരണ പദ്ധതി

### ലക്ഷ്യങ്ങൾ

ദരിദ്ര വിഭാഗങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്താൻ

### ഗുണഭോക്താവ്

റേഷൻകാർഡ് ലഭ്യമായിയട്ടുള്ള ബി.പി.എൽ/എ.എ.വൈ വിഭാഗത്തിൽപ്പെട്ട എല്ലാ കാർഡുടമകളും.

### പ്രവർത്തനങ്ങൾ

ബി.പി.എൽ/എ എ വൈ - കാർഡുകളിൽ ഉൾപ്പെട്ട ഒരു അംഗത്തിന് ഒരു മാസത്തേക്ക് 0.400 ഗ്രാം പഞ്ചസാര കി ഗ്രാമിന് 13.50 നിരക്കിൽ റേഷൻ കട വഴി വിതരണം ചെയ്യുന്നു. സിവിൽ സപ്ലൈസ് വകുപ്പ് - കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്ന പഞ്ചസാര സംസ്ഥാന ഗവ. ഏജൻസിയായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈക്കോ) പഞ്ചസാര മില്ലുകളിൽ നിന്നും ലിഫ്റ്റ് ചെയ്ത് സപ്ലൈകോ ഡിപ്പോയിൽ എത്തിക്കുന്നു. റീട്ടെയിൽ റേഷൻ വ്യാപാരികൾ സപ്ലൈകോ ഡിപ്പോകളിൽ നിന്നും പഞ്ചസാര ലിഫ്റ്റ് ചെയ്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു.

### ഫണ്ടിംഗ്

നോൺപ്ലാൻ - പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതി

### വകുപ്പിന്റെ പങ്ക്

വിവിധ റേഷൻ കടകൾ വഴി നിശ്ചിത അളവിലുള്ള പഞ്ചസാര കാർഡുടമകൾക്ക് വിതരണം ചെയ്യേണ്ടത് പൊതു വിതരണ വകുപ്പിലെ താലൂക്ക് ഓഫീസറുടെ ചുമതലയാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അർഹരായ മുഴുവൻ കാർഡുടമകൾക്കും കൃത്യമായ അളവിലും തൂക്കത്തിലും പഞ്ചസാര നൽകുന്നുവെന്ന് ഉറപ്പു വരുത്തുക. ഗ്രാമസഭ/വാർഡ് സഭയിൽ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

ആശ്രയ പദ്ധതിയുമായും മറ്റ് പദ്ധതികളുമായും പഞ്ചാസാര വിതരണം ഏകോപിപ്പിക്കാം.

## 3. കേന്ദ്രസർക്കാർ പരിധിയിൽ വരാത്ത ദരിദ്രരായ ആളുകൾക്ക് 25 കി.ഗ്രാം അരിയും 8 കി.ഗ്രാം ഗോതമ്പും യഥാക്രമം 1 രൂപ 2 രൂപ നിരക്കിൽ വിതരണം ചെയ്യൽ

### ലക്ഷ്യങ്ങൾ

കേന്ദ്രസർക്കാരിന്റെ ബി.പി.എൽ പരിധിയിൽ വരാത്തതും ഗ്രാമപഞ്ചായത്ത് മുഖേന തെരഞ്ഞെടുക്കുന്നതുമായ ബി.പി.എൽ കാർഡുടമകൾക്ക് 1 രൂപയ്ക്ക് പ്രതി

മാസം 25 കിലോ അരിയും 2 രൂപയ്ക്ക് 5 കിലോ ഗോതമ്പും നൽകി ഭക്ഷ്യവശ്യം നിറവേറ്റൽ- അലോട്ട്മെന്റ് അനുസരിച്ച് അളവിൽ മാറ്റം വരുന്നതാണ്.

## ഗുണഭോക്താവ്

കേന്ദ്രസർക്കാരിന്റെ പരിധിയിൽ വരാത്ത ബി.പി.എൽ കാർഡുടമകൾ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ, നോൺപ്ലാൻ ഫണ്ടിംഗ്, സിവിൽ സപ്ലൈസ് ഡയറക്ടർ, സബ്സിഡി തുക എഫ്.സി.ഐ യിൽ നടക്കുന്ന മൊത്തവ്യാപരികൾ ധാന്യം റേഷൻ കടകളിൽ എത്തിക്കുന്നു.

## വകുപ്പ്/ നിർവ്വഹണ ഉദ്യാഗസ്ഥൻ

പൊതു വിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ

## പ്രവർത്തനങ്ങൾ

നിശ്ചിത ഫോറത്തിൽ കാർഡുടമ ഒപ്പിട്ടു നൽകുന്ന അപേക്ഷ റേഷനിംഗ് ഇൻസ്പെക്ടർ വഴി താലൂക്ക് സപ്ലൈ ഓഫീസർ അന്വേഷണം നടത്തി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി അരിയും ഗോതമ്പും മേൽപറഞ്ഞ നിരക്കിൽ റേഷൻകടകൾ വഴി ഗുണഭോക്താവിന് വിതരണം ചെയ്യുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കൃത്യമായ അളവിലും തൂക്കത്തിലും ഗുണനിലവാരത്തിലുമാണ് അരിയും ഗോതമ്പും വിതരണം ചെയ്യുന്നതെന്നും അനർഹർക്ക് ആർക്കും തന്നെ സബ്സിഡി നിരക്കിൽ ധാന്യങ്ങൾ ലഭിക്കുന്നില്ലെന്നും, അർഹരായ എല്ലാവരും ഉൾപ്പെട്ടിട്ടുണ്ടെന്നും ഗ്രാമസഭ വഴി ഉറപ്പാക്കുക. പരാതികൾ യഥാസമയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടിയെടുപ്പിക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

ആശ്രയ പദ്ധതിയുമായി ഇതിനെ ഏകോപിപ്പിക്കാം.

# XXXIV.
# റവന്യു വകുപ്പ്



## 1. State Disaster Response Fund (SDRF) പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായം.

### ലക്ഷ്യങ്ങൾ

പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന മരണം, പരിക്ക്, വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, മൃഗസംരക്ഷണമേഖലയിലും, കാർഷിക മേഖലയിലും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, മറ്റ് നാശനഷ്ടങ്ങൾ എന്നിവക്ക് സമയബന്ധിതമായി ആശ്വാസധനസഹായം നൽകുകയാണ് ലക്ഷ്യം.

### ഗുണഭോക്താവ്

മരണപ്പെട്ടവരുടെ കാര്യത്തിൽ നിയമപരമായ അവകാശികൾക്കും പരിക്കേറ്റവർ, വീടിന് നാശനഷ്ടം സംഭവിച്ചവർക്കും സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ മാനദണ്ഡമനുസരിച്ച് നിയമാനുസൃതം അർഹമായ ആശ്വാസ ധനസഹായം അനുവദിക്കുന്നു. വില്ലേജ് ഓഫീസ്, കൃഷിഭവൻ, മൃഗസംരക്ഷണ ഓഫീസ് മുഖേന അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

### സ്കീമിന്റെ നിർവ്വഹണം

ജില്ലകളക്ടർ, തഹസിൽദാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുന്നു. ആയത് നിയമാനുസൃതം വിതരണം ചെയ്യുന്നതിനായി തഹസിൽദാർമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, മൃഗസംരക്ഷണ ഓഫീസർ എന്നിവർക്ക് നൽകുന്നു.

### പ്രവർത്തനങ്ങൾ

അപേക്ഷകളിൽ പരിശോധന നടത്തി നിയമാനുസൃതം അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം ലഭിക്കുന്നതിന് സഹായിക്കൽ, ഗ്രാമസഭ വഴി സ്കീമിനെക്കുറിച്ച് അവബോധം നൽകൽ

### വകുപ്പിന്റെ പങ്ക്/നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

അർഹരെ തെരഞ്ഞെടുക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ അഭിപ്രായം ആരായാവുന്നതാണ്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ പ്രതിപാദിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിതരണം ചെയ്തു കഴിഞ്ഞാൽ ഗ്രാമസഭ വഴി അവലോകനം ചെയ്യാം. അർഹത ചർച്ച ചെയ്യാം.

## 2. State Disaster Response Fund (SDRF) വരൾച്ച ലഘൂകരണ പദ്ധതികൾ, കുടിവെള്ള വിതരണം

### ലക്ഷ്യങ്ങൾ

വരൾച്ച ലഘൂകരണ പദ്ധതികൾ - കുളം/കിണർ വൃത്തിയാക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുഴൽ കിണർ നിർമ്മാണം തുടങ്ങിയവയും, കുടിവെള്ള വിതരണവും എന്നിവക്കാണ് പ്രധാനമായും ഫണ്ട് അനുവദിച്ചു വരുന്നത്.

## ഗുണഭോക്താവ്

പൊതുജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുന്നു. വരൾച്ച ലഘൂകരണ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നേരിട്ടും കുടിവെള്ള വിതരണത്തിന് തഹസിൽദാർ മുഖേനയും നൽകുന്നു.

## പ്രവർത്തനങ്ങൾ

**കുടിവെള്ള വിതരണം** - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൻമേൽ അന്വേഷണം നടത്തി തഹസിൽദാർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിൽ അനുമതി നൽകുന്നു. പ്രവൃത്തി നിർവ്വഹിച്ച് ബില്ലും അനുബന്ധരേഖകളും സമർപ്പിക്കുന്ന മുറക്ക് തുക തഹസിൽദാർ മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കുന്നു.

**വരൾച്ച ലഘൂകരണ പദ്ധതികൾ** - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ (കുളം/കിണർ വൃത്തിയാക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുഴൽ കിണർ നിർമ്മാണം, റിപ്പയറിംഗ് തുടങ്ങിയവ) സാങ്കേതികമായി പരിശോധിച്ച് ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് ബില്ലും അനുബന്ധരേഖകളും സമർപ്പിക്കുന്ന മുറക്ക് തുക നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കുകയും ചെയ്യുന്നു.

## സംഘാടനം

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിവിധ ജനകീയ കമ്മിറ്റികളിൽ കൂടി

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ആവശ്യമുള്ള പദ്ധതികൾ പരിശോധിച്ച് കണ്ടെത്തി മുൻഗണനാ ക്രമത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഗ്രാമസഭ വഴി മുൻഗണനയും അവലോകനവും നടത്താം.

### വകുപ്പിന്റെ പങ്ക്/നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

അനുമതി ലഭിക്കുന്ന പ്രവൃത്തികൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. യഥാസമയം ഫണ്ട് തദ്ദേശ ഭരണ സ്ഥാപന ശുപാർശയിന്മേൽ വിതരണം ചെയ്യണം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

വരൾച്ചയുമായി ബന്ധപ്പെട്ട പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുടിവെള്ളം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിന് ശേഷമെ ലോറികളിലുള്ള കുടിവെള്ള വിതരണത്തിന് പ്രൊപ്പോസൽ സമർപ്പിക്കാവു.

## 3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

### ലക്ഷ്യങ്ങൾ

അസുഖങ്ങൾ ഉള്ളവർക്കും, പരിക്കേറ്റവർക്കുമുള്ള ചികിത്സാ ധനസഹായം, മരണപ്പെട്ടവരുടെ കുടുംബത്തിനുള്ള ആശ്വാസ ധനസഹായം, ഇടിമിന്നൽ, തീപ്പിടിത്തം എന്നിവ മൂലം വീടിനും മറ്റും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, കടൽക്ഷോഭം മുലം വീട്, വള്ളം, വല എന്നിവക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, തീപ്പിടുത്തത്തിൽ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ.

### ഗുണഭോക്താവ്

പൊതുജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

ജില്ലകളക്ടർ, തഹസിൽദാർ, വില്ലേജ് ഓഫീസർമാർ

### ഫണ്ടിംഗ്

സർക്കാരിൽ നിന്നാണ് ഫണ്ട് അനുവദിക്കുന്നത് - പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയിലൂടെ ഫണ്ടിനുള്ള തുക ലഭിക്കുന്നുണ്ട്. ജില്ലാ കള്ക്ടറുടെ അക്കൗണ്ടിൽ നിന്ന് തഹസിൽദാർ മുഖേന വിതരണം നടത്തുന്നു

## പ്രവർത്തനങ്ങൾ

വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസ്, കളക്ടറേറ്റ്, സർക്കാർ എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ തഹസിൽദാർ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തി ജില്ലാ കളക്ടറെ അറിയിക്കുന്നു. 2,000/- രൂപ വരെ അനുവദിക്കാവുന്നതാണ്. ഈ തുകയ്ക്കുള്ള അപേക്ഷകളിൽ ജില്ലാ കളക്ടർ തന്നെ തീരുമാനമെടുക്കുകയും അതിലധികം തുകയ്ക്ക് അർഹതയുണ്ടെന്ന് കരുതുന്ന അപേക്ഷകൾ ധനസഹായം അനുവദിക്കുന്നതിനുള്ള ശുപാർശ സഹിതം സർക്കാരിലേക്ക് അയക്കുകയുമാണ് ചെയ്യുന്നത്. ധനസഹായം അനുവദിക്കുന്നത് സർക്കാർ ഉത്തരവുകളിലൂടെ ജില്ലാകളക്ടറെ അറിയിക്കുകയും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തഹസിൽദാർ മുഖേന തുക വിതരണം ചെയ്യുന്നു. ഇടിമിന്നൽ, തീപ്പിടുത്തം എന്നിവ മൂലം വീടിന് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ, കടൽക്ഷോഭം മൂലം വീട്, വള്ളം, വല എന്നിവക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയവയ്ക്ക് നിയമാനുസൃതം ആവശ്യമായ രേഖകൾ ലഭ്യമാക്കി സർക്കാരിലേക്ക് ശുപാർശ സഹിതം സമർപ്പിക്കുകയാണ് ചെയ്തു വരുന്നത്.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമുകളെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകൽ. ഗുണഭോക്താക്കളെക്കൊണ്ട് അപേക്ഷ നൽകൽ, ഗ്രാമസഭ വഴി അവലോകനം.

## വകുപ്പിന്റെ പങ്ക്/നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

അപേക്ഷകളുടെ യോഗ്യത പരിഗണിച്ച്, സർക്കാർ അതതുകാലത്ത് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് നിയമാനുസൃതമായി ആവശ്യമായ ധനസഹായം ലഭ്യമാക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിക്ക് മതിയായ പ്രചാരണം നൽകാവുന്നതും നിധിയിലേക്ക് സംഭാവന നൽകുന്നതിന് പ്രോത്സാഹനം നൽകാവുന്നതുമാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്റ്റിൻ കീഴിൽ ടി ആവശ്യങ്ങൾക്ക് ധനസഹായം നൽകുന്നത് കൂടി കണക്കിലെടുത്ത് വിടവുകൾ നികത്താവുന്നതാണ്. (ഉദാ. പാലിയേറ്റീവ് കെയർ രോഗികൾ ; പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി)

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

രോഗങ്ങളുടെ കാര്യത്തിൽ 6 മാസത്തിനുള്ളിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റും അപേക്ഷയും ഹാജരാകണം.

# 4. State Disaster Response Fund (SDRF)

## ലക്ഷ്യങ്ങൾ

കാലവർഷത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം

## ഗുണഭോക്താവ്

പൊതുജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ സെക്രട്ടറി

## ഫണ്ടിംഗ്

ഫണ്ട് അലോട്ട്മെന്റ് - സർക്കാർ ജില്ലാ കളക്ടർക്ക് നൽകുന്നു. ജില്ലാ കളക്ടർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അലോട്ട്മെന്റ് നൽകുന്നു.

## പ്രവർത്തനങ്ങൾ

പദ്ധതിക്കുള്ള ഭരണാനുമതി സർക്കാർ ജില്ലാ കളക്ടർമാർക്ക് നൽകുന്നു. ജില്ലാ കളക്ടർ നിർവ്വഹണാനുമതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുന്നു.

## സംഘാടനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുവദിക്കുന്ന പ്രവൃത്തി സാങ്കേതിക വിഭാഗം ജീവനക്കാരുടെ പങ്കാളിത്തത്തോടെ നിർവ്വഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതുമരാമത്ത് ചട്ടങ്ങൾ അനുസരിച്ചുള്ള കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നു.

## വകുപ്പിന്റെ പങ്ക്/നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

നിർവ്വഹണ ഉദ്യോഗസ്ഥനായ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അനുവദിച്ച പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

റവന്യു വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് പദ്ധതി നിർവ്വഹിക്കുന്നത്. പ്രവൃത്തികൾ ഗ്രാമസഭയുടെ അവലോകനത്തിന് വിധേയമാക്കണം. മോണിറ്ററിംഗ് കമ്മിറ്റി യഥാസമയം ഇടപെടലുകൾ നടത്തേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് പ്രവൃത്തികളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്രകൃതിക്ഷോഭം മൂലം കേടുപാട് സംഭവിച്ച റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപണികൾക്കും പുന:സ്ഥാപനത്തിനും മാത്രമായി അനുവദിച്ച പദ്ധതി തുകയിൽ നിന്ന് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

## 5. സർക്കസ് പെൻഷൻ

### ലക്ഷ്യങ്ങൾ

സർക്കസ് കലാകാരൻമാരുടെ ഉന്നമനത്തിനായി

### ഗുണഭോക്താവ്

സർക്കസ് കലാകാരൻമാർ

### സ്കീമിന്റെ നിർവ്വഹണം

കായിക യുവജനകാര്യവകുപ്പ് വഴി അനുവദിക്കുന്ന പെൻഷൻ ജില്ലാകളക്ടർക്ക് നൽകി തഹസിൽദാർ വഴി വിതരണം ചെയ്യുന്നു.

## 6. സ്വാതന്ത്ര്യ സമര പെൻഷൻ

### ലക്ഷ്യങ്ങൾ

സ്വതന്ത്ര്യ സമര സേനാനികൾക്കുള്ള സാമ്പത്തിക സഹായം

### ഗുണഭോക്താവ്

സ്വാതന്ത്ര്യ സമര സേനാനികൾക്ക്

### സ്കീമിന്റെ നിർവ്വഹണം

സർക്കാർ നേരിട്ട് അനുവദിക്കുന്നു.

## 7. അവശകലാകാരൻമാർക്കുള്ള പെൻഷൻ

### ലക്ഷ്യങ്ങൾ

കലാകാരൻമാർക്ക് സാമ്പത്തിക സഹായം നൽകുക

### ഗുണഭോക്താവ്

കലയുമായി ബന്ധപ്പെട്ടവർ

### സ്കീമിന്റെ നിർവ്വഹണം

അവശകലാകാര പെൻഷൻ സാംസ്ക്കാരിക വകുപ്പ് നേരിട്ടാണ് കൊടുക്കുന്നത്.

## 8. ദേശീയ കുടുംബക്ഷേമ പദ്ധതി

### ലക്ഷ്യങ്ങൾ

കുടുംബത്തിലെ മുഖ്യ അന്നദാതാവ് മരണപ്പെട്ടാൽ നിർദ്ധനരായ കുടുംബത്തിന് 20,000/- രൂപ നൽകി കുടുംബത്തിന് താൽക്കാലിക ആശ്വാസം നൽകുന്നു.

### ഗുണഭോക്താവ്

മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാവാത്ത മക്കൾ, വിവാഹിതരാകാത്ത പെൺമക്കൾ, പരേതനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന മാതാപിതാക്കൾ

### സ്കീമിന്റെ നിർവ്വഹണം

സാമൂഹ്യക്ഷേമവകുപ്പ്, ജില്ലാ കളക്ടർ, തഹസിൽദാർ

### ഫണ്ടിംഗ്

കേന്ദ്ര ഗവൺമെന്റ് സാമൂഹ്യക്ഷേമ വകുപ്പ് വഴി ലഭിക്കുന്ന ഫണ്ട് ജില്ലാ കളക്ടർ താലൂക്ക് തഹസിൽദാർമാർക്ക് നൽകിവരുന്നു.

### പ്രവർത്തനങ്ങൾ

താലൂക്കുകളിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജാഫീസർമാർ മുഖാന്തിരം അന്വേഷണം നടത്തി അർഹതപ്പെട്ടവർക്ക് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നു.

### സംഘാടനം

പഞ്ചായത്ത് മെമ്പർമാർ, അംഗൻവാടി വർക്കേഴ്സ്, സന്നദ്ധ സേവാ സംഘടനകൾ

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

ഈ പദ്ധതി സംബന്ധിച്ച വിവരം ജനങ്ങൾക്ക് നൽകുന്നു. അർഹതപ്പെട്ടവർക്ക് ധനസഹായം നൽകുക. ഗ്രാമസഭ വഴി അവബോധം നൽകുക.

### വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

അപേക്ഷകരുടെ നിജസ്ഥിതി അറിഞ്ഞ് അർഹരായവരെ തെരഞ്ഞെടുത്ത് ധനസഹായം കൈമാറുന്നു.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങിനെ സാധ്യമാക്കാം.

പദ്ധതിരേഖയിൽ ആനുകൂല്യം ലഭിച്ചവരെക്കുറിച്ച് പ്രതിപാദിക്കാം. ഗ്രാമസഭകളിൽ അവലോകനം നടത്താം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഉദ്യോഗസ്ഥ മേധാവികൾ ഉത്തരവാദിത്തത്തോടെയും സത്യസന്ധമായും കാലതാമസം കൂടാതെ നടപടികൾ എടുക്കണം.

## 9. വാർദ്ധക്യകാല പെൻഷൻ

### ലക്ഷ്യങ്ങൾ

ബി.പി.എൽ വിഭാഗത്തിൽപെട്ട 65 വയസ്സ് തികഞ്ഞ നിർദ്ധനരായ കുടുംബത്തിലെ അംഗങ്ങൾക്ക് ധനസഹായം നൽകുക

### ഗുണഭോക്താവ്

കുടുംബവരുമാനം 3,00,000 കവിയാത്തവർ. 65 വയസ്സ് തികഞ്ഞവർ

### സ്കീമിന്റെ നിർവ്വഹണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്ത്, നഗരസഭകൾ)

### ഫണ്ടിംഗ്

സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും കൂടിയുള്ള ഫണ്ട് ജില്ല കളക്ടർ മുഖാന്തിരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ അർഹരായ ഗുണ

ഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. പെൻഷൻ തുക 500/ രൂപ, 80 വയസ്സ് തികഞ്ഞവർക്ക് 1100/- രൂപ

## പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വി.ഇ.ഒ മാർ മുഖാന്തിരം അന്വേഷണം നടത്തി അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

1. അപേക്ഷ തദ്ദേശഭരണ സ്ഥാപനത്തിന് നൽകുന്നു.
2. വി.ഇ.ഒ /R1 അന്വേഷണം നടത്തുന്നു.
3. ഗ്രാമസഭ/വാർഡ്സഭ അർഹത പരിശോധിക്കുന്നു.
4. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്നു.
5. പെൻഷൻ അലോട്ട്മെന്റ് ജില്ലാ കളക്ടർ നൽകുന്നു.
6. സെക്രട്ടറി പെൻഷൻ വിതരണം ചെയ്യുന്നു.

## സംഘാടനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പഞ്ചായത്ത് മെമ്പർമാർ, ഗ്രാമസഭ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

അർഹരായവരെ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്നു.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ പങ്ക്

അർഹരായവർക്ക് പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങിനെ സാധ്യമാക്കാം

നോൺപ്ലാൻ ഫണ്ട്

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഉത്തരവാദിത്വത്തോടെയും സത്യസന്ധമായും കാലതാമസം കൂടാതെ നടപടി എടുത്ത് ധനസഹായം നൽകണം.

# XXXV.
# കായിക യുവജന കാര്യ വകുപ്പ്



## 1. പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ

### ആമുഖം

എൽ.പി., യു.പി.സ്കൂൾ തലത്തിലെ മുഴുവൻ കുട്ടികളേയും ആകർഷകവും ലാളിതവുമായ വിനോദങ്ങളിലേർപ്പെടുത്തി അവരുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക വിനോദങ്ങളിലുള്ള നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്.

### ലക്ഷ്യങ്ങൾ

എൽ.പി., യു.പി. സ്കൂൾ തലത്തിലെ മുഴുവൻ കുട്ടികളേയും ആകർഷകവും ലാളിതവുമായ വിനോദങ്ങളിലേർപ്പെടുത്തി അവരുടെ കായിക ക്ഷമത വർദ്ധിപ്പിക്കലും

കായിക വിനോദങ്ങളിലുള്ള നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കലും.

### ഗുണഭോക്താക്കൾ

അതാത് വർഷങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്കൂളുകൾക്ക് സ്കീം അനുവദിക്കുന്നതായിരിക്കും. അപേക്ഷാ കത്ത് വകുപ്പ് മേധാവിക്കോ വകുപ്പ് മന്ത്രിക്കോ നൽകിയാൽ മതിയാകും.

### ഫണ്ട്

നേരിട്ട് ഗുണഭോക്താക്കൾക്ക് ഫണ്ടൊന്നും നൽകുന്നതല്ല.

**നിർവ്വഹണ സ്ഥാപനം**: കായിക യുവജനകാര്യാലയം

### പ്രവർത്തനങ്ങൾ

കായിക യുവജനകാര്യ വകുപ്പ് സ്കീം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അതാത് വർഷങ്ങളിൽ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ട്രാവൻകൂർ റോയൽ യൂത്ത് സ്പോർട്സ് ഫൗണ്ടേഷൻ മുഖാന്തിരം ഏർപ്പെടുത്തിയിട്ടുള്ള ട്രെയിനിംഗ് ലഭിച്ച പരിശീലകർ തിരഞ്ഞെടുക്ക പ്പെടുന്ന സ്കൂളുകളിൽ ക്ലാസ്സുകൾക്ക് ആവശ്യമായ നേതൃത്വം നൽകുന്നു. ട്രാവൻകൂർ റോയൽ യൂത്ത് സ്പോർട്സ് ഫൗണ്ടേഷൻ, കായിക യുവജനകാര്യ വകുപ്പ് എന്നിവർ സംയുക്തമായി മോണിറ്ററിംഗ് നടത്തുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന് ബന്ധപ്പെട്ട മേഖലകളിലെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനും കൂടുതൽ പേരെ ഈ സ്കീമിലേക്ക് സന്നദ്ധരാക്കുവാനും ഉൾക്കൊള്ളിക്കുവാനും സാധിക്കും. പി.ടി.എ, ഗ്രാമസഭ എന്നിവ വഴി ഇത് സാധിക്കാവുന്നതാണ്.

### പദ്ധതി സംയോജന സാധ്യതകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് കായിക പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കാം. ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്യിച്ച് സ്കീമിന്റെ പങ്കാളിയാക്കാം.

## 2. സ്വിം എൻ സർവൈവ്

### ആമുഖം

സ്കൂൾ കുട്ടികളെ നിന്തൽ പരിശീലിപ്പിച്ച് ആകസ്മികമായി ഉണ്ടാകുന്ന മുങ്ങി മരണങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്

## ലക്ഷ്യങ്ങൾ

സംസ്ഥാനത്ത് മുങ്ങി മരണങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ മുഴുവൻ സ്കൂൾ കുട്ടികൾക്കും നീന്തൽ രക്ഷാ പരിശീലനം നൽകൽ.

## ഗുണഭോക്താക്കൾ

അതാത് വർഷങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്കൂളുകൾക്ക് സ്കീം അനുവദിക്കപ്പെടും. അപേക്ഷാ വകുപ്പ് മേധാവിക്ക് നൽകിയാൽ മതിയാകും.

## ഫണ്ട്

ഗുണഭോക്താക്കൾക്ക് നേരിട്ട് ഫണ്ടൊന്നും നൽകുകയില്ല..

## പ്രവർത്തനങ്ങൾ

രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റി തയ്യാറാക്കിയ പദ്ധതി പ്രകാരമാണ് സ്കീം നടപ്പിലാക്കുന്നത്. സ്കീം നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നത് സർക്കാരാണ്. രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സാങ്കേതിക വിദഗ്ദരായ പരിശീലകർ, സ്കൂളുകളിൽ സ്ഥാപിക്കുന്ന പോർട്ടബിൾ നീന്തൽ കുളങ്ങളിൽ പരിശീലനം നൽകുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് കായിക യുവജനകാര്യ വകുപ്പ് നേരിട്ട് നിർവ്വഹിക്കുന്നു.

## നിർവ്വഹണ മോണിറ്ററിംഗ് സംവിധാനം

കായിക യുവജനകാര്യ വകുപ്പ് രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. വകുപ്പദ്ധ്യക്ഷൻ മുഖാന്തിരമാണ് ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതും മോണിറ്ററിംഗ് നടത്തുന്നതും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകൽ, പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് സാഹചര്യം ഒരുക്കൽ

## പദ്ധതി സംയോജന സാധ്യതകൾ

ഗുണഭോക്താക്കളാകാൻ ആഗ്രഹിക്കുന്ന സ്കൂളിനു പുറത്തുള്ള കുട്ടികൾ ഉണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനം സ്കൂൾ അധികൃതരുമായി ഇടപെട്ട് പരിശീലനം ലഭ്യമാക്കാൻ സഹായിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രോജകടുകളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

## 3. പ്രചാരണം കരിയർ - ഗൈഡൻസ് പ്രോഗ്രാം

### ആമുഖം

ഹയർ സെക്കണ്ടറി/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രതിരോധ മേഖലയിലും

അർദ്ധ സൈനിക മേഖലയിലും ഉള്ള തൊഴിൽ സാദ്ധ്യതകളെപ്പറ്റിയുള്ള വിവരണം നൽകുന്നു.

### ലക്ഷ്യങ്ങൾ

ഹയർ സെക്കണ്ടറി/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പ്രതിരോധ മേഖലയിലും അർദ്ധ സൈനിക മേഖലയിലും ഉള്ള തൊഴിൽ സാദ്ധ്യതകളെപ്പറ്റിയുള്ള വിവരണം നൽകുന്നതു വഴി യുവതി യുവാക്കൾക്ക് രാജ്യസേവനത്തിന് വേണ്ടി പ്രവർത്തിക്കാനുള്ള അവസരം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

### ഗുണഭോക്താക്കൾ

രാജ്യത്തിന്റെ വിവിധ പ്രതിരോധ മേഖലകളിൽ യുവതീ യുവാക്കൾക്ക് തൊഴിലിനുള്ള അവസരം ലഭിക്കും. പ്രോഗ്രാം സംബന്ധിച്ച വിവരങ്ങളും പങ്കെടുക്കുവാനുള്ള മാനദണ്ഡങ്ങളും മുൻകൂട്ടി ദൃശ്യ പത്ര മാധ്യമങ്ങളിൽ കൂടി പ്രസിദ്ധീകരിക്കുന്നതാണ്. പ്രതിരോധ സേനയിലെ ജോലി നേടുന്നതിന് യോഗ്യതയുള്ളവർക്കാണ് അർഹത.

### ഫണ്ട്

ഇതിനുള്ള ഫണ്ട് കായിക യുവജനകാര്യ വകുപ്പിലെ പദ്ധതി നടത്തിപ്പുമായി ചുമതലപ്പെട്ടതുമായ ഉദ്യോഗസ്ഥന് നൽകുന്നു. പദ്ധതി മുൻകൂട്ടി തയ്യാറാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അഡ്വാൻസ് തുക അനുവദിക്കുന്നത്.

### പ്രവർത്തനങ്ങൾ

ടി പരിപാടി നടത്തുന്നതിനായി ഓരോ ജില്ലയിലും സ്കൂൾ/കോളേജ് തലത്തിൽ അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച് സംസ്ഥാനത്ത് 14 സെന്ററുകളെ തെരഞ്ഞെടുത്താണ് പദ്ധതി തയ്യാറാക്കുന്നത്.

### നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ

സൈനിക ക്ഷേമ വകുപ്പുമായി സഹകരിച്ച് കായിക യുവജനകാര്യ വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളെ തൊഴിൽ നേടുന്നതിന് സഹായകരമായ ഈ പ്രോഗ്രാമിന്റെ ഗുണഭോക്താവാക്കി നൽകുന്നതിന് ഇടപെടാൻ കഴിയും. ഗ്രാമസഭ വഴി സ്കീമി നെക്കുറിച്ച് അവബോധം നൽകാം.

### പദ്ധതി സംയോജന സാധ്യതകൾ

ഗ്രാമ സഭകളിൽ ടി പരിപാടി സംബന്ധിച്ച് അറിവ് നൽകി യഥാർത്ഥ യോഗ്യരായ ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്യിച്ച് സ്കീമിന്റെ പങ്കാളിയാക്കാം.

## 4. പ്രചാരണം- ക്ലബ്ബുകൾക്കും/ സ്കൂളുകൾക്കും ധനസഹായം (കായിക ഉപകരണങ്ങൾ വാങ്ങുന്നതിന്)

### ആമുഖം

കായിക രംഗം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ഈ വകുപ്പിന്റെ പബ്ലിസിറ്റി. ശീർഷകത്തിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്നു.

### ലക്ഷ്യങ്ങൾ

കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്ലബ്ബുകൾക്കും/ സ്കൂളുകൾക്കും സാമ്പത്തിക സഹായം അനുവദിക്കൾ

### ഗുണഭോക്താക്കൾ

ക്ലബ്ബുകൾ/സ്കൂളുകൾ എന്നിവക്ക് സ്കീമിന്റെ ഗുണം ലഭിക്കും. കായിക രംഗത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് /സ്കൂളുകൾക്ക് കൂടുതൽ മുൻഗണന നല്കുന്നതാണ്. അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നല്കിയാൽ മതി.

### ഫണ്ട്

കായിക യുവജനകാര്യ വകുപ്പ്, കായിക രംഗം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക്/സ്കൂളുകൾക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണയായി ധനസഹായം അനുവദിക്കുന്നു.

### നിർവ്വഹണ സ്ഥാപനം

കായിക യുവജനകാര്യ വകുപ്പ് നടപ്പിലാക്കുന്നു. കായിക യുവജനകാര്യ ഡയറക്ടർ ആണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

### പ്രവർത്തനങ്ങൾ

അതത് വർഷം നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് സർക്കാർ അനുമതിയോടെ ക്ലബ്ബുകൾക്ക് / സ്കൂളുകൾക്ക് കായിക വകുപ്പ് ഗ്രാന്റ് അനുവദിക്കുന്നു. ഇത് മോണിറ്ററിംഗ് ചെയ്യുന്നത് കായിക യുവജനകാര്യ വകുപ്പ് നേരിട്ടാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണസ്ഥാപനത്തിന്റെ ഇടപെടൽ ഇപ്പോൾ ഇല്ല.എന്നാൽ അർഹതപ്പെട്ട സ്കൂളുകൾ /ക്ലബ്ബുകൾ എന്നിവയെ കണ്ടെത്തി ആവശ്യമായസഹകരണം ഉറപ്പു നല്കാവുന്നതാണ്.

### പദ്ധതി സംയോജന സാധ്യതകൾ

കായിക രംഗത്ത് പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലെ സ്കൂൾ/ ക്ലബ്ബുകളിലെ കുട്ടികൾക്ക് അവരുടെ കായികരംഗം മെച്ചപ്പെടുത്തുന്നതിനു വേണ്ടി മെച്ചപ്പെട്ട കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ടി സ്കൂളുകൾ/ക്ലബ്ബുകളെ തെരഞ്ഞെടുത്ത് വകുപ്പിനെ അറിയിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് പദ്ധതിയുമായി ഏകോപനം സാധ്യമാണ്. ഗ്രാമസഭ വഴി അവബോധം നൽകാം. തദ്ദേശഭരണ സ്ഥാപനത്തിന്റെ കായിക വികസന പദ്ധതിയുമായി ഇതിനെ ഏകോ പിപ്പിക്കാം.

## 5. പ്രചാരണം - കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം.

### ആമുഖം

കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് വിവിധ ക്ലബ്ബുകൾക്കും കായിക സംഘടനകൾക്കും ഈ വകുപ്പിന്റെ പബ്ലിസിറ്റി ശീർഷകത്തിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്നു.

### ലക്ഷ്യങ്ങൾ

കായിക രംഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്ന സംഘടനകൾക്ക് സാമ്പത്തിക സഹായം.

### ഗുണഭോക്താവ്

കായിക സംഘടനയുമായി പ്രവർത്തിക്കുന്ന എല്ലാ കായിക താരങ്ങളും. സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അപേക്ഷകരെ

തെരഞ്ഞെടുക്കുന്നത്. കായികം/സാമ്പത്തികമായി പിന്നോക്കം നില്കുന്ന മേഖലയിലെ സംഘടയ്ക്ക് കൂടുതൽ മുൻഗണന നല്കുന്നതാണ്. മുൻകാലങ്ങളിലെ നേട്ടങ്ങൾ കണക്കിലെടുത്ത് അപേക്ഷകരെ തെരഞ്ഞെടുക്കുന്നു. അപേക്ഷ വകുപ്പ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

### ഫണ്ട്

കായിക യുവജനകാര്യ വകുപ്പ്, കായിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സംഘടനകൾക്ക്, സർക്കാരിൽ നിന്നും ലഭിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണയായി അനുവദിക്കുന്നു.

### നിർവ്വഹണ സ്ഥാപനം

കായിക യുവജനകാര്യ വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നു.

### പ്രവർത്തനങ്ങൾ

അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടെ അതാത് സംഘടനകൾക്ക് കായിക വകുപ്പ് ഗ്രാന്റ് അനുവദിക്കുന്നു. ഇത് മോണിറ്ററിംഗ് നടത്തുന്നത് കായിക യുവജനകാര്യ വകുപ്പ് നേരിട്ടാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അർഹതപ്പെട്ട കായിക സംഘനടകളെ കണ്ടെത്തി ആവശ്യമായ സഹാകരണം ഉറപ്പു നല്കാവുന്നതാണ്. കായിക സംഘടനകൾക്ക് പുറത്തുള്ള അംഗങ്ങൾക്കും താല്പര്യമുള്ള പക്ഷം കായിക പരിശീലനം നല്കുന്ന സംഘടനയുമായി ബന്ധപ്പെട്ട് കായിക പരിശീലനം ലഭ്യമാക്കാവുന്നതാണ്. ഇതിനുവേണ്ടി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സംഘടനകളെ തെരഞ്ഞെടുത്ത് നിർദ്ദേശിക്കാവുന്നതാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് കായിക പ്രോജക്ടുകളുമായി ഇതിനെ ഏകോ പിപ്പിക്കാം.

## 6. പ്രചാരണം – കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം

### ആമുഖം

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന/പങ്കെടുത്ത് വിജയിക്കുന്ന വ്യക്തി കൾക്ക് ഈ വകുപ്പിന്റെ പബ്ലിസിറ്റി ശീർഷകത്തിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്നു.

## ലക്ഷ്യങ്ങൾ

കായിക മത്സരങ്ങളിൾ പങ്കെടക്കുന്ന/പങ്കെടുത്ത് വിജയിച്ച കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം.

## ഗുണഭോക്താക്കൾ

ദേശീയ അന്തർദേശീയ മത്സരത്തിൽ പങ്കെടുത്ത് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായിക താരങ്ങൾക്ക് ടി ടൂർണമെന്റിൽ പങ്കെടുക്കുന്നതിനുള്ള യാത്രായ്ക്കുള്ള ചെലവ് സാമ്പത്തിക സഹായമായി അനുവദിക്കുന്നു. അപേക്ഷ വകുപ്പ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

## ഫണ്ട്

കായിക യുവജനകാര്യ വകുപ്പ്, ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന/പങ്കെടുത്ത് വിജയിക്കുന്ന വ്യക്തികളുടെ അപേക്ഷകൾ സർക്കാരിലേക്ക് ശുപാർശ ചെയ്ത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചുവരുന്നു.

## നിർവ്വഹണ സ്ഥാപനം

കായിക യുവജനകാര്യ വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നു.

## പ്രവർത്തനങ്ങൾ

അപേക്ഷകൾ/സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി, സർക്കാർ അനുമതിയോടെ അതാത് വ്യക്തികൾക്ക് കായിക വകുപ്പ് ധനസഹായം അനുവദിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കായിക താരങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം ഉറപ്പു നല്കാവുന്നതാണ്. ഇതിനുവേണ്ടി തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ പങ്കെടുക്കുന്നതിന് വേണ്ടി സാമ്പത്തികമായി പിന്നോക്കം നില്കുന്ന കായികതാരങ്ങകള കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിനുവേണ്ടി പങ്കാളിയാകാം. ഗ്രാമസഭ / വാർഡ് സഭ വഴി അവബോധം നൽകാം.

## പദ്ധതി സംയോജന സാധ്യതകൾ

കായിക മേഖലയിൽ സജീവമായി പ്രവർത്തിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായിക പ്രതിഭകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശ ഭരണ വിഹിതം സംയോജിപ്പിക്കാവുന്നതാണ്.

# 7. കമ്മ്യൂണിറ്റി സ്പോർട്സ്

## ആമുഖം

സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടേയും കായിക ക്ഷമത ഉറപ്പുവരുത്തുന്നതിനു വേണ്ടി ഉദ്ദേശിച്ചുള്ള പദ്ധതി.

## ലക്ഷ്യങ്ങൾ

ജനങ്ങളുടെ ആരോഗ്യ പരിപാലത്തിനായുള്ള കളികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഗുണഭോക്താക്കൾ

ജനങ്ങളുടെ മുഴുവൻ പങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് അവർ താമസിക്കുന്ന ഇടങ്ങളിൽ തന്നെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കളിസ്ഥലങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതാണ്. ഇതിനുവേണ്ട അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നൽകിയാൽ മതി.

## ഫണ്ട്

ഗുണഭോക്താക്കൾക്ക് ഫണ്ട് നേരിട്ട് നൽകുന്നില്ല.

## നിർവ്വഹണ സ്ഥാപനം

കായിക യുവജനകാര്യ വകുപ്പ് ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

ടി പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതി നൽകുന്നത് സർക്കാരാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വകുപ്പ് അദ്ധ്യക്ഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

## സംഘാടനാ സംവിധാനങ്ങൾ

കായിക യുവജനകാര്യ വകുപ്പും ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റും ചേർന്ന് നടപ്പിലാക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്താക്കളെ ഗ്രാമസഭ / വാർഡ് സഭ വഴി കണ്ടെത്തി നൽകാം. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള അർഹതയുള്ള

റസി.അസോസിയേഷൻ, സ്കൂൾ, ക്ലബ്ബ്, സാംസ്കാരിക സ്ഥാപനം എന്നിവയെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് ഇടപെടാം.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് കായിക പ്രോജക്ടുകളുമായി ഇതിനെ സംയോജിപ്പിക്കാം. വിടവുകൾ നികത്താം.

## 8. മെയിന്റനൻസ് ഓഫ് പ്ലേ ഫീൽഡ്.

### ആമുഖം

കായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

### ലക്ഷ്യങ്ങൾ

സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള പരിശീലനവും കളികളും ഉറപ്പുവരുത്തുന്ന തിനായി താഴെ പറയുന്ന കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ.

1. നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം.
2. സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ജംപ് പിറ്റുകൾ.
3. 4 വരിയുള്ള സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം.
4. സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജമ്പ് പിറ്റ്.
5. കബഡി കളിക്കളം.
6. ഫുട്ബോൾ (സിന്തറ്റിക് ഫുടുബോൾ)
7. സിന്തറ്റിക് ടർഫ് നിർമ്മാണം.

### ഗുണഭോക്താവ്

സർക്കാർ സ്കൂൾ/കോളേജ്/പഞ്ചായത്ത്/എയ്ഡഡ്/അൺ എയ്ഡഡ്/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സർവ്വകലാശാലകൾ/രജിസ്ട്രേഡ് സൊസൈറ്റികൾ സ്വന്തമായി കളിസ്ഥലം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെങ്കിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നൽകിയാൽ മതി.

### ഫണ്ട്

ഗുണഭോക്താക്കൾക്ക് ഫണ്ട് നേരിട്ട് അനുവദിക്കുന്നതല്ല. സ്വന്തമായി സ്ഥലമുള്ള സ്കൂൾ/പഞ്ചായത്ത്/സംഘടനകൾ/കോളേജ് എന്നിവയിൽ നിന്ന് ലഭിക്കുന്ന

അപേക്ഷകൾ സ്ഥലം പരിശോധിച്ച് ആവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് അനുവദിച്ച് അനുയോജ്യമായ കളിസ്ഥലങ്ങൾ നിർമ്മിച്ച് നൽകുന്നു.

### നിർവ്വഹണ സ്ഥാപനം

കായിക യുവജനകാര്യ വകുപ്പ് ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു.

### പ്രവർത്തനങ്ങൾ

അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള സ്ഥലം തെരഞ്ഞെടുക്കുന്ന സ്ഥലം പരിശോധിച്ച് അനുയോജ്യമെന്ന് തീർച്ചപ്പെടുതതുന്നു, സാങ്കേതിക വിദഗ്ധരുടെ മേൽ നോട്ടത്തിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.

### സംഘാടനാ സംവിധാനങ്ങൾ

കായിക യുവജനകാര്യ വകുപ്പും ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റും ചേർന്ന് നടപ്പിലാക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സമാന സ്ഥലങ്ങൾ കണ്ടുപിടിച്ച് സ്കീം നടപ്പിലാക്കുന്നതിന് വേണ്ടി ഇടപെടലുകൾ നടത്താം. ഗ്രാമസഭ വഴി അറിവ് നൽകാം. കളിസ്ഥലങ്ങളിൽ തദ്ദേശ വാസികാളായ കായിക താരങ്ങൾക്ക് ടി കളിസ്ഥലത്ത് പരിശീലനം ലഭിക്കുന്നതിന് വേണ്ടി ആഗ്രഹിക്കുന്നുവെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അധികൃതരുമായി ഇടപെട്ട് പരിശീലനം ലഭ്യമാക്കുവാൻ സഹായിക്കാവുന്നതാണ്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ കായിക പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാം.

## 9. വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം.

### ആമുഖം

സംസ്ഥാനത്തെ നിലവിലുള്ള കളിസ്ഥലങ്ങളെ ആധുനിക സിന്തറ്റിക് പ്രതലങ്ങളിൽ വോളീബോൾ, ബാസ്കറ്റ്ബോൾ ടെന്നീസ് തുടങ്ങിയ കായികയിനങ്ങളിൽക്ക് ഉപയോഗിക്കുവാൻ പര്യാപ്തമാക്കി ആധുനികവത്ക്കരിക്കൽ.

## ലക്ഷ്യങ്ങൾ

വോളീബോൾ, ബാസ്കറ്റ്ബോൾ, ടെന്നീസ് മുതലായവയ കളിക്കുന്നതിന് ഉതകുന്ന രീതിയിൽ ലഭ്യമായ സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടെ കളിസ്ഥലങ്ങൾ നിർമ്മിച്ച് കായിക രംഗം മെച്ചപ്പെടുത്തുന്നു.

## ഗുണഭോക്താവ്

അതാത് വർഷങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്കൂളുകൾ/ പഞ്ചായത്തുകൾ എന്നിവയക്ക് ആവശ്യമായ കളിസ്ഥലം നിർമ്മിച്ച് നൽകുന്നു. അപേക്ഷ വകുപ്പ് മേധാവിക്ക് നേരിട്ട് നൽകിയാൽ മതി. എന്നാൽ കളിസ്ഥലം നിർമ്മിക്കുന്നതിന് വേണ്ടി സ്വന്തമായി സ്ഥലം ഉണ്ടായിരിക്കണം.

## ഫണ്ട്

വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ സർക്കാരിന്റെ അംഗീകാരത്തിനും പദ്ധതിയുടെ നടത്തിപ്പിന്റെ ഫണ്ടിനും വേണ്ടി സർക്കാരിലേക്ക് സമർപ്പിച്ച് വകുപ്പ് മേധാവി വഴി ആവശ്യമായ കളിസ്ഥല സൗകര്യം നടപ്പിലാക്കി നൽകുന്നു.

## പ്രവർത്തനങ്ങൾ

സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രകാരം ഇത് നടപ്പിലാക്കുന്നു. ഇതിനുവേണ്ടുന്ന ടെക്നിക്കൽ എക്സ്പെർട്ടിനെ ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിൽ നിന്ന് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നു. ഇത് നടപ്പിലാക്കുന്നതോടെ ഗുണനിലവാരമുളള പരിശീലനവും കളികളും ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് കായിക യുവജനകാര്യ വകുപ്പും അതാത് സ്ഥാപനവും ചേർന്നാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

## സംഘാടനാ സംവിധാനങ്ങൾ

കായിക യുവജനകാര്യ വകുപ്പും ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റും ചേർന്ന് നടപ്പിലാക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്ഥലങ്ങൾ കണ്ടെത്തി ഫണ്ട് ലഭ്യമാക്കുന്നതിന് സഹായം നൽകാം. ഗ്രാമസഭ കൾ/ വാർഡ് സഭകൾ വഴി അറിവ് നൽകാം. അർഹതപ്പെട്ട ഗുണഭോക്തൃ സ്ഥാപനങ്ങളായ സ്കൂളുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിനസഹായിക്കാം.

### പദ്ധതി സംയോജന സാധ്യതകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ കായിക പ്രോജകടുകളുമായി ഇതിനെ ഏകോപി പ്പിക്കാവുന്നതാണ്.

## 10. അവശതയനുഭവിക്കുന്ന സർക്കസ്സ് കലാകാരന്മാർക്ക് പെൻഷൻ നൽകുന്ന പദ്ധതി.

### ആമുഖം

കേരളീയരായ സർക്കസ്സ് കലാകാരന്മാർക്കും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ള അന്യസംസ്ഥാന സർക്കസ്സ് കലാകാരന്മാർക്കും പെൻഷൻ നൽകുന്ന പദ്ധതി.

### ലക്ഷ്യങ്ങൾ

കേരളീയരായ സർക്കസ്സ് കലാകാരന്മാർക്കും കേരളത്തിൽ സ്ഥിരതാമസമാക്കിയി ട്ടുള്ള അന്യസംസ്ഥാന സർക്കസ്സ് കലാകാരന്മാർ എന്നിവർക്ക് ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന് അർഹതയുള്ളൂ.

### ഗുണഭോക്താവ്

കുറഞ്ഞത് 15 വർഷമെങ്കിലും ഒരു സർക്കസ്സ് കമ്പനിയിൽ സർക്കസ്സിൽ പ്രകടനത്തിൽ പങ്കെടുത്തുവർ ആയിരിക്കണം ഇതിന് അപേക്ഷിക്കേണ്ടത്. എന്നാൽ പ്രകടനത്തിനിടയിൽ അപകടത്തെ തുടർന്ന് അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് ഇത് ബാധകമല്ല.

### ഫണ്ട്

പബ്ലിക് റിലേഷൻസ് വകുപ്പുവഴി അവശതയനുഭവിക്കുന്ന സർക്കസ്സ് കലാകാരന്മാർക്കുള്ള പെൻഷൻ ചട്ടങ്ങൾ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരി ശോധിച്ച് ബില്ലുകൾ പാസ്സാക്കി അതാത് ജില്ലാ കളക്ടർമാർ തുക അപേക്ഷകർക്ക് മണിയോഡർ ആയി അയച്ചു കൊടുക്കുന്നു.

### പ്രവർത്തനങ്ങൾ

45 വയസ്സിൽ കൂടുതൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്കും മറ്റു വരുമാന മാർഗ്ഗങ്ങളിൽ നിന്നും പ്രതിമാസം 3000/- രൂപയിൽ കവിയാത്ത പക്ഷം ഈ ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

### സംഘാടനാ സംവിധാനങ്ങൾ

പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അപേക്ഷ ഫോറത്തിൽ ധനസഹായത്തിനുള്ള അപേക്ഷകൾ തഹസീൽദാർമാർ മുഖേന ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർമാർ ശുപാർശ ചെയ്ത അപേക്ഷകൾ കായിക യുവജനകാര്യാലയത്തിൽ നിന്നും ശുപാർശ ചെയ്ത് സർക്കാരിലേക്ക് അയച്ചുകൊടുക്കുകയും സർക്കാർ അപേക്ഷകൾ പരിഗണിക്കുകയും പരിഗണിക്കുന്ന അപേക്ഷകൾ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യും. അപേക്ഷകൻ പെൻഷന് അർഹതയുണ്ടോ എന്ന് തഹസീൽദാർ അന്വേഷണം നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പെൻഷൻ തുക വിതരണം നടത്തി വരുന്നു.

### പദ്ധതി സംയോജന സാധ്യതകൾ

അർഹതയുള്ളവരെ ഗ്രാമസഭ/വാർഡ് സഭ വഴി കണ്ടെത്തി പെൻഷൻ അപേക്ഷ നൽകിയെന്ന് ഉറപ്പു വരുത്തുക.

## 11. സിവിൽ സർവ്വീസ് മത്സരം.

### ആമുഖം

കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാരുടെ കായികപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.

### ലക്ഷ്യങ്ങൾ

സർക്കാർ ജീവനക്കാരുടെ കായികക്ഷമത വർദ്ധിപ്പിക്കുക, സ്പോർട്സ് പ്രോത്സാഹിപ്പിക്കുക

### ഗുണഭോക്താവ്

സർക്കാർ ജീവനക്കാർ

### ഫണ്ട്

വിജയികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.

### പ്രവർത്തനങ്ങൾ

എല്ലാ വർഷവും ജൂൺ ജൂലൈ മാസങ്ങളിൽ ജില്ലാതല മത്സരങ്ങളും സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനതല മത്സരങ്ങളും നടത്തുന്നു. കൂടാതെ ഈ വകുപ്പ് നേരിട്ട് അഖിലേന്ത്യാ സിവിൽ സർവ്വീസ് മത്സരങ്ങളിൽ ഒന്നോ രണ്ടോ ഇനങ്ങൾ ഏറ്റെടുത്ത് നടത്താറുണ്ട്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജില്ലാതല മത്സരങ്ങൾ നടത്തിപ്പിൽ സഹായിക്കാവുന്നതാണ്. കൂടാതെ ഗുണഭോക്താക്കളെ കണ്ടെത്തി സ്കീമിൽ ചേർക്കുന്നതിന് ഇടപെടലുകൾ നടത്താവുന്നതാണ്.

## 12. രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ.

### ആമുഖം

കായിക യുവജനകാര്യാലയത്തിന്റെ കീഴിൽ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നതിനായി 1992 മുതൽ പ്രവർത്തിച്ചുവരുന്നു.

### ലക്ഷ്യങ്ങൾ

കായിക താരങ്ങൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നതിനു പുറമേ അവരുടെ ആരോഗ്യ പരിപാലനത്തെ വിലയിരുത്തുന്ന ഒരു സ്ഥിരം ഗവേഷണ കേന്ദ്രമാക്കി സ്ഥാപനത്തെ വളർത്തുന്നതിനായി ലക്ഷ്യമിടുന്നു. എല്ലാ ജില്ലകളിലും ജില്ലാ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കുന്നതിനും പൊതു ജനങ്ങളുടെ ഇടയിലേക്ക് ഈ ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം എത്തിക്കാനും ലക്ഷ്യമിടുന്നു.

### ഗുണഭോക്താവ്

കായികതാരങ്ങൾക്ക് പുറമേ പൊതുജനങ്ങളെകൂടി ഗുണഭോക്താക്കളായി പരിഗണിക്കുന്നു.

### ഫണ്ട്

ഗുണഭോക്താക്കൾക്ക് ഫണ്ട് നേരിട്ട് അനുവദിക്കുന്നതല്ല.

## പ്രവർത്തനങ്ങൾ

നൂതന ശാസ്ത്ര സാങ്കേതിക വിദ്യയുടേയും ഉപകരണങ്ങളുടെയും സഹായത്തോടെ കായിക മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നു. കായിക താരങ്ങൾക്ക് പുറമേ പൊതു ജനങ്ങൾക്കുകൂടി ഈ സെന്ററിന്റെ കീഴിൽ വൈദ്യസഹായം എത്തിക്കുവാൻ ശ്രമിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന് പൊതുജനങ്ങളിൽ മെഡിസിൻ സെന്ററിന്റേയും അതിന്റെ പ്രവർത്തനങ്ങളേയും കുറിച്ച് അവബോധം സൃഷ്ടിക്കുവാനും കൂടുതൽ ജനങ്ങളിലേക്ക് സേവനം എത്തിക്കുവാനും സാധിക്കും. ഗ്രാമസഭ വഴി അവബോധം നൽകുക.

## പദ്ധതി സംയോജന സാധ്യതകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് കായിക പ്രേജക്ടുകളുമായി ഇതിനെ സംയോജിപ്പിക്കാം.

# XXXVI.
# പോലീസ് വകുപ്പ്



## 1. സ്റ്റുഡന്റ് പോലീസ് കേഡറ്റ്

### ആമുഖം

പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയുമുള്ള ഒരു യുവജനതയെ വാർത്തെടുക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്.

### ലക്ഷ്യങ്ങൾ

നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ വളർത്തുക, വിദ്യാർത്ഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം അന്വേഷണത്വര, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ വളർത്തുക, സാമൂഹ്യ തിൻമകളായ തീവ്രവാദം, വിഘടനവാദം വർഗ്ഗീയത, ജാതീയത, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കുവാനും പ്രവർത്തിക്കുവാനും വിദ്യാർത്ഥികളെ സജ്ജരാക്കുക, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തികളിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക, വിദ്യാർത്ഥികളിൽ പ്രകൃതി

സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക, സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക, സ്വഭാവ ശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തി പിടിക്കുന്നതിലും സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിയ്ക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക എന്നിവ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

## ഗുണഭോക്താക്കൾ

പൊതുജനങ്ങൾ

## നിർവ്വഹണം

പരീക്ഷകളിൽ 50% മാർക്ക് നേടിയവരേയും നിശ്ചിത ശാരീരിക ക്ഷമതയുള്ളവരേയും വൈദ്യ പരിശോധനയിൽ അയോഗ്യത കൽപിക്കാത്തവരേയും പ്രധാനാദ്ധ്യാപകന്റെ സർട്ടിഫിക്കറ്റും രക്ഷിതാവിന്റെ സമ്മതപത്രവും ഉള്ളവരെയുമാണ്. എസ്.പി.സി യിലേക്ക് പരിഗണിക്കുന്നത്.

ആഭ്യന്തര/വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

## പ്രവർത്തനം

എസ്.പി.സി യിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ട്രെയിനിംഗ് നൽകുന്നതിനു വേണ്ടി അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും (CPO) മറ്റൊരാൾ അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പ്രവർത്തിക്കുന്നു. (ACPO) തെരഞ്ഞെടുക്കപ്പെടുന്നവരിൽ ഒരാൾ അദ്ധ്യാപിക ആയിരിക്കും. പരിശീലനത്തിൽ ഇവരെ സഹായിക്കുന്നതിന് പോലീസ് സേനയിൽ നിന്നുള്ള ഉദ്യോഗസ്ഥർ (സ്കിൽ ഇൻസ്പെക്ടർമാരായി) പ്രവർത്തിച്ചു വരുന്നു. ഇതിന്റെ മേൽനോട്ടം ഇൻസ്പെക്ടർ ഓഫ് പോലീസിനായിരിക്കും.

## ഫണ്ടിംഗ്

പ്ലാൻഫണ്ട്, ആഭ്യന്തരം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മോട്ടോർ വാഹനം, വനം, എക്സൈസ് എന്നീ ഡിപ്പാർട്ട്മെന്റുകൾ അനുവദിച്ച് കിട്ടുന്ന അടങ്കൽ തുകയിൽ നിന്നും

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

നേരിട്ട് പങ്കില്ല-തനത്ഫണ്ടിൽ നിന്നും ആയതിന്റെ പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ അനുവദിച്ച് കൊടുക്കാമെന്ന് കാണിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ട്.

സ്റ്റുഡന്റ് പോലീസ് പ്രവർത്തനത്തെപ്പറ്റി അവബോധം നൽകൽ, സഹായിക്കൽ, ചർച്ച ചെയ്യൽ.

### വകുപ്പിന്റെ പങ്ക്

ലയ്സൺ ഓഫീസർ സ്ഥലം പോലീസ് ഇൻസ്പെക്ടറാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വേണ്ട പ്രവർത്തനം കാഴ്ചവെക്കുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹരായ വിദ്യാർത്ഥികളെ മുഴുവൻ സ്റ്റുഡന്റ് പോലീസിൽ ചേർക്കാൻ ശ്രദ്ധ പതിപ്പിക്കാം.

## 2. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (SPG)

### ആമുഖം

കുട്ടികൾക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനും മരുന്ന് മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനും വേണ്ടി സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതി

### ലക്ഷ്യങ്ങൾ

പൊതുജനങ്ങളിൽ അവബോധം വളർത്തി കുട്ടികളെ തട്ടികൊണ്ടുപോകൽ, മറ്റ് പീഡനങ്ങൾ അക്രമങ്ങൾ എന്നിവയിൽ നിന്നും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു.

### ഗുണഭോക്താക്കൾ

വിദ്യാർത്ഥികൾ

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ട്

### സ്കീമിന്റെ നിർവഹണം

വിദ്യാഭ്യാസ വകുപ്പിന്റെയും പി.ടി.എ യുടേയും സഹകരണത്തോടെ പ്രവർത്തിക്കുന്നു. ബോധവൽക്കരണ പരിപാടികൾ, കൗൺസലിംഗ് തുടങ്ങിയവ നടത്തി അവലോകനയോഗം ചേരുന്നു.

### പ്രവർത്തനം

ബോധവൽക്കരണ ക്ലാസ്സുകൾ, പ്രോഗ്രാമുകൾ, കൗൺസലിംഗ് എന്നിവ നടത്തി അവലോകന യോഗം കൂടി വിലയിരുത്തുന്നു.

### സംഘാടനം

സ്കൂളിലെ അദ്ധ്യാപകർ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പഞ്ചായത്തു മെമ്പർ, സമീപത്തുള്ള കടയുടെ നടത്തിപ്പുകാർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, പോലീസ് തുടങ്ങി വിവിധ തലങ്ങളിൽ ഉള്ളവരുടെ ഒരു സമിതി ഏകോപിച്ച് പ്രവർത്തിക്കുന്നു.

### നിർവ്വഹണ ഉദ്യാഗസ്ഥൻ

സർക്കിൾ ഇൻസ്പെക്ടർ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അവബോധം നൽകുക, പ്രാധാന്യം മനസ്സിലാക്കിപ്പിയ്ക്കുക, സമിതി ഉണ്ടാക്കുന്നതിന് നേതൃത്വം വഹിക്കുക. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായിക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സമിതി പ്രവർത്തനം വിലയിരുത്തുന്നതിന് പോലീസുമായി ചേർന്ന് കൂട്ടായ പ്രവർത്തനം നടത്തണം.

## 3. വിക്റ്റിം സപ്പോർട്ട് സ്കീം

### ആമുഖം

വിക്റ്റിം സപ്പോർട്ട് സ്കീം വിവിധ തരത്തിലുള്ള കേസുകളിൽ ഇരകളായവർക്ക്ടിയാൻ അനുഭവിച്ച മാനസിക ബുദ്ധിമുട്ടുകൾ, ചികിത്സാ ചിലവ്, യാത്ര ചെലവ് എന്നീ ഇനങ്ങളിൽ ഒരു താങ്ങാവുന്നതിനായി സമൂഹത്തിലെ അവശ വിഭാഗങ്ങൾക്കായി കൊടുക്കുന്ന ഒരു സാമ്പത്തിക സഹായ പദ്ധതി

### ലക്ഷ്യങ്ങൾ

സമൂഹത്തിലെ അവശ വിഭാഗത്തിൽപെട്ടവർക്കും, സ്തീകൾക്കും, എസ്.സി, എസ്.ടി വിഭാഗക്കാർക്കും ഏതെങ്കിലും കേസുകളിൽ ഉൾപെട്ടിട്ടുള്ളവർക്ക് ചെറിയ രീതിയിലുള്ള സാമ്പത്തിക സഹായം നൽകുക

## ഗുണഭോക്താക്കൾ

സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗം പ്രത്യേകിച്ച് സ്ത്രീകൾ

## സ്കീമിന്റെ നിർവ്വഹണം

വിവിധ തരം കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളുടെ പേരു വിവരങ്ങളും, കുറ്റകൃത്യത്തിന്റെ വിവരണവും ഉൾപ്പെടുത്തിയ അപേക്ഷ സർക്കിൾ ഇൻസ്പെക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥർക്ക് അയച്ചുകൊടുക്കുകയും കുറ്റകൃത്യത്തിന്റെ ഗൗരവം അനുസരിച്ച് 500 രൂപയിൽ കുറയാത്ത തുക ഇരകളായവർക്ക് സർക്കിൾ ഇൻസ്പെക്ടർ വഴി വിതരണവും ചെയ്യുന്നു.

## ഫണ്ടിംഗ്

പ്ലാൻഫണ്ട്

## പ്രവർത്തനങ്ങൾ

പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ടാകുന്ന കേസുകളിൽ സ്ത്രീകൾ ഇരകളാകുന്ന കുറ്റകൃത്യങ്ങൾ ഏതെന്ന് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നു.

## സംഘാടനം

സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥൻ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകുക, അർഹരായവരെ കണ്ടുപിടിച്ച് അപേക്ഷിപ്പിക്കുക

## വകുപ്പിന്റെ പങ്ക്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

സർക്കിൾ ഇൻസ്പെക്ടർ സ്ത്രീകൾ ഇരകളായ കേസിന്റെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് മേലുദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കുന്നു. ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് അപേക്ഷകന് നൽകുന്നു.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരാതികൾ യഥാസമയം പരിഹരിക്കുക. സംശയങ്ങൾ ദുരീകരിക്കുക

## 4. സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് (SCHD)

### ആമുഖം

പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന വൃദ്ധ ജനങ്ങളെ സഹായിക്കുന്നതിനും പരാതികൾ കേട്ട് നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം

### ലക്ഷ്യങ്ങൾ

പരാതികളുമായി എത്തുന്ന മുതിർന്ന പൗരൻമാർക്ക് വേണ്ട പരിഗണന നൽകുന്നതിനുവേണ്ടി ഗവൺമെന്റ് രൂപീകരിച്ച പദ്ധതി

### ഗുണഭോക്താക്കൾ

മുതിർന്ന പൗരൻമാർ

### സ്കീമിന്റെ നിർവ്വഹണം

സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന മുതിർന്ന പൗരൻമാരുടെ പേരു വിവരങ്ങൾ പ്രത്യേക രജിസ്ററിൽ രേഖപ്പെടുത്തി ഒപ്പു വെച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.

### ഫണ്ടിംഗ്

പ്ലാൻ ഫണ്ട്

### പ്രവർത്തനം

താമസിപ്പിക്കാതെ കാര്യങ്ങൾ പ്രത്യേക പരിഗണന നൽകി പരിഹരിക്കുക, സത്വര നടപടിയെടുക്കുക, ആയതിനുവേണ്ടി പ്രത്യേക രജിസ്റ്റർ മെയിന്റയിൻ ചെയ്യുക.

### നിർവ്വഹണ ഉദ്യോഗസ്ഥൻ

പോലീസ് സ്റ്റേഷൻ മേധാവി (എസ്.ഐ)

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെകുറിച്ചുള്ള അവബോധം ജനങ്ങൾക്ക് നൽകുക. പ്രവർത്തനം നിരീക്ഷിക്കുക. നിർദ്ദേശങ്ങൾ നൽകുക.

## 5. വുമൺ ഹെൽപ് ഡെസ്ക്

### ആമുഖം

സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന സ്ത്രീകളും കുട്ടികളേയും സഹായിക്കുന്നതിനും പരാതികൾ കേട്ട് നടപടികൾ സ്വീകരിക്കുന്നതിനും

### ലക്ഷ്യങ്ങൾ

സ്ത്രീകളേയും, കുട്ടികളേയും സഹായിക്കുക

### ഗുണഭോക്താക്കൾ

സ്ത്രീകൾ, കുട്ടികൾ

### പ്രവർത്തനം

പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന സ്ത്രീകളേയും, കുട്ടികളേയും സഹായിക്കുക. ഒരു പ്രത്യേക കൗണ്ടറിൽ ഇരുത്തി പൂർണ്ണമായും വനിതാ പോലീസിന്റെ അധീനതയിൽ പരാതികൾ കേട്ട് പേരും വിലാസവും, ഒപ്പും രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർ നടപടികൾക്കുള്ള നിർദ്ദേശം കൊടുക്കുക.

### ഫണ്ടിംഗ്

പ്ലാൻഫണ്ട്

### നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

രജിസ്റ്റർ മെയിന്റെയിൻ ചെയ്യുക. പരാതികളിൻമേൽ എത്രയും പെട്ടെന്ന് നടപടികൾ കൈക്കൊള്ളുക. ഫലം അവരെ യഥാസമയം അറിയിക്കുക

#### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് പൗരൻമാർക്ക് അവബോധം നൽകുക. സ്ത്രീകൾക്കും കുട്ടികൾക്കും സഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇവർക്ക് ടി സഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

## 6. കമ്മ്യൂണിറ്റി പോലീസിംഗ് ഇൻ കോസ്റ്റൽ ഏരിയ

### ആമുഖം

കടലോരം വഴിയുള്ള ആക്രമണങ്ങൾ, വിദ്ധ്വംസക പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനായി മത്സ്യ തൊഴിലാളികളെ മുഖ്യ പങ്കാളികളാക്കിയുള്ള സമിതി

### ലക്ഷ്യങ്ങൾ

തീരദേശം വഴിയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി

### ഗുണഭോക്താക്കൾ

സാമൂഹ്യ സുരക്ഷ, ദേശസുരക്ഷ

### സ്കീമിന്റെ നിർവ്വഹണം

കോസ്റ്റൽ പോലീസ് ഇൻസ്പെക്ടർ കൺവീനറായി സംസ്ഥാന പോലീസും, കോസ്റ്റ് ഗാർഡും ഏകോപിച്ച് മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടുകൂടി കടലോര ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നു.

### ഫണ്ടിംഗ്

പ്ലാൻഫണ്ട്, ഗവൺമെന്റ് കാലാകാലങ്ങളിലുള്ള മറ്റു ഫണ്ട്

### നിർവ്വഹണം

പോലീസ് ഡിപ്പാർട്ട്മെന്റ്

### സംഘാടനം

പോലീസും കോസ്റ്റ് ഗാർഡും മത്സ്യതൊഴിലാളികളെ ചേർത്ത് കടലോര ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നു.

### തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

മത്സ്യത്തൊഴിലാളികൾക്ക് അവബോധം നൽകുക, ഇവരെ ഇതിൽ പങ്കാളികളാക്കുന്നതിന് സഹായിക്കുക. കടലോര ജാഗ്രതാ സമിതിയുടെ പ്രവർത്തനം വിലയിരുത്തി വേണ്ട നിർദ്ദേശം നൽകുക

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ദേശ സുരക്ഷ സംബന്ധിച്ച പ്രത്യേക അവബോധം നൽകൽ

## 7. ജനമൈത്രി സുരക്ഷ പദ്ധതി

### ആമുഖം

ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളാണ് പരമാധികാരികൾ. അതുകൊണ്ടു തന്നെ നിശബ്ദരായ പ്രജകളായി ജനങ്ങളെ കാണുവാൻ ഭരണ കൂടത്തിനോ, ഏതെങ്കിലും വകുപ്പിനോ കഴിയുകയില്ല. എല്ലാ പൗരൻമാർക്കും ശരിയായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ ആർക്കും ആവില്ല. ജനാധിപത്യ സമൂഹത്തിലെ നിയമപരി

പാലനം ജനങ്ങളുടെ സഹായ സഹകരണങ്ങളോടെയാണ് നടപ്പിലാക്കേണ്ടത്. പരമ്പരാഗത പോലീസ് ശൈലിയിൽ നിന്ന് വ്യത്യസ്തമായി കമ്മ്യൂണിറ്റിയുടെ സഹകരണം തേടി ആവശ്യങ്ങൾ അറിഞ്ഞ് സുരക്ഷയുടെ പ്രാധാന്യം മനസ്സിലാക്കി സൗകര്യങ്ങൾ കണക്കിലെടുത്ത് കമ്മ്യൂണിറ്റിയുടെ കാര്യശേഷിയും, വിഭവശേഷിയും പ്രത്യേക പ്രശ്നങ്ങളും അധിഷ്ഠിതമാക്കി പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ക്രമപ്പെടുത്തുന്ന രീതിയാണ് പോലീസ് അഥവാ ജനമൈത്രി പോലീസ് സംവിധാനം

## ലക്ഷ്യങ്ങൾ

കുറ്റകൃത്യങ്ങൾ തടയുകയും, മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം വളർത്തുകയും, സുരക്ഷമേഖലയിൽ ജനങ്ങളുടെ പരസ്പര സഹകരണം ഉണ്ടാക്കുകയും ചെയ്യുക.

## ഗുണഭോക്താക്കൾ

എല്ലാ വിഭാഗത്തിലുംപ്പെട്ട ജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

ജനമൈത്രി പദ്ധതി നടപ്പിലാക്കുന്ന പോലീസ് സ്റ്റേഷനുകളിൽ ഒരു ജനമൈത്രി സമിതി രൂപവൽക്കരിക്കേണ്ടതാണ്. സമിതിയിൽ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർ, പ്രദേശത്ത് മാന്യരും, വിദ്യാഭ്യാസ സാംസ്ക്കാരിക സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും, അദ്ധ്യാപകർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, എക്സ് സർവ്വീസ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് മെമ്പർമാർ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘടനകൾ, തൊഴിലാളികൾ റസിഡൻഷ്യൽ അസോസിയേ,നുകൾ, സ്ത്രീ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ ഭാരവാഹികൾ എന്നിവരേയാണ് സമിതിയിൽ ഉൾപ്പെടുത്തേണ്ടത്. 10 മുതൽ 25 വരെയാണ് സമിതിയുടെ അംഗസംഖ്യ. രണ്ടു വർഷമാണ് കാലാവധി. കൺവീനർ പോലീസ് ഇൻസ്പെക്ടറും, സെക്രട്ടറി സബ്ബ് ഇൻസ്പെക്ടറും. കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ അഡീ. സബ്ബ് ഇൻസ്പെക്ടറും ആയിരിക്കും. സമിതിയോഗം മാസത്തിൽ ഒരു തവണ കൂടാറുണ്ട്. സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ ഒന്നും തന്നെ ഇല്ലാത്തതും, പോലീസിംഗ് സുഗമമായി നടപ്പിലാക്കുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ള ഒരു സമിതിയാണ് ജനമൈത്രി സമിതി.

## ഫണ്ടിംഗ്

പ്ലാൻഫണ്ട്. മറ്റു ഗവൺമെന്റ് കാലാകാലങ്ങളിൽ അനുവദിക്കുന്ന ഫണ്ട്.

## പ്രവർത്തനങ്ങൾ

ജനമൈത്രിയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന ഏരിയകളെ വിവിധ ബീറ്റുകളായി തിരിക്കുന്നു. ഓരോ ബീറ്റിലേക്കും ഒരു പോലീസ് ഉദ്യോഗസ്ഥൻ ബീറ്റ് ഓഫീസറാ യും, ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ അസിസ്റ്റന്റ് ബീറ്റ് ഓഫീസറായും ഉണ്ടാ യിരിക്കും

## സംഘാടനം

സമിതിയിൽ മുതിർന്ന പൗരൻമാർ, സ്ത്രീകൾ, പട്ടികജാതി പട്ടികവർക്ഷത്തിൽപെ ട്ടവർ, പ്രദേശത്ത് മാന്യരും, വിദ്യാഭ്യാസ സാംസ്ക്കാരിക സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും, അദ്ധ്യാപകർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, എക്സ് സർവ്വീസ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് മെമ്പർമാർ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സംഘ ടനകൾ, തൊഴിലാളികൾ, റസിഡൻഷ്യൽ അസോസ്സിയേഷനുകൾ, സ്ത്രീ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവയുടെ ഭാരവാഹികൾ എന്നിവരേയാണ് സമിതി യിൽ ഉൾപ്പെടുത്തേണ്ടത്. 10 മുതൽ 25 വരെയാണ് സമിതിയുടെ അംഗസംഖ്യ. രണ്ടു വർഷമാണ് കാലാവധി. കൺവീനർ പോലീസ് ഇൻസ്പെക്ടറും, സെക്രട്ടറി സബ്ബ് ഇൻസ്പെക്ടറും, കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ അഡീ. സബ്ബ് ഇൻസ്പെ ക്ടറും ആയിരിക്കും.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗ്രാമസഭ വഴി അവബോധം നൽകുക, സമിതി ഉണ്ടാക്കുന്ന തിന് സഹായിക്കുക

## വകുപ്പിന്റെ/നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുക. പഞ്ചായത്തു മെമ്പർമാർ സമിതിയിൽ ചേർന്ന് പ്രവർത്തിക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇതിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുക.

# XXXVII.
# ഭാഗ്യക്കുറി വകുപ്പ്



## 1. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പന ക്കാരുടേയും ക്ഷേമനിധി പദ്ധതി

### ലക്ഷ്യങ്ങൾ

മറ്റ് ഉപജീവനമാർഗ്ഗങ്ങൾ അവലംബിക്കാൻ നിർവ്വാഹമില്ലാത്ത കേരളത്തിലെ ലക്ഷ ക്കണക്കിന് ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും സാമൂഹ്യ സാമ്പ ത്തിക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുക

### ഗുണഭോക്താവ്

പ്രതിമാസം നിശ്ചിത തുകക്കുള്ള ഭാഗ്യക്കുറി ടിക്കറ്റുകൾ വില്പന നടത്തുന്ന ഭാഗ്യക്കുറി ഏജന്റുമാരും വില്പനക്കാരും.

### സ്കീമിന്റെ നിർവ്വഹണം

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമ നിധി ബോർഡ്

## ഫണ്ടിംഗ്

അംഗങ്ങളുടെ പ്രതിമാസ അംശാദായം, കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ആകെ വിറ്റുവരവിന്റെ 1% ക്ഷേമനിധിയിലേക്ക് സർക്കാർ സംഭാവന നൽകുന്നു.

## പ്രവർത്തനങ്ങൾ

സംസ്ഥാന ഭാഗ്യക്കുറി ബോർഡ് വിവിധ പദ്ധതികൾ തയ്യാറാക്കി സർക്കാർ അനുമതിയോടെ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകൾ വഴി നടപ്പിലാക്കുകയും ചെയ്യുന്നു.

## സംഘാടനം

ചെയർമാനുൾപ്പെടെയുള്ള 11 അംഗ ക്ഷേമനിധി ബോർഡ്, ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ട്രേഡ് യൂണിയനുകൾ, ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ ഓഫീസർ, 14 ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർമാർ, മറ്റു ജീവനക്കാർ

## തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽപ്പെട്ട ഗുണഭോക്താക്കൾ എല്ലാംതന്നെ സ്കീമിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പു വരുത്തുക. ഗ്രാമസഭ വഴി സ്കീമിനെക്കുറിച്ച് അവബോധം നൽകുക

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറാണ്. ദൈനംദിന ഭരണ നിർവ്വഹണത്തോടൊപ്പം ബോർഡ് അധികാരപ്പെടുത്തുന്ന മറ്റ് ഭരണ സാമ്പത്തിക അധികാരങ്ങൾ നിർവ്വഹിക്കൽ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങിനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ വിവരങ്ങൾ പ്രതിപാദിക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിലവിലുള്ള അംഗങ്ങൾ അംശാദായ കുടിശ്ശിക വരുത്താതെയും അംഗത്വം നഷ്ടപ്പെടുത്താതെയും കൃത്യമായി അംശാദായം അടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിനായി ബോർഡിന്റെ അനുവാദത്തോടെ വിവിധ സ്ഥലങ്ങളിൽ കാമ്പെയിനുകളും ബോധവത്ക്കരണ ക്ലാസ്സുകളും

നടത്തുന്നു. ഭാഗ്യക്കുറി വിറ്റുവരവിന്റെ 1% മാണ് സർക്കാർ ബോർഡിനു നൽകുന്ന ഫണ്ട്. ഈ സാഹചര്യത്തിൽ ഭാഗ്യക്കുറി വിറ്റുവരവ് കുറയുകയോ വില്പന നില ക്കുകയോ ചെയ്താൽ ബോർഡിന്റെ പ്രവർത്തനം പൂർണ്ണമായും നിലക്കും. കൂടാതെ നിലവിലുള്ള മൊത്തം അംഗസംഖ്യ നാലിരട്ടി വർദ്ധിച്ചാൽ മാത്രമെ ബോർഡിന് നിലനിൽക്കാൻ സാധിക്കുകയുള്ളു.

## 2. കാരുണ്യ ബെനവലന്റ് ഫണ്ട്

ക്യാൻസർ, കിഡ്നി, തലച്ചോറ്, നട്ടെല്ല്, ഹീമോഫീലിയ, കരൾ സംബന്ധമായ അസുഖങ്ങൾ എന്നിവയുടെ ചികിത്സയ്ക്ക് ഭീമമായ ചികിത്സ ചെലവ് വരുന്നതി നാൽ പ്രതിവർഷം 3 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് ചികിത്സാ ധനസഹാ യമായി പരമാവധി 2 ലക്ഷം രൂപ വരെ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് അനുവദിക്കുന്നു.

### ഗുണഭോക്താവ്

സർക്കാർ/തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രിയിൽ ചികി ത്സയിലുള്ള വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെയുള്ള കുടുംബത്തിലെ ഒരു അംഗത്തിന് ചികിത്സ ധനസഹായമായി 2 ലക്ഷം രൂപ വരെ നൽകുന്നതാണ്. ക്യാൻസർ, കിഡ്നി, തലച്ചോറ്, ഹൃദ്രോഗം, ഹീമോഫിലിയ, നട്ടെല്ല്, കരൾ സംബ ന്ധമായ അസുഖങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്കാണ് ധനസഹായം ലഭി ക്കുന്നത്. ഗുണഭോക്താവിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ, ചികിത്സ എസ്റ്റിമേ റ്റ്, ആർ.എസ്.ബി.വൈ കാർഡ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ചികിത്സ ധനസ ഹായ അപേക്ഷയോടൊപ്പം ജില്ലാ ഭാഗ്യക്കിറി ഓഫീസർക്ക് സമർപ്പിക്കണം. ആർ. എസ്.ബി.വൈ കാർഡ് ഉള്ളവർ സി.എച്ച്.ഐ.എസ്സ് + ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെ ങ്കിൽ സി.എച്ച്.ഐ.എസ്സ് + തുക കുറവ് ചെയ്ത് ബാക്കി തുകയാണ് അനുവദി ക്കുക.

### സ്കീമിന്റെ നിർവ്വഹണം

സംസ്ഥാന ഭാഗ്യക്കുറി വകുപ്പാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി കൈകാര്യം ചെയ്യുന്നത്.

### ഫണ്ടിംഗ്

കാരുണ്യ ഭാഗ്യക്കുറിയുടെ അറ്റാദായത്തിൽ നിന്ന് മാത്രമാണ് കാരുണ്യ ബെന വലന്റ് ഫണ്ടിലേക്കുള്ള ഫണ്ട് ലഭിക്കുന്നത്. തുക കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററുടെ അക്കൗണ്ടിലാണ് സൂക്ഷിക്കുന്നതും, പിൻവലിക്കുന്നതും.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറാണ് കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ.

## പ്രവർത്തനങ്ങൾ

കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററാണ് സ്കീം തയ്യാറാക്കുന്നത്. ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല സമിതി പരിശോധിച്ച് ബഹു. ധനകാര്യ മന്ത്രി ചെയർമാനായ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിന് അയക്കുന്നു.

## സംഘാടനം

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല സമിതിയിൽ മെഡിക്കൽ കോളേജ് സൂപ്രണ്ട്, ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ല മെഡിക്കൽ ഓഫീസർ, വിദഗ്ധരായ ഡോക്ടർമാർ എന്നിവർ അംഗങ്ങളാണ്. ജില്ലാ ലോട്ടറി ഓഫീസർ ജില്ലാതല സമിതിയുടെ കൺവീനറാണ്. സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചെയർമാനുമാണ്.

## തദ്ദേശ സ്ഥാപനത്തിന്റെ പങ്ക്

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ജനപ്രിതിനിധികളെ ബോദ്ധ്യപ്പെടുത്തുകയും അതുവഴി പദ്ധതി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സാധിക്കുന്നതുമാണ്. ഗ്രാമസഭ വഴി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷിപ്പിക്കുക. സ്കീമിന്റെ ലക്ഷ്യങ്ങൾ പൊതു ജനങ്ങളിൽ എത്തിക്കുക

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

കൂടുതൽ ചികിത്സാ ചെലവ് വരുന്ന ക്യാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവയുടെ ചികിത്സക്ക് ആർ.എസ്.ബി.വൈ - സി.എച്ച്.ഐ.എസ്സ് + ൽ നിന്ന് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ പരമാവധി ധനസഹായം ലഭിക്കുന്നത് 2 ലക്ഷം രൂപയാണ്. സി.എച്ച്.ഐ.എസ്സ് +ൽ രജിസ്റ്റർ ചെയ്തവർക്ക് 70,000 രൂപ കുറച്ച് ബാക്കി തുകയാണ് ലിക്കുന്നത്. കരൾ മാറ്റിവെക്കൽ പോലെ 10 ലക്ഷത്തിനും അതിലധികവും തുക ആവശ്യമായി വരുന്ന ഘട്ടത്തിൽ ഈ തുക മതിയാകാതെ വരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ് എന്നിവയിൽ നിന്നും കാരുണ്യ ബെനവലന്റ് പദ്ധതിയിലേക്ക് തുകകൾ സ്വരൂപിക്കാവുന്നതും, കൂടുതൽ തുക ആവശ്യം വരുന്ന ഇത്തരം ചികിത്സകൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങിനെ സാധ്യമാക്കാം

സ്കീം പ്രകാരം ആനുകൂല്യം ലഭിക്കുന്നവർ, ലഭിച്ചവർ, അർഹതയുള്ളവർ എന്നിവരെക്കുറിച്ച് പദ്ധതിരേഖയിൽ പ്രതിപാദിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ കാരുണ്യ ഭാഗ്യക്കുറിയുടെ വിറ്റ് വരവ് തുകയിൽ നിന്നാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. കാരുണ്യ ഭാഗ്യക്കുറിയുടെ വിറ്റ് വരവ് കുറയുകയാണെങ്കിൽ പദ്ധതിയിൽ നിന്ന് ചികിത്സ ധനസഹായത്തിന് അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യത കുറയുന്നതാണ്.

# XXXVIII.
# ലീഗൽ മെട്രോളജി വകുപ്പ്



## വകുപ്പിന്റെ ലക്ഷ്യം

1. വ്യാപാര വാണിജ്യ വിനിമയ വ്യവസായമേഖലകളിലും സംരക്ഷണത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുകകയും കൃത്യത ഉറപ്പു വരുത്തി നിയമാനുസൃതം വർഷാവർഷവും, രണ്ടുവർഷത്തിലൊരിക്കലുമായി മുദ്ര ചെയ്ത് നൽകുകയും ചെയ്യുക.
2. ഉപഭോക്തൃ സംരക്ഷണമാണ് വകുപ്പിന്റെ പരമപ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്ന്.
3. നൽകുന്ന പണത്തിന് കൃത്യമായ അളവിൽ/തൂക്കത്തിൽ/എണ്ണത്തിൽ സാധനങ്ങൾ ഉപഭോക്താവിന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക
4. വാണിജ്യ വിനിമയത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ ശരിയായ അളവിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
5. പായ്ക്ക് ചെയ്ത ഉൽപ്പന്നങ്ങളുടെ വിൽപ്പന നിയമാനുസൃതമാണെന്ന് ഉറപ്പു വരുത്തുക
6. ആക്ട് പ്രകാരം സെക്കന്ററി സ്റ്റാന്റേർഡുകളുടെയും വർക്കിംഗ് സ്റ്റാന്റേർഡുകളുടേയും സംസ്ഥാനതല സൂക്ഷിപ്പും സാക്ഷ്യപ്പെടുത്തലും നിർവ്വഹിക്കുക.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്ലാൻ സ്കീംസ്

1. പരസ്യവും പ്രചാരണവും
2. ഇംപ്രൂവ്മെന്റ് ഇൻ ക്വാളിറ്റി ആന്റ് എഫിഷ്യൻസി ഓഫ് വെരിഫിക്കേഷൻ
3. പരിശീലനം
4. കെട്ടിടങ്ങൾ

### ലക്ഷ്യങ്ങൾ

1. കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിനെ ആധുനിക വൽക്കരിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം
2. ഓട്ടോറിക്ഷകളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഫെയർ മീറ്ററുകളുടെ കൃത്യത പരിശോധിക്കുന്നതിന് മൊബൈൽ പൾസ് മീറ്ററുകൾ അത്യാവശ്യമാണ്. അളവു തൂക്ക സൂക്ഷ്മത ഉറപ്പാക്കുന്നതിലൂടെ ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കുക
3. എൻഫോഴ്സ്മെന്റ് ഓഫീസർമാർക്ക് റാഞ്ചി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ മെട്രോളജി നടത്തുന്ന പരിശീലനം നൽകുക
4. ലീഗൽ മെട്രോളജി കൺട്രോളറുടെ ഓഫീസിന് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, കാസർക്കോട് എന്നീ ജില്ല ആഫീസുകൾക്കും പന്ത്രണ്ടാം പദ്ധതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്.

### ഗുണഭോക്താവ്

ജനങ്ങൾ.

### സ്കീമിന്റെ നിർവ്വഹണം

ലീഗൽ മെട്രോളജി വകുപ്പ് (തദ്ദേശവകുപ്പ് സ്ഥാപനങ്ങൾ വഴിയല്ല നിർവ്വഹണം നടത്തുന്നത്)

### ഫണ്ടിംഗ്

1. സ്റ്റേറ്റ് ഫണ്ട് (ബജറ്റിൽ വകയിരുത്തി ഈ വകുപ്പിന് ലഭിക്കുന്നു)
2. കേന്ദ്രാവിഷ്കൃത ഫണ്ട് (നേരിട്ട് ലഭിക്കുന്നു)

### വകുപ്പിന്റെ പ്രവർത്തനങ്ങൾ

1. വാണിജ്യവിനിമയത്തിനും വ്യവസായത്തിനും സംരക്ഷണത്തിനും കച്ചവടത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുക.

2. പായ്ക്കറ്റ് ഉൽപ്പന്നങ്ങളുടെ വിൽപന നിയമപ്രകാരമാണോയെന്ന് പായ്ക്കറ്റുകളിൻമേൽ ആവശ്യമായ പ്രഖ്യാപനങ്ങൾ (നിർമ്മാതാവിന്റേയും പായ്ക്കറുടേയും പേരും വിലാസവും, പായ്ക്ക് ചെയ്ത മാസവും വർഷവും, പായ്ക്കറ്റിലുള്ള ഉൽപ്പന്നത്തിന്റെ പേര്, ശരിയായ അളവ്/തൂക്കം/എണ്ണം, ഇറക്കുമതി ചെയ്ത ഉൽപ്പന്നമാണെങ്കിൽ ഇറക്കുമതിക്കാരന്റെ വിവരങ്ങൾ, ഉൽപ്പന്നത്തിന്റെ പരമാവധി വിൽപ്പനവില (M.R.P) (എല്ലാ ടാക്സുകളുമടക്കം) ഉപഭോക്താവിന് പരാതിപ്പെടേണ്ട മേൽവിലാസം, ഫോൺനമ്പർ, e-mail മേൽവിലാസം ഉണ്ടെങ്കിൽ അത് സഹിതം ഉണ്ടെന്ന് ഉറപ്പു വരുത്തുക. കൃത്യമായ വിലയിലും തൂക്കത്തിലും ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുക.
3. ഉപഭോക്താക്കൾ വാങ്ങിയ സ്വർണ്ണത്തിന്റെ പരിശുദ്ധി സംബന്ധിച്ച് എറണാകുളത്തുള്ള ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിൽ ഉപഭോക്താവിന്റെ ആവശ്യപ്രകാരം നിശ്ചിത ഫീസിൽ പരിശോധിച്ച് നൽകുന്നു.
4. അതീവ കൃത്യത ആവശ്യമുള്ള അളവു തൂക്ക ഉപകരണങ്ങൾ എറണാക്കുളത്തെ സെൻട്രൽ ലാബിൽ പരിശോധിച്ച് കാലിബ്രേഷൻ നടത്തി നൽകുന്നതാണ്. ഇവിടുന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ISO സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അത്യാന്താപേക്ഷിതമാണ്.
5. എക്സിബിഷനുകൾ, സെമിനാറുകൾ, അവബോധന ക്ലാസുകൾ എന്നിവയിലൂടെയും പത്ര മാധ്യമങ്ങൾ, ഇലക്ട്രേണിക് മാധ്യമങ്ങൾ എന്നിവയിലൂടെയും അളവു തൂക്ക നിയമങ്ങൾ ജനങ്ങളിൽ എത്തിക്കുക.
6. സന്നദ്ധ സംഘടനകളുടെയും കൺസ്യൂമർ അഫയേർസ് ഡിപ്പാർട്ട്മെന്റിന്റെയും സഹായത്താൽ ബോധവൽക്കരണം നടത്തി വരുന്നു.
7. അളവു തൂക്ക നിയമങ്ങൾ അനുശാസിക്കുന്നതനുസരിച്ചുള്ള കൃത്യതയും നിലവാരവും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങൾക്കുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നു.
8. വാണിജ്യത്തിനും വ്യവസായത്തിനും കച്ചവടത്തിനും വ്യവസായ സംരക്ഷണത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങൾ നിയതകാല കൃത്യതാ പരിശോധന നടത്തി മുദ്ര വച്ചു നൽകുന്നു.
9. ആട്ടോ ടാക്സി മീറ്റുകൾ നിയതകാല പരിശോധന നടത്തി മുദ്രവച്ചു നൽകുന്നു.
10. മിന്നൽ പരിശോധനകൾ നടത്തി അളവുതൂക്ക നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.
11. നിർമ്മാതാവിന്റേയോ പായ്ക്കറുടെയോ പ്രവർത്തനസ്ഥലം പരിശോധിച്ച് പായ്ക്ക് ചെയ്ത ഉൽപ്പന്നങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നു.

12. വാണിജ്യത്തിനും, വ്യവസായത്തിനും, വ്യവസായ സംരക്ഷണത്തിനും ഉപയോഗിക്കുന്ന അളവുതൂക്ക ഉപകരണങ്ങളുടെ യൂസേഴ്സ് രജിസ്ട്രേഷൻ നടത്തുന്നു.
13. പായ്ക്കറ്റ് ഉൽപ്പന്നങ്ങൾ പായ്ക്ക് ചെയ്യുന്നവർക്കും ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നവർക്കും രജിസ്ട്രേഷൻ നൽകുന്നു.
14. ഉപഭോക്താക്കൾക്കും, കച്ചവടക്കാർക്കും, വകുപ്പിലെ ഉദ്യോഗസ്ഥർക്കും ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
15. അളവുതൂക്ക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിൽപന നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനും പര്യാപ്തമായവർക്ക് അവരുടെ അപേക്ഷകളിൽ മേൽനടപടി സ്വീകരിച്ച് ലൈസൻസ് അനുവദിക്കുന്നു.
16. എല്ലാ താലൂക്കുകളിലും ജില്ലാ ആസ്ഥാനങ്ങളിലും വർക്കിംഗ് സ്റ്റാന്റേർഡ് ലാബോറട്ടറിയും എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ സെക്കന്ററി സ്റ്റാന്റേർഡ് ലാബോറട്ടറിയും പ്രവർത്തിച്ചു വരുന്നു. വർക്കിംഗ് സ്റ്റാന്റേർഡ് ഉപകരണണങ്ങൾ വർഷാവർഷം സെക്കന്ററി സ്റ്റാന്റേർഡുകളുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തുന്നു.
17. ഇന്ത്യ ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന റീജിയണൽ റഫറൻസ് സ്റ്റാന്റേർഡ് ലാബോറട്ടറിയിൽ (RRSL) വകുപ്പിലെ സെക്കന്ററി സ്റ്റാന്റേർഡുകളും മറ്റും പരിശോധനയ്ക്ക് വിധേയമാക്കി കൃത്യത ഉറപ്പു വരുത്തുന്നു.

## സംഘാടനം

സംഘടനാസംബന്ധമായ കാര്യങ്ങൾ വകുപ്പിൽ നിക്ഷിപ്തമാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

അളവ് തൂക്ക വകുപ്പിനെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും ജനങ്ങൾക്ക് ഗ്രാമസഭ വഴി അവബോധം നൽകുക, നിയമങ്ങൾ പാലിക്കാത്ത കച്ചവടക്കാർക്കെതിരെയും മറ്റ് വ്യക്തിസ്ഥാപനങ്ങൾക്കെതിരേയും നടപടിയ്ക്ക് ശുപാർശ ചെയ്യുക. ഡി.ആന്റ് ഒ ലൈസൻസ് നൽകുമ്പോൾ ഉപകരണങ്ങൾ വകുപ്പ് സീൽ ചെയ്ത് നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കൃത്യമായ അളവിലും തൂക്കത്തിലും പൊതുജനങ്ങൾക്ക് സാധനങ്ങൾ നൽകുന്നുവെന്ന് ഉറപ്പ് വരുത്തുക. നിയമലംഘകർക്കെതിരെ യഥാവിധി നടപടികൾ കൈക്കൊള്ളുക.

# XXXIX.
# സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്



## ആമുഖം

മത്സരാധിഷ്ടിതമായ ഇൻഷ്വറൻസ് മേഖലയിൽ ഇടപാടുകാർക്ക് കൂടുതൽ സൗഹാർദ്ദപരമായ സേവനങ്ങൾ ചെയ്തുകൊണ്ട് രാജ്യത്തെ ഒരു മാതൃകാ ഇൻഷ്വറൻസ് സ്ഥാപനമായി വകുപ്പിനെ പരിവർത്തനം ചെയ്യുക എന്നതാണ് വകുപ്പിന്റെ ദർശനം.

താഴെ പറയുന്ന ജനോപകാര പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഇൻഷുറൻസ് വകുപ്പ് പ്രതിജ്ഞാബദ്ധരാണ്.

- ഇടപാടുകാർക്ക് സാമ്പത്തിക സുരക്ഷയും ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നതിനോടൊപ്പം സമൂഹനന്മയ്ക്കായി ലഭ്യമായ വിഭവങ്ങൾ വിനിയോഗിക്കുക.
- മാറിവരുന്ന സാമൂഹ്യ, സാമ്പത്തിക പരിതസ്ഥിതിക്കനുസരിച്ചുള്ള ഇൻഷ്വറൻസ് ആവശ്യങ്ങൾ നിറവേറ്റുക.
- സാമൂഹ്യ താല്പര്യവും ദേശീയ പ്രാധാന്യവും ലക്ഷ്യമാക്കിയുള്ള ഇൻഷ്വറൻസ് ബിസിനസുകൾ നടപ്പാക്കുക.

- ഇടപാടുകാർക്ക് കാര്യക്ഷമമായും കാലതാമസം കൂടാതെയും മെച്ചപ്പെട്ട സേവനം നൽകുക.
- ഇടപാടുകാരുടെ ഫണ്ടിന്റെ സൂക്ഷിപ്പുകാരായി പ്രവർത്തിക്കുന്നതോടൊപ്പം സാമൂഹ്യസുരക്ഷയ്ക്കായി ടി തുക വിനിയോഗിക്കുക.
- ഇടപാടുകാർക്ക് പ്രോത്സാഹനം നൽകികൊണ്ട് ബന്ധം കാത്ത് സൂക്ഷിക്കുക.
- വകുപ്പ് വഴി നടപ്പാക്കുന്ന സേവനങ്ങളെയും ഇൻഷ്വറൻസ് ഉല്പന്നങ്ങളെയും കുറിച്ച് ഇടപാടുകാർക്ക് അറിയിപ്പ് നൽകുക.
- വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുക, ഇ-ഗവേർണൻസ് നടപ്പിലാക്കുക. വെബ്സൈറ്റ് ജനോപകാരപ്രദമാക്കുക.

## വകുപ്പിന്റെ ദൗത്യം

- പുതിയ ഇൻഷ്വറൻസ് ഉല്പന്നങ്ങളും മെച്ചപ്പെട്ട സേവനവും നൽകുക വഴി ഇടപാടുകാരായ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപന ജീവനക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നതോടൊപ്പം സാമൂഹ്യ നന്മയ്ക്കായി ലഭ്യമായ വിഭവങ്ങൾ വിനിയോഗിക്കുകയും ചെയ്യുക.
- സാമൂഹ നന്മയ്ക്കായി ലൈഫ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ് ബിസിനസുകൾ വികസിപ്പിക്കുക.
- ഇടപാടുകാർക്ക് താങ്ങാവുന്ന ചെലവിൽ മികച്ച ഇൻഷ്വറൻസ് പരിരക്ഷയും, ഉയർന്ന ഗുണനിലവാരവുമുള്ള സേവനങ്ങളും നൽകിക്കൊണ്ട് സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധത ഉറപ്പാക്കുന്നതിന് പ്രയത്നിക്കുക.

## വകുപ്പിന്റെ ഇടപാടുകാർ

- സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കമ്പനി, കോർപ്പറേഷൻ, ബോർഡ് എന്നിവിടങ്ങളിലെ ജീവനക്കാരും ജീവനക്കാരുടെ ആശ്രിതരും
- സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള സ്ഥാപനങ്ങളിലെ ഇടപാടുകാർ.
- വാഹനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, സുഖവാസ ബോട്ടുകൾ തുടങ്ങിയവ വകുപ്പിൽ ഇൻഷ്വർ ചെയ്തിട്ടുള്ളവരും, ഇൻഷ്വർ ചെയ്യപ്പെട്ടവരുടെ ആശ്രിതരും.

### വകുപ്പിനെ സംബന്ധിച്ച ലഘുവിവരണം

പ്രാചീന തിരുവിതാംകൂറിലെ ജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുകയെന്ന ലക്ഷ്യത്തോടെ 1896 ൽ വകുപ്പ് രൂപീകൃതമായി. സർക്കാർ ജീവനക്കാർക്കായി സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (ഒഫീഷ്യൽ ബ്രാഞ്ച്) എന്നും പൊതു ജനങ്ങൾക്കായി സ്റ്റേറ്റ്

ലൈഫ് ഇൻഷ്വറൻസ് (പബ്ലിക്ക് ബ്രാഞ്ച്) എന്നും രണ്ട് വിഭാഗങ്ങൾ ആദ്യകാലത്ത് വകുപ്പിൽ ഉണ്ടായിരുന്നു. ജനറൽ ഇൻഷ്വറൻസ് വിഭാഗത്തിൽ അപകട ഇൻഷ്വറൻസ്, ഫയർ ഇൻഷ്വറൻസ് എന്നിവ 1948 ലും മറൈൻ ഇൻഷ്വറൻസ് 1968 ലും തുടർന്ന് സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 1984 ലും ഈ വകുപ്പിലൂടെ ആരംഭിക്കുകയുണ്ടായി. 1956 ൽ ലൈഫ് ഇൻഷ്വറൻസ് ആക്ട് പ്രാബല്യത്തിൽ വന്നതോടെ പബ്ലിക്ക് ബ്രാഞ്ച് എൽ.ഐ.സി.യ്ക്ക് കൈമാറുകയും ആക്ടിലെ 44 (എഫ്) സെക്ഷൻ പ്രകാരം സർക്കാർ ജീവനക്കാർക്കുള്ള ഒഫിഷ്യൽ ബ്രാഞ്ച് വകുപ്പിൽ നിലനിർത്തുകയും ചെയ്തു. 1972 ലെ ജനറൽ ഇൻഷ്വറൻസ് ദേശസാൽക്കരണ ആക്ട് വന്നതോടെ ജനറൽ ഇൻഷ്വറൻസിന്റെ കുത്തക ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന് മാത്രമായെങ്കിലും ആക്ടിലെ 36(1) സെക്ഷന്റെ പിൻബലത്തിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള സ്ഥാപനങ്ങളുടെയും, വസ്തു വകകളുടെയും ജനറൽ ഇൻഷ്വറൻസ് ബിസിനസ് വകുപ്പിന് ലഭിക്കുകയുണ്ടായി. 1999 ൽ നിലവിൽ വന്ന ഇൻഷ്വറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി (ഐ.ആർ.ഡി.എ.) ആക്ടിലൂടെ ലൈഫ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ് മേഖലകളിൽ യഥാക്രമം എൽ.ഐ.സി.ക്കും ജി.ഐ.സി ക്കും ഉണ്ടായിരുന്ന കുത്തക അവസാനിക്കുകയും സ്വകാര്യ മേഖലക്ക്കൂടി ഈ വ്യാപാര രംഗം തുറന്നു നല്കുകയുമുണ്ടായി.

### വകുപ്പിന്റെ ഘടന  ഭരണ നിർവഹണം

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിന് കീഴിൽ വരുന്ന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ മേധാവി ഇൻഷ്വറൻസ് ഡയറക്ടറാണ്. തിരുവനന്തപുരത്ത് ആസ്ഥാന കാര്യാലയം പ്രവർത്തിക്കുന്നു. ഭരണ നിർവഹണത്തിനായി 14 ജില്ലകളിലും ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളുടെ മേധാവി ജില്ലാ ഇൻഷ്വറൻസ് ഓഫീസർമാരാണ്. വകുപ്പിന്റെ പ്രധാന ഇടപാടുകളെല്ലാം ജില്ലാ ഇൻഷ്വറൻസ് ഓഫീസുകൾ വഴിയാണ് നിർവഹിക്കുന്നത്.

## വകുപ്പ് വഴി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ

## 1. സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി (എസ്.എൽ.ഐ.) (ജി.ഒ(പി) 257/76/ഫിൻ. തീയതി: 19..08..1976)

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി നടപ്പിലാക്കിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണ് ഇത്. 1976 ആഗസ്റ്റ് 19 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച 50 വയസ്സ് തികയാത്ത എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും, ഡയറക്ട് പേമെന്റ് സ്കീമിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരും, അദ്ധ്യാപകരും, വിവിധ യൂണിവേഴ്സിറ്റികൾ, ബോർഡുകൾ,

കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റി കോർപ്പറേഷനുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ജീവനക്കാരും ഈ പദ്ധതിയിൽ നിർബന്ധമായും അംഗങ്ങൾ ആകേണ്ടതും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രതിമാസ പ്രീമിയം തുകയ്ക്കുള്ള പോളിസി ഉണ്ടായിരിക്കേണ്ടതുമാണ്. 01..04..2012 മുതൽ നിലവിലുള്ള പ്രതിമാസ പ്രീമിയം നിരക്ക് ചുവടെ കൊടുക്കുന്നു. (ജി.ഒ.(പി) 104/ 2012/ഫിൻ. തീയതി: 09-022012)

1. അടിസ്ഥാന ശമ്പളം 9189 രൂപ വരെ 150 രൂപ
2. അടിസ്ഥാന ശമ്പളം 9190 രൂപ മുതൽ 18739 രൂപ വരെ 225 രൂപ
3. അടിസ്ഥാന ശമ്പളം 18740 രൂപ മുതൽ 29179 രൂപ വരെ 375 രൂപ
4. അടിസ്ഥാന ശമ്പളം 29180 രൂപ മുതൽ 450 രൂപ

**എസ്.എൽ.ഐ. പൊതു നിബന്ധനകൾ**

- എല്ലാ ജീവനക്കാരും സർവ്വീസിൽ പ്രവേശിച്ച് ഒരുമാസത്തിനുള്ളിൽ പദ്ധതിയിൽ അംഗമാകേണ്ടതാണ്. പദ്ധതിയിൽ ചേരുന്നതിനുള്ള അപേക്ഷഫാറം ജില്ലാ ഓഫീസുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നു.
- പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയും നോമിനേഷനും ആദ്യ പ്രീമിയം അടച്ചതിന്റെ ചെലാനും ഉചിത മാർഗ്ഗേണ ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതാണ്.
- ചെലാൻ ഒടുക്കേണ്ട ശീർഷകം '8011-00-105-99 സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഫണ്ട് എന്നതാണ്.
- ആദ്യ പ്രീമിയം വകുപ്പിന്റെ ജില്ലാ ആഫീസുകളിൽ നേരിട്ട് ടി.ആർ 5 രസീത് നൽകി അപേക്ഷയോടൊപ്പം സ്വീകരിക്കുന്നതാണ്.
- കുറഞ്ഞ പ്രീമിയം തുക നിർബന്ധമാണെങ്കിലും കൂടുതൽ തുക പ്രീമിയമായി പോളിസി എടുക്കാവുന്നതാണ്.
- ജില്ലാ ഇൻഷ്വറൻസ് ഓഫീസിൽ നിന്നും പോളിസി സർട്ടിഫിക്കറ്റും പ്രീമിയം രസീത് ബുക്കും ലഭിക്കുന്നതാണ്.
- പോളിസി നമ്പർ ലഭിച്ച ശേഷം മാത്രമേ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തേണ്ടതുള്ളൂ.
- മാസവിഹിതം മുൻകൂറായിരിക്കേണ്ടതും 55 വയസ്സ് പൂർത്തിയാകുന്നതുവരെ മുടക്കം കൂടാതെ കിഴിവ് നടത്തേണ്ടതുമാണ്.
- അടിസ്ഥാന ശമ്പള വർദ്ധനവിനനുസരിച്ച് കൂടുതൽ പ്രീമിയം തുക വേണ്ടി വരുമ്പോൾ അധിക തുകയ്ക്കുള്ള അഡീഷണൽ പോളിസി എടുക്കേണ്ടതാണ്. നിലവിലുള്ള പോളിസിയിലെ പ്രീമിയത്തിൽ മാറ്റം വരുത്താൻ പാടുള്ളതല്ല.

- വിവാഹത്തിന് മുൻപ് പദ്ധതിയിൽ അംഗങ്ങളായവർ വിവാഹത്തിന് ശേഷം പുതിയ നാമനിർദ്ദേശ പത്രിക പോളിസി നമ്പർ കാണിച്ച് ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അയക്കേണ്ടതാണ്.
- രണ്ട് വർഷത്തിന് മേൽ പ്രീമിയം അടച്ചുകൊണ്ടിരിക്കുന്ന പോളിസിയിന്മേൽ ബോണസുകൂടി കണക്കാക്കി പോളിസി ഉടമയ്ക്ക് സൗകര്യപ്രദമായ ട്രഷറിയിൽ നിന്നും വാങ്ങാൻ കഴിയുംവിധം വായ്പകൾ നേരിട്ട് അനുവദിക്കുന്നു.
- വായ്പാതുകയും നിശ്ചിത പലിശയും 20 ൽ കവിയാത്ത മാസ തവണകളായി ശമ്പളത്തിൽ നിന്ന് കുറവ് ചെയ്ത് തിരിച്ചടച്ചാൽ മതിയാകും.
- വായ്പ ലഭ്യമാക്കുന്നതിന് പൂരിപ്പിച്ച നിശ്ചിത അപേക്ഷാ ഫാറത്തോടൊപ്പം അസ്സൽ പോളിസി സർട്ടിഫിക്കറ്റ്, പ്രീമിയം കിഴിവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയ പ്രീമിയം രസീത് ബുക്ക് ( ഗസറ്റഡ് ഉദ്യോഗസ്ഥനെങ്കിൽ ബന്ധപ്പെട്ട ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) അസൈൻമെന്റ് ഫാറം, ഫോറം നമ്പർ 11 ലുള്ള കൈപ്പറ്റ് രസീതിന്റെ രണ്ട് പകർപ്പുകൾ എന്നിവ പൂരിപ്പിച്ച് പോളിസി ഉടമ ഒപ്പിട്ട് ആവശ്യമായ സാക്ഷ്യപ്പെടുത്തലോടുകൂടി ബന്ധപ്പെട്ട ജില്ലാ ഓഫീസിലോ ഡയറക്ടറേറ്റിലോ നൽകാവുന്നതാണ്.
- ശമ്പളമില്ലാത്ത അവധിയിൽ പ്രവേശിക്കുന്നവർക്കും ജോലി ഉപേക്ഷിച്ച് പോകുന്നവർക്കും പ്രീമിയം പ്രതിമാസമായോ, കൂടുതൽ തുക ഒരുമിച്ച് അടച്ചോ പദ്ധതിയിൽ തുടരാവുന്നതാണ്.
- ആറുമാസത്തിലധികമായി പ്രീമിയം മുടക്കം വന്നാൽ പോളിസി കാലഹരണപ്പെടുന്നതാണ്.
- മുഴുവൻ പ്രീമിയവും അടച്ച് പോളിസിയുടെ കാലാവധി ആയിക്കഴിഞ്ഞാൽ അസ്സൽ പോളിസി സർട്ടിഫിക്കറ്റ് പ്രീമിയം, കിഴിവ് രേഖപ്പെടുത്തി മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക്, പോളിസി ഉടമയുടെ അപേക്ഷ എന്നിവ ഉചിതമാർഗേണ ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അയച്ച് കൊടുത്ത് ക്ലെയിം തീർപ്പാക്കി വാങ്ങാവുന്നതാണ്.
- സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരന്റെ ആനുകൂല്യം ടിയാന്റെ നോമിനിക്ക് (നോമിനേഷൻ ഇല്ലെങ്കിൽ നിയമാനുസൃതമായ അവകാശിക്ക്) ഡെത്ത് ക്ലെയിമായി തീർപ്പ് കല്പിച്ച് തുക നൽകുന്നതാണ്. ഇതിനായി മരണ സർട്ടിഫിക്കറ്റ്, പ്രീമിയം കിഴിവ് രേഖപ്പെടുത്തിയ പാസ്ബുക്ക്, അസ്സൽ പോളിസി സർട്ടിഫിക്കറ്റ്, അനന്തരവകാശിയുടെ അപേക്ഷ എന്നിവ ഉചിതമാർഗ്ഗണ ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് നൽകേണ്ടതാണ്.

## 2. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

ജി.ഒ.(പി) 392/1984/ഫിൻ. തീയതി: 09..08..1984 നമ്പർ ഉത്തരവു പ്രകാരം 01..09..1984 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും നിർബന്ധമാക്കി ഈ പദ്ധതി നിലവിൽ വന്നു. ജി.ഒ.(പി) 26/2004/ഫിൻ. തീയതി: 12..01..2004 ലെ ഉത്തരവിലൂടെ മേൽപറഞ്ഞ വിഭാഗങ്ങൾക്ക് പുറമെ വിവിധ യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മുനിസിപാലിറ്റി കോർപ്പറേഷനുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് കൂടി ഈ പദ്ധതി നിർബന്ധമാക്കി ഉത്തരവായിട്ടുണ്ട്. സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് പദ്ധതിയിലെ സമ്പാദ്യനിധി (സേവിംഗ്സ് ഫണ്ട്) യിൽ നിന്നുള്ള തുക കൂട്ടുപലിശ സഹിതം (ഇപ്പോൾ 8%) ലഭിക്കുന്നു. ഉദ്യോഗത്തിലിരുന്ന് മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് 10 രൂപയുടെ ഒരു യൂണിറ്റിന് 10,000/ രൂപ എന്ന നിരക്കിൽ ഇൻഷ്വറൻസ് നിധിയിൽ നിന്നുള്ള തുകയും കൂടാതെ സമ്പാദ്യ നിധിയിൽ നിന്ന് ജീവനക്കാരൻ മരണപ്പെടുന്നതുവരെയുള്ള ആനുകൂല്യം ഉൾപ്പെടെയുള്ള തുകയും ലഭിക്കുന്നു.

### ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി  കൂടുതൽ വിവരങ്ങൾ

- ഒരു ജീവനക്കാരൻ സർവ്വീസിൽ പ്രവേശിച്ചുകഴിഞ്ഞാൽ ടിയാനെ ജി.ഐ.എസ്. പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള നടപടികൾ ഓഫീസ് മേലധികാരി സ്വീകരിക്കേണ്ടതാണ്.
- സെപ്റ്റംബർ മാസം ജോലിയിൽ പ്രവേശിക്കുന്നവർ സെപ്തംബർ മാസം മുതൽ തന്നെ പദ്ധതിയിൽ അംഗമാകേണ്ടതാണ്.
- സെപ്റ്റംബർ ഒഴികെയുള്ള മാസങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നവർ പ്രവേശന മാസം മുതൽ അടുത്ത ആഗസ്റ്റ് മാസം വരെ പൂർണ്ണവരിസംഖ്യക്ക് അനുപാതികമായി 10 രൂപയുടെ യൂണിറ്റിന് 3 രൂപ എന്ന നിരക്കിൽ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി പദ്ധതിയിലെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതും സെപ്റ്റംബർ മാസം മുതൽ പൂർണ്ണ വരിസംഖ്യ നടത്തി അംഗമാകേണ്ടതുമാണ്.
- അംഗത്വമെടുക്കേണ്ട ജീവനക്കാരന്റെ പ്രായപരിധി സെപ്റ്റംബർ മാസത്തിൽ 50 വയസ്സ് കഴിയാൻ പാടുള്ളതല്ല.
- നോൺഗസറ്റഡ് ഉദ്യോഗസ്ഥർ പദ്ധതിയിൽ അംഗമാകുന്നതിലേയ്ക്ക് അപേക്ഷയോടൊപ്പം നാമനിർദ്ദേശ പത്രിക ഓഫീസ് മേലധികാരിക്കും, ഗസറ്റഡ് ഉദ്യോഗസ്ഥർ തങ്ങളുടെ വകുപ്പ് മേധാവിക്കും നൽകേണ്ടതാണ്. അവിവാഹിതർ ജി.ഐ.എസ്. ഫോം 6 ലും വിവാഹശേഷം ഫോം 7 ലുമാണ് നാമനിർദ്ദേശ പത്രിക നൽകേണ്ടത്.

- ശമ്പള സ്കെയിലുകളെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളായി തിരിച്ചാണ് ജീവനക്കാരുടെ മാസവരിസംഖ്യ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ ജീവനക്കാരെ 4 ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. ഗ്രൂപ്പും ഓരോ ഗ്രൂപ്പിലേക്കുള്ള മാസവരിസംഖ്യയും ചുവടെ കൊടുക്കുന്നു.

| ഗ്രൂപ്പ് | ശമ്പളസ്കെയിൽ | മാസവരിസംഖ്യ |
|---|---|---|
| എ | 29180-43640 ഉം അതിന് മുകളിലും | 300 രൂപ |
| ബി | 18740-33680 ഉം അതിന് മുകളിലും എന്നാൽ2918043640 താഴെയും | 250 രൂപ |
| സി | 9190-15780 ഉം അതിന് മുകളിലും എന്നാൽ1874033680 ന് താഴെയും | 200 രൂപ |
| ഡി | 8500-13210 ഉം അതിന് മുകളിലും എന്നാൽ 9190-15780 ന് താഴെയും | 150 രൂപ |

- ഓരോ ഗ്രൂപ്പിനും നിശ്ചയിച്ചിട്ടുള്ള വരിസംഖ്യാ തുക നിർബന്ധമാണ്. എന്നാൽ 45 വയസ്സ് കഴിയാത്ത ജീവനക്കാർക്ക് ശമ്പള സ്കെയിലനുസരിച്ച് നിശ്ചയിച്ചിട്ടുള്ള ഗ്രൂപ്പിലെ തുകയുടെ ഇരട്ടിവരെ വരിസംഖ്യയായി സ്വമേധയാ സ്വീകരിക്കാവുന്നതാണ്.
- സ്ഥാനക്കയറ്റം മൂലം ശമ്പള സ്കെയിലിൽ മാറ്റമുണ്ടാകുമ്പോൾ ഒരു ഗ്രൂപ്പിന്റെ പരിധിയിൽ നിന്നും അടുത്ത ഗ്രൂപ്പിലേയ്ക്ക് മാറ്റമുണ്ടാകുന്നതും അതനുസരിച്ചുള്ള വരിസംഖ്യാ കിഴിവ് നടത്തേണ്ടതുമാണ്.
- ശമ്പള പരിഷ്കരണത്തെ തുടർന്നോ മറ്റു സാഹചര്യങ്ങളിലോ വരിസംഖ്യയും, ഗ്രൂപ്പും പുനർനിർണ്ണയിച്ച് സർക്കാർ ഉത്തരവായാൽ നിലവിലുള്ള അംഗങ്ങൾ പുതുക്കിയ നിരക്കിലും വരിസംഖ്യ ഒടുക്കേണ്ടതാണ്.
- ഇപ്രകാരം ഗ്രൂപ്പ് മാറ്റവും വരിസംഖ്യാ വർദ്ധിപ്പിക്കലും സെപ്റ്റംബർ മാസം മുതൽ ഫലത്തിൽവരുത്തിയാൽ മതിയാകും.
- ഗസറ്റഡ് ഉദ്യോഗസ്ഥർ വരിസംഖ്യാ കിഴിവ് ആദ്യമായി ആരംഭിക്കുമ്പോഴോ, ഗ്രൂപ്പ് മാറ്റം ഉണ്ടാകുമ്പോഴോ, സ്ഥലംമാറ്റം മൂലം ട്രഷറി മാറുമ്പോഴോ, ട്രഷറി ഓഫീസറിൽ നിന്നും ടി.ആർ.72 സർട്ടിഫിക്കറ്റു വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഫോറസ്റ്റ്, പൊതുമരാമത്ത് തുടങ്ങി ചെക്കുവഴി ശമ്പളം മാറുന്ന വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഈ സർട്ടിഫിക്കറ്റ് നൽകേണ്ടത് ചെക്ക് ഇഷ്യു ചെയ്യുന്ന ഓഫീസറാണ്. ടി.ആർ.72 സർട്ടിഫിക്കറ്റ് പാസ്സ് ബുക്കിൽ ഒട്ടിച്ച് സൂക്ഷിക്കാവുന്നതാണ്.

## 3. പുതിയ പദ്ധതികൾ

08-11-2010 തീയ്യതിയിലെ ജി ഒ (പി) 557/2010/ധന. നമ്പർ സർക്കാർ ഉത്തരവു പ്രകാരം ലൈഫ് ഇൻഷ്വറൻസ് ബ്രാഞ്ചിൽ ധനസമൃദ്ധി, ധനവർഷ എന്നിങ്ങനെ രണ്ട് പുതിയ പദ്ധതികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധ സർക്കാർ

സ്ഥാപനങ്ങൾ, ബോർഡുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എന്നിവർക്ക് സ്വഹിതമനുസരിച്ച് ഈ പദ്ധതികളിൽ ചേരാവുന്നതാണ്. ധനസമൃദ്ധി സമ്പാദ്യവും ഇൻഷ്വറൻസും ഉൾപ്പെടുന്ന പദ്ധതിയും ധനവർഷ ടേം ബെനഫിറ്റ് ഇൻഷ്വറൻസ് പദ്ധതിയുമായാണ് നടപ്പിലാക്കുന്നത്. ജില്ലാ ഇൻഷ്വറൻസ് ഓഫീസ് മുഖാന്തിരം പദ്ധതികളെ കുറിച്ചുള്ള വിപുലമായ പരസ്യം നൽകി ജീവനക്കാരെ ആകർഷിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## 4. ജനറൽ ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളവയുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെ താഴെ പറയുന്ന ഇനങ്ങളിലുള്ള ജനറൽ ഇൻഷ്വറൻസ് വകുപ്പിലൂടെ ചെയ്യുന്നു.

1. ഫയർ ഇൻഷ്വറൻസ്
2. മറൈൻ ഇൻഷ്വറൻസ്
3. ആക്ട് ഇൻഷ്വറൻസ്
4. മിസ്സലേനിയസ് ഇൻഷ്വറൻസ്
   - ബോയ്‌ലർ ഇൻഷ്വറൻസ്
   - എംപ്ലോയീസ് ലയബിലിറ്റി ഇൻഷ്വറൻസ്
   - ഇലക്ട്രോണിക്സ് എക്യുപ്മെന്റ് ഇൻഷ്വറൻസ്
   - ഫിഡിലിറ്റി ഗ്യാരന്റി ഇൻഷ്വറൻസ്
   - മെഷിനറി ബ്രേക്ക് ഡൗൺ ഇൻഷ്വറൻസ്
   - മണിഇൻട്രാൻസിറ്റ് ഇൻഷ്വറൻസ്
   - മോട്ടോർ കോപ്രഹെൻസീവ് ഇൻഷ്വറൻസ്
   - നാഷണൽ സേവിംഗ്സ് ഏജന്റ്സ് ഇൻഷ്വറൻസ്
   - പബ്ലിക്ക് ലൈബിലിറ്റി ഇൻഷ്വറൻസ്
   - പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്
   - വർക്ക്മെൻ കോംബൻസേഷൻ

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനത്തിന്റെ വിവരം | അപേക്ഷിക്കേണ്ടവിധം | ഹാജരാക്കേണ്ടരേഖകൾ | സേവനം ലഭ്യമാകുന്നതിനുള്ള സമയപരിധി |
|---|---|---|---|---|
| 1 | എസ്.എൽ.ഐ. ആദ്യ പോളിസി | ഓഫീസ് മേലധികാരി മുഖേന ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അപേക്ഷ നൽകുക | • നിശ്ചിത മാതൃകയിലുള്ള എസ്.എൽ.ഐ. പ്രൊപ്പോസൽ ഫാറം ( ശരിയായി പൂരിപ്പിച്ചത്)<br>• ആദ്യ പ്രീമിയം ഒടുക്കിയ രേഖ | • ജില്ലാ ഓഫീസറുടെ അധികാര പരിധിയിൽ വരുന്നത് – 15 പ്രവൃത്തി ദിവസം.<br>• ആദ്യ പ്രീമിയം ഒടുക്കിയ രേഖ |
| 2 | എസ്.എൽ.ഐ. അഡീഷണൽ പോളിസി | ഓഫീസ് മേലധികാരി മുഖേന ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അപേക്ഷ നൽകുക | • നിശ്ചിത മാതൃകയിലുള്ള എസ്.എൽ.ഐ. പ്രൊപ്പോസൽ ഫാറം ( ശരിയായി പൂരിപ്പിച്ചത്)<br>• ആദ്യ പ്രീമിയം ഒടുക്കിയ രേഖ. | • ജില്ലാ ഓഫീസറുടെ അധികാര പരിധിയിൽ വരുന്നത് – 15 പ്രവൃത്തി ദിവസം.<br>• ഡയറക്ടറുടെ അധികാരപരിധിയിലുള്ളവ – 15 പ്രവൃത്തിദിവസം |
| 3 | എസ്.എൽ.ഐ. പോളിസിയിന്മേലുള്ള വായ്പ | ഓഫീസ് മേലധികാരി മുഖേന ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അപേക്ഷ നൽകുക (പതിനായിരം രൂപയ്ക്ക് മുകളിലുള്ള തുകയുള്ള വായ്പകൾക്കുള്ള അപേക്ഷ ഇൻഷ്വറൻസ് ഡയറക്ടർക്ക് നൽകുക.) | • അസ്സൽ പോളിസി സർട്ടിഫിക്കറ്റ്.<br>• പൂർണ്ണമായി വായ്പാ അടവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക്<br>• വായ്പാ അപേക്ഷ.<br>• അസൈൻമെന്റ് ഫാറം<br>• ഡിസ്ചാർജ് രസീത് 2 എണ്ണം (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്.) | • തുക നിശ്ചയിച്ച് അറിയിപ്പു നൽകാൻ – 7 പ്രവൃത്തി ദിവസം.<br>• ജില്ലാ ഓഫീസിൽ നിന്നും ബിൽ തയാറാക്കാൻ – 5 പ്രവൃത്തി ദിവസം.<br>• ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കേണ്ടത് – 5 പ്രവൃത്തി ദിവസം. |

| | | | | |
|---|---|---|---|---|
| 4 | വായ്പക്കായി സമർപ്പിച്ച പോളിസി തിരികെലഭിക്കുന്നതിന് | ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അപേക്ഷ നൽകുക. | • വായ്പാതിരിച്ചടവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക്<br>• ഫോം നം. 12 ലെ സ്റ്റേറ്റ്മെന്റ് ( എൻ.ജി.ഒ മാർക്ക് ഡ്രായിംഗ് ഓഫീസറും, ഗസറ്റഡ് ഉദ്യോഗ സ്ഥർക്ക് ട്രഷറി ഓഫീസറും സാക്ഷ്യപ്പെടുത്തിയത്). | • അന്നേ ദിവസം |
| 5 | ഡ്യൂപ്ലിക്കേറ്റ് പോളിസിപാസ്ബുക്ക് എന്നിവയ്ക്ക് | പോളിസി നൽകിയ ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് ആവശ്യമായ രേഖകളോടു കൂടി ഓഫീസ് മേലധികാരി മുഖേന അപേക്ഷിക്കുക. | • പോളിസി ഉടമയുടെ വെള്ള കടലാസിലുള്ള അപേക്ഷ<br>• ഡ്യൂപ്ലിക്കേറ്റ് പോളിസിക്ക് പോളിസി ഉടമയുടെ പേരിലുള്ള 100 രൂപ മുദ്രപത്രത്തിലുള്ള നഷ്ടോത്തരവാദപത്രം.<br>• ഫീസ് ഒടുക്കിയ രേഖ ( പോളിസി സർട്ടിഫിക്കറ്റിനും പാസ്ബുക്കിനും 10 രൂപ വീതം 8011-105-99 എന്ന ശീർഷകത്തിൽ ഒടുക്കിയ ചലാന്റെ പകർപ്പ്/ വകുപ്പിന്റെ ഓഫീസുകളിൽ നേരിട്ട് ഒടുക്കിയത്.) | • ജില്ലാ ഓഫീസ് – 5 പ്രവൃത്തി ദിവസം ഡയറക്ടറേറ്റിൽ നിന്ന് ഫയൽ ലഭിക്കേണ്ടത് – 10 പ്രവൃത്തി ദിവസം. |

| | | | | |
|---|---|---|---|---|
| 6 | കാലഹരണപ്പെട്ട എസ്.എൽ.ഐ. പോളിസി പുതുക്കി നൽകുന്നത്. | മുടക്കം വന്ന് 5 വർഷത്തിനുള്ളിലുള്ള വ പുതുക്കുന്നതിനുള്ള അപേക്ഷ ജില്ലാഇൻഷ്വറൻസ് ഓഫീസർ/ ഇൻഷ്വറൻസ് ഡയറക്ടർക്ക് ഓഫീസ് മേലധികാരി മുഖേന നൽകണം ( 5 വർഷത്തിന് മുകളിലുള്ളവ സർക്കാർ അനുമതിക്ക് വിധേയമായി പുതുക്കുന്നതാണ്.) | • പോളിസി ഉടമയുടെ വെള്ള കടലാസിലുള്ള അപേക്ഷ.<br>• മുടക്കം വരാനുണ്ടായ കാരണം തെളിയിക്കുന്ന രേഖകൾ.<br>• മുടക്കം വന്ന മാസങ്ങളിലെ പ്രീമിയം ഒഴികെയുള്ള കിഴിവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക് അസ്സലും, ഒരുപകർപ്പും | • തുക നിശ്ചയിച്ച് അറിയിക്കുന്നതിന് – 7 പ്രവൃത്തി ദിവസം.<br>• നിശ്ചയിച്ച തുക അടച്ച ശേഷം പോളിസി പുതുക്കി നൽകുന്നതിന് – 7 പ്രവൃത്തി ദിവസം. |
| 7 | എസ്.എൽ.ഐ. റിട്ടയർമെന്റ് ക്ലെയിം (തുക നിശ്ചയിച്ച് വൗച്ചറും രസീതും നൽകുന്നതിന്) | ഓഫീസ് മേലധികാരി മുഖാന്തിരം റിട്ടയർ ചെയ്ത ജില്ലയിലെ ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അപേക്ഷ നൽകുക. | • പോളിസി ഉടമയുടെ വെള്ള കടലാസിലുള്ള അപേക്ഷ.<br>• അസ്സൽ പോളിസി സർട്ടിഫിക്കറ്റ്.<br>• പ്രീമിയം കിഴിവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യ പ്പെടുത്തിയ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്. ( ഗസറ്റഡ് ഉദ്യോഗസ്ഥരുടെ പ്രീമിയം കിഴിവ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ അവസാന ഒരു വർഷത്തേത് ബന്ധപ്പെട്ട ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം). | • 7 പ്രവൃത്തി ദിവസം. ഡയറക്ടറേറ്റിൽ നിന്ന് ഫയൽ ലഭിക്കേണ്ടത് – 15 പ്രവൃത്തി ദിവസം. |

| | | | | |
|---|---|---|---|---|
| 8 | എസ്.എൽ.ഐ. റിട്ടയർമെന്റ് ക്ലെയിം (രസീത് ഹാജരാക്കിയ ശേഷം ബിൽ തയ്യാറാക്കി നൽകുന്നത്.) | ഡിസ്ചാർജ് രസീത് നേരിട്ടോ, ഓഫീസ് മേലധികാരി മുഖാന്തിരമോ ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ നൽകാവുന്നതാണ്. | • ക്ലെയിം തീർപ്പാക്കി തുക നിശ്ചയിച്ചത് സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ.<br>• ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യ പ്പെടുത്തിയ ഡിസ്ചാർജ് രസീത് രണ്ടെണ്ണം. | 5 പ്രവൃത്തി ദിവസം |
| 9 | എസ്.എൽ.ഐ. മരണാനന്തര ക്ലെയിം (തുക നിശ്ചയിച്ച് വൗച്ചറും രസീതും നൽകുന്നതിന്) | മരണമടഞ്ഞ ജീവനക്കാരൻ ജോലി ചെയ്തിരുന്ന ഓഫീസിലെ മേലധികാരി മുഖേന ആവശ്യമായ രേഖകളോടുകൂടി അതാത് ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. | • അനന്തരാവകാശിയുടെ അപേക്ഷ.<br>• അസ്സൽ പോളിസി സർട്ടിഫിക്കറ്റ്<br>• പ്രീമിയം കിഴിവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് ( ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് അവസാന ഒരു വർഷത്തേത് ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.)<br>• മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ( ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയത്)<br>• അവകാശിയെ നാമനിർദ്ദേശം ചെയ്തിട്ടില്ലാത്ത കേസുകളിൽ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. | 7 പ്രവൃത്തി ദിവസം. ഡയറക്ടറേറ്റിൽ നിന്ന് ഫയൽ ലഭിക്കേണ്ടത് - 15 പ്രവൃത്തിദിവസം |

| | | | | |
|---|---|---|---|---|
| 10 | എ സ് . എ ൽ . ഐ . മരണാനന്തര ക്ലെയിം ( ഡിസ്ചാർജ് രസീത് ഹാജരാക്കിയ ശേഷംബിൽ നൽകുന്നതിന്) | ഡിസ്ചാർജ് രസീത് നേരിട്ടോ മരണമടഞ്ഞ ജീവനക്കാരന്റെ ഓഫീസ് മുഖാന്തിരമോ ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് നൽകാവുന്നതാണ്. | • ക്ലെയിം തീർപ്പാക്കി തുക നിശ്ചയിച്ചത് സാക്ഷ്യപ്പെടുത്തിയ വൗച്ചർ.<br>• ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഡിസ്ചാർജ് രസീത് രണ്ടെണ്ണം. | 5 പ്രവൃത്തി ദിവസം |
| 11 | ജി.ഐ.എസ്.പാസ് ബുക്ക് ലഭിക്കുന്നതിന് | ഗ്രൂപ്പ് ഇൻഷ്വറൻസ് ഫോം സിയിലുള്ള അപേക്ഷ ബന്ധപ്പെട്ട ഡ്രായിംഗ് & ഡിസ്ബേസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തി ആമുഖ കത്ത് സഹിതം ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് നൽകുക. | • ജി.ഐ.എസ്. ഫോം സിയിലുള്ള അപേക്ഷ.<br>• ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട ട്രഷറി ഓഫീസറിൽ നിന്നും ലഭിച്ച ടി.ആർ.72 ലുള്ള സർട്ടിഫിക്കറ്റ്.<br>• ചലാൻ മുഖാന്തിരം വരി സംഖ്യാ കിഴിവ് നടത്തുന്നവർക്ക് ചലാന്റെയും ഷെഡ്യൂളിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | ക്രമ പ്രകാരമുള്ള അപേക്ഷയിന്മേൽ പാസ്ബുക്ക് ലഭിക്കുന്നതിന് - 5 പ്രവൃത്തി ദിവസം. |
| 12 | ജി.ഐ.എസ്. ഡ്യൂപ്ലിക്കേറ്റ് പാസ്ബുക്ക് ലഭിക്കുന്നതിന് | പാസ്ബുക്ക് നൽകിയ ഇൻഷ്വറൻസ് ഓഫീസിലേയ്ക്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയ വരിക്കാരന്റെ അപേക്ഷ മേലധികാരി മുഖേന അയയ്ക്കുക | • വരിക്കാരന്റെ അപേക്ഷ.<br>• ഫീസ് ഒടുക്കിയ രേഖ. ( 8011-00-105-98 എന്ന ശീർഷകത്തിൽ ചലാൻ മുഖേനയോ ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ നേരിട്ടോ 20 രൂപ ഒടുക്കണം ) | 5 പ്രവൃത്തി ദിവസം. |

| | | | | |
|---|---|---|---|---|
| 13 | കാലഹരണപ്പെട്ട ജി.ഐ. എസ്. അക്കൗണ്ട് പുനരുജ്ജീവിപ്പിക്കുന്നതിന് | ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസിലേയ്ക്ക് ഓഫീസ് മേലധികാരി മുഖേന അപേക്ഷ നൽകുക. (സർക്കാർ അനുമതിയ്ക്ക് വിധേയം.) | • നിശ്ചിത മാതൃകയിലുള്ള അപേക്ഷ (2 സെറ്റ്.)<br>• മുടക്കം വരാനിടയായ കാരണം തെളിയിക്കുന്ന രേഖകൾ<br>• മുടക്കം വന്ന മാസങ്ങളിലേത് ഒഴികെയുള്ള വരിസംഖ്യ കിഴിവ് രേഖപ്പെടുത്തിയ പാസ് ബുക്കിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്) | സർക്കാർ അനുമതിയ്ക്ക്വിധേയം. |
| 14 | ജി.ഐ.എസ്. റിട്ടയർമെന്റ് ക്ലെയിം. | ഓഫീസ് മേലധികാരി മുഖാന്തിരം റിട്ടയർ ചെയ്ത ജില്ലയിലെ ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് ആവശ്യമായ രേഖകളോട് കൂടി അപേക്ഷിക്കുക | • വരിക്കാരന്റെ അപേക്ഷ.<br>• വരിസംഖ്യാ കിഴിവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്. | 15 പ്രവർത്തി ദിവസം ഡയറക്ടറേറ്റിൽ നിന്ന് ഫയൽ ലഭിക്കേണ്ടതിന് ഒരു മാസം. |
| 15 | ജി.ഐ.എസ്. മരണാനന്തരക്ലെയിം. | മരണമടഞ്ഞ ജീവനക്കാരൻ ജോലി ചെയ്തിരുന്ന ഓഫീസ് മേലധികാരി മുഖേന ആവശ്യമായ രേഖകളോട് കൂടി അതാത് ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. | • അവകാശിയുടെ അപേക്ഷ (ഫോം നം. 5)<br>• വരിസംഖ്യാ കിഴിവ് രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തിയ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്<br>• വരിക്കാരൻ ഫയൽ ചെയ്ത അസ്സൽ നോമിനേഷൻ ഫാം.<br>• മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ( ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്) | ഒരു മാസം ഡയറക്ടറേറ്റിൽ നിന്ന് ഫയൽ ലഭിക്കേണ്ടതിന് ഒന്നരമാസം. |

## പരാതി പരിഹാരം.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന സേവന പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉത്ഭവിക്കുകയാണെങ്കിൽ താഴെ പറയുന്ന തലങ്ങളിൽ പരാതി നൽകാവുന്നതും പരിഹാരം കാണാവുന്നതുമാണ് അപ്പീൽ അധികാരിക്ക് മുകളിൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ മന്ത്രി എന്നിവർക്ക് പരാതി നൽകാവുന്നതാണ്.

| നമ്പർ | പരാതി ഉൽഭവിക്കുന്ന സ്ഥലം | പരാതി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ | അപ്പീൽ അധികാരി |
|---|---|---|---|
| 1 | ഇൻഷ്വറൻസ് ഡയറക്ടറേറ്റ് | ഡെപ്യൂട്ടി ഡയറക്ടർ | ഇൻഷ്വറൻസ് ഡയറക്ടർ |
| 2 | ജില്ലാ ഇൻഷ്വറൻസ് ഓഫീസുകൾ | ജില്ലാ ഇൻഷ്വറൻസ് ഓഫീസർ | ഇൻഷ്വറൻസ് ഡയറക്ടർ |

ഇൻഷ്വറൻസ് ഡയറക്ടറേറ്റിലും വിവിധ ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിലും പൊതു ജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും എല്ലാ മാസവും 2 ദിവസങ്ങൾ പ്രത്യേകം നീക്കിവെച്ചിട്ടുണ്ട്.

## വിവരാവകാശ നിയമം 2005

വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിന്മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ ഇൻഷ്വറൻസ് ഓഫീസർമാരെയും അതാത് ജില്ലകളിലെ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.പി.എം.ഫിലിപ്പ് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എ. അജയകുമാർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുമാണ്. ഡയറക്ടറേറ്റിലെയും ജില്ലാ ആഫീസുകളിലെയും അപ്പീൽ അധികാരി ഇൻഷ്വറൻസ് ഡയറക്ടർ ആണ്.

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ആഫീസുകളും ഫോൺ നമ്പരുകളും.**

| ക്ര. ന. | ഓഫീസ് | വിലാസം | ഫോൺ നമ്പർ. |
|---|---|---|---|
| 1 | ഇൻഷ്വറൻസ് ഡയറക്ടറേറ്റ് തിരുവനന്തപുരം | ഗ്രൗണ്ട് ഫ്ളോർട്രാൻസ് ടവർ, വഴുതക്കാട്,തിരുവനന്തപുരം 1 | 0471-2330096 |
| 2 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, തിരുവനന്തപുരം | ഹൗസിങ്ങ് ബോർഡ് ബിൽഡിംങ് കോംപ്ലസ്, ശാന്തി നഗർ, തിരുവനന്തപുരം 1 | 0471- 2322771 |
| 3 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, കൊല്ലം | എൻ.ബി.ബിൽഡിംഗ്, ഹോട്ടൽ ഷാ ഇന്റർനാഷണലിന് സമീപം, ചിന്നക്കട, കൊല്ലം | 0474-2765882 |

| | | | |
|---|---|---|---|
| 4 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, പത്തനംതിട്ട | 2-ാം നില, കിഴക്കേലത്തു ബിൽഡിംഗ്, ജയ്സൺടവറിനു പുറകുവശം, കടമ്മനിട്ടറോഡ്, പത്തനംതിട്ട | 0468-2270857 |
| 5 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, ആലപ്പുഴ. | കോട്ടയ്ക്കൽ വൈദ്യശാലബിൽ ഡിംഗ്, ടൗൺ ഹാളിനുഎതിർ വശം, ആലപ്പുഴ | 0477-2264436 |
| 6 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, കോട്ടയം | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, കഞ്ഞിക്കുഴി, കോട്ടയം. | 0481-2572176 |
| 7 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, ഇടുക്കി. | നീരോലിക്കൽ ബിൽഡിംഗ്, ടി.എം 8/623, മനക്കാട് റോഡ്, തൊടുപുഴ, ഇടുക്കി. | 0486-2226240 |
| 8 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, എറണാകുളം. | ഹൗസ് നമ്പർ: 39/2889, എം.ജി.റോഡ്, കൊച്ചി എറണാകുളം 16 | 0484-2356955 |
| 9 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, തൃശ്ശൂർ | 2-ാം നില, അശ്വതി,കളക്ടറേറ്റിനു സമീപം,അയ്യന്തോൾ, തൃശ്ശൂർ. | 0487-2361639 |
| 10 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, പാലക്കാട്. | ഡോർ നമ്പർ:62/1301, ശോഭ ആർക്കേഡ്,ആർ.എസ്. റോഡ്, പാലക്കാട്. | 0491-2527142 |
| 11 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, മലപ്പുറം. | മൂന്നാം നില, അൽ മനാറ കോംപ്ലക്സ്, ഡൗൺ ഹിൽ, മലപ്പുറം. | 0483-2732068 |
| 12 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, കോഴിക്കോട്. | 3-ാം നില അംബേദ്കർ ബിൽഡിംഗ്, ലിങ്ക് റോഡ്, ചാലപ്പുറം, കോഴിക്കോട് | 0495-2702435 |
| 13 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, വയനാട് | കെ എം ബിൽഡിംഗ്, സിവിൽ സ്റ്റേഷനു സമീപം, കൽപ്പറ്റ, വയനാട് | 04936-207939 |
| 14 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, കണ്ണൂർ | റബ്കോ ഹൗസ്, സൗത്ത്ബസാർ, കണ്ണൂർ. | 0497-2707617 |
| 15 | ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, കാസറഗോഡ് | 2-ാം നില, മുൻസിപ്പൽ ഷോപ്പിംഗ് കോപ്ലക്സ്, പഴയബസ്സ്സ്റ്റാഡിനു സമീപം,കാസറഗോഡ്. | 04994-226027 |

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ http://www.insurance.kerala.gov.in ൽ ലഭ്യമാണ്.

# XL.
# മൈനിംഗ് & ജിയോളജി വകുപ്പ്



## ആമുഖം

ജനസൗഹാർദ്ദപരവും പരിസ്ഥിതി സൗഹാർദ്ദപരവുമായ ചട്ടകൂടിനുള്ളിൽ നിന്നു കൊണ്ടു ഖനിജങ്ങളെ സംരക്ഷിച്ചുകൊണ്ടു തന്നെ പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ ഖനിജാധിഷ്ഠിത വ്യവസായങ്ങൾക്ക് വളരാൻ സാഹചര്യമൊരുക്കുന്നതിനോടൊപ്പം തന്നെ സർക്കാർ ഖജനാവിലേക്കുള്ള റവന്യു വരുമാനം സമാഹരിക്കുക എന്ന വീക്ഷണമാണ് വകുപ്പ് പുലർത്തുന്നത്. ആയതിനാൽ തന്നെ പ്ലാൻ സ്കീമുകൾ ഒന്നും തന്നെ ഇതിൽ ഉൾപ്പെടുന്നില്ല.

## ഉദ്ദേശ ലക്ഷ്യങ്ങൾ

ഭരണ സൗകര്യത്തിനായി വകുപ്പിനെ 2 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. ഖനിജ പര്യവേഷണ വിഭാഗം
2. മിനറൽ ഡെവലപ്മെന്റ് & മൈനിംഗ് ലീസ് വിഭാഗം

ഓരോ വിഭാഗത്തിന്റെയും ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും ചുരുക്കി താഴെ പ്രതിപാദിക്കുന്നു.

## ഖനിജ പര്യവേഷണ വിഭാഗം

വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിൽ ഈ വിഭാഗം പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പുതിയ ഖനിജ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിനായി ജിയോളജിക്കൽ, ജിയോകെമിക്കൽ, ഫോട്ടോ ജിയോളജി തുടങ്ങിയ പര്യവേഷണ മാർഗ്ഗങ്ങൾ ഈ വിഭാഗം അവലംബിക്കുന്നു. ഖനിജങ്ങളുടെ ലഭ്യത, ഗുണമേന്മ എന്നിവ നിർണ്ണയിക്കുന്നതിന് പ്രാഥമിക സർവ്വേ, ഫിറ്റിംഗ്, ട്രഞ്ചിംഗ്, ഡ്രില്ലിംഗ്, ഭൂപടം തയ്യാറാക്കൽ എന്നീ വിവിധ പര്യവേഷണ മാർഗ്ഗങ്ങളും വകുപ്പ് അവലംബിയ്ക്കുന്നു. പ്രസ്തുത പര്യവേഷണഫലമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ നിക്ഷേപത്തിന്റെയും സർവ്വേ മാപ്പുകൾ ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. ധാതുഖനനത്തിന് താൽപ്പര്യം പ്രകടിപ്പിച്ചു വരുന്നവർക്ക് ഈ റിപ്പോർട്ടുകൾ ഫീസ് ഈടാക്കി നൽകി വരുന്നു.

ഖനിജ പര്യവേഷണ വിഭാഗത്തിന് കീഴിൽ ജിയോളജിക്കൽ എക്സ്പ്ലോയ്റ്റേഷൻ, ജിയോ ടെക്നിക്കൽ ആൻഡ് എൻവിറോൺമെന്റ് വിംഗ്, ഡ്രില്ലിംഗ് യൂണിറ്റ്, സർവ്വേ യൂണിറ്റ്, രാസ പരിശോധനാശാല, മിനറോളജിക്കൽ പരിശോധനാശാല, മ്യൂസിയം, ലൈബ്രറി എന്നിവ പ്രവർത്തിക്കുന്നു. ഇതിൽ എക്സ്പ്ലോറേഷൻ വിഭാഗം യുക്തമായ പര്യവേഷണങ്ങൾ നടത്തി പുതിയ ധാതുനിക്ഷേപങ്ങൾ കണ്ടെത്തുകയും, കണ്ടെത്തിയ നിക്ഷേപങ്ങൾ തിട്ടപ്പെടുത്തി ഖനന സാദ്ധ്യത വിലയിരുത്തുകയും ചെയ്യുന്നു. വിനാശകരമായ പ്രകൃതിക്ഷോഭങ്ങളായ ഉരുൾപൊട്ടൽ, ഭൂമികുലുക്കം മറ്റു പ്രതിഭാസങ്ങൾ എന്നിവ പഠിച്ച് വിലയിരുത്തി പ്രതിവിധിക്കുള്ള സാദ്ധ്യതകൾ ആരായുന്നത് ജിയോടെക്നിക്കൽ ആന്റ് എൻവിറോൺമെന്റൽ വിംഗ് ആണ്. കൂടാതെ ഖനന സംബന്ധമായ പരിസ്ഥിതി വിഷയങ്ങളും ഈ വിംഗ് കൈകാര്യം ചെയ്യുന്നു.

## ഡ്രില്ലിംഗ് യൂണിറ്റ്

വകുപ്പിൽ നാല് ഡ്രില്ലിംഗ് യൂണിറ്റുകൾ നിലവിലുണ്ട്. ഏകദേശം 200 മീറ്റർ വരെ താഴ്ചയിൽ ഡ്രിൽ ചെയ്ത് സാമ്പിളുകൾ ശേഖരിക്കാൻ ശേഷിയുള്ള മേൽത്തരം ഡ്രിൽ സെറ്റുകൾ വകുപ്പിന് സ്വന്തമായുണ്ട്. വകുപ്പിന്റെ വിവിധ പര്യവേഷണങ്ങൾക്കായി പ്രസ്തുത ഡ്രില്ലിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. ഇതുകൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വേണ്ടി ഡ്രില്ലിംഗ് നടത്തി സാമ്പിളുകൾ ശേഖരിച്ച് നൽകി വരുന്നു.

## രാസ പരിശോധനശാല

അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ ഫോട്ടോ മീറ്റർ, പാർട്ടിക്കിൾ സൈസ് അനലൈസർ, സ്പക്ട്രോസ്കോപ്പ്, ബ്രൈറ്റ്നെസ് മീറ്റർ തുടങ്ങിയ ആധുനിക ഉപ

കരണങ്ങൾ ഉള്ള സുസജ്ജമായ ഒരു ലാബോറട്ടറി വകുപ്പിൽ പ്രവർത്തിച്ചു വരുന്നു. ഖനിജപര്യവേഷണ ഫലമായി ലഭിക്കുന്ന സാമ്പിളുകൾ വിവിധ ഖനിജങ്ങൾ എന്നിവയുടെ ഗുണമേന്മ രാസപരിശോധനയിലൂടെ നിശ്ചയിക്കുന്നു. പൊതുജനങ്ങൾ കൊണ്ടുവരുന്ന മറ്റു ഖനിജസാമ്പിളുകളും ഫീസ് ഈടാക്കി രാസപരിശോധന നടത്തി റിപ്പോർട്ട് നൽകി വരുന്നുണ്ട്. (GO (Rt) No. 1081/2011/ID dated 29.08.2011)

## മിനറോളജിക്കൽ/രത്നക്കൽ ലാബോറട്ടറി

ജിയോളജിക്കൽ സർവ്വേയുടെ ഭാഗമായി ശേഖരിക്കപ്പെടുന്ന പാറകളെകുറിച്ച് പരിശോധിക്കുവാനും പഠിക്കുവാനുമുദ്ദേശിച്ചുള്ളതാണ് മിനറോളജിക്കൽ ലബോറട്ടറി. വിവിധ തരത്തിലുള്ള പാറകളുടെ മിനറോളജിക്കൽ പഠനങ്ങളും ഇവിടെ നടത്തുന്നു. ഇവിടെ നിന്നും തിൻ സെക്ഷൻ ഉണ്ടാക്കുന്നതിനും ശിലാ സാമ്പിളുകൾ പോളിഷ് ചെയ്യുന്നതിനും സാമ്പിളുകൾ തിരിച്ചറിയുന്നതിനും ബാധിക്കുന്നു.

| ക്രമ നമ്പർ | ജോലിയുടെ സ്വഭാവം | നിരക്ക് (രൂപ) |
|---|---|---|
| 1 | തിൻ സെക്ഷൻ തയ്യാറാക്കുന്നതിന് | 75 |
| 2 | ശില സാമ്പിളുകൾ കട്ട് ചെയ്ത് പോളിഷ് ചെയ്യുന്നതിന് (7.5x5x1.5 സെ.മി.) | 360 |
| 3 | തിൻ സെക്ഷൻ ഉണ്ടാക്കുന്നതിലേക്ക് ശിലാ സാമ്പിളിൽ നിന്ന് ഒരു ഓറിയന്റഡ് ചിപ്പ് കട്ട് ചെയ്യുന്നതിന് | 35 |
| 4 | ഫ്രാൻസ് ഐസോഡൈനാമിക് സെപ്പറേറ്റർ ഉപയോഗിച്ച് ഹെവി മിനറലുകൾ ഇലക്ട്രോ മാഗ്നെറ്റിക് സെപ്പറേഷൻ നടത്തുന്നതിന് (25 ഗ്രാം) | 65 |
| 5 | അയിര് സാമ്പിളിൽനിന്ന് പോളിഷ്ഡ് സെക്ഷൻ തയ്യാറാക്കുന്നതിന് | 170 |
| 6 | ഫ്ളൂയിഡ് ഇൻക്ലൂഷൻ പഠനങ്ങൾക്കായി ഡബിൾ പോളിഷ്ഡ് സെക്ഷൻ തയ്യാറാക്കുന്നതിന് | 165 |
| 7 | സ്റ്റീരിയോ-ബൈനോക്കുലർ മൈക്രോ സ്കോപ്പ് ഉപയോഗിച്ച് റോക്ക് സാമ്പിളിന്റെ മെഗാസ്കോപ്പിംഗ് ഐഡന്റിഫിക്കേഷൻ നടത്തുന്നതിന് | 100 |
| 8 | തിൻ/പോളിഷ്ഡ് സെക്ഷനുകളിലെ മിനറലുകൾ തിരിച്ചറിയുന്നതിന് | 180 |
| 9 | സ്റ്റീരിയോ-ബൈനോക്കുലർ മൈക്രോസ്കോപ്പുപയോഗിച്ച് ഹെവി മിനറലുകളുടെ പരിശോധനയും, വിഷ്വൽ എസ്റ്റിമേഷനും നടത്തുന്നതിന് | 300 |
| 10 | മെറ്റലേഴ്സ് ഇലക്ട്രോണിക് ബാലൻസ് ഉപയോഗിച്ച് ധാതു/ശിലയുടെ സ്പെസിഫിക് ഗ്രാവിറ്റി അളക്കുന്നതിന് | 10 |
| 11 | ബെർമാൻ ഡെൻസിറ്റി ടോർഷൻ ബാലൻസ് ഉപയോഗിച്ച് മിനറൽ ഗ്രെയ്നുകളുടെ സ്പെസിഫിക് ഗ്രാവിറ്റി അളക്കുന്നതിന് (2575 മി.ഗ്രാം) | 20 |

രത്നകല്ലുകൾ പരിശോധിച്ച് നിശ്ചിത തുക ഈടാക്കി സർട്ടിഫിക്കറ്റ് നൽകി വരുന്ന, കേരളത്തിലെതന്നെ ഏക സർക്കാർ ലാബാണ് ഈ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്.

| | | |
|---|---|---|
| 1 | സഫയർ, മാണിക്യം, വജ്രം, മരതകം, പവിഴം, ഇന്ദ്രനീലം, ക്രൈസോബെറിൽ, കാറ്റ്സ് ഐ അലക്സാൻട്രൈറ്റ് ഉൾപ്പെടെ | 300 രൂപ + സർവ്വീസ് ടാക്സ് |
| 2 | ഐറ്റം നമ്പർ 1 ൽ പെടാത്തവ - പ്രകൃതിദത്തമായ മറ്റു രത്നങ്ങൾ | 225 രൂപ + സർവ്വീസ് ടാക്സ് |
| 3 | കൃത്രിമ രത്നക്കല്ലുകൾ | 150 രൂപ + സർവ്വീസ് ടാക്സ് |

## കേരളത്തിലെ ഖനിജ വിഭവങ്ങൾ

ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഖനിജ വിഭവങ്ങളുടെ ലഭ്യത പരിമിതമാണ്. എന്നാൽ ഇനിയും വിശദ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലാത്ത ഏറെ ഭൂവിഭാഗം ഈ സംസ്ഥാനത്തുണ്ട്. അതേസമയം വിലപിടിച്ച പല ഖനിജ നിക്ഷേപങ്ങൾ വൻതോതിൽ ഇവിടെ ലഭ്യമാണ്. സംസ്ഥാനത്ത് ലഭ്യമായ ഖനിജ വിഭവങ്ങളെക്കുറിച്ചുള്ള ലഘു വിവരണം താഴെ വിവരിക്കുന്നു.

## മിനറൽ ഡവലപ്പ്മെന്റ് ആൻഡ് മൈനിംഗം ലീസ് വിഭാഗം

നമ്മുടെ രാജ്യത്ത് ലഭ്യമായ ഖനിജങ്ങളെ രണ്ടു വിഭാഗങ്ങളിലായി തരംതിരിച്ചിരിക്കുന്നു. വ്യവസായികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഖനിജങ്ങളെ വൻകിട ഖനിജങ്ങളായും (മേജർ മിനറൽ) ഗാർഹിക-കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവയെ ചെറുകിട ഖനിജങ്ങളായും (മൈനർ മിനറൽ) കണക്കാക്കിയിരിന്നു. നമ്മുടെ സംസ്ഥാനത്ത് ലഭ്യമായ മേജർ മിനറലുകളുടേയും മൈനൽ മിനറലുകളുടേയും പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

| | മേജർ മിനറൽ | | മൈനർ മിനറൽ |
|---|---|---|---|
| 1 | ചൈനാക്ലേ/കയോലിൻ, ബാൾക്ലേ എന്നിവ | 1 | സാധാരണ മണൽ. ചരൽ |
| 2 | ഗ്രാഫൈറ്റ് | 2 | കരിങ്കല്ല് (ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ) |
| 3 | ചുണ്ണാമ്പുകല്ല് (വ്യാവസായിക ആവസ്യത്തിന്) | 3 | ചെങ്കല്ല് (ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ) |
| 4 | ചുണ്ണാമ്പു കക്ക | 4 | ചുണ്ണാമ്പു കക്ക (കാർഷിക-ഗാർഹിക ആവശ്യത്തിന് മാത്രം) |
| 5 | ക്വാർട്സ്/സിലിക്കാമണൽ | 5 | ഗ്രാനൈറ്റ് ഡൈമെൻഷൻ സ്റ്റോൺ) |
| 6 | ബോക്സൈറ്റ്/ലാറ്ററൈറ്റ് (വ്യാവസായിക ആവശ്യത്തിന്) | 6 | ഓട്/ഇഷ്ടിക നിർമ്മാണത്തിനുള്ള സാധാരണ കളിമണ്ണ് |
| 7 | ഇൽമനൈറ്റ്/റൂട്ടൈൽ/സിർക്കൺ. മോണസൈറ്റ് | | |

| | | |
|---|---|---|
| 8 | സ്വർണ്ണം | |
| 9 | മാഗ്നസൈറ്റ് | |
| 10 | ഇരുമ്പയിര് | |
| 11 | മൈക്ക | |
| 12 | സ്റ്റിയറ്റൈറ്റ് | |
| 13 | രത്നക്കല്ലുകൾ | |
| 14 | സിലിക്കാ മണൽ | |

നമ്മുടെ സംസ്ഥാനത്ത് ലഭ്യമായ ഏതൊരു മിനറലും ഖനനം ചെയ്യുന്നതും നീക്കം ചെയ്യുന്നതും 1957 ലെ മൈൻസ് ആൻഡ് മിനറൽസ് (ഡവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻസ്) ആക്ടിലെയും തദ്വാര രൂപപ്പെടുത്തിയ ചട്ടങ്ങളിലെയും വ്യവ സ്ഥകൾക്കു വിധേയമായിട്ടാണ്. ടി ആക്ടിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തുന്ന ഏതൊരു ഖനന പ്രവർത്തനവും ഖനിജ ഗതാഗതവും സംഭ രണവും അനധികൃതവും ശിക്ഷാർഹവുമാണ്. ധാതുമണൽ (മിനറൽസ്) സ്വർണ്ണം, ഇരുമ്പ്, കളിമണ്ണ്, സിലിക്കാമണൽ, ബോക്സൈറ്റ്, ചുണ്ണാമ്പുകക്ക, ചുണ്ണമ്പുകല്ല്, കങ്കാർ ചുണ്ണാമ്പുകല്ല്, ഗ്രാഫൈറ്റ്, ക്വാർട്സ് (വെള്ളാരംപാറ), ലിഗ്നൈറ്റ്, അലങ്കാര ശിലകൾ, (3 തരം) ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, (കരിങ്കല്ല്), ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ (ചെങ്കല്ല്), മാഗ്നസൈറ്റ്, ഷീലൈറ്റ്, അഭ്രം(മൈക്ക) സ്റ്റിയറ്റൈറ്റ് (സോപ്പ് സ്റ്റോൺ), രത്നകല്ല് എന്നിവ സംസ്ഥാനത്ത് ലഭ്യമായ വിവിധ ഖനിജ വിഭവങ്ങൾ ആണ്. ഇവയെ വീണ്ടും രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1. വ്യാവസായാവ ശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൻകിട ഖനിജങ്ങളായും (മേജർ മിനറൽസ്) 2. ഗാർഹികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ചെറുകിട ഖനിജങ്ങളായും (മൈ നർ മിനറൽസ്) തരംതിരിച്ചിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

- മേജർ മിനറൽ ഖനന അനുയോജ്യത തിട്ടപ്പെടുത്തുന്നതിന് റെക്കനൈസൻസ് പെർമിറ്റ്, പ്രോസ്പെക്ടിംഗ് ലൈസൻസ്, ഖനനം ചെയ്യുന്നതിന് മൈനിംഗ് ലീസ് എന്നിവയ്ക്കുള്ള അപേക്ഷ സ്വീകരിച്ച് ആവശ്യമായ സ്ഥലപരിശോധനയും നടത്തി മേൽ നടപടിക്കായി സർക്കാരിന് ശുപാർശ ചെയ്യുക.
- മൈനർ മിനറൽസ് ഖനനത്തിനുവേണ്ടി പ്രോസ്പെക്ടിംഗ് ലൈസൻസ് ക്വാറി യിംഗ് പെർമിറ്റ്, ക്വാറിയിംഗ് ലീസ്, ഡീലേഴ്സ് ലൈസൻസ് എന്നിവ അനുവദി ക്കുകയോ പുതുക്കുകയോ ചെയ്യുക.
- 1957 ലെ മൈൻസ് ആൻഡ് മിനറൽസ് (ഡവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ ആക്ട്), 1960 ലെ മിനറൽ കൺസഷൻ ചട്ടങ്ങൾ, 1967 ലെ കേരളാ മൈനർ മിനറൽ

കൺസഷൻ ചട്ടങ്ങൾ എന്നിവ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് ഖനികൾ, ക്വാറികൾ എന്നിവ പരിശോധിച്ച് നിയമാനുസൃതവും സുരക്ഷിതത്വവും ഉറപ്പാക്കുക.

- മേജർ മിനറൽ, മൈനർ മിനറൽ എന്നിവ ഖനനം ചെയ്യുന്നതിൽ നിന്ന് സർക്കാരിന് ലഭിക്കേണ്ട റവന്യു സംഭരിക്കുക
- അനധികൃത ഖനനവും ഖനിജ നീക്കവും തടയുക
- ഖനിജങ്ങളുടെ അനധികൃത ഖനനം, നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ചുണ്ടാകുന്ന കോടതി കേസുകൾ കൈകാര്യം ചെയ്യുക
- ഖനന സംബന്ധമായി പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ അവലോകനം ചെയ്ത് നടപടി എടുക്കുക.
- മേജർ മിനറൽ, മൈനർ മിനറൽ എന്നിവയുടെ ഉൽപാദനം, വിപണനം, ഉപഭോഗം എന്നിവയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ഇന്ത്യൻ ബ്യൂറോ മൈൻസ് കൂടാതെ മറ്റ് കേന്ദ്ര -സംസ്ഥാന സർക്കാർ ഏജൻസികൾക്കും നൽകുക.

1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളുടെ നടത്തിപ്പ് വകുപ്പിന്റെ മുഖ്യ പ്രവർത്തനങ്ങളിൽപ്പെടുന്നു. റവന്യു, വനം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നി വകുപ്പുകളിലെ ചില അധികാരികൾക്കും കൂടി കേരള മൈനർ മിനറൽ ചട്ടങ്ങൾ അനുസരിച്ച് ക്വാറിയിംഗ് പെർമിറ്റ് അനുവദിക്കാനുള്ള അധികാരം സർക്കാർ നൽകിയിട്ടുണ്ട്.

ചുണ്ണാമ്പുകക്ക, അലങ്കാരശിലകൾ, മറ്റു ഖനിജങ്ങൾ എന്നിവയെ സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ തന്നെയാണ് പരമാധികാരി. സംസ്ഥാനത്തെ ക്വാറികളിൽ ഭൂരിപക്ഷവും ചെറുകിട വിഭാഗത്തിൽപ്പെട്ടവയാണ്. ആയതിനാൽ അലങ്കാരശിലയും കക്കയും ഒഴികെയുള്ള മറ്റു ചെറുകിട ഖനിജങ്ങൾക്ക് ക്വാറിയിംഗ് പെർമിറ്റ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റുമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

## വിവിധ പെർമിറ്റുകൾ

### 1. ക്വാറിയിംഗ് പെർമിറ്റ്

മെനർ മിനറലുകളുടെ ഖനനത്തിനുള്ള അനുമതിക്ക് അതാതു ജില്ലാ ജിയോളജിസ്റ്റിന് 1967 ലെ കെ.എം.എം.സി ചട്ടങ്ങൾ ഫാറം എ-യിലാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾകൂടി ഹാജരാക്കേണ്ടതാണ്.

- ബന്ധപ്പെട്ട തഹസിൽദാരുടേയോ ഡെപ്യൂട്ടി തഹസിൽദാരുടേയോ (ഹെഡ്ക്വാർട്ടേഴ്സ്) പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഖനന പ്രദേശത്തിന്റെ ഒരു സർവ്വേ ഭൂപടം.
- ടി സ്ഥലം അപേക്ഷകന്റെ സ്വന്തമല്ലെങ്കിൽ ആ സ്ഥലത്തുനിന്നും അപേക്ഷകർ മൈനർ മിനറൽ ഖനനം ചെയ്യുന്നതിന് അനുവദിച്ചുകൊണ്ടുള്ള സ്ഥലം ഉടമയുടെ സമ്മതപത്രം (100 രൂപ മുദ്രപത്രത്തിൽ)
- ഭൂമി ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ (കൈവശാവകാശ സർട്ടിഫിക്കറ്റ്)
- അപേക്ഷാഫീസ് ട്രഷറിയിൽ അടച്ച് ചലാൻ രസീത് രൂപ 200 (തുക ട്രഷറിയിൽ അടയ്ക്കുന്നതിനുള്ള ചലാൻ ജിയോളജിസ്റ്റിൽ നിന്നും മേലൊപ്പിട്ട് വാങ്ങേണ്ടതാണ്)
- സ്ഥലം സർക്കാർ പുറംപോക്കാണെങ്കിൽ ബന്ധപ്പെട്ട റവന്യു അധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്
- അപേക്ഷകൻ പാർട്ടർഷിപ്പ് ഫേം/കമ്പനി/സൊസൈറ്റി ആണെങ്കിൽ പാർട്ട്ണർഷിപ്പ് ഡീഡ്/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ/ബൈലോയുടെ ശരിപകർപ്പ്.

അപേക്ഷയും പ്രമാണങ്ങളും പരിശോധിച്ച് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തി ഖനന അനുയോജ്യത തിട്ടപ്പെടുത്തിയ ശേഷം മുൻകൂർ റോയൽറ്റി ഈടാക്കി പെർമിറ്റ് അനുവദിക്കുന്നു.

മതിയായ രേഖകളോടെ അപേക്ഷ സമർപ്പിച്ച ശേഷം പെർമിറ്റ് ലഭിക്കാനെടുക്കുന്ന സമയം ഏകദേശം ഒരു മാസമാണ്. പെർമിറ്റിന്റെ പരമാവധി കാലാവധി ഒരു വർഷമാണ്. ഇതിലധികം കാലയളവിൽ ഖനനം നടത്തണമെന്നുണ്ടെങ്കിൽ ക്വാറിയിംഗ് ലീസ് സമ്പാദിക്കേണ്ടതാണ്.

## 2. കൺസോളിഡേറ്റഡ് റോയൽറ്റി പേമെന്റ് സിസ്റ്റം (CRPS)

(ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിനും ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോണിനും മാത്രം ബാധകം)

ഗ്രാനൈറ്റ്/ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോണിനും നിർദ്ദിഷ്ട ഏരിയയ്ക്ക് ഒരു വർഷത്തേക്ക് റോയൽറ്റി അടച്ച് പെർമിറ്റ് എടുക്കാവുന്ന സംവിധാനമാണ് സി.ആർ.പി. സിസ്റ്റം. അതാത് ജില്ലാ ജിയോളജിസ്റ്റിന്, 1967 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരമുള്ള ഫാറം റ്റി യിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ പരിഗണിച്ച ശേഷം ലഭിക്കുന്ന പെർമിറ്റിന്മേൽ പി ഫാറങ്ങൾ നൽകുന്നു. പെർമിറ്റ് കാലാവധിക്കുമുമ്പ് പി ഫാറങ്ങൾ തീർന്നു പോവുകയാണെങ്കിൽ 100 പി ഫാറങ്ങൾക്ക് 5000

രൂപ എന്ന നിരക്കിൽ അധിക പി ഫാറങ്ങൾ പരമാവധി 1000 പി ഫാറം വരെ ലഭിക്കുന്നതാണ്. പെർമിറ്റ് ലഭിക്കാനെടുക്കുന്ന സമയപരിധി ഏകദേശം ഒരു മാസമാണ്.

ഫാറം റ്റി യിലുള്ള അപേക്ഷയോടൊപ്പം വില്ലേജാഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ്, ഏരിയയുടെ സർവ്വെ മാപ്പ്, അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള വസ്തുവല്ലെങ്കിൽ വസ്തു ഉടമയുടെ പക്കൽ നിന്നും 100 രൂപ മുദ്രപത്രത്തിൽ എഴുതി വാങ്ങിയ സമ്മതപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

കൺസോളിഡേറ്റഡ് റോയൽറ്റി പേമെന്റ് സിസ്റ്റം പ്രകാരമുള്ള റോയൽറ്റി നിരക്കുകൾ ചുവടെ ചേർക്കുന്നു.

**കൺസോളിഡേറ്റഡ് റോയൽറ്റി**

(ജി.ഒ(പി) നം. 2/2008/ഐ.ഡി തിയതി, തിരുവനന്തപുരം 02.01.2008)

ഷെഡ്യൂൾ 5

ചട്ടം 3,4 (1എ)

**എ. ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ**

| ക്രമനം. | വിസ്തീർണ്ണം | പി ഫാറങ്ങളുടെ എണ്ണം | വാർഷിക റോയൽറ്റി (രൂപ) |
|---|---|---|---|
| 1 | 5 ആർ വരെ | 500 | 15,000 |
| 2 | 510 ആർ വരെ | 600 | 25,000 |
| 3 | 1015 ആർ വരെ | 1500 | 50,000 |
| 4 | 15 ആറിന് മുകളിൽ | 4000 | 1,00,000 |

**ബി. ലാറ്ററൈറ്റ് ബിൽഡിംഗ് സ്റ്റോൺ**

| ക്രമനം. | വിസ്തീർണ്ണം | പി ഫാറങ്ങളുടെ എണ്ണം | വാർഷിക റോയൽറ്റി (രൂപ) |
|---|---|---|---|
| 1 | 10 ആർ വരെ | 300 | 10,000 |
| 2 | 10–20 ആർ വരെ | 600 | 25,000 |
| 3 | 20–30 ആർ വരെ | 1500 | 50,000 |
| 4 | 30 ആറിന് മുകളിൽ | 4000 | 1,00,000 |

## 1. ക്വാറിയിംഗ് ലീസ്

മൈനർ മിനറലുകൾ ഖനനം ചെയ്യുന്നതിനുള്ള ദീർഘകാലത്തേയ്ക്കുള്ള ക്വാറിയിംഗ് ലീസിനുള്ള അപേക്ഷ/പുതുക്കാനുള്ള അപേക്ഷ കെ.എം.എം.സി ചട്ടങ്ങൾ

പ്രകാരമുള്ള ഫോം ബി യിൽ അതാതു ജില്ലാ ജിയോളജിസ്റ്റിനാണ് സമർപ്പിക്കേണ്ട ത്.

- അപേക്ഷാ ഫീസിനത്തിൽ 1000 രൂപ (രൂപ ആയിരം) ട്രഷറിയിൽ അടച്ച രസീത് (തുക ട്രഷറിയിൽ അടയ്ക്കുന്നതിനുള്ള ചെലാൻ ജിയോളജിസ്റ്റ് മേലൊപ്പിടേ ണ്ടതാണ്)
- ഇൻകം ടാക്സ് സംബന്ധമായ നോട്ടറി മുമ്പാകെ സാക്ഷ്യപ്പെടുത്തിയ സത്യ വാങ്മൂലം (100 രൂപ മുദ്രപത്രത്തിൽ)
- വേസ്റ്റ് ഡിസ്പോസൽ വിശദമാക്കുന്ന സാക്ഷ്യപത്രം (100 രൂപ മുദ്രപത്രത്തി ലുള്ള സത്യവാങ്മൂലം)
- പരിസ്ഥിതി സംരക്ഷണത്തിനുള്ള സാക്ഷ്യപത്രം (100 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം)
- ബന്ധപ്പെട്ട തഹസിൽദാരോ സർവ്വെ അസിസ്റ്റന്റ് ഡയറക്ടറോ സാക്ഷ്യപ്പെടു ത്തിയ ഖനന സ്ഥലത്തിന്റെ സർവ്വേ പ്ലാൻ (സർവ്വേ നമ്പർ, സബ്ഡിവിഷൻ നമ്പർ, അതിർത്തി സർവ്വ നമ്പരുകൾ എന്നിവ കാണിച്ചിരിക്കണം)
- സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (കൈവശാവ കാശ സർട്ടിഫിക്കറ്റ്)
- സ്ഥലം അപേക്ഷകന്റെ സ്വന്തമല്ലെങ്കിൽ സ്ഥലം ഉടമയുടെ സമ്മതപത്രം (100 രൂപ മുദ്രപത്രത്തിൽ)
- സ്ഥലം സർക്കാർ പുറംപോക്കാണെങ്കിൽ ബന്ധപ്പെട്ട റവന്യു അധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്
- അപേക്ഷകൻ പാർട്ടർഷിപ്പ് ഫേം/കമ്പനി/സൊസൈറ്റി ആണെങ്കിൽ പാർട്ട്ണർഷിപ്പ് ഡീഡ്/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ/ബൈലോ യുടെ ശരിപകർപ്പ്.

ക്വാറിയിംഗ് ലീസ് പുതുക്കുന്നതിനുള്ള അപേക്ഷ നിലവിലുള്ള ലീസ് കാലാ വധി തീരുന്നതിന് 3 മാസം മുമ്പുതന്നെ സമർപ്പിക്കേണ്ടതാണ്.

ജില്ലാ ജിയോളജിസ്റ്റിന് ലഭിക്കുന്ന അപേക്ഷകൾ സ്ഥലപരിശോധന നടത്തിയ ശേഷം യുക്തമായ ശുപാർശയോടുകൂടി ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നു. എല്ലാ മൈനർ മിനറലുകൾക്കും ക്വാറിയിംഗ് ലീസ് അനുവദിക്കുന്നത് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ ആണ്. ക്വാറിയിംഗ് ലീസിന്റെ പരമാവധി കാലാവധി 12 വർഷമാണ്. ക്വാറിയിംഗ് ലീസ് അനുവദിച്ചുകിട്ടിയാൽ 1000 രൂപ സെക്യൂരിറ്റി സെപ്പോ സിറ്റ് ആയി അടച്ച് 1967 ലെ കെ.എം.എം.സി ചട്ടത്തിലുള്ള ഫോറം എച്ച് പ്രകാര മുള്ള ക്വാറിയിംഗ് ലീസ് ഡീഡ് ഒപ്പു വയ്ക്കുകയും രജിസ്റ്റർ ചെയ്യുകയും വേണം.

ഡീഡ് രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് സ്റ്റാമ്പ് ഡ്യൂട്ടി തീരുമാനിക്കേണ്ടതുണ്ട്. ആർ. ഡി.ഒ ആണ് ഇത് നിശ്ചയിക്കുന്നത്. മേൽ കാര്യങ്ങൾക്കുള്ള എല്ലാ നടപടികളും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്വീകരിക്കുന്നു. ലീസ് ഡീഡ് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ലെസിക്ക് ഖനനം ആരംഭിക്കാവുന്നതാണ്. ഇതിനു മുന്നോടിയായി സർക്കാർ നിശ്ചയിച്ച നിരക്കിൽ റോയൽറ്റി അടച്ച് ജില്ലാ ജിയോളജിസ്റ്റിൽ നിന്നും പെർമിറ്റ് സമ്പാദിക്കേണ്ടതുണ്ട്.

## 2. പ്രോസ്പെക്ടിംഗ് ലൈസൻസ്/ക്വാറിയിംഗ് ലീസ്

ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോൺ (അലങ്കാരശില)യുടെ ഖനനം നിയന്ത്രിക്കുന്നത് 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു പുറമെ 1999 ലെ ഗ്രാനൈറ്റ് കൺസർവേഷൻ ആന്റ് ഡെവലപ്പ്മെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുകൂടി വിധേയമാണ്.

ഗ്രാനൈറ്റ് ഡൈമൻഷൻ സ്റ്റോണിന്റെ (അലങ്കാരശിലയുടെ) ഖനനത്തിന് ക്വാറിയിംഗ് ലീസ് സമ്പാദിക്കുന്നതിന് മുന്നോടിയായി ഒരു പ്രോസ്പെക്ടിംഗ് ലൈസൻസ് സമ്പാദിക്കേണ്ടതുണ്ട്. ഇതിനുള്ള അപേക്ഷ 1960 ലെ എം.സിആർ പ്രകാരമുള്ള ഫോറം ബി യിൽ തയ്യാറാക്കി താഴെ പറയുന്ന രേഖകളോടൊപ്പം മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

- അപേക്ഷാ ഫീസ് ചതുരശ്ര കിലോ മീറ്ററിന് 250 രൂപയും കൂടാതെ അധികം വരുന്ന ചതുരശ്ര കി.മീറ്ററിന് 50 രൂപ നിരക്കിലും ട്രഷറിയിൽ അടച്ച് ചെലാൻ രസീത് (ചെലാൻ ഡയറക്ടർ മേലൊപ്പിടേണ്ടതാണ്.)
- മൈനർ മിനറലുകൾക്ക് ക്വാറിയിംഗ് ലീസ് ലഭിക്കുവാൻ വേണ്ടി സമർപ്പിക്കേണ്ട എല്ലാ രേഖകൾക്കും പുറമെ താഴെ പറയുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതുണ്ട്.

(എ)ഒരു രജിസ്റ്റേർഡ് ക്വാളിഫൈഡ് പേഴ്സൺ (ആർ. ക്യൂ.പി) തയ്യാറാക്കിയ സ്കീം ഓഫ് പ്രോസ്പെക്ടിംഗ്

പ്രോസ്പെക്ടിംഗ് ലൈസൻസ് അനുവദിക്കുന്നത് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ ആണ്. പരമാവധി മൂന്ന് വർഷമാണ് ഇതിന്റെ കാലാവധി. പ്രോസ്പെക്ടിംഗ് ലൈസൻസ് അനുവദിച്ചു കിട്ടിയശേഷം ചതുരശ്ര കിലോമീറ്ററിന് 2500 രൂപ എന്ന നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടച്ച് ഒരു പ്രോസ്പെക്ടിംഗ് ലൈസൻസ് ഡീഡ് ഒപ്പു വയ്ക്കേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ സംസ്ഥാന സർക്കാരിന്റെ തീരുമാനമനുസരിച്ച് ഹെക്ടറിന് 10 രൂപ വാർഷിക നിരക്കിൽ പ്രോസ്പെക്ടിംഗ് ഫീസും അടക്കേണ്ടതുണ്ട്. പ്രോസ്പെക്ടിംഗ് ലൈസൻസ് പ്രകാരം 10 മെ. ടൺ വരെ റോയൽറ്റി ഒടുക്കാതെയും പരമാവധി 200 മെ.ടൺ വരെ സർക്കാർ

നിശ്ചയിച്ച നിരക്കിൽ റോയൽറ്റി ഒടുക്കിയും ലൈസൻസിക്ക് അലങ്കാരശില ഗുണമേന്മ പരിശോധനയ്ക്കായി ഖനനം ചെയ്ത് നീക്കം ചെയ്യാവുന്നതാണ്. ആറു മാസം കൂടുമ്പോൾ പ്രവർത്തികളെക്കുറിച്ചുള്ള റിപ്പോർട്ട് ലൈസൻസി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടിംഗ് ലൈസൻസ് കാലാവധിക്കു മുമ്പോ പ്രോസ്പെക്ടിംഗ് പൂർത്തീകരിച്ച് മൂന്ന് മാസത്തിനകമോ ഏതാണ് ആദ്യമെന്നു വച്ചാൽ അന്ന് പ്രോസ്പെക്ടിംഗ് പ്രവർത്തിയെ സംബന്ധിച്ച പൂർണ്ണമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണം.

സംസ്ഥാന സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം പരമാവധി 5 വർഷം വരെയുള്ള കാലയളവിലേക്ക് പ്രോസ്പെക്ടിംഗ് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്.

തുടർന്ന് ഖനനം നടത്തണമെന്നുണ്ടെങ്കിൽ ക്വാറിയിംഗ് ലീസ് സമ്പാദിക്കണം. മൈനർ മിനറലുകൾക്ക് ക്വാറിയിംഗ് ലീസ് ലഭിക്കുവാൻ വേണ്ടി ഹാജരാക്കേണ്ട രേഖകൾക്കു പുറമെ ഈ രേഖകൾ കൂടി ഹാജരാക്കണം.

- അപേക്ഷാ ഫീസ് 10,000 രൂപ
- ആർ.ക്യൂ.പി തയ്യാറാക്കിയ മൈനിംഗ് പ്ലാൻ
- മുൻ ഖനനത്തിന് വകുപ്പിന് കടബാദ്ധ്യത ഒന്നുമില്ലെന്ന് കാണിക്കുന്ന മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നോട്ടറൈസ് ചെയ്ത അപേക്ഷകന്റെ സത്യവാങ്മൂലം.

അപേക്ഷയും പ്രമാണങ്ങളും ജില്ലാ ജിയോളജിസ്റ്റിനാണ് സമർപ്പിക്കേണ്ടത്. ക്വാറിയിൽ ലീസ് അനുവദിക്കുന്നതും മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ തന്നെയാണ്. ആയത് പരമാവധി 10 വർഷം വരെ കാലാവധിക്ക് അനുവദിക്കുന്നതാണ്. ഇക്കാര്യത്തിലും ലീസ് ഡീഡ് ഒപ്പു വയ്ക്കലും രജിസ്റ്റർ ചെയ്യലും ആവശ്യമാണ്. നേരത്തെ പറഞ്ഞപോലുള്ള നടപടിക്രമങ്ങൾ തന്നെയാണ് ഇക്കാര്യത്തിലും ഉള്ളത്.

ക്വാറിയിൽ ലീസ് സമ്പാദിച്ചവർ സർക്കാർ നിശ്ചയിച്ച നിരക്കിൽ സർഫസ് റെന്റും ആദ്യത്തെ വർഷമൊഴികെ തുടർ വർഷങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്ത് ഡെഡ് റെന്റിനു തുല്യമായ റോയൽറ്റി അടച്ചിട്ടില്ലെങ്കിൽ അപ്രകാരമുള്ള വാർഷിക ഡെഡ് റെന്റും അടയ്ക്കണം. ഗ്രാനൈറ്റ് ഡൈമെൻഷൻ സ്റ്റോൺ, അലങ്കാര ശിലാ ഖനനത്തിന് ലീസ് ലഭിച്ചു കഴിഞ്ഞാൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ റോയൽറ്റി അടച്ച് അംഗീകരിച്ച മൈനിംഗ് പ്ലാനിൽ നിന്നും വ്യതിചലിക്കാതെ ഖനനം നടത്തി വിപണനം നടത്തേണ്ടതാണ്.

ക്വാറിയിംഗ് ലീസിന്റെ കാലാവധി കഴിഞ്ഞാൽ അതേ കാലാവധിക്കുതന്നെയോ കുറഞ്ഞകാലയളവിലേയോക്കോ ലീസ് പുതുക്കി വാങ്ങാവുന്നതാണ്. ലീസ് പുതുക്കുന്നതിനുള്ള അപേക്ഷ എല്ലാ പ്രമാണങ്ങളും സഹിതം ലീസ് കാലാവധി തീരുന്നതിനും 3 മാസം മുമ്പെങ്കിലും സമർപ്പിക്കേണ്ടാകതാണ്. ക്വാറിയിംഗ് ലീസ് പുതുതായി അനുവദിച്ചു കിട്ടുന്നതിനുള്ള സമയം 6 മാസവും പുതുക്കി അനുവദിച്ച് കിട്ടുന്നതിനുള്ള സമയം 3 മാസവുമായി നിജപ്പെടുത്തിയിട്ടുണ്ട്.

## 3. ഡീലേഴ്സ് ലൈസൻസ്

ക്വാറിയിംഗ് പെർമിറ്റോ ക്വാറിയിംഗ് ലീസോ ഇല്ലാത്തവർ ചെറുകിട ഖനിജങ്ങൾ സ്റ്റോക്ക് ചെയ്യുവാനോ, വിപണനം നടത്തുവാനോ ബന്ധപ്പെട്ട ഉദ്യാഗസ്ഥനിൽ നിന്നും ഡീലേഴ്സ് ലൈസൻസ് സമ്പാദിക്കേണ്ടതാണ്. ജില്ലാ ജിയോളജിസ്റ്റാണ് ഡീലേഴ്സ് ലൈസൻസ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷമാണ് ഇതിന്റെ കാലാവധി. ഇതിനുള്ള അപേക്ഷ ഫോറം കെ യിൽ താഴെ പറയുന്ന പ്രമാണങ്ങ ളടക്കം അതാതു ജില്ലാ ജിയോളജിസ്റ്റിനു സമർപ്പിക്കേണ്ടതാണ്.

- കെ.എം.എം.സി റൂൾസിലെ ഷെഡ്യൂൾ 3 പ്രകാരമുള്ള ഫീസ് അടച്ച ചെലാൻ രസീത്
- സെയിൽസ് ഡിപ്പോ കാണിച്ചു കൊണ്ടുള്ള ലൊക്കേഷൻ മാപ്പ്
- സ്ഥലം സ്വന്തമല്ലെങ്കിൽ സ്ഥല ഉടമയുടെ സമ്മതപത്രം
- സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കാണിക്കുന്ന റവന്യു അധികാരിയുടെ സർട്ടിഫിക്കറ്റ്
- അപേക്ഷകൾ പാർട്ട്ണർഷിപ്പ് ഫേം/കമ്പനി/സൊസൈറ്റി ആണെങ്കിൽ പാർട്ട്ണർഷിപ്പ് ഡീഡ്/ആർട്ടിക്കിൾസ് ഓഫ് അസോസിയോഷൻ/ബൈലോയുടെ ശരിപകർപ്പ്.

4. കേരള മൈനർ മിനറൽ കൺസഷൻ (അമന്റ്മെന്റ്) റൂൾസ് 2001 അനുസരിച്ച് നടപ്പാക്കിയിട്ടുള്ള മെറ്റൽ ക്രഷർ യൂണിറ്റുകളുടെ രജിസ്ട്രേഷനും കൺസോളിഡേറ്റഡ് റോയൽറ്റിയും.

മാർച്ച് 31 വരെ പ്രാബല്യത്തിലുള്ള ക്വാറിയിംഗ് ലീസ് ലഭിച്ചവർക്ക് ആവശ്യമെങ്കിൽ മേൽ ഭേദഗതി പ്രകാരമുള്ള ലൈസൻസിന് അപേക്ഷിക്കാവുന്നതാണ്. സാമ്പത്തിക വർഷത്തേക്കാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്. മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറാണ് ഇത് അനുവദിക്കുന്നതിനുള്ള അധികാരി. രജിസ്ട്രേഷൻ പ്രകാരം ലീസ് ഏരിയായിൽ നിന്നും മൈനർ മിനറൽ പുറത്തേക്ക് ഗതാഗതം ചെയ്യുന്നതിന് ജില്ലാ ജിയോളജിസ്റ്റ് സാക്ഷ്യപ്പെടുത്തിയ പി ഫോറം ഉപയോഗിക്കേണ്ടതാണ്.

മെറ്റൽ ക്രഷർ യൂണിറ്റുകളുടെ രജിസ്ട്രേഷൻ ഫോറം ആർ ൽ ജില്ലാ ജിയോളജിസ്റ്റ് മുഖാന്തിരം പരിശോധനാ റിപ്പോർട്ടോടു കൂടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേയോടൊപ്പം താഴെ പറയുന്ന രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്.

- ക്രഷർ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിന്റെ സർവ്വേ നമ്പർ തുടങ്ങിയ വിവരങ്ങൾ കാണിച്ചുകൊണ്ടുള്ള ഒരു ലൊക്കേഷൻ മാപ്പ്.
- ക്വാറിയിംഗ് ലീസ് ഉത്തരവിന്റെ പകർപ്പും ലീസ് ഡീഡിന്റെ പകർപ്പും
- ക്രഷർ യൂണിറ്റിന്റെ വലിപ്പത്തെക്കുറിച്ചും മറ്റും നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം (100 രൂപ മുദ്രപത്രത്തിൽ)
- ഇൻകം ടാക്സ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം (100 രൂപ മുദ്രപത്രത്തിൽ)
- അപേക്ഷകൻ പാർട്ട്ണർഷിപ്പ് ഫേം/കമ്പനി/സൊസൈറ്റി ആണെങ്കിൽ പാർട്ട്ണർഷിപ്പ് ഡീഡ്/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ/ബൈലോയുടെ പകർപ്പ്
- ക്രഷർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ചും മുൻവർഷത്തെ ഉൽപ്പാദനത്തെ സംബന്ധിച്ചുമുള്ള സത്യവാങ്മൂലം 100 രൂപ മുദ്ര പത്രത്തിൽ
- രജിസ്ട്രേഷൻ നൽകുന്നതിന് അനുയോജ്യമാണെങ്കിൽ കെ.എം.എം.സി ചട്ടത്തിലെ 4-ാം ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിൽ ജോ സൈസിന് റോയൽറ്റി ഒടുക്കാൻ ചെലാൻ അനുവദിക്കുന്നതും ആയത് ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ രസീത് ഹാജരാക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നൽകി ലൈസൻസ് അനുവദിക്കാവുന്നതാണ്.
- ക്രഷർ യൂണിറ്റുകളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് നിലവിലുള്ള ലൈസൻസിന്റെ കാലാവധി തീരുന്നതിന് ഒരു മാസം മുമ്പുതന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**കൺസോളിഡേറ്റഡ് റോയൽറ്റി നിരക്കുകൾ**

(ജി.ഒ(പി) നമ്പർ. 1/2008/ഐ.ഡി. തീയതി. തിരുവനന്തപുരം 01/01/2008)

| ക്രമ നം | ക്രഷർ യൂണിറ്റിന്റെ ജാ സൈസ് (സെ.മി) | സാമ്പത്തിക വർഷം ഒടുക്കേണ്ട റോയൽറ്റി |
|---|---|---|
| 1 | 30.48 x 17.70 മുതൽ 40.64 x 22.86 വരെ | 50,000/ രൂപ |
| 2 | 40.64 x 22.86 നുമേൽ76.20 x 20.32 വരെ | 1,00,000/- രൂപ |
| 3 | 76.20 x 20.32 നുമേലും76.20 x 22.86106.68 x 15.24 എന്നിവയ്ക്കും | 2,00,000/- രൂപ |

# മേജർ മിനറൽ

## 1. റെക്കണൈസൻസ് പെർമിറ്റ്

മേജർ മിനറലുകളുടെ ലഭ്യതയെക്കുറിച്ച് പ്രാഥമികാന്വേഷണം നടത്തുന്നതിന് റെക്കണൈസൻസ് പെർമിറ്റ് സമ്പാദിച്ചിരിക്കണം. ഇതിനുള്ള അപേക്ഷാഫാറം എ യിൽ താഴെപറയുന്ന രേഖകൾ സഹിതം മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടർക്ക് സമർപ്പിക്കണം.

- ചതുരശ്ര കിലോമീറ്ററിന് 5 രൂപ നിരക്കിൽ അപേക്ഷാ ഫീസ് ട്രഷറിയിൽ അടച്ച ചെലാൻ രസീത്
- ഇൻകം ടാക്സ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നോട്ടറൈസ് ചെയ്ത സത്യവാങ്മൂലം (100 രൂപ മുദ്രപത്രത്തിൽ)
- മുൻ ഖനനത്തിന് വകുപ്പിന് കടബാദ്ധ്യത ഇല്ലെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നോട്ടറൈസ് ചെയ്ത സത്യവാങ്മൂലം (100 രൂപ മുദ്രപത്രത്തിൽ)
- ഖനന സ്ഥലത്തിന്റെ സർവ്വേ പ്ലാൻ/ലോക്കേഷൻ സ്കെച്ച്
- അപേക്ഷകൻ പാർട്ട്ണർഷിപ്പ് ഫേം/കമ്പനി/സൊസൈറ്റി ആണെങ്കിൽ പാർട്ട്ണർഷിപ്പ് ഡീഡ്/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ/ബൈലോയുടെ ശരിപകർപ്പ്.

അപേക്ഷയും പ്രമാണങ്ങളും സൂക്ഷ്മ പരിശോധന നടത്തി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ സ്ഥലപരിശോധന നടത്തി ആവശ്യമായ ശുപാർശയോടുകൂടി അപേക്ഷ സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു. ഒന്നാം ഷെഡ്യൂളിൽപ്പെട്ട ധാതുക്കളുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. (റെക്കണൈസൻസ് പെർമിറ്റ് അനുവദിക്കുന്ന അധികാരി സംസ്ഥാന സർക്കാരാണ്). 1960 ലെ മിനറൽ കൺസഷൻ ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായാണ് പെർമിറ്റ് അനുവദിക്കുന്നത്. പെർമിറ്റ് അനുവദിച്ചു കിട്ടിയാൽ ഓരോ ചതുരശ്ര കിലോമീറ്ററിനും 25 രൂപ നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് 90 ദിവസത്തിനകം പെർമിറ്റ് ഡീഡ് ഒപ്പുവയ്ക്കേണ്ടതുണ്ട്. പെർമിറ്റ് ഡീഡ് ഒപ്പു വയ്ക്കുന്ന തീയതി മുതൽ മൂന്നുവർഷത്തേക്കാണ് റെക്കണൈസൻസ് പെർമിറ്റിന്റെ കാലാവധി.

## 2. പ്രോസ്പെക്ടിംഗ് ലൈസൻസ്

മേജർ മിനറലുകളുടെ ലഭ്യത, ഗുണമേന്മ എന്നിവയെക്കുറിച്ച് മുൻകൂർ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇതിനായി ഒരു പ്രോസ്പെക്ടിംഗ് ലൈസൻസ് സമ്പാദിക്കണം. ഇതിനുള്ള അപേക്ഷ ഫോറം ബി യിൽ താഴെപറയുന്ന രേഖകൾ സഹിതം മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർക്ക് സമർപ്പിക്കണം.

- അപേക്ഷാഫീസ് ചതുരശ്ര കിലോമീറ്ററിന് 250/ രൂപയും കൂടാതെ അധികം വരുന്ന ചതുരശ്ര കിലോമീറ്ററിന് 50 രൂപ നിരക്കിലും ട്രഷറിയിൽ അടച്ച ചെലാൻ രസീത് (ചെലാൻ ഡയറക്ടർ മേലൊപ്പിടണം)
- ഇൻകം ടാക്സ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നോട്ടറൈസ് ചെയ്ത സത്യവാങ്മൂലം (100 രൂപ മുദ്രപത്രത്തിൽ)
- മുൻ ലീസുകളിൽ കടബാദ്ധ്യത ഒന്നുമില്ലെന്ന് വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നോട്ടറൈസ് ചെയ്ത സത്യവാങ്മൂലം (100 രൂപ മുദ്രപത്രത്തിൽ)
- ഖനന സ്ഥലത്തിന്റെ സർവ്വേ മാപ്പ് (സർവ്വേ നമ്പർ, സബ്ഡിവിഷൻ നമ്പർ, അതിർത്തി സർവ്വേ നമ്പരുകൾ എന്നിവ കാണിച്ചിരിക്കണം) തഹസിൽദാർ സർട്ടിഫൈ ചെയ്തത്.
- സർക്കാർ ഭൂമിയാണെങ്കിൽ റവന്യൂ അധികാരിയിൽ നിന്നും ലഭിച്ചിട്ടുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്. സ്വന്തം ഭൂമിയാണെങ്കിൽ പൊസഷൻ ആന്റ് എൻജോയ്മെന്റ് സർട്ടിഫിക്കറ്റ്, മറ്റൊരാളുടെ വസ്തുവാണെങ്കിൽ ടി സ്ഥലത്ത് ഖനനാനുമതി നൽകുന്ന ഭൂഉടമയുടെ സമ്മതപത്രം സഹിതം (100 രൂപ മുദ്രപത്രത്തിൽ)
- ഖനന സ്ഥലത്തിന്റെ ലൊക്കേഷൻ മാപ്പ് (കീ മാപ്പ്)
- സ്കീം ഓഫ് പ്രോസ്പെക്ടിംഗ് - ആർ.ക്യു.പി തയ്യാറാക്കിയത്
- അപേക്ഷകൻ പാർട്ട്ണർഷിപ്പ് ഫേം/കമ്പനി/സൊസൈറ്റി ആണെങ്കിൽ പാർട്ട്ണർഷിപ്പ് ഡീഡ്/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ/ബൈലോയുടെ ശരിപകർപ്പ്

അപേക്ഷയും പ്രമാണങ്ങളും സൂക്ഷ്മ പരിശോധന നടത്തി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടാൽ സ്ഥല പരിശോധന നടത്തി ആവശ്യമായ ശുപാർശയോടുകൂടി അപേക്ഷയും പ്രമാണങ്ങളും ലൈസൻസ് അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു. പ്രോസ്പെക്ടിംഗ് ലൈസൻസ് അനുവദിക്കുന്ന അധികാരി സംസ്ഥാന സർക്കാരാണ് ഒന്നാം ഷെഡ്യൂളിൽപ്പെട്ട ധാതുക്കളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിക്കേണ്ടതുണ്ട്. ലൈസൻസ് അനുവദിച്ചുകിട്ടിയാൽ ചതുരശ്ര കിലോമീറ്ററിന് 2500/ രൂപ എന്ന നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടച്ച് പ്രോസ്പെക്ടിംഗ് ലൈസൻസ് ഡീഡ് ഡയറക്ടറും ലൈസൻസിയും തമ്മിൽ ഒപ്പുവയ്ക്കുകയും രജിസ്റ്റർ ചെയ്യുകയും വേണം. ഇതോടൊപ്പം തന്നെ സംസ്ഥാന സർക്കാരിന്റെ തീരുമാനമനുസരിച്ച് ഹെക്ടറിന് 10 രൂപ വാർഷിക നിരക്കിൽ പ്രോസ്പെക്ടിംഗ് ഫീസ് അടക്കേണ്ടതുണ്ട്. ഇതിനുശേഷം ഗുണമേന്മ പരിശോധനയ്ക്കായി ലൈസൻസിക്ക് ഖനനം ആരംഭിക്കാവുന്നതാണ്. പ്രോസ്പെക്ടിംഗ് ലൈസൻസ് പ്രകാരം 10 മെ.ടൺ വരെ റോയൽറ്റി ഒടുക്കാതെയും പരമാവധി 200 മെ.ടൺ സർക്കാർ നിശ്ചയിച്ച നിരക്കിൽ റോയൽറ്റി ഒടുക്കിയും

ധാതുക്കൾ ഖനനം ചെയ്ത് നീക്കാവുന്നതാണ്. പരമാവധി 3 വർഷമാണ് ഒരു പ്രോസ്പെക്ടിംഗ് ലൈസൻസിന്റെ കാലാവധി. സംസ്ഥാന സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം പരമാവധി 3 വർഷം വരെയുള്ള കാലാവധിയിലേക്ക് പ്രോസ്പെക്ടിംഗ് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. ആറുമാസം കൂടുമ്പോൾ പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ട് ലൈസൻസി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

## 3. മൈനിംഗ് ലീസ്

മേജർ മിനറലുകൾ വ്യാവസായികാടിസ്ഥാനത്തിൽ ഖനനം ചെയ്യുന്നതിനുള്ള അനുമതിയാണ് മൈനിംഗ് ലീസ്. ഇതിനുള്ള അപേക്ഷാ ഫോറം ഐ യിൽ താഴെപ്പറയുന്ന പ്രമാണങ്ങളോടൊപ്പം മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർക്ക് സമർപ്പിക്കണം.

1. അപേക്ഷാ ഫീസ് 2500 രൂപ ട്രഷറിയിൽ അടച്ച ചെലാൻ രസീത് (ചെലാൻ ഡയറക്ടർ മേലൊപ്പിടണം)
2. ഖനനാനുമതി സംബന്ധിച്ച് പ്രാരംഭ ചിലവുകൾക്കായി 1000 രൂപ ഡെപ്പോസിറ്റ് ചെയ്ത ചെലാൻ രസീത് (ചെലാൻ ഡയറക്ടർ മേലൊപ്പിടണം)
3. പ്രോസ്പെക്ടിംഗ് ലൈസൻസിനുവേണ്ടി സമർപ്പിക്കേണ്ട മറ്റു പ്രാമണങ്ങൾക്കു പുറമെ താഴെ പറയുന്നവ കൂടി ആവശ്യമാണ്.
    a. ധാതുഖനന പ്രോജക്ടിന്റെ റിപ്പോർട്ട് ആർ.ക്യു.പി തയ്യാറാക്കിയത്
    b. ഖനനം ചെയ്തെടുക്കുന്ന ധാതു ഉപയോഗിച്ച് സംസ്ഥാനത്ത് ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുമെന്ന ഉറപ്പോടുകൂടിയ നോട്ടറൈസ് ചെയ്ത സത്യവാങ്മൂലം - 100 രൂപ മുദ്രപത്രത്തിൽ (ഇത് സിലിക്കാസാന്റ് ഖനനത്തിനുമാത്രം ബാധകമാണ്)
    c. ഭാരതസർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഇ.ഐ.എ നോട്ടിഫിക്കേഷൻ പ്രകാരമുള്ള രേഖകൾ ബാധകമാണെങ്കിൽ ഹാജരാക്കേണ്ടതാണ്.

## സമയപരിധി

| | | |
|---|---|---|
| 1 | റെക്കണസൻസ് പെർമിറ്റ്/പ്രോസ്പെക്ടിംഗ് ലൈസൻസ്/ മൈനിംഗ് ലീസ് അനുവദിക്കുന്നതിന് | 1960 ലെ മിനറൽ കൺസഷൻ ചട്ടങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന പോലെ |
| 2 | ക്വാറിയിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് | ഒരു മാസം |
| 3 | ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിന് ക്വാറിയിംഗ് ലീസ് പുതുക്കുന്നതിന് | 6 മാസം3 മാസം |

| | | |
|---|---|---|
| 4 | ഡീലേഴ്സ് ലൈസൻസ് അനുവദിക്കുന്നതിന് | 2 ആഴ്ച |
| 5 | പരാതി പരിഹാരം | ഒരു മാസം |

## ഹെഡ് ഓഫ് അക്കൗണ്ട്

0853 നോൺഫേറസ് മൈനിംഗ് ആന്റ് മെറ്റലർജിക്കൽ ഇൻഡസ്ട്രീസ് 102 മിനറൽ കൺസഷൻ ഫീസ് റെന്റ്സ് ആന്റ് റോയൽറ്റീസ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് അപേക്ഷാ ഫീസ്, സർഫസ്റെന്റ്, ഡെഡ്റെന്റ്, റോയൽറ്റി എന്നിവ അടക്കേണ്ടത്. അതാത് ആഫീസുകളിൽ നിന്നും മേലൊപ്പിട്ട് ലഭിച്ച ചെലാൻ മുഖാന്തിരമാണ് ഫീസ് ട്രഷറികളിൽ ഒടുക്കേണ്ടത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടത് 8443 സിവിൽ ഡപ്പോസിറ്റ് 103 സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്ന ഹെഡിലാണ്

## അനധികൃത ഖനനം/കടത്ത്/സ്റ്റോക്ക് ശിക്ഷകൾ

ഏതെങ്കിലും ആൾ, ഏതെങ്കിലും ഭൂമിയിൽനിന്ന്, ഏതെങ്കിലും ധാതുക്കൾ നിയമാനുസൃതമായി അധികാരപ്പെടുത്താതെ ഖനനം ചെയ്യുകയോ/സ്റ്റോക്ക് ചെയ്യുകയോ/കടത്തുകയോ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ആയതിന് 1957 ലെ മൈൻസ് ആന്റ് മിനറൽസ് ഡവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ടുപ്രകാരവും 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരവും ശിക്ഷാർഹമാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ വഴി അവബോധം നൽകുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കുക. പരിസ്ഥിതിയ്ക്ക് ഖനനം (പെർമിറ്) ആഘാതമാകുന്നില്ലെന്ന് ഉറപ്പു വരുത്തുക. പരിസ്ഥിതി ആഘാതം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തുക, റിപ്പോർട്ട് ചെയ്യുക.

# XLI.
# എക്സൈസ് വകുപ്പ്



## ആമുഖം

തിരുവിതാംകൂർ മഹാരാജാവിന്റെ ഭരണകാലം മുതൽ തന്നെ വളരെ സജീവമായിരുന്ന സംസ്ഥാനത്തെ പ്രധാനപ്പെട്ട സർക്കാർ വകുപ്പുകളിലൊന്നാണ് എക്സൈസ് വകുപ്പ്. ഈ വകുപ്പിന്റെ പ്രധാന ചുമതല, ഉപ്പ്, പുകയില, അബ്കാരി, കസ്റ്റംസ് എന്നിവയുടെ തീരുവ സമാഹരിക്കുക എന്നതായിരുന്നു. ഹജൂർ കച്ചേരിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും അനുബന്ധമായി പ്രവർത്തിച്ചിരുന്ന ഈ വകുപ്പിന്റെ ആദ്യത്തെ പേര് പിറവാഗ്വായ് എന്നായിരുന്നു. ദിവാൻ പേഷ്ക്കാരുടെ മേൽനോട്ടത്തിലായിരുന്നു പ്രസ്തുത വകുപ്പിന്റെ ഭരണാധികാരവും റവന്യൂ പിരിവും നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കി വന്നിരുന്നത്. തിരുവിതാംകൂർ സർക്കാർ ഈ വകുപ്പിനെ മലയാള വർഷം 1083 ൽ അതായത് 1907-08 കാലഘട്ടത്തിൽ എക്സൈസ് വകുപ്പ് എന്നപേരിൽ പുന: സംഘടിപ്പിക്കുകയും ഭരണ സൗകര്യാർത്ഥം വകുപ്പിനെ നാല് ഡിവിഷനുകളായി വിഭജിക്കുകയും ചെയ്തു. നാലായി വിഭജിച്ച ഓരോ ഡിവിഷനും വിവിധ സർക്കിളുകളാക്കുകയും തുടർന്ന് ഓരോ സർക്കിളിനു കീഴിലും വിവിധ റേഞ്ചുകളും സ്ഥാപിച്ചു. നാലു ഡിവിഷനുകളും ഓരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ അധികാരത്തിലാക്കുകയും ചെയ്തു. എക്സൈസ് വകുപ്പിന്റെ ഭരണപരമായ നേതൃത്വം എക്സൈസ് കമ്മീഷണറിൽ നിക്ഷിപ്തമാണ്.

കേരള സംസ്ഥാനം രൂപീകൃതമായ 1956 ലും ഈ വ്യവസ്ഥ തുടർന്ന് വരികയും ചെയ്യുന്നു.

1996–ാം വർഷം വരെ എക്സൈസ് വകുപ്പ് ബോർഡ് ഓഫ് റവന്യുവിന്റെ കീഴിലായിരുന്നു പ്രവർത്തിച്ചു വന്നിരുന്നത്. 1996 ലെ ബോർഡ് ഓഫ് റവന്യു അബോളിഷൻ ആക്ട് (ആക്ട് 14, 1997) പ്രകാരം എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലായി. നിലവിൽ എക്സൈസ് വകുപ്പ് മദ്യം, മയക്കുമരുന്ന്, ഈഥെയിൽ ആൽക്കഹോൾ ഉപയോഗിച്ച് തയ്യാറാക്കുന്ന മരുന്നുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളും നിയന്ത്രണങ്ങളും ശക്തമായി നടപ്പിലാക്കുന്ന വകുപ്പായി നിലകൊള്ളുന്നു.

എക്സൈസ് വകുപ്പിന് കീഴിൽ 15 ഡിസ്റ്റലറികളും 5 വിദേശ മദ്യ ബോട്ടിലിംഗ്-ബ്ലൻഡിംഗ് യൂണിറ്റും 2 ബ്രൂവറീസും, 7 ഔഷധശാലകളും പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങൾ അതാത് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

ഓരോ സ്ഥാപനത്തിലും ഒരു പ്രിവന്റീവ് ആഫീസറെയും, എക്സൈസ് ഗാർഡിനേയും നിയമിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നൽകുന്നത് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ലൈസൻസികളാണ്. ഓരോ മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നത്. കൂടാതെ കൊച്ചി ആസ്ഥാനമായി സി.എസ്.ടി ഹെഡ് ക്വാർട്ടേഴ്സിലും ജില്ലാതലങ്ങളിൽ 22 കെ.എസ്.ബി.സി വെയർ ഹൗസുകളിലും സർക്കിൾ ഇൻസ്പെക്ടർമാരുടെ ചുമതലയിൽ പ്രത്യേക വിഭാഗങ്ങളായി പ്രവർത്തിച്ചു വരുന്നു.

| ക്രമ നം. | എക്സൈസ് ഓഫീസുകൾ | എണ്ണം |
|---|---|---|
| 1 | എക്സൈസ് കമ്മീഷണറേറ്റ്, (തിരുവനന്തപുരം) | 1 |
| 2 | അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) | 1 |
| 3 | എക്സൈസ് വിജിലൻസ് ആഫീസ്, (തിരിവനന്തപുരം) | 1 |
| 4 | സ്റ്റേറ്റ് എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോ | 1 |
| 5 | സ്റ്റേറ്റ് എക്സൈസ് അക്കാദമി & ഗവേഷണ കേന്ദ്രം (തൃശ്ശൂർ) | 1 |
| 6 | മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ കാര്യലയം. (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) | 3 |
| 7 | മേഖലാ എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) | 3 |

| | | |
|---|---|---|
| 8 | ഡിവിഷണൽ എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (14 ജില്ലകളിലും) | 14 |
| 9 | എക്സൈസ് ഡിവിഷണൽ ഓഫീസുകൾ (14 ജില്ലകളിലും) | 14 |
| 10 | നാർകോർട്ടിക് എൻഫോഴ്സമെന്റ് സ്ക്വാർഡ് (അടിമാലി, ഇടുക്കി) | 1 |
| 11 | എക്സൈസ് എൻഫോഴ്സമെന്റ് ആന്റ് നാർക്കോട്ടിക് സ്പെഷൽ സ്ക്വാർഡ് (14 ജില്ലകളിലും) | 14 |
| 12 | എക്സൈസ് സർക്കിൾ ആഫീസുകൾ (എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും) | 63 |
| 13 | എക്സൈസ് റേയ്ഞ്ച് ആഫീസുകൾ | 138 |
| 14 | എക്സൈസ് ചെക്പോസ്റ്റ് മേജർ | 6 |
| 14 | എക്സൈസ് ചെക്പോസ്റ്റ് മൈനർ | 34 |

## പ്രവർത്തനങ്ങളും കർത്തവ്യങ്ങളും

മദ്യം, മയക്കുമരുന്ന്, ഈഥൈൽ ആൽക്കഹോൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന മരുന്നുകളുടെ നിർമ്മാണത്തിലും ഉപയോഗത്തിലും ഏർപ്പെടുത്തിയിട്ടുള്ള വിവിധ ചട്ടങ്ങളും നിയമങ്ങളും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുകയും പ്രവർത്തിക്കുകയുമാണ് എക്സൈസ് വകുപ്പിന്റെ പ്രാധാന കർത്തവ്യം. നിയമങ്ങളും ചട്ടങ്ങളും ഇതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ സുപ്രധാനമായ നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- അബ്കാരി ആക്ട് 1077
- പ്രോഹിബിഷൻ ആക്ട് 1650
- നാർക്കോട്ടിക് ഡ്രഗ്സ് & സൈക്കോട്രോഫിക് സബ്ബ്സ്റ്റൻസസ് ആക്ട് 1985
- മെഡിസിനൽ & ടോയിലറ്റ് പ്രിപ്പറേഷൻസ് (എക്സൈസ് ഡ്യൂട്ടീസ്) ആക്ട് 1955
- സ്പിരിറ്റ് പ്രിപ്പറേഷൻ (ഇന്റർ സ്റ്റേറ്റ് ട്രേഡ് & കോമേഴ്സ്) കൺട്രോൾ ആക്ട്

എക്സൈസ് വരുമാനം യഥാവിധി പിരിച്ചെടുക്കുക, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ശക്തമായി നടപ്പിലാക്കുക, നിയമങ്ങളും ചട്ടങ്ങളും ലംഘിക്കുന്നവരെ നിയന്ത്രിക്കുകയും ശിക്ഷിക്കുകയും ചെയ്യുക എന്നതാണ് എക്സൈസ് വകുപ്പിന്റെ പ്രധാന ചുമതലകൾ. വരുമാന ചോർച്ച ഫലപ്രദമായി തടയുക, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദുരുപയോഗം തടയുക, അക്രമങ്ങൾ തടയുക, എക്സൈസ് വരുമാനം ത്വരിതപ്പെടുത്തുക എന്നിവയും പ്രധാന ചുമതലകളാണ്.

മദ്യത്തിന്റെ നിർമ്മാണം, ഉൽപ്പാദനം, കൈവശം വയ്ക്കൽ, സംഭരണം, കൈമാറ്റം, വാങ്ങൽ, വിൽപ്പന തുടങ്ങിയ കാര്യങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയമ

നിർമ്മാണത്തിൻ കീഴിലാണ് നടത്തി വരുന്നത്. ആൽക്കഹോൾ മുഖ്യ ഘടകമായി ഉള്ള എല്ലാ ദ്രവ്യങ്ങളും കള്ള്, ബിയർ, ചാരായം, വൈൻ, സ്പിരിറ്റ് തുടങ്ങിയ വസ്തുക്കൾ അബ്കാരി നിയമങ്ങളുടെ കീഴിൽ വരുന്നു. വ്യക്തികൾക്ക് മദ്യം ഉൽപ്പാദിപ്പിക്കുന്നതിനോ, വിതരണം ചെയ്യുന്നതിനോ അധികാരം നൽകിയിട്ടില്ല. സംസ്ഥാന സർക്കാരിന് മാത്രമെ മദ്യവുമായി ബന്ധപ്പെട്ട ഏത് വിഷയവും കൈകാര്യം ചെയ്യുവാൻ അധികാരമുള്ളു. കാലാകാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന അബ്കാരി നിയമങ്ങൾക്ക് വിധേയമായിട്ടാണ് നയങ്ങളും നടപടികളും സ്വീകരിച്ചുവരുന്നത്. എക്സൈസ് വകുപ്പിന്റെ അംഗീകാരത്തോടു കൂടിയുള്ള ലൈസൻസുകളുടേയും പെർമിറ്റുകളുടെയും അടിസ്ഥാനത്തിൽ മാത്രമെ മദ്യവുമായി ബന്ധപ്പെട്ട ഏത് പ്രവർത്തനങ്ങളും നടത്തുവാൻ സാധിക്കുകയുള്ളു.

**1. –96 വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്**

ആകെ – 5,00,000 രൂപ

ചാരായ നിരോധനം നടപ്പാക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട് എന്ന ഈ ശീർഷകത്തിന്റെ പേര് 30/03/2013 se GO (Rt) No. 2848/2013/Fin dated 30/03/2013 ഉത്തരവ് പ്രകാരം വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട് എന്നാക്കിയിരിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) വ്യാജമദ്യത്തിനെതിരെ കളക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. ടി തുക എല്ലാ ജില്ലാ കളക്ടർമാർക്കുമായി വീതിച്ചു നൽകുന്നതാണ്.

**2. –95 മദ്യസക്തിക്കെതിരായ പ്രചാരണം**

ആകെ – 50,00,000 രൂപ

മദ്യ–മയക്കുമരുന്നു ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു എക്സൈസ് വിഭാഗം രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. 2013–14 സാമ്പത്തിക വർഷത്തിൽ മദ്യ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾക്കായി സർക്കാർ 50 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. സമൂഹത്തിൽ മദ്യാസക്തി വളരെയധികം കൂടി വരുന്നതായി കണ്ടു വരുന്ന ഈ കാലഘട്ടത്തിൽ നിലവിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമാണ്. ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയതിന്റെ ഫലമായി കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന കുറഞ്ഞതായി കാണുന്നു. കേരളീയ സമൂഹത്തിൽ വ്യാപകമാകുന്ന കടുത്ത മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങളും കണക്കി

ലെടുത്തുകൊണ്ട് സമഗ്രമായ മദ്യവിരുദ്ധ ബോധവത്ക്കരണ പരിപാടികൾക്ക് രണ്ടു കോടി രൂപ കൂടി അനുവദിക്കേണ്ടതാണ്.

**3. -94 എക്സൈസ് വകുപ്പ് നവീകരണം**

ആകെ - 2,75,00,000 രൂപ

2013-14 കാലയളവിൽ 2039-00-001-94 എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ 2,75,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പിന് ലഭിക്കണ്ടുന്ന നികുതികൾ ഈ-പേയ്മെന്റ് മുഖേന ലൈസൻസികൾക്ക് നേരിട്ട് അടക്കുന്നതിന് കേമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് 5.2 ലക്ഷം രൂപ ചെലവിൽ വകുപ്പിൽ ഈ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടു ണ്ട്.എക്സൈസ് വകുപ്പിൻ നിന്നും ലൈസൻസികൾക്കും, പൊതു ജനങ്ങൾക്കും നൽകുന്ന സേവനങ്ങൾ കൂടി ഓൺലൈനിൽ നൽകേണ്ടതുണ്ട്. ആയതിന് വകു പ്പിന് പ്രത്യേകമായി സോഫ്റ്റ് വെയർ ഉണ്ടാക്കേണ്ടതും കമ്പ്യൂട്ടർ, സെർവർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ വാങ്ങേണ്ടതുമാണ്. അത്യാധുനിക ആയു ധങ്ങൾ, നൂതന വാഹനങ്ങൾ, കമ്പ്യൂട്ടർ വൽക്കരണം, ഇ-ഗവേർണൻസ് തുട ങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ വകുപ്പിന്റെ നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പദ്ധതിയിനം (Plan Fund)

**4. 2039-00-001-93 എക്സൈസ് വകുപ്പിലെ വയർലസ് സംവിധാനത്തിന്റെ മെച്ചപ്പെടുത്തൽ** - 1,10,00,000 രൂപ

**5. 2039-00-001-92 ജില്ലാ മൊബൈൽ അനലറ്റിക്കൽ ലബോറട്ടറികൾ** - 40,00,000 രൂപ

**6. 2039-00-800-96 സംസ്ഥാന എക്സൈസ് അക്കാഡമിയുടെയും ഗവേഷണ കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ** - 40,00,000 രൂപ

ആകെ പദ്ധതിയിനം - 1,90,00,000 രൂപ

============

# XLII.
# ഔഷധ ഗുണ നിയന്ത്രണ വകുപ്പ് സേവനങ്ങൾ



## ലക്ഷ്യം

ഔഷധങ്ങളുടേയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും ഉത്പാദന വിതരണ വിപണന പ്രക്രിയ നിയന്ത്രിച്ച് അവയുടെ ഗുണനിലവാരം ഉറപ്പാക്കുകയാണ് വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം

## പ്രധാന പ്രവർത്തനങ്ങൾ

വകുപ്പിന്റെ പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നവയാണ്

- ഔഷധങ്ങളുടേയും, സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും ഉൽപാദനം, വിതരണം, വിൽപന എന്നിവ നിയന്ത്രിക്കുക
- വ്യാജവും മായം ചേർന്നവയും ഗുണനിലവാരമില്ലാത്തവയുമായ ഔഷധങ്ങളും, സൗന്ദര്യ വർദ്ധക വസ്തുക്കളും കണ്ടെത്തി അവയുടെ വിതരണവും വിൽപനയും തടയുക.
- നിരോധിക്കപ്പെട്ട ഔഷധങ്ങളുടെ ഉൽപാദനവും വിതരണവും തടയുക.

- ഔഷധങ്ങൾക്ക് അമിതമായ വില ഈടാക്കുന്നത് തടയുക
- ഔഷധങ്ങളെക്കുറിച്ചുള്ള വാസ്തവവിരുദ്ധവും, തെറ്റിദ്ധാരണാജനകവുമായ പരസ്യങ്ങൾ നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യുക
- സർക്കാർ ആശുപത്രികളിൽ നിന്നും ബന്ധപ്പെട്ട സ്റ്റോറുകളിലും നിന്നുള്ള ഔഷധങ്ങളുടെ നിയമവിരുദ്ധമായ ചോർച്ച പരിശോധിക്കുക
- ചില വിഷവസ്തുക്കളുടെ സംഭരണവും വിൽപനയും നിയന്ത്രിക്കുക

## ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ

താഴെ സൂചിപ്പിക്കുന്ന നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിലൂടെയാണ് വകുപ്പിന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തുന്നത്.

- 1940 ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും 1945 ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസും.
- 1996 ലെ ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഉത്തരവ്
- ഡ്രഗ്സ് ആന്റ് മാജിക് റമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954 റൂൾസ് 1955 ഉം.
- ദി കേരള ഡ്രഗ്സ് ആന്റ് അദർ സ്റ്റോർസ് (അൺലാഫുൾപൊസ്സഷൻ ആക്ട്) 1971.
- 1966 ലെകേരള പോയിസൺ റൂൾസ്

## വകുപ്പിന്റെ വിഭാഗങ്ങൾ

വകുപ്പിന് രണ്ടു പ്രധാന വിഭാഗങ്ങളാണുള്ളത്

### a) എൻഫോഴ്സ്മെന്റ് വിഭാഗം

ഔഷധങ്ങളുടേയും സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും ഉൽപാദന, വിതരണ, വിപണന സംബന്ധമായ കാര്യങ്ങൾ നിയന്ത്രിക്കുകയെന്ന ഉത്തരവാദിത്വം നിർവ്വഹിക്കുന്നത് ഈ വിഭാഗമാണ്.

### b) പരിശോധന വിഭാഗം

തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയാണ്. ഔഷധങ്ങളുടേയും സൗന്ദര്യ വർദ്ധക വസ്തുക്കളുടേയും സാമ്പിളുകളുകൾ പരിശോധിച്ച് വിശകലനം നടത്തുന്ന ഉത്തരവാദിത്വം നിർവഹിക്കുന്ന വിഭാഗം

# I. ലൈസൻസ് നൽകൽ

ലൈസൻസ് സമ്പ്രദായവും കാലാകാലങ്ങളിലുള്ള പരിശോധനകൾ മുഖേനയുമാണ് ആക്ടിലേയും റൂളിലെയും നിയമങ്ങൾ പ്രാവർത്തികമാക്കുന്നത്. അലോപ്പതി, ആയ്യൂർവ്വേദ, ഹോമിയോപ്പതി മരുന്നുകളും സൗന്ദര്യ വർദ്ധക വസ്തുകള്ളുടെ നിർമ്മാണവും വിൽപനയും നടത്തുന്നതിനും ഘടകങ്ങളുടെ സംസ്ക്കരണത്തിനുമാണ് ലൈസൻസുകൾ നൽകുന്നത്. രക്തബാങ്കുകളുടെ നടത്തിപ്പും രക്ത ഘടകങ്ങളുടെ സംസ്ക്കരണത്തിനും ലൈസൻസുകൾ നൽകുന്നതാണ്.

## a) ലൈസൻസ് നൽകുന്ന അധികാരി

അലോപ്പതി, ഹോമിയോപ്പതി മരുന്നുകൾ, സൗന്ദര്യ വർദ്ധക വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനുള്ള ലൈസൻസ് നൽകുന്ന അധികാരി ഡ്രഗ്സ് കൺട്രോളർ ആണ്.

രക്തബാങ്കുകളുടെ നടത്തിപ്പിനും വാക്സിൻ, സീറ–ഐ.വി. ഫ്ളൂയിഡ് എന്നിവയുടെ നിർമ്മാണത്തിനും ലൈസൻസുകൾ, സംസ്ഥാന ഡ്രഗ്സ് കൺട്രോളറും ഡ്രഗ്സ് കൺട്രോളർ  ജനറൽ ഇന്ത്യയും സംയുക്തമായാണ് നൽകുന്നത്.

ആയ്യൂർവ്വേദ മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസുകൾ നൽകുന്നത് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയ്യൂർവ്വേദ) ആണ്.

അലോപ്പതി ഔഷധ വിൽപനയ്ക്ക് (മൊത്ത, ചില്ലറ) ആവശ്യമായ എല്ലാവിധ ലൈസൻസുകളും നൽകുന്നത് മേഖലാ ഓഫീസുകളുടെ ചുമതലയുള്ള അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറന്മാരാണ്.

## b) ലൈസൻസുകൾ

അപേക്ഷകൾ നിശ്ചിത ഫോറത്തിൽ മതിയായ രേഖകളോടെ ആവശ്യമായ ഫീസൊടുക്കി ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർക്ക് നൽകേണ്ടതാണ്. ഔഷധ നിർമ്മാണ ലൈസൻസിനുള്ള ഫീസുകൾ താഴെ സൂചിപ്പിക്കുന്നു.

| | | |
|---|---|---|
| അലോപ്പതി മരുന്നുകൾ | – | 7500 രൂപ |
| കോസ്മെറ്റിക് | – | 3500 രൂപ |
| ഹോമിയോപ്പതി | – | 300 രൂപ |
| ആയ്യൂർവ്വേദ ഔഷധങ്ങൾ | – | 60 രൂപ |

ലൈസൻസ് അനുവദിക്കുമ്പോൾ അംഗീകാരം ലഭിക്കാത്തതും പുതുതായി അംഗീകാരം ലഭിക്കാനുമുള്ള ഔഷധങ്ങൾക്ക് അധിക ഫീസ് ഒടുക്കിയിരിക്കണം.

ഔഷധ നിർമ്മാണത്തിനും വിൽപനയ്ക്കും ആവശ്യമായ സൗകര്യങ്ങൾ താഴെ കൊടുത്തിട്ടുള്ള ബന്ധപ്പെട്ട നിയമാവലിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ സജ്ജീകരിച്ചിരിക്കണം.

| | | | |
|---|---|---|---|
| അലോപ്പതി മരുന്നുകൾഷെഡ്യൂൾ | | എം | |
| ഹോമിയോപ്പതി | - | എം I | |
| കോസ്മെറ്റിക്സ് | - | എം II | ഡി & സി ആക്ട് |
| മെഡിക്കൽ ഡിവൈസസ് | - | എം III | |
| ആയ്യൂർവ്വേദ ലൈസൻസ് | - | റ്റി | |
| ബ്ലഡ് ബാങ്ക്, ബ്ലഡ് ഘടകങ്ങൾ | - | പാർട്ട് XII ബിസി എന്നിവ | |

എല്ലാവിധ ഔഷധ നിർമ്മാണ ലൈസൻസുകളും അപേക്ഷ ലഭിച്ച് മൂന്നുമാസത്തിനകം അനുവദിക്കാവുന്നതാണ്

## II. സർട്ടിഫിക്കറ്റുകൾ

ഈ കാര്യാലയത്തിൽ നിന്നും താഴെപറയുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്

1. അലോപ്പതി ജി.എം.പി. സർട്ടിഫിക്കറ്റ് (ഇന്ത്യൻ) ഫീസ് 2500 രൂപ 5000/- രൂപ 2500/- ലോകാരോഗ്യ സംഘടന ജി.എം.പി സർട്ടിഫിക്കറ്റ് ഫീസ് 5000 രൂപ

   ആയ്യൂർവ്വേദ ജി.എം.പി സർട്ടിഫിക്കറ്റിന് ഫീസ് ഇല്ല
2. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം നൽകുന്നതായിരിക്കും.
3. **നോൺ കൺവിക്ഷൻ സർട്ടിഫിക്കറ്റ്**

   താഴെപറയുന്ന പ്രകാരം വെള്ളക്കടലാസിൽ നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ സഹിതം അപേക്ഷ നൽകേണ്ടതാണ്

| | |
|---|---|
| അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് | 1100 രൂപ |
| ആയ്യൂർവ്വേദ, ഹോമിയോപ്പതി നിർമ്മാണ യൂണിറ്റുകൾ | 550 രൂപ |
| വിൽപനശാലകൾ | 550 രൂപ |

4. **മാർക്കറ്റ് സ്റ്റാന്റിംഗ് സർട്ടിഫിക്കറ്റ്**

   അപേക്ഷ നിശ്ചിത ഫീസൊടുക്കി ചെലാൻ സഹിതം സമർപ്പിക്കണം

| | | |
|---|---|---|
| ഫീസ് | അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് | 1100 രൂപ |
| | ആയ്യൂർവ്വേദ/ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് | 550 രൂപ |

5. **കാലാവധി സർട്ടിഫിക്കറ്റ്**

അപേക്ഷ താഴെപ്പറയും പ്രകാരം നിശ്ചിത ഫീസൊടുക്കി ചെലാൻ സഹിതം സമർപ്പിക്കണം

| | |
|---|---|
| അപോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് | 1100 രൂപ |
| ആയ്യൂർവ്വേദ/ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് | 550 രൂപ |
| വിൽപനശാലകൾ | 550 രൂപ |

6. **സർട്ടിഫിക്കറ്റ് ഓഫ് പെർഫോമൻസ്**

അപേക്ഷ താഴെപ്പറയും പ്രകാരം നിശ്ചിത ഫീസൊടുക്കി ചെലാൻ സഹിതം സമർപ്പിക്കണം

| | |
|---|---|
| അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് | 1100 രൂപ |
| ആയ്യൂർവ്വേദ/ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് | 550 രൂപ |

7. **സർട്ടിഫിക്കറ്റ് ഓഫ് കപ്പാസിറ്റി**

| | |
|---|---|
| അലോപ്പതി മരുന്ന് നിർമ്മാണ യൂണിറ്റ് | 1100 രൂപ |
| ആയ്യൂർവ്വേദ/ഹോമിയോ മരുന്നു നിർമ്മാണ യൂണിറ്റ് | 550 രൂപ |

8. **പ്ലാൻ അംഗീകരിക്കൽ**

വിശദമായ പ്ലാൻ 1100 രൂപ ഫീസൊടുക്കി ചെലാൻ എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുക

## III. വിൽപനയ്ക്കുള്ള ലൈസൻസുകൾ (അലോപ്പതി/ഹോമിയോ)

മൊത്ത-ചില്ലറ ഔഷധവ്യാപാരത്തിനുള്ള ലൈസൻസുകൾ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറന്മാരാണ് നൽകുന്നത്. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറന്മാരും അവരുടെ അധികാര പരിധിയിലുള്ള പ്രദേശങ്ങളും താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| എ.ഡി.സി. തിരുവനന്തപുരം | - തിരുവനന്തപുരം ജില്ല |
| എ.ഡി.സി. കൊല്ലം | - കൊല്ലം, കോട്ടയം, പത്തനംതിട്ട ജില്ലകൾ |
| എ.ഡി.സി. എറണാകുളം | - എറണാകുളം, ഇടുക്കി, ആലപ്പുഴ ജില്ലകൾ |
| എ.ഡി.സി തൃശൂർ | - തൃശൂർ, പാലക്കാട് ജില്ലകൾ |
| എ.ഡി.സി. കോഴിക്കോട് | - കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകൾ |
| എ.ഡി.സി, കണ്ണൂർ | - കണ്ണൂർ, കാസർകോട് ജില്ലകൾ |

നിശ്ചിത ഫാറത്തിലുള്ള അപേക്ഷകൾ ആവശ്യമായ രേഖകളോടെ ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർ മുഖേന സമർപ്പിക്കേണ്ടതാണ്.

താഴെ പറയും പ്രകാരം നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ഫീസൊടുക്കിയ ചെലാൻ സഹിതം സമർപ്പിക്കണം

| | |
|---|---|
| റീട്ടെയിൽ ലൈസൻസുകൾ (ഫോറം 20/21) | 3000 രൂപ |
| ഹോൾസെയിൽ ലൈസൻസ് (20 ബി/21ബി) | 3000 രൂപ |
| റെസ്ട്രിക്റ്റഡ് ലൈസൻസ് (20എ) ഗൃഹോപയോഗ മരുന്നുകൾ | 500 രൂപ |
| ഹോമിയോ ലൈസൻസുകൾ (ചില്ലറ വിൽപന) (ഫോറം 20 സി) | 250 രൂപ |
| (മൊത്ത വിൽപന) (ഫോറം 20ഡി) 250 രൂപ | |

അപേക്ഷ പൂർണ്ണമായും ശരിയായും സമർപ്പിച്ചാൽ ഒരു മാസത്തിനുള്ളിൽ ലൈസൻസ് അനുവദിക്കുന്നതാണ്.

## പോയിസൺസ് ലൈസൻസ്

മിതൈൽ ആൽക്കഹോൾ, സൈനൈഡുകൾ, ക്ലോറാൽ ഹൈഡ്രേറ്റ് എന്നിവ കൈവശം വയ്ക്കുന്നതിനും വിൽക്കുന്നതിനും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ലൈസൻസ് നൽകുന്നതാണ്. നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം താഴെ പറയും പ്രകാരം ഫീസൊടുക്കിയ ചെലാൻ സഹിതം ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് അപേക്ഷ നൽകേണ്ടതാണ്.

| | |
|---|---|
| മൊത്ത വിൽപന ലൈസൻസ് | 1000 രൂപ |
| ചില്ലറ വിൽപന ലൈസൻസ് | 500 രൂപ |

## പെർമിറ്റുകൾ

ഈ വകുപ്പിൽ നിന്നും താഴെ പറയും പ്രകാരം പെർമിറ്റുകൾ നൽകി വരുന്നു.

എ) രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറന്മാർക്ക് പെത്തിഡിൻ, മോർഫിൻ ഇൻജക്ഷനുകൾ വാങ്ങുന്നതിന് (ഫീസ് ആവശ്യമില്ല)

ബി) എൻ.ഡി.പി.എസ്. നിയമം അനുസരിച്ച് പെത്തിഡിൻ, മോർഫിൻ, ഫെന്റാനിൽ സിട്രേറ്റ് ഇൻജക്ഷനുകൾ എന്നിവ കൈവശം വയ്ക്കുന്നതിന് ലൈസൻസ് ലഭിച്ചിട്ടുള്ള ആശുപത്രികൾ അവ വാങ്ങുന്നതിന് (ഫീസ് ആവശ്യമില്ല)

സി) കാൻസർ രോഗികൾക്ക് വേണ്ടി അംഗീകൃത പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾക്ക് ഓറൽ മോർഫിൻ പ്രിപ്പറേഷനുകൾ വാങ്ങുന്നതിന് (ഫീസ് ആവശ്യമില്ല)

ഡി) മീതൈൽ ആൽക്കഹോൾ, സൈനേഡുകൾ, ക്ലോറൽ ഹൈഡ്രേറ്റ് എന്നീ വിഷ വസ്തുക്കൾ കൈവശം വയ്ക്കുന്നതിന് 250 രൂപ ട്രഷറിയിൽ ഒടുക്കിയ ചെലാൻ സഹിതം നിശ്ചിത ഫോറത്തിൻ പെർമിറ്റിന് അപേക്ഷിക്കാവുന്നതാണ്. മേൽപറഞ്ഞ പെർമിറ്റുകൾ അപേക്ഷ ലഭിച്ച 10 ദിവസത്തിനകം നൽകുന്നതാണ്.

## വിവരലഭ്യതയ്ക്കുള്ള മാർഗം

താഴെ പറയുന്ന കാര്യങ്ങളെക്കുറിച്ച ഈ വകുപ്പിൽ നിന്ന് കൃത്യമായി പ്രസിദ്ധീകരിക്കുന്ന പൊതുജനങ്ങളറിയേണ്ട വിവരങ്ങൾ ഇവിടെ ലഭ്യമാണ്.

a) നിരോധിച്ച മരുന്നുകളുടെ പട്ടിക
b) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ പട്ടിക
c) വ്യാജ മരുന്നുകളുടെ പട്ടിക
d) സുരക്ഷിതമായ രക്ത ദാനത്തിനും രക്തസംഭരണത്തിനുമുള്ള വ്യവസ്ഥകൾ
e) ഔഷധ നിർമാതാക്കൾക്ക് ശുദ്ധ നിർമ്മാണ പ്രക്രിയ സംബന്ധിച്ച് വിവരങ്ങൾ

## തർക്ക പരിഹാരം

പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന താഴെപറയുന്ന വിധത്തിലുള്ള പരാതികൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

a) കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിൽപന സംബന്ധിച്ച്
b) നിരോധിച്ച ഔഷധങ്ങളുടെ വിൽപന സംബന്ധിച്ച്
c) ഗുണനിലവാരം നഷ്ടപ്പെടത്തക്കവിധം വിൽപനയ്ക്കായി സൂക്ഷിച്ചിട്ടുള്ള ഔഷധങ്ങളെ സംബന്ധിച്ച്
d) ഔഷധങ്ങൾക്ക് അമിത വില ഈടാക്കുന്നത് സംബന്ധിച്ച്
e) ബില്ലു നൽകാതെ മരുന്നു വിൽക്കുന്നത് സംബന്ധിച്ച്.
f) ഔഷധങ്ങളെക്കുറിച്ച് വാസ്തവ വിരുദ്ധവും തെറ്റിദ്ധാരണാ ജനകവുമായ പരസ്യങ്ങൾ സംബന്ധിച്ച്

ശിക്ഷണ നടപടികളിൽ ലൈസൻസുകൾ സസ്പെന്റു ചെയ്യുക/റദ്ദു ചെയ്യുക/ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക എന്നിവ ഉൾപെടുന്നു.

## പരിശോധനാ വിഭാഗം

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനാ വിഭാഗം തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയാണ്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധങ്ങളു

ടെയും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി അയച്ചു കൊടുക്കുന്നു. പരിശോധന നടത്തിയശേഷം ഗുണനിലവാരം സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ടവർക്ക് 3 (മൂന്ന്) മാസത്തിനുള്ളിൽ നൽകുന്നു.


## സേവന നിലവാരം

ഔഷധങ്ങളുടെ ശുദ്ധ നിർമ്മാണ പ്രക്രിയ, നിലവാരമുള്ള ഔഷധങ്ങളുടെ വിപണനം ഉറപ്പാക്കുക എന്നിവ ഈ വകുപ്പ് ലക്ഷ്യമാക്കുന്നു. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ഉപദേശം നൽകുന്നതിനായി ഔഷധ ഉപദേശക സമിതി പ്രവർത്തിക്കുന്നുണ്ട്.

## അവലോകനം

ഔഷധ പരിശോധനാ ലബോറട്ടിയുടെ നിലവാരക്ഷമത മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര ഔഷധ പരിശോധനാ വിഭാഗത്തിന്റെ വിദഗ്ധ സംഘം സാങ്കേതിക പരിശോധന കൃത്യമായി നടത്താറുണ്ട്. ഈ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഉപദേശക സമിതി അവലോകനം ചെയ്യാറുണ്ട്.

# XLLII.
# ഫയർ & റെസ്ക്യൂസർവ്വീസ്സസ് വകുപ്പ്



പൊതു ജനങ്ങളുടെ ജീവന് അപകടം സംഭവിക്കാനിടയുള്ള സാഹചര്യങ്ങളിൽ അനിവാര്യമായ അവശ്യസേവനം നല്കിവരുന്ന വകുപ്പാണ് അഗ്നിസുരക്ഷാവകുപ്പ്. പ്രകൃതിദുരന്തങ്ങൾ, (വെള്ളപ്പൊക്കം, ഭൂകമ്പങ്ങൾ, ഉരുൾപ്പൊട്ടൽ, കടലാക്രമണം) അഗ്നി മുതലായവയിലൂടെയുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വെല്ലുവിളികളെ നേരിട്ട് വകുപ്പ് പ്രവർത്തിച്ചുവരുന്നു.

ഫയർ & റെസ്ക്യൂ സർവ്വീസ്സസ് ആസ്ഥാന ആഫീസിന് കീഴിലായി 5 മേഖലാ കാര്യാലയങ്ങളും, 15 അസ്സിസ്റ്റന്റ് ഡിവിഷണൽ ആഫീസുകളും, ഒരു ഫയർ&റെസ്ക്യൂ സർവ്വീസ്സസ് അക്കാദമിയും, 102 ഫയർ&റെസ്ക്യൂ സ്റ്റേഷനുകളും പ്രവർത്തിച്ചു വരുന്നു.

ഇതിനു പുറമേ ബിൽഡിംഗ്റൂൾ, ഡി & ഒ. ട്രേഡ് പി.പി.ആർ. ആക്ട്, പെട്രോളിയം ആക്ട്, എക്സ്പ്ലോസീവ് ആക്ട്, ആംസ് ആക്ട് മുതലായവ പ്രകാരമുള്ള സ്ഥല പരിശോധനയും, നിരാക്ഷേപ സാക്ഷ്യപത്രവും നല്കൽ വിവിധ സ്റ്റാന്റ്ബൈ ഡ്യൂട്ടികൾ, പമ്പിംഗ് ഫയർ എക്സ്റ്റിംഗ്യുഷറുകളുടെ സമ്മർദ്ദ പരിശോധന എന്നിങ്ങനെയുള്ള സേവനങ്ങളും സർക്കാർ ഉത്തരവിന് വിധേയമായി നിശ്ചിത തുക ചാർജ് ഈടാക്കി ഈ വകുപ്പ് ചെയ്തു വരുന്നുണ്ട്.

# 1. അഗ്നിശമനവും അടിയന്തിര സർവ്വീസുകളേയും ശക്തിപ്പെടുത്തൽ

## ആമുഖം

അഗ്നിശമനവുമായി ബന്ധപ്പെട്ട അടിയന്തിര സർവ്വീസുകളെ ശക്തിപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ടി സ്കീം നടപ്പിലാക്കുന്നു.

## ലക്ഷ്യങ്ങൾ

ഫയർ & റെസ്ക്യൂ സർവ്വീസ്സസ് വകുപ്പിന്റെ നവീകരണത്തിനായി ആധുനിക അഗ്നിശമന ഉപകരണങ്ങൾ വാങ്ങുക.

## ഗുണഭോക്താവ്

വകുപ്പിന്റെ പരിധിയിലുള്ള വിവിധ ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിലൂടെ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പൊതുജനങ്ങൾ.

## നിർവ്വഹണം

ഫയർ & റെസ്ക്യൂ സർവ്വീസ്സസ് വകുപ്പിന്റെ കാര്യലയങ്ങൾ വഴി നിർവ്വഹണം നടത്തുന്നു.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ വകുപ്പിന് ഫണ്ട് അലോട്ട്ചെയ്യുന്നു. 75% കേന്ദ്രാവിഷ്കൃത ഫണ്ട്.

## പ്രവർത്തനങ്ങൾ

ടി ഫണ്ടുകൾ ലഭ്യമാക്കുകയും, ആയതിന് ശേഷം വിവിധ സ്റ്റേഷനുകൾക്ക് വേണ്ടി ആധുനിക അഗ്നിശമന ഉപകരണങ്ങൾ വാങ്ങി അവയെ നൂതനവൽക്കരിക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഫയർ & റെസ്ക്യുവിനെക്കുറിച്ച് ഗ്രാമസഭ/വാർഡ് സഭ വഴി പൊതുജന അവബോധവും ആവശ്യം വരുമ്പോൾ എടുക്കുന്ന നടപടികളെക്കുറിച്ച് അറിവ് നൽകുക.

## നിർവ്വഹണ ഉദ്യാഗസ്ഥന്റെ/വകുപ്പിന്റെ പങ്ക്

ഫയർ & റെസ്ക്യു സംവിധാനത്തിന്റെ ആധുനികവൽക്കരണത്തെ കുറിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവബോധം നൽകൽ

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഫയർ & റെസ്ക്യു സർവ്വീസ് പ്രവർത്തനത്തിന് പൊതുജനങ്ങൾ യഥാസമയ സഹായങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകാൻ ശ്രമിക്കണം.

## 2. ഫയർഫോഴ്സിന്റെ ആധുനികവത്ക്കരണം

ലക്ഷ്യം

ഫയർ&റെസ്ക്യൂ സർവ്വീസ്സസ് വകുപ്പിന്റെ നവീകരണത്തിനായി ആധുനിക അഗ്നി ശമന ഉപകരണങ്ങൾ വാങ്ങുക.

ഗുണഭോക്താവ്

വകുപ്പിന്റെ പരിധിയിലുള്ള വിവിധ ഫയർ & റെസ്ക്യൂസ്റ്റേഷനുകളിലൂടെ പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങളിലേക്കെത്തുന്നു.

### സ്കീമിന്റെ നിർവ്വഹണം

ഫയർ&റെസ്ക്യൂ സർവ്വീസ്സസ് വകുപ്പ്

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ വകുപ്പിന് ഫണ്ട് അലോട്ട് ചെയ്യുന്നു

### പ്രവർത്തനങ്ങൾ

ടി ഫണ്ട് വിനിയോഗിച്ച് ആധുനിക അഗ്നിശമന ഉപകരണങ്ങൾ വാങ്ങി പ്രവർത്തനക്ഷമത കൂട്ടുന്നു.

### സംഘാടനം

ഫയർ & റെസ്ക്യു വകുപ്പ്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഫയർ & റെസ്ക്യു സർവ്വീസുകളെക്കുറിച്ച് ഗ്രാമസഭ/വാർഡ്സഭ വഴി പൊതുജനങ്ങളെ ബോധവൽക്കരിക്കൽ

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വകുപ്പിന്റെ പ്രവർത്തനവും പൊതുജനങ്ങൾ അനുഷ്ഠിക്കേണ്ട കാര്യങ്ങളും ധരിപ്പിക്കൽ

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഫയർ & റെസ്ക്യു വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പൊതുജനങ്ങൾ എങ്ങനെ സഹകരിക്കണമെന്ന് അവർക്ക് വേണ്ട അറിവ് നൽകാൻ ശ്രമിക്കുക.

## 3. ഒറ്റത്തവണ ആധിക കേന്ദ്ര സഹായം

### ആമുഖം

ജീവൻ രക്ഷാ സാമഗ്രികൾ, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങാൻ കേന്ദ്ര സർക്കാരിൻ നിന്നും ഒറ്റതവണയായി ലഭിക്കുന്ന ധനസഹായമാണിത്.

### ലക്ഷ്യങ്ങൾ

1. ആധുനിക ജീവൻ രക്ഷാസാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ.
2. ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങളും, അഗ്നിപ്രതിരോധ വാഹനങ്ങൾ എന്നിവ വാങ്ങുക.

### ഗുണഭോക്താവ്

വകുപ്പിന്റെ പരിധിയിലുള്ള വിവിധ ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിലൂടെ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പൊതുജനങ്ങൾ

### നിർവ്വഹണ സ്ഥാപനം

ഫയർ & റെസ്ക്യു സർവ്വീസസ് വകുപ്പ്

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർവകുപ്പിന് ബജറ്റ് പ്രകാരമുള്ള ഫണ്ട് അലോട്ട്ചെയ്യുന്നു.(പ്ലാൻ ഫണ്ട്)

### സംഘാടനം

ഇതിന്റെ മുഴുവൻ പ്രവർത്തനവും വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

ഫണ്ട് ലഭ്യമാക്കി വിവിധ ആവശ്യങ്ങൾക്കായുള്ള വിവിധ ജീവൻ രക്ഷാ ഉപകരണം, ആധുനിക അഗ്നി പ്രതിരോധ വാഹനങ്ങളുടെ വാങ്ങലുകൾ അതുവഴി കാര്യക്ഷമത കൂട്ടൽ.

## നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

തദ്ദേശസ്വയംഭരണ സ്ഥാപനം വഴി പൊതുജന അവബോധം വളർത്തൽ

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ഗ്രാമസഭ/വാർഡ്സഭ വഴി ജനങ്ങൾക്ക് അവബോധം നൽകൽ, അതുവഴി യഥാസമയം അവർക്ക് വേണ്ട സഹായം ഉറപ്പു വരുത്തൽ.

## പ്രത്യകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അഗ്നിശമനം, ഭൂകമ്പം, ഉരുൾപൊട്ടൽ എന്നിവ സംജാതമാകുമ്പോൾ പൊതുജനങ്ങൾ അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങൾക്കുറിച്ച് അവരെ ബോധവാന്മരാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ സഹായം നേടാം.

# XLIV.

# മോട്ടോർ വാഹന വകുപ്പ്



1938 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 133 - എ പ്രകാരം മോട്ടോർ വാഹന വകുപ്പ് 1958 ൽ നിലവിൽ വന്നു. ഗതാഗത വകുപ്പിന്റെ ലൈൻ ഡിപ്പാർട്ടുമെന്റായി പ്രവർത്തിക്കുന്നു. അടുത്ത കാലത്തായി മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ പരിഷ്ക്കരണങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ട്. നിരത്തുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിനും മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നതിനും വകുപ്പ് യത്നിക്കുന്നു. കേരളത്തിലെ ഏകദേശം 75 ലക്ഷം വാഹനങ്ങളുമായും 85 ലക്ഷം ഡ്രൈവിംഗ് ലൈസൻസുമായും ബന്ധപ്പെട്ട സേവനങ്ങളും ഇതര ഔദ്യോഗിക പ്രവർത്തനങ്ങളും വകുപ്പ് നടപ്പാക്കി വരുന്നു. സംസ്ഥാനതല ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, സോണൽ ഓഫീസുകൾ (4), റീജണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ (18), സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ( താലൂക്ക്തലം - 47) എന്നിങ്ങനെ നാല് തട്ടുകളിലായി പ്രവർത്തിക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ 19 ചെക്ക് പോസ്റ്റുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചു വരുന്നു.

## ലക്ഷ്യം

1. മോട്ടോർ വാഹന നിയമത്തിലെ വകുപ്പുകളിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്ന സേവനങ്ങൾ സുതാര്യവും കാര്യക്ഷമവും സമയബന്ധിതവുമായി ഗുണനിലവാരത്തോടെ എല്ലാ പൗരൻമാർക്കും ഒരേ പോലെ നൽകുക.

2. അപകട രഹിതവും മലിനീകരണ വിമുക്തവുമായ ഗതാഗത സംവിധാനം സൃഷ്ടിക്കുക.
3. വിവിധ വികസന പ്രവർത്തനങ്ങൾക്ക് വരുമാനം കണ്ടെത്തുക.

## പ്രവർത്തനങ്ങൾ

1. മോട്ടോർ വാഹനം ഓടിക്കുന്നതിനുള്ള ലേണേഴ്സ് ലൈസൻസ് നൽകുകയും ആയത് പുതുക്കുകയും ചെയ്യുക.
2. മോട്ടോർ വാഹനം ഓടിക്കുന്നതിനുള്ള സ്ഥിരമായ ലൈസൻസ് നൽകുകയും ആയത് പുതുക്കുകയും ചെയ്യുക.
3. പബ്ലിക്ക് സർവ്വീസ് വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവർമാർക്ക് ബാഡ്ജ് നൽകുക.
4. അന്താരാഷ്ട്ര ഡ്രൈവിംഗ് പെർമിറ്റുകൾ നൽകുക.
5. സ്റ്റേജ് കാരിയേഴ്സിനുള്ള പെർമിറ്റ് നൽകുക.
6. മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുക.
7. അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ ഒരു വർഷത്തിലധികം സംസ്ഥാനത്ത് ഉപയോഗിക്കുന്നതിനുള്ള രജിസ്ട്രേഷൻ മാർക്ക് നൽകുക.
8. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുക,
9. പതിനഞ്ച് വർഷത്തിലധികം കാലപ്പഴക്കമുള്ള സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുക.
10. നാഷണൽ പെർമിറ്റ് നൽകുക.
11. വകുപ്പിൽ നിക്ഷിപ്തമായ മറ്റ് ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുകയും സേവനങ്ങൾ നൽകുകയും ചെയ്യുക.

## 1. റോഡ് സുരക്ഷാ ദശകം പദ്ധതി ( 2010 2020)

### ആമുഖം.

റോഡ് സുരക്ഷ ദശകം (2010-20): ഐക്യരാഷ്ട്രസഭയുടെ ആഹ്വാനമനുസരിച്ച്, റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, രാജ്യത്ത് ആദ്യമായി ഒരു റോഡ് സുരക്ഷ ദശകം പദ്ധതി നടപ്പിൽ വരുത്തിയത് കേരള മോട്ടോർ വാഹന വകുപ്പാണ്. 2020 ആകുമ്പോഴേക്കും, റോഡപകടങ്ങളുടെ എണ്ണം, പരിക്ക്, മരണം എന്നിവ 2010 ലേതിന്റെ നേർപകുതിയായി കുറക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. റോഡ് സുരക്ഷ അതോറിറ്റിയുടെ സഹായത്തോടെ നടക്കുന്ന പദ്ധതി പരിശീലനത്തിലും ബോധവത്ക്കരണത്തിലും ശ്രദ്ധിക്കുന്നു.

## ലക്ഷ്യങ്ങൾ

സംസ്ഥാനത്തെ വിവിധ മേഖലയിലുള്ള ജനങ്ങൾക്കിടയിൽ റോഡ് സുരക്ഷയുടെ ആവശ്യകതയെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ച് 2020-ാം ആണ്ട് ആകുമ്പോഴേക്കും റോഡപകടങ്ങൾളുടെ എണ്ണം, മരണം, പരിക്ക് എന്നിവ 2010 ന്റെ പകുതിയായി കുറയ്ക്കുകയും മെച്ചപ്പെട്ട റോഡ് സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യുക.

## ഗുണഭോക്താക്കൾ

സ്കൂൾ വിദ്യാർത്ഥികൾ, സ്കൂൾ അദ്ധ്യാപകർ, ഡ്രൈവർമാർ, ഡ്രൈവിംഗ് സ്കൂൾ പരിശീലകർ, ഡ്രൈവിംഗ് പരിശീലനാർത്ഥികൾ എന്നിവർ.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ അനുവദിക്കുന്ന പ്ലാൻ ഫണ്ട് റോഡ് സുരക്ഷാ അതോറിറ്റി മുഖേന ട്രാൻസ്പോർട്ട് കമ്മീഷണർ വഴി റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് നൽകുന്നു.

## നിർവ്വഹണം

മോട്ടോർ വാഹന വകുപ്പ്

## നിർവ്വഹണ ഉദ്യോഗസ്ഥൻ

റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കാണ് നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനം/സ്കൂൾ/ഡ്രൈവർമാരുടെ സംഘടനകൾ/ മറ്റ് ജനകീയ കമ്മിറ്റികൾ എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നു.

## പ്രവർത്തനങ്ങൾ

ഗുണഭോക്താക്കളെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ/സംഘടനകൾ/കമ്മിറ്റികൾ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഒരു ദിവസത്തെ പരിശീലനം നൽകുന്നു. പഠന സാമഗ്രികളും വിതരണം ചെയ്യുന്നു. പങ്കെടുക്കുന്ന അദ്ധ്യാപകർക്കും ട്രാൻസ്പോർട്ട് വാഹന ഡ്രൈവർമാർക്കും യഥാക്രമം 200/ രൂപയും, 250/ രൂപയും ബത്ത നൽകും പരിശീലനം പൂർത്തിയാക്കിയവർക്ക് (സ്കൂൾ കുട്ടികൾക്കും, പ്രീ ഡ്രൈവിംഗ് ടെസ്റ്റ് അപേക്ഷകർക്കും ഒഴികെ) സർട്ടിഫിക്കറ്റും നൽകാൻ വ്യവസ്ഥയുണ്ട്

### സംഘാടനം

മോട്ടോർ വാഹന വകുപ്പ് അതാത് സ്ഥാപനങ്ങൾ / സംഘടനകൾ / മുതലായവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നു.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

പൗരബോധം വളർത്തുക, സാമൂഹ്യ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തുക എന്നത് ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റികളുടെ ചുമതലകളിൽപ്പെടുന്നു. ആയതിനാൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗ്രാമസഭകൾ വഴി പൊതു ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുകയും പരിശീലനം ആവശ്യമായവരെ കണ്ടെത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്. മോട്ടോർ വാഹന വകുപ്പിലെ വിദഗ്ദരുടെ സേവനം ഇതിലേക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്.

### തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് സുരക്ഷാ പദ്ധതികൾ, വാഹന സംബന്ധമായ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങിയവ മോട്ടോർ വാഹന വകുപ്പിന്റെ സ്കീമുകളുമായി ഏകോപിപ്പിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗുണഭോക്താക്കളുടെ ആവർത്തന പരിശീലനം ഒഴിവാക്കുവാനും പരമാവധി പേർക്ക് പരിശീലനം കൊടുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ (ഇ - ഗവേണൻസ് ആക്ടിവിറ്റീസ്)

കേരളത്തിലെ ഏകദേശം 75 ലക്ഷം വാഹനങ്ങളുമായും 85 ലക്ഷം ഡ്രൈവിംഗ് ലൈസൻസുകളുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമവും സുതാര്യവും അതിവേഗവും കാര്യക്ഷമവുമായും നിർവ്വഹിക്കുന്നതിന് മോട്ടോർവാഹന വകുപ്പ് 2007 മുതൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തി. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പൊതു ജനങ്ങളുടെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്തുന്നതിൽ മറ്റ് വകുപ്പുകൾക്ക് പോലും അനുകരണീയമായ വിധത്തിലാണ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. നിർമ്മാണം, നിർവ്വഹണം, നിലനിർത്തൽ, കൈമാറ്റം (Build Operate, Maintain & Transfer) എന്നീ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഫാസ്റ്റ് (Fully Automated Services of Transport Department) എന്ന പ്രോജക്ട് മുഖേന അസൂയാർഹമായ ഈ നേട്ടം കൈവരിക്കാനായത്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC)

തയ്യാറാക്കിയ " സ്മാർട്ട് മൂവ് "എന്ന സോഫ്റ്റ് വെയറാണ് ഇതിനായി വികസിപ്പിച്ചെടുത്തത്. കൂടുതൽ വിവരങ്ങൾ www.keralamvd.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**എ) ഏകജാലക സംവിധാനം (Any Counter Service)**

അനാവശ്യ നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനും അപേക്ഷകൾ പരിശോധിക്കുന്ന തിനുള്ള കാലതാമസം ഇല്ലാതാക്കുന്നതിനും വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണിത്. ഏകജാലക സംവിധാനത്തിലൂടെ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാണ്.

1. എല്ലാതരം സേവനങ്ങളുമായി ബന്ധപ്പെട്ട ഫീസുകളും ഏത് കൗണ്ടറിലും അടയ്ക്കാം.
2. എല്ലാ അപേക്ഷകളും സമർപ്പിച്ച് രശീതി വാങ്ങാം.
3. രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 5 മണി മുതൽ 7 മണി വരേയും എക്സ്റ്റൻഷൻ കൗണ്ടർ തുറന്നു പ്രവർത്തിക്കും.
4. ഇടനിലക്കാരൻ ഇല്ലാതെ തന്നെ ഏതു പൗരനും ജീവനക്കാരനെ സമീപിച്ച് സേവനം ലഭ്യമാക്കാനുള്ള സൗകര്യം.
5. ഒരു തവണ മാത്രം ഓഫീസ് സന്ദർശിച്ച് അപേക്ഷകൾ നൽകാം.
6. രേഖകൾ സ്പീഡ് പോസ്റ്റിൽ ലഭ്യമാക്കുക.

**ബി) ഫാസ്റ്റ് ട്രാക്ക് (Fast Track)**

കേവലം 30 മിനിറ്റിനകം താഴെ പറയുന്ന സേവനങ്ങൾ വകുപ്പിലെ എല്ലാ ാഫീസുകൾ മുഖേനയും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സേവന പദ്ധതിയാണ് ഫാസ്റ്റ് ട്രാക്ക്.

| ഇനം | സേവനം |
|---|---|
| ഡ്രൈവിംഗ് ലൈസൻസ് | പുതുക്കൽ, മേൽ വിലാസം മാറ്റൽ, ലൈസൻസ് വ്യവഛേദം (Licence particulars) അസ്സൽ നൽകി ഡ്യൂപ്ലിക്കേറ്റ് വാങ്ങൽ, കാർഡ് രൂപത്തിലാക്കൽ |
| കണ്ടക്ടർ ലൈസൻസ് | പുതുക്കൽ, മേൽ വിലാസം മാറ്റൽ, ലൈസൻസ് വ്യവഛേദം (Licence particulars) അസ്സൽ നൽകി ഡ്യൂപ്ലിക്കേറ്റ് വാങ്ങൽ, കാർഡ് രൂപത്തിലാക്കൽ |
| വാഹനങ്ങൾ | സ്വകാര്യ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റൽ, മേൽ വിലാസം മാറ്റൽ, പണയപ്പെടുത്തൽ ചേർക്കൽ (hypothecation Noting), രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വ്യവഛേദം (R.C. particulrs) |

| | |
|---|---|
| | അസ്സൽ നൽകി ഡ്യൂപ്ലിക്കേറ്റ് വാങ്ങൽ |
| പെർമിറ്റ് | ടാക്സി, ഓട്ടോറിക്ഷ എന്നിവയുടെ പെർമിറ്റ് പുതുക്കൽ |

മേൽ സേവനം ലഭ്യമാക്കുന്നതിന് അപേക്ഷകൻ ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ സമർപ്പിക്കുകയും ഫീസടയ്ക്കുകയും ചെയ്യേണ്ടതാണ്.

## സി) ഫാസ്റ്റ് (Fully Automated Service of Transport (FAST)

മോട്ടോർ വാഹന വകുപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ബി.ഒ.എം.റ്റി മാതൃകയിലുള്ള പൊതുമേഖല സ്വകാര്യ മേഖല സംയുക്ത സംരം പദ്ധതി. പ്രോജക്ടിന്റെ പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുക
2. കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും മൂന്നു വർഷത്തിനകം വകുപ്പിന് കൈമാറുകയും ചെയ്യുക.
3. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക.
4. ഏതെങ്കിലും ഉപകരണം കേടായാൽ പിഴ ചുമത്തൽ.
5. സേവനദാതാവ് യോഗ്യരായ കമ്പ്യൂട്ടർ എഞ്ചിനീയർമാരെ എല്ലാ ഓഫീസുകളിലും നിയോഗിച്ച് തുടർച്ചയായ സേവനം നൽകുക.
6. റിക്കാർഡുകൾ എഴുതി തയ്യാറാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുക.
7. സുതാര്യവും വേഗമേറിയതുമായ സേവനം എൻ ഐസി തയ്യാറാക്കിയ സ്മാർട്ട് മൂവി സോഫ്റ്റ് വെയർ ഉപയോഗിച്ച് പൊതു ജനങ്ങൾക്ക് നൽകുക.
8. സേവനത്തിന്റേയും രേഖകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുക.

## ഡി) ഓൺലൈൻ സർവ്വീസുകൾ

ഏറ്റവും അധികം പൗരൻമാർ ബന്ധപ്പെടുന്ന ഡിപ്പാർട്ടുമെന്റുകളിലൊന്നായ മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ലക്ഷ്യം അതിവേഗവും സുതാര്യവും കാര്യക്ഷമവുമായ സേവനമാണ്. ഇത് നടപ്പിലാക്കിയതോടുകൂടി മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാണ്. ഈ പ്രോജക്ടിലൂടെ സർക്കാരിൽ നിന്നും പൊതു ജനങ്ങൾക്ക് താഴെ പറയുന്ന സേവനങ്ങൾ ഓൺലൈനിലൂടെ ല്യഭ്യമാണ്.

1. ഡ്രൈവിംഗ് ലൈസൻസ് ഉടമയുടെ ഫോട്ടോ അടക്കമുള്ള വിവരങ്ങൾ ദർശിക്കാം.

2. രജിസ്റ്റർ ചെയ്ത വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കാണുവാൻ കഴിയും.
3. ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് പ്രക്ടീസ് ചെയ്യാവുന്നതാണ്.
4. രശീതിയുടെ ഇൻവേർഡ് നമ്പർ ഉപയോഗിച്ച് സമർപ്പിക്കപ്പെട്ട അപേക്ഷയുടെ തൽസ്ഥിതി അറിയുവാൻ കഴിയും.
5. അതാത് ദിവസത്തെ വാഹന രജിസ്ട്രേഷൻ നമ്പരുകളുടെ അലോട്ട്മെന്റ് മനസ്സിലാക്കാം.
6. താത്ക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ദർശിക്കാം.
7. ലേണേഴ്സ് ഡ്രൈവിംഗ് ടെസ്റ്റ്, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എന്നിവ മുൻകൂട്ടി ബുക്ക് ചെയ്യാം.
8. നികുതി കണക്കാക്കുന്നതിനും പരാതി ബുക്ക് ചെയ്യുന്നതിനുമുള്ള സൗകര്യം.
9. സ്വകാര്യ വാഹനങ്ങളുടെ ടാക്സ്, ഫീസ് എന്നിവ ഓൺലൈനായി അടയ്ക്കാം.

**ഇ) ഇ - പേയ്മെന്റ്**

ഏത് പൗരനും താഴെ പറയുന്ന ടാക്സുകൾ, ഫീസുകൾ, സെസ്, മറ്റ് അനുബന്ധ ചാർജ്ജുകൾ ഓൺലൈനായി അടച്ച് രശീതി കൈപ്പറ്റാവുന്നതാണ്. ഇതുമൂലം ഏത് സമയത്തും എവിടെ നിന്നും വളരെ ലളിതമായി ഇടപാടുകൾ നടത്താവുന്നതാണ്.

**എഫ്) വാഹന പരിശോധനാ കേന്ദ്രങ്ങൾ**

നിലവിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ വാഹനം പരശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് വിഷ്വൽ ഇൻസ്പെക്ഷനിലൂടെയും വാഹനങ്ങൾ ഓടിച്ചുനോക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ കമ്പ്യൂട്ടറൈസ്ഡ് ആധുനിക വാഹന പരിശോധനാ സംവിധാനത്തിലൂടെ കൃത്യമായ പരിശോധന ശാസ്ത്രീയമായ പരിശോധന ഉറപ്പാക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്നതാണ് ഈ പ്രോജക്ടു കൊണ്ട് ഉദ്ദേശിക്കുന്നത്.

**ജി) റഡാർ ജാഗ്രതാ സംവിധാനം ( Radar Surveillance System)**

അമിത വേഗത റോഡപകടങ്ങളുടെ പ്രധാന കാരണമാകയാൽ റഡാർ സംവിധാനവും ക്യാമറയും ഉപയോഗപ്പെടുത്തി അപകട സാധ്യത മേഖലകളിലും പ്രധാന ജംഗ്ഷനുകളിലും ജാഗ്രതാ സംവിധാനം വ്യാപിപ്പിച്ചു വരുന്നു. ഇതിലൂടെ ലഭിക്കുന്ന ദൃശ്യങ്ങളും വിവരങ്ങളും കൺട്രോൾ മുറിയിലെത്തുകയും ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ ചാർജ്ജ് മെമ്മോ നൽകുകയും ചെയ്യുന്നു. തിരുവനന്തപുരം, എറണാകുളം നഗരങ്ങളിൽ റഡാർ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ടൗണിലെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

### എച്) കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ

നിലവിലുള്ള പരമ്പരാഗത ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനങ്ങളിൽ അപാകതകൾ ഉള്ളതിനാൽ ജില്ലാ ആസ്ഥാനങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് യാർഡുകൾ സ്ഥാപിച്ച് കുറ്റമറ്റതും കാര്യക്ഷമവുമായ സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

### ഐ) കമ്പ്യൂട്ടർ എയ്ഡഡ് ലേണേഴ്സ് ലൈസൻസ് സിസ്റ്റം (CALLS)

സ്മാർട്ട് മൂവ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള കാൾസ് മുഖേന മലയാളം, ഇംഗ്ലീഷ്, കന്നട, തമിഴ്, ഹിന്ദി എന്നീ ഭാഷകളിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് ടെസ്റ്റ് നടത്തി 10 മിനിട്ടിനകം ലേണേഴ്സ് ലൈസൻസ് നൽകുന്നു.

### ജെ) ഇൻഫർമേഷൻ കിയോസ്ക്

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കിയോസ്കുകളുടെ സഹായത്താൽ പൊതു ജനങ്ങൾക്ക് അപേക്ഷകളുടെ നിജസ്ഥിതി, കറണ്ട് രജിസ്ട്രേഷൻ നമ്പർ, ബുക്കിംഗ് സ്റ്റാറ്റസ്, കാൾസ് സോഫ്റ്റ് വെയർ മുഖേനയുള്ള മോക്ക് ടെസ്റ്റ് എന്നിവ സ്വയം നിർവ്വഹിക്കുന്നതാണ്.

### കെ.) എം - ഗവേണൻസ് ( എസ്.എം.എസ് സർവ്വീസ്)

മൊബൈൽ ഫോൺ ഉപയോഗിച്ച് എസ്.എം.എസ് മുഖേന സേവനങ്ങൾ അറിയുന്നതിനുള്ള വിപുലമായ സംവിധാനം ഒരുക്കിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ബി.എസ്.എൻ.എൽ മൊബൈലിലൂടെ 53725 താഴെ പറയുന്ന ഫോർമാറ്റിൽ എസ്.എം.എസ് ചെയ്യുന്ന പക്ഷം വിവരങ്ങൾ ലഭ്യമാണ്.

- വാഹനങ്ങളെ സംബന്ധിച്ച അത്യാവശ്യ വിവരങ്ങൾ : MVD (space) v (space) വാഹന നമ്പർ.
- അപേക്ഷകളുടെ തൽസ്ഥിതി : MVD (space) A (space) inward number
- ഫാൻസി നമ്പർ ബുക്കിംഗ് തൽസ്ഥിതി: MVD (space) F (space) Vehicle number
- ഫാൻസി നമ്പർ ബുക്കിംഗ് റേഞ്ച് : MVD (space) F (space) Office code
- അലോട്ട് ചെയ്ത വാഹന നമ്പരുകളുടെ തൽസ്ഥിതി: MVD (space) N (space) Inward number.
- ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ( എസ്.റ്റി.എ ) പെർമിറ്റ് അപേക്ഷയുടെ തൽസ്ഥിതി: MVD (space) P (space) Vehicle number
- ടാക്സ് കാൽക്കുലേറ്റർ : MVD (space) T (space) Vehicle number

### എൽ) അക്ഷയ/ഫ്രണ്ട്സ് കേന്ദ്രങ്ങളുമായുള്ള ഏകോപനം

അക്ഷയ കേന്ദ്രങ്ങൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ എന്നിവയിലൂടെ ഓൺലൈൻ അപേക്ഷകൾ, ഇ - പെയ്മെന്റ് എന്നിവ സാധ്യമാണ്.

### എം) ഇ - ഡിസ്ട്രിക്ട് പ്രോജക്ട്

മോട്ടോർ വാഹന വകുപ്പ് ഇ - ഡിസ്ട്രിക്ട് പ്രോജക്ടുമായി സഹകരിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴി താഴെ പറയുന്ന വിവരങ്ങൾ ഇ - വെരിഫിക്കേഷനുവേണ്ടി ലഭ്യമാക്കിയിട്ടുണ്ട്.

| വിഭാഗം | സേവനം |
|---|---|
| ലേണേഴ്സ് ലൈസൻസ് | ലേണേഴ്സ് ഡ്രൈവിംഗ് ലൈസൻസ്, പുതിയ ഡ്രൈവിംഗ് ലൈസൻസ് |
| ഡ്രൈവിംഗ് ലൈസൻസ് & ബാഡ്ജ് | ബാഡ്ജ് നൽകൽ, പുതിയ വിവരങ്ങൾ ചേർക്കൽ, ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേഴ്സ്, പുതുക്കൽ, മേൽ വിലാസം മാറ്റൽ, ഡ്യൂപ്ലിക്കേറ്റ് നൽകൽ |
| കണ്ടക്ടർ ലൈസൻസ് & ബാഡ്ജ് | പുതിയ കണ്ടക്ടർ ലൈസൻസ്, കണ്ടക്ടർ ലൈസൻസ് പുതുക്കൽ, മേൽ വിലാസം മാറ്റൽ. |
| വാഹന രജിസ്ട്രേഷൻ | ആർ.സി സംബന്ധിച്ച വിവരങ്ങൾ, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബുക്കിംഗ് തീയ്യതി, പണയപ്പെടുത്തൽ അവസാനിപ്പിക്കൽ, മേൽ വിലാസം മാറ്റൽ, ഉടമസ്ഥാവകാശം മാറ്റൽ |
| പെർമിറ്റ് | പുതിയ പെർമിറ്റ്, പെർമിറ്റ് പുതുക്കൽ |

## 3. സേവനങ്ങളും ആവശ്യമായ രേഖകളും

### എ) മോട്ടോർ ഡ്രൈവവിംഗ് ലൈസൻസ്

| ക്രമ. നം | വിവരണം | ആവശ്യമായ ഫോറങ്ങളും അനുബന്ധ രേഖകളും |
|---|---|---|
| 01 | ലേണേഴ്സ് ലൈസൻസ് | 1. ഫോറം നം.1 & 1 എ<br>2. ഫോറം നം.2<br>3. ഫോറം നം. 3<br>4. ഫോറം നം.4<br>5. നേത്ര പരിശോധനാ റിപ്പോർട്ട് (പി.ജി ഒപ്താൽമോളജിസ്റ്റ്<br>6. പ്രായം 18 വയസ്സ് (50 സി.സി യിൽ താഴെ വാഹനങ്ങൾ 16 വയസ്സ്, ട്രാൻസ്പോർട്ട് വാഹനങ്ങൾ 20 വയസ്സ് |

| | | |
|---|---|---|
| | | 7. മേൽ വിലാസം & പ്രായം തെളിയിക്കുന്ന രേഖ (ശമ്പള സ്ലിപ്പ്, പാസ്പോർട്ട്, എൽ.ഐ.സി പോളിസി, ഇലക്ഷൻ ഐ.ഡി കാർഡ്, ജനന സർട്ടിഫിക്കറ്റ്, സ്കൂൾ, അഫിഡവിറ്റ് – നോട്ടറി പബ്ലിക്ക്/എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്/ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ്) ഏതെങ്കിലുമൊന്ന് |
| 02 | ലൈസൻസ് പുതുക്കൽ (കാർഡ് രൂപത്തിൽ) | 1.ഫോറം 9<br>2. ഫോറം നം 1 എ ( ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് മാത്രം<br>3.ഡ്രൈവിംഗ് ലൈസൻസ്<br>4.നേത്ര പരിശോധനാ സാക്ഷ്യപത്രം |
| 03 | ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് | 1) ഫോറം ഡി.എൽ.എൽ.ഡി<br>2) അസ്സൽ ഡ്രൈവിംഗ് ലൈസൻസ്<br>3) സാക്ഷ്യപ്പെടുത്തിയ മേൽ വിലാസം സംബന്ധിച്ച പ്രൂഫ്.<br>4) സാക്ഷ്യപ്പെടുത്തിയ ഡ്രൈവിംഗ് ലൈസൻസ് പകർപ്പുകൾ (അസ്സൽ നഷ്ടപ്പെടുത്തുന്ന പക്ഷം)<br>5) ലൈസൻസിംഗ് അതോറിറ്റിയുടെ മുമ്പിൽ ഹാജരായി സത്യവാങ്മൂലം നൽകൽ. |
| 04 | പുതിയ വാഹനങ്ങൾ കൂടിചേർക്കൽ | 1) ഫോറം നമ്പർ 8<br>2) ഫോറം നം.1 എ (ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് മാത്രം<br>3) ഫോറം നം.2<br>4) ഡ്രൈവിംഗ് ലൈസൻസ്<br>5) നേത്ര പരിശോധനാ സാക്ഷ്യപത്രം |
| 05 | ബാഡ്ജ് (ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുവാൻ അധികാരപ്പെടുത്തൽ) | 1) ഫോറം എൽ റ്റി എ<br>2) ഫോറം നം.1 എ (മെഡിക്കൽ സർട്ടിഫിക്കറ്റ്)<br>3) ഫോറം എഫ് എ (ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ്)<br>4) സ്വഭാവ സർട്ടിഫിക്കറ്റ്<br>5) എട്ടാംതരം പരീക്ഷ പാസായ സർട്ടിഫിക്കറ്റ്<br>6) ഡ്രൈവിംഗ് ലൈസൻസ്<br>7) പ്രായം – 20 വയസ്സ്<br>8) നേത്ര പരിശോധനാ സാക്ഷ്യപത്രം |
| 06 | ഡ്യൂപ്ലിക്കേറ്റ് ബാഡ്ജ് | 1) ഫോറം എൽ.റ്റി.എ |
| 07 | ഡ്രൈവിംഗ് സ്കൂൾ നടത്തുന്നതിനുള്ള ലൈസൻസ് | 1) ഫോറം നം.12 |
| 08 | ഡ്രൈവിംഗ് സ്കൂൾ ലൈസൻസ് പുതുക്കൽ | 1) ഫോറം നം.13 |
| 09 | ഡ്രൈവിംഗ് സ്കൂൾ ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് | 1) ഫോറം നം.13 |

| | | |
|---|---|---|
| 10 | ഡ്രൈവിംഗ് സ്കൂൾ ലൈസൻസ് നിഷേധിക്കുന്ന പക്ഷം അപ്പീൽ നൽകൽ | 1) മെമ്മോറാൻഡം |
| 11 | അന്താരാഷ്ട്ര ഡ്രൈവിംഗ് പെർമിറ്റ് | 1) ഫോറം നം.4 എ<br>2) പാസ് പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>3) വിസയുടേയോ, വിമാന ടിക്കറ്റിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>4) ഉപയോഗത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് |
| 11 | ഡ്രൈവിംഗ് ലൈസൻസ് | അപേക്ഷ |
| എ) | പർട്ടിക്കുലേഴ്സ് | |
| 12 | കണ്ടക്ടർ ലൈസൻസ് & ബാഡ്ജ് | 1) ഫോറം സി എൽ.എ<br>2) ഫോറം എം.ബി.സി (മെഡിക്കൽ സർട്ടിഫിക്കറ്റ്)<br>3) ഫോറം എഫ് എ (ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ്)<br>4) സ്വഭാവ സർട്ടിഫിക്കറ്റ്<br>5) പ്രായം – 18 വയസ്സ്<br>6) വിദ്യഭ്യാസ യോഗ്യത – എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കുക |
| 13 | കണ്ടക്ടർ ലൈസൻസ് & ബാഡ്ജ് പുതുക്കൽ | 1) ഫോറം സി.എൽ.എ<br>2) ഫോറം എം.സി.സി<br>3) കണ്ടക്ടേഴ്സ് ലൈസൻസ് |
| 14 | ഡ്യൂപ്ലിക്കേറ്റ് കണ്ടക്ടർ ലൈസൻസ് | 1) ഫോറം സി.എൽ.ഡി<br>2) കണ്ടക്ടർ ലൈസൻസ് ഫോട്ടോ കോപ്പി (ലഭ്യമെങ്കിൽ) |
| 15 | കണ്ടക്ടേഴ്സ് ബാഡ്ജ് | 1) അപേക്ഷ |
| 16 | കണ്ടക്ടേഴ്സ് ബാഡ്ജ് ഡ്യൂപ്ലിക്കേറ്റ് | 1) അപേക്ഷ |
| 17 | താത്ക്കാലിക കണ്ടക്ടറായി നിയോഗിക്കൽ | 1) ഫോറം സി എൽ – താത്ക്കാലികം |

**ബി) മോട്ടോർ വാഹന രജിസ്ട്രേഷൻ**

| ക്രമ. നം | വിവരണം | ആവശ്യമായ രേഖകളും അനുബന്ധ രേഖകളും |
|---|---|---|
| 18 | ഫാൻസി നമ്പർ/പ്രത്യേക നമ്പർ രജിസ്ട്രേഷൻ | 1) പ്രത്യേക അപേക്ഷ ഫോറം<br>2) 250 നമ്പർ റേഞ്ചിനുള്ളിലായിരിക്കണം<br>3) സാക്ഷ്യപ്പെടുത്തിയ മേൽവിലാസം തെളിയിക്കുന്ന രേഖ |
| 19 | താത്ക്കാലിക രജിസ്ട്രേഷൻ | 1) പുതിയ രജിസ്ട്രേഷൻ ചെക്ക് ലിസ്റ്റ്<br>2) ഫോറം നമ്പർ 20 (രണ്ട് പകർപ്പ്<br>3) ഫോറം നമ്പർ 21<br>4) ഫോറം നമ്പർ 22 & 22 എ (ബോഡി നിർമ്മിച്ച വാഹനമെങ്കിൽ) |

| | | |
|---|---|---|
| | | 5) താല്ക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (നിലവിലുണ്ടെങ്കിൽ<br>6) ഇൻഷുറൻസ് സർട്ടിഫിക്കറ്റ് (നിലവിലുള്ളത്)<br>7) ചെയ്സ് നമ്പരിന്റെ പെൻസിൽ പ്രിന്റ്<br>8) കസ്റ്റംസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്/ബിൽ ഓഫ് ലാന്റിംഗ് (ഇറക്കുമതി ചെയ്തവയ്ക്ക് ബാധകം)<br>9) ഫോറം നം.60 ൽ ഡിക്ലറേഷൻ (ഇൻകം ടാക്സ്) - ഇരു ചക്ര വാഹനങ്ങളൊഴികെ (2 പകർപ്പ്)<br>10) ഫോറം നം.8 ബി യിൽ ഇൻവോയിസ്<br>11) പ്രായം തെളിയിക്കുന്ന സാക്ഷ്യപത്രം (മോട്ടോർ ലൈസൻസ് ക്രമ.നം 1 കാണുക. |
| 21 | ട്രാൻസ്പോർട്ട് വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ | 1) ഫോറം നം.25<br>2) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>3) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>4) പി.യു.സി സർട്ടിഫിക്കറ്റ് |
| 22 | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് | 1) ഫോറം നം.26 എച്ച്.പി.എ മുഖേന രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്ക് രണ്ട് പകർപ്പ്)<br>2) ഫിനാൻസറുടെ എൻ.ഒ.സി<br>3) ടാക്സ് അടച്ച രേഖ<br>4) ലോക്കൽ പോലീസിന്റെ സർട്ടിഫിക്കറ്റ് (മോഷണം പോയതോ നഷ്ടപ്പെട്ടതോ ആയ വാഹനങ്ങൾക്ക്)<br>5) പത്ര പരസ്യം (നഷ്ടപ്പെട്ടതോ മോഷ്ടിക്കപ്പെട്ടതോ ആയ വാഹനങ്ങൾക്ക്)<br>6) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>7) പി.യു.സി.സി സർട്ടിഫിക്കറ്റ്<br>8) ഒറിജിനൽ ആർ.സി(എഴുതി തള്ളിയതോ ഡിഫേസഡ് ചെയ്തതോ ആയ വാഹനങ്ങൾക്ക്) |
| 23 | ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ടതോ, മേൽ വിലാസം മാറ്റപ്പെട്ടതോ ആയ വാഹനങ്ങൾക്ക് പുതിയ രജിസ്ട്രേഷൻമാർക്ക് ലഭിക്കുന്നതിന് (അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങൾ | 1) ഫോറം നം.27<br>2) ഫോറം നം.28 (എൻ.ഒ.സി)<br>3) ഫോറം നം.29 രണ്ട് പകർപ്പ്<br>4) ഫോറം നം.30(ഒരേ നിരക്കിൽ ഉടമസ്ഥാവകാശം മാറ്റപ്പെട്ടത്<br>5) ഫോറം നം.33 (മേൽ വിലാസത്തിൽ വന്ന മാറ്റം)<br>6) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>7) പി.യു.സി.സി സർട്ടിഫിക്കറ്റ്<br>8) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>9) അഡ്രസ്സ് പ്രൂഫ്<br>10) നോട്ടറി പബ്ലിക്കിൽ നിന്നും ലഭിച്ച അഫിഡവിറ്റ്<br>11) പ്രവേശന നികുതിയടച്ചതിന്റെ വിവരങ്ങൾ (അന്യസംസ്ഥാന വാഹനങ്ങൾ - 15 മാസത്തിനുള്ളിൽ) |

| | | |
|---|---|---|
| 24 | മറ്റ് സംസ്ഥാനത്തേക്ക് വാഹനങ്ങൾ ട്രാൻസ്ഫർ ചെയ്യുന്നതിന് | 1) ഫോറം നം.28 നാല് പകർപ്പുകൾ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ആദ്യ കോപ്പിയിൽ പതിപ്പിക്കണം<br>2) ചെസ് നമ്പറിന്റെ പെൻസിൽ പ്രിന്റ്<br>3) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>4) പി.യു.സി.സി സർട്ടിഫിക്കറ്റ്<br>5) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>6) ടാക്സ് അടച്ച രേഖകൾ |
| 25 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ മേൽ വിലാസം മാറ്റൽ | 1) ഫോറം നം.33<br>2) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>3) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>4) പി.യു.സി സർട്ടിഫിക്കറ്റ്<br>5) അഡ്രസ്സ് പ്രൂഫ് |
| 26 | ഉടമസ്ഥാവകാശം മാറ്റൽ | 1) ഫോറം നം.29 (രണ്ട് പകർപ്പ് )<br>2) ഫോറം നം.30<br>3) അഡ്രസ്സ് പ്രൂഫ്<br>4) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>5) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>6) പി.യു.സി സർട്ടിഫിക്കറ്റ്<br>7) ഫോറം നം.60 ഡിക്ലറേഷൻ (ഇൻകം ടാക്സ് - ഇരു ചക്ര വാഹനങ്ങൾ ഒഴികെ) |
| 27 | മരണപ്പെട്ടതുമൂലം ഉടമസ്ഥാവകാശം മാറ്റൽ | 1) ഫോറം നം.31<br>2) മരണ സർട്ടിഫിക്കറ്റ്<br>3) പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്<br>4) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>5) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>6) പി.യു.സി സർട്ടിഫിക്കറ്റ്<br>7) വയസ്സും മേൽ വിലാസവും തെളിയിക്കുന്ന രേഖ<br>8) നേമിനേഷൻ സർട്ടിഫിക്കറ്റ് (ഒന്നലധികം അവകാശികളുണ്ടെങ്കിൽ) |
| 27 എ) | ലേലം മുഖേന ഉടമസ്ഥാവകാശം മാറ്റൽ | 1) ഫോറം നം.32 |
| 28 | എച്ച്.പി.എ/എച്ച് പി.എൻ റദ്ദാക്കൽ | 1) ഫോറം നം.32 (രണ്ട് പകർപ്പ്)<br>2) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>3) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>4) പി.യു.സി സർട്ടിഫിക്കറ്റ് |

## സി.ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

| ക്രമ. നം | വിവരണം | ആവശ്യമായ ഫോറങ്ങളും അനുബന്ധ രേഖകളും |
|---|---|---|
| 29) | ഇരു ചക്ര വാഹനം, മുചക്രവാഹനം, ലൈറ്റ് മോട്ടോർ വെഹിക്കിൾ, മീഡിയം പാസഞ്ചർ വെഹിക്കിൾ, ഹെവി പാസഞ്ചർ വെഹിക്കിൾ | 1) ഫോറം ഡി.എഫ്.ആർ.എ<br>2) ഫോറം സി.എഫ്.എ<br>3) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>4) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>5) പി.യു.സി സർട്ടിഫിക്കറ്റ്<br>6) ടാക്സ് അടച്ച വിവരങ്ങൾ<br>7) പെർമിറ്റ് അനുവദിച്ചതിന്റെ ഉത്തരവ്(സെക്രട്ടറി, ആർ.റ്റി.എ/എസ്.റ്റി.എ) |
| 30 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കൽ | 1) ഫീസ് അടയ്ക്കൽ മാത്രം |
| 31 | ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് | 1) അപേക്ഷ |
| 32 | ആർ.സി പർട്ടിക്കുലേഴ്സിന്റെ ഫീസ് | 1) മെമ്മോറാണ്ടം |

### 6. പ്രധാന ഓഫീസുകൾ

| ക്രമ. നം. | ഓഫീസ് തലവന്റെ പേര് | സ്ഥലം | ഫോൺ നം. | വെബ് / ഇ-മെയിൽ |
|---|---|---|---|---|
| 1. | ട്രാൻസ് പോർട്ട് കമ്മീഷണർ | തിരുവനന്തപുരം | 0471 - 2333316, 2333317 | tc@keralamvdgov.in, tcooffice@keralamvd gov.in |
| 02 | ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ | തിരുവനന്തപുരം | 0471 - 2333336 | dtctvm@keralamvd.gov.in |
| 03 | ആർ.ടി ഒ, നാഷണ ലൈസ്ഡ് സെക്റ്റർ | തിരുവനന്തപുരം | 0471- 2731339 | k115@keralamvd.gov.in |
| 04 | ആർ.ടി ഒ | ആറ്റിങ്ങൽ | 0470 þ 2626400 | k116@keralamvd.gov.in |
| 05 | ആർ.ടി ഒ | കൊല്ലം | 0474 - 2793499 | k102@keralamvd.gov.in |
| 06 | ആർ.ടി.ഒ | പത്തനംതിട്ട | 0468 - 2222426 | k103@keralamvd.gov.in |
| 07 | ആർ.ടി.ഒ | ആലപ്പുഴ | 0447 - 2253160 | k104@keralamvd.gov.in |
| 08 | ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (മദ്ധ്യമേഖല) | എറണാകുളം | 0484 - 2423030 | dtcekm@keralamvd.gov.in |
| 09 | ആർ.ടി.ഒ | കോട്ടയം | 0481 - 2560429 | k105@keralamvd.gov.in |
| 10 | ആർ.ടി.ഒ | ഇടുക്കി | 0486 - 2232244 | k106@keralamvd.gov.in |

| | | | | |
|---|---|---|---|---|
| 11 | ആർ.ടി.ഒ | എറണാകുളം | 0484 - 2422246 | k107@keralamvd.gov.in |
| 12 | ആർ.ടി.ഒ | മൂവാറ്റുപുഴ | 0487 - 2360262 | k117@keralamvd.gov.in |
| 12 | ആർ.ടി.ഒ | തൃശൂർ | 0481 - 2560429 | k108@keralamvd.gov.in |
| 13 | ആർ.ടി.ഒ | പാലക്കാട് | 0491 - 2505741 | k109@keralamvd.gov.in |
| 14 | ആർ.ടി.ഒ | മലപ്പുറം | 0483 - 2734924 | k110@keralamvd.gov.in |
| 15 | ട്രാൻസ്പോർട്ട് കമ്മീഷണർ (ഉത്തരമേഖല) | കോഴിക്കോട് | 0495 - 2370985 | dtckkd@keralamvd.gov.in |
| 16 | ആർ.ടി.ഒ | കോഴിക്കോട് | 0495 - 2371705 | k111@keralamvd.gov.in |
| 17 | ആർ.ടി.ഒ | വടകര | 0496 - 2526234 | k118@keralamvd.gov.in |
| 18 | ആർ.ടി.ഒ | വയനാട് | 0493 - 6202607 | k112@keralamvd.gov.in |
| 19 | ആർ.ടി.ഒ | കണ്ണൂർ | 0497 - 2700566 | k113@keralamvd.gov.in |
| 20 | ആർ.ടി.ഒ | കാസർഗോഡ് | 0481 - 4255290 | k114@keralamvd.gov.in |

# XLV.
# പൊതുമരാമത്ത് വകുപ്പ്



സംസ്ഥാന സർക്കാരിന് വിവിധങ്ങളായ പൊതുമരാമത്ത് വിഭാഗങ്ങളുണ്ട്. ടി വകുപ്പിനെ പ്രവർത്തനത്തിന്റെ തരം നോക്കി ഓരോ ചീഫ് എഞ്ചിനീയറുടെ കീഴിൽ വിവിധ ഉപവിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, നാഷ്ണൽ ഹൈവേ വിങ്ങ്, ഡ്രഗ്സ് വിങ്ങ് (രൂപകൽപന, റിസർച്ച്), ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, മെക്കാനിക്കൽ. ഈ ശാഖകളെല്ലാം തന്നെ സംസഥാനതല ത്തിൽ വിവിധ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. റോഡ് , കെട്ടിടം മുതലായവയ്ക്ക് ചീഫ് എഞ്ചിനീയറുടെ കീഴിൽ, ഡെപ്യൂട്ടീ ചീഫ് എഞ്ചി നീയറും, സൂപ്രണ്ടിംഗ് (സർക്കിൾ) എക്സിക്യൂട്ടീവ് (ഡിവിഷൻ), അസി. എഞ്ചിനീ യർ (സബ്ഡിവിഷൻ), അസി. എഞ്ചിനീയർ (സെക്ഷൻ) എന്നിവരുടെ നേതൃത്വ ത്തിലുള്ള ഓഫീസുകളും പ്രവർത്തിക്കുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങ ളുടെ പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് പ്രത്യേകമായ തദ്ദേശഭരണ സ്ഥാപന എഞ്ചി നീയറിംഗ് ശാഖയും പ്രവർത്തിക്കുന്നുണ്ട്. (ചീഫ് എഞ്ചിനീയർ എൽ.എസ്.ജി.ഡി യുടെ നേതൃത്വത്തിൽ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ ഡിപ്പാർട്ടു മെന്റുകളുടേയും പൊതുമേഖലാ, സ്വാശ്രയ സ്ഥാപനങ്ങളുടേയും വിവിധ പൊതു മരാമത്തു പ്രവൃത്തികൾ നടത്തുന്നത് പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള മുക

ളിൽ വിവരിച്ച വിവിധ ശാഖകൾ വഴിയാണ്. നേരിട്ടുള്ള ബജറ്റ് അവലോകനം, ഡെപ്പോസിറ്റ് വിനിയോഗിച്ചുള്ള പ്രവൃത്തികളും അവ ചെയ്തു വരുന്നു.

## 1. കെട്ടിടവിഭാഗം

### ആമുഖം

ഗവൺമെന്റ് ഓഫീസുകളായ സെക്രട്ടേറിയറ്റ്, സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ, ട്രഷറികൾ, സബ് രജിസ്ട്രാർ ഓഫീസുകൾ എന്നിവയുടേയും മറ്റു ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളായ സെയിൽ ടാക്സ്, എക്സൈസ്, കോടതികൾ, ഫയർ ആന്റ് റെസ്ക്യൂ, ജയിൽ ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ എന്നിവയുടെ മെയിന്റനൻസും പുതിയ നിർമ്മാണ പ്രവർത്തികളും പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തി വരുന്നു. ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ജനറൽ ഹോസ്പിറ്റലുകൾ, മെഡിക്കൽ കോളേജുകൾ, ലോ കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവയുടെ അറ്റകുറ്റപ്പണികളും പുതിയ നിർമ്മാണ പ്രവർത്തനങ്ങളും പൊതുമരാമത്ത് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തുന്നു. ഗവൺമെന്റ് വാടകയ്ക്ക് ഏറ്റെടുക്കുന്ന കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കൽ, വില നിർണ്ണയം, വില നിർണ്ണയം നടത്തുക എന്നിവയും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നവയാണ്. കേരള സർക്കാരിന്റെ കീഴിലുള്ള ന്യൂഡൽഹിയിലെ കേരള ഹൗസിന്റെ മെയിൻബ്ലോക്ക്, അഡീഷണൽ ബ്ലോക്ക്, കൊച്ചിൻ ഹൗസ് എന്നിവയുടെ അറ്റകുറ്റപ്പണികളും പൊതുമരാമത്ത് കെട്ടിട വിഭാഗമാണ് നടത്തി വരുന്നത്. കേരളത്തിൽ സന്ദർശനത്തിന് എത്തുന്ന വിശിഷ്ടാതിഥികളുടെ ഔദ്യോഗിക പരിപാടികൾക്ക് വേണ്ട സ്റ്റേജ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം ഇലക്ട്രിക്കൽ അറേഞ്ച്മെന്റ് എന്നിവയും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ചുമതലയിലാണ്.

### പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഘടന

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ തലവൻ ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) ആണ്. ഈ വിഭാഗത്തിന്റെ കീഴിൽ സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് എന്നീ മൂന്നു ഉപവിഭാഗങ്ങൾ ഉൾപ്പെടുന്നു. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ഭരണ സംവിധാനം നിലവിലുണ്ട്.

#### (എ) വർക്സ് വിഭാഗം

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ സിവിൽ വിഭാഗം പ്രവർത്തികളെ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ചുമതലയിൽ പ്രവർത്തിപ്പിക്കുന്ന വർക്സ് വിഭാഗമാണ്. ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി

ലഭിക്കുവാനുള്ള പ്രവർത്തികളുടെ പ്രപ്പോസൽ സർക്കാരിൽ സമർപ്പിക്കുക, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളുടെ മെയിന്റനൻസ് പ്രവർത്തികൾക്ക് ഭരണാനുമതി നൽകുക, സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകുക, അതതു സമയങ്ങളിലെ ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തികളുടെ ടെണ്ടറുകൾ അംഗീകരിക്കുകയും അധിക നിരക്ക് ആവശ്യപ്പെടുന്ന ടെണ്ടറുകൾ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുക, നടന്നുവരുന്ന പ്രവർത്തി കുടെ കുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുക, ഗവൺമെന്റ് ആവശ്യത്തിലേയ്ക്കായി ഏറ്റെടുക്കുന്ന സ്വകാര്യ കെട്ടിടങ്ങളുടെ വില നിർണ്ണയിക്കുക, ഗവൺമെന്റ് ആവശ്യത്തിനായി വാടകയ്ക്കെടുക്കുന്ന സ്വകാര്യ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുക എന്നിവ ഈ വിഭാഗത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നു.

### (ബി) ഇലക്ട്രിക്കൽ വിഭാഗം

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതും മറ്റ് വകുപ്പുകളായ ഇറിഗേഷൻ, തദ്ദേശസ്വയംഭരണം തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളിലെ പുതിയ വൈദ്യുതീകരണത്തിന്റെ മെയിന്റനൻസ് പ്രവർത്തികളും സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ഉടെ ചുമതലയിൽ പ്രവർത്തിക്കുന്ന ഈ വിഭാഗത്തിന്റെ ഉത്തരവാദിത്തതിലാണ് നടത്തിവരുന്നത്. കേരള ഗവൺമെന്റിനു വേണ്ടി വൈദ്യുത സാമഗ്രികളുടെ ഗുണനിലവാരം പരിശോധിച്ച് അംഗീകാരം നൽകൽ, കേരള ഗവൺമെന്റിനു വേണ്ടി വൈദ്യുത പണികൾ നിർവ്വഹിക്കുന്നതിന് യോഗ്യതയുള്ള വർക്ക്ഷോപ്പുകളുടെ ഗുണനിലവാരം പരിശോധിച്ച് അംഗീകാരം നൽകുക, കാലാകാലങ്ങളിൽ വൈദ്യുത സാധന സാമഗ്രികളുടെ വിലനിലവാരം ഉൾപ്പെടുത്തി വിലനിലവാരപ്പട്ടിക തയ്യാറാക്കുക, അധികാര പരിധിക്കുള്ളിലുള്ള വൈദ്യുതീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും വലിയ പ്രവർത്തികളുടെ പ്രപ്പോസൽ ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കുകയും, ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുകയും, അധികാര പരിധിക്കുള്ളിലുള്ള ടെണ്ടറിന്റെ അധിക നിരക്കിന് അംഗീകാരം നൽകുകയും കൂടുതൽ അധിക നിരക്ക് ആവശ്യപ്പെടുന്ന ടെണ്ടറുകൾ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുകയും പ്രവർത്തികളുടെ നടത്തിപ്പ് അവലോകനം ചെയ്യുകയും ഈ വിഭാഗത്തിൽ നിന്നും നടത്തുന്നു.

### (സി) ഇലക്ട്രോണിക്സ് വിഭാഗം

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് മറ്റ് വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ചും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി കമ്പ്യൂട്ടർ ഇൻസ്റ്റലേഷൻ, റിപ്പയർ, ലോക്കൽ ഏരിയ നെറ്റ് വർക്കിംഗ് സിസ്റ്റം EPBAX, ഇലക്ട്രോണിക്സ് നിരീക്ഷണ ഉപകരണങ്ങൾ (നിരീക്ഷണ ക്യാമറകൾ) ട്രാഫിക് സിഗ്നൽ സിസ്റ്റം, സി.സി.ടി.വി, വീഡിയോ

കോൺഫറൻസ് സിസ്റ്റം തുടങ്ങിയവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ പ്രവർത്തിക്കുന്ന ഈ വിഭാഗത്തിന്റെ നിയന്ത്രണത്തിലാണ് സ്ഥാപിക്കുന്നത്. മറ്റു ഗവൺമെന്റ് വകുപ്പുകൾക്ക് ആവശ്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുക, ജയിലിലേക്കും മറ്റും ആവശ്യമായ പവർഫെൻസിംഗ് എന്നിവ ഈ വിഭാഗം തയ്യാറാക്കുന്നു. സർക്കാരിന്റെ ഔദ്യോഗിക പരിപാടികളിലും കേരള നിയമസഭയിലും ആവശ്യമായ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റത്തിന്റേയും മറ്റു ഇലക്ട്രോണിക്സ് ഉപകരണങ്ങളുടേയും നിയന്ത്രണവും ചുമതലയും ഈ വിഭാഗത്തിനാണ്. പുതിയ പ്രവർത്തികളുടേയും അറ്റകുറ്റ പണികളുടേയും പ്രപ്പോസൽ തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക, ഭരണാനുമതി ലഭിച്ച പ്രവർത്തികൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി സ്വീകരിച്ച് നടപ്പിൽ വരുത്തുക എന്നിവയും ഈ വിഭാഗമാണ് ചെയ്യുന്നത്.

## പ്രവർത്തനങ്ങൾ

## (എ) ഭരണാനുമതി

ജനപ്രതിനിധികൾ തെരഞ്ഞെടുക്കുന്ന പുതിയ പ്രവർത്തികൾ മുൻഗണനാക്രമം നിശ്ചയിച്ച് ബഡ്ജറ്റിൽ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ ഉടമസ്ഥ വകുപ്പിന്റെ ആവശ്യങ്ങൾകൂടി പരിഗണിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി വകുപ്പിലെ വിവിധതലത്തിലുള്ള എഞ്ചിനീയർമാരുടെ അധികാര പരിധിക്കുള്ളിലുള്ള പ്രവർത്തികൾക്ക് അതത് ഉദ്യാഗസ്ഥർ ഭരണാനുമതി നൽകുകയും മറ്റു പ്രവർത്തികൾക്കുള്ള പ്രപ്പോസൽ ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ സർക്കാരിൽ നിന്നും ലഭിക്കുന്ന ഭരണാനുമതിയുടെ കാലാവധി രണ്ടു വർഷമാണ്. പുതിയ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള വിവിധ ഉദ്യാഗസ്ഥരുടെ നിലവിലുള്ള അധികാര പരിധി താഴെക്കൊടുക്കും പ്രകാരമാണ്.

| ക്രമ നമ്പർ | | സിവിൽ വിഭാഗം | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് വിഭാഗം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | | 15000 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 75000 | 50000 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 500000 | 200000 |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 800000 | 300000 |
| 5 | ചീഫ് എഞ്ചിനീയർ | 2500000 | 700000 |

വിവിധ ഗവൺമെന്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്കനുസരിച്ച അതാതു വർഷങ്ങളിൽ സർക്കാരിൽ നിന്നും അനുവദിക്കുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ

കെട്ടിടങ്ങളുടേയും ക്വാർട്ടേഴ്സുകളുടേയും അറ്റകുറ്റപ്പണിക്ക് അധികാര പരിധിക്കു ള്ളിൽ നിന്നുകൊണ്ട് ഭരണാനുമതി നൽകുകയും അതിനുമുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവർത്തികൾ ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്യു ന്നു. അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള വിവിധ ഉദ്യാഗസ്ഥരുടെ അധികാര പരിധി താഴെപ്പറയുന്നു.

| ക്രമ നമ്പർ | | സിവിൽ വിഭാഗം | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് വിഭാഗം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | - | - |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | - |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 75000 | 15000 |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 100000 | 40000 |
| 5 | ചീഫ് എഞ്ചിനീയർ | 300000 | 200000 |

## (ബി) സാങ്കേതികാനുമതി

ഗവൺമെന്റിൽ നിന്നും വകുപ്പ് അധികാരികളിൽ നിന്നും ഭരണാനുമതി ലഭിച്ച പുതിയ പ്രവർത്തികൾക്ക് അതാത് വകുപ്പുകളുടെ ആവശ്യങ്ങൾ പരിഗണിച്ച് തയ്യാ റാക്കിയ ആർക്കിടെക്ചൽ ഡ്രോയിംഗ്, നിർമ്മാണ സ്ഥലത്ത് നിന്നുള്ള മണ്ണ് പരി ശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്ട്രക്ചറൽ ഡ്രോയിംഗ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവർത്തിയുടെ വിശദമായ എസ്റ്റിമേറ്റ് അതാതു കാലങ്ങളിൽ നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി വിവിധ തലത്തിലുള്ള എഞ്ചിനീയർമാരുടെ വിശദ പരിശോധനയ്ക്ക് ശേഷം സാങ്കേ തികാനുമതി നൽകുന്നു. ഭരണാനുമതി ലഭിച്ച  അറ്റകുറ്റ പ്രവർത്തികൾക്ക് അതാത് സർക്കാർ വകുപ്പുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് അതാതു കാലങ്ങളിൽ നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിധി താഴെ പറയുന്നു.

| ക്രമ നമ്പർ | | സിവിൽ വിഭാഗം | ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് വിഭാഗം |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 20000 | 15000 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 300000 | 50000 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1500000 | 200000 |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 4500000 | 650000 |
| 5 | ചീഫ് എഞ്ചിനീയർ | പരിധിയില്ല | പരിധിയില്ല |

## (സി) ദർഘാസ് നടപടി

ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച പ്രവർത്തികളിൽ മാത്രമെ ദർഘാസ് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ള. സാങ്കേതിക അനുമതി ലഭിച്ച വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കുകയും ദർഘാസ് പത്രപ്പരസ്യം മുഖേനയും പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖേനയും പരസ്യപ്പെടുത്തുകയും ടെണ്ടർ ഷെഡ്യൂൾ പൊതുമരാമത്തുവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നു. വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്ന എസ്റ്റിമേറ്റ് തുകയുടെ പരിധി താഴെപറയുന്നു.

| ക്രമ നമ്പർ | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | - |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 300000 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1500000 |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | പരിധിയില്ല |

വെബ്സൈറ്റിൽ അപ് ലോഡ് ചെയ്ത ടെണ്ടറുകൾ ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർക്ക് നേരിട്ട് ഡൗൺലോഡു ചെയ്ത് ദർഘാസ് നടപടികലിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്. വിവിധ നിലവാരത്തിലുള്ള കരാറുകാർക്ക് പങ്കെടുക്കുവാൻ കഴിയുന്ന എസ്റ്റിമേറ്റ് തുകയുടെ പരിധി താഴെപ്പറയുന്നു.

| | | |
|---|---|---|
| 1 | എ ക്ലാസ്സ് | പരിധിയില്ല |
| 2 | ബി ക്ലാസ്സ് | 55 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ |
| 3 | സി ക്ലാസ് | 15 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ |
| 4 | ഡി ക്ലാസ് | 6 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ |

രണ്ട് കോടി രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള, പ്രവൃത്തികൾക്ക് മുൻയോഗ്യതാ നിർണ്ണയ ദർഘാസ് നടപടി പ്രകാരവും മറ്റു പ്രവൃത്തികൾക്ക് നേരിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നു. മുൻ നിശ്ചയിച്ച സമയത്തിനുള്ളിൽ സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ രണ്ടു കോടി രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള പ്രവർത്തികൾക്ക് യോഗ്യത നേടിയ കരാറുകാരിൽ കുറഞ്ഞ റേറ്റ് ആവശ്യപ്പെട്ട കരാറുകാരന്റെ അല്ലാത്ത പ്രവർത്തികൾക്ക് സമർപ്പിക്കപ്പെട്ട ടെണ്ടുകളിൽ കുറഞ്ഞ റേറ്റ് ആവശ്യപ്പെട്ട കരാറുകാരന്റെയും ടെണ്ടർ അതാത് കാലങ്ങളിൽ നിലിവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവിയോ സർക്കാർ ഉത്തര

വിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവിയോ സർക്കാരോ അംഗീകാരം നൽകി എഗ്രിമെന്റ് പ്രവർത്തി ആരംഭിക്കുന്നു.

**(ഡി) പ്രവൃത്തി നടപ്പിലാക്കൽ**

കേരളത്തിലാകമാനമുള്ള പൊതുമരാമത്തു വകുപ്പിന്റെ അധീനതയിൽ വരുന്ന സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും പൊതുമരാമത്തു വകുപ്പിന്റെ കെട്ടിട വിഭാഗത്തിന്റെ ഉത്തരവാദിത്വത്തിലാണ് നടന്നുവരുന്നത്. ഇതിന്റെ നടത്തിപ്പിനായി ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള എല്ലാ വിഭാഗത്തേയും മേഖല അടിസ്ഥാനത്തിൽ വീണ്ടും വിഭജിച്ചിട്ടുണ്ട്.

## 1. സിവിൽ എഞ്ചിനീയറിംഗ് വിഭാഗം

നിർമ്മാണ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഓരോ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കെട്ടിട വിഭാഗത്തെ നാലായി വിഭജിച്ചിട്ടുണ്ട്.

**(എ) ദക്ഷിണ മേഖല**

തിരുവനന്തപുരം ആസ്ഥാനമായുള്ള ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള തിരുവനന്തപുരം ബിൽഡിംഗ് ഡിവിഷൻ, തിരുവനന്തപുരം സ്പെഷ്യൽ ബിൽഡിംഗ്സ് ഡിവിഷൻ കേരള ലജിസ്ലേറ്റീവ് കോംപ്ലക്സ് കൺസ്ട്രക്ഷൻ ഡിവിഷൻ എന്നിവ കൂടാതെ കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ബിൽഡിംഗ്സ് ഡിവിഷനുകളും അവയുടെ കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള 27 സബ് ഡിവിഷനുകളും അതിനു കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള 60 ബിൽഡിംഗ്സ് സെക്ഷനുകളും ഉൾപ്പെടുന്നു.

**(ബി) മദ്ധ്യമേഖല**

തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള എറണാകുളം, തൃശ്ശൂർ, ഇടുക്കി എന്നീ ബിൽഡിംഗ്സ് ഡിവിഷനുകളും അതിനു താഴെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള 33 ബിൽഡിംഗ്സ് സെക്ഷനുകളും ഉൾപ്പെടുന്നു.

**(സി) ഉത്തരമേഖല**

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നേതൃത്വം നൽകുന്ന പാല

ക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, തലശ്ശേരി, കാസർഗോഡ് എന്നീ ബിൽഡിംഗ്സ് ഡിവിഷൻ ഓഫീസുകളും അതിനു കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നേതൃത്വം നൽകുന്ന 18 സബ്ഡിവിഷനുകളും അതിനു കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള 48 ബിൽഡിംഗ്സ് സെക്ഷൻ ഓഫീസുകളും ഉൾപ്പെടുന്നു.

**(ഡി) ജുഡീഷ്യൽ മേഖല**

എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജീഡീഷ്യൽ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ സംസ്ഥാനത്താകമാനമുള്ള കോടതി കെട്ടിടങ്ങളുടെ പുതിയ നിർമ്മാണവും അറ്റകുറ്റ പണികളും അതാതു സ്ഥലത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തി വരുന്നു.

## 2. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം

ഇലക്ട്രിക്കൽ എഞ്ചിനീയറിഗ് വിഭാഗത്തിൽ സുഗമമായ നടത്തിപ്പിന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള വിഭാഗത്തെ തിരുവന്തപുരം, തൃശ്ശൂർ, കോഴിക്കോട് ആസ്ഥാനമാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ മൂന്നായി വിഭാജിച്ചിട്ടുണ്ട്. അതിനു കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള 14 ഇലക്ട്രിക്കൽ സബ്സിഡിവിഷനുകളും അതിനു താഴെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള 32 ഇലക്ട്രിക്കൽ സെക്ഷനുകളും ഉണ്ട്.

## 3. ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം

ഇലക്ട്രോണിക്സ് എഞ്ചിനീയർ വിഭാഗത്തിന്റെ സുഗമമായ നടത്തിപ്പിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള വിഭാഗത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ 8 ഇലക്ട്രോണിക്സ് സബ് ഡിവിഷനുകളായും അതിനു താഴെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള 20 ഇലക്ട്രോണിക്സ് സെക്ഷനുകളും ഉണ്ട്.

**(ഇ) വാടക നിശ്ചിയിക്കൽ**

സർക്കാർ ആവശ്യത്തിനായി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ ഏറ്റെടുക്കുമ്പോൾ അതിന് സർക്കാർ നൽകേണ്ട വാടക നിശ്ചിയിക്കുന്നത് പൊതുമരാമത്ത് കെട്ടിട വിഭാഗമാണ്. പൊതുമരാമത്ത് മാനദണ്ഡപ്രകാരം കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നത് താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്.

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷ
2. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ നിന്നുള്ള കെട്ടിടത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ്
3. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
4. കെട്ടിട ഉടമസ്ഥന്റെ സമ്മതപത്രം
5. താലൂക്ക് തഹസിൽദാർ നൽകുന്ന സ്ഥലത്തിന്റെ വിലവിവര സർട്ടിഫിക്കറ്റ്
6. പ്രസ്തുത സ്ഥലത്തെ സർക്കാർ കെട്ടിടത്തിന്റെ ലഭ്യതയെ സംബന്ധിച്ച സർട്ടിഫിക്കറ്റ്
7. സ്ഥല പരിശോധന നടത്തുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഓഫീസറുടെ സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ്.

ഈ രേഖകളുടെ അടിസ്ഥാനത്തിൽ അതാതു തലത്തിലുള്ള പൊതുമരാമത്ത് എഞ്ചിനീയർമാർ നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ പ്ലിന്ത് ഏരിയ റേറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നു. വിവിധ തലത്തിലുള്ള എഞ്ചിനീയർമാരുടെ വാടക നിശ്ചയിക്കുന്നതിനുള്ള പരിധി താഴെ പറയുന്നു.

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1500/മാസം |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ | 3500/മാസം |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 7000/മാസം |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 15000/മാസം |
| 5 | ചീഫ് എഞ്ചിനീയർ | പരിധിയില്ല |

## (എഫ്) കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം

സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ സർക്കാർ ആവശ്യത്തിലേക്കായി ഏറ്റെടുക്കുമ്പോൾ കെട്ടിട ഉടമസ്ഥന് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും മറ്റ് ഗവൺമെന്റ് വകുപ്പുകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അധികാരികൾ നൽകുന്ന കാലപ്പഴക്ക സർട്ടിഫിക്കറ്റിന്റേയും നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർ കെട്ടിടങ്ങളുടെ മൂല്യം നിർണ്ണയിച്ച് നൽകുന്നു. ഓരോ തലത്തിലുള്ള ഉദ്യാഗസ്ഥർക്കും മൂല്യനിർണ്ണയം നടത്താവുന്ന പരിധി താഴെ പറയുന്നു.

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 50,000 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ | 6,00,000 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15,00,000 |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 55,00,000 |
| 5 | ചീഫ് എഞ്ചിനീയർ | പരിധിയില്ല |

**(ജി) സർവ്വേ റിപ്പോർട്ട്**

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നിലവിലുള്ള കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ച് മാറ്റേണ്ട അവസരങ്ങളിലും ഉപയോഗശൂന്യമായ ഫർണീച്ചറുകളും മറ്റ് സാധന സാമഗ്രികളും ലേലം ചെയ്യേണ്ട അവസരങ്ങളിലും പ്രസ്തുത വസ്തുവകകൾ നേരിട്ട് പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യാഗസ്ഥൻ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നു. ഇങ്ങനെ തയ്യാറാക്കുന്ന സർവ്വെ റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള പരിധി താഴെ പറയുന്നു

| | | കെട്ടിടങ്ങൾ | മറ്റ് വസ്തു വകകൾ |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | – | 7000 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ | 200000 | 35000 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 700000 | 70000 |
| 4 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 1500000 | 300000 |
| 5 | ചീഫ് എഞ്ചിനീയർ | പരിധിയില്ല | പരിധിയില്ല |

**(എച്ച്) വി.വി.ഐ.പി. സന്ദർശനത്തിനുള്ള മുന്നൊരുക്കം**

സംസ്ഥാനത്ത് ഔദ്യോഗിക സന്ദർശനത്തിന് എത്തുന്ന അതിവിശിഷ്ഠ വ്യക്തികൾ പങ്കെടുക്കുന്ന ഔദ്യോഗിക പരിപാടികൾക്ക് ആവശ്യമായ സ്റ്റേജ് പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ബാരിക്കേഡ്, പ്രകാശ സംവിധാനങ്ങൾ എന്നിവ തയ്യാറാക്കി നൽകുന്നത് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഉത്തരവാദിത്വമാണ്. കൂടാതെ സർക്കാർ തലത്തിൽ നടത്തുന്ന ആഘോഷങ്ങൾ, മേളകൾ എന്നിവയുടെ മുന്നൊരുക്കങ്ങളും പൊതുമരാമത്ത് കെട്ടിട വിഭാഗമാണ് നടത്തുന്നത്.

**(ഐ) മറ്റിനങ്ങൾ**

**(എ) റെസ്റ്റ് ഹൗസുകൾ**

സംസ്ഥാനത്താകമാനമുള്ള 143 റെസ്റ്റ് ഹൗസുകളുടെ നടത്തിപ്പും പരിപാലനവും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഉത്തരവാദിത്വമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റെസ്റ്റ് ഹൗസുകളിൽ മുറികൾ അതത് ബിൽഡിംഗ്

ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേനയും ബാക്കിയുള്ള റസ്റ്റ് ഹൗസുകളിൽ മുറികൾ അതതു ജില്ലാ കളക്ടറുടെ ഓഫീസ് മുഖേനയും മുൻകൂട്ടി ബുക്കു ചെയ്യാവുന്നതാണ്. തിരുവനന്തപുരം റസ്റ്റ് ഹൗസിനോടനുബന്ധിച്ചുള്ള 125 പേർക്ക് ഇരിക്കാവുന്ന എയർകണ്ടീഷൻസ് കോൺഫറൻസ് ഹാൾ സർക്കാർ ഓഫീസുകൾക്ക് മീറ്റിംഗ് നടത്തുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും അനുവാദം ലഭ്യമാക്കി നിശ്ചിത വാടക നൽകി ഉപയോഗിക്കാവുന്നതാണ്.

**(ബി) കേരള ഹൗസ് ന്യൂഡൽഹി**

കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ന്യൂഡൽഹിയിലെ കേരള ഹൗസിനോടനുബന്ധിച്ച മെയിൻ ബ്ലോക്ക്, അഡീഷണൽ ബ്ലോക്ക്, കൊച്ചിൻ ഹൗസ് എന്നിവയുടെ അറ്റകുറ്റപ്പണികളും പൊതുമരാമത്ത് കെട്ടിട വിഭാഗമാണ് നടത്തി വരുന്നത്.

## 1. റോഡ്സ് & ബ്രിഡ്ജസ്

### ആമുഖം

റോഡ്സ് & ബ്രിഡ്ജസ് വിഭാഗം ഫണ്ടിന്റെ ഉറവിടം നോക്കാതെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ, പാലങ്ങൾ മുതലായവയുടെ ഇൻവെസ്റ്റിഗേഷൻ, ഡിസൈനിംഗ്, നിർമ്മിതി, കേടുപാടുകൾ തീർക്കൽ എന്നീ പൊതുമരാമത്തു പണികൾ ഏറ്റെടുത്ത് നടത്തി വരുന്നു. ഈ ശാഖ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റോഡുകളും പാലങ്ങളും ഏറ്റെടുത്ത് പരിപാലിച്ച് വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടേയും സംഘടനകളുടേയും പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചതല്ലാത്ത റോഡുകളും മെയിന്റയിൻ ചെയ്തു വരുന്നു.

### ലക്ഷ്യങ്ങൾ

- സർക്കാർ ഏറ്റെടുക്കുന്ന എല്ലാ പൊതുമരാമത്തു പ്രവൃത്തികളുടേയും ഡിസൈനിംഗ്, നിർവ്വഹണം, മെയിന്റനൻസ്
- അടിസ്ഥാന സൗകര്യമേഖലയിലെ ഏറ്റവും പ്രധാനമായ റോഡുകൾ ഉണ്ടാക്കി സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുക.
- അന്തർ സംസ്ഥാന റോഡ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- റോഡ് സുരക്ഷ ഉറപ്പ് വരുത്തുക
- ജനങ്ങളുടെ, സാധനങ്ങളുടെ, സേവനങ്ങളുടെ മൊബിലിറ്റി വർദ്ധിപ്പിക്കുക

## ഫണ്ടിംഗ്

മേൽ പ്രവൃത്തികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ ഉൾപെടുത്തി ഫണ്ട് ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കുന്നു.

## സംഘാടനം

സർക്കിൾ, ഡിവിഷൻ, സബ്ഡിവിഷൻ, സെക്ഷൻ ഓഫീസ് എന്നീ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ചീഫ് എഞ്ചിനീയർ ഓഫീസിൻ കീഴിൽ യഥാക്രമം സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു ഫിനാൻസ് ഓഫീസർ ഓഫീസും പ്രവർത്തിക്കുന്നു. കൂടാതെ ചീഫ് എഞ്ചിനീയറുടെ കീഴിൽ ട്രഷറി ഓഫീസറായി ഒരു അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പ്രവർത്തിക്കുന്നു. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ താഴെ പറയുന്ന വിവിധ ടെക്നിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

1) കമ്മ്യൂണിക്കേഷൻ വിങ്ങ് 2) പ്ലാനിംഗ് വിങ്ങ് 3) റോഡ് സേഫ്റ്റി സെൽ 4) നബാർഡ് സെൽ 5) ജെ ഐ എസ് & ആർ.എം.എം എസ്. സെൽ 6) പരിസ്ഥിതി സെൽ 7) ഐ.ടി. സെൽ 8) ക്വാളിറ്റി മാനേജ്മെന്റ് സെൽ, ആർ.എം.യു മുതലായവ

## പ്രവർത്തനങ്ങൾ

- സൈറ്റ് പരിശോധിച്ച് പ്രോജക്ട്/വർക്ക് പ്രൊപ്പോസൽ തയ്യാറാക്കുന്നു.
- റഫ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ബന്ധപ്പെട്ട എഞ്ചിനീയർക്ക് സമർപ്പിക്കുന്നു.
- സാങ്കേതികാനുമതി ലഭ്യമാക്കുന്നു. (ഭരണാനുമതിയും സെക്ഷൻ അനുമതിയും ലഭിച്ച ശേഷം)
- ടെണ്ടർ ക്ഷണിക്കുന്നു (PWD ഓഫീസർ, പത്രം, വെബ് വഴി)

## സമയപരിധി

| | | |
|---|---|---|
| എസ്റ്റിമേറ്റ് തയ്യാറാക്കൽ | - | 15 ദിവസം |
| എസ്റ്റിമേറ്റിന് ഭരണാനുമതി | - | 3090 ദിവസം |
| വിശദ എസ്റ്റിമേറ്റ് തയ്യാറാക്കൽ | - | 15 ദിവസം |
| സാങ്കേതികാനുമതി ലഭ്യമാക്കൽ | - | 15 ദിവസം |
| ടെണ്ടർ വിളിക്കൽ | - | 35 ജിവസം |
| ടെണ്ടർ അംഗീകാരം | - | 30 ദിവസം |

## മറ്റ് പ്രവർത്തനങ്ങൾ

### എ) കരാറുകാരുടെ രജിസ്ട്രേഷൻ

| കാറ്റഗറി | രജിസ്റ്റർ ചെയ്യേണ്ട ക്വട്ടേഷൻ |
|---|---|
| എ&ബി കാറ്റഗറി | സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| സി കാറ്റഗറി | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഡി കാറ്റഗറി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

### കരാറുകാരുടെ പ്രവൃത്തി അടങ്കൽ പരിധി

| | |
|---|---|
| എ കാറ്റഗറി | - പരിധിയില്ല |
| ബി കാറ്റഗറി | - 55 ലക്ഷം വരെ |
| സി കാറ്റഗറി | - 15 ലക്ഷം വരെ |
| ഡി കാറ്റഗറി | - 6 ലക്ഷം വരെ |

### ബി) ഡെപ്പോസിറ്റ് പ്രവൃത്തികൾ

- സർക്കാർ/അർദ്ധസർക്കാർ സംഘടനകൾ
- വാട്ടർ അതോറിറ്റി
- ബി.എസ്.എൻ.എൽ
- ടെലികോം
- നാഷ്ണൽ ഹൈവെ

## നിർവ്വഹണം

പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ വഴി

## വകുപ്പിന്റെ/ഉദ്യോഗസ്ഥന്റെ പങ്ക്

സുതാര്യമായ പ്രവൃത്തികളും പ്രവർത്തനങ്ങളും നടത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

നല്ല ഗുണനിലവാരത്തോടുകൂടി പ്രവൃത്തികൾ നടത്തുന്നുവെന്ന് ഉറപ്പാക്കൽ. ഇതിനായി ഗ്രാമസഭ/വാർഡ് സഭയുടെ അഭിപ്രായങ്ങൾ അറിവുകൾ ഡിപ്പാർട്ട്മെന്റിന് കൈമാറുകയും ചെയ്യൽ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

PMGSY, KSUDP പദ്ധതികളുമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ് പ്രവർത്തികളെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരാതികൾ - www.keralapwd.gov.in, ടോൾ ഫ്രീ നമ്പർ - 1800 425 7771 ഇവയുമായി ബന്ധപ്പെടാം.

## 2. നാഷ്ണൽ ഹൈവേ വിങ്ങ്

### ആമുഖം

ഫണ്ടിന്റെ ഉറവിടം നോക്കാതെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്ന, നാഷ്ണൽ ഹൈവേ, പാലങ്ങൾ മുതലായ പൊതു മരാമത്തു പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ, ഡിസൈനിംഗ്, നിർമ്മിതി, മെയിന്റനൻസ് എന്നിവയും പി.ഡബ്ല്യു.ഡി, നാഷ്ണൽ ഹൈവേ പൊതുമരാമത്തിന്റെ ചുമതലയിൽപ്പെടുന്നു.

### ലക്ഷ്യങ്ങൾ

- പ്രവൃത്തികളുടെ ഡിസൈനിംഗ്, നിർവ്വഹണം, മെയിന്റനൻസ് മുതലായവ
- അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ സാമ്പത്തിക വികസനം ഉറപ്പാക്കുക
- റോഡ് സുരക്ഷ ഉറപ്പാക്കുക
- ജനങ്ങളുടെ സഞ്ചാര സൗകര്യം വർദ്ധിപ്പിക്കുക.
- ദേശീയ അന്തർ ദേശീയ നിലവാരത്തിന് നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ചുകൊണ്ട് സമയബന്ധിതമായി സിവിൽ വർക്കുകൾ ഏറ്റെടുത്ത് നടത്തൽ.
- കമ്മ്യൂണിക്കേഷൻ, ട്രാൻസ്പോർട്ട് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ചീഫ് എഞ്ചിനീയർ വഴി ഫണ്ടിംഗ് നടത്തുന്നു.

### സംഘാടനം

നാഷ്ണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ കീഴിൽ ഡിവിഷനുകളും (എക്സിക്യൂട്ടീവ് എഞ്ചിനീയർ), മേഖലയ്ക്ക് കീഴിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസും,

അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ സെക്ഷൻ ഓഫീസുകളും പ്രവർത്തിക്കുന്നു. ഇവർ ചേർന്ന് പ്രവൃത്തിനിർവ്വഹണം നടത്തുന്നു.

## നിർവ്വഹണം

അസിസ്റ്റന്റ് എഞ്ചിനീയർ, സെക്ഷൻ ഓഫീസ്

## വകുപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്ക്

സുതാര്യമായി പ്രവൃത്തികളും പ്രവർത്തനങ്ങളും നടത്തി എന്ന് ഉറപ്പു വരുത്തണം

## പ്രവർത്തനങ്ങൾ

- സൈറ്റ് പരിശോധിച്ച് പ്രോജക്ട്/വർക്ക് പ്രൊപ്പോസൽ തയ്യാറാക്കൽ
- റഫ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ബന്ധപ്പെട്ട എഞ്ചിനീയർക്ക് സമർപ്പിക്കൽ
- സാങ്കേതികാനുമതി ലഭ്യമാക്കുക (ഭരണാനുമതി/സെക്ഷൻ അനുമതി ലഭിച്ച ശേഷം)
- ടെണ്ടർ ക്ഷണിക്കൽ (പി.ഡബ്ല്യു.ഡി ഓഫീസുകൾ, പത്രം വെബ് വഴി)
- പ്രവൃത്തി പൂർത്തീകരിക്കൽ

## സമയപരിധി

| | |
|---|---|
| എസ്റ്റിമേറ്റ് തയ്യാറാക്കൽ | - 15 ദിവസം |
| ഭരണാനുമതി | - 30-90 ദിവസം |
| വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ | - 15 ദിവസം |
| സാങ്കേതികാനുമതി ലഭ്യമാക്കൽ | - 15 ദിവസം |
| ടെണ്ടർ വിളിക്കൽ | - 35 ദിവസം |
| ടെണ്ടർ അംഗീകരിക്കൽ | - 30 ദിവസം |

## മറ്റ് പ്രവർത്തനങ്ങൾ

### എ) കരാറുകാരുടെ രജിസ്ട്രേഷൻ

| കാറ്റഗറി | രജിസ്റ്റർ ചെയ്യേണ്ട ഉദ്യോഗസ്ഥൻ |
|---|---|
| എ&ബി കാറ്റഗറി | സൂപ്രണ്ടിംഗ് എഞ്ചിനീയർ |

സി കാറ്റഗറി　എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഡി കാറ്റഗറി　അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

**കരാറുകാരുടെ പ്രവൃത്തി അടങ്കൽ പരിധി**

എ കാറ്റഗറി - പരിധിയില്ല

ബി കാറ്റഗറി - 55 ലക്ഷം വരെ

സി കാറ്റഗറി - 15 ലക്ഷം വരെ

ഡി കാറ്റഗറി - 6 ലക്ഷം വരെ

**ബി) ഡെപ്പോസിറ്റ് പ്രവൃത്തികൾ**

- സർക്കാർ/അർദ്ധസർക്കാർ സംഘടനകൾ
- വാട്ടർ അതോറിറ്റി
- ബി.എസ്.എൻ.എൽ
- ടെലികോം
- കെ.എസ്.ഇ.ബി

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

പ്രവൃത്തികൾ നല്ല ഗുണനിലവാരത്തിൽ ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുക. ഗ്രാമ സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കുക. പരാതികളും നിർദ്ദേശങ്ങളും വകുപ്പിനെ അറിയിക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡ്/സുരക്ഷ പദ്ധതികളുമായി ഇതിനെ ഏകോപിപ്പിക്കണം. കൂടാതെ PMGSY, KSUDP പദ്ധതികളുമായും ഏകോപന സാധ്യതകൾ ചർച്ചചെയ്യപ്പെടണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പരാതികൾ - www.keralapwd.gov.in, ടോൾ ഫ്രീ നമ്പർ - 1800 425 7771.

# XLVI.
# പുരാവസ്തു വകുപ്പ്



ഒരു രാജ്യത്തിന്റെ സാംസ്ക്കാരിക പുരോഗതി ആ രാജ്യത്തിന്റെ സാംസ്ക്കാരിക പൈതൃകവും അതിലൂടെ രൂപം കൊള്ളുന്ന ചരിത്രവുമായി ബന്ധപ്പെട്ട് വരുന്നതാണ്. ചരിത്ര നിർമ്മിതിയിൽ സാംസ്ക്കാരിക പൈതൃകം വഹിക്കുന്ന സ്ഥാനം ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ അതിസങ്കീർണ്ണവും വൈവിദ്ധ്യപൂർണ്ണവുമായ സാംസ്ക്കാരിക സമ്പത്തിനെ സംരക്ഷിച്ച് നിലനിർത്തുകയെന്ന മഹത്തായ ദൗത്യം ഏറ്റെടുത്തിരിക്കുന്ന പുരാവസ്തു വകുപ്പിന് ഒട്ടനവധി പുരാവസ്തുക്കളും പുരാവശിഷ്ടങ്ങളും കാലപ്രവാഹം ഏൽപ്പിച്ച പോറലുകൾ സംരക്ഷിച്ചു നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

വ്യത്യസ്ത ജനപഥങ്ങളുടെയും സാംസ്ക്കാരിക പൈതൃകങ്ങളുടെ സംഗമഭൂമിയായ കേരളം സമ്പന്നമായ അതിന്റെ സാംസ്ക്കാരിക പാരമ്പര്യം ലോകത്തിനു മുമ്പിൽ ഉയർത്തി കാട്ടിയിട്ടുണ്ട്. ഇത്തരം സാംസ്ക്കാരിക കേന്ദ്രങ്ങളെ ശാസ്ത്രീയമായി സംരക്ഷിച്ച് ഭാവിതലമുറയ്ക്ക് കൈമാറുന്ന ശ്രമത്തിലാണ് കേരള പുരാവസ്തു വകുപ്പ്.

കേരളത്തിന്റെ കാലാവസ്ഥ, നിർമ്മാണ രീതിയിലുള്ള വൈവിദ്ധ്യം എന്നിവ പൈതൃകസ്മാരകങ്ങളുടെ സംഗമഭൂമിയായ കേരളം സമ്പന്നമായ അതിന്റെ

സാംസ്ക്കാരിക പാരമ്പര്യം ലോകത്തിനു മുമ്പിൽ ഉയർത്തി കാട്ടിയിട്ടുണ്ട്. ഇത്തരം സാംസ്ക്കാരിക കേന്ദ്രങ്ങളെ ശാസ്ത്രീയമായി സംരക്ഷിച്ച് ഭാവി തലമുറയ്ക്ക് കൈമാറുന്ന ശ്രമത്തിലാണ് കേരള പുരാവസ്തു വകുപ്പ്.

കേരളത്തിന്റെ കാലാവസ്ഥ, നിർമ്മാണ രീതിയിലുള്ള വൈവിദ്ധ്യം എന്നിവ പൈതൃക സ്മാരകങ്ങളുടെ സംരക്ഷണം അതി സങ്കീർണ്ണമാക്കുന്നു. ഇതിനുവേണ്ടി സർക്കാർ രൂപം കൊടുത്ത 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമവും തുടർന്ന് രൂപീകരിച്ച 1972 ലെ ചട്ടങ്ങളും വകുപ്പിന് വളരെ യേറെ സഹായകമായിട്ടുണ്ട്.

കേരളത്തിൽ പുരാവസ്തു വകുപ്പ് രൂപം കൊള്ളുന്നത് 1896 – 97 ൽ നിലവിൽ വന്ന തിരുവിതാംകൂർ പുരാവസ്തു വകുപ്പിന്റെ ചുവട് പിടിച്ചാണ്. 1902 ൽ തിരു വിതാംകൂർ പുരാവസ്തു വകുപ്പ് പുന: സംഘടിപ്പിക്കുകയും ശ്രീ. ടി. ഗോപിനാഥ റാവുവിനെ സൂപ്രണ്ടായി നിയമിക്കുകയും ചെയ്തു. 1928 ൽ സൂപ്രണ്ടായിരുന്ന ശ്രീ. വാസുദേവപൊതുവാളിനെ ഡയറക്ടറായി ഉയർത്തി ഒരു വകുപ്പിന് ഉണ്ടാ യിരിക്കേണ്ട പ്രധാന പ്രവർത്തന പരിപാടുകളുമായി മുന്നോട്ട് പോയി. ഒരു ശതാബ്ദം പിന്നിട്ട വകുപ്പിന്റെ കീഴിൽ 160 സംരക്ഷിത സ്മാരകങ്ങളും 11 മ്യൂസിയ ങ്ങളും ഉണ്ട്. തക്കല പത്മനാഭപുരം കൊട്ടാരം, നെടുമങ്ങാട് കോയിക്കൽ കൊട്ടാ രം, കായംകുളം കൃഷ്ണപുരം കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസി യം, തൃശൂർ ശക്തൻനമ്പുരാൻ കൊട്ടാരം എന്നിവ ഇവയിൽ ഏറ്റവും പ്രാധാന്യ മുള്ളവയാണ്. 11 വിഭാഗങ്ങളായി പ്രവർത്തിച്ചു വരുന്ന ഈ വകുപ്പിൽ പുരാവസ്തു പര്യവേഷണ ഉത്ഖനനം, ശാസ്ത്രീയ സംരക്ഷണം, പുരാലിഖിത പഠനം, നാണയ പഠനം, നാടൻ കലാ വിഭാഗം, പ്രസിദ്ധീകരണ വിഭാഗം, ബോധവത്ക്കരണ വിഭാ ഗം, പ്രാമാണീകരണ വിഭാഗം. എന്നിവ ചില പ്രധാനപ്പെട്ട വിഭാഗങ്ങളാണ്. പുരാ വസ്തു വകുപ്പ് ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ച പൗരാവകാശരേ ഖയിൽ വകുപ്പിനെ കുറിച്ചും അതിന്റെ കീഴിൽ വരുന്ന സംരക്ഷിത സ്മാരകങ്ങൾ, മ്യുസിയങ്ങൾ, പരിപാലിക്കപ്പെടെണ്ട ചട്ടങ്ങളും നിയമങ്ങളും വളരെ വിശദമായി പ്രതിപാദിക്കുന്നു.

സർക്കാർ കാലാകാലങ്ങളിൽ വകയിരുത്തുന്ന ഫണ്ട് ഉപയോഗിച്ച് മേൽപ്പറഞ്ഞ മ്യൂസിയങ്ങളെയും സംരക്ഷിത സ്മാരകങ്ങളെയും സംരക്ഷിച്ചു പോരുന്നു. വകുപ്പ് സാധാരണയായി പൊതു ജനങ്ങൾക്ക് കൊടുക്കുന്ന സേവനങ്ങൾ 2012 ലെ സേവ നാവകാശ നിയമപ്രകാരം കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

# 1. പുരാവസ്തു മ്യൂസിയങ്ങൾ, പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ, പുരാവസ്തു മ്യൂസിയം, ഗ്യാലറി എന്നിവയുടെ ഡോക്യുമെന്റേഷൻ, ഫോട്ടോഗ്രാഫി എന്നിവ പൊതു ജനങ്ങൾക്ക് ലഭ്യമാക്കൽ

## ആമുഖം

പൈതൃകങ്ങൾ തലമുറകൾക്ക് കാണാനും ചരിത്രം അറിയാനും പഠിക്കാനും കാത്തുസൂക്ഷിക്കാനും ഗവേഷണത്തിനും പുരാവസ്തു മ്യൂസിയങ്ങൾ ഉപകരിക്കപ്പെടുന്നു.

## ലക്ഷ്യം

- കേരളത്തിന്റ പൈതൃകങ്ങളെക്കുറിച്ച് വരും തലംമുറയെ ബോധവാന്മാരാക്കുക. അവർക്ക് ആയവ കണ്ടും പഠിച്ചും ഗവേഷണം നടത്തിയും ഉൾക്കാഴ്ചയുണ്ടാക്കുക. ആയതിനായി അവ ഉൾക്കൊള്ളുന്ന മ്യൂസിയങ്ങൾ സംരക്ഷിക്കുക
- പുരാവസ്തുക്കൾ രജിസ്റ്റർ ചെയ്ത് നൽകുക
- മ്യൂസിയങ്ങൾ, ഡോക്യുമെന്ററി ഫിലിം, ഫീച്ചർ ഫിലിം, ഫോട്ടോഗ്രാഫി എന്നിവയ്ക്ക് സൗകര്യമൊരുക്കുക

## ഗുണഭോക്താവ്

എല്ലാ ജനങ്ങളും ഇതിൽ ഗുണഭോക്താക്കളാണ്.

## ഫണ്ടിംഗ്

സംസ്ഥാന സർക്കാർ ഫണ്ട്. പ്ലാൻ & നോൺപ്ലാൻ

## നിർവ്വഹണം

ബന്ധപ്പെട്ട ചാർജ്ജ് ഓഫീസർ (മ്യൂസിയം), രജിസ്ട്രേഷൻ ഓഫീസർ (രജിസ്ടർ ചെയ്യുന്നതിന്), ഡയറക്ടർ (ഫീച്ചർ ഫിലിം, ഡോക്യുമെന്ററി ഫിലിം, ഫോട്ടോഗ്രാഫി എന്നിവയ്ക്ക് അനുവാദം നൽകാൻ)

## പ്രവർത്തനങ്ങൾ

- മ്യൂസിയങ്ങൾ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ ( പൊതു ഒഴിവു ദിനങ്ങളും തിങ്കളാഴ്ചയും ഒഴികെ) നിശ്ചിത ഫീസ് ഈടാക്കികൊണ്ട് പ്രവേശനം ഒരുക്കുന്നു.

- പുരാവസ്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിന്, അപേക്ഷയും രജിസ്റ്റർ ചെയ്യേണ്ട വസ്തുവും ഫോട്ടോയും സഹിതം ചാർജ് ഓഫീസ്, ആർക്കിയോളജി മ്യൂസിയം, ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശൂരിന് നൽകിയാൽ 30 ദിവസത്തിനകം രജിസ്ട്രേഷൻ നൽകും.
- പുരാവസ്തു വകുപ്പിന്റെ വിവിധ മ്യൂസിയങ്ങൾ നിയന്ത്രണങ്ങൾക്ക് വിധേയമായി ഡോക്യുമെന്ററി ഫിലിം, ഫീച്ചർ ഫിലിം, ഫോട്ടോഗ്രാഫി എന്നിവ നിശ്ചിത ഫീസോടെ ഡയറക്ടർ, പുരാവസ്തു വകുപ്പ് തിരുവനന്തപുരത്തിന് 3 മാസത്തിന് മുമ്പ് അപേക്ഷ നൽകണം. ഡയറക്ടർ അപേക്ഷ പരിഗണിച്ച് അനുവാദം നൽകും.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

മുകളിൽ പറഞ്ഞ സേവനങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് ഗ്രാമസഭ വഴി അവബോധം നൽകുക. പൈതൃകവും പൈതൃക വസ്തുക്കളും സംരക്ഷിക്കേണ്ട ചുമതലയെക്കുറിച്ച് അവബോധം നൽകുക. പുരാതന സ്മാരകങ്ങളും പൈതൃകങ്ങളും കണ്ടെത്തുമ്പോൾ യഥാവിധി പുരാവസ്തു വകുപ്പിനെ അറിയിച്ച് ആയത് സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുക. കൂടാതെ വകുപ്പ് വഴി ജനങ്ങൾക്കു വേണ്ട അറിവും അവബോധവും ഉണ്ടാക്കി കൊടുക്കുക. പുരാവസ്തു സംരക്ഷണത്തിന് പൗരന്റെ ചുമതല ബോധ്യപ്പെടുത്തുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

പുരാവസ്തുക്കളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും പൊതുജനാരോഗ്യവും പൊതുജനസുരക്ഷയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായുള്ള പ്രോജക്ടുകൾ തയ്യാറാക്കി അവ പുരാവസ്തു, ടൂറിസം മേഖലകളുമായി ഏകോപിപ്പിക്കാവുന്നതാണ്. ആയതിനായി പുരാവസ്തു വകുപ്പ്, ടൂറിസം വകുപ്പ്, മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ചർച്ചയും പരസ്പര പൂരകങ്ങളായ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

വകുപ്പിനെ സംബന്ധിക്കുന്ന വിഷയങ്ങൾ വകുപ്പ് പ്രധാനം ചെയ്യുന്ന സേവനങ്ങൾ മറ്റു സംശയങ്ങൾ എന്നിവ ദുരീകരിക്കുന്നതിന് വകുപ്പദ്ധ്യക്ഷനെയോ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന മ്യൂസിയങ്ങളുടെ ചാർജ്ജ് ഓഫീസർമാരെയോ ബന്ധപ്പെടാവുന്നതാണ്. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രധാന മ്യൂസിയങ്ങൾ താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | ജില്ല | മ്യൂസിയങ്ങളുടെ പേരും മേൽവിലാസവും | ടെലിഫോൺ നമ്പർ |
|---|---|---|---|
| 1 | കന്യാകുമാരി, തമിഴ്നാട് | പത്മനാഭപുരം കൊട്ടാരം, തക്കല പി.ഒ കന്യാകുമാരി - 6929175, തമിഴ്നാട് | 0485-1250255 |
| 2 | തിരുവനന്തപുരം | കോയിക്കൽ കൊട്ടാരം, നെടുമങ്ങാട് പി.ഒ തിരുവനന്തപുരം -695541 | 0472-2812136 |
| 3 | തിരുവനന്തപുരം | ഇൻഫർമേഷൻ സെന്റർ, പുരാവസ്തു വകുപ്പ്, ഈസ്റ്റ്ഫോർട്ട് പി.ഒ, തിരുവനന്തപുരം - 695023 | 0471-2466288 |
| 4 | കൊല്ലം | കൊട്ടാരക്കര തമ്പുരാൻ, മ്യൂസിയംഗണപതി അമ്പലത്തിന് സമീപം, കൊട്ടാരക്കര പി.ഒ കൊല്ലം- 691506 | 0474-2066505 |
| 5 | പത്തനംതിട്ട | വേലുത്തമ്പി ദളവാ സ്മാരകം, ഏനാത്ത്, മണ്ണടി പി.ഒ, പത്തനംതിട്ട - 691530 | 0473-4222001 |
| 6 | ആലപ്പുഴ | കൃഷ്ണപുരം കൊട്ടാരം, കൃഷ്ണപുരം പി.ഒ, കായംകുളം, ആലപ്പുഴ - 690533 | 0479-2441133 |
| 7 | ആലപ്പുഴ | തകഴി സ്മാരകം,ആലപ്പുഴ | 0484-2781113 |
| 8 | എറണാകുളം | ഹിൽപ്പാലസ് മ്യൂസിയം, തൃപ്പൂണിത്തുറ എറണാകുളം - 682301 | |
| 9 | എറണാകുളം | ബാസ്റ്റ്യൻ ബംഗ്ലാവ്, ഫോർട്ട് കൊച്ചി, എറണാകുളം - 682301 | |
| 10 | എറണാകുളം | ചേന്ദമംഗലം സിനഗോഗ് വടക്കൻ പറവൂർ എറണാകുളം | |
| 11 | തൃശ്ശൂർ | ശക്തൻ തമ്പുരാൻ കൊട്ടാരം രാമനിലയത്തിന് സമീപം ചെമ്പൂക്കാവ്, തൃശൂർ - 680020 | 0487-2323631 |
| 12 | തൃശൂർ | മ്യൂറൽ ആർട്ട് മ്യൂസിയം, കൊല്ലംങ്കോട് ഹൗസ്, ചെമ്പൂക്കാവ്, തൃശൂർ - 680020 | 0487-2333110 |
| 13 | വയനാട് | പഴശ്ശികുടീരം പ്രോജക്ട്, മാനന്തവാടി, വയനാട് - 670645 | 0493-5244871 |
| 14 | വയനാട് | എടക്കൽ ഗുഹ, അമ്പലവയൽ, സുൽത്താൻ ബത്തേരി, വയനാട് | Managed by DTPC, Waynad |
| 15 | കോഴിക്കോട് | പഴശ്ശിരാജാ മ്യൂസിയം, ഈസ്റ്റ്ഹിൽ കോഴിക്കോട് - 673005 | 0495-2384382 |
| 16 | കോഴിക്കോട് | കുഞ്ഞാലിമരയ്ക്കാർ സ്മാരകം | |
| 17 | കാസർഗോഡ് | ചന്ദ്രഗിരികോട്ട | |

പൊതുജനങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള പുരാവസ്തു, നിധി, കലാമൂല്യമുള്ള വസ്തുക്കൾ എന്നിവ ലഭിക്കുകയാണെങ്കിൽ ജില്ലാ കളക്ടർ/റവന്യു അധികാരികൾ മ്യൂസിയങ്ങളുടെ ചാർജ്ജ് ഓഫീസർ എന്നിവരെ ആ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഡയറക്ടർ, വകുപ്പദ്ധ്യക്ഷ കാര്യാലയം, കേരള പുരാവസ്തു വകുപ്പ്, ഫോർട്ട് പി.ഒ, തിരുവനന്തപുരം - 695023 എന്ന വിലാസത്തിലോ അല്ലായെങ്കിൽ 0471-2577465 എന്ന ടെലിഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഈ-മെയിൽ വിലാസം dirarch@bsnl.in, വെബ് അഡ്രസ് - www.archaeology.kerala.gov.in.

# XLVII.
# റിമോട്ട് സെൻസിംഗ്

## 1. കഡസ്ട്രൽ തോതിലുള്ള സമഗ്ര ഭൂപട വിവര ശേഖരണം

### ലക്ഷ്യങ്ങൾ

പ്രകൃതി വിഭവങ്ങൾ, റോഡുകൾ, ഭൂജല സമ്പത്ത്, തരിശ് ഭൂമി, ഭൂവിനിയോഗം തുടങ്ങിയ മറ്റ് പ്രധാന അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉൾപ്പെടുത്തി ആധുനിക ഉപഗ്രഹങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തിലെ കണ്ണൂർ, വയനാട് കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ഈ നടപ്പു വർഷം 1:5000 സ്കെയിലിൽ ജി.ഐ. എസ് ഡാറ്റാ ബേസ് ഉണ്ടാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം

### ഗുണഭോക്താവ്

വിവിധ സർക്കാർ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, വിവിധ സർക്കാർ ഇതര സ്ഥാപനങ്ങൾ തുടങ്ങിയവ

### സ്കീമിന്റെ നിർവ്വഹണം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവെയേൺമെന്റ് സെന്റർ

### ഫണ്ടിംഗ്

സ്റ്റേറ്റ് പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്, കേരള സംസ്ഥാന ഗവൺമെന്റ്

### പ്രവർത്തനങ്ങൾ

കഡസ്ട്രൽ ഭൂപടം പഞ്ചായത്ത്തല വികസനത്തിന് ഉപയോഗിക്കുന്നതിനായി സംസ്ഥാനത്തിലെ കുളങ്ങൾ, മറ്റ് ഉൾനാടൻ ജലസ്രോതസ്സുകൾ, തീരദേശ വികസനം മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ജി.ഐ.എസ് അധിഷ്ഠിത മാപ്പുകൾ നിർമ്മിച്ച് അനുബന്ധ വിവര ശേഖരണം, ഇൻഫർമേഷൻ സിസ്റ്റം നിർമ്മിക്കൽ

### സംഘാടനം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത്തല വിവരങ്ങൾ കെ.എസ്.ആർ.ഇ.സി ക്ക് നൽകുക എന്നത്

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

കെ.എസ്.ആർ.ഇ.സി ഡയറക്ടർ കോ-ഓർഡിനേറ്ററായും ഉദ്യോഗസ്ഥർ കോ-ഇൻവെസ്റ്റർമാരുമടങ്ങിയ ടീം ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### തദ്ദേശസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

ഭൂപടം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് ഉപയോഗിക്കാം. മറ്റ് ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഭൂവിനിയോഗം, ആസ്തികൾ, പ്രകൃതി വിഭവങ്ങൾ, ഭൂജല സമ്പത്ത് എന്നിവ തിരിച്ചറിഞ്ഞ് ആസൂത്രണം നടത്താം. പൊതുജനങ്ങൾക്കും ഉപയോഗിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന് അവ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭ്യമാക്കാം.

## 2. ഇൻവെന്ററി ഓഫ് നാച്ചുറൽ വെറ്റ്ലാൻഡ്സ് ഓഫ് കേരള ആന്റ് ഡെവലപ്പ്മെന്റ് ആൻ ഇൻഫർമേഷൻ സിസ്റ്റം, എ ഹോളിസ്റ്റിക് അപ്രോച്ച് യൂസിംഗ് റിമോട്ട് സെൻസിംഗ് ആന്റ് ഡി.ഐ.എസ്.

### ലക്ഷ്യങ്ങൾ

ആലപ്പുഴ, എറണാകുളം, തൃശൂർ, ഇടുക്കി, കോട്ടയം, മലപ്പുറം ജില്ലകളിലെ വെറ്റ്ലാന്റിനെ കുറിച്ചുള്ള ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കൽ

### ഗുണഭോക്താവ്

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

### സ്കീമിന്റെ നിർവ്വഹണം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

### ഫണ്ടിംഗ്

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, സംസ്ഥാന സർക്കാർ ഫണ്ട്

### പ്രവർത്തനങ്ങൾ

തണ്ണീർതടങ്ങളുടെ മാപ്പ് (1:10000) നിർമ്മിക്കുക (6 ജില്ല) അനുബന്ധ വിവരശേഖരണം, ഇൻഫർമേഷൻ സിസ്റ്റം നിർമ്മിക്കൽ

### സംഘാടനം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെൻർ

### തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് ഇവ ലഭ്യമാക്കി ഉപയോഗിക്കാം.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

കെ.എസ്.ആർ.ഇ.സി ഡയറക്ടർ കോ-ഓർഡിനേറ്ററായും ഉദ്യോഗസ്ഥർ കോ-ഇൻവെസ്റ്റർമാരുമടങ്ങിയ ടീം ആണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

ഇൻഫർമേഷൻ സിസ്റ്റം കൃഷിയും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ആസൂത്രണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന് ഇൻഫർമേഷൻ സിസ്റ്റം ഡിപ്പാർട്ട്മെന്റ് വഴി ലഭ്യമാക്കി ഉപയോഗപ്പെടുത്താം.

## 3. ജിയോ-സ്പേഷ്യൽ അസറ്റ് ഇൻഫർമേഷൻ സിസ്റ്റം

### ലക്ഷ്യങ്ങൾ

ജലവിഭവ വകുപ്പിന് കീഴിലുള്ള ആസ്തികളുടെ വിശദ വിവരശേഖരണവും, ഡാറ്റാബേസ് നിർമ്മിതിയും സാറ്റലൈറ്റ് ഡേറ്റാ ഉപയോഗപ്പെടുത്തി അസറ്റ് മാപ്പിംഗ്

### ഗുണഭോക്താവ്

സംസ്ഥാന ജല വിഭവ വകുപ്പ്

### സ്കീമിന്റെ നിർവ്വഹണം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ജലവിഭവ വകുപ്പിന്റെ സംയുക്ത സഹകരത്തിലൂടെയാണ് സ്കീം നിർവ്വഹിക്കപ്പെടുന്നത്.

### ഫണ്ടിംഗ്

സംസ്ഥാന ജല വിഭവ വകുപ്പ്

### പ്രവർത്തനങ്ങൾ

പ്രമേയം തയ്യാറാക്കൽ, അനുമതി വാങ്ങൽ, ജീവനക്കാരെ നിയമിക്കൽ, ഡേറ്റാ ശേഖരണം, ഡേറ്റ സംയോജനം, സ്കീമിന്റെ അന്ത്യരൂപം കൊടുക്കൽ, ഭൂപടം/ പ്രബന്ധം തയ്യാറാക്കൽ

### സംഘാടനം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

## തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

പഞ്ചായത്ത്തല വിവരങ്ങൾ കെ.എസ്.ആർ.ഇ.സി ക്ക് നൽകുക, അസറ്റ് മാപ്പ് ലഭ്യമാക്കി ഉപയോഗപ്പെടുത്തൽ

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

കെ.എസ്.ആർ.ഇ.സി ഉദ്യാഗസ്ഥർ വഴി നടത്തുന്നു.


## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഭൂപടവും റിപ്പോർട്ടും തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണത്തിന് ഉപകരിക്കുന്നു. കൂടുതൽ കൃത്യത പദ്ധതികൾക്ക് കൈവരുന്നു.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണസ്ഥാപനത്തിന് അസെറ്റ് മാപ്പ് ഡിപ്പാർട്ട്മെന്റ് വഴി ലഭ്യമാക്കി ഉപയോഗപ്പെടുത്താം.

# XLIX.
## ഭൂവിനിയോഗ ബോർഡ്



കേരള സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനുകീഴിൽ 1975 ൽ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് പ്രവർത്തനമാരംഭിച്ചു. 2007 ഫെബ്രുവരി 7 ന് G.O.(MS) No. 3/2007/Plg. പ്രകാരം സംസ്ഥാന സർക്കാർ ഭൂവിനിയോഗ ബോർഡിനെ വകുപ്പായി പ്രഖ്യാപിച്ചു. മണ്ണ്, ജലം, തുടങ്ങിയ ഭൂവിഭവങ്ങളുടെയും ഭൂമിയുടെ സുസ്ഥിരവും അനുയോജ്യവുമായ ഉപയോഗത്തെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വേണ്ടിയാണ് ബോർഡ് നിലവിൽ വന്നത്. സംസ്ഥാനത്തെ പ്രകൃതി വിഭവ ഭൂവിനിയോഗ നിർവ്വഹണത്തിനാവശ്യമായ ചട്ടങ്ങൾക്ക് രൂപം നല്കുന്നതിൽ സംസ്ഥാന സർക്കാരിനെ സഹായിക്കുകയെന്നതും ബോർഡിന്റെ പ്രവർത്തനമാണ്. കേന്ദ്ര ബഹിരാകാശ വകുപ്പും സംസ്ഥാന സർക്കാരും ഭൂവിനിയോഗ ബോർഡിനെ സംസ്ഥാനത്തെ റിമോട്ട് സെൻസിങ് പ്രവർത്തനങ്ങൾക്ക് ഉത്തരവാദപ്പെട്ട അംഗീകൃത വകുപ്പായി പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിലുള്ള ഭൂമിയുടെ വിനിയോഗം അവലോകനം ചെയ്യുകയും ഫലപ്രദമായ വിധത്തിൽ ഭൂവിനിയോഗം നടത്തുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയുമാണ് ഭൂവിനിയോഗ ബോർഡിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാരിന്റെ പൊതുവിലുള്ള കാർഷിക നിയമങ്ങളിൽ ഉപദേശങ്ങളും ഭൂമിയുടെ സംരക്ഷണം,

വികസനം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അഭിപ്രായങ്ങളും വകുപ്പ് നല്കുന്നുണ്ട്.

സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ ഭൂവിഭവങ്ങളെ സംബന്ധിച്ച വിവര ശേഖരങ്ങളുണ്ട്. വകുപ്പിൽ ലഭ്യമായ ഈ സൗകര്യങ്ങളെ പല സ്ഥാപനങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. വിദ്യാർത്ഥികൾ, യുവജനങ്ങൾ, ആസൂത്രകർ, കർഷകർ, തദ്ദേശഭരണസ്ഥാപന പ്രതിനിധികൾ തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉൾപ്പെടുന്നവർക്കായി നമ്മുടെ അമൂല്യമായ ഭൂവിഭവങ്ങളുടെ സംരക്ഷണം, വികസനം, പരിപാലനം എന്നിവയുടെ പ്രാധാന്യത്തെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി വകുപ്പ് നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നു.

വിഭവാധിഷ്ഠിത പരിപ്രേക്ഷ്യം പദ്ധതി, സംസ്ഥാന നീർത്തട ഭൂപടം, ഭൂഭ്രംശ സാധ്യതയുള്ള മേഖലകളെക്കുറിച്ചുള്ള പഠനം, എന്നിവ അതുല്യമായതും രാജ്യത്ത് ഇത്തരത്തിൽ ആദ്യത്തേതുമായിരുന്നു. വാട്ടർഷെഡ് അനുസരിച്ച് ദീർഘവീക്ഷണത്തോടു കൂടിയ വികസന പദ്ധതികൾ തയ്യാറാക്കാൻ ഈ വിവരങ്ങൾ വിവിധ ശാസ്ത്ര സാങ്കേതിക വികസന സ്ഥാപനങ്ങളെയും, വികസന വകുപ്പുകളെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയുംവളരെയധികം സഹായിച്ചുവരുന്നു.

കൃഷി, ജിയോളജി, ഭൂഗർഭജലം, മണ്ണ് സംരക്ഷണം, മണ്ണ് സർവ്വെ തുടങ്ങിയ വിവിധ രംഗങ്ങളിൽ പരിശീലനവും പരിചയവുമുള്ള സാങ്കേതിക ഉദ്യോഗസ്ഥൻമാരാണ് ബോർഡിൽ പ്രവർത്തിക്കുന്നത്. വിവരശേഖരണത്തിനും പഠനത്തിനുമായി വിവിധതോതിലുള്ള ഉപഗ്രഹ ചിത്രങ്ങൾ, ടോപ്പോഷീറ്റുകൾ, ഏരിയൽഫോട്ടോകൾ എന്നിവയും ഭൂവിനിയോഗ ബോർഡിലുണ്ട്.

## 1. ലാൻഡ് യൂസ് ബോർഡ് ശക്തിപ്പെടുത്തൽ (പ്ലാൻ)

### ലക്ഷ്യങ്ങൾ

2013-14 ൽ വിവിധ തലങ്ങളിൽ ലഭ്യമായിട്ടുള്ള പ്രകൃതി വിഭവങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഭൂവിഭവ പരിപാലനത്തിനും വികസനത്തിനും ഉതകുന്ന തരത്തിൽ ബൃഹത്തായ ഒരു വിവരശേഖരണ സംവിധാനം തയ്യാറാക്കി വികസന വകുപ്പുകൾക്കും ആസൂത്രകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു ജില്ലകളിലെ ഭൂവിനിയോഗത്തെ കുറിച്ചും സ്ഥലപര വിവരങ്ങൾ തയ്യാറാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുന്നതിനും ഭൂമിയുടെ സുസ്ഥിരമായ നിൽപ്പിന് സഹായിക്കുന്നതുമായി ഭൂവിനിയോഗം നിർദ്ദേശിക്കുകയും അതുവഴി വികസന പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകുകയും

ചെയ്യുന്ന രീതിയിലുള്ള ഭൂവിനിയോഗ ഡിസിഷൻ മോഡൽ കേരളത്തിലെ അഞ്ച് അഗ്രോ ഇക്കോളജിക്കൽ മേഖലകളിൽ ഉൾപ്പെടുന്ന അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു. ഭൂവിഭവ സംരക്ഷണത്തേയും പരിസ്ഥിതി പരിപാലനത്തെയും കുറിച്ച് ബോധവത്ക്കരണ പരിപാടികളുടെ ഭാഗമായി വിവിധ തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ഭൂവിനിയോഗ ബോർഡിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് ഡിജിറ്റൽ ഡാറ്റാ പരിശീലനവും ജിയോമാറ്റിക്സ് ലാബിനെ ശക്തിപ്പെടുത്തുന്നതിനുമായാണ് 55 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്.

## ഗുണഭോക്താവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വികസന വകുപ്പുകളിലെയും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ആസൂത്രകർ, ശാസ്ത്രജ്ഞർ, ഗവേഷകർ, ജനപ്രതി നിധികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിൽ സ്ഥിതിചെയ്യുന്ന ഹെഡ് ഓഫീസ് മുഖേന ഈ സ്കീം നിർവ്വഹിക്കപ്പെടുന്നതാണ്.

## ഫണ്ടിംഗ്

2013-14-ൽ അൻപത്തി അഞ്ച് ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചതിൽ 55 ലക്ഷം രൂപയും ഹെഡ് ഓഫീസ് മുഖേന ചിലവഴിക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

- കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ കീഴിലുള്ള ജിയോ ഇൻഫർമാറ്റിക്സ് ലാബിനെ ഭൂവിഭവങ്ങളെ സംബന്ധിച്ചുള്ള സംസ്ഥാനതല ഡിജിറ്റൽ വിവരശേഖര കലവറയാക്കി ശക്തിപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.
- ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്താൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളുടെ ഭൂവിനിയോഗ ഭൂപടം തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.
- കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഹെഡ് ഓഫീസ് മുഖേന കേരളത്തിലെ വിവിധ കാർഷിക പാരിസ്ഥിതിക മേഖലയിൽ തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശികാസൂത്രണത്തിന് സഹായകരമായ വിവരങ്ങൾ അടങ്ങിയ ഭൂവിനിയോഗ മോഡലുകൾ വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

- വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രകൃതി വിഭവങ്ങളുടെ ഡാറ്റാ ബാങ്ക് ഉപയോഗിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും വികസന വകുപ്പുകൾക്കും വിവിധ തലങ്ങളിൽ പരിശീലന പരിപാടികൾ നടത്തുന്നതാണ്.
- ലഭ്യമായ വിവരസഞ്ചയം വിനിയോഗിക്കുന്നതിനും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും സെമിനാറുകൾ, മത്സരങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെ വിവിധ തലങ്ങളിൽ ബോധവൽക്കരണം നടത്തുന്നതാണ്.
- പ്രകൃതി വിഭവ ആസൂത്രണത്തിനും പരിപാലനത്തിനും ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിച്ച് രണ്ട് (തൃശൂർ, കൊല്ലം) ജില്ലകൾക്ക് പ്രകൃതി വിഭവ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു.
- ഈ വകുപ്പിന്റെ ത്രൈമാസിക വാർത്താ പത്രികയായ വിഭവകേരളവും പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട ലഘുലേഖകളും പ്രസിദ്ധീകരിക്കുന്നതാണ്.

## സംഘാടനം

മേൽ പദ്ധതികൾക്കായി വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ വിവിധ ഘട്ടങ്ങളിൽ ഭാഗഭാക്കുകളാകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഫീൽഡ് സർവ്വേക്കായി സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുക്കൽ, യോഗം വിളിച്ചു ചേർക്കൽ, സെമിനാറുകൾ, ചർച്ചകൾ എന്നിവയ്ക്ക് പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തൽ. തയ്യാറാക്കി നൽകുന്ന വിവിധ കർമ്മ പരിപാടികളുടെ സമയ ബന്ധിതമായ നിർവ്വഹണം

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

നീർത്തടാസൂത്രണവും പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികളിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, വിജയകരമായി സർവ്വേകൾ പൂർത്തീകരിക്കുക തുടങ്ങിയവ. തദ്ദേശഭരണ സ്ഥാപനവുമായി സമ്പർക്കം പുലർത്തി അവബോധം നൽകുക

## തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ കാർഷികം, നീർത്തടം, ഗതാഗതം, നെല്ല്കൃഷി വ്യാപനം, മണ്ണ്-ജല സംരക്ഷണം,

ജലസേചനം, തുടങ്ങിയ പദ്ധതികൾക്ക് സ്ഥലപരമായ വിവര ശേഖരം അനിവാര്യമാണ്. ഈ സ്കീം മുഖേന തയ്യാറാക്കുന്ന സ്ഥലപരമായ വിവര ശേഖരം മേൽപറഞ്ഞ പദ്ധതികളുടെ ആസൂത്രണത്തിന് അടിസ്ഥാനമായി വിനിയോഗിക്കാവുന്നതാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ മണ്ണുജലസംരക്ഷണ ഭൂവിനിയോഗ പ്രോജക്ടുകളുമായി ഇതിനെ ബന്ധിപ്പിക്കാം.

## 2. പഞ്ചായത്തുതല വിഭവ പര്യവേഷണം (പ്ലാൻ)

### ലക്ഷ്യങ്ങൾ

തൃശ്ശൂർ മേഖലാ ഓഫീസിലെ സൗകര്യങ്ങൾ ഉപയോഗിച്ച് പി. ആർ. എം. ഡാറ്റായുടെ സഹായത്താൽ വടക്കൻ ജില്ലകളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഡിപ്പർട്ടുമെന്റുകളുടെയും സ്ഥലപര ആസൂത്രണത്തിന് ആവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വിശദമായ നീർത്തടാധിഷ്ടിത കർമ്മപരിപാടി തയ്യാറാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തുകളിൽ ഡെമോൺസ്ട്രേഷൻ പ്രോജക്ടുകൾ ഈ വർഷം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഭക്ഷ്യസുരക്ഷാപദ്ധതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഈ ഡെമോൺസ്ട്രേഷൻ പ്രോജക്ടുകളും നീർത്തട കർമ്മ പദ്ധതിയും സഹായകരമാകുന്നതാണ്.

### ഗുണഭോക്താവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വികസന വകുപ്പുകളിലെയും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ആസൂത്രകർ, ശാസ്ത്രജ്ഞർ, ഗവേഷകർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, കർഷകർ, പൊതുജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

തൃശൂർ ജില്ലയിലെ റീജണൽ ഓഫീസ് മുഖേന

### ഫണ്ടിംഗ്

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതല വിഭവ പര്യവേഷണപദ്ധതിക്കുവേണ്ടി 2013-14 ൽ 30.00 ലക്ഷം രൂപ അനുവദിച്ചതിൽ 30.00 ലക്ഷം രൂപയും തൃശൂർ റീജണൽ ഓഫീസ് മുഖേന ചെലവഴിക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

- തൃശ്ശൂർ മേഖലാ ഓഫീസിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗിച്ച് പി. ആർ. എം. ഡാറ്റയുടെ സഹായത്താൽ 10 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്ഥലപര ആസൂത്രണത്തിന് നീർത്തടാധിഷ്ഠിത കർമ്മ പദ്ധതികൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.
- തെരഞ്ഞെടുക്കുന്ന മൂന്ന് ബ്ലോക്കുകൾക്കും നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുവാൻ ലക്ഷ്യമിടുന്നു.
- പാലക്കാട് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് പാലക്കാട് ജില്ലയിൽ ഗായത്രി സബ്‌വാട്ടർ ഷെഡ്ഡിന് വേണ്ടി പ്രകൃതി വിഭവപരിപാലന (എൻ. ആർ. എം.) പദ്ധതി തയ്യാറാക്കുവാൻ ലക്ഷ്യമിടുന്നു.

## സംഘാടനം

മേൽ പദ്ധതികൾക്കായി വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ വിവിധ ഘട്ടങ്ങളിൽ ഭാഗഭാക്കുകളാകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഫീൽഡ് സർവ്വേക്കായി സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുക്കൽ, യോഗം വിളിച്ചു ചേർക്കൽ, സെമിനാറുകൾ, ചർച്ചകൾ എന്നിവയ്ക്ക് പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തൽ. തയ്യാറാക്കി നൽകുന്ന വിവിധ കർമ്മ പരിപാടികളുടെ സമയ ബന്ധിതമായ നിർവ്വഹണം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

നീർത്തടാസൂത്രണവും പ്രകൃതി വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികളിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, വിജയകരമായി സർവ്വേകൾ പൂർത്തീകരിക്കുക തുടങ്ങിയവ. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സമ്പർക്കം പുലർത്തി അവബോധം നൽകുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

നീർത്തടാധിഷ്ഠിതമായി ഗ്രാമപഞ്ചായത്ത്- ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ തയ്യാറാക്കുന്ന കർമ്മ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്ന ഭക്ഷ്യസുരക്ഷ, തൊഴിലുറപ്പ് പദ്ധതി, നെല്ല്കൃഷി വ്യാപനം,

മണ്ണ്-ജല സംരക്ഷണം, ജലസേചനം തുടങ്ങിയ വികസന പദ്ധതികൾക്ക് അടിസ്ഥാന രേഖകളാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വകുപ്പിന്റെ സഹായം ഉപയോഗപ്പെടുത്തണം.

## 3. ഭൂവിഭവ വിവര സംവിധാനം (പ്ലാൻ)

### ലക്ഷ്യങ്ങൾ

പ്രകൃതി വിഭവങ്ങളുടെ വ്യത്യസ്തമായ തോതുകളിലുള്ള വിവരശേഖരങ്ങൾ പലതട്ടുകളിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഉണ്ടാക്കിയിട്ടുണ്ട്. ഈ വിവര ശേഖരങ്ങൾ ഉപയോഗിക്കുന്നതിന് ഒരു ഭൂവിഭവ വിവര സംവിധാനം സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. സവിസ്തര വ്യാപ്തി നിർണ്ണയ സമ്പ്രദായത്തിൻെറ വികസനത്തിനാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. ഭൂവിവര സംവിധാനവുമായി സംയോജിപ്പിച്ച് വികസന വകുപ്പുകളുടെ നിർവഹണ സഹായ സംവിധാനം വികസിപ്പിക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

പരിപാടിയിൻകീഴിൽ വികസിപ്പിച്ചെടുത്ത പല തട്ടുകളിലുള്ള വിവരങ്ങളിൽ സ്ഥലപരമായ ചട്ടക്കൂട്ടിൽ ജലവിഭവങ്ങളുടേയും ഭൂമിയുടേയും സമഗ്രമായ അവസ്ഥ ഉൾക്കൊള്ളുന്നു. പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച് സൂക്ഷ്മതലത്തിൽ അറിവ് തരുന്നു. പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച അറിവുകൾ സാമൂഹിക, സാമ്പത്തിക, വിദൂരസംവേദനപരമായ അറിവുകളുമായി സംയോജിപ്പിച്ച് നല്ലൊരു ഭൂവിഭവ വിവര സംവിധാനം രൂപപ്പെടുത്തുന്നതാണ്. വികസന വകുപ്പുകളുടെ ആസൂത്രണത്തിനും നിർവഹണത്തിനും ഭൂവിഭവ വിവര സംവിധാനം സഹായിക്കും.

### ഗുണഭോക്താവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വികസന വകുപ്പുകളിലെയും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ആസൂത്രകർ, ശാസ്ത്രജ്ഞർ, ഗവേഷകർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഹെഡ് ഓഫീസ് മുഖേന ഈ സ്കീം നിർവ്വഹിക്കപ്പെടുന്നതാണ്.

## ഫണ്ടിംഗ്

2013-14-ൽ 30 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചതിൽ 30 ലക്ഷം രൂപയും ഹെഡ് ഓഫീസ് മുഖേന ചിലവഴിക്കുന്നതാണ്.

## പ്രവർത്തനങ്ങൾ

- വ്യത്യസ്തമായ തോതുകളിലുള്ള പ്രകൃതി വിഭവ വിവരശേഖരങ്ങൾ ഉപയോഗിക്കുന്നത് ഒരു ഭൂവിഭവവിവരസംവിധാനം വികസിപ്പിച്ച് സാമൂഹിക, സാമ്പത്തിക അറിവുകളുമായി സംയോജിപ്പിച്ച് വികസന വകുപ്പുകളുടെ ആസൂത്രണത്തിനും നിർവഹണത്തിനും ലഭ്യമാക്കുന്നതാണ്. ഈ വർഷം തൃശ്ശൂർ ജില്ലയിലെ 95 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭൂവിഭവ വിവര സംവിധാനം പൂർത്തിയാക്കി ജില്ലാ പ്ലാനിംഗ് ഓഫീസിന് കൈമാറുവാൻ ഉദ്ദേശിക്കുന്നു.
- IIITM-K-യുടെ സാങ്കേതിക സഹായത്തോടുകൂടി വയനാട്, കണ്ണൂർ, കോട്ടയം ജില്ലകളുടെ ഭൂവിഭവ വിവരസംവിധാനം തയ്യാറാക്കി ഇന്റർനെറ്റിലൂടെ ലഭ്യമാക്കും.
- കേന്ദ്ര സർക്കാരിന് കീഴിലുള്ള ടീശഹ & ഘമിറ ഡലെ ടൗ്യൃല്യ ീള കിറശമയുടെ സഹായത്തോടെ വയനാട്, കണ്ണൂർ, കോട്ടയം ജില്ലകളുടെ മണ്ണ് പര്യവേഷണ റിപ്പോർട്ട് തയ്യാറാക്കി ഭൂവിഭവ വിവര സംവിധാനത്തിൽ ലഭ്യമാക്കും.

## സംഘാടനം

മേൽ പദ്ധതികൾക്കായി വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ വിവിധ ഘട്ടങ്ങളിൽ ഭാഗഭാക്കുകളാകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഫീൽഡ് സർവ്വേക്കായി സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുക്കൽ, യോഗം വിളിച്ചു ചേർക്കൽ, സെമിനാറുകൾ, ചർച്ചകൾ എന്നിവയ്ക്ക് പൂർണ്ണ ജനപങ്കാളിത്തം ഉറപ്പു വരുത്തൽ. തയ്യാറാക്കി നൽകുന്ന വിവിധ കർമ്മ പരിപാടികളുടെ സമയ ബന്ധിതമായ നിർവ്വഹണം.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

ഭൂവിഭവ വിവര സംവിധാനം 2013-14 ൽ തൃശൂർ ജില്ലയിലാണ് ആരംഭിക്കുന്നത്. കണ്ണൂർ, കോട്ടയം, വയനാട് എന്നീ ജില്ലകളിലെ ഭൂവിഭവ വിവരശേഖരം വെബ് അധിഷ്ഠിതമാക്കുന്നതിനും ലക്ഷ്യമിടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനെ

ക്കുറിച്ച് പൂർണ്ണ അവബോധം നൽകണം. ആയതിന്റെ ആവശ്യകത ബോധ്യപെടുത്തണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

നീർത്തടാധിഷ്ഠിതമായി ഗ്രാമപഞ്ചായത്ത്- ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ തയ്യാറാക്കുന്ന കർമ്മ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്ന ഭക്ഷ്യസുരക്ഷ, തൊഴിലുറപ്പ് പദ്ധതി, നെൽകൃഷി വ്യാപനം, മണ്ണ്-ജല സംരക്ഷണം, ജലസേചനം തുടങ്ങിയ വികസന പദ്ധതികൾക്ക് അടിസ്ഥാന രേഖകളാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങൾ ടി വിവരങ്ങൾ പദ്ധതി തയ്യാറാക്കുമ്പോൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ പരിശ്രമിക്കണം.

# L
# ഭവന നിർമ്മാണ ബോർഡ്



1961 ൽ സ്ഥാപിതമായ തിരുവനന്തപുരം നഗരപരിഷ്ക്കരണ ട്രസ്റ്റിന്റെ തുടർച്ച യായി ദേശീയ നയത്തിനും കാഴ്ചപ്പാടിനും അനുസൃതമായി 1971 മാർച്ച് 5-ാം തിയ തിയാണ് കേരളസംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിർഭാവം കൊണ്ടത്. 1971 ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായും സംസ്ഥാനത്തെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിധേയമായും സംസ്ഥാനത്തെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകോപിതവും ആസൂത്രിത വുമായ ദിശാബോധം നൽകുന്നതിനും വിവിധ വരുമാന വിഭാഗം ജനങ്ങളുടെ പാർപ്പിട ആവശ്യങ്ങൾക്ക് തൃപ്തികരമായ പരിഹാരം കാണുന്നതിന് അനുയോ ജ്യവും വൈവിധ്യവുമാർന്ന ഭവന നിർമ്മാണ/വായ്പാ പദ്ധതികളും മറ്റും ആവി ഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുമാണ് ബോർഡ് സ്ഥാപിക്കപ്പെട്ടത്. ഭവന നിർമ്മാണ ബോർഡിൽ അർപ്പിയ്ക്കപ്പെട്ടിട്ടുള്ള കടമകൾ അർപ്പണബോധത്തോടും സാമൂഹ്യ പ്രതിബന്ധതയോടും കൂടി നിർവ്വഹിക്കുമെന്ന് ബോർഡ് പൗരാവകാശരേഖയാൽ ഉറപ്പ് നൽകുന്നു. ബോർഡിന്റെ കർത്തവ്യങ്ങൾ സുതാര്യമായും കാര്യക്ഷമമായും ജനസൗഹൃദപരമായും നിർവ്വഹിച്ചു വരുന്നു.

ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന/നടപ്പിലാക്കുനുദ്ദേശിക്കുന്ന പദ്ധതി കൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

# 1. എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി

## ലക്ഷ്യങ്ങൾ

1972–76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷംവീടുകളുടെ പുനർ നിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. നിലവിലുള്ള സബ്സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 75,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടികവർക്ഷ വിഭാഗത്തിന് 1.25 ലക്ഷം രൂപയുമാണ്. സബ്സിഡി ലഭ്യമാക്കുന്നത് പഞ്ചായത്തുകൾ മുഖേനയാണ്. സബ്സിഡി തുക ബോർഡിന് സർക്കാർ ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നതാണ്.

## ഗുണഭോക്താവ്

1972–76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷംവീട് കോളനിയിലെ വാസയോഗ്യമല്ലാത്ത വീടുകലിൽ താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ അർഹരാണ്. തദ്ദേശസ്വയംഭരണ വകുപ്പും ഭവന നിർമ്മാണ വകുപ്പും പൊതുവായി അംഗീകരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കേണ്ട ലക്ഷം വീടുകളുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളൊ ഗ്രാമസഭകളൊണ് ബി.പി.എൽ കുടുംബങ്ങളിൽ നിന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത്. ഗുണഭോക്താവ് അപേക്ഷ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

## സ്കീമിന്റെ നിർവ്വഹണം.

ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ തന്നെയായിരിക്കും ഈ പദ്ധതിയും നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ.

## ഫണ്ടിംഗ്

എം.എൻ ലക്ഷംവീട് നവീകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ട് പ്ലാൻ വിഹിതമായി സർക്കാർ ബോർഡിന് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് സാക്ഷ്യപത്രം പഞ്ചായത്ത് റസല്യൂഷൻ ഇവ ലഭിച്ചതിനു ശേഷം പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഫണ്ട് കൈമാറുന്നു. വീട് പണിയുടെ പുരോഗതി അനുസരിച്ച് 4 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ദാരിദ്ര്യലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ലക്ഷംവീട് കോളനികളിലെ

വീടുകളുടെ വിലയിരുത്തൽ നടത്തി സർക്കാർ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ ഒരു വിവരശേഖരം തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പുനർ നിർമ്മിക്കേണ്ടതായ വീടുകളിൽ താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കണം. മറ്റ് ഏജൻസികളുടെ സഹായം വിനിയോഗിച്ച് പുനർ നിർമ്മിക്കുകയോ ഗുണമേന്മ വർദ്ധിപ്പിക്കുകയോ ചെയ്ത വീടുകൾ ഒഴിവാക്കണം. അതുപോലെ വാടകയ്ക്ക് നൽകിയിട്ടുള്ള വീടുകളും ഒഴിവാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ പുനർ നിർമ്മിക്കേണ്ടതിന്റെ ഭൗതീക ലക്ഷ്യം ജില്ലാ അടിസ്ഥാനത്തിൽ ഭവന നിർമ്മാണബോർഡ് നിശ്ചയിക്കുന്നതാണ്. അതോടൊപ്പം രണ്ടു വിഭാഗങ്ങളിലെ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ വർഷവും ഏറ്റെടുക്കേണ്ട ഭൗതിക ലക്ഷ്യത്തിന് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഭവനനിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ തന്നെയായിരിക്കും ഈ പദ്ധതിയും  നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ. എന്നാൽ ഓരോ ഘട്ടത്തിന്റെയും പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന പ്രകാരം വില്ലേജ് എക്സറ്റൻഷൻ ഓഫീസറെയോ ഓവർസീയറേയോ സെക്രട്ടറിയേയോ ബോർഡിന്റെ എഞ്ചിനീയറെയോ തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനെയോ ഏൽപ്പിക്കാം. ഈ പദ്ധതിയുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും വാർഡ് തലത്തിലും പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റികൾ ഉണ്ടായിരിക്കും.

## സംഘാടനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ഹൗസിംഗ് ബോർഡും സംയുക്തമായി സംഘാടനം നിർവ്വഹിക്കുന്നു. എം.എൻ. ലക്ഷംവീട് നവീകരണ ഫണ്ടിലേക്ക് വേണ്ടുന്ന തുക കണ്ടെത്തുന്നതിനായി ഇന്ത്യക്കകത്തും പുറത്തുമുള്ള മലയാളി സംഘടനകൾ കാരുണ്യവാൻമാരും ദാനശീലരുമായ പൊതുജനങ്ങൾ എന്നിവരിൽ നിന്ന് ഫണ്ട് സ്വരൂപിക്കാവുന്നതാണ്. കടുത്ത സാമ്പത്തിക പരാധീനത അനുവദിക്കുന്ന കുടുംബങ്ങളെ സഹായിക്കുവാൻ ഉദാരമതികളായ മനുഷ്യ സ്നേഹികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ഫണ്ട് ലഭ്യമാക്കി സബ്സിഡിക്ക് ഉപരിയായി ധനസഹായം അനുവദിക്കാവുന്നതാണ്.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

പ്രവർത്തനത്തിൽ പറഞ്ഞിരിക്കുന്ന പോലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പങ്ക് വഹിക്കാവുന്നതാണ്. ഗ്രാമസഭ വഴി അർഹതപെട്ട എല്ലാവരേയും ഉൾപ്പെടുത്തി എന്ന് ഉറപ്പുവരുത്തുക.

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

ഓരോ വർഷവും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഏറ്റെടുക്കേണ്ട ഭൗതിക ലക്ഷ്യം നിശ്ചയിക്കുകയും ഏറ്റെടുക്കേണ്ട വീടുകളുടെ എണ്ണം നിശ്ചയിച്ച് അറിയിക്കുക, ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും വാർഡ്തലത്തിലും ഉള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗമായിരിക്കുക പദ്ധതി പ്രദേശം സന്ദർശിച്ച് അനുയോജ്യമായ പ്ലാൻ തയ്യാറാക്കുന്നതിന് സഹായിക്കുക, പരിസരത്ത് ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക, വീടിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങിൽ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുക, ഗുണമേന്മ ഉറപ്പാക്കുന്നതിന് പരിശോധനാ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവ.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പ്രവർത്തനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിരേഖയിൽ സ്കീമിന്റെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിക്കണം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ, ഗുണമേന്മ ഉറപ്പാക്കൽ, അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചു എന്ന് ഉറപ്പാക്കൽ, പദ്ധതി നടത്തിപ്പിലെ ഫീഡ് ബേക്ക്, പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിയിൽ അവതരിപ്പിക്കുക മുതലായവ.

## 2. സുരക്ഷാ ഭവന പദ്ധതി

## ലക്ഷ്യങ്ങൾ

സമൂഹത്തിലെ സാമ്പത്തികമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീട് ഇല്ലാത്തവർക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് ഇത്. കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള ദുർബ്ബലവിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

## ഗുണഭോക്താവ്

സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട സ്വന്തമായി കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായിയുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വീട് നിർമ്മിച്ചു നൽകുന്ന/വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കുന്ന സന്നദ്ധ സംഘടനകൾ സ്ഥലവും വീടും ഇല്ലാത്ത ഗുണഭോക്താവിന് സ്ഥലം വാങ്ങുന്നതിന്/വീട് വെക്കുന്നതിന് ധനസഹായം നൽകുകയോ സ്ഥലം വാങ്ങി വീട് വെച്ച് നൽകുകയോ ചെയ്യേണ്ടതാണ്.

## ഫണ്ടിംഗ്

വീടൊന്നിന് 25000 രൂപ നിരക്കിൽ സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഫണ്ട് ഗുണഭോക്താക്കൾക്ക് വീടിന്റെ പണിയുടെ പുരോഗതി അനുസരിച്ച് ബോർഡിൽ നിന്നും നൽകുന്നതാണ്. വീടിന് ഒരു ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുള്ളതും ഇതിൽ അമ്പതിനായിരം രൂപ അപേക്ഷകന് സ്പോൺസർ ചെയ്യുന്ന സംഘടനയും ഇരുപത്തയ്യായിരം രൂപ ഗുണഭോക്തൃവിഹിതവും ഇരുപത്തയ്യായിരം രൂപ ഗവൺമെന്റ് സബ്സിഡിയും ആണ്.

## പ്രവർത്തനങ്ങൾ

30 ച.മീ. മുതൽ 50 ച.മീ വിസ്തീർണ്ണവും 1 ലക്ഷം രൂപ നിർമ്മാണച്ചെലവും കണക്കാക്കിയിട്ടുള്ള വീടൊന്നിന് സർക്കാർ സബ്സിഡിതുക 25,000 രൂപയാണ്. ബാക്കി 50,000 രൂപ അപേക്ഷകനെ സ്പോൺസർ ചെയ്യാൻ തയ്യാറുള്ള സന്നദ്ധസംഘടനയും 25,000 രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനയാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഫോറം ബോർഡിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ലഭ്യമാണ്. സബ്സിഡി തുക ബോർഡിന് സർക്കാർ ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നതാണ്.

## സംഘാടനം

ഗുണഭോക്താവിന് സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനയാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഫോറം ബോർഡിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ലഭ്യമാണ്. 1 ലക്ഷം രൂപ നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുള്ള വീടൊന്നിന് സർക്കാർ സബ്സിഡി തുക 25,000 രൂപയാണ്. ബാക്കി 50,000 രൂപ അപേക്ഷകനെ സ്പോൺസർ ചെയ്യാൻ തയ്യാറുള്ള സന്നദ്ധ സംഘടനയും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയുടെ ധനകാര്യ ഘടനയനുസരിച്ച് ദാനശീലരും കാരുണ്യവാൻമാരുമായ വ്യക്തികൾ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ, മറ്റു സാമൂഹ്യ സംഘടനകൾ എന്നിവരുടെ പങ്കാളിത്തമാണ് ഉദ്ദേശിച്ചിരിക്കുന്നത്. സർക്കാർ തുക ഭവന നിർമ്മാണ ബോർഡിന് കൈമാറുകയും

ഓരോ വീടിന്റെയും നിർമ്മാണം കൂരമട്ടമാവുമ്പോൾ ബോർഡ് സബ്സിഡി തുക ഗുണഭോക്താവിന് വിതരണം ചെയ്യുന്നതുമാണ്.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുക. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക, സന്നദ്ധ സംഘടനകളുടെ/ഗുണഭോക്താക്കളുടെ വിഹിതം കണ്ടെത്താൻ സഹായിക്കുക തുടങ്ങിയവ. ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക. ഗുണഭോക്താക്കളെ കണ്ടെത്തുക. യോഗങ്ങളിൽ ചർച്ച ചെയ്യുക.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ മറ്റു സാമൂഹ്യ സംഘടനകൾ, വ്യക്തികൾ തുടങ്ങി സ്പോൺസർ ചെയ്യുവാൻ തയ്യാറുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുക വീടിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുക, ഗുണമേന്മ ഉറപ്പാക്കുന്നതിന് പരിശോധന സംവിധാനം ഏർപ്പെടുത്തുക. വീടിന്റെ നിർമ്മാണം കൂരമട്ടമായി എന്ന് ഉറപ്പാക്കി സബ്സിഡി തുക ഗുണഭോക്താവിന് വിതരണം ചെയ്യുക തുടങ്ങിയവ.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്കിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകളിൽ സ്കീം ചർച്ചയ്ക്ക് വിധേയമാക്കണം, പദ്ധതിരേഖയിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതിയുടെ പുരേഗതി വിലയിരുത്തൽ, ഗുണമേന്മ ഉറപ്പാക്കൽ, അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചു എന്ന് ഉറപ്പാക്കൽ, പദ്ധതി നടത്തിപ്പിലെ ഫീഡ് ബേക്ക് മുതലായവ.

## 3. ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതി

### ലക്ഷ്യങ്ങൾ

നഗരത്തിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിനു പുറത്ത് താമസിക്കുവാൻ നിർബന്ധിതരാകുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് (ബി.പി.എൽ) നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി കുറഞ്ഞ നിരക്കിൽ ഫ്ളാറ്റുകൾ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണിത്.

## ഗുണഭോക്താവ്

സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും നഗരത്തിൽ ജോലി ചെയ്യുകയും നഗരത്തിനുപുറത്ത് താമസിക്കുവാൻ നിർബന്ധിതരാകുന്നവരുമായ തൊഴിലാളികൾ.

## സ്കീമിന്റെ നിർവ്വഹണം

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷം പദ്ധതി ബോർഡ് നടപ്പിലാക്കുന്നു. ബോർഡിന്റെ ചെയർമാൻ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ബോർഡ് മെമ്പർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി നിർദ്ദേശിക്കുന്ന ഓഫീസർ, സാമൂഹ്യക്ഷേമ വകുപ്പ് പ്രതിനിധി, താമസക്കാരിൽ നിന്നും തെരഞ്ഞെടുത്ത മെമ്പർ ഇവരടങ്ങിയ മാനേജ്മെന്റ് കമ്മിറ്റി ഭരണം നിർവ്വഹിക്കുന്നു.

## ഫണ്ടിംഗ്

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ചെലവ് സർക്കാർ ബജറ്റിലൂടെ അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

1. ലക്ഷ്യങ്ങളിൽ പറഞ്ഞിട്ടുള്ള വിഭാഗത്തിൽപ്പെട്ടവരുടെം പട്ടിക തയ്യാറാക്കുന്നു.
2. അർഹരെ നിശ്ചയിക്കുന്നു.
3. ആയതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതിയ്ക്ക് അംഗീകാരം വാങ്ങുന്നു.
4. മാർഗ്ഗരേഖകൾ തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.

## സംഘാടനം

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷം പദ്ധതി ബോർഡ് നടപ്പിലാക്കുന്നു. ബോർഡിന്റെ ചെയർമാൻ, അല്ലെങ്കിൽ സെക്രട്ടറി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ, ജില്ലാ കളക്ടറുടെ പ്രതിനിധി ഇവരടങ്ങിയ അലോട്ട്മെന്റ് കമ്മിറ്റി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. ബോർഡിന്റെ ചെയർമാൻ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ബോർഡ് മെമ്പർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സെക്രട്ടറി, അല്ലെങ്കിൽ സെക്രട്ടറി

നിർദ്ദേശിക്കുന്ന ഓഫീസർ, സാമൂഹ്യക്ഷേമ വകുപ്പ് പ്രതിനിധി താമസക്കാരിൽ നിന്നും തെരഞ്ഞെടുത്ത മെമ്പർ ഇവരടങ്ങിയ മാനേജ്മെന്റ് കമ്മിറ്റി സംഘാടനം നിർവ്വഹിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രാമസഭകളിലൂടെ ജനങ്ങളിലെത്തിക്കുക, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ പങ്കാളിയാവുക ക്ഷേമപ്രവർത്തനങ്ങൾ സ്കീമിനുള്ളിൽ നടപ്പിലാക്കുക തുടങ്ങിയവ

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വിശദമായ പദ്ധതി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുക, അനുമതി ലഭ്യമായതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന അലോട്ട്മെന്റ് കമ്മിറ്റിയിൽ അംഗമായിരിക്കുക ഭരണ നിർവ്വഹണം നടത്തുന്ന മാനേജ്മെന്റ് കമ്മിറ്റിയിൽ അംഗമായിരിക്കുക തുടങ്ങിയവ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രാമസഭകളിലൂടെ ജനങ്ങളിലെത്തിക്കുക, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ പ്രതിനിധീകരിക്കുക, തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ സ്കീമിനുള്ളിൽ നടപ്പിലാക്കുക.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കുക, ഗുണഭോക്താക്കളെ കുറ്റമറ്റ രീതിയിൽ തിരഞ്ഞെടുക്കുക, പദ്ധതി സുഗമമായി നടപ്പിലാക്കുക തുടങ്ങിയവ.

# 4. സാഫല്യം ഭവന പദ്ധതി

## ലക്ഷ്യങ്ങൾ

സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും വീടോ ഭൂമിയോ ഇല്ലാത്തവരുമായ കുടുംബങ്ങൾക്ക് പാർപ്പിടം ലഭ്യമാക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. സർവീസസ് ഇല്ലാതെ 250 ച. അടി വിസ്തീർണ്ണം വരുന്ന ഫ്ളാറ്റിന്റെ നിർമ്മാണച്ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്ക്കോ വായ്പയും (ഗുണഭോക്താവ് പലിശ

യുൾപ്പെടെ 168 പ്രതിമാസ തവണകളായി തിരികെ അടയ്ക്കണം), 25,000/- രൂപ ഗുണഭോക്തൃവിഹിതവും, 25,000/- രൂപ സന്നദ്ധ സംഘടനാ വിഹിതവുമാണ്.

## ഗുണഭോക്താവ്

സമൂഹത്തിലെ സാമ്പത്തികമായി ദുർബ്ബലവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും വീടോ ഭൂമിയോ ഇല്ലാത്തവരുമായ കുടുംബങ്ങൾ.

## സ്കീമിന്റെ നിർവ്വഹണം

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷം പദ്ധതി ബോർഡ് നടപ്പിലാക്കുന്നു. അലോട്ട്മെന്റ് കമ്മിറ്റി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു.

## ഫണ്ടിംഗ്

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ചെലവ് സർക്കാർ ബജറ്റിലൂടെ 2 ലക്ഷം രൂപയും ഹഡ്കോ വായ്പ 1 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതമായ 25,000 രൂപയും സന്നദ്ധ സംഘടന വിഹിതമായ 25,000 രൂപയും ചേർന്ന് ഒരു ഫ്ളാറ്റിന് മൂന്നര ലക്ഷം രൂപ സർവ്വീസുകൾ കൂടാതെ ചെലവ് കണക്കാക്കുന്നു.

## പ്രവർത്തനങ്ങൾ

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷം പദ്ധതി ബോർഡ് നടപ്പിലാക്കുന്നു. പദ്ധതി പൂർത്തീകരിച്ചതിനുശേഷം അലോട്ട്മെന്റ് കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഫ്ളാറ്റുകൾ നൽകുന്നു.

## സംഘാടനം

ഹൗസിംഗ് ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി സംഘാടനം നിർവ്വഹിക്കുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുക, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ പങ്കാളിയാവുക, ക്ഷേമപ്രവർത്തനങ്ങൾ സ്കീമിനുള്ളിൽ നടപ്പിലാക്കുക തുടങ്ങിയവ.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വിശദമായ പദ്ധതി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുക, അനുമതി ലഭ്യമായതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ പങ്കാളിയാവുക, ഗുണഭോക്താക്കൾക്ക് ഫ്ളാറ്റുകൾ നൽകുക, ഗുണഭോക്താക്കൾ മാസം തോറും അടക്കേണ്ടുന്ന തവണകൾ കണക്കാക്കുകയും അടച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുക, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ പ്രതിനിധീകരിക്കുക, തദ്ദേശഭരണ സ്ഥാപനത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ സ്കീമിനുള്ളിൽ നടപ്പിലാക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കുക, ഗുണഭോക്താക്കളെ കുറ്റമറ്റ രീതിയിൽ തിരഞ്ഞെടുക്കുക, പദ്ധതി സുഗമമായി നടപ്പിലാക്കുക തുടങ്ങിയവ. ഗുണഭോക്താക്കളിൽ നിന്ന് മാസതവണകൾ കൃത്യമായി അടച്ചുവെന്ന് ഉറപ്പു വരുത്തുക

## 5. സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി

### ലക്ഷ്യങ്ങൾ

സർക്കാർ ജീവനക്കാർക്കുവേണ്ടി സർക്കാർ ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് റവന്യു വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്.

### ഗുണഭോക്താവ്

ദൂരസ്ഥലങ്ങളിൽ നിന്ന് വന്ന് ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർ

### സ്കീമിന്റെ നിർവ്വഹണം

ഭവന നിർമ്മാണ ബോർഡാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

### ഫണ്ടിംഗ്

പദ്ധതി ചെലവ് സർക്കാർ ബജറ്റിലൂടെ ബോർഡിന് ലഭ്യമാക്കുന്നു.

### പ്രവർത്തനങ്ങൾ

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷം പദ്ധതി ബോർഡ് നടപ്പിലാക്കുന്നു. പദ്ധതി പൂർത്തീകരിച്ചതിനുശേഷം ബോർഡ് കെട്ടിടം റവന്യു വകുപ്പിന് കൈമാറുന്നു. റവന്യു വകുപ്പ് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് അലോട്ട്മെന്റ് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പിനുശേഷം ഫ്ളാറ്റ്/വീടുകൾ നൽകുന്നു.

### സംഘാടനം

വിശദമായ പദ്ധതി ബോർഡംഗീകാരത്തോടെ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അംഗീകാരവും ഭരണാനുമതിയും ലഭ്യമായതിനുശേഷം ഭവന നിർമ്മാണ ബോർഡ് സംഘാടനം നിർവ്വഹിക്കുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിനെക്കുറിച്ച് ഗുണഭോക്താക്കൾക്ക് ഗ്രാമസഭയിൽ അവബോധം നൽകുക. ആവശ്യക്കാരെ കണ്ടെത്തി സ്കീമിൽ ചേർത്തു എന്ന് ഉറപ്പാക്കുക.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വിശദമായ പദ്ധതി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുക, അനുമതി ലഭ്യമായതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റവന്യു വകുപ്പിന് കൈമാറുക.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിസ്ഥലത്ത് വേണ്ടുന്ന ക്ഷേമകാര്യ പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കുക, പദ്ധതിരേഖയിൽ വിവരം ഉൾക്കൊള്ളിക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കുകയും റവന്യു വകുപ്പിന് കൈമാറുകയും ചെയ്യുക.

## 6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

### ലക്ഷ്യങ്ങൾ

ദൂരസ്ഥലങ്ങളിൽ നിന്നും വന്നു ജോലി ചെയ്യുന്ന ഉദ്യോഗസ്ഥകളായ വനിതകൾക്ക് താമസിക്കുവാൻ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ ബോർഡ് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

## ഗുണഭോക്താവ്

ദൂരസ്ഥലങ്ങളിൽ നിന്ന് വന്ന് ജോലി ചെയ്യുന്ന ഉദ്യോഗസ്ഥകളായ വനിതകൾ

## സ്കീമിന്റെ നിർവ്വഹണം

പദ്ധതിയുടെ പ്രൊപ്പോസൽ സാമൂഹ്യക്ഷേമ വകുപ്പിന് സമർപ്പിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ അനുമതിയോടെ വിശദമായ പദ്ധതി തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ബോർഡ് നടപ്പിലാക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ജില്ലാ കളക്ടർ, പൊതുമരാമത്ത് വകുപ്പിലെയും ബോർഡിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സാമൂഹ്യക്ഷേമ വകുപ്പ് പ്രതിനിധി ഇവരടങ്ങിയ ഒരു ബിൽഡിംഗ് കമ്മിറ്റി രൂപീകരിക്കുന്നു. നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം ഹോസ്റ്റലിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഹൗസിംഗ് ബോർഡ് ചെയർമാൻ ചെയർമാനായി ഒരു ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റിയും ഹോസ്റ്റലിന്റെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഒരു സമിതിയും രൂപീകരിക്കുന്നു.

## ഫണ്ടിംഗ്

ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി ബിൽഡിംഗ് കമ്മിറ്റി വിലയിരുത്തുകയും റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് ഫണ്ട് ബോർഡിന് മൂന്ന് തവണകളായി അനുവദിക്കുന്നു.

## പ്രവർത്തനങ്ങൾ

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷം ഹൗസിംഗ് ബോർഡ് ചെയർമാൻ ചെയർമാനായും ഹൗസിംഗ് ബോർഡ് മെമ്പർ, ജില്ലാ കളക്ടർ, ബോർഡ് സെക്രട്ടറി, സിറ്റി പോലീസ് കമ്മീഷണർ, ജില്ല സോഷ്യൽ വെൽഫെയർ ഓഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപന വാർഡ്മെമ്പർ, വനിത സോഷ്യൽ വർക്കർ, അന്തേവാസികളുടെ പ്രതിനിധി, സ്റ്റേറ്റ് സോഷ്യൽ അഡ്വൈസറി ബോർഡ് പ്രതിനിധി, ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അംഗങ്ങളായി ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റിയും ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഒരു അഞ്ചംഗ സമിതിയും രൂപീകരിക്കുന്നു. ഈ കമ്മിറ്റികളുടെ മേൽനോട്ടത്തിൽ ഹോസ്റ്റലിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ട് പോകുന്നു.

## സംഘാടനം

നിർവ്വഹണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സ്കീമിന്റെ നിർവ്വഹണത്തിനു ശേഷം ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും മേൽനോട്ടത്തിൽ ഹോസ്റ്റലിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടു പോകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ക്ഷേമപ്രവർത്തനങ്ങൾ സ്കീമിനുള്ളിൽ നടപ്പിലാക്കുക, ആവശ്യമുള്ളവരെ കണ്ടെത്തി നൽകുക, ഗ്രാമസഭയിൽ ചർച്ച ചെയ്യുക, പോരായ്മകൾ ബോർഡിന്റെ /സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുക.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വിശദമായി പദ്ധതി തയ്യാറാക്കി സമർപ്പിക്കുക, അനുമതി ലഭ്യമായതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക, നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്ന കമ്മിറ്റിയിൽ അംഗമായിരിക്കുക. ഹോസ്റ്റലിന്റെ നടത്തിപ്പിനായുള്ള മാനേജ്മെന്റ് കമ്മിറ്റിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും അംഗമായിരിക്കുക തുടങ്ങിയവ.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി സ്ഥലത്ത് വേണ്ടുന്ന ക്ഷേമകാര്യ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ധരിപ്പിക്കുകയും ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കുകയും ചെയ്യുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കുകയും ഹോസ്റ്റലിന്റെ നടത്തിപ്പ് സുരക്ഷിതമായും സുഗമമായും മുന്നോട്ട് കൊണ്ടുപോവുക.

## 7. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി

### ലക്ഷ്യങ്ങൾ

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വീടുകളുടെ പുനർ നിർമ്മാണവും അറ്റകുറ്റപണികളും മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തികളും നടത്തുന്നു.

### ഗുണഭോക്താവ്

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾ

## സ്കീമിന്റെ നിർവ്വഹണം.

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതി സർക്കാർ ബോർഡിനെ ഏൽപ്പിക്കുകയുണ്ടായി. ഈ പദ്ധതിക്കായി നോൺ പ്ലാനിൽ 15 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ പരിമിതപ്പെടുത്തി 218 വീടുകൾ ആദ്യഘട്ടമായി നിർമ്മിക്കുവാൻ സർക്കാർ ഭരണാനുമതി നൽകി. അതിൻപ്രകാരം സാങ്കേതിക അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി പൂർണ്ണമായും നടപ്പിലാക്കുവാൻ 21.8 കോടി രൂപ കൂടി 2013-14 വർഷത്തിലെ ബഡ്ജറ്റിലൂടെ അനുവദിക്കുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബോർഡ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കും.

## ഫണ്ടിംഗ്

നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ ഫണ്ട് ബോർഡിന് അനുവദിക്കുന്നു. ഈ ഫണ്ട് ഉപയോഗിച്ച് ബോർഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തനങ്ങൾ

നിർവ്വഹണത്തിൽ പറഞ്ഞിരിക്കുന്നപോലെ പണി പൂർത്തീകരിച്ചതിനുശേഷം റവന്യു വകുപ്പിന് കൈമാറുന്നു. റവന്യു വകുപ്പ് അർഹരായ ഗുണഭോക്താക്കൾക്ക് വീടുകൾ കൈമാറുന്നു.

## സംഘാടനം

നിർവ്വഹണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷം റവന്യു വകുപ്പിന് കൈമാറുന്നു. റവന്യു വകുപ്പ് അർഹരായ ഗുണഭോക്താക്കൾക്ക് വീടുകൾ കൈമാറുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കുക. പദ്ധതിയുമായി ഏകോപിപ്പിയ്ക്കുക. പോരായ്മകൾ കണ്ടെത്തി ബോർഡിനെ സർക്കാരിനെ അറിയിക്കുക

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കുക, അനുമതി ലഭ്യമായതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായും ഗുണമേന്മയോടെയും പൂർത്തീകരിക്കുക. പൂർത്തീകരിച്ച പദ്ധതി റവന്യു വകുപ്പിനു കൈമാറുക തുടങ്ങിയവ.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതിസ്ഥലത്ത് വേണ്ടുന്ന ക്ഷേമപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ധരിപ്പിക്കുകയും ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കുകയും ചെയ്യുക. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും റവന്യു വകുപ്പിമായി സഹകരിക്കുക തുടങ്ങിയവ. ലിസ്റ്റ് ഗ്രാമസഭ ചർച്ചയ്ക്ക് വിധേയമാക്കുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കുകയും റവന്യു വകുപ്പിനു കൈമാറുക തുടങ്ങിയവ.

## 8. പാരസ്പര്യ പദ്ധതികൾ

### ലക്ഷ്യങ്ങൾ

സമൂഹത്തിലെ ങകഏ/ഒകഏ വിഭാഗക്കാർക്ക് താമസസൗകര്യത്തിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് വിലയ്ക്കു നൽകുന്ന പദ്ധതിയാണിത്.

### ഗുണഭോക്താവ്

MIG/HIG വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

വിശദമായ ഡിമാന്റ് സർവ്വെയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന്റെ സ്ഥലത്ത് ങകഏ/ഒകഏ വിഭാഗത്തിൽപ്പെട്ടവർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്നു. വിൽപ്പനവില ഉപഭോക്താക്കളിൽ നിന്നും മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ശേഖരിച്ചുകൊ ണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കിയ ശേഷം കൊച്ചിയിൽ പനമ്പിള്ളി നഗറിലും തിരുവനന്തപുരത്തും ഗ്രീൻ ബിൽഡിംഗ് സാങ്കേതിക വിദ്യ കൂടി അവലംബിച്ചുകൊണ്ട് ഫ്ളാറ്റുകൾ നിർമ്മിക്കുന്നു. ഇവയ്ക്ക് സർക്കാരിൽ നിന്നും സഹായങ്ങൾ/ആനുകൂല്യങ്ങൾ ലഭ്യമല്ല.

### ഫണ്ടിംഗ്

പദ്ധതി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പനവില മുൻകൂറായി ശേഖരിച്ച് ഫണ്ട് കണ്ടെത്തുന്നു.

### പ്രവർത്തനങ്ങൾ

നിർവ്വഹണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷം ഒകഎ്വ/ഒകഎ്വ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഫ്ളാറ്റുകൾ നൽകുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ക്ഷേമപ്രവർത്തനങ്ങൾ സ്കീമിനുള്ളിൽ നടപ്പിലാക്കുക തുടങ്ങിയവ

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

ഡിമാന്റ് സർവ്വെ നടത്തി വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കുക, അനുമതി ലഭ്യമായതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക, നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായും ഗുണമേന്മയോടെയും പൂർത്തീകരിക്കുക, പൂർത്തീകരിച്ച പദ്ധതി ഗുണഭോക്താക്കൾക്കു കൈമാറുക തുടങ്ങിയവ.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

പദ്ധതി സ്ഥലത്ത് വേണ്ടുന്ന ക്ഷേമകാര്യ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ധരിപ്പിക്കുകയും ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നടപ്പിലാക്കുകയും ചെയ്യുക.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കി ഗുണഭോക്താക്കൾക്കു കൈമാറുക തുടങ്ങിയവ.

## 9. സായൂജ്യം ഭൂവികസന പദ്ധതികൾ

### ലക്ഷ്യങ്ങൾ

ഇടത്തരം വരുമാനക്കാർക്ക് വീട് നിർമ്മാണത്തിനായി പ്ലോട്ടുകൾ വിലയ്ക്കു നൽകുന്ന പദ്ധതിയാണിത്.

### ഗുണഭോക്താവ്

ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

വിശദമായ ഡിമാന്റ് സർവ്വെയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന്റെ സ്ഥലത്ത് ഇടത്തരം വിഭാഗത്തിൽപ്പെട്ടവർക്ക് പ്ളോട്ടുകൾ വിലയ്ക്ക് നൽകുന്നു. പ്ലോട്ടുകളുടെ വിൽപ്പനവിലയിൽ 80% തുക പദ്ധതി തുടങ്ങു

ന്നതിനുമുമ്പായി ശേഖരിച്ചുകൊണ്ടും ബാക്കി തുക 10% വീതമുള്ള 2 തവണകളായി 2 മാസത്തിലൊരിക്കൽ വീതം ശേഖരിച്ചുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ഫണ്ടിംഗ്

പദ്ധതി നിർവ്വഹണത്തിൽ പ്ലോട്ടുകളുടെ വിൽപ്പന വിലയിൽ 80% തുക പദ്ധതി തുടങ്ങുന്നതിനുമുമ്പായി ശേഖരിച്ചുകൊണ്ടും ബാക്കി തുക 10% വീതമുള്ള 2 തവണകളായും 2 മാസത്തിലൊരിക്കൽ വീതം ശേഖരിച്ചുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയ്ക്ക് സർക്കാരിൽ നിന്നും സഹായങ്ങൾ/ആനുകൂല്യങ്ങൾ ലഭ്യമല്ല.

## പ്രവർത്തനങ്ങൾ

നിർവ്വഹണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷം ഇടത്തരം വരുമാനവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പ്ലോട്ടുകൽ നൽകുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ആവശ്യക്കാരെ കണ്ടെത്തി നൽകുക. ഗ്രാമസഭയിൽ ചർച്ച ചെയ്യുക. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഏകോപിപ്പിക്കുക

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

ഡിമാന്റ് സർവ്വെ നടത്തി വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കുക, അനുമതി ലഭ്യമായതിനുശേഷം ഗുണഭോക്താക്കളിൽ നിന്നും പ്ലോട്ടിന്റെ വില തവണകളായി ശേഖരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക, നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായും ഗുണമേന്മയോടെയും പൂർത്തീകരിക്കുക. പൂർത്തീകരിച്ച പദ്ധതി ഗുണഭോക്താക്കൾക്കു കൈമാറുക തുടങ്ങിയവ.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

പദ്ധതിസ്ഥലത്ത് വേണ്ടുന്ന ക്ഷേമകാര്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പദ്ധതിരേഖയിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുക

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പദ്ധതി സമയബന്ധിതമായി ഗുണമേന്മയോടെ പൂർത്തിയാക്കുകയും ഗുണഭോക്താക്കൾക്കു കൈമാറുകയും ചെയ്യുക തുടങ്ങിയവ.

# LI.
# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്



1974 – ലെ ജല മലിനീകരണ നിവാരണവും നിയന്ത്രണവും നിയമം 4-ാം വകുപ്പ് അനുസരിച്ച് 12.09.1974 – ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനം ആരംഭിച്ചു. പിന്നീട് 1981 – ലെ വായു മലിനീകരണ നിവാരണ നിയന്ത്രണ നിയമവും 1986 – ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൻ കീഴിലുള്ള ചട്ടങ്ങളും നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ആസ്ഥാനമായി ബോർഡിന്റെ കേന്ദ്ര ഓഫീസും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജണൽ ഓഫീസുകളും എല്ലാ ജില്ലകളിലും ബോർഡിന്റെ ജില്ലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. ഏലൂർ വ്യവസായ മേഖലയ്ക്കായി ഏലൂരിൽ എൻവിറോൺമെന്റൽ സർവൈലൻസ് സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നു. കൂടാതെ എറണാകുളം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളുടെ സാന്ദ്രത കണക്കിലെടുത്ത് ജില്ലാ ഓഫീസ്-1 ഗാന്ധിനഗറിലും ജില്ലാ ഓഫീസ്-2 പെരുമ്പാവൂരിലും പ്രവർത്തിക്കുന്നു. ബോർഡ് നടപ്പാക്കി വരുന്ന നിയമങ്ങളും ചട്ടങ്ങളും ആയി ബന്ധപ്പെട്ട സേവനങ്ങൾക്കായി പൊതുജനങ്ങൾ, വ്യവസായ സംരംഭകർ, സർക്കാരിതര സ്ഥാപനങ്ങൾ, സാമൂഹിക സന്നദ്ധ സംഘടനകൾ തുടങ്ങിയവയ്ക്ക് ബോർഡിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളുമായും ബന്ധപ്പെടാവുന്നതാണ്.

# 1. മലിനീകരണവുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ

## ലക്ഷ്യങ്ങൾ

പൊതുജനാരോഗ്യം, പൊതു ജനസുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പാക്കണം.

## ഗുണഭോക്താവ്

പൊതുജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

അതാത് ഓഫീസ് മേധാവി

## ഫണ്ടിംഗ്

ബോർഡിന്റെ അനുമതി നൽകുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഫീ, വിവരാവകാശ നിയമപ്രകാരം ശേഖരിക്കുന്ന ഫീ, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മറ്റും ശേഖരിക്കുന്ന സാമ്പിൾ അനാലിസിസ് ചാർജ് തുടങ്ങിയവ ഓരോ ഓഫീസിൽ നിന്നും ശേഖരിച്ച് ഹെഡ് ഓഫീസ് അക്കൗണ്ടിലേക്ക് അടയ്ക്കുന്നു. പ്ലാൻ ഫണ്ടായി ഒരു തുക സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കുന്നു. ഇത് പ്ലാൻ ഫണ്ടിംഗിന് ഉപയോഗിക്കുന്നു. ഓഫീസ് ഉദ്യോഗസ്ഥരുടെ ശമ്പളം, ദൈനംദിന ചിലവുകൾ തുടങ്ങിയവ നോൺപ്ലാൻ ഫണ്ടിൽപെടുന്നു. ഇൻഫ്രസ്ട്രക്ചർ അപ്ഗ്രഡേഷൻ, മലിനീകരണ നിയന്ത്രണത്തിനുള്ള ഇൻസെന്റീവ്സ്, പബ്ലിക് അവേർനസ്, എൻവയോൺമെന്റ് മോണിട്ടറിങ്ങ് & മാനേജ്മെന്റ്, ബോർഡ് ഓഫീസർമാരുടെ കപ്പാസിററി ബിൽഡിങ്ങ് തുടങ്ങിയവ പ്ലാൻ സ്കീമിൽപെടുന്നു.

## പ്രവർത്തനങ്ങൾ/സേവനങ്ങൾ

| | | |
|---|---|---|
| **അനുമതികൾ സംബന്ധിച്ച്** : വ്യവസായ സ്ഥാപനങ്ങൾ / എസ്റ്റാബ്ലിഷ്മെന്റുകൾ സ്ഥാപിക്കുന്നതിന് / വിപുലീകരണത്തിനുമുൻപ് സ്ഥാപനാനുമതി (ജല / വായു നിയമം)**പ്രവർത്തിപ്പിക്കുന്നതിന്** | (സി) | ഹോട്ടലുകൾ / കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകൾ /ഓഫീസുകൾ/ റസിഡെൻഷ്യൽ അപ്പാർട്ട്മെന്റുകൾ (ഫോറം IV C/I C) പ്രവർത്തനാനുമതി (ജല/വായു നിയമം) |
| | (ഡി) | ഹൗസ് ബോട്ടുകൾ(ഫോറം IV D/I D) പ്രവർത്തനാനുമതി (ജല നിയമം) |

<table>
<tr><td rowspan="2">(എ)</td><td rowspan="2">(എ) വ്യവസായ സ്ഥാപനങ്ങൾ/ എസ്റ്റാബ്ലിഷ്മെന്റുകൾ<br>(ഫോറം IV A/I A)<br>പ്രവർത്തനാനുമതി (ജല/വായു നിയമം)<br>ആതറൈസേഷൻ (ഹാനികരമായ മാലിന്യം കൈകാര്യം ചെയ്യൽ ചട്ടം)</td><td>(ഇ)</td><td>സ്റ്റേഷനറി ഡീസൽ ജനറേറ്ററുകൾ (ഫോറം I E) പ്രവർത്തനാനുമതി (വായു നിയമം)</td></tr>
<tr><td>( എഫ്)</td><td>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (ഖരമാലിന്യ നിർമ്മാർജ്ജനം) (ഫോറം - 1)<br>ആതറൈസേഷൻ (നഗരമാലിന്യം കൈകാര്യം ചെയ്യൽ ചട്ടം)</td></tr>
<tr><td>(ബി)</td><td>ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ/ മെഡിക്കൽ ലബോറട്ടറികൾ (ഫോറം IV B/I B)<br>പ്രവർത്തനാനുമതി (ജല/വായു നിയമം)<br>ആതറൈസേഷൻ (ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യൽ ചട്ടം)</td><td>(ഇ)</td><td>ലെഡ് ആസിഡ് ബാറ്ററി ഉൽപാദകർ/വിപണനക്കാർ റജിസ്ട്രേഷൻ (ബാറ്ററി റൂൾസ്)</td></tr>
</table>

വ്യവസായ സ്ഥാപനങ്ങളെ മുതൽമുടക്കിന്റെ അടിസ്ഥാനത്തിൽ ചെറുകിട, ഇടത്തര, വൻകിട സ്ഥാപനങ്ങൾ എന്നും  വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകാൻ സാധ്യതയുള്ള മലിനീകരണത്തിന്റെ കാഠിന്യമനുസരിച്ച് ചുവപ്പ്, ഓറഞ്ച്, പച്ച (Red, Orange, Green) എന്നും  തരംതിരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വ്യവസായം തരം | വിഭാഗം | കുറഞ്ഞ ദൂരപരിധി (മീറ്ററിൽ) | |
|---|---|---|---|---|
| 1 | ചെറുകിട | ചുവപ്പ് | 25 | 50 |
| | | ഓറഞ്ച് | 10 | 15 |
| | | പച്ച | 3 | 5 |
| 2 | ഇടത്തരം | ചുവപ്പ് | 50 | 100 |
| | | ഓറഞ്ച് | 15 | 25 |
| | | പച്ച | 6 | 10 |
| | | ചുവപ്പ് | 100 | 100 |
| | | ഓറഞ്ച് | 40 | 60 |
| | | പച്ച | 15 | 30 |

ചെറുകിട - 1 മുതൽ 5 കോടി രൂപ വരെ മുതൽമുടക്ക്

ഇടത്തരം - 5 ന് മുകളിൽ 10 കോടി രൂപ വരെ മുതൽമുടക്ക്

വൻകിട - 10 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്ക്

പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത വ്യവസായങ്ങൾ ബോർഡ് പ്രത്യേകം നിഷ്കർഷിച്ചാൽ മാത്രമേ അനുമതി നേടേണ്ടതുള്ളൂ. ഇപ്രകാരം വ്യവസായങ്ങളെ തരംതിരിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി പത്രത്തിനുള്ള ഫീസും വ്യവസായ സ്ഥാപനങ്ങൾ അടുത്തുള്ള വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും നിന്ന് പാലിക്കേണ്ടായ ദൂരപരിധിയും നിശ്ചയിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വ്യവസായം | കുറഞ്ഞ ദൂര പരിധി (മീറ്ററിൽ) വീടുകളിൽ നിന്നും/ മറ്റു സ്ഥാപനങ്ങളിൽ നിന്നും | കുറഞ്ഞ സെറ്റ് ബാക്ക് (മീറ്ററിൽ) |
|---|---|---|---|
| 1 | ക്വാറികളിൽ പാറ പൊട്ടിക്കുന്നതിന് | 100 | - |
| 2 | ഹോളോ ബ്ലോക്ക് നിർമ്മാണ യൂണിറ്റ്, ഫർണീച്ചർ നിർമ്മാണ സ്ഥാപനം, തടിമില്ല് എന്നിവ | 25 | 10 |
| 3 | പ്ലൈവുഡ്, വിനീർ വ്യവസായങ്ങൾ, ലാറ്ററൈറ്റ് ക്വാറികൾ | 50 | 25 |
| 4 | കരിങ്കല്ല് പൊടിക്കുന്ന ക്രഷർ യൂണിറ്റുകൾ | 200 | 30 (30HP സെക്കന്ററി മാത്രം) 50 മറ്റുള്ളവ |
| 5 | പന്നി വളർത്തുന്ന ഫാം | 100 | 25 |
| 6 | സ്റ്റീൽ ഫർണീച്ചർ യൂണിറ്റ്, നോവോ പാൻ, എംഡിഎഫ് ബോർഡ് എന്നിവ ഉപയോഗിച്ച് ഫർണീച്ചർ നിർമ്മിക്കുന്ന സ്ഥാപനം | 3 (വീടുകളിൽ നിന്നും) 5 (മറ്റു സ്ഥാപനങ്ങളിൽ നിന്നും) | 3 |

- മലിനീകരണം കുറയ്ക്കത്തക്ക രീതിയിൽ ഭൂപ്രകൃതി അനുയോജ്യമാവുകയോ ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുകയോ ചെയ്യുകയാണെങ്കിൽ ക്രഷറുകൾ സ്ഥാപിക്കുന്നതിന് ദൂരപരിധി കുറഞ്ഞത് 150 മീറ്റർ ആകുന്നു.

വായു മലിനീകരണ സാധ്യത (ശബ്ദ മലിനീകരണം ഉൾപ്പെടെ) മുഖ്യമായുള്ള സ്ഥാപനമാണെങ്കിൽ കൂടുതൽ മലിനീകരണത്തിന് ഇടയാക്കുന്ന ഉപകരണം സ്ഥാപിച്ചിരിക്കുന്ന കെട്ടിടത്തിൽ നിന്നുള്ള ദൂരവും, ജല മലിനീകരണ സാധ്യത മുഖ്യമായുള്ള സ്ഥാപനമാണെങ്കിൽ പാഴ്ജല നിർഗമനസ്ഥാനത്തിൽ (outlet) നിന്നുള്ള ദൂര

വും, ഇത് രണ്ടും പ്രധാനമായുള്ള സ്ഥാപനമാണെങ്കിൽ മേൽപ്പറഞ്ഞതിൽ കുറഞ്ഞ ദൂരവുമായിരിക്കും ദൂരപരിധിയായി പരിഗണിക്കുക. ചില വ്യവസായങ്ങൾക്ക് പ്രത്യേകം ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ബോഡിന്റെ അനുമതിക്കായി സൈറ്റ് പ്ലാൻ, ഉൽപാദന പ്രക്രിയ വിശദീകരിക്കുന്ന ചാർട്ട്, പാഴ്ജല, ശുദ്ധീകരണ സംവിധാനത്തെകുറിച്ചുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട്, ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യാനുള്ള സംവിധാനത്തിന്റെ വിശദാംശങ്ങൾ, ആകെ സ്ഥിര മുതൽ മുടക്ക് സാക്ഷ്യപ്പെടുത്തുന്നതിന് സത്യവാങ്മൂലം അല്ലെങ്കിൽ ചാർട്ടേർഡ് അക്കൗണ്ടണ്ടിന്റെ സാക്ഷ്യപത്രം എന്നിവ ഉൾപ്പെടെ അപേക്ഷിക്കേണ്ടതുണ്ട്.

അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

1. **സൈറ്റ് പ്ലാൻ (Site Plan)**: 100 മീറ്റർ ചുറ്റളവിലുള്ള (ക്രഷറാണെങ്കിൽ 200 മീറ്റർ) വീടുകൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു കെട്ടിടങ്ങൾ എന്നിവയുടെ സ്ഥാനം പ്ലാനിൽ രേഖപ്പെടുത്തിയിരിക്കണം. കൂടാതെ ജല സ്ത്രോസ്സുകളുടേയും റോഡുകളുടേയും സ്ഥാനം രേഖപ്പെടുത്തിയിരിക്കണം.
2. **ഉൽപാദനപ്രക്രിയ വിശദീകരിക്കുന്ന ചാർട്ട് (Process flow diagram):** അസംസ്കൃത പദാർത്ഥങ്ങൾ (raw materials) മുതൽ ഉൽപ്പന്നങ്ങൾ (products) വരെയുള്ള ഉൽപ്പാദനത്തിലെ വിവിധ ഘട്ടങ്ങൾ കാണിക്കുന്ന രേഖാ ചിത്രം
3. പാഴ്ജല ശുദ്ധീകരണ സംവിധാനത്തിലെ വിവിധ പ്രവർത്തന പ്രക്രിയകൾ വ്യക്തമാക്കുന്ന രേഖാചിത്രം സഹിതം വിശദമായ പ്രോജക്ട് റിപ്പോർട്ട്. ഖരമാലിന്യങ്ങൾ (സ്ലഡ്ജ്) കൈകാര്യം ചെയ്യാനുള്ള സംവിധാനത്തിന്റെ വിശദാംശങ്ങളും ഉൾപ്പെടുത്തണം.
4. ആകെ സ്ഥിര മുതൽമുടക്ക് സാക്ഷ്യപ്പെടുത്തുന്നതിന് 100/- രൂപ മുദ്രപത്രത്തിലെഴുതിയ സത്യവാങ്മൂലം അല്ലെങ്കിൽ ചാർട്ടേഡ് അക്കൗണ്ടിന്റെ സാക്ഷ്യപത്രം (ഭൂമി, കെട്ടിടം, പ്ലാന്റ് യന്ത്രസാമഗ്രികൾ എന്നിവയുടെ മൂല്യശോഷണം ഉൾപെടുത്താത്ത വിലയാണ് ആകെ സ്ഥിരമുതൽമുടക്കായി കണക്കാക്കേണ്ടത്). ഭൂമി/കെട്ടിടം പാട്ടത്തിനെടുത്തതാണെങ്കിൽ വാർഷിക പാട്ടത്തുകയുടെ 20 മടങ്ങ് ഭൂമി/കെട്ടിട വിലയായി നിശ്ചയിക്കേണ്ടതാണ്.

വിവിധ നിയമങ്ങൾ പ്രകാരം ബോർഡ് വ്യവസായങ്ങൾക്ക് നൽകുന്ന അനുമതികളെല്ലാം സംയോജിപ്പിച്ചിട്ടുള്ളതിനാൽ അപേക്ഷ ഒന്നുമതി. പ്രതിവർഷം നൽകേണ്ട ഫീസ് സംബന്ധിച്ച പട്ടിക ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. 3 വർഷത്തേയ്ക്ക് ഒന്നിച്ച് അനുമതി നൽകുന്നതിനാൽ പ്രതിവർഷ ഫീസിന്റെ മൂന്നിരട്ടിയാണ് അടയ്ക്കേണ്ടത്. ഓറഞ്ച് വിഭാഗത്തിലുള്ളവയ്ക്ക് താൽപര്യമുണ്ടെങ്കിൽ 6 വർഷത്തേയ്ക്കും ഗ്രീൻ വിഭാഗത്തിൽപ്പെട്ടവയ്ക്ക് 9 വർഷത്തേയ്ക്കും ഒന്നിച്ച് ഫീസ് അടച്ച് അത്രയും വർഷത്തേയ്ക്ക് ഒന്നിച്ച് അനുമതി നേടാനുള്ള അവസരമുണ്ട്.

ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ബോർഡ് ഉദ്യോഗസ്ഥർ സ്ഥാപനം / സ്ഥലം സന്ദർശിക്കുകയും നിബന്ധനാവിധേയമായ അനുമതി പത്രം നൽകുകയും ചെയ്യുന്നു. പുറന്തള്ളുന്ന പാഴ്ജലം, പാഴ് വായു, അപകടകാരികളായ പാഴ് വസ്തുക്കൾ എന്നിവയുടെ അളവ്, ഗുണനിലവാരം, ശുദ്ധീകരണ സംവിധാനങ്ങൾ, നിർമ്മാർജ്ജനരീതി തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുന്നതാണ് ബോർഡ് നൽകുന്ന പ്രവർത്തനാനുമതിപത്രം. നിർമ്മാണ ഘട്ടത്തിലെ മലിനീകരണ സാധ്യത കണക്കിലെടുത്ത് ആവശ്യമായ മുൻകരുതലുകൾ സ്ഥാപനാനുമതി പത്രത്തിൽ നിഷ്കർഷിക്കുന്നു. മലിനീകരണ നിയന്ത്രണത്തിനുള്ള സംവിധാനങ്ങളുടെ രൂപരേഖ ബോർഡിന്റെ ഓഫീസുകളിൽ സമർപ്പിച്ചാൽ അവയുടെ പര്യാപ്തത സംബന്ധിച്ച ഉപദേശം നൽകുന്നതാണ്.

നിയമാനുസൃതമായ അനുമതിപത്രത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സ്ഥാപനങ്ങൾ പ്രവർത്തിപ്പിച്ചാൽ മലിനീകരണം ഒഴിവാക്കി പരിസ്ഥിതി ഗുണനിലവാരം തൃപ്തികരമായി നിലനിർത്തുവാൻ സാധിക്കും.

### പരാതി പരിഹാര സംവിധാനം

മലിനീകരണം സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ അതാത് ജില്ലാ ഓഫീസുകളിൽ നൽകാവുന്നതാണ്. പരാതി നേരിട്ട് നൽകുമ്പോൾ അതിന്റെ രസീത് ഓഫീസുകളിൽ നിന്നു കൈപ്പറ്റാവുന്നതാണ്. മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ സ്ഥലപരിശോധനയും, തെളിവെടുപ്പും മറ്റും നടത്തി വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. പരാതികളിന്മേൽ സമയബന്ധിതമായി ജില്ലാ / മേഖലാ തല കാര്യാലയങ്ങളിൽ നിന്നും ആവശ്യമായ നടപടികൾ ഉണ്ടാകാത്ത പക്ഷം ബോർഡിന്റെ മുഖ്യകാര്യാലയത്തിൽ പരാതി ബോധിപ്പിക്കാവുന്നതാണ്.

ഉച്ചഭാഷിണികൾ മൂലമുള്ള ശബ്ദ മലിനീകരണത്തിന് പോലീസ് വകുപ്പാണ് നടപടിയെടുക്കേണ്ടത്. പടക്കങ്ങൾ നിയന്ത്രിക്കുന്നത് എക്സ്പ്ലോസീവ്സ് ഡിപ്പാർട്ടുമെന്റാണ്. വാഹനങ്ങൾ മൂലമുള്ള വായു / ശബ്ദ മലിനീകരണം നിയന്ത്രിക്കുന്നത് മോട്ടോർ വാഹന വകുപ്പാണ്.

### പൊതുജന സഹായ വിഭാഗം

അപേക്ഷകൾ സംബന്ധിച്ചും മറ്റുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി പൊതുജന സഹായ വിഭാഗം (ഹെൽപ്പ് ഡെസ്ക്) മുഴുവൻ ഓഫീസ് സമയവും എല്ലാ ഓഫീസുകളിലും പ്രവർത്തിക്കുന്നു.

**ബോർഡ് നൽകിവരുന്ന അനുമതികൾ**

സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും മുമ്പ് വ്യവസായ സ്ഥാപനങ്ങൾ, ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ, എസ്റ്റാബ്ലിഷ്മെന്റുകൾ

**സ്ഥാപനാനുമതി (ജല നിയമം, വായു നിയമം)**

പ്രവർത്തിപ്പിക്കുന്നതിനു മുമ്പ്

**പ്രവർത്തനാനുമതി (ജല നിയമം, വായു നിയമം)**

| | |
|---|---|
| **വ്യവസായ സ്ഥാപനങ്ങൾ / എസ്റ്റാബ്ലിഷ്മെന്റുകൾ** പാഴ്ജലം പുറന്തള്ളുന്നതിനുള്ള അനുമതി (ജല നിയമം), പാഴ്വായു പുറംതള്ളുന്നതിനുള്ള പ്രവർത്തനാനുമതി (വായു നിയമം), ആതറൈസേഷൻ (ഹസാർഡസ് വേസ്റ്റ് ചട്ടം) | **ഹോട്ടലുകൾ/കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകൾ /ഓഫീസുകൾ/റസിഡൻഷ്യൽ അപ്പാർട്ട്മെന്റുകൾ** പാഴ്ജലം പുറന്തള്ളുന്നതിനുള്ള അനുമതി (ജല നിയമം), പ്രവർത്തനാനുമതി (വായു നിയമം) |
| **സ്റ്റേഷനറി ഡീസൽ ജനറേറ്ററുകൾ** പ്രവർത്തനാനുമതി (വായു നിയമം) | **പ്ലാസ്റ്റിക് സഞ്ചികൾ നിർമ്മിക്കുന്ന/പ്ലാസ്റ്റിക് വേസ്റ്റ് പുനഃചംക്രമണം ചെയ്യുന്ന സ്ഥാപനങ്ങൾ** രജിസ്ട്രേഷൻ (പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ) |
| **ബാറ്ററി വ്യാപാര സ്ഥാപനങ്ങൾ** രജിസ്ട്രേഷൻ (ബാറ്ററി ചട്ടങ്ങൾ) | **ഹൗസ് ബോട്ടുകൾ** പാഴ്ജലം പുറന്തള്ളുന്നതിനുള്ള പ്രവർത്തനാനുമതി (ജല നിയമം) |
| **ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ** പാഴ്ജലം പുറന്തള്ളുന്നതിനുള്ള അനുമതി (ജല നിയമം), പ്രവർത്തനാനുമതി (വായു നിയമം), ആതറൈസേഷൻ (ബയോമെഡിക്കൽ വേസ്റ്റ് ചട്ടം) | **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ** ഖരമാലിന്യ സംസ്ക്കരണ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനുള്ള ആതറൈസേഷൻ (മുനിസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടം) |
| ഹസാർഡസ് വേസ്റ്റ് റീസൈക്കിൾ/റീപ്രോസസ്സ് ചെയ്യുന്നവർ രജിസ്ട്രേഷൻ (ഷെഡ്യൂൾ 4 ഹസാർഡസ് വേസ്റ്റ് ചട്ടങ്ങൾ) | ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉല്പാദകർ, ഇലക്ട്രോണിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർ (കളക്ഷൻ സെന്ററുകൾ ഉൾപ്പെടെ) ആതറൈസേഷൻ (ഇ-വേസ്റ്റ് ചട്ടങ്ങൾ) |
| ഹസാർഡസ് വേസ്റ്റ് ഇറക്കുമതി ചെയ്ത് ട്രേഡിംഗ് നടത്തുന്നവർ രജിസ്ട്രേഷൻ (ഷെഡ്യൂൾ 3 പാർട്ട് ഡി. ഹസാർഡസ് വേസ്റ്റ് ചട്ടങ്ങൾ) | ഇലക്ട്രോണിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നവർ രജിസ്ട്രേഷൻ (ഇ-വേസ്റ്റ് ചട്ടങ്ങൾ) |

## മറ്റ് പ്രവർത്തനങ്ങൾ

പൊതുജന ബോധവൽക്കരണ പരിപാടികൾ മുഖേന ജനങ്ങളിൽ ആരോഗ്യകരമായ പരിസ്ഥിതി അവബോധം വളർത്തുന്നതിനും പൊതുജന പങ്കാളിത്തത്തോടെ പരിസ്ഥിതിസംരക്ഷണം ഉറപ്പുവരുത്തുന്നതിനും ബോർഡ് പല പദ്ധതികളും നടപ്പാക്കി വരുന്നു. ആയതിലേക്കായി ദൃശ്യ-അച്ചടി മാധ്യമങ്ങളും ഉപയോഗിച്ചു വരു

ന്നു. ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 1972 മുതൽ ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിച്ചു പോവുന്നു. ഇതിനോടനുബന്ധിച്ച് ബോർഡിന്റെ വാർത്താപത്രികയായ പരിസ്ഥിതി വാർത്ത പ്രസിദ്ധീകരിക്കുന്നു. ഇത് എല്ലാ പബ്ലിക് ലൈബ്രറികൾക്കും താത്പര്യമുള്ളവർക്കും സൗജന്യമായി നൽകുന്നു. പൊതുജനങ്ങളിൽ സാമൂഹിക പ്രതിബദ്ധതയും അവബോധവും വളർത്താനുതകുന്ന ലഘുലേഖകൾ ബോർഡ് തദവസരത്തിൽ പ്രസിദ്ധീകരിക്കുന്നു. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സെമിനാറുകളും ഇതിനോടനുബന്ധിച്ച് സംഘടിപ്പിക്കാറുണ്ടണ്ട്. 1989-1990 മുതൽ വർഷം തോറും നല്ല രീതിയിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണശാലകളുള്ള ചെറുകിട, ഇടത്തര, വൻകിട വ്യവസായ ശാലകൾക്കും ചെറുതും വലുതുമായ ആശുപത്രികൾക്കും ഹോട്ടലുകൾക്കും വിവിധ തലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവാർഡുകൾ ഉൾപ്പെടെയുള്ള പ്രോത്സാഹനം ബോർഡ് നൽകുന്നുണ്ടണ്ട്. ഇത്തരം അവാർഡുകൾ ജൂൺ 5 - ന് നടക്കുന്ന പരിസ്ഥിതി ദിനാഘോഷത്തിൽ വെച്ച് വിതരണം ചെയ്തു വരുന്നു. പാരിസ്ഥിതി സുരക്ഷയും വ്യാവസായിക വളർച്ചയും തമ്മിലുള്ള സന്തുലിതാവസ്ഥ പാലിക്കുക എന്നത് ബോർഡ് നേരിടുന്ന പ്രയാസമേറിയ ജോലിയാണ്.

ജല-വായു മലിനീകരണവുമായി ബന്ധപ്പെട്ട് നിയമപരമായ നടപടികൾ സ്വീകരിക്കുവാനും ബോർഡിന് അധികാരമുണ്ട്. പ്രത്യേക വ്യവസായ സ്ഥാപനങ്ങൾ, ലോക്കൽ അതോറിറ്റികൾ എന്നിവർ ഉപയോഗിക്കുന്ന ജലത്തിന്റെ അളവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന റേറ്റിനെ അടിസ്ഥാനമാക്കി ജല സെസ് ശേഖരിക്കുന്നു. ഇത് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ചേർക്കുന്നു. ഇതിന്റെ ഒരുഭാഗം കേന്ദ്രഗവൺമെന്റ് സംസ്ഥാന ബോർഡിന് നൽകുന്നു. കൂടാതെ വിവിധ ഗ്രേഡിലുള്ള അക്കാഡമിക്ക്, വ്യാവസായിക, വാണിജ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ലബോറട്ടറികൾക്ക് അംഗീകാരം നൽകുന്നു. പൊതുജന ബോധവൽക്കരണത്തിനായി മലിനീകരണ നിയന്ത്രണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടണ്ട് പബ്ലിക്ക് അവേർനസ് വാൻ എല്ലാ ജില്ലകളിലും ഓടുന്നു. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെന്റ് ആശുപത്രികൾ, ഗവൺമെന്റ് വ്യവസായങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്നു. ശബരിമല തീർത്ഥാടന സീസണിൽ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ തടയുന്നതിനും പരിഹരിക്കുന്നതിനുമായി പമ്പയിലും സന്നിധാനത്തും ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിച്ച് മികച്ച സേവനം കാഴ്ചവയ്ക്കുന്നു.

## ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ്

സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാം (NAMP)

സംസ്ഥാനത്തെ ആമ്പിയന്റ് വായു ഗുണനിലവാരം അളക്കുന്നതിനായി ലക്ഷ്യം വച്ചിട്ടുള്ളതാണ്. ഈ പ്രോഗ്രാമിന്റെ കീഴിൽ സംസ്ഥാനത്തൊട്ടാകെ 16 മോണിട്ടറിങ്ങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടണ്ട്. വ്യാവസായിക, വാണിജ്യ, പാർപ്പിട മേഖലകളിലും സെൻസിറ്റീവ് സോണുകളിലും ഉള്ള വായു ഗുണനിലവാരം ഇതിന്റെ കീഴിൽ പരിശോധിച്ചുവരുന്നു.

സംസ്ഥാന ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാം (SAMP) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, മലപ്പുറം, തൃശൂർ എന്നീ ജില്ലകളിലുള്ള ആകെ 8 സ്റ്റേഷനുകളിൽ ബോർഡ് നടപ്പിലാക്കുന്നു.

## ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ്

നാഷണൽ വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാം (NWMP) സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് സ്പോൺസർ ചെയ്യുന്നതാണ്. ഇത് നദികൾ, കായലുകൾ, കുളങ്ങൾ, ഗ്രൗണ്ട് വാട്ടർ എന്നിവ ചേർത്ത് 110 സ്റ്റേഷനുകൾ കവർ ചെയ്യുന്നു. സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാം (SWMP) ബോർഡ് 114 റിവർ സ്റ്റേഷനുകളിൽ നടപ്പാക്കിവരുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ബോർഡിന്റെ പരിധിയിൽ വരുന്ന യൂണിറ്റുകൾക്ക് സ്ഥാപനാനുമതി / പ്രവർത്തനാനുമതി നേടിയതിനുശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുവാൻ പാടുള്ളൂ. മലിനീകരണവുമായി ബന്ധപ്പെട്ട സംശയങ്ങൾ തീർക്കണം.

## വകുപ്പിന്റെ പങ്ക് /നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം 1974, വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം 1981, പരിസ്ഥിതി (സംരക്ഷണം) നിയമം 1986, ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡ്ലിംഗ്) റൂൾസ് 1989, ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡ്ലിംഗ്) റൂൾസ് 1998, പ്ലാസ്റ്റിക് മാനുഫാക്ചർ സെയിൽ & യൂസേജ് റൂൾസ് 1999, മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡ്ലിംഗ്) റൂൾസ് 2000, ബാറ്ററീസ് (മാനേജ്മെന്റ് & ഹാൻഡ്ലിംഗ്) റൂൾസ് 2001 തുടങ്ങിയവയെ അടിസ്ഥാനമാക്കി ബോർഡിന്റെ അനുമതിക്കായുള്ള അപേക്ഷകളിന്മേലും പരിശോധനകൾ നടത്തുക, ജല-വായു സാമ്പിളുകൾ ശേഖരിച്ച് അനാലിസിസ് നടത്തുക, ശബ്ദ പരിശോധന നടത്തുക, ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുക, ബോർഡിന്റെ നിയമങ്ങളും നിബന്ധനകളും അനുസരിച്ച് സ്ഥാപനാനുമതി, പ്രവർത്തനാനുമതി, രജിസ്ട്രേഷൻ, ആതറൈസേഷൻ എന്നിവ

നൽകുക തുടങ്ങിയ പൊതുജോലികൾക്കു പുറമെ ഓരോ മാസവും 10 ആശുപത്രികൾ വീതം പരിശോധന നടത്തുക, നദികളുടെയും മറ്റു ജലാശയങ്ങളുടെയും സാമ്പിളുകൾ, വായു സാമ്പിളുകൾ എന്നിവ ഓരോ മാസവും ശേഖരിച്ച് അനാലിസിസ് നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളും, പൂരങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ ശബ്ദ-വായു നിലവാരം അളക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടന്നു വരുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് അസഹ്യവും ആപൽക്കരവുമായ കച്ചവടങ്ങൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നിർബന്ധമാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലിനീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട മലിനീകരണ പ്രശ്നങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായം ആവശ്യപ്പെടേണ്ടതാണ്.

# LII.
# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ



ഏഴ് സംസ്ഥാനാവിഷ്കൃത പദ്ധതികളാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കുന്നത്. ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

## 1. മോഡൽ വില്ലേജ് ലൈബ്രറി

### ലക്ഷ്യങ്ങൾ

ആധുനിക ഗ്രന്ഥാലയ ശാസ്ത്ര സങ്കൽപങ്ങളും സാങ്കേതിക രംഗത്തും വിജ്ഞാന വിതരണ രംഗത്തും ഉണ്ടായിട്ടുള്ള നവീന രീതികളും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സവിശേഷതകളും സമന്വയിപ്പിച്ചുകൊണ്ടാണ് മോഡൽ വില്ലേജ് ലൈബ്രറികളുടെ ഘടന തയ്യാറാക്കിയിട്ടുള്ളത്. ഉന്നത നിലവാരം പുലർത്തുന്ന ഗ്രാമീണ ഗ്രന്ഥശാലകളെയാണ് മോഡൽ വില്ലേജ് ലൈബ്രറികളായി ശുപാർശചെയ്യുന്നത്. വിജ്ഞാനം വികസനത്തിന് എന്ന സങ്കൽപത്തിന്റെ സഫലതയായാണ് ഓരോ പ്രദേശത്തും ഈ കേന്ദ്രങ്ങൾ അനുവർത്തിക്കുന്നത്. ഗ്രന്ഥശാലയെ ഒരു പ്രദേശത്തിന്റെ വികസന കേന്ദ്രബിന്ദുവാകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## ഗുണഭോക്താവ്

ഗ്രാമീണ മേഖലയിലെ വനിതകൾ, കുട്ടികൾ വിദ്യാർത്ഥികൾ, യുവാക്കൾ, വയോജനങ്ങൾ തുടങ്ങി ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളെയും ഉദ്ദേശിച്ചുള്ളതാണ് മോഡൽ വില്ലേജ് ലൈബ്രറി എന്ന പദ്ധതി.

## സ്കീമിന്റെ നിർവഹണം

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

## ഫണ്ടിംഗ്

കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കൗൺസിലിന് പദ്ധതി ചെലവുകൾക്കായി പദ്ധതി വകയിരുത്തുകയും ആയതിന്റെ ഭരണാനുമതിയ്ക്കായി സർക്കാരിൽ നൽകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തി ഭരണാനുമതി ലഭിക്കുന്നു. തുക അനുവദിക്കുമ്പോൾ ജില്ലാ ലൈബ്രറി കൗൺസിൽവഴി അതത് കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിയ്ക്ക് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്ന പദ്ധതികൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ മേൽനോട്ടത്തിൽ പദ്ധതി കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നു.

## സംഘാടനം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ജില്ലാ ലൈബ്രറി കൗൺസിൽവഴി ഗ്രന്ഥശാലകളിൽ പദ്ധതി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിലുകൾ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്നേരിട്ട്പങ്കാളിത്തമില്ല.എന്നാൽ പഞ്ചായത്തു തലത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് നേതൃത്വസമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളും ഇതിൽ അംഗമാണ്. മോഡൽ വില്ലേജ് ലൈബ്രറികളെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കാം.

## വകുപ്പിന്റെ പങ്ക് / നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രൂപീകരിച്ചിട്ടുള്ള വികസന സമിതി സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി ജില്ലാതലഭത്തിലും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രായോഗികമായും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഉന്നത വിദ്യാഭ്യാസവകുപ്പിലും ഉദ്യോഗസ്ഥ തലത്തിൽ പദ്ധതികൾ വിലയിരുത്തുന്നു.

## തദ്ദേശഭരണ സ്ഥാപന ത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

ഗ്രന്ഥശാലകളെ വികസനത്തിനും വിജ്ഞാനത്തിനും വിതരണത്തിനുമുള്ള സമഗ്ര സംവേദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ലക്ഷ്യം. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം. പ്രചരണം എന്നിവ ഗ്രാമീണ ഗ്രന്ഥശാലകൾവഴി നടത്തുവാൻ കഴിയും. ഒരു പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററായി ആ പ്രദേശത്തെ ഗ്രാമീണ ഗ്രന്ഥശാലകളെ പ്രവർത്തിപ്പിച്ചാൽ ക്ഷേമപ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും സർക്കാരിന്റെ ഇതര പ്രചരണ പരിപാടികളുടെയും മാധ്യമമായി മാറ്റുവാൻ കഴിയും.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്. അവ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് ഈ കമ്മിറ്റികൾ ശ്രദ്ധിക്കുന്നു. ഇവയ്ക്കുപുറമെ താലൂക്ക് ലൈബ്രറി കൗൺസിൽ, മോണിറ്ററിംഗ് കമ്മിറ്റി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ പരിശോധനകളും നടത്തുന്നു.

# 2. അക്കാദമിക് സ്റ്റഡി സെന്റർ

## ലക്ഷ്യങ്ങൾ

പൊതു ഗ്രന്ഥശാലകൾ ഗ്രാമീണ സർവകലാശാലകൾ എന്ന ധൈഷണിക വീക്ഷണത്തിന്റെ സനാതനത്വമാണ് അക്കാദമിക് സ്റ്റഡിസെന്റർ എന്നതിലൂടെ ഉദ്ദേശിക്കുന്നത്. അക്കാദമിക് രംഗത്തെ പരിപോഷണത്തിനായി വിദ്യാഭ്യാസ മേഖല ഏൽപിച്ചിട്ടുള്ള ചരിത്രപരമായ ഒരു ദൗത്യമാണ്. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ഓരോ ജില്ലയിലും തെരഞ്ഞെടുത്ത ഒരു ഗ്രന്ഥശാലയിലാണ് അക്കാദമിക് സ്റ്റഡി സെന്റർ പ്രവർത്തിക്കുന്നത്.

## ഗുണഭോക്താവ്

കേരളത്തിലെ ബഹുഭൂരിപക്ഷം സർവകലാശാലാ വിദ്യാർത്ഥികളെയും ഉദ്ദേശിച്ചിട്ടുള്ളതാണ് അക്കാദമിക് സ്റ്റഡിസെന്ററുകൾ. വിശദമായ പഠനത്തിന് അധ്യാപകരും ഗവേഷകരും ഗവേഷണ വിദ്യാർത്ഥികളും അത്യാവശ്യ റഫറൻസ് സൗകര്യം തേടുന്നവരുമെല്ലാം അക്കാദമിക് സ്റ്റഡിസെന്റർ ഉപയോഗപ്പെടുത്തുന്നുണ്ട്.

## സ്കീമിന്റെ നിർവഹണം

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

## ഫണ്ടിംഗ്

കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കൗൺസിലിന് പദ്ധതി ചെലവുകൾക്കായി പദ്ധതി വകയിരുത്തുകയും ആയതിന്റെ ഭരണാനുമതിയ്ക്കായി സർക്കാരിൽ നൽകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തി ഭരണാനുമതി ലഭിക്കുന്നു. തുക അനുവദിക്കുമ്പോൾ ജില്ലാ ലൈബ്രറി കൗൺസിൽവഴി അതത് കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിയ്ക്ക് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്ന പദ്ധതികൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ മേൽനോട്ടത്തിൽ പദ്ധതി കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നു.

## സംഘാടനം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജില്ലാ ലൈബ്രറി കൗൺസിൽവഴി ഗ്രന്ഥശാലകളിൽ പദ്ധതി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിലുകൾ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമില്ല. എന്നാൽ പഞ്ചായത്തുതലത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് നേതൃത്വ

സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളും ഇതിൽ അംഗമാണ്. കൂടാതെ സ്റ്റഡി സെന്ററുകൾ നിർദ്ദേശിക്കാം. ഗ്രാമസഭകളിൽ അവബോധം നൽകാം. പ്രവർത്തനം നിരീക്ഷിക്കാം.

## വകുപ്പിന്റെ പങ്ക് / നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രൂപീകരിച്ചിട്ടുള്ള വികസന സമിതി സംസ്ഥാനതലത്തി ലും മോണിറ്ററിംഗ് സമിതി ജില്ലാതലഭത്തിലും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രായോഗികമായും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഉദ്യോഗസ്ഥ തലത്തിൽ പദ്ധതികൾ വിലയിരുത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

ഗ്രന്ഥശാലകളെ വികസനത്തിനും വിജ്ഞാനത്തിനും വിതരണത്തിനുമുള്ള സമഗ്ര സംവേദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ലക്ഷ്യം. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം, പ്രചരണം എന്നിവ ഗ്രാമീണ ഗ്രന്ഥശാലകൾവഴി നടത്തുവാൻ കഴിയും. ഒരു പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററായി ആ പ്രദേശത്തെ ഗ്രാമീണ ഗ്രന്ഥശാലകളെ പ്രവർത്തിപ്പിച്ചാൽ ക്ഷേമപ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും സർക്കാരിന്റെ ഇതര പ്രചരണ പരിപാടികളുടെയും മാധ്യമമായി മാറ്റുവാൻ കഴിയും

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്. അവ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് ഈ കമ്മിറ്റികൾ ശ്രദ്ധിക്കുന്നു. ഇവയ്ക്കുപുറമെ താലൂക്ക് ലൈബ്രറി കൗൺസിൽ, മോണിറ്ററിംഗ് കമ്മിറ്റി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ പരിശോധനകളും നടത്തുന്നു.

# 3. ജയിൽ / ജുവനൈൽഹോം ലൈബ്രറി സർവീസ്

## ലക്ഷ്യങ്ങൾ

തടവുകാരെ കുറ്റവാളികളായി കാണാതെ അവരുടെ തടവുകാലം മാനസിക പരിവർത്തനത്തിന് സഹായിക്കുന്നതിനാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ജയിൽ ലൈബ്രറി സർവീസ് മുന്നോട്ടുവച്ചത്. സാഹചര്യങ്ങളുടെ സമ്മർദത്തിനുവിധേയമായി കുറ്റകൃത്യങ്ങൾ ചെയ്യുകയും ബാല്യ കൗമാരങ്ങൾ ജുവനൈൽ ഹോമു

B

കളിൽ ചെലവഴിക്കപ്പെടുവാൻ നിർബന്ധിതരാവുകയും ചെയ്യുന്നവർക്ക് വിദ്യാഭ്യാസത്തിനും ബൗദ്ധിക വികാസത്തിനും സഹായിക്കുവാനാണ് കൗൺസിൽ ജുവനൈൽ ഹോം സർവീസ് ആരംഭിച്ചത്.

## ഗുണഭോക്താവ്

ജയിൽ / ജുവനൈൽ ഹോമുകളിലെ അന്തേവാസികളെ ഉദ്ദേശിച്ചിട്ടുള്ളതാണ് ജയിൽ / ജുവനൈൽ ഹോം ലൈബ്രറി സർവീസ്.

## സ്കീമിന്റെ നിർവഹണം

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

## ഫണ്ടിംഗ്

കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കൗൺസിലിന് പദ്ധതി ചെലവുകൾക്കായി പദ്ധതി വകയിരുത്തുകയും ആയതിന്റെ ഭരണാനുമതിയ്ക്കായി സർക്കാരിൽ നൽകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തി ഭരണാനുമതി ലഭിക്കുന്നു. തുക അനുവദിക്കുമ്പോൾ ജില്ലാ ലൈബ്രറി കൗൺസിൽവഴി അതത് കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിയ്ക്ക് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്ന പദ്ധതികൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ മേൽനോട്ടത്തിൽ പദ്ധതി കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നു.

## സംഘാടനം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജില്ലാ ലൈബ്രറി കൗൺസിൽവഴി ഗ്രന്ഥശാലകളിൽ പദ്ധതി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിലുകൾ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമില്ല. എന്നാൽ പഞ്ചായത്തുതലത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് നേതൃത്വ

സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളും ഇതിൽ അംഗമാണ്. ഗ്രാമസഭ വഴി അവബോധം നൽകാം.

### വകുപ്പിന്റെ പങ്ക് /നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രൂപീകരിച്ചിട്ടുള്ള വികസന സമിതി സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി ജില്ലാതലത്തിലും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രായോഗികമായും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഉദ്യോഗസ്ഥ തലത്തിൽ പദ്ധതികൾ വിലയിരുത്തുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

ഗ്രന്ഥശാലകളെ വികസനത്തിനും വിജ്ഞാനത്തിനും വിതരണത്തിനുമുള്ള സമഗ്ര സംവേദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ലക്ഷ്യം. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം, പ്രചരണം എന്നിവ ഗ്രാമീണ ഗ്രന്ഥശാലകൾവഴി നടത്തുവാൻ കഴിയും. ഒരു പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററായി ആ പ്രദേശത്തെ ഗ്രാമീണ ഗ്രന്ഥശാലകളെ പ്രവർത്തിപ്പിച്ചാൽ ക്ഷേമപ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും സർക്കാരിന്റെ ഇതര പ്രചരണ പരിപാടികളുടെയും മാധ്യമമായി മാറ്റുവാൻ കഴിയും

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്. അവ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് ഈ കമ്മിറ്റികൾ ശ്രദ്ധിക്കുന്നു. ഇവയ്ക്കുപുറമെ താലൂക്ക് ലൈബ്രറി കൗൺസിൽ, മോണിറ്ററിംഗ് കമ്മിറ്റി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ പരിശോധനകളും നടത്തുന്നു.

## 4. ഹോസ്പിറ്റൽ ലൈബ്രറി

### ലക്ഷ്യങ്ങൾ

രോഗം കാരണം ദീർഘകാലം ആശുപത്രികളിൽ കഴിയുന്നവർക്ക് ആശ്വാസമായാണ് ഹോസ്പിറ്റൽ ലൈബ്രറി സർവീസ് ആരംഭിച്ചത്.

### ഗുണഭോക്താവ്

ദീർഘകാലം ആശുപത്രികളിൽ കഴിയുന്ന രേഗികളും അവരുടെ സഹായികളും ആശുപത്രി ജീവനക്കാർക്കും ഈ ലൈബ്രറി സർവീസ് പ്രയോജനപ്പെടുന്നു.

## സ്കീമിന്റെ നിർവഹണം

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

### ഫണ്ടിംഗ്

കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കൗൺസിലിന് പദ്ധതി ചെലവുകൾക്കായി പദ്ധതി വകയിരുത്തുകയും ആയതിന്റെ ഭരണാനുമതിയ്ക്കായി സർക്കാരിൽ നൽകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തി ഭരണാനുമതി ലഭിക്കുന്നു. തുക അനുവദിക്കുമ്പോൾ ജില്ലാ ലൈബ്രറി കൗൺസിൽവഴി കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

### പ്രവർത്തനങ്ങൾ

ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിയ്ക്ക് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്ന പദ്ധതികൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ മേൽനോട്ടത്തിൽ പദ്ധതി കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നു.

### സംഘാടനം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജില്ലാ ലൈബ്രറി കൗൺസിൽവഴി ഗ്രന്ഥശാലകളിൽ പദ്ധതി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിലുകൾ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമില്ല. എന്നാൽ പഞ്ചായത്തുതലത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് നേതൃത്വ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളും ഇതിൽ അംഗമാണ്.

## വകുപ്പിന്റെ പങ്ക് / നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രൂപീകരിച്ചിട്ടുള്ള വികസന സമിതി സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി ജില്ലാതലത്തിലും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രായോഗികമായും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഉദ്യോഗസ്ഥതലത്തിൽ പദ്ധതികൾ വിലയിരുത്തുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

ഗ്രന്ഥശാലകളെ വികസനത്തിനും വിജ്ഞാനത്തിനും വിതരണത്തിനുമുള്ള സമഗ്ര സംവേദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ലക്ഷ്യം. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം, പ്രചരണം എന്നിവ ഗ്രാമീണ ഗ്രന്ഥശാലകൾവഴി നടത്തുവാൻ കഴിയും. ഒരു പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററായി ആ പ്രദേശത്തെ ഗ്രാമീണ ഗ്രന്ഥശാലകളെ പ്രവർത്തിപ്പിച്ചാൽ ക്ഷേമപ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും സർക്കാരിന്റെ ഇതര പ്രചരണ പരിപാടികളുടെയും മാധ്യമമായി മാറ്റുവാൻ കഴിയും.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്. അവ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് ഈ കമ്മിറ്റികൾ ശ്രദ്ധിക്കുന്നു. ഇവയ്ക്കുപുറമെ താലൂക്ക് ലൈബ്രറി കൗൺസിൽ, മോണിറ്ററിംഗ് കമ്മിറ്റി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ പരിശോധനകളും നടത്തുന്നു.

## 5. ഓർഫനേജ് ലൈബ്രറി സർവീസ്

### ലക്ഷ്യങ്ങൾ

അനാഥ മന്ദിരങ്ങളിലും ലൈബ്രറി കൗൺസിൽ സേവനം എത്തിക്കുന്നു. കുട്ടികളുടെ പൊതു വായനയെയും പാഠ്യ പദ്ധതിയനുസരിച്ചുള്ള വായനയും ഈ ലൈബ്രറി സർവീസ് വഴി പ്രോത്സാഹിപ്പിക്കുവാനും നിലവാരം ഉയർത്തുവാനും കഴിയുന്നു.

### ഗുണഭോക്താവ്

ഓർഫനേജിലെ കുട്ടികളെ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

### സ്കീമിന്റെ നിർവഹണം

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

### ഫണ്ടിംഗ്

കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കൗൺസിലിന് പദ്ധതി ചെലവുകൾക്കായി പദ്ധതി വകയിരുത്തുകയും ആയതിന്റെ ഭരണാനുമതിയ്ക്കായി സർക്കാരിൽ നൽകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തി ഭരണാനുമതി ലഭി

ക്കുന്നു. തുക അനുവദിക്കുമ്പോൾ ജില്ലാ ലൈബ്രറി കൗൺസിൽവഴി കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിയ്ക്ക് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്ന പദ്ധതികൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ മേൽനോട്ടത്തിൽ പദ്ധതി കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നു.

## സംഘാടനം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജില്ലാ ലൈബ്രറി കൗൺസിൽവഴി ഗ്രന്ഥശാലകളിൽ പദ്ധതി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിലുകൾ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമില്ല. എന്നാൽ പഞ്ചായത്തുതലത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് നേതൃത്വ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളും ഇതിൽ അംഗമാണ്. ഓർഫനേജ് സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ ലക്ഷ്യം സാധിക്കുന്നതിന് വേണ്ടി പ്രവർത്തിക്കാവുന്നതാണ്.

## വകുപ്പിന്റെ പങ്ക് / നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രൂപീകരിച്ചിട്ടുള്ള വികസന സമിതി സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി ജില്ലാതലത്തിലും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രായോഗികമായും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഉദ്യോഗസ്ഥതലത്തിൽ പദ്ധതികൾ വിലയിരുത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

ഗ്രന്ഥശാലകളെ വികസനത്തിനും വിജ്ഞാനത്തിനും വിതരണത്തിനുമുള്ള സമഗ്ര സംവേദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ലക്ഷ്യം. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം,

പ്രചരണം എന്നിവ ഗ്രാമീണ ഗ്രന്ഥശാലകൾവഴി നടത്തുവാൻ കഴിയും. ഒരു പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററായി ആ പ്രദേശത്തെ ഗ്രാമീണ ഗ്രന്ഥശാലകളെ പ്രവർത്തിപ്പിച്ചാൽ ക്ഷേമപ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും സർക്കാരിന്റെ ഇതര പ്രചരണ പരിപാടികളുടെയും മാധ്യമമായി മാറ്റുവാൻ കഴിയും

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്. അവ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് ഈ കമ്മിറ്റികൾ ശ്രദ്ധിക്കുന്നു. ഇവയ്ക്കുപുറമെ താലൂക്ക് ലൈബ്രറി കൗൺസിൽ, മോണിറ്ററിംഗ് കമ്മിറ്റി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ പരിശോധനകളും നടത്തുന്നു.

## 6. ഹെർമിറ്റേജ് ലൈബ്രറി

### ലക്ഷ്യങ്ങൾ

വാർധക്യത്തിലെ ഒറ്റപ്പെടലിന്റെ വേദന അകറ്റാൻ അക്ഷരങ്ങളുടെ ലോകത്തേയ്ക്ക് മുതിർന്ന പൗരന്മാരെ കൂട്ടികൊണ്ടുപോകുവാനും അവർക്ക് സാന്ത്വനമേകുവാൻ പുസ്തകങ്ങൾ നൽകുകയുമാണ് ഹെർമിറ്റേജ് ലൈബ്രറികളുടെ ധർമം.

### ഗുണഭോക്താവ്

വാർധക്യത്തിൽ ഒറ്റപ്പെടലിന്റെ വേദനയിൽ കഴിയുന്ന ഒരുകൂട്ടം മുതിർന്ന പൗരന്മാരെ ഉദ്ദേശിച്ചുള്ളതാണ് ഹെർമിറ്റേജ് ലൈബ്രറി.

### സ്കീമിന്റെ നിർവഹണം

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

### ഫണ്ടിംഗ്

കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കൗൺസിലിന് പദ്ധതി ചെലവുകൾക്കായി പദ്ധതി വകയിരുത്തുകയും ആയതിന്റെ ഭരണാനുമതിയ്ക്കായി സർക്കാരിൽ നൽകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തി ഭരണാനുമതി ലഭിക്കുന്നു. തുക അനുവദിക്കുമ്പോൾ ജില്ലാ ലൈബ്രറി കൗൺസിൽവഴി കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

ഗ്രന്ഥശാലകളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തയ്യാറാക്കുന്ന പദ്ധതി പ്ലാനിംഗ് ബോർഡ് അനുമതിയ്ക്ക് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡിന്റെ അനുമതി ലഭിക്കുന്ന പദ്ധതികൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ മേൽനോട്ടത്തിൽ പദ്ധതി കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നു.

## സംഘാടനം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജില്ലാ ലൈബ്രറി കൗൺസിൽവഴി ഗ്രന്ഥശാലകളിൽ പദ്ധതി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിലുകൾ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമില്ല. എന്നാൽ പഞ്ചായത്തുതലത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് നേതൃത്വ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളും ഇതിൽ അംഗമാണ്. ഗുണഭോക്താക്കളെ കണ്ടെത്തി നൽകാം. ഗ്രാമസഭ വഴി അവബോധം നൽകാം.

## വകുപ്പിന്റെ പങ്ക് / നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രൂപീകരിച്ചിട്ടുള്ള വികസന സമിതി സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി ജില്ലാതലത്തിലും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രായോഗികമായും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഉദ്യോഗസ്ഥതലത്തിൽ പദ്ധതികൾ വിലയിരുത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

ഗ്രന്ഥശാലകളെ വികസനത്തിനും വിജ്ഞാനത്തിനും വിതരണത്തിനുമുള്ള സമഗ്ര സംവേദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ലക്ഷ്യം. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം, പ്രചരണം എന്നിവ ഗ്രാമീണ ഗ്രന്ഥശാലകൾവഴി നടത്തുവാൻ കഴിയും. ഒരു പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററായി ആ പ്രദേശത്തെ ഗ്രാമീണ ഗ്രന്ഥശാലകളെ പ്രവർത്തിപ്പിച്ചാൽ ക്ഷേമപ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും സർക്കാരിന്റെ ഇതര പ്രചരണ പരിപാടികളുടെയും മാധ്യമമായി മാറ്റുവാൻ കഴിയും

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്. അവ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് ഈ കമ്മിറ്റികൾ ശ്രദ്ധിക്കുന്നു. ഇവയ്ക്കുപുറമെ താലൂക്ക് ലൈബ്രറി കൗൺസിൽ, മോണിറ്ററിംഗ് കമ്മിറ്റി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ പരിശോധനകളും നടത്തുന്നു.

# 7. ലൈബ്രറി കമ്പ്യൂട്ടർവത്കരണം

## ലക്ഷ്യങ്ങൾ

ആധുനിക വിവര സാങ്കേതിക വിദ്യയുടെ സദ്ഫലങ്ങൾ ഗ്രാമീണ ഗ്രന്ഥശാല യിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## ഗുണഭോക്താവ്

ഗ്രാമീണ മേഖലയിലെ ലൈബ്രറികളെ ഉദ്ദേശിച്ചിട്ടുള്ളതാണ്.

## സ്കീമിന്റെ നിർവഹണം

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസി ലാണ് പദ്ധതി നിർവഹണം നടത്തുന്നത്.

## ഫണ്ടിംഗ്

കേരള സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ കൗൺസിലിന് പദ്ധതി ചെലവു കൾക്കായി പദ്ധതി വകയിരുത്തുകയും ആയതിന്റെ ഭരണാനുമതിയ്ക്കായി സർക്കാ രിൽ നൽകുകയും ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തി ഭരണാനുമതി ലഭി ക്കുന്നു. തുക അനുവദിക്കുമ്പോൾ ജില്ലാ ലൈബ്രറി കൗൺസിൽവഴി കേന്ദ്രങ്ങ ളിൽ എത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

മോണിറ്ററിംഗ് പദ്ധതികളുടെ മോണിറ്ററിംഗിന് ജില്ലാടിസ്ഥാനത്തിൽ പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിലുണ്ട്.

## സംഘാടനം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ജില്ലാ ലൈബ്രറി കൗൺസിൽവഴി ഗ്രന്ഥ ശാലകളിൽ പദ്ധതി നടപ്പിലാക്കുന്നു. താലൂക്ക് ലൈബ്രറി കൗൺസിലുകൾ പ്രവർത്ത നങ്ങൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് പങ്കാളിത്തമില്ല. എന്നാൽ പഞ്ചായത്തുതലത്തിൽ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് പഞ്ചായത്ത് നേതൃത്വ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളും ഇതിൽ അംഗമാണ്. ലൈബ്രറികളുടെ കമ്പ്യൂട്ടർ വൽക്കരണത്തിനായി നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. ധനസഹായം നൽകുന്നതിനായി പ്രവർത്തിക്കാം.

## വകുപ്പിന്റെ പങ്ക് / നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതല

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രൂപീകരിച്ചിട്ടുള്ള വികസന സമിതി സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി ജില്ലാതലത്തിലും താലൂക്ക് ലൈബ്രറി കൗൺസിൽ പ്രായോഗികമായും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൂടാതെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഉദ്യോഗസ്ഥതലത്തിൽ പദ്ധതികൾ വിലയിരുത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം

ഗ്രന്ഥശാലകളെ വികസനത്തിനും വിജ്ഞാനത്തിനും വിതരണത്തിനുമുള്ള സമഗ്ര സംവേദന കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ലക്ഷ്യം. സർക്കാ രിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം. പ്രചരണം എന്നിവ ഗ്രാമീണ ഗ്രന്ഥശാലകൾവഴി നടത്തുവാൻ കഴിയും. ഒരു പഞ്ചായത്തിന്റെ ഇൻഫർമേഷൻ സെന്ററായി ആ പ്രദേശത്തെ ഗ്രാമീണ ഗ്രന്ഥശാലകളെ പ്രവർത്തിപ്പിച്ചാൽ ക്ഷേമപ്രവർത്തനങ്ങളുടെയും ആനുകൂല്യങ്ങളുടെയും സർക്കാരിന്റെ ഇതര പ്രചരണ പരിപാടികളുടെയും മാധ്യമമായി മാറ്റുവാൻ കഴിയും. തദ്ദേശഭരണസ്ഥാപനങ്ങളുടെ ലൈബ്രറിക്കായുള്ള മറ്റ് പ്രോജക്ടുകളുമായി ഇതിനെ ബന്ധിപ്പിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാനതലത്തിൽ നടപ്പിലാക്കുന്നത്. അവ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് ഈ കമ്മിറ്റികൾ ശ്രദ്ധിക്കുന്നു. ഇവയ്ക്കുപുറമെ താലൂക്ക് ലൈബ്രറി കൗൺസിൽ, മോണിറ്ററിംഗ് കമ്മിറ്റി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവയുടെ പരിശോധനകളും നടത്തുന്നു.

# LIII.
# സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ



ഇൻഡ്യാ ഗവൺമെന്റ് 1987 ൽ ഡച്ച് ഡാനിഷ് സർക്കാരുകളുമായിചേർന്ന് ഒപ്പ് വച്ച ഉഭയകക്ഷി ഉടമ്പടി പ്രകാരം കേരളാ വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണ സംവിധാനത്തിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുവാൻ വേണ്ടി രൂപീകൃതമായ സ്ഥാപനമാണ് സോഷ്യോ ഇക്കണോമിക് യൂണിറ്റ്. ശുദ്ധജല വിതരണ പരിസര ശുചിത്വ ആരോഗ്യ മേഖലയിലൂടെ സാമൂഹിക, സാമ്പത്തിക രംഗത്ത് സുസ്ഥിര വികസനം ലക്ഷ്യമാക്കി അടിസ്ഥാന വർക്ഷത്തിന്റെ പ്രത്യേകിച്ച് സ്ത്രീകളുടെ ശാക്തീകരണത്തിന് പ്രാധാന്യം നൽകി പ്രവർത്തിക്കുന്ന SEU 1996 ൽ SEU ഫൗണ്ടേഷൻ ആയി രജിസ്റ്റർ ചെയ്യപ്പെട്ടു. കുടിവെള്ളം, സാനിറ്റേഷൻ, ഖരമാലിന്യ മാനേജ്മെന്റ്, ശാക്തീകരണ പരിശീലനങ്ങൾ, തുടങ്ങിയ മേഖലകളിൽ കേരള സർക്കാരിന്റെ അക്രഡിറ്റേഷനോടു കൂടി പ്രവർത്തിച്ചു വരുന്ന ഏജൻസിയാണ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ.

## ഗുണഭോക്താവ്

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളും ജനങ്ങളും.

## ഫണ്ടിംഗ്

പ്രോജകടിന്റെ 10% ഫണ്ട് അഡ്മിനിസ്ട്രേറ്റീവ് ഫണ്ടായി ഫൗണ്ടേഷന് ഈടാക്കാം. മറ്റ് യാതൊരു ഫണ്ടുകളും (കേന്ദ്ര സംസ്ഥാന) ലഭ്യമല്ല.

## പ്രവർത്തനങ്ങൾ

1. **നിർമ്മാണ പ്രവർത്തനങ്ങൾ**

- ഗ്രാമ പഞ്ചായത്തുകളിൽ രണ്ടു ലക്ഷത്തിൽപരം ഇരട്ടക്കുഴി കക്കൂസുകളുടെ നിർമ്മാണം
- ജനകീയ പങ്കാളിത്തത്തോടുകൂടി 70,000 കുടുംബങ്ങൾക്കായി 3.5 ലക്ഷത്തിലധികം ജനങ്ങൾക്ക് ശുദ്ധജല വിതരണം.
- വികേന്ദ്രീകൃത സാമൂഹ്യ മാനേജ്മെന്റിൽ നടത്തപ്പെടുന്ന ഗ്രാമീണ ജലവിതരണ പദ്ധതി
- വികേന്ദ്രീകൃത സാമൂഹ്യ മാനേജ്മെന്റ് വഴിയുള്ള നഗര ജലവിതരണ പദ്ധതി
- 2000 കുടുംബങ്ങൾക്കായുള്ള ഗുരുത്വാകർഷണാധിഷ്ഠിത സാമൂഹ്യ മാനേജ്മെന്റിൽ നടത്തപ്പെടുന്ന ജലവിതരണ പദ്ധതി.
- ജലനിധി പദ്ധതികൾ (ജനറൽ, ഗോത്രവർഗ്ഗം)
- ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് SC സ്വാശ്രയ കുടിവെള്ള പദ്ധതികൾ
- UNICEF സാമ്പത്തിക സഹായത്തോടെയുള്ള മഴവെള്ള സംഭരണികൾ, സ്കൂൾ സാനിറ്റേഷൻ പ്രവർത്തനങ്ങൾ, കോളനികൾ കേന്ദ്രീകരിച്ച് സാനിറ്റേഷൻ, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കുടി വെള്ള പദ്ധതികൾ.
- ഗോത്രവർഗ്ഗ കുടിവെള്ള പദ്ധതികൾ
- 5000 ലിറ്റർ മുതൽ 10 ലക്ഷം ലിറ്റർ വരെ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ
- പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം
- 1/2 ടൺ മുതൽ 20 ടൺ വരെയുള്ള ബാർക്ക് മോഡൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം
- മണ്ണിര കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, റിങ്ങ് കമ്പോസ്റ്റ്, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ഖരമാലിന്യ നിർമ്മാർജ്ജന/ നിർമ്മാണ പ്രവർത്തനങ്ങൾ
- ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ

- കേരളത്തിലും, ആന്റമാൻ നിക്കോബാർ ദ്വീപുകളിലും, സുനാമി ബാധിത മേഖലകളിലും പുനരധിവാസ പ്രവർത്തനങ്ങൾ
- ആയിരത്തോളം സ്കൂളുകളിലും, അംഗൻവാടികളിലും മറ്റു സർക്കാർ സ്ഥാപനങ്ങളിലും സാനിറ്റേഷൻ കോംപ്ലക്സുകൾ, ബേബി ഫ്രണ്ട്ലി, ഗേൾഫ്രണ്ട്ലി ടോയ്ലറ്റുകൾ
- RNE സാമ്പത്തിക സഹായത്തോടെയുള്ള സ്കൂൾ സാനിറ്റേഷൻ
- ഇക്കോസാൻ നവീന സാങ്കേതിക വിദ്യ, ഇൻസിനേറ്റർ
- വീടുകൾക്ക് മഴവെള്ളം റീച്ചാർജ്
- കുടിവെള്ള പദ്ധതികൾ ഡിസൈൻചെയ്യുന്നതിനെ Watercade Software രൂപകല്പന ചെയ്തു.

## വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ

- വനിതാ മേസ്തിരി പരിശീലനങ്ങൾ
- ക്ലോറിനേഷൻ പരിശീലനങ്ങൾ
- ജെൻഡർ പരിശീലനങ്ങൾ
- പേപ്പർ ബാഗ്, കാർപ്പന്ററി, മീറ്റർ റിപ്പയറിംഗ്, കോൺക്രീറ്റ് ഉൽപ്പന്നങ്ങളുടെ പരിശീലനങ്ങൾ
- ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പ്രവർത്തനം
- ഗാർമെന്റ്സ് മേക്കിംഗ് പരിശീലനം
- മറ്റു ചെറുകിട സംരംഭങ്ങൾക്കുള്ള പരിശീലനം.
- ശാക്തീകരണ പരിശീലനങ്ങൾ/ വ്യക്തിത്വ വികസന പരിശീലനങ്ങൾ

## വിവിധ തരത്തിലുള്ള പരിശീലനങ്ങൾ

- വാർഡ് വാട്ടർ കമ്മറ്റി മെമ്പർമാർക്കുള്ള പരിശീലനം
- വാർഡ് സാനിറ്റേഷൻ സമിതിക്കുള്ള പരിശീലനം
- ജലവിഭവ മാനേജ്മെന്റ് പരിശീലനം
- മനുഷ്യ വിഭവശേഷി (HRD) വികസന പരിശീലനം
- GIS AS LAID MAP തുടങ്ങിയ ഭൂപടങ്ങളുടെ നിർമ്മാണ പരിശീലനം
- സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തകർക്കുള്ള പരിശീലനം
- വിവിധ തരത്തിലുള്ള ശാക്തീകരണ പരിശീലനം
- Coir Fed -SHG ഭാരവാഹികൾക്കുള്ള ശാക്തീകരണ പരിശീലനങ്ങൾ

- CA PART-കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് പഞ്ചായത്ത് മെമ്പർമാർ, സന്നദ്ധ സംഘടന, കുടുംബശ്രീ പ്രവർത്തകർക്കുള്ള പരിശീലനങ്ങൾ
- First Aid- പ്രഥമ ശ്രുശൂക്ഷ സാക്ഷരതാ ബോധാവത്കരണ ക്ലാസ്സുകൾ
- Disaster Management -സ്കൂൾ സുരക്ഷ ബോധവത്കരണം
- RCH -ആദിവാസി മേഖലകളിൽ മാതൃ ശിശു ആരോഗ്യ സംരക്ഷണ ബോധവത്കരണ പരിപാടികൾ

## പദ്ധതി രൂപീകരണവും/തയ്യാറാക്കലും

- IHSDP, ILCS, ISWM തുടങ്ങിയ കേന്ദ്ര സർക്കാർ പദ്ധതികളുടെ DPR തയ്യാറാക്കൽ
- സാമൂഹിക സാമ്പത്തിക സർവ്വേ
- സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കൽ

## റിസോഴ്സ് സെന്റേഴ്സ്

1. കപ്പാസിറ്റി ബിൽഡിംഗ് സെന്റർ - ആലപ്പുഴ
2. റസിഡൻഷ്യൽ പരിശീലനം കേന്ദ്രം - തൃശ്ശൂർ
3. വാട്ടർ & സാനിറ്റേഷൻ മ്യൂസിയം - ആലപ്പുഴ
4. GIS സെന്റർ - തൃശ്ശൂർ
5. വാട്ടർ ക്വാളിറ്റി ലാബ് - ആലപ്പുഴ
6. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പരിശീലന കേന്ദ്രം - തൃശ്ശൂർ
7. വനിതാ ശാക്തീകരണ കേന്ദ്രം/കോൺക്രീറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് - തൃശ്ശൂർ
8. ഗാർമെന്റ്സ് മേക്കിംഗ് പരിശീലന കേന്ദ്രം - തൃശ്ശൂർ

## നിർവ്വഹണം

സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്ക് SEU വിനെ ഏൽപിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സോഷ്യോ/ഇക്കണോമിക് ഫൗണ്ടേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് തീരുമാനം വഴി അവരെ ഏല്പിച്ച നിർവ്വഹണം നടത്താം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ഇല്ല. പദ്ധതികൾ ഫൗണ്ടേഷനെകൊണ്ട് നിർവ്വഹണം നടത്തിക്കാം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അക്രഡിറ്റഡ് ഏജൻസിക്ക് ബാധകമായ എല്ലാ നിബന്ധനകളും ഇവർക്കും ബാധകമാണ്.

# LIV. വികസന കോർപ്പറേഷൻ




## I. കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

### ആമുഖം

കോർപ്പറേഷന്റെ ലക്ഷ്യം, ഫണ്ട് സമാഹരണം, വായ്പാ സംബന്ധമായ നിബന്ധനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്, സംയോജന സാദ്ധ്യതകൾ തുടങ്ങിയവ, കേന്ദ്രാവിഷകൃത പദ്ധതികളുടെ (2012, പേജ് 305-309) കൈപുസ്തകത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതുകൊണ്ട് ഇവിടെ സംസ്ഥാനതലത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് മാത്രമാണ് വിവരിച്ചിട്ടുള്ളത്.

കൂടുതൽ വിശദമായ വിവരങ്ങൾക്ക് കോർപ്പറേഷന്റെ ജില്ലാ കാര്യാലയങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

## II. കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (2012 പേജ് 309-310) കൈപുസ്തകത്തിൽ ഫെഡറേഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരണം

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി തുക | പലിശ നിരക്ക് (%ൽ) | തിരിച്ചടവ് കാല യളവ് | കുടുംബവാർഷിക വരുമാന പദ്ധതി | | അപേക്ഷകന്റെ പ്രായ പരിധി | ഗുണഭോ ക്താക്കൾ |
|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമ പ്രദേശം | നഗര പ്രദേശം | | |
| 47 | കൃഷി ഭൂമി വായ്പാ പദ്ധതി | 2,00,000 | 6 | 8 വർഷം | 40,000 | 55,000 | 21–50 | പട്ടികജാതി ക്കാർ |
| 48 | ബെനിഫിഷിറി ഓറിയന്റഡ് പദ്ധതി | 1,00,000 | 6 | 5 വർഷം | 40,000 | 55,000 | 18–45 | പട്ടികജാതി ക്കാർ/ പട്ടികവർഗ്ഗക്കാർ |
| 49 | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 1,50,000 | 7 | 5 വർഷം | 2,00,000 | | 18–45 | പട്ടികജാതി ക്കാർ |
| 50 | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50,000 | 6 | 36 മാസം | 40,000 | 55,000 | 18–45 | പട്ടികജാതി ക്കാർ/ പട്ടിക വർഗ്ഗക്കാർ |
| 51 | പെട്രോൾ/ഡീസൽ ഓട്ടോറിക്ഷാ വായ്പാ പദ്ധതി | 1,15,000 1,60,000 | 6 | 5 വർഷം | 40,000 | 55,000 | 18–45 | പട്ടികജാതി ക്കാർ |
| 52 | വിവാഹ വായ്പാ പദ്ധതി | 1,00,000 | 6 | 5 വർഷം | 40,000 | 55,000 | രക്ഷിതാവിന് 65 വയസ്സ് കവിയാൻ പാടില്ല | പട്ടികജാതിക്കാർ/ പട്ടിക വർഗ്ഗക്കാർ |
| 53 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 1,00,000 മുതൽ 2,50,000 വരെ | 6 | പഠനം കഴിഞ്ഞുള്ള 5 വർഷം | 2,50,000 | | 18–35 | പട്ടികജാതിയിൽ പ്പെട്ട വിദ്യാർത്ഥികൾ |
| 54 | വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി | 1,00,000 | 6(5 ലക്ഷം രൂപ വരെ) 8.5 (5 ലക്ഷ ത്തിനു മുകളിൽ) | പഠനം കഴിഞ്ഞുള്ള 5 വർഷം | 5,00,000 | | 18–35 | പട്ടികജാതിയിൽ പ്പെട്ട വിദ്യാ ർത്ഥികൾ |
| 55 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി | 40,000 | 6 | 5 വർഷം | 2,50,000 | | രക്ഷിതാവിന് 55 വയസ്സ് കവിയാൻ പാടില്ല | പട്ടികജാതിയിൽ പ്പെട്ട വിദ്യാർത്ഥികൾ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **56** | സർക്കാർ ഉദ്യോ ഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി | 50,000 | 8 | 3,00,000 | 18-48 | | | പട്ടികജാതിയിൽ പ്പെ ഗവ. ഉദ്യോഗ സ്ഥർ |
| **57** | സർക്കാർ ഉദ്യോഗസ്ഥർ ക്കുള്ള ഇരുചക്ര വാഹന വായ്പ പദ്ധതി | 50,.000 | 8 | 5 വർഷം | 3,00,000 | 18-48 | | പട്ടികജാതിയിൽ പ്പെട്ട ഗവ. ഉദ്യോഗ സ്ഥർ |

നൽകിയിട്ടുണ്ട്. ഫെഡറേഷനിൽ 552 പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങളും 98 പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളേയും അംഗീകരിച്ചിട്ടുണ്ടണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്

58. **തടിയേതര വനവിഭവ ശേഖരണവും വിപണനവും**. പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾ വഴി സംസ്ഥാനത്തെ വനം റേയ്ഞ്ചുകളിൽ നിന്നും തടിയേതര വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുവാനുള്ള അവകാശം ഫെഡറേഷന് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള 34 പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾ പ്രവൃത്തിക്കുന്നുണ്ട്. ശേഖരിക്കപ്പെടുന്ന വനവിഭവങ്ങൾ ഔഷധി ആയുർധാര എന്നീ സർക്കാർ നിയന്ത്രണമുള്ള യൂണിറ്റുകൾക്കും ബാക്കിയുള്ളവ ടെണ്ടർ-കം-ഓക്ഷൻ വഴിയായി വിപണനം ചെയ്യുകയും, വില്പനയുടെ 95 ശതമാനം സംഘങ്ങൾക്കും, സംഘങ്ങൾ 85 ശതമാനം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നുണ്ട്.

(59.) **ഫെഡറേഷന്റെ ഔഷധ നിർമ്മാണ യൂണിറ്റായ ആയ്യൂർധാരയ്ക്ക്** ആയ്യൂർവ്വേദ മരുന്ന് നിർമ്മാണത്തിന് ജി.എം.പി അംഗീകാരമുള്ള ഒരു ഫാക്ടറി തൃശൂരിൽ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരത്തും തൃശൂരുമായി രണ്ട് പഞ്ചകർമ്മ ചികിത്സാ കേന്ദ്രങ്ങളും ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയൂർവ്വേദ മരുന്നുകൾക്ക് ആയൂർധാര ഫാർമസികളിൽ നിന്നും ലഭിക്കുന്ന മരുന്നുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. മറ്റുകാര്യങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വിവരിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാവുന്നതാണ്.

# III. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന കേന്ദാവിഷ്കൃത പദ്ധതികൾ (2012 പേജ് 311,312)ക്ക് പുറമെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെയുള്ള പദ്ധതികളും, തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ടണ്ട്.

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ താഴെ പറയുന്ന 4 പദ്ധതികൾ നടപ്പിലാക്കി വരുന്നു.

60. **കൃഷിഭൂമിയ്ക്ക് വായ്പാ പദ്ധതി** - 20 സെന്റ് കൃഷി ഭൂമിയെങ്കിലും വാങ്ങുവാൻ 2,00,000 രൂപ വരെ 5.50 % രൂപയ്ക്ക് വായ്പയായി നൽകി വരുന്നു. വായ്പ ലഭിച്ച് 10 മാസം തികയുന്ന മുറയ്ക്ക് 100 മാസ ഗഡുക്കളായി വായ്പാ തുക തിരിച്ചടക്കണം.

61. **ഭവന നവീകരണ വായ്പാ** - വീട് അറ്റകുറ്റപണിക്ക് 50000 രൂപ 6 ശതമാനം പലിശനിരക്കിൽ അനുവദിക്കുന്നു. 100 മാസ തവണയായി വായ്പതുകയും തുടർന്നുള്ള 20 മാസതവണകളിൽ വായ്പയുടെ പലിശയും അടക്കണം.

62. **ഭവന നിർമ്മാണ വായ്പ** - പുതിയ വീട് നിർമ്മിക്കുന്നതിന് സ്വന്തമായി 3 സെന്റ് ഭൂമിയുള്ളവർക്ക് 2 ലക്ഷം രൂപവരെ 5 ശതമാനം പലിശ നിരക്കിൽ വായ്പ നൽകുന്നു. 120 മാസത്തവണകളായി വായ്പ തിരിച്ചടക്കണം. 24 മാസ തവണകളായി പലിശയും തിരിച്ചടക്കണം.

63. **വിവാഹ വായ്പ** - ഒരു ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. 4 ശതമാനം പലിശ 60 മാസതവണകളായി വായ്പ തിരിച്ചടക്കണം.

64. **ഭൂരഹിത ഭവന രഹിത വായ്പ** - സ്വന്തമായി സ്ഥലമൊ വീടൊ ഇല്ലാത്തവർക്ക് 3 സെന്റ് ഭൂമി വാങ്ങി വീട് വെയ്ക്കുന്നതിന് പരമാവധി 2,50,000 രൂപ 5 ശതമാനം പലിശ നിരക്കിൽ വായ്പ തിരിച്ചടക്കണം.

തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിൽ മൂന്ന് എണ്ണമാണുള്ളത്.

65. **വ്യക്തിഗത വായ്പ** - ഗുണഭോക്താവിന് ഏതാവശ്യത്തിനും ഉപയോഗിക്കുവാൻ ഒരു ലക്ഷം രൂപ വരെ 8 ശതമാനം പലിശ നിരക്കിലുള്ള വായ്പ 36 മാസതവണകളായി തിരിച്ചടക്കണം.

66. **തൊഴിലധിഷ്ഠിത പരിശീലന പദ്ധതി** - യുവജനങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വേണ്ടി തൊഴിലധിഷ്ടിത വിദ്യാഭ്യാസ പരിശീലനം നടത്തി വരുന്നു.

67. **വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം** - എസ്.എസ്.എൽ.സി/+2/ തത്തുല്യ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 750 രൂപ, 1000 രൂപ വീതം പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുകയും ആ വിഭാഗത്തിന് പദ്ധതികളുടെ പ്രയോജനം ലഭിക്കുവാൻ വേണ്ട അറിവും സഹായവും ചെയ്തുകൊടുക്കാവുന്നതാണ്. പദ്ധതികൾ എല്ലാം തന്നെ വായ്പയായും പലിശ ഈടാക്കുന്ന ഇനങ്ങളാണ്. ആയതുകൊണ്ടണ്ട് തിരിച്ചടവ് യഥാസമയം വീഴ്ച കൂടാതെ അടയ്ക്കുവാനുള്ള മാനസികവും സാമ്പത്തികവുമായ തയ്യാറെടുപ്പിന് വേണ്ട ബോധവൽക്കരണ പരിപാടി കൂടി സംഘടിപ്പിക്കാവുന്നതാണ്.

# LV.
# ലീഗൽ സർവ്വീസ് അതോറിറ്റി




ഇന്ത്യയിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും സൗജന്യ നിയമസഹായം കൊടുക്കുന്നതിനുവേണ്ടി 1987 ൽ ഇന്ത്യൻ പാർലമെന്റ് നടപ്പിൽ വരുത്തിയ ഒരു നിയമമാണ് ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ് അഥവാ നിയമ സേവന അതോറിറ്റി നിയമം (KELSA Regulations). ജനാധിപത്യ ഭാരതത്തിൽ അധിവസിക്കുന്ന ഒരു വ്യക്തിക്കു പോലും നിയമത്തിന്റെ സംരക്ഷണം കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടായിക്കൂടാ - Access to justice for All എന്നാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. നീതിയുടെ സംരക്ഷണം എല്ലാവർക്കും എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നിയമ സേവന അതോറിറ്റി നിയമം 1987 ൽ നടപ്പാക്കിയത്. നടപ്പാക്കിയ നിയമം 1995 ലെയും 1998 ലെയും ഭേദഗതികളോടുകൂടി നടപ്പിലായപ്പോൾ മാത്രമാണ് യഥാർത്ഥത്തിൽ ഈ നിയമം ജനോപകാരപ്രദമായി മാറിയത്.

നിയമ സേവന സമിതി നിയമം നടപ്പിൽ വരുത്തുന്നതിനായി നമ്മുടെ രാജ്യത്ത് വ്യത്യസ്ഥ തലങ്ങളിൽ സമിതികളെ നിയമിക്കാൻ ഈ നിയമം അനുശാസിക്കുന്ന. കേന്ദ്ര തലത്തിലും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ലീഗൽ സർവ്വീസസ് അതോറിറ്റികൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നു. ദേശീയ നിയമ സേവന സമിതി, സുപ്രീംകോടതി നിയമ സേവന കമ്മിറ്റി, ഹൈക്കോടതി നിയമ സേവന കമ്മിറ്റികൾ, സംസ്ഥാന നിയമ സേവന സമിതികൾ, ജില്ലാ നിയമ സേവന സമിതികൾ,

താലൂക്ക് നിയമ സേവന കമ്മിറ്റികൾ എന്നിങ്ങനെ വിവിധ സമിതികളും നമ്മുടെ രാജ്യത്ത് ഇന്ന് നിലവിൽ വന്നിട്ടുണ്ട്. മേൽ പറഞ്ഞ എല്ലാ സമിതികളും കമ്മിറ്റികളും അതാത് തലങ്ങളിലെ കോടതിയോടനുബന്ധിച്ചാണ് പ്രവർത്തിക്കുന്നത്. മേൽനോട്ടം അതാത് കോടതികളിലെ മുതിർന്ന ന്യായാധിപൻ നിർവ്വഹിക്കുന്നു. കേരള സംസ്ഥാനത്തെ നിയമ സേവന പ്രവൃത്തികൾ കേരള ഹോക്കോടതിയോടു ചേർന്നുള്ള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്നു. ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം സംസ്ഥാന നിയമ സേവന അതോറിറ്റിയാണ് നിയന്ത്രിക്കുന്നത്.

## 1. നിയമ സാക്ഷരത

### ലക്ഷ്യങ്ങൾ

നമ്മുടെ രാജ്യത്ത് അഭ്യസ്ഥ വിദ്യരായവർപോലും നിയമത്തെക്കുറിച്ചുള്ള കാര്യത്തിൽ തികഞ്ഞ അജ്ഞതയാണ് കാണിക്കുന്നതെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ഇന്ത്യയിലെ വിദ്യാസമ്പന്നർപോലും നാട്ടിൽ നടക്കുന്ന എല്ലാ വിധത്തിലുമുള്ള ഹീനവും അധാർമ്മീകവുമായ പ്രവർത്തികൾക്കെതിരെ പ്രതികരിയ്ക്കേണ്ടതിനു പകരം കണ്ടില്ലെന്നു നടിക്കുകയാണ്. പ്രതികരിക്കാൻ മുന്നോട്ടു വരുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമെയുള്ളു. ഇതിന്റെ കാരണം നിയമങ്ങളെ സംബന്ധിച്ച നിരക്ഷരതയാണ്. ആയത് ദുരീകരിക്കുന്നതിന് നിയമ സാക്ഷരത ലക്ഷ്യമിടുന്നു.

### ഗുണഭോക്താക്കൾ

൭-൧൦ ക്ലാസ്സിലെ വിദ്യാർത്ഥികൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ മിഷനിലെ സ്ത്രീകൾ, എസ്.സി/എസ്.ടി വിഭാഗക്കാർ

### പ്രവർത്തനങ്ങൾ

- ക്ലാസ്സുകൾ, ക്യാമ്പുകൾ, സെമിനാറുകൾ സംടിപ്പിക്കുക
- സംസ്ഥാന-ജില്ല-താലൂക്ക് നിയമ സേവന കമ്മിറ്റികൾ രൂപീകരിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുക

സ്ത്രീ ശാക്തീകരണം നിയമബോധനത്തിലൂടെ എന്ന ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് കേരളത്തിലെ കുടുംബശ്രി മിഷനിലെ അംഗങ്ങൾക്കും സ്ത്രീകൾക്കും നിയമസാക്ഷരതാ ക്ലാസ്സുകൾ നടപ്പിലാക്കി വരികയാണ്. കേരളത്തിന്റെ മലയോര ഗ്രാമങ്ങളിൽ താമസിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളിൽ നിയമാവബോധം വളർത്തി അവരെ ഓരോരുത്തരെയും ഭരണഘടന ഉറപ്പുവരുത്തുന്ന അവകാശങ്ങളെയും കടമകളെയും കുറിച്ച് ബോധവാൻമാരാക്കി മാറ്റി അവരെ

സമൂഹത്തിന്റെ മുഖ്യാധാരയിലേക്കു കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളുമായി സംസ്ഥാന നിയമ സേവന സമിതിയും ജില്ലാ നിയമസേവന സമിതികളും താലൂക്ക് നിയമസേവന കമ്മിറ്റികളും ഒത്തൊരുമിച്ച് പ്രവർത്തിച്ച് വരുകയാണ്.

## 2. ലോക് അദാലത്ത്

### ആമുഖം

ജസ്റ്റീസ് എറ്റ് ഡോർസ്റ്റെപ്പ്സ് (നിയമസഹായം വീട്ടുപടിക്കൽ) എന്നത് ദേശീയ നിയമ സേവന സമിതി (നാൽസ)യുടെ 2010 ൽ പ്രഖ്യാപിച്ച നാഷ്ണൽ പ്ലാൻ ഓഫ് ആക്ഷനിൽ ഉരുത്തിരിഞ്ഞ ആശയമാണ്. കോടതികളിലൂടെ നമ്മുടെ സമൂഹത്തിലുണ്ടാവുന്ന എല്ലാതരം തർക്കങ്ങളും കേസുകളും പരിപൂർണ്ണമായി തീർപ്പുകൽപ്പിക്കുക അസാധ്യമാണ്. വ്യവഹാരങ്ങൾ സിവിൽ കേസുകളായാലും ക്രിമിനൽ കേസുകളായും വർഷങ്ങളോളം തുടർന്നു പോകുക എന്നത് ഇന്ന് അസാധാരണവുമല്ല. അതിന്റെ പ്രധാന കാരണം ജനസംഖ്യാ വർദ്ധനവും കോടതികളുടെ എണ്ണത്തിലുള്ള കുറവുമാണ് എന്നതു തന്നെയാണ്. ''താമസിച്ചു കിട്ടുന്ന നീതി ആയത് നിഷേധിക്കുന്നതിന് തുല്യമാണ്'' എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് നിയമസാക്ഷരതയ്ക്കും നിയമസഹായത്തിനും പുറമെ വിവിധതലങ്ങളിൽ നീതിന്യായതർക്കങ്ങൾ പരിഹരിക്കുന്നതിനാണ് ലോക്അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നത്. യാതൊരു തരത്തിലുള്ള കോടതി ഫീസുകളും ആവശ്യമില്ല. ഒരു സിവിൽ കോടതി തീർപ്പിന് തുല്യമായ തീർപ്പായിരിക്കും.

### ലക്ഷ്യങ്ങൾ

1. ഏതെങ്കിലും കോടതിയിൽ നിലവിലുള്ള തർക്കങ്ങൾ, ഏതെങ്കിലും കോടതിയുടെ അധികാര പരിധിയിൽ വരാവുന്ന തർക്കങ്ങൾ, നിലവിലുള്ള നിയമപ്രകാരം കോമ്പൗണ്ട് ചെയ്യാവുന്ന ക്രിമിനൽ കുറ്റകൃത്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുക.
2. തർക്കത്തിൽപ്പെട്ട ഏതെങ്കിലുമൊരു കക്ഷിയുടെയോ അതുമല്ലെങ്കിൽ ഇരു കക്ഷികളുടെ യോജിച്ചുള്ള അപേക്ഷയിൻമേൽ അതുമല്ലെങ്കിൽ കോടതി സ്വമേധയാ തീരുമാനിച്ച് റഫർ ചെയ്ത പ്രകാരമോ വരുന്ന കേസ്സുകൾ, ഉഭയ സമ്മതപ്രകാരം രമ്യമായി പരിഹരിക്കുക
3. ബ്ലോക്കുകളിൽ സൗജന്യമായി നിയമസഹായ ക്ലബ്ബുകൾ രൂപീകരിക്കുക
4. മൊബൈൽ അദാലത്ത് സംഘടിപ്പിക്കുക

### ഗുണഭോക്താക്കൾ

നിയമകോടതി സഹായം ആവശ്യമായ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും

# 3. സൗജന്യ നിയമസഹായം നൽകൽ

## ആമുഖം

പാവപ്പെട്ടവർക്ക് നീതി നിഷേധിക്കുമ്പോൾ അവരുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ കോടതിയെ സമീപിക്കുന്നതിന് കഴിയാതെ വരുന്നു. അത്തരം വിഭാഗം ജനങ്ങൾക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയിലൂടെ സൗജന്യ നിയമ സഹായം ഉറപ്പു വരുത്തേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയായി മാറുന്നു.

## ലക്ഷ്യങ്ങൾ

1. പാവപ്പെട്ട ജനങ്ങൾക്ക് കോടതിയെ സമീപിക്കേണ്ടി വരുമ്പോൾ ലീഗൽ സർവ്വീസ് അതോറിറ്റി വഴി അതാത് കോടതികളോട് അനുസരിച്ച് പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന നിയമസഹായ കമ്മിറ്റികൾ, സമിതികൾ, ജില്ലാ സഹായ സമിതികൾ, താലൂക്ക് നിയമ സഹായ കമ്മിറ്റികൾ, ബ്ലോക്ക് നിയമസഹായ ക്ലീനിക്കുകൾ എന്നവയിലൂടെ സൗജന്യ നിയമ സഹായം ലഭ്യമാക്കുക
2. നിയമ സാക്ഷരത നൽകുക

## ഗുണഭോക്താക്കൾ

ഏതെല്ലാം ജനവിഭാഗങ്ങൾക്ക് ഈ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് ഈ നിയമത്തിന്റെ 12-ാം വകുപ്പിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

1. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ.
2. യാചകവൃത്തി, പെൺവാണിഭം, അടിമവേല മുതലായവയ്ക്കായി അനധികൃത കൈമാറ്റത്തിന് വിധേയരാകുന്നവർ.
3. സ്ത്രീകളും കുട്ടികളും.
4. വികലാംഗക്ഷേമ നിയമപരിധിയിൽപ്പെട്ടവർ.
5. പ്രകൃതിദുരന്തം, സാമുദായിക കലാപം, മത-വർഗ്ഗീയകലാപം, ഭൂകമ്പം, വ്യാവസായികദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ.
6. വ്യാവസായിക തൊഴിലാളികൾ.
7. പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ, അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ മുതലായവർ.
8. കസ്റ്റഡി പ്രതികൾ.
9. വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ളവർ.

മേൽപ്പറഞ്ഞ 9 വിഭാഗങ്ങളിലുള്ളവർക്ക് ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ് പ്രകാരം സൗജന്യനിയമസഹായത്തിന് അർഹതയുണ്ട്.

## സംഘാടനം

സംസ്ഥാന അതോറിറ്റി അംഗങ്ങൾ ആരൊക്കെയാണ് എന്ന് 1998 ൽ നടപ്പാക്കിയ കേരള സംസ്ഥാന നിയമസേവന അതോറിറ്റി റൂൾസിൽ പറഞ്ഞിട്ടുണ്ട്. ഇതുപ്രകാരം അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പബ്ലിക് പ്രോസിക്യൂഷൻസ്, നിയമ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ബാർകൗൺസിൽ ചെയർമാൻ, കേരള ഹൈക്കോർട്ട് അഭിഭാഷക സംഘടനയുടെ പ്രസിഡണ്ട്, കേരള ബാർ ഫെഡറേഷൻ പ്രസിഡണ്ട്, വനിതാ കമ്മിഷൻ ചെയർപേഴ്സൺ, ഹൈക്കോടതി രജിസ്ടാർ ജനറൽ എന്നിവരെ സംസ്ഥാന നിയമസമിതി അംഗങ്ങളാക്കി ഗവൺമെന്റ് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വിവിധ മേഖലകളിൽ പ്രത്യേകിച്ചും സാമൂഹിക രംഗത്തും നിയമവിദ്യാഭ്യാസ രംഗത്തും നിയമസേവന രംഗത്തുമൊക്കെ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യനിയമസഹായം നൽകുന്ന പരിപാടിയിൽ പ്രവർത്തിച്ചു പരിചയമുള്ളവരെയും നാമനിർദ്ദേശം ചെയ്യുവാൻ ഗവൺമെന്റിന് അധികാരമുണ്ട്. എന്നാൽ ആകെ അംഗങ്ങൾ 18 ൽ കൂടാൻ പാടില്ലയെന്നും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഇതുപോലെ ജില്ലാ നിയമസേവന സമിതികളും താലൂക്ക് നിയമസേവന കമ്മിറ്റികളും ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് രൂപം നൽകുന്നതിനുമുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനുണ്ട്.

## ഫണ്ടിംഗ്

**കേരള സംസ്ഥാന നിയമ സേവന അതോറിറ്റി**

| ക്രമ നം | ഉറവിടം | തുക | ഉദ്ദേശം | അക്കൗണ്ട് | നിയന്ത്രണ അധികാരി |
|---|---|---|---|---|---|
| 1 | ദേശീയ നിയമ സേവന അതോറിറ്റി | 82.61 ലക്ഷം (മുൻവർഷത്തെ നീക്കിയിരിപ്പ്) | നിയമ സഹായവും, നിയമ സേവനവും | ദേന ബാങ്ക് (നാഷ്ണ ലൈസ്ഡ് ബാങ്ക്) | ബഹു.എക്സിക്യൂട്ടിവ് ചെയർമാൻ |
| 2 | സ്റ്റേറ്റ് ഗവൺമെന്റ് | 6.28 കോടി | ശമ്പളം, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ, നിയമ സേവനം | ബഡ്ജറ്റിന് വിധേയമായി | മെമ്പർ സെക്രട്ടറി |
| 3 | സ്റ്റേറ്റ് ഗവൺമെന്റ് | 5.90 കോടി (മുൻവർഷത്തെ നീക്കിയിരിപ്പ്) | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് നിയമ സഹായം, എ.ഡി.ആർ ബിൽഡിംഗ് | ട്രഷറി പബ്ലിക് അക്കൗണ്ട്, 240 സബ്ട്രഷറി, എറണാക്കുളം | ബഹു. എക്സിക്യൂട്ടീവ് ചെയർമാൻ |

## പ്രവർത്തനങ്ങൾ

1. കേന്ദ്രസമിതി (NALSA) നിയമസേവന സഹായ മേഖലയിൽ രൂപം നൽകുന്ന നയപരിപാടികൾ നടപ്പിൽ വരുത്തുക
2. അർഹരായ ജനവിഭാഗങ്ങൾക്ക് എല്ലാവിധ നിയമസഹായവും നിയമസേവനവും ലഭ്യമാക്കുക. ഹൈക്കോടതിയിലും മറ്റെല്ലാ കോടതികളിലുമുള്ള തർക്കങ്ങൾ പരിഹരിക്കാനായി ലോക് അദാലത്തുകൾ സംഘടിപ്പിക്കുക.
3. കേന്ദ്രസമിതിയുമായി ആലോചിച്ച് മറ്റു കൃത്യങ്ങൾ നിർവഹിക്കുകയും ചട്ട വ്യവസ്ഥകൾ രൂപപ്പെടുത്തുകയും ചെയ്യുക.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

ഗവൺമെന്റ്, നിയമ സേവന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് നിശ്ചിത ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്. അത് അതാത് നടപ്പ് വർഷങ്ങളിൽ പഞ്ചായത്തുകൾ അവിടുത്തെ താലൂക്ക് തല ലീഗൽ സർവ്വീസസ് കമ്മിറ്റിയുമായി ചേർന്ന് വിവിധ നിയമ സാക്ഷരതാ ക്ലാസ്സുകളും ലോക് അദാലത്തുകളും നടത്തുവാനായി ഫണ്ട് ചെലവിടേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിവിധ ജനകീയ കമ്മിറ്റികളുടേയും സഹകരണത്തോടെ വേണം ഇവ നടപ്പാക്കാൻ.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനം അവയുടെ പദ്ധതികൾ തയ്യാറാക്കുമ്പോൾ നിയമസാക്ഷരത, സൗജന്യ നിയമസഹായം നൽകൽ എന്നിവ ആവശ്യമെങ്കിൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കണം. നിയമ വകുപ്പിന് ചെയ്യാൻ സാധിക്കാത്ത കാര്യങ്ങൾ ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ആലോചിച്ച് തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കി നിർവ്വഹണം നടത്തണം. ജാഗ്രതാ സമിതികൾ വനിതാ കമ്മീഷൻ പ്രവർത്തനവുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സാധാരണ ജനങ്ങൾക്കു നീതി പ്രദാനം ചെയ്യുന്ന ഈ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിയ്ക്കുന്നതിന് അവരെ സഹായിക്കുന്നതിനും നിയമസാക്ഷരത നൽകുകയും ചെയ്യുക എന്നുള്ളത് ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും പൊതു ചുമതലയിൽ വരുന്ന കാര്യമായതിനാൽ അവരുടെ സജീവ പിന്തുണയും ശ്രദ്ധയും ഇക്കാര്യത്തിൽ നൽകേണ്ടതാണ്.

# LVI.

# കേരള സംഗീത നാടക അക്കാദമി




## 1. റെയിൽവെ യാത്രാ കൺസെഷൻ

### ലക്ഷ്യങ്ങൾ

കലാകാരൻമാർക്ക് സംസ്ഥാനത്തിനകത്തും പുറത്തും ട്രെയിൻ യാത്ര ചെയ്യുന്നതിന് ഇളവ് അനുവദിക്കുന്നത് സാംസ്ക്കാരികമായ സമന്വയത്തിനും സർഗ്ഗാവിഷ്ക്കാരങ്ങളുടെ പ്രോത്സാഹനത്തിനും പശ്ചാത്തലമൊരുക്കും. താഴ്ന്ന വരുമാനക്കാർക്ക് ദീർഘ യാത്ര ചെയ്ത് കലാപരിപാടികൾ അവതരിപ്പിക്കാൻ തീവണ്ടി യാത്രാ ഇളവുകൾ സഹായമാകും.

### ഗുണഭോക്താവ്

സംഗീതം, നൃത്തം, വാദ്യം, നാടകം, മാജിക്, നാടൻ കലകൾ തുടങ്ങിയ മേഖലയിലുള്ള കലാകാരൻമാരക്ക് 300 കിലോ മീറ്ററിലധികം ട്രെയിൻ യാത്ര നടത്തുന്നതിനാണ് ഇളവ് അനുവദിക്കുന്നത്. സെക്കന്റ്ക്ലാസ് സ്ലീപ്പറിന് 75 ശതമാനവും ഫസ്റ്റ്ക്ലാസ്സിന് 50 ശതമാനവും സൗജന്യം ലഭിക്കും. അക്കാദമിയിൽ അഫിലിയേറ്റ് ചെയ്തീ

ട്ടുള്ള സംഘടനകൾക്കാണ് ആനുകൂല്യം ലഭിക്കുക. ലെറ്റർ ഹെഡിലുള്ള അപേക്ഷ, പരിപാടിയിൽ പങ്കെടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത്, പരിപാടിയിൽ പങ്കെടുക്കുന്നവരുടെ ടീം ലീഡർ സാക്ഷ്യപെടുത്തിയ നാല് ലിസ്റ്റ് എന്നിവ സഹിതം സെക്രട്ടറിക്ക് അപേക്ഷിക്കണം.

### നിർവ്വഹണം

അക്കാദമി സെക്രട്ടറിയുടെ ശുപാർശയനുസരിച്ച് ബന്ധപ്പെട്ട റെയിൽവെ ഡിവിഷണൽ മാനേജരാണ് ടിക്കറ്റ് യാത്രാ നിരക്കിൽ ഇളവ് നൽകുന്നത്.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

കേരളോത്സവം, സാംസ്ക്കാരിക വിനിമയ പരിപാടികൾ, നാഷ്ണൽ ഇന്റഗ്രേഷൻ ക്യാമ്പ്, മറ്റു കലാപരിപാടികൾ എന്നിവക്ക് പോകുന്ന വ്യക്തികളെയും ക്ലബ്ബുകളെയും സന്നദ്ധ സംഘടനകളെയും ഇക്കാര്യം അറിയിക്കാം. ഗ്രാമസഭ, വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ എന്നിവയിലൂടെ വേണ്ടത്ര പ്രചാരണം നൽകാം.

## 2. കുട്ടികൾക്ക് കലാപരിശീലനത്തിന് ധനസഹായം

### ലക്ഷ്യം

നിർധനരായ കുട്ടികൾക്ക് സംഗീതത്തിലും നൃത്തത്തിലും പരിശീലനം നേടുന്നതിന് സ്റ്റൈപന്റ് നൽകുന്ന പദ്ധതിയാണിത്. ഗുരുക്കൻമാരുടെ കീഴിൽ കല അഭ്യസിക്കുന്നതിനും ഈ ആനുകൂല്യം ഉപയോഗിക്കാം. പരിശീലനാർത്ഥികൾക്കും പ്രയോക്താക്കൾക്കും ഒരുപോലെ പ്രോത്സാഹനമാണിത്.

### ഗുണഭോക്താവ്

- കേരളത്തിൽ ജനിച്ചു വളർന്നവർ, മറ്റു രാജ്യങ്ങളിൽ നിന്നും കേരളത്തിൽ താമസമാക്കിയവർ, മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന കേരളീയർ എന്നിവർക്ക് എവിടെ കലാപഠനം നടത്തിലായാലും ആനുകൂല്യം ലഭിക്കും
- 10 നും 17 നും ഇടയിൽ പ്രായമുള്ള തെരഞ്ഞെടുത്ത 125 കുട്ടികൾക്ക് പ്രതിമാസം 150 രൂപ വീതം നൽകുന്നു.

## നിർവ്വഹണം

വിദഗ്ധരുടെ ഇന്റർവ്യൂവിനുശേഷം നിർവ്വഹാക സമിതി അംഗീകാരമനുസരിച്ച് വിദ്യാർത്ഥികൾക്ക് മണിയോർഡർ അയച്ചുകൊടുക്കും.

നൃത്ത വിഭാഗത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, കേരള നൃത്തം എന്നിവക്കും സംഗീക വിഭാഗത്തിൽ വായ്പ്പാട്ട്, വയലിൻ, വീണ മൃദംഗം എന്നിവക്കുമാണ് ധന സഹായം നൽകുന്നത്. 20,000 രൂപ വാർഷിക വരുമാനമുള്ളവർക്ക് പരമാവധി ആറു വർഷം വരെയാണ് സ്റ്റൈപ്പന്റ് ലഭിക്കുക.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

കലാപരിശീലനം നൽകുന്ന സ്ഥാപനങ്ങളെയും അർഹരായ വിദ്യാർത്ഥികളെയും പഞ്ചായത്തുകൾക്ക് അറിയിക്കാവുന്നതാണ്. ഗ്രാമസഭകളിൽ പ്രസ്തുത കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കണം.

# 3. ബി.ടി.എ/എം.ടി.എ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

തൃശൂർ സ്കൂൾ ഓഫ് ഡ്രാമയിലെ ബി.ടി.എ, എം.ടി.എ വിദ്യാർത്ഥികൾക്കും കാലടി സംസ്കൃത സർവ്വകലാശാലയിലെ എം.ടി.എ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി വരുന്നു. 18 ബി.ടി.എ വിദ്യാർത്ഥികൾക്ക് പ്രതിമാസം 750 രൂപയും 7 എം.ടി.എ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയുമാണ് നിരക്ക്. കൂടികാഴ്ചയിലൂടെയാണ് അപേക്ഷകളിൽ നിന്നും അർഹരായവരെ തെരഞ്ഞെടുക്കുന്നത്. വാർഷിക വരുമാന പരിധി 75000 രൂപ. നിശ്ചിത ഫാറത്തിൽ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ടി വിവരങ്ങൾ പൊതു ജനങ്ങളെ ഗ്രാമസഭകളിൽ കൂടി അറിയിക്കണം. ടി വിഭാഗത്തിൽപെട്ട എല്ലാവരും അപേക്ഷിച്ചുവെന്ന് ഉറപ്പു വരുത്താം.

## പദ്ധതി സംയോജനം

പദ്ധതിരേഖയിൽ ടി വിവരങ്ങൾ കൊള്ളിക്കണം.

## 4. കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി (എല്ലാ അക്കാദമികൾക്കും)

### ലക്ഷ്യം

വിവിധ കലാ സാഹിത്യ സാംസ്ക്കാരിക പ്രവർത്തനങ്ങൾ വ്യാപൃതരായിരിക്കുന്നവരോ ഏർപ്പെട്ടിരുന്നവരോ ആയ സാംസ്ക്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനാണ് ക്ഷേമനിധിയും പെൻഷനും മറ്റു ആനുകൂല്യങ്ങളും ഏർപെടുത്തിയിട്ടുള്ളത്.

### ഗുണഭോക്താവ്

18 വയസ്സു തികഞ്ഞ് സാംസ്ക്കാരിക പ്രവർത്തകർക്ക് അംഗത്വം നേടാം. കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം, ചലച്ചിത്ര അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളിലെ വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ടവർ അതാത് സ്ഥാപനങ്ങൾ വഴിയാണ് അപേക്ഷിക്കേണ്ടത്. വയസ്സ്, ഐഡന്റിറ്റി, സാംസ്ക്കാരിക പ്രവർത്തകൻ എന്നിവ തെളിയിക്കാനുള്ള രേഖകളോടെ കേരള സംസ്ഥാന സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം, എന്ന പേരിലുള്ള 50/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം നിർദ്ദിഷ്ട ഫോറത്തിൽ ഫോട്ടോ പതിപ്പിച്ച അപേക്ഷ സമർപ്പിക്കണം. വരുമാന പരിധിയില്ല.

### നിർവ്വഹണം

ബന്ധപ്പെട്ട സാംസ്ക്കരിക സ്ഥാപനങ്ങൾ ശുപാർശ ചെയ്യുന്ന അപേക്ഷകർക്ക് കേരള സംസ്ഥാന സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗീകരിക്കുന്ന മറ്റുക്ഷേമനിധികളിലേതുപോലെയുള്ള ആനുകൂല്യങ്ങൾ ആണ് വിഭാവന ചെയ്തിരിക്കുന്നത്. 60 വയസ്സ് തികഞ്ഞവർക്ക് പ്രതിമാസം 1000/- രൂപ വീതം ഇപ്പോൾ പെൻഷൻ നൽകി വരുന്നു.

**കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20**

**കലാപരിശീലനത്തിന് ധനസഹായത്തിനുള്ള അപേക്ഷ**

പാസ്പോർട്ട് സൈസ് ഫോട്ടോ ഇവിടെ ഒട്ടിക്കണം

1 അപേക്ഷകന്റെ പേര് :

2 വയസ്സും ജനനത്തീയതിയും (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ കോപ്പി അടക്കം ചെയ്യുക) :

3 രക്ഷാകർത്താവിന്റെ പേരും പൂർണ്ണമായ വിലാസവും (ജില്ല ഉൾപ്പെടെ) അപേക്ഷകനുമായുള്ള ബന്ധവും :

4 രക്ഷാകർത്താവിന്റെ വാർഷിക വരുമാനം (വാർഷിക വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ ഒറിജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

5 ഏതു കലാശാലയിലാണ് പരിശീലനം നടത്തുന്നത്.
എ) ഭരതനാട്യം
ബി) മോഹിനിയാട്ടം
സി) ശാസ്ത്രീയ സംഗീതം - വായ്പ്പാട്ട്
ഡി) ശാസ്ത്രീയ സംഗീതം
I. വയലിൻ
II. വീണ
III. മൃദംഗം
(ഏതാണെന്ന് വ്യക്തമാക്കുക)

6 ഇപ്പോൾ ഏതു വിദ്യാലയത്തിൽ / അദ്ധ്യാപകന്റെ കീഴിൽ ശിക്ഷണം നേടുന്നു? എത്ര വർഷമായി ഇവിടെ പഠിക്കുന്നു.? (ഇതിനുള്ള രേഖകൾ ഹാജരാക്കണം) :

7 അപേക്ഷകൻ ഇതിനുമുമ്പ് മേൽ സൂചിപ്പിച്ച കലാ വിഭാഗത്തിൽ പരിശീലനം നേടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ചേർക്കുക :

8 അപേക്ഷകന് മേൽപറഞ്ഞ കലാവിഭാഗത്തിൽ വല്ല ബഹുമതിപതങ്ങളോ സമ്മാനങ്ങളോ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ചേർക്കുക (ഇതിനുള്ള രേഖകൾ ഹാജരാക്കണം) :

9 ഗവൺമെന്റിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭിക്കുന്നുണ്ടോ? :

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിൽപെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ ഞാൻ ബോധ്യപ്പെടുത്തുന്നു.

(രക്ഷിതാവിന്റെ പേരും ഒപ്പും) (അപേക്ഷകന്റെ ഒപ്പ്)

(മറുപുറം)

**അദ്ധ്യാപകന്റെ ശുപാർശ**

മേൽപ്പറഞ്ഞ കുട്ടിയെ....................................................വിഭാഗത്തിൽ..............................കൊല്ല മായി ഞാൻ പരിശീലിപ്പിച്ചു വരുന്നു. സ്റ്റൈപ്പന്റിന് തെരഞ്ഞെടുക്കുന്ന പക്ഷം തുടർന്നും പരിശീലനം നൽകുന്നതിന് എനിക്ക് സമ്മതമാണ്

അദ്ധ്യാപകന്റെ ഒപ്പ്)

സ്ഥാപനത്തിന്റെ സീൽ

പേരും പൂർണ്ണമായ വിലാസവും

---

**ഓഫീസ് ഉപയോഗത്തിന് മാത്രം**

# കേരള ഫോക്‌ലോർ അക്കാദമി

## 5. നാടൻ കലാകാരൻമാർക്ക് ചികിത്സാ ധനസഹായം

### ആമുഖം

ദുരിതമനുഭവിക്കുന്ന നാടൻകലാകാരൻമാർക്ക് ചികിത്സക്ക് സഹായധനം നൽകുന്ന പദ്ധതിയാണിത്. നാശോന്മുഖമായി കൊണ്ടിരിക്കുന്ന അനുഷ്ഠാന കലകളുൾപ്പെടെയുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെ പരിമിതമാണ്. വാർദ്ധക്യവും രോഗങ്ങളും മൂലം അവശരായ ഇത്തരം മേഖലകളിലെ കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുക.

### ലക്ഷ്യങ്ങൾ

1. നാടൻ കലാരംഗത്ത് പുതിയ തലമുറയുടെ സാന്നിധ്യ കുറവുമൂലം പ്രായാധിക്യമുള്ളവർക്ക് കൂടുതൽ യാത്ര ചെയ്ത് പരമ്പരാഗത കലകൾ അവതരിപ്പിക്കേണ്ടി വരുന്നതിനാൽ അവർക്ക് ഉണ്ടാകുന്ന അസുഖങ്ങൾ ഭേദമാക്കുന്നതിനുള്ള ഒരു ഉദ്യമം.
2. ചികിത്സാ ധനസഹായം നൽകി കലാകാരന്മാർക്ക് അവരുടെ ഉപജീവനമാർഗ്ഗം തുടരാൻ സഹായിക്കുക
3. സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും അർഹമായ പരഗണനയും പ്രോത്സാഹനവും നൽകുന്നുണ്ടെന്ന് ഉറപ്പാക്കുക.

### ഫണ്ട്

സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്ന പണമുപയോഗിച്ച് ഫോക്‌ലോർ അക്കാദമിയാണ് തുക വിതരണ ചെയ്യുക

### ഗുണഭോക്താക്കൾ

നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്നവരും രോഗികളുമായ വ്യക്തികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. 18,000 രൂപയിൽ താഴെ വരുമാനമുള്ളവരായിരിക്കണം.

### പ്രവർത്തനങ്ങൾ

കലാകാരനാണെന്ന് തെളിയിക്കുന്ന പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റും ചികിത്സ സംബന്ധിച്ച രേഖകളും, വയസ്സ് തെളിയിക്കുന്ന രേഖകൾ, വരുമാന സർട്ടിഫിക്കറ്റ് എന്നിവ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം അക്കാദമിയിൽ സമർപ്പിക്കണം. അവ നിർവ്വാഹക സമിതി പരിഗണിക്കുന്നതിനനുസരിച്ച് സാമ്പത്തിക സഹായം ലഭിക്കുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

വൃദ്ധജനക്ഷേമ പരിപാടികളുമായി സംയോജിപ്പിച്ച് പരിപാടികൾ ആവിഷ്ക്കരിക്കാം. പരമ്പരാഗത കലാകാരൻമാരെ പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ അറിയിക്കാനും അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകുവാനും കഴിയും. ഗ്രാമസഭവഴി സ്കീമിനെക്കുറിച്ച് അവബോധം നൽകണം. അർഹതപ്പെട്ടവരെ കണ്ടുപിടിച്ച് അപേക്ഷിപ്പിക്കണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ ജനക്ഷേമ പ്രോജക്ടുകളുമായും മറ്റ് സാംസ്ക്കാരിക പ്രോജക്ടുകളുമായി ഇതിനെ സംയോജിപ്പിക്കാം.

# 6. സംസ്ഥാന കലാകാര പെൻഷനുള്ള അപേക്ഷ

## ആമുഖം

നാടൻ കലാ പ്രവർത്തനം നടത്തി ജീവിത സായാഹ്നത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കുള്ള സാമ്പത്തിക സഹായമാണിത്. ശിഷ്ട ജീവിതത്തിലും സർഗ്ഗാത്മകമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രോത്സാഹനം

## ലക്ഷ്യങ്ങൾ

1. പരമ്പരാഗത കലാ പ്രവർത്തനങ്ങളിൽ മികവും പ്രത്യേക അംഗീകാരവും നേടിയ വ്യക്തികളെ പ്രോത്സാഹിപ്പിക്കുക.
2. മുതിർന്ന കലാകാരന്മാരുടെ അനുഭവവും പ്രാഗത്ഭ്യവും പുതുതലമുറയിലേക്ക് പകർന്നു നൽകുന്നതിനുള്ള സാഹചര്യമൊരുക്കുക.
3. വ്യത്യസ്ത നിലകളിൽ പ്രാവീണ്യം നേടിയ നാടൻ കലാകാരന്മാരെ സർക്കാർ തലത്തിൽ അംഗീകരിക്കുന്നു.

## ഫണ്ട്

കേരള സംസ്ഥാന സർക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നു.

## ഗുണഭോക്താക്കൾ

നാടൻ കലാരംഗത്ത് പ്രത്യേക വ്യക്തിമുദ്ര പതിപ്പിച്ച കലാകാരന്മാർ.

### പ്രവർത്തനങ്ങൾ

കലാകാരനാണെന്ന് തെളിയിക്കുന്ന പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാക്ഷ്യപത്രം സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ ഭരണ സമിതി പരിശോധിച്ച് സംസ്ഥാന സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നു. വയസ്സു തെളിയിക്കുന്നതും മേൽവിലാസം തെളിയിക്കുന്നതുമായ രേഖകൾ, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്, അംഗീകാരങ്ങളും പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ തുടങ്ങിയവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

### തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

കുടുംബശ്രീ, ഗ്രാമസഭ തുടങ്ങിയ വേദികളിൽ പ്രചരണം നടത്താം. നിലവിൽ മറ്റുപെൻഷൻ ലഭിക്കുന്നവർക്കും ഈ മേഖലയിൽപെട്ടവരാണെങ്കിൽ അവരെ കണ്ടെത്തി ധനസഹായം ലഭ്യമാക്കാനും സാധിക്കും.

### തദ്ദേശഭരണ സ്ഥാപന പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ മറ്റ് സാംസ്ക്കാരിക പ്രോജക്ടുകളുമായി ഇതിനെ ബന്ധിപ്പിക്കാം.

## 7. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

### ആമുഖം

പുതിയ തലമുറയിൽപ്പെട്ടവർക്ക് നാടൻകലയിൽ ആഭിമുഖ്യം വളർത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി. പ്രഗത്ഭരിൽ നിന്നുള്ള അറിവും അനുഭവവും കുട്ടികളിലേക്ക് പകർന്നു നൽകുന്നതിനും ഇത് ലക്ഷ്യമിടുന്നു.

### ലക്ഷ്യങ്ങൾ

1. കുട്ടികളിൽ നാടൻകലകളിൽ അഭിരുചിയും അവബോധവും സൃഷ്ടിക്കുക
2. വിദഗ്ധരായ പരമ്പരാഗത കലാകാരന്മാരുടെ നൈപുണികൾ ഇളംതലമുറയ്ക്ക് കൈമാറുക.
3. മുതിർന്നതും പുതിയതുമായ തലമുറകൾക്ക് പരസ്പരം പങ്കുവെക്കാനും പഠിക്കാനുമുള്ള അവസരമൊരുക്കുക
4. പാവപ്പെട്ട കുട്ടികൾക്ക് നാടൻകലകൾ പഠിക്കുവാൻ പ്രോത്സാഹനം.

## ഫണ്ട്

കേരള ഫോക്‌ലോർ അക്കാദമിയാണ് പ്രതിമാസം 200/ രൂപ വീതം ധനസഹായം നൽകുക. 200 കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

## ഗുണഭോക്താക്കൾ

10 നും 15 നും ഇടയിൽ പ്രായമുള്ള കുട്ടികളും ഏതെങ്കിലുമൊരു നാടൻകലാകാരന്റെ കീഴിൽ പരിശീലനം നേടുന്നവരായിരിക്കണം. കുടുംബ വാർഷിക വരുമാനം 24000 രൂപയിൽ കവിയരുത്.

## പ്രവർത്തനങ്ങൾ

നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച് അക്കാദമി നിർവ്വാഹക സമിതി ഇന്റർവ്യു നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. വയസ്സ്, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോടൊപ്പം പരിശീലനം നൽകുന്ന ഗുരുവിന്റെ/ആശാന്റെ വിശദാംശങ്ങളും സമർപ്പിക്കണം.

## തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കൂൾ യുവജനോത്സവങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കുട്ടികളേയും മറ്റുനാടൻ കലകൾ പഠിക്കാൻ തയ്യാറുള്ള വിദ്യാർത്ഥികളേയും ആ പ്രദേശത്തുള്ള നാടൻ കലാ വിദഗ്ധരേയും കണ്ടെത്തി ഏകോപനം നടത്താവുന്നതാണ്. ഊരുകൂട്ടം/ഗ്രാമസഭ/വാർഡുസഭകളിൽ പ്രചരണം നടത്തുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ സാംസ്ക്കാരിക പ്രോജക്ടുകളുമായി ഇതിനെ ഏകോപിപ്പിക്കാവുന്നതാണ്.

# LVII.
# അനർട്ട്



## എജൻസി ഫോർ നോൺ കൺവൻഷണൽ എനർജി റൂറൽ ടെക്നോളജി

സംസ്ഥാന സർക്കാരിന്റെ ഊർജ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് അനെർട്ട്. സംസ്ഥാനത്തെ പാരമ്പര്യേതര ഊർജരംഗത്തിന്റെ വികാസമാണ് ലക്ഷ്യം. കേന്ദ്രസർക്കാരിന്റെ പുതിയതും പുതുക്കാവുന്നതുമായ ഊർജമന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസിയും അനെർട്ട് ആണ്. അനെർട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഈ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ടതാണ്.

സൗരോർജം, പവനോർജ്ജം, ജൈവ ഊർജം, തിരമാല, ഊർജ്ജം, ചെറുകിട ജലവൈദ്യുത പദ്ധതി, വേലിയേറ്റ ഊർജം, ഭൂതാപം എന്നിവയൊക്കെ അനർട്ടിന്റെ പ്രവർത്തന മേഖലകളാണ്. കേരളത്തിൽ സൗരോർജ്ജം, പവനോർജം, ജൈവ ഊർജം എന്നിവയാണ് ഏറെ വികസിച്ചിട്ടുള്ള വിഭാഗങ്ങൾ, ഇതു കൂടാതെ ഊർജ സംരക്ഷണ പദ്ധതികൾ, ഗ്രാമീണ സാങ്കേതിക വിദ്യാ ഉപകരണങ്ങളുടെ വ്യാപനം എന്നിവയും അനെർട്ട് മേഖലകളാണ്.

സൗര ജലതാപിനി, സൗരഡ്രയർ (താപിനി), സൗരവൈദ്യുതി പവർപ്ലാന്റ്, സൗര റാന്തൽ, സൗരഗാർഹിക വിളക്ക്, സൗരസ്ട്രീറ്റ് ലൈറ്റ്, സൗരജലപമ്പ്, സൗര റോഡ് സ്റ്റഡ്, സൗരട്രാഫിക് ലൈറ്റുകൾ, സൗര എയർകണ്ടിഷണർ, കാറ്റാടി വൈദ്യുത യന്ത്രങ്ങൾ, കാറ്റാടി പമ്പുകൾ, ജൈവ ഡീസൽ, ബയോഗ്യാസ് പ്ലാന്റ്, പുകശല്യമില്ലാത്ത അടുപ്പുകൾ, കമ്മ്യൂണിറ്റി അടുപ്പ്, സൗരകുക്കർ, സി.എഫ്.എൽ, ഘർഷണ രഹിത ഫുട് വാൽവ്, പ്രഷർകുക്കർ, ചുടാറാപ്പെട്ടി, ഇലക്ട്രോണിക് ലോക്ക്, ജല മിൽ, ഗ്യാസിഫയർ എഞ്ചിൻ, കമ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ്, ആൽക്കഹോൾ ഫ്യൂവൽ, എൽ.ഇ.ഡി വിളക്കുകൾ, സോളാർ കൂളിംഗ്, ഹൈഡ്രജൻ, സൗരവൈദ്യുതി വാഹനങ്ങൾ, മർദ്ദിത വായു വാഹനങ്ങൾ, വൈദ്യുതി വാഹനങ്ങൾ എന്നിവയൊക്കെ അനർട്ടിന്റെ പ്രവർത്തനമേഖലയിൽ വരുന്ന ഉപകരണങ്ങളാണ്.

## 1. അനെർട്ട് മെച്ചപ്പെട്ട അടുപ്പ് വ്യാപനം- വീടുകൾക്ക് പരിഷത്തടുപ്പ് സ്ഥാപിക്കൽ

### ലക്ഷ്യം

ഊർജലാഭം, അടുക്കളയിൽ ആരോഗ്യകരമായ അന്തരീക്ഷം, കാർബൺഡൈ ഓക്സൈഡ് വിസർജനം കുറച്ച് പരിസര മലിനീകരണം കുറയ്ക്കുക.

### ഗുണഭോക്താവ്

ജനറൽ വിഭാഗത്തിലേയും എസ്.സി/എസ്.ടി വിഭാഗത്തിലേയും ആളുകൾ. സർക്കാർ നൽകുന്ന വീടുകളുടെ ഉപഭോക്താക്കൾ

### സ്കീമിന്റെ നിർവ്വഹണം

അനെർട്ട് ജില്ലാ ഓഫീസുകൾ, ലിസ്റ്റ് അനെർട്ട് സൈറ്റിൽ. www.anert.gov.in

### ഫണ്ടിംഗ്

സംസ്ഥാനാവിഷ്കൃത ഫണ്ട്, പ്ലാൻ സ്കീം. അനെർട്ടിൻെ ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് ജില്ലാ ഓഫീസ് വഴി വിതരണം ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

1. ജില്ലാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുന്നതനുസരിച്ച് അടുപ്പ് സ്ഥാപിക്കുക.
2. അനെർട്ടിൽ നിന്നും പരിശീലനം ലഭിച്ചവർ മാത്രമാണ് അടുപ്പ് സ്ഥാപിക്കുന്നത്.
3. അടുപ്പിന്റെ സാമഗ്രികളുടെ വില സ്വന്തം കൈയിൽ നിന്നും മുടക്കി അടുപ്പ് സ്ഥാപിക്കുക

4. അടുപ്പ് സ്ഥാപിച്ചശേഷം അപേക്ഷയും ഫോട്ടോയും അനെർട്ട് ഓഫീസിൽ എത്തിക്കണം.
5. ഫീൽഡിലുള്ള പരിശോധന നടത്തുന്നു.
6. സബ്സിഡി തുക ചെക്കായിട്ട് നൽകുന്നു.

### സംഘാടനം

അനെർട്ട് ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകൾ/ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്നു.

### വകുപ്പിന്റെ പങ്ക്

അനെർട്ട് നേരിട്ട്

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക് പദ്ധതിയുമായുള്ള ഏകോപനം

സ്കീമിനെക്കുറിച്ച് ഗ്രാമ സഭ/വാർഡ് സഭ വഴി അവബോധം നൽകൽ, പരമാവധി ആളുകൾക്ക് ഊർജലാഭഅടുപ്പുകൾ സ്ഥാപിക്കുന്നതിന് ഉൽബോധനം നൽകി ഊർജ ലാഭം ഉറപ്പു വരുത്തൽ.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മുൻഗണനാ ക്രമം അനുസരിച്ച് അപേക്ഷകൾ കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തൽ

### സബ്സിഡി

ഓരോ വർഷവും സർക്കാർ തീരുമാനമനുസരിച്ചാണ് സബ്സിഡി നിശ്ചയിക്കുന്നത്. കഴിഞ്ഞ വർഷം (2012-13) എസ്.സി/എസ്.ടി/സർക്കാർ നൽകുന്ന സഹായത്തോടെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഗുണഭോക്താക്കൾക്ക് അടുപ്പിന്റെ വിലയായ 2500 രൂപ സബ്സിഡി നൽകുന്നുണ്ട്. മറ്റുള്ളവർക്ക് 1000 രൂപയാണ് സബ്സിഡി.

## 2. പരിശീലന പരിപാടി – അടുപ്പ് സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, സോളാർ ഇലക്ട്രോണിക് ഉപകരണ റിപ്പയർ

### ലക്ഷ്യം

മനുഷ്യശേഷി വികസിപ്പിക്കുക. (Man power development)

## ഗുണഭോക്താവ്

താൽപര്യമുള്ള ആർക്കും പരിശീലനത്തിൽ പങ്കെടുക്കാം.

## സ്കീമിന്റെ നിർവഹണം

അനെർട്ട് ജില്ലാ ഓഫീസുകൾ

## ഫണ്ടിംഗ്

സംസ്ഥാനാവിഷ്കൃത പ്ലാൻ ഫണ്ട് . അനെർട്ട് /ത്രിതല പഞ്ചായത്ത്. പരിശീലനം നടത്തുന്ന സ്ഥലത്തെ ജില്ലാ ഓഫീസ് വഴിയും നിർവ്വഹണം നടത്താം.

## പ്രവർത്തനങ്ങൾ

10 ദിവസത്തെ പരിശീലനം

## സംഘാടനം

അനെർട്ട്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വയ്ക്കാവുന്നതാണ്. ഗ്രാമസഭ/വാർഡ്സഭ വഴി അവബോധം നൽകൽ.

## വകുപ്പിന്റെ പങ്ക്

പരിശീലന സഹായം

## തദ്ദേശഭരണ സ്ഥാപനത്തിന്റെ ഏകോപന സാധ്യത

അനെർട്ടും തദ്ദേശഭരണ സ്ഥാപനവും ചേർന്ന് നടത്തുന്നതാണ്.

## സബ്സിഡി/അനെർട്ടിൽ നിന്നുള്ള ധനസഹായം

അനെർട്ട് നേരിട്ട് നടത്തുന്ന പരിശീലന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനെർട്ട് തന്നെ കണ്ടെത്തുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലന പദ്ധതിയുടെ മുഴുവൻ ഫണ്ടും അതാത് തദ്ദേശഭരണ സ്ഥാപനം തന്നെ കണ്ടെത്തേണ്ടതാണ്.

## 3. സ്കൂളുകളിൽ/അംഗൻവാടികളിൽ/പൊതു സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി അടുപ്പ് വ്യാപനം

### ലക്ഷ്യം

നാലിരട്ടി വിറക് ലാഭം, പുകശല്യമില്ലാത്ത അടുക്കള, കാർബൺ ഡൈ ഓക്സൈഡിന്റെ വിസർജ്ജനം കുറയ്ക്കുക, പരിസര മലിനീകരണം കുറയ്ക്കുക.

### ഗുണഭോക്താവ്

സ്കൂൾ/അംഗൻവാടി/പൊതു സ്ഥാപനങ്ങൾ

### സ്കീമിന്റെ നിർവ്വഹണം

അനെർട്ട് ജില്ലാ ഓഫീസുകൾ, ലിസ്റ്റ് അനെർട്ട് സൈറ്റിൽ. www.anert.gov.in

### ഫണ്ടിംഗ്

സംസ്ഥാനാവിഷ്കൃത ഫണ്ട്, പ്ലാൻ സ്കീം. അനെർട്ടിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് ജില്ലാ ഓഫീസ് വഴി വിതരണം ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

1. ജില്ലാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുന്നതനുസരിച്ച് അടുപ്പ് സ്ഥാപിക്കുക.
2. അനെർട്ടിൽ നിന്നും പരിശീലനം ലഭിച്ചവർ മാത്രമാണ് അടുപ്പ് സ്ഥാപിക്കുന്നത്.
3. അടുപ്പിന്റെ സാമഗ്രികളുടെ വില സ്വന്തം കൈയിൽ നിന്നും മുടക്കി അടുപ്പ് സ്ഥാപിക്കുക
4. അടുപ്പ് സ്ഥാപിച്ചശേഷം അപേക്ഷയും ഫോട്ടോയും അനെർട്ട് ഓഫീസിൽ എത്തിക്കണം.
5. ഫീൽഡിലുള്ള പരിശോധന നടത്തുന്നു.
6. സബ്സിഡി തുക ചെക്കായിട്ട് നൽകുന്നു.

### സംഘാടനം

അനെർട്ട് ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകൾ/ഗ്രാമ പഞ്ചായത്തുകൾ വഴി നടപ്പാക്കുന്നു.

### വകുപ്പിന്റെ പങ്ക്

അനെർട്ട് നേരിട്ട്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക് പദ്ധതിയുമായുള്ള ഏകോപനം

സ്കീമിനെക്കുറിച്ച് ഗ്രാമ സഭ/വാർഡ് സഭ വഴി അവബോധം നൽകൽ, പരമാവധി സ്ഥാപനങ്ങൾ ഊർജലാഭ അടുപ്പുകൾ സ്ഥാപിക്കുന്നതിന് ഉൽബോധനം നൽകി ഊർജ ലാഭം ഉറപ്പു വരുത്തൽ

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മുൻഗണനാ ക്രമം അനുസരിച്ച് അപേക്ഷകൾ കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തൽ

## സബ്സിഡി

കമ്മ്യൂണിറ്റി ചൂളയ്ക്ക് സബ്സിഡി നൽകുന്നത് അടുപ്പിന്റെ വലിപ്പം അനുസരിച്ചാണ്. ഒരു അടുപ്പിന് 4800 രൂപ മുതൽ 6250 വരെ ലഭ്യമാണ്. ഏകദേശം 30% ആണ് സബ്സിഡി ലഭിക്കുന്നത്. ശരിയായ സബ്സിഡി വിവരങ്ങൾ അതാത് ജില്ലാ ഓഫീസിൽ നിന്നോ അനെർട്ട് വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്. www.anert.gov.in

# 4. പൊതു സ്ഥാപനങ്ങളിൽ സൗര വൈദ്യുത പദ്ധതി നടപ്പാക്കുക

## ലക്ഷ്യം

സൗരവൈദ്യുതി ഉൽപാദനം

## ഗുണഭോക്താവ്

പൊതു സ്ഥാപനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

സ്ഥാപനങ്ങളും അനെർട്ടും

## ഫണ്ടിംഗ്

പൊതു സ്ഥാപനം

## പ്രവർത്തനങ്ങൾ

1. സ്ഥാപനത്തെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ നൽകുക. അനെർട്ട് സൈറ്റിൽ നിന്നുംഫോർമാറ്റ് ലഭ്യമാണ്. സൂര്യപ്രകാശം ലഭ്യമാകുന്ന കെട്ടിടങ്ങളുടെ മേൽക്കൂരയുടെ അളവ്, സ്ഥാപനത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ അളവ് എന്നിവ അതിൽ ഉൾക്കൊള്ളുന്നു.

2. പൊതു സ്ഥാപനം ആവശ്യപ്പെടുന്നതനുസരിച്ച് സൗരപദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ. അനെർട്ട് ഇത് സൗജന്യമായി നൽകുന്നു.
3. 10% കൺസൾട്ടിംഗ് ഫീസ് ഉൾപ്പെടെയുള്ള തുക അനെർട്ടിൽ ഡിപ്പോസിറ്റ് വർക്ക് ആയി അടച്ചാൽ അനെർട്ട് തന്നെ ടെണ്ടർ ചെയ്ത് പവർപ്ലാന്റ് സ്ഥാപിക്കുന്നതാണ്. 6 മാസമെങ്കിലും സമയം ഇതിനായി പ്രതീക്ഷിക്കാം.
4. പൊതു സ്ഥാപനങ്ങൾ നേരിട്ട് ടെണ്ടർ ക്ഷണിച്ച് ഈ പ്രവർത്തനം നടത്തുകയാണെങ്കിൽ അനെർട്ടിൽ നിന്നുള്ള വിദഗ്ധരുടെ സേവനം വേണമെങ്കിൽ 6% കൺസൾട്ടിംഗ് ചാർജ് നൽകേണ്ടതാണ്.
5. അനെർട്ട് നേരിട്ട് നടപ്പാക്കുന്നത് കേന്ദ്രസർക്കാരിന്റെ സബ്സിഡി അനുസരിച്ചാണ്. 5 വർഷ വാറന്റി മൊത്തം ഉപകരണങ്ങൾക്ക് ലഭിക്കും. സൗരപാനലിന് പെർഫോമൻസ് വാറന്റി 25 വർഷം ലഭ്യമാണ്. (www..mnre.gov.in കാണുക)
6. ആവശ്യമായ പ്രാഥമിക വിവരങ്ങൾ നൽകുക
7. ഡെപ്പോസിറ്റ് വർക്ക് ആണെങ്കിൽ അനെർട്ട് ഡയറക്ടറുടെ അനുമതി വാങ്ങുക.
8. ഫണ്ട് മുൻകൂറായി അനെർട്ടിൽ അടയ്ക്കുക

## സംഘാടനം

അനെർട്ട്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ലാ കെട്ടിടങ്ങളിലും ആയതു സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപ്പിലാക്കുക

## വകുപ്പിന്റെ പങ്ക്

സാങ്കേതികമായ വിവരങ്ങൾ നൽകുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ ഏകോപനം

അനെർട്ട് വഴി സബ്സിഡി ലഭ്യമാക്കാം. തദ്ദേശഭരണ സ്ഥാപനത്തിന്റെ നോൺ കൺവെൻഷണൽ ഊർജ്ജ പ്രോജക്ടുകളുമായി ഇതിനെ ബന്ധപ്പെടുത്താം.

## സബ്സിഡി ലഭ്യമാക്കുന്ന പ്രവർത്തനം

1. പവർപ്ലാന്റിന് കേന്ദ്ര സബ്സിഡി ലഭ്യമാണ്.
2. കേന്ദ്രസർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള അപേക്ഷാഫോറത്തിൽ അനെർട്ട് വഴി കേന്ദ്ര സർക്കാരിന് മുൻകൂട്ടി അപേക്ഷ നൽകണം

3. കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ടിട്ടില്ലാത്ത തരം പവർപ്ലാന്റാണ് ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്. (അതായത് ഇപ്പോൾ വൈദ്യുതി ഗ്രിഡിലേക്കു നൽകുന്നില്ല.) ഇത്തരം പ്ലാന്റിന് ബാറ്ററി ഉള്ളവയും ഇല്ലാത്തവയും ഉണ്ട്. ബാറ്ററി ഉള്ളവയാണ് പൊതു സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നത്.

അതിന്റെ ബെഞ്ച് മാർക്ക് വില 1,70,000/ കിലോവാട്ട് ആണ്. ഇതിന്റെ 30% ആയിരിക്കും കേന്ദ്രസബ്സിഡിയായി ലഭിക്കുന്നത്. ബിൽ തുക കുറവാണെങ്കിൽ അതനുസരിച്ച് സബ്സിഡിയും കുറയും. (അതാത് സമയത്തുള്ള സബ്സിഡി അറിയുവാൻ www.mnre.gov.in സൈറ്റ് കാണുക)

4. കേന്ദ്രസർക്കാർ അനുമതിക്ക് അപേക്ഷിക്കുന്നതിനോടൊപ്പം തന്നെ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും തുടങ്ങാവുന്നതാണ്. ആദ്യം മുഴുവൻ തുകയും അതാത് സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടി വരും.
5. കേന്ദ്രസർക്കാരിന്റെ മറുപടി കിട്ടിയശേഷം പ്ലാന്റ് സ്ഥാപിച്ച സർട്ടിഫിക്കറ്റ്, ഫോട്ടോ എന്നിവ സഹിതം സബ്സിഡിക്കായി കമ്മീഷൻ റിപ്പോർട്ട് അയക്കുക.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മഴക്കാലത്ത് ഒഴിവാക്കുക. മേൽക്കൂരയിൽ കയറാനുള്ള വൈഷമ്യം ഉണ്ടാകും. മഴയുള്ളപ്പോൾ ചില ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവില്ല. സൗരോർജ ലഭ്യത വിലയിരുത്തുവാനും മഴക്കാലത്ത് ബുദ്ധിമുട്ട് ഉണ്ടാകും.

## 5. സൗര വാട്ടർ ഹീറ്റർ സ്ഥാപിക്കൽ

### ലക്ഷ്യം

വൈദ്യുത ഊർജം ലാഭിക്കുക

### ഗുണഭോക്താവ്

വ്യക്തികൾ

### സ്കീമിന്റെ നിർവ്വഹണം

അനെർട്ട്

### ഫണ്ടിംഗ്

സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ട്

## പ്രവർത്തനങ്ങൾ

1. കേന്ദ്രസർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉപകരണങ്ങൾ സ്ഥാപിക്കുക (ഏതൊക്കെ സ്ഥാപനങ്ങൾ ആണെന്ന് www.mnre.gov.in ൽ ഉണ്ട്.) ഇവയിൽ ചിലത് ചാനൽ പാർട്ട്നറും മറ്റുള്ളവ അല്ലാതെയുള്ളതുമാണ്.
2. അനെർട്ട് ഓഫീസിൽ നിന്നുമുള്ള അറിയിപ്പു വന്നതിനുശേഷം അനെർട്ട് ഓഫീസിൽ അപേക്ഷ നൽകുക
3. സാധാരണയായി, ഏപ്രിൽ 1 നും മാർച്ച് 31 നും ഇടയിൽ വാങ്ങി സ്ഥാപിച്ച സൗര വാട്ടർ ഹീറ്ററുകൾക്ക് അതാത് വർഷത്തെ സ്കീമിൽ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
4. ബില്ലിന്റെ കോപ്പിയും ഐഡന്റിറ്റി കാർഡിന്റെ കോപ്പിയും വീട്ടുകാർ ഒപ്പിട്ട ശേഷം അപേക്ഷയോടൊപ്പം വയ്ക്കണം. സൗര വാട്ടർ ഹീറ്റർ സ്ഥാപിച്ചു പ്ലംബിംഗ് കഴിഞ്ഞതിന്റെ ഫോട്ടോ അപേക്ഷയോടൊപ്പം വയ്ക്കണം.

## സംഘാടനം

അനെർട്ട്

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമസഭ/ വാർഡ് സഭ വഴി വ്യാപകമായ പ്രചരണം നടത്തുക.

## വകുപ്പിന്റെ ചുമതല

ഇൻസ്പെക്ഷൻ നടത്തുക, സബ്സിഡി അനുവദിക്കുക

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം

മറ്റ് പാരമ്പര്യേതര ഊർജ്ജ പ്രോജക്ടുകളുമായി ഇതിനെ ബന്ധപ്പെടുത്താം.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. 100 ലിറ്റർ, 200 ലിറ്റർ എന്നിങ്ങനെ 100 ന്റെ ഗുണിതങ്ങളായാണ് സബ്സിഡി അനുവദിക്കുന്നത്
2. ഓരോ ഉൽപന്നങ്ങളുടേയും സ്റ്റാന്റേർഡ് വില അനെർട്ട് ജില്ലാ ഓഫീസിൽ നിന്ന് ലഭ്യമാണ്.
3. ബില്ലിൽ കേന്ദ്രസർക്കാരിൻ നിന്നുള്ള സബ്സിഡി കുറച്ചു കാണിച്ചിരിക്കണം. അപ്രകാരമുള്ള തുക കേന്ദ്രസർക്കാരിൽ നിന്ന് നേരിട്ട് ചാനൽ പാർട്നർ ആയ

കമ്പനികൾക്ക് നൽകുന്നതാണ്. ആ സബ്സിഡി അല്ലാതെ, കേരള സർക്കാരിൽ നിന്നുള്ള സബ്സിഡി ആണ് അനെർട്ട് വഴി വിതരണം ചെയ്യുന്നത്. ചാനൽ പാർട്ട്നർ അല്ലാതുള്ള കമ്പനികളുടെ സാധനങ്ങൾ വാങ്ങിയാൽ മുഴുവൻ സബ്സിഡിയും അനെർട്ട് വഴി നൽകുന്നതാണ്.

# LVIII.
# എം.എൽ.എ മാർക്കുള്ള സ്പെഷൽ വികസനഫണ്ട് സ്കീം



## ആമുഖം

2001 മുതൽ നടപ്പിലാക്കി വരുന്നു. നോമിനേറ്റഡ് എം.എൽ.എ മാർക്കും അവകാശമുണ്ട്. ഇപ്പോൾ ഒരു കോടി രൂപയാണ് സീലിംങ്. ഓരോ എം.എൽ.എ മാരും അവരുടെ നിയോജകമണ്ഡലത്തിനുള്ളിൽ അനുവദനീയമായ സ്കീമുകളിൽ നിന്നും തെരഞ്ഞെടുത്ത പ്രവൃത്തികൾ അതാതു ജില്ലാ കളക്ടർക്കു നൽകുകയും ജില്ലാ കളക്ടർ അതാത് ഡിപ്പാർട്ട്മെന്റ്/ഏജൻസികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനയക്കുകയും ചെയ്യുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നമുറയ്ക്ക് കളക്ടർ ആയത് ഫിനാൻസ് വകുപ്പിന്റെ ഭരണാനുമതിയ്ക്കായി നൽകുന്നു. എന്നാൽ ചില പ്രവൃത്തികൾക്ക് ജില്ലാ കളക്ടർക്കു തന്നെ ഭരണാനുമതി നൽകാം. എം.എൽ.എ മാരുടെ പ്രത്യേക വികസനഫണ്ട് വിനിയോഗിക്കുവാൻ കഴിയാവുന്ന/കഴിയാത്ത പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി നൽകിയിട്ടുണ്ട്. നാച്ചുറൽ കലാമിറ്റി പോലുള്ള ദുരിതങ്ങൾ വഴിയുള്ള പുനരധിവാസത്തിനുള്ള ആസ്തികൾ ഉണ്ടാക്കുന്നതിന് നിയോജകമണ്ഡലത്തിന് പുറത്തുള്ള പ്രവർത്തികളും നിർദ്ദേശിക്കാം.

## ലക്ഷ്യങ്ങൾ

- തന്റെ നിയോജകമണ്ഡലത്തിലെ പ്രാദേശികാവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവൃത്തികൾക്കുള്ള പ്രോജക്ടുകളാണ് ഈ സ്കീമിൽ തെരഞ്ഞെടുക്കേണ്ടത്.
- ഈടു നില്ക്കുന്ന പൊതു ആസ്തികൾ ഉണ്ടാക്കുന്നതിന് സ്കീം ലക്ഷ്യമിടുന്നു.
- സേവന സംവിധാനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നു (റിക്കറിംഗ് അല്ലാത്തവ)

വികസന ഫണ്ട് വിനിയോഗിച്ച് ഉണ്ടാക്കുന്ന ആസ്തികളുടെ ഉടമസ്ഥത സർക്കാറിൽ നിക്ഷിപ്തമാകും. ആയത് കൈമാറുന്നതിനോ വിൽക്കുന്നതിനോ കഴിയില്ല. എന്നാൽ മെയന്റ്നൻസ്, സംരക്ഷണം എന്നിവ ഉടമകൾ തന്നെ നിർവ്വഹിക്കണം.

## ഗുണഭോക്താക്കൾ

പൊതുജനങ്ങൾ

## അർഹതാമാനദണ്ഡം

നിയോജകമണ്ഡലത്തിലെ പൊതുജനാവശ്യം കണക്കിലെടുത്ത് അനുവദനീയമായ പ്രവൃത്തികൾ എം.എൽ.എ തെരഞ്ഞെടുക്കുന്നു. കളക്ടർ പരിശോധിച്ച് നിയമപരമായി ചെയ്യാൻ കഴിയുന്നവയാണോയെന്ന റിപ്പോർട്ട് എം.എൽ.എ ക്ക് നൽകുന്നു.

## നിർവ്വഹണം

ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ അതാത് വകുപ്പുകൾ വഴി പ്രോജക്ടുകളുടെ നിർവ്വഹണവും മോണിറ്ററിംഗും നടത്തുന്നു. ഫിനാൻസ് വകുപ്പ് പ്രോജക്ടിന്റെ ഏകോപനവും മേൽനോട്ടവും നടത്തുന്നു. കൂടാതെ പഞ്ചായത്ത് /മുനിസിപ്പൽ സ്ഥാപനങ്ങൾ, പ്രസിദ്ധിയാർജിച്ച എൻ.ജി.ഒ കൾ, കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ്, അർബൻ ഡവലപ്മെന്റ് അതോറിറ്റീസ് മുതലായ പൊതുമേഖലാ സ്ഥാപനങ്ങളേയും ഗുണഭോക്തൃസമിതികളേയും(3 വർഷമായി നിലവിലുള്ള) പ്രവൃത്തികളുടെ നിർവ്വഹണത്തിനായി എല്പിക്കാം. ഫിനാൻസ് ഡിപ്പാർട്ട്മെന്റ് മേധവാവികൾ സൂപ്പർ ചെക്ക് നടത്തുന്നു. സംസ്ഥാന ബജറ്റ് പാസാക്കിയാൽ ഉടൻ തന്നെ ഫണ്ട് ജില്ലാകളക്ടർക്ക് കൈമാറുന്നു.

## ഫണ്ടിംഗ്

- രണ്ട് ഗഡുക്കളായാണ് ഫണ്ട് അക്കൗണ്ടിലേക്ക് (കളക്ടറുടെ PD അക്കൗണ്ടിലേക്ക്) നൽകുന്നത്.

- ഫണ്ട് ലാപ്സാവുന്നതല്ല. അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യാം.
- ജില്ലാ കളക്ടർ നൽകുന്ന ശുപാർശിയിന്മേൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ജില്ലാ കളക്ടർക്കും ജില്ലാ കളക്ടർ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയ്ക്കനുസരിച്ചും ഫണ്ട് വിതരണം ചെയ്യുന്നു.
- ആദ്യഗഡു 75% ഉം പിന്നീട് പ്രവൃത്തിയുടെ പുരോഗതിക്കനുസരിച്ച് ഘട്ടംഘട്ടമായി ഫണ്ട് അനുവദിയ്ക്കുന്നു. ഫണ്ട് ട്രഷറിയിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

## പ്രവർത്തനങ്ങൾ

- എം.എൽ.എ മാർ പ്രവൃത്തികൾ ശുപാർശ ചെയ്യുന്നു.
- ജില്ലാകളക്ടർ ആയവ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നൽകുന്നു.
- വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി തിരിച്ച് നൽകുന്നു,
- ജില്ലാ കളക്ടർ ഭരണ, സാങ്കേതികാനുമതി ലഭ്യമാക്കുന്നു.
- ബന്ധപ്പെട്ട നിർവ്വഹണ ഉദ്യാഗസ്ഥൻ പ്രോജക്ട് നിർവ്വഹണം നടത്തുന്നു.
- ജില്ലാകളക്ടർ യഥാസമയം ഫണ്ട് അലോട്ട്മെന്റ് നടത്തുന്നു.
- ഫിനാൻസ് വകുപ്പ് സ്കീമിന്റെ ഏകോപനവും മൊത്തത്തിലുള്ള മേൽനോട്ടവും നിർദ്ദേശങ്ങളും നൽകുന്നു.
- റിപ്പോർട്ടിന്റെ പകർപ്പ് എം.എൽ.എ മാർക്ക് നൽകുന്നു. സാധാരണ രീതിയിലുള്ള സാമ്പത്തിക നടപടിക്രമങ്ങൾ ഇതിനും ബാധകം
- ജില്ലാകളക്ടർ 10% പ്രോജക്ടുകളുടെ നിർവ്വഹണം നേരിട്ട് പരിശോധിക്കുന്നു. എം.എൽ.എ മാരേയും ഉൾപ്പെടുത്തണം. കൂടാതെ വകുപ്പുമേധാവികളും, സബ്ബ് ഡിവിഷൻ ബ്ലോക്കുതല മേധാവികളും പരിശോധന നടത്തുന്നു.
- മോണിറ്ററിംഗ് റിപ്പോർട്ട് രണ്ട് മാസത്തിലൊരിക്കൽ ബന്ധപ്പെട്ട എം.എൽ.എ യും ഫിനാൻസ് വകുപ്പിന് നൽകുന്നു.
- ജില്ലാകളക്ടർ മോണിറ്ററിംഗ് റിപ്പോർട്ട് രണ്ട് മാസത്തിലൊരിക്കൽ ബന്ധപ്പെട്ട എം.എൽ.എയ്ക്കും ഫിനാൻസ് വകുപ്പിനും നൽകുന്നു.
- ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറി/സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷ്ണൽ ചീഫ് സെക്രട്ടറി എന്നിവർ ചുരുങ്ങിയത് വർഷത്തിൽ ഒരു തവണയെങ്കിലും എം.എൽ.എ മാരുടേയും ജില്ലാകളക്ടർമാരുടേയും അവലോകനയോഗം കൂടുന്നു. കൂടാതെ ടെലി കോൺഫറൻസും കൂടുന്നു. എം.എൽ.എ മാരും പങ്കെടുക്കുന്നു.

- പ്രവർത്തി നടക്കുന്ന സ്ഥലങ്ങളിൽ പ്രവർത്തിയുടെ പേരും എം.എൽ.എ മാരുടെ പേരും പ്രദർശിപ്പിക്കണം. ഗുണഭോക്തൃസമിതിയാണെങ്കിൽ അക്കൗണ്ടും ഓഡിറ്റഡ് അക്കൗണ്ടും റിപ്പോർട്ടും സർക്കാരിന് വർഷാവർഷം നൽകണം.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നടത്താവുന്ന പ്രവൃത്തികളെക്കുറിച്ച് എം.എൽ.എ യുമായി ചർച്ച ചെയ്യുക. സ്കീമിലുൾപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുക. അവ ഗ്രാമസഭ/വാർഡ്സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി തയ്യാറാക്കുമ്പോൾ എം.എൽ.എ ഫണ്ടുമായുള്ള ഏകോപനം ഉറപ്പു വരുത്താൻ ശ്രമിക്കണം. കൂടാതെ പദ്ധതി വിടവുകൾ നികത്താൻ ഇവ ഉപയോഗപ്പെടുത്തണം. എം.പി.എൽ.എ.ഡി, എം.എൽ.എ, കേന്ദ്ര -സംസ്ഥാന പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ടായിരിക്കണം തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയ്ക്ക് രൂപം നൽകേണ്ടത്.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

നിർവ്വഹണത്തിൽ സുതാര്യത ഉറപ്പാക്കാൻ ശ്രദ്ധിക്കുക. താത്ക്കാലിക പ്രശ്ന ശമനത്തിൻ ഊന്നൽ നൽകാതെ കൂടുതൽ പേർക്ക് ദീർഘകാലം പ്രയോജനം ലഭിക്കുന്ന പദ്ധതികൾ കണ്ടെത്തി മുതൽ മുടക്ക് നടത്തുന്നതായിരിക്കും അഭികാമ്യം.

## APPENDIX 1

ILLUSTRATIVE LIST OF WORKS THAT CAN BE TAKEN UNDER THE SPECIAL DEVELOPMENT FUND FOR MLAs

1. Construction of buildings for schools, libraries and other buildings of educational institutions belonging to Government or Local Bodies. Such buildings belonging to aided institutions and unaided but recognized institutions can also be constructed provided, however, that the institution be in existence for not less than two years.
2. Construction of tube-wells and water-tanks for providing water to the people in villages, town or cities, or execution of other works, such may help in this respect. Water tankers can be purchased for providing drinking water.

3. Construction of roads including part roads, approach roads, link roads etc. in village and towns and cities. Very selectively kutcha roads can be constructed where the MLA concerned and the District Head agree to meet the locally felt needs.
4. Construction of culverts/bridges on the roads of above description and open well or tube wells.
5. Construction of common shelters for the old or handicapped.
6. Construction of buildings for local bodies, for recognized District or State Sports Associations and for cultural and sports activities or for hospitals, provision of multi gym facilities in gymnastic centers, sports associations, physical education training institutions is also permissible.
7. Special forestry, farm forestry, horticulture, pastures, parks and gardens in Government and community lands or other surrendered lands.
8. Desilting of ponds in villages, towns and cities.
9. Construction of public irrigation and public drainage facilities.
10. construction of common gobar gas plants, non-conventional energy systems/ devices for community use and related activities
11. Construction of irrigation embankments, or lift irrigation or water table recharging facilities.
12. Construction of public libraries and reading rooms.
13. Construction of Creches and anganwadies.
14. Construction of public health care buildings, including family welfare sub-centres together with the ANM residential quarters. Such buildings belonging to aided institutions also can be constructed.
15. Construction of crematoriums and structures on burial/cremation grounds.
16. Construction of public toilets and bathrooms
17. Construction of drains and gutters
18. Construction of footpaths, pathways and footbridges.
19. Provision of civic amenities – like electricity, water, pathways, public toilets etc, in slum areas of cities, town and villages and in SC/ST habitations, provision of common work sheds in slums and for artisans.

20. Construction residential schools in tribal areas.
21. Construction of bus sheds/stops for public transport passengers.
22. Construction of veterinary aid centers, artificial insemination centers and breeding centers.
23. Procurement of hospital equipment like X-Ray machines, ambulances for Government Hospitals and setting up of mobile dispensaries in rural areas by Government Panchayati institutions. Ambulances can be provided to reputed service organizations like Red Cross, Ramakrishna Mission etc.
24. Electronic Projects:
    1. Computer in education project of High School/College
    2. Information footpath
    3. Ham Club in high schools
    4. Citizen band radio
    5. Bibliographic data-base projects.
25. Construction of level crossing at unmanned Railway crossing.
26. Purchase of Audio-Visual educational nature for Government, Government-aided and also unaided but Government recognized educational institutions provided there is proper place and proper provision for safe custody of these aids.
27. Purchase of Night Soil Disposal System for local bodies.
28. Purchase of motor boats for flood and cyclone affected areas.
29. Works related to animal care/welfare like construction bridges/shelters, provision of ambulances, medical equipment and development of infrastructure facilities like provision of drinking water, drainage etc.
30. Providing Buses to Government Educational Institutions.
31. To provide motor & pumbsets to public bore wells.
32. Purchase of automatic milk- collection/Testing machine for co-operatives
33. Provide civic Amenities in SC/ST and non SC/ST slum areas.
34. 15% of funds can be utilized for road up gradation.
35. Can be used for contributing to State share of centrally sponsored scheme which are allowable under MLA scheme.

# APPENDIX 2

## LIST OF WORKS NOT PERMISSIBLE UNDER THE SPECIAL DEVELOPMENT FUND FOR MLAs.

1. Office buildings, residential buildings relating to Central or State Governments, Departments, Agencies or organizations.
2. Works belonging to commercial organizations, private institutions or co-operative institutions.
3. Repair and maintenance works of any type other than special repairs for restoration/up-gradation of any durable asset.
4. Grant and loans.
5. Memorials or memorial buildings.
6. Purchase of inventory or stock of any type.
7. Acquisition of land or any compensation for land acquired
8. Assets for all individual benefit, except those which are part of approved schemes.
9. Places for religious worship.
10. Developmental activities of unaided institutions

# APPENDIX 3

## FORMAT FOR THE PURPOSE OF RELEASE OF FUNDS UNDER THE SPECIAL DEVELOPMENT FUND OF MEMBERS OF LEGISLATIVE ASSEMBLY

Statement of Expenditure under SDF (up to date)

Name of constituency :

Name of MLA :

Name of nodal district :

Address :

Phone no. with STD code :

Fax : e-mail :

1. Total funds received for the constituency:

(a) Funds received from the Govt. of Kerala Year Funds received (Rs. in lakhs)

(b) Total amount of interest accrued on the funds

(c) Total (a+b)

2. Total No. and cost of works recommended:

No. of works Estimated Cost

(d)Total

3. No. and cost of works sanctioned on recommendations of the MLA:

No. of works Estimated Cost

(e)Total

4. Total unsanctioned balance available with the constituency:

5. Total No. of works completed in the constituency:

6. Total No. of works started but not completed:

7. Total actual expenditure

Date: Signature of the District Collector/
District Magistrate/ Dy Commissioner.

Copy to:

Shri/Smt…………………………………..


Member of Legislative Assembly

Note: (1) The next due installment of Rs. 50 lakhs is released only when the amount in respect of column No. 4 is reported as less than Rs. 25 lakh.

(2) The Nodal District collector is required to furnish a consolidated report including the information pertaining to other districts falling in constituency where funds were transferred of the MLA.

(3) Sanctioned amount is the cost of such schemes only for which financial sanctions have already been issued. Cost of schemes which have got only administrative approval (and not financial sanction) should not be reported as sanctioned in column No. 3.

# LIX.
# കേന്ദ്രാവിഷ്കൃത പദ്ധതികൾ സപ്ലിമെന്റ്
# സിവിൽ സപ്ലൈസ്



## 1. മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകൽ

### ലക്ഷ്യങ്ങൾ

വിളക്ക് കത്തിക്കുന്നതിന്

### ഗുണഭോക്താവ്

എല്ലാ റേഷൻ കാർഡുടമകളും

### സ്കീമിന്റെ നിർവ്വഹണം

സിവിൽ സപ്ലൈസ് വകുപ്പ് - കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് സബ്സിഡി നിരക്കിൽ അനുവദിക്കുന്ന മണ്ണെണ്ണ, ഓയിൽ കമ്പനിയിൽ നിന്നും മൊത്തവ്യപാരികൾ ലിഫ്റ്റ് ചെയ്യുന്നു. റീട്ടെയിൽ റേഷൻ വ്യാപാരികൾ മൊത്ത വ്യാപാര ഡിപ്പോയിൽ നിന്നും സ്റ്റോക്കെടുത്ത് ഗുണഭോക്താക്കൾക്ക് നൽകുന്നു. കാർഡുടമക്ക് പരമാവധി പ്രതിമാസം വൈദ്യുതീകരിച്ച വീടുകൾക്ക് ഒരു ലിറ്ററും അല്ലാത്തവയ്ക്ക് 4 ലിറ്ററും മണ്ണെണ്ണ ലിറ്ററൊന്നിന് 16.50 രൂപ പ്രകാരം അലോട്ട്മെന്റ് അനുസരിച്ച് നൽകി വരുന്നു.

### ഫണ്ടിംഗ്

കേന്ദ്രാവിഷ്കൃത പദ്ധതി (നോൺപ്ലാൻ) യാണിത്.

### വകുപ്പിന്റെ പങ്ക്

പൊതു വിതരണ വകുപ്പ് വിവിധ റേഷൻ കടകൾ വഴി കാർഡുടമകൾക്ക് നിശ്ചിത അളവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നു.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

ഗ്രാമപഞ്ചായത്ത് ഭക്ഷ്യോൽപാദക വിജിലൻസ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. കൃത്യം അളവിലും തൂക്കത്തിലും മണ്ണെണ്ണ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. റേഷൻ കടയിന്മേലുള്ള പൊതുജന പരാതികൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുക. പദ്ധതി സംബന്ധിച്ച ഗ്രാമസഭയിൽ ചർച്ച ചെയ്യുക.

### തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം, സംയോജനം എങ്ങനെ സാധ്യമാക്കാം.

ആശ്രയ പദ്ധതിയുമായും ഗ്രാമപഞ്ചായത്തിന്റെ സമാന പദ്ധതികളുമായും ടി സ്കീമിനെ ഏകോപിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അർഹതയുള്ളവർക്ക് കൃത്യമായി മണ്ണെണ്ണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

# വൈദ്യുതി ബോർഡ്

## 1. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന (RGGVY)

### ലക്ഷ്യങ്ങൾ

- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഭവനങ്ങൾ സൗജന്യമായി വൈദ്യുതീകരിക്കുക
- രാജ്യത്തെ എല്ലാ ഗ്രാമങ്ങളും പ്രദേശങ്ങളും വൈദ്യുതീകരിക്കുക. എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുക

### ഗുണഭോക്താവ്

ഗ്രാമീണ ഭവനങ്ങളിലെ അംഗങ്ങൾക്ക്

## സ്കീമിന്റെ നിർവ്വഹണം

ഊർജ്ജ വകുപ്പ്

### ഫണ്ടിംഗ്

കേന്ദ്രസർക്കാർ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ വഴി കെ.എസ്.ഇ.ബിയ്ക്ക് ഫണ്ട് നൽകുന്നു. 10% ലോൺ, 50% സബ്സിഡി. ബി.പി.എൽ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് 100% ഗ്രാന്റ് 4 ഗഡുക്കളായിട്ടാണ് നൽകുന്നത്. പദ്ധതി പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ നൽകുമ്പോൾ ആദ്യ ഗഡുവായ (പദ്ധതിതുകയുടെ 30%) നൽകുന്നു. ഈ തുകയുടെ 80% ചിലവാക്കി കഴിയുമ്പോൾ, രണ്ടണ്ടാം ഗഡു (30%) നൽകുന്നു. ഇതിന്റെ 80% ചിലവാക്കി കഴിയുമ്പോൾ, മൂന്നാം ഗഡുവും (30%) നൽകുന്നു. പദ്ധതി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അവസാന ഗഡു (10%) നൽകുന്നു. ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേക അക്കൗണ്ടുകളിലാണ് ഈ ഫണ്ട് നിക്ഷേപിക്കുന്നത്. ഇലക്ട്രിക്കൽ സർക്കിൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കരാറുകാരന്റെ ബിൽ പാസാക്കുന്ന മുറയ്ക്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നു.

### പ്രവർത്തനങ്ങൾ

ഓരോ ഇലക്ട്രിക്കൽ സർക്കിൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സ്കീം തയ്യാറാക്കി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് കോർപ്പറേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഊർജ്ജ വകുപ്പിലെ ആർ.ജി.ജി.വി.വൈ യുടെ മോണിറ്ററിംഗ് കമ്മിറ്റി അനുമതി നൽകുന്ന പ്രകാരം, റൂറൽ ഇലക്ട്രിഫിക്കേശൻ കോർപ്പറേഷൻ അനുമതി നൽകുന്നു. കെ.എസ്.ഇ.ബി കരാർ അടിസ്ഥാനത്തിൽ പദ്ധതി പ്രവൃത്തികൾ നിർവ്വഹിക്കുന്നു. പദ്ധതി പ്രവൃത്തികളുടെ അവലോകനം താഴെപ്പറയുന്ന രീതികളിൽ നടക്കുന്നു.

- ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റിയിൽ അവലോകനം ചെയ്യുന്നു.
- ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അവലോകനം ചെയ്യുന്നു.
- ആർ.ഇ.സി യുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ത്രിതല മോണിറ്ററിംഗ് സംവിധാനമുണ്ടണ്ട്. ഇതു പ്രകാരം CPRI, REC, ബോർഡ്, കരാറുകാരൻ എന്നിവർ മോണിറ്ററിംഗ് നടത്തുന്നു.

## സംഘാടനം

ചീഫ് എഞ്ചിനീയർ (കോർപ്പറേഷൻ പ്ലാനിംഗ്), പ്ലാനിംഗ് ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ), നോഡൽ ഓഫീസർ (ആർ.ജി.ജി.വി.വൈ), ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, പ്രോജക്ട് ക്വാളിറ്റി കൺട്രോൾ കോ-ഓർഡിനേറ്റർ (PQCC) അതാത് ഇലക്ട്രിക്കൽ സർക്കിളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ CPRI

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

പദ്ധതി പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്യുന്നതിന് ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുന്നുണ്ട്. ഇതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ബ്ലോക്ക്/പഞ്ചായത്ത് മെമ്പർമാരും പങ്കുകൊള്ളുന്നു. ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നതിലും, സ്കീം അവബോധം നൽകുന്നതിലും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉണ്ടാകുന്നത് ഉചിതമാണ്.

## വകുപ്പിന്റെ പങ്ക്/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

പദ്ധതി പ്രവൃത്തികൾ മറ്റ് പദ്ധതിയുമായി ഏകോപിപ്പിയ്ക്കുവാൻ കഴിയുന്നതല്ല

## പ്രത്യേകം ശ്രദ്ധിക്കേണ്ടണ്ട കാര്യങ്ങൾ

പലതരത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ ഉള്ളതുകൊണ്ടണ്ട് ഓരോ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കാവുന്നതാണ്.

# ആരോഗ്യം

പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനെ കുറിച്ചും അതിന്റെ വിവിധ ഘടകങ്ങളെ കുറിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളെ കുറിച്ചുമുള്ള കൈപുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## 1. പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി (ആർ.എൻ.ടി.സി.പി.)

നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ക്ഷയരോഗം ഇപ്പോഴും പ്രധാന ആരോഗ്യ പ്രശ്നം തന്നെയാണ്.രണ്ടാഴ്ചയിൽ കൂടുതൽ നീണ്ടു നിൽക്കുന്ന ചുമ, പനി,രക്തം ചുമച്ച് തുപ്പുക, തുടങ്ങിയ ലക്ഷണങ്ങളുള്ളവരെ കണ്ടെത്തി അവരുടെ കഫം പരിശോധന നടത്തി ചികിത്സ ലഭ്യമാക്കി വരികയാണ് ചെയ്യുന്നത്. തെരഞ്ഞെടുത്ത പി.എച്ച്.സി/സി.എച്ച്,സി. കളിലും എല്ലാ താലൂക്ക്/ ജില്ല/ജനറൽ ആശുപത്രികളിലും കഫ പരിശോധനയ്ക്കുള്ള സൗകര്യങ്ങളുണ്ട്.സംശയം തോന്നുന്ന രോഗ

ലക്ഷണമുള്ള രോഗികളെ ഡോക്ടർമാർ കഫ പരിശോധന നടത്തി (അത്യാവശ്യം വേണ്ട രോഗികളിൽ എക്സ്റേ പരിശോധനയും നടത്തി) രോഗ നിർണ്ണയം നടത്തും. മുൻകാലങ്ങളിൽ വിലകൂടിയ ക്ഷയരോഗ മരുന്നുകൾക്ക് ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങളിൽ ദൗർലഭ്യം അനുഭവപ്പെടാറുണ്ടായിരുന്നു. ഇന്നിപ്പോൾ പുതിയ ക്ഷയരോഗ നിയന്ത്രണ പരിപാടിയിൽ ഓരോ രോഗിക്കും കഴിക്കേണ്ട പൂർണ്ണമായ ഡോസ് മരുന്നുകൾ മുഴുവൻ കാലത്തേയ്ക്കുള്ളത് ബോക്സിൽ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. രോഗികൾ മരുന്ന് കഴിക്കുന്നത് മറക്കാനിടയുള്ളതുകൊണ്ടും ചിലർ താല്പര്യകുറവ് കാണിക്കാനിടയുള്ളതുകൊണ്ടും മറ്റൊരാളെ മരുന്ന് കൊടുക്കുവാൻ ഏല്പിക്കുന്ന സംവിധാനവും ഇപ്പോൾ നിലവിലുണ്ട്. ആശ പ്രവർത്തകരും മറ്റും ഇത്തരത്തിൽ മരുന്നു കൊടുക്കുന്നവരായി (ഡോട്സ് പ്രൊവൈഡർ) പ്രവർത്തിക്കുന്നു.

സമൂഹത്തിലെ ക്ഷയരോഗ ലക്ഷണമുള്ള എല്ലാവരെയും ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങളിലേക്ക് പറഞ്ഞു വിടുകയും അവരെ കഫ പരിശോധന നടത്തി രോഗം സ്ഥിരീകരിക്കുവാനും ചികിത്സ എടുക്കുന്നവർ മുടക്കം കൂടാതെ ചികിത്സയും മറ്റ് തുടർ കഫ പരിശോധനകളും നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് കൂടുതൽ പങ്ക് വഹിക്കാൻ കഴിയുക. ക്ഷയ രോഗ ഡിറ്റക്ഷൻ നടത്തി ചികിത്സവേണ്ട എല്ലാവരേയും അവബോധം വളർത്തി പരിപാടിയിൽ ഉൾപ്പെടുത്തേണ്ടത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമത ലയാണ്. പരാതികളും മറ്റും വകുപ്പിന്റെ/അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടു വരേ ണ്ടതും പ്രവർത്തനം അവലോകനം ചെയ്യേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപെടുന്നു.

## 2. അന്ധതാനിവാരണ പരിപാടി

കുട്ടികളിൽ കാണുന്ന കാഴ്ച വൈകല്യങ്ങൾ (റിഫ്രാക്ടറി എറേഴ്സ്) കണ്ണു പരിശോധനകളിലൂടെ കണ്ടെത്തി , ആവശ്യമുള്ളവർക്ക് കണ്ണടകൾ വച്ച് അത് പരിഹരിക്കുക, പ്രായം ചെന്നവരിൽ വന്ന തിമിരം ശസ്ത്രക്രിയ ചെയ്ത് ലെൻസ് മാറ്റി വച്ച് ചികിത്സിക്കുക, നേത്ര സംരക്ഷണത്തെകുറിച്ചുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുക, നേത്ര ബാങ്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കോർണിയകൾ ശേഖരിച്ച് നേത്ര പടല അന്ധത ബാധിച്ചവർക്ക് ശസ്ത്രക്രിയമൂലം അവ പരിഹരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പ്രോഗ്രാം വഴി ചെയ്തു വരുന്നു. കുട്ടികളുടെ ആരോഗ്യ പരിശോധനകളുടെ ഭാഗമായി കാഴ്ച പരിശോധനകളും നടത്തുന്നു.കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഈ പ്രോഗ്രാമിന്റെ ഭാഗമായി കണ്ണു പരിശോധനയ്ക്കുള്ള ഒപ്താൽമിക് അസിസ്റ്റന്റുമാരെ നിയമിക്കുകയും കാഴ്ച പരിശോധിക്കുന്നതിനുള്ള മറ്റ് സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. താലൂക്ക്/ ജില്ല/ജനറൽ ആശുപത്രികളിൽ തിമിര

ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങളുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ഓപ്താൽമിക് യൂണിറ്റുകളിലെ നേത്രരോഗ വിദഗ്ധർ അടങ്ങുന്ന ടിം താഴെത്തട്ടിലുള്ള പി.എച്ച്.സി/സി.എച്ച്,സി. കളിൽ ഫീൽഡ് തലത്തിലും ക്യാമ്പുകൾ നടത്തി നേത്രരേഗമുള്ളവരെ കണ്ടെത്തി വേണ്ട ചികിത്സകൾ ലഭ്യമാക്കുന്നു.

കേന്ദ്ര മാനദണ്ഡങ്ങളനുസരിച്ച് അംഗീകാരമുള്ള സ്വകാര്യ നേത്ര ചികിത്സാകേന്ദ്രങ്ങൾക്കും, മറ്റ് സന്നദ്ധസംഘടനകൾക്കും മെഡിക്കൽ ക്യാമ്പുകളിലൂടെ രോഗികളെ കണ്ടെത്തി തിമിര ശസ്ത്രക്രിയ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം ഈ പ്രോഗ്രാമിന്റെ ഭാഗമായി ചെയ്തുവരുന്നുണ്ട്.

## 3. കുഷ്ഠരോഗ നിവാരണ പരിപാടി

കുഷ്ഠരോഗികളുടെ തോത് നമ്മുടെ സമൂഹത്തിൽ കാര്യമായ രീതിയിൽ കുറയ്ക്കുവാൻ ഫലപ്രദമായ കുഷ്ഠരോഗ നിവാരണ പ്രവർത്തനത്തിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും കുഷ്ഠരോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എല്ലാ ജില്ലകളിലും ഇപ്പോഴും രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. നേരത്തെ കുഷ്ഠരോഗികളെ കണ്ടെത്താൻ പ്രത്യേകമായി ലെപ്രസി ഇൻസ്പെക്ടർമാർ ഫീൽഡ് തലത്തിൽ പ്രവർത്തിച്ചു വന്നിരുന്നു. കുഷ്ഠരോഗത്തിന്റെ തോത് കുറഞ്ഞതിനെ തുടർന്ന് ഈ പ്രവർത്തകരെ മറ്റ് ഫീൽഡ് പ്രവർത്തകരൊടൊപ്പം ചേർക്കുകയും എല്ലാ ഫീൽഡുപ്രവർത്തകരും കുഷ്ഠരോഗം കണ്ടെത്താനുള്ള പ്രവർത്തനങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തുന്ന സമ്പ്രദായവുമാണ് ഇപ്പോൾ നിലവിലുള്ളത്.

ത്വക്ക് രോഗമുള്ളവർ പ്രത്യേകിച്ച് സ്പർശനശേഷി ഇല്ലാത്ത പാടുകളുള്ളവർ ആരോഗ്യ പ്രവർത്തകരെയോ/ ഡോക്ടർമാരെയോ കണ്ട് പരിശോധന നടത്തി കുഷ്ഠരോഗമില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. രോഗം കണ്ടെത്തുന്നവർക്ക് പൂർണ്ണമായി സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നതിനുള്ള ഫലപ്രദമായ മരുന്നുകളും ലഭ്യമാണ്. ഫീൽഡുതലത്തിൽ ത്വക്ക് രോഗ ക്യാമ്പുകൾ നടത്തി അതുവഴി കുഷ്ഠരോഗവും മറ്റ് ത്വക്ക് രോഗങ്ങളും കണ്ടെത്തി ചികിത്സിക്കുന്ന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

## 4. അയോഡിന്റെ അഭാവം മൂലമുള്ള രോഗങ്ങൾക്കെതിരെയുള്ള നിയന്ത്രണപരിപാടി

നാം കഴിക്കുന്ന ആഹാരത്തിൽ അയോഡിന്റെ അഭാവം ഉണ്ടെങ്കിൽ തൊണ്ടമുഴ (ഗോയിറ്റർ) വളർച്ചകുറവ്, ബുദ്ധമാന്ദ്യം, തുടങ്ങിയവയും സ്ത്രികളിൽ ഗർഭം അലസൽ, ഗർഭസ്ഥ ശിശുവിന്റെ വളർച്ച മുരടിക്കൽ തുടങ്ങിയവയും ഉണ്ടാകാം. അയോഡിന്റെ കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളെ കുറിച്ചുള്ള ബോധവത്ക്കരണം

അയോഡിൻ ഉള്ള ഉപ്പ് മാത്രം ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടത്തുന്നു. കൂടാതെ ജനങ്ങൾ ഉപയോഗിച്ചുവരുന്ന ഉപ്പിലെ അയോഡിന്റെ അളവ് പരിശോധിക്കുക, കുട്ടികളിലേക്കും മറ്റും മൂത്ര പരിശോധന നടത്തി ഉപ്പിലെ അയോഡിന്റെ അളവ് തിട്ടപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ വർഷവും ചില പ്രദേശങ്ങളിൽ ചെയ്തുവരുന്നു. സ്കൂൾ കുട്ടികളുടെ ഇടയിൽ തൊണ്ടമുഴ (ഗോയിറ്റർ) കണ്ടെത്തുന്നതിനുള്ള സർവ്വെകളും വിവിധ ചില പ്രദേശങ്ങളിൽ മാറിമാറി എല്ലാ വർഷവും ചെയ്തുവരുന്നു.

## 5. സംയോജിത രോഗപര്യവേഷണ പരിപാടി (ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം - ഐ.ഡി.എസ്.പി.)

പകർച്ചവ്യാധി രോഗങ്ങൾ ഉണ്ടാകുന്നത് ആരംഭത്തിൽ തന്നെകണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും തുടർന്ന് രോഗനിയന്ത്രണ പ്രവർത്തനങ്ങൾ താമസം കൂടാതെ ചെയ്യുകയുമാണ് ഈ പ്രോഗ്രാം വഴി ചെയ്തു വരുന്നത്. ആരോഗ്യ പ്രവർത്തകർ ഫീൽഡുവർക്കിനിടയ്ക്ക് കണ്ടെത്തുന്ന കേസുകളും പി.എച്ച്.സി/സി.എച്ച്,സി./ ഗവൺമെന്റ് ആശുപത്രികൾ /മെഡിക്കൽ കോളേജുകൾ /സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സിക്കുന്ന കേസുകളും വിവിധ ലാബോറട്ടറികളിലെ പരിശോധനാഫലങ്ങളും ഇത്തരത്തിൽ ശേഖരിച്ച് നിരീക്ഷണ വിധേയമാക്കുന്നു. എല്ലാ ആഴ്ചയും സബ്സെന്റർ തലത്തിൽ നിന്ന് പി.എച്ച്.സി/സി.എച്ച്,സി. ആശുപത്രി മുതൽ ജില്ല സംസ്ഥാന തലം വഴി ദേശീയ തലത്തിലേക്ക് റിപ്പോർട്ടുകൾ അയയ്ക്കുന്നു. പകർച്ചവ്യാധികളുണ്ടാകുമ്പോൾ വിദഗ്ദരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള രോഗത്തിന്റെ കാര്യകാരണ ബന്ധം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ (ഔട്ട് ബ്രേക്ക് ഇന്റവെസ്റ്റിഗേഷൻസ്) നടത്തി, അതിന്റെ അടിസ്ഥാനത്തിൽ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നു.

## 6. കൊതുകുജന്യരോഗ നിയന്ത്രണ പരിപാടി

കൊതുകുജന്യ രോഗങ്ങളായ മലമ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ, ജപ്പാൻജ്വരം, മന്ത് രോഗം തുടങ്ങിയവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ചു നടത്തുന്നു.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

മേൽ വിവരിച്ച 6 പരിപാടികളെക്കുറിച്ചും ഗ്രാമസഭ വഴി ജനങ്ങൾക്ക് അവബോധം നൽകി സംശയങ്ങൾ തീർത്ത് ബന്ധപ്പെട്ട എല്ലാവരേയും ബന്ധപ്പെട്ട ഹെൽത്ത് സെന്ററുകളിൽ എത്തിച്ച് ചികിത്സ നടത്തി എന്ന് ഉറപ്പ് വരുത്തുക. തുടർ ചികിത്സ നടത്തിയ്ക്കുക. ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷന് സഹായിക്കുക, രോഗനിയന്ത്രണ

പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സഹായിക്കുക, ക്യാമ്പുകളിൽ എല്ലാവരേയും എത്തിച്ചു എന്ന് ഉറപ്പാക്കുക, ഹെൽത്ത് സെന്ററുകളിൽ വേണ്ട അറിവ് ലഭ്യമാക്കുക, നിർദ്ദേശങ്ങൾ നൽകുക, ഹെൽത്ത് ക്ലബ്ബുകളുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുക എന്നിവ ചെയ്യണം.

### പദ്ധതിയുമായുള്ള സംയോജനം

രോഗപ്രതിരോധം, പൗരബോധം വളർത്തൽ, സാമൂഹ്യ തിൻമകൾ ഇല്ലാതാക്കൽ, ദേശീയ സംസ്ഥാന രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകൽ, ശുചിത്വ സംവിധാനങ്ങളും സംസ്ക്കാരവും ഉണ്ടാക്കൽ, മാലിന്യ സംസ്ക്കരണം എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ഇവയൊക്കെ തന്നെ അനാരോഗ്യത്തിനുള്ള കാരണങ്ങളെ ഇല്ലായ്മ ചെയുന്നു. തദ്ദേശഭരണ സ്ഥാപനത്തിനു വിവിധ മേഖലകളിൽ ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഉണ്ടായിരിക്കും. ടി പ്രോജക്ടുകൾക്കും സംസ്ഥാന കേന്ദ്ര സ്കീമുകളുമായുള്ള ഏകോപനവും സംയോജനവും സാധ്യമാക്കണം. അതത് മെഡിക്കൽ ഓഫീസർമാർ ഇവയെ ബന്ധപ്പെടുത്തുന്നതിന് നോഡൽ ഏജന്റായി പ്രവർത്തിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ പദ്ധതി തയ്യാറാക്കുമ്പോൾ ഇവയെല്ലാം തന്നെ ചർച്ചയ്ക്ക് വിധേയമാക്കി വിടവുകൾ നികത്തുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകുകയും വേണം.

# റിമോട്ട് സെൻസിംഗ്

## 1. നാഷണൽ അർബൻ ഇൻഫർമേഷൻ സിസ്റ്റം

### ലക്ഷ്യങ്ങൾ

ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിനായി 1:10000 സ്കെയിലിൽ നഗര വികസനത്തിനായുള്ള 16 തീമുകൾ കേരള സംസ്ഥാനത്തിന്റെ കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, പാലക്കാട് ടൗണുകളിൽ തയ്യാറാക്കുകയാണ്.

### ഗുണഭോക്താവ്

സംസ്ഥാന ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്

### സ്കീമിന്റെ നിർവ്വഹണം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

### ഫണ്ടിംഗ്

കേന്ദ്ര നഗര വികസന മന്ത്രാലയം നാഷ്ണൽ റിമോട്ട് സെൻസിംഗ് സെന്റർ വഴി നടപ്പിലാക്കുന്നത്, കേന്ദ്രാവിഷ്കൃത ഫണ്ട്

### പ്രവർത്തനങ്ങൾ

നാഷ്ണൽ റിമോട്ട് സെൻസിംഗ് സെന്ററിൽ നിന്നും കിട്ടുന്ന സാറ്റലൈറ്റ് ഡേറ്റയും മറ്റ് അനുബന്ധ ഡേറ്റയും ഉപയോഗിച്ച് മാപ്പിംഗ് നടത്തി ഫീൽഡ് വെരിഫിക്കേഷൻ നടത്തിയ ശേഷം മാപ്പുകളും റിപ്പോർട്ടുകളും ഫണ്ടിംഗ് ഏജൻസിക്ക് സമർപ്പിക്കുന്നു.

### സംഘാടനം

കെ.എസ്.ആർ.ഇ.സി

### തദ്ദേശസ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണസ്ഥാപനത്തിന് ഇവ ലഭ്യമാക്കി നഗരാസൂത്രണവുമായി ബന്ധപ്പെട്ട പദ്ധതികൾ ഇതനുസരിച്ച് തയ്യാറാക്കാം.

### വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ ചുമതല

കെ.എസ്.ആർ.ഇ.സി ഉദ്യോഗസ്ഥർ വഴി പദ്ധതി നടപ്പിലാക്കാം.

### തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം

തദ്ദേശഭരണ സ്ഥാപനത്തിന്റെ നഗരവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ ഇതുമായി സംയോജിപ്പിക്കാം.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് ടി തീമുകൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭ്യമാക്കി ഉപയോഗപ്പെടുത്താം.

### 2. ഭൂവിനിയോഗ-ഭൂവാവരണം 50 K രണ്ടാംഘട്ടം

### ലക്ഷ്യങ്ങൾ

ഭൂപടം തയ്യാറാക്കൽ, വ്യതിയാനങ്ങൾ കണ്ട് പിടിക്കൽ

### ഗുണഭോക്താവ്

കേന്ദ്ര സർക്കാർ

### സ്കീമിന്റെ നിർവ്വഹണം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

## ഫണ്ടിംഗ്

നാഷ്ണൽ സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് സെന്റർ, കേന്ദ്രാവിഷ്കൃത ഫണ്ട്

## പ്രവർത്തനങ്ങൾ

പ്രമേയം തയ്യാറാക്കൽ, അനുമതി വാങ്ങൽ, ജീവനക്കാരെ നിയമിക്കൽ, ഡേറ്റാ ശേഖരണം, ഡേറ്റ സംയോജനം, സ്കീമിന്റെ അന്ത്യരൂപം കൊടുക്കൽ, ഭൂപടം/ പ്രബന്ധം തയ്യാറാക്കൽ.

## സംഘാടനം

കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനത്തിന് ഇവ ലഭ്യമാക്കി പദ്ധതി ആസൂത്രത്തിന് ഉപയോഗപ്പെടുത്താം

## വകുപ്പിന്റെ പങ്ക്/നിർവ്വഹണ ഉദ്യാഗസ്ഥന്റെ പങ്ക്

കെ.എസ്.ആർ.ഇ.സി ഉദ്യോഗസ്ഥർ വഴി നിർവ്വഹണം നടത്തുന്നു.

## തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതികൾ ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കൃത്യതയോടെ തയ്യാറാക്കണം

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന് ടി സ്ഥാപന പരിധിയിലുള്ള വ്യതിയാനം ഡിപ്പാർട്ട്മെന്റ് വഴി ടി ഭൂപടം ലഭ്യമാക്കി ഉപയോഗപ്പെടുത്താം.

# LX.

# കയർ ജിയോടെക്സറ്റയിൽസിന്റെ (ഭൂവസ്ത്രത്തിന്റെ) വിവിധ ഉപയോഗങ്ങൾ മണ്ണൊലിപ്പ് തടയുന്നതിനും ഗ്രാമീണ റോഡ് നിർമ്മാണത്തിനും

## കയർ ബോർഡ്, ഗവൺമെന്റ് ഓഫ് ഇന്ത്യ, കൊച്ചി



മണ്ണൊലിപ്പ് മനുഷ്യ രാശിയുടെ ഭാവിയ്ക്ക് ഏറ്റവും കടുത്ത ഭീഷണി ഉയർത്തുന്ന പ്രശ്നമാണ്. ഭാരതത്തിൽ ആകെയുള്ള വിസ്തൃതിയുടെ ഏകദേശം 27% മണ്ണൊലിപ്പിന് വിധേയമാണ്. ഇതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് പ്രതിവർഷം നമുക്ക് ഉണ്ടാകുന്നത്.

മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി കുന്നിൻ ചെരിവുകളിലും, കനാൽ/റോഡ് ചരിവുകളും കയർ ഭൂവസ്ത്രം വിരിച്ച്, ആഴത്തിൽ വേരോട്ടമുള്ള പുല്ലിന്റെ വിത്തുകളോ, തൈകളോ വളർത്തിയെടുക്കുന്ന രീതി ഏറ്റവും പ്രകൃതി സൗഹൃദമായി പദ്ധതിയാണ്. പുല്ല് വളർന്ന് ചരിവുകൾ ബലപ്പെടുന്നതോടുകൂടി കയർ ഭൂവസ്ത്രം ജീർണ്ണിച്ച് മണ്ണിനോട് ചേരുന്നു. പ്രകൃതിജന്യമായ കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതുമൂലം പ്രകൃതിക്ക് യാതൊരുവിധ ദൂഷ്യഫലങ്ങളുമുണ്ടാകുകയില്ല. ഈ സാങ്കേതിക വിദ്യ കയ്യാല നിർമ്മാണം, കോൺക്രീറ്റിംഗ്, പ്ലാസ്റ്റിക് വിരിക്കൽ തുടങ്ങിയ രീതികളെ അപേക്ഷിച്ച് ചെലവ് കുറഞ്ഞതുമാണ്. മാത്രമല്ല നാടിനും, ഭൂമിക്കും കൂടുതൽ പ്രയോജനപ്രദവുമാണ്.

കേരളത്തിലെ ഒരു സുപ്രധാന പരമ്പരാഗത വ്യവസായമാണ് കയർ വ്യവസായം. കേരളത്തിൽ കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ

നൽകുന്നതാണ് കയർ മേഖല. നമ്മുടെ സംസ്ഥാനത്തിന്റെ തനതായ കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണ് ജലസംരക്ഷണ പദ്ധതികൾ വ്യാപകമായി നടപ്പാക്കാവുന്നതാണ്.


നമ്മുടെ ഗ്രാമീണ ചെമ്മൺ റോഡുകൾക്ക് ആയുസ്സ് കുറവാണ്. വലിയ വണ്ടികൾ ഓടികഴിഞ്ഞാൽ അവിടവിടെ ചെറുതും വലുതുമായ കുഴികളുണ്ടാകും. ഇത് പലപ്പോഴും അപകടങ്ങൾക്ക് ഇടയാക്കുന്നു.

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് ഭൂവസ്ത്രം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചു തുടങ്ങിയിട്ടുണ്ട്. പല സംസ്ഥാനങ്ങളിലും ഭൂവസ്ത്രം വിരിച്ച് ചെമ്മണ്ണ് വിതറി അതിനു മുകളിൽ മെറ്റൽ ചെയ്തോ അല്ലാതെയോ ഉപയോഗിക്കാൻ കഴിയും. വളരെ ചിലവ് കുറഞ്ഞ ഭൂവസ്ത്രം റോഡ് നിർമ്മാണത്തിന് വളെര സാദ്ധ്യതയുള്ളതാണ്. കേരളത്തിൽ പത്തനംത്തിട്ട, ഹരിപ്പാട് തുടങ്ങിയ ഇടങ്ങളിൽ റോഡുകൾക്ക് ഭൂവസ്ത്രം ഉപയോഗിച്ചത് വിജയമാണെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക്ക് യോജനയുടെ കീഴിൽ റോഡിൽ ഭൂവസ്ത്രം ഉപയോഗിക്കാനുള്ള പദ്ധതി ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകാരത്തോടെ നടപ്പിലാക്കി വരികയാണ്.

കേരളത്തിലെ പഞ്ചായത്തുകളിലും ഭൂവസ്ത്രം മണ്ണൊലിപ്പിനും റോഡ് നിർമ്മാണത്തിനും വ്യാപകമായി ഉപയോഗിക്കാവുന്നതാണ്. അതിനാവശ്യമായ പദ്ധതികൾ ആവശ്യമുള്ളിടത്ത് ആരംഭിക്കുന്നതിന് നിർദ്ദേശം കൊടുക്കണം. റോഡ് നിർമ്മാണസമയത്ത് കരാറുകാർക്ക് അതിനുള്ള പ്രേരണ കൊടുക്കാവുന്നതാണ്. പ്രകൃതിദത്തമായ കയർ പ്രകൃതി സംരക്ഷണത്തിന് ഉപയോഗിക്കാൻ കഴിയുന്നത് തന്നെ വലിയ കാര്യമാണ്.

കടലിൽ കല്ലിടുന്നതിനുമുമ്പായി ഭൂവസ്ത്രം വിരിച്ചാൽ കരിങ്കല്ലുകൾ തിരയിളക്കത്തിൽ താഴ്ന്നു പോവുകയില്ല.


## ലക്ഷ്യങ്ങൾ



മണ്ണിനെ ബലപ്പെടുത്താനും സംരക്ഷിക്കാനും ഉതകുന്നതും, മണ്ണൊലിപ്പ് തടയുന്നതുമായ പദാർത്ഥങ്ങളെ ജിയോടെക്റ്റയിൽസ് അഥവാ ഭൂവസ്ത്രം എന്നു വിളിക്കാം. ഇതിൽ മനുഷ്യ നിർമ്മിത നാരുകൾ ഉപയോഗിച്ചുള്ളതും പ്രകൃതിജന്യമായ നാരുകളിൽ നിർമ്മിക്കപ്പെട്ടതുമായ ജിയോടെക്സ്റ്റയിൽസും ഉൾപ്പെടും. ലോകകമ്പോളത്തിൽ ഏകദേശം 2500 ദശലക്ഷം ചതുരശ്രമീറ്റർ ഭൂവസ്ത്രം പ്രതിവർഷം ഉപയോഗിച്ചുവരുന്നു. ഇതിൽ മൂന്നിലൊന്നോളം റോഡ് നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. റോഡുകൾ ദീർഘകാലം നിലനില്ക്കേണ്ടതായതുകൊണ്ട് ഇവയുടെ നിർമ്മാണത്തിന് മനുഷ്യനിർമ്മിത നാരുകൾ ഉപയോഗിച്ചുള്ള ഭൂവസ്ത്രമാണ് കൂടുതൽ അനുയോജ്യം. എന്നാൽ മണ്ണൊലിപ്പ് തടയുക, മണ്ണിനെ ബലപ്പെടുത്തുക തുടങ്ങിയ മേഖലകളിൽ കയർ, ചണം, സൈസൽ തുടങ്ങിയ പ്രകൃതിജന്യമായ നാരുകൾ ഉപയോഗിച്ചുള്ള ജിയോടെക്സറ്റയിൽസ് ആണ് കൂടുതൽ അഭികാമ്യം. പ്രകൃതിജന്യമായ ജിയോടെക്സ്റ്റയിൽസ് ചരിവുകളും മറ്റും ബലപ്പെടുത്തുന്ന മുറയ്ക്ക് സ്വയം ജീർണ്ണിച്ച് മണ്ണിൽ ലയിച്ചു ചേരുന്നതിനാൽ ഒട്ടും തന്നെ പരിസര മലിനീകരണം ഉണ്ടാകുന്നില്ല. ആയതിനാൽ വിദേശകമ്പോളത്തിൽ പ്രകൃതി ജന്യ ജിയോടെക്സ്റ്റയിൽസിന് പ്രിയമേറിവരികയാണ്. സ്വാഭാവിക നാരുകൾ എല്ലാം തന്നെയും ജീർണ്ണിക്കുന്നതാണെങ്കിലും കയർ നാരുകളിൽ ലിഗ്നിൻ എന്ന ജൈവ പദാർത്ഥത്തിന്റെ അളവ് കൂടുതൽ ഉള്ളതിനാൽ മറ്റു നാരുകളെ അപേക്ഷിച്ച് കയർ കൂടുതൽ കാലം ഈടുനിൽക്കുന്നു. കയർ ഭൂവസ്ത്രത്തിന്റെ വിവിധ ഉപയോഗ മേഖലകൾ താഴെപറയുന്നവയാണ്.

1. റോഡുകളുടെയും കുന്നിൻ ചരിവുകളുടെയും സംരക്ഷണം.
2. ബണ്ടു നിർമ്മാണം
3. കനാൽ ചരിവുകളുടെ സംരക്ഷണം
4. മീൻ കുളത്തിന്റെ ചരിവുകളുടെ സംരക്ഷണം
5. നീർത്തടപരിപാലനം
6. ഗ്രാമീണ റോഡിന്റെ നിർമ്മാണം.
7. പുതയിടൽ, കള നിയന്ത്രണം.

കയർ നാരുകൾ വെള്ളത്തിനടിയിൽ ദീർഘകാലം ഈടുനിൽക്കുന്നതിനാൽ നദീതട പരിപാലനത്തിന് കയർ ഭൂവസ്ത്രം അത്യുത്തമമാണ്.



മുകളിൽ സൂചിപ്പിച്ച മേഖലകളിൽ ഏറ്റവും പ്രധാന മേഖല മണ്ണൊലിപ്പ് തടയൽ ആണ്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള പദ്ധതിയിൽ ഭൂവസ്ത്രത്തിനോളം തന്നെ പ്രാധാന്യം മണ്ണൊലിപ്പ് തടയാൻ വേണ്ടി ഉപയോഗിക്കുന്ന പുല്ലിനങ്ങൾക്കും ചെടികൾക്കും ഉണ്ട്. അതാതു പ്രദേശത്തെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ പുൽ വിത്തുകളോ തൈകളോ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ രീതി ഒരു ജൈവ പ്രാധാന്യമുള്ള മണ്ണു സംരക്ഷണ രീതിയാണ്.

## ഗുണഭോക്താക്കൾ

പൊതു ജനങ്ങൾ

## ഫണ്ടിംഗ്

കയർ ബോർഡ് സാങ്കേതിക ഉപദേശം മാത്രം നൽകുന്നു. ഫണ്ടുകൾ അതാത് സ്ഥാപനങ്ങൾ തന്നെ കണ്ടെത്തണം.

## നിർവ്വഹണം

അതാതു സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ കയർ ബോർഡിന്റെ സാങ്കേതിക ഉപദേശവും പരിശീലനവും ഉറപ്പു വരുത്തി പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.

## പ്രവർത്തനങ്ങൾ - ജിയോടെക്സ്റ്റയിൽസ് ഉപയോഗിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ

### 1. സ്ഥല പരിശോധന (Site Assessment)

മണ്ണൊലിപ്പിന് വിധേയമായ പ്രദേശത്തെ മണ്ണിന്റെ ഘടന, ചരിവിന്റെ സ്വഭാവം ആ പ്രദേശത്തെ മഴയുടെ ലഭ്യത മുതലായ ഘടകങ്ങളുടെ സ്ഥിതിവിവരകണക്ക് ശേഖരിക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വേണം ആ പ്രദേശത്ത് ഉപയോഗിക്കേണ്ട കയർ ഭൂവസ്ത്രവും പുൽ വിത്തുകളും തിരഞ്ഞെടുക്കേണ്ടത്.

### 2. ഭൂവസ്ത്രം തിരഞ്ഞെടുക്കൽ (Selection of Coir Bhoovasthra)

കയർ ഭൂവസ്ത്ര ¼ മുതൽ 1' വരെ വിവിധ കണ്ണി വലിപ്പത്തിൽ ലഭ്യമാണ്. സ്ഥല പരിശോധനയിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതിനമാണ് വേണ്ടതെന്ന് തീരുമാനിക്കാവുന്നതാണ്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡിന്റെ അംഗീകാരമുള്ള കയർ ഭൂവസ്ത്രയുടെ പട്ടിക അന്യത്ര ചേർക്കുന്നു.

### 3. പുല്ലിനങ്ങൾ തിരഞ്ഞെടുക്കൽ (Selection of grass varieties)

മുമ്പ് സുചിപ്പിച്ചതുപോലെ ആഴത്തിൽ വേരോട്ടമുള്ള പുല്ലിനങ്ങൾ പൂർണ്ണമായി വളർന്ന് വരുന്നതോടുകൂടി മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാകുന്നതാണ്. അതാതു പ്രദേശത്തെ കാലാവസ്ഥയ്ക്കും മണ്ണിന്റെ ഘടനയ്ക്കും യോജിച്ച പുല്ലിനങ്ങൾ തിരഞ്ഞെടുക്കേണ്ടതാണ്. ഉദാഹരണമാണ് രാമച്ചം, ഇഞ്ചിപ്പുല്ല്, കറുക തുടങ്ങിയവ.

### 4. ഭൂവസ്ത്രം ഉപയോഗിക്കാൻ അനുയോജ്യമായ സമയം

ഭൂവസ്ത്രം ഉപേയോഗിച്ച പ്രതലങ്ങളിൽ പുല്ലിന്റെ വളർച്ചയാക്കാവശ്യമായ വെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്. വളരെ വിസ്തൃതമായ പ്രദേശങ്ങളിൽ വെള്ളം തളിച്ചുകൊടുക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച്, കാലവർഷം/തുലാവർഷം തുടങ്ങുന്നതിന്റെ മുമ്പായിട്ട് ഭൂവസ്ത്ര വിരിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം.

## ഭൂവസ്ത്രത്തിന്റെ ഉപയോഗക്രമം


കുന്ന്/റോഡ് ചരിവുകളിൽ ഭൂവസ്ത്ര വിരിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. കയർ ഭൂവസ്ത്രം മണ്ണിനോട് ഒട്ടിച്ചേർന്ന് കിടക്കത്തക്ക രീതിയിൽ പ്രതലം ഒരുക്കേണ്ടതാണ്.
2. പുല്ലിന്റെ വിത്തുകൾ വിതയ്ക്കുമ്പോൾ ഒരു ചതുരശ്രമീറ്ററിന് 5 മീ. ഗ്രാം കണക്കിന് വിതയ്ക്കേണ്ടതാണ്.
3. കയർ ഭൂവസ്ത്ര, വെള്ളം ഒഴുകുന്ന ദിശയിൽ മുകളിൽ നിന്നും താഴേക്ക് വിരിക്കേണ്ടതാണ്. ഓരോ പാളിയും തൊട്ടടുത്ത പാളിയിൽ 15 സെന്റീമീറ്റർ എങ്കിലും കയറ്റി വിരിക്കേണ്ടതാണ്.
4. കയർ ഭൂവസ്ത്രയുടെ മുകളറ്റവും താഴെയും ഒരടി താഴ്ചയിൽ ഒരുക്കിയെടുത്ത കിടങ്ങിൽ ഉറപ്പിക്കേണ്ടതാണ്. അനന്തരം കിടങ്ങ് പൂർണ്ണമായും മൂടേണ്ടതാണ്. കയർ ഭൂവസ്ത്രം, പ്രതലത്തിൽ പൂർണ്ണമായി ഉറപ്പിച്ചിരിക്കാൻ വേണ്ടി നിശ്ചിത അകലങ്ങളിൽ J' രൂപത്തിൽ വളച്ചെടുത്ത 3 മീ.മീ. കമ്പി ഉപയോഗിച്ചോ, മുളംകുറ്റികൾ/തടിയുടെ കഷണങ്ങൾ ഉപയോഗിച്ചോ ഉറപ്പിക്കേണ്ടതാണ്.
5. കയർ ഭൂവസ്ത്രം വിരിച്ചതിനുശേഷം പുല്ലിന്റെ പൂർണ്ണമായ വളർച്ച ഉറപ്പ് വരുത്തുവാൻ വേണ്ടി ഒരിക്കൽ കൂടി പുൽ വിത്ത് വിതയ്ക്കുകയോ അല്ലാത്ത പക്ഷം പുല്ലിന്റെ തൈകൾ നടുകയോ ചെയ്യേണ്ടതാണ്.


## കയർ ഭൂവസ്ത്രയുടെ വിവിധ ഇനങ്ങൾ

### 1. നെയ്തെടുത്ത ഭൂവസ്ത്രം (Woven geo-textiles)

സാധാരണ തറികളിൽ ഊടും പാവും ഉപയോഗിച്ച് വിവിധ കണ്ണിവലിപ്പത്തിൽ നെയ്തെടുക്കുന്ന ഭൂവസ്ത്രമാണ് ഇവ. പ്രധാനമായും മണ്ണൊലിപ്പ് തടയാനാണ് ഉപയോഗിക്കുന്നത്. മഴയുടെ കാഠിന്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഈയിനം ഭൂവസ്ത്രം ഉപയോഗിക്കാവുന്നതാണ്.



2. നെയ്തല്ലാതെയെടുക്കുന്ന ഭൂവസ്ത്രം (Non-woven geo-textiles)



ചകിരിയന്ത്രത്താൽ കൂട്ടിക്കൊളുത്തി രൂപപ്പെടുത്തിയെടുക്കുന്ന ഭൂവസ്ത്രമാണ് ഇത്. ഇവ കൂടുതലായും പുതയിടാനും, കളനിയന്ത്രണത്തിനും, പൊടി നിയന്ത്രണത്തിനും ഏക്കൽ നിയന്ത്രണത്തിനും മറ്റുമാണ് ഉപയോഗിച്ചു വരുന്നത്. നെയ്തല്ലാതെയെടുക്കുന്ന ഭൂവസ്ത്രം ചണനാരുമായോ, മറ്റു മനുഷ്യനിർമ്മിത നാരുകളുമായോ കൂട്ടുച്ചേർത്തും ഉത്പാദിപ്പിക്കാവുന്നതാണ്

3. **Cocolog**



കയർ വലപ്പായ് വട്ടത്തിൽ നെയ്തെടുത്ത് സിലണ്ടർ രൂപത്തിൽ കയർ ചകിരി തിക്കി നിറച്ച് ഉണ്ടാക്കുന്ന ഒരു ഭൂവസ്ത്ര ഉത്പന്നമാണ് cocolog. ഇവ നല്ല ഒഴുക്കുള്ള നദികളുടെ തീര സംരക്ഷണത്തിനു വേണ്ടി ഉപയോഗിക്കുന്നു.

## കയർ ഭൂവസ്ത്രത്തിന്റെ പ്രയോജനങ്ങൾ

- ഇവ പൂർണ്ണമായും പ്രകൃതിജന്യ നാരായ ചകിരികൊണ്ട് നിർമ്മിച്ചവയാണ്.
- ഇവ ജീർണ്ണിച്ച് മണ്ണിനോട് ചേരുന്നു. എന്നിരുന്നാലും സാധാരണ സാഹചര്യങ്ങളിൽ രണ്ട് വർഷത്തിൽ കുറയാതെ ഈടു നിൽക്കുന്നു.

- ഇവ ചെടികളുടേയും, പുല്ലുകളുടേയും വളർച്ചയ്ക്ക് ആവശ്യമായതും, അത്യന്തം സൂക്ഷ്മമായതുമായ പരിതസ്ഥിതി പ്രദാനം ചെയ്യുന്നു.
- ഇവ വിരിക്കുവാൻ വളരെ എളുപ്പമാണ്. ചെറിയ പരിശീലനം മാത്രം മതി.
- നമ്മുടെ സംസ്ഥാനത്ത് കയർ സുലഭമായി ലഭിക്കുന്നു.
- ഇവയുടെ ഉപയോഗം മറ്റു പരമ്പരാഗത രീതികളേക്കാൾ ലാഭകരമാണ്. ശാസ്ത്രീയവുമാണ്.
- ഇവയുടെ ഉപയോഗം മൂലം യാതൊരു വിധത്തിലുമുള്ള പരിസരമലിനീകരണവും ഉണ്ടാകുന്നില്ല.

## നിർവ്വഹണം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ കയർ ഭൂവസ്ത്രം ഉത്പാദിപ്പിക്കുവാൻ ശേഷിയുള്ള ആയിരത്തോളം ഫാക്ടറികൾ ഉണ്ട്. ത്രിതല പഞ്ചായത്തുകൾക്ക് ആവശ്യമായ കയർ ഭൂവസ്ത്രം കയർ ബോർഡിന്റെ കേരളത്തിലെ തിരുവനന്തപുരം, എറണാകുളം, തൃശൂർ എന്നീ നഗരങ്ങളിലുള്ള വിൽപ്പനശാലകളിലൂടെയോ നേരിട്ടോ വാങ്ങാവുന്നതാണ്. വിവിധയിനം കയർ ഭൂവസ്ത്രയുടെ വിൽപ്പന വില താഴെ കൊടുക്കുന്നു.

| ഇനം | തൂക്കം ച.മി | കണ്ണി വലിപ്പം | വിൽപ്പന വില (രൂപ) |
|---|---|---|---|
| H2M3 | 875 gram | ¼” | 107.00 |
| H2M5 | 740 “ | ½” | 71.00 |
| H2M6 | 400 “ | 1” | 48.00 |
| H2M8 | 700 “ | 1/3” | 93.00 |
| H2M9 | 900 “ | 1/3” | 105.00 |

കയർ ഭൂവസ്ത്രം വിരിക്കുവാനും, പുല്ലിനങ്ങൾ നടുവാനും വേണ്ടിവരുന്ന ചിലവ് ഒരു ഭൂവസ്ത്രയുടെ വിലയുടെ പകുതിയോളം വരുന്നതാണ്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണൊലിപ്പ് തടയൽ മറ്റു പരമ്പരാഗത രീതികളെക്കാൾ ചിലവ് കുറവാണ്. ത്രിതല പഞ്ചായത്തുകൾ മുഖേന കയർ ഭൂവസ്ത്രം വിരിച്ചുള്ള മണ്ണൊലിപ്പ് തടയൽ പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം കയർ ബോർഡ് സൗജന്യമായി നൽകുന്നതാണ്. ഇതിനായി കയർ ബോർഡ് സിവിൽ എഞ്ചിനീയറിംഗ്, കൃഷി, സസ്യശാസ്ത്രം, രസതന്ത്രം തുടങ്ങിയ മേഖലകളിൽ നിന്നുള്ള വിദഗ്ദരെ ഉൾപ്പെടുത്തി ഒരു കയർ ഭൂവസ്ത്ര ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ പ്രചരണം കൊടുക്കുന്നതും കയർ ബോർഡാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

തദ്ദേശഭരണ സ്ഥാപനം മേൽപറഞ്ഞ വിഷയങ്ങളുമായി അവയുടെ പദ്ധതി തയ്യാറാക്കുമ്പോൾ ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗങ്ങൾ കൂടി പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. ആയത് ചെലവ് ലാഭിക്കുന്നതിനും കൂടുതൽ കാലം ഈട് നിൽക്കുന്നതിനും സഹായിക്കുന്നു.

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മേൽമണ്ണും ജലവും സംരക്ഷിക്കേണ്ടത് ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഇവ സംരക്ഷിക്കുവാൻ കഴിയുന്നതാണ് ഏറ്റവും പ്രകൃതി സൗഹൃദമമേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുവാനും ഇടവരുന്നതാണ്. റോഡ് നിർമ്മാണത്തിന് ഭൂവസ്ത്രം ഉപയോഗിക്കുന്നതിലൂടെ ചെമ്മൺ റോഡ് തകരുന്ന സ്ഥിതി വിശേഷം തടയുവാൻ കഴിയും.

# LXI.
# എം.പി മാരുടെ പ്രാദേശിക വികസന പരിപാടി (എം.പി.എൽ.എ.ഡി.എസ്)



## ആമുഖം

1993 വർഷം മുതലാണ് എം.പി ഫണ്ട് വിനിയോഗിച്ചു നിർവ്വഹണം ആരംഭിച്ചത്. മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയമാണ് നയാവിഷ്ക്കരണവും മോണിറ്ററിംഗും നടത്തുന്നത്. എം.പി.എൽ.എ.ഡി എസ് പൂർണ്ണമായി കേന്ദ്രസർക്കാരിന്റെ പദ്ധതി വിഹിതം കൊണ്ട് നടപ്പിലാക്കുന്നു. ഒരു എം.പിയക്ക് ഒരു വർഷം അഞ്ചു കോടി രൂപയാണ് നിജപ്പെടുത്തിയിരിക്കുന്നത്. ലോകസഭ എം.പി മാർക്ക് സ്വന്തം ലോക്സഭ നിയോജകമണ്ഡല പ്രദേശത്തെ ജനങ്ങളുടെ ആവശ്യകത അറിഞ്ഞ് കൊണ്ടുള്ള ആസ്തി ഉണ്ടാക്കുന്ന വികസന പ്രവർത്തനങ്ങളെ പദ്ധതി നിർദ്ദേശങ്ങളായി മുൻഗണന നിശ്ചയിച്ച് ജില്ലാ കളക്ടർക്ക് സമർപ്പിക്കാവുന്നതാണ്. രാജ്യസഭാംഗങ്ങൾക്ക് സംസ്ഥാനത്ത് മുഴുവനായും നോമിനേറ്റ് അംഗങ്ങൾക്ക് ഇന്ത്യയിൽ മുഴുവനായും പദ്ധതികൾ നിർദ്ദേശിക്കാവുന്നതാണ്. ഓരോ വർഷവും അഞ്ചുകോടി രൂപയിൽ 15% വരുന്ന തുക പട്ടികജാതിക്കാർക്ക് ഉപകാരപ്രദമാകുന്ന പ്രോജക്ടുകൾക്കും 7.5% വരുന്ന തുക പട്ടികവർഗ്ഗക്കാർക്ക് ഉപകാരപ്രദമാകുന്ന പ്രോജക്ടുകൾക്കും വിനിയോഗിക്കേണ്ടതാണ്.

## ലക്ഷ്യങ്ങൾ

ജനങ്ങളുടെ ആവശ്യകതയറിഞ്ഞ് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

## ഗുണഭോക്താക്കൾ

പ്രാദേശിക ജനങ്ങൾ

## സ്കീമിന്റെ നിർവ്വഹണം

എം.പി മാരുടെ പ്രാദേശിക വികസന പരിപാടിയുടെ നിർവ്വഹണം ജില്ലാ കളക്ടർ വഴിയാണ്. എം.പി മാരുടെ പ്രാദേശിക വികസന പരിപാടികൾ എം.പി.മാർ ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങളും ജില്ലാ കളക്ടർക്ക് നൽകുന്ന ലിസ്റ്റിൽ ഉൾപ്പെടുത്തണം.

ജില്ലാ കളക്ടർ നിർവ്വഹണ ഉദ്യോഗസ്ഥർ/എജൻസിയെ നിശ്ചയിച്ചുകൊണ്ട് ഒരു പ്രവർത്തനത്തിന് നിർവ്വഹണത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് അംഗീകാരം നൽകുന്നു. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം നടത്തുന്നു.

ഒരു ലോകസഭാ നിയോജകമണ്ഡലം രണ്ടു റവന്യു ജില്ലകളിലായി നിലനിൽക്കുന്നുവെങ്കിൽ ഒരു ജില്ലയെ നോഡൽ ജില്ലയായി പരിഗണിക്കുകയും മറ്റു ജില്ലയുടെ പ്രദേശത്തേക്കുള്ള പ്രവർത്തനങ്ങളുടെ ലിസ്റ്റ് നോഡൽ ജില്ലാ അതോറിറ്റിക്ക് നൽകുന്നതോടൊപ്പം ഒരു കോപ്പി മറ്റു ജില്ലാ ഭരണ കൂടത്തിനും നൽകേണ്ടതാണ്.

പദ്ധതിയോ പദ്ധതപ്രദേശമോ എം.പി.യുടെ അനുവാദമില്ലാതെ ഒരു കാരണവശാലും മറ്റാവുന്നതല്ല. എന്നാൽ എം.പി സമർപ്പിച്ച ലിസ്റ്റിൽ നിർവ്വഹണ യോഗ്യമല്ലാത്ത് പദ്ധതി സംബന്ധിച്ച് 45 ദിവസത്തിനുള്ളിൽ (പദ്ധതി നിർദ്ദേശം ലഭിച്ച തിയതി മുതൽ) ബന്ധപ്പെട്ട എം.പി.യേയും കേന്ദ്ര സംസ്ഥാന സർക്കാരുകളേയും അറിയിക്കേണ്ടതാണ്.

എം.പി നിർദ്ദേശത്തിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന മുറയ്ക്ക് എം.പി യുടെ ശ്രദ്ധയിൽപ്പെടുത്തി അനുവാദത്തോടെ വേണം പദ്ധതിക്ക് അംഗീകാരം നൽകേണ്ടത്. ഇത് പദ്ധതി നിർദ്ദേശിച്ച തിയ്യതി മുതൽ 75 ദിവസത്തിനുള്ളിൽ ചെയ്യേണ്ടതാണ്.

## ഫണ്ടിംഗ്

ഒരു എം.പി ക്ക് ഒരു വർഷം അവകാശപ്പെട്ട ഫണ്ട് 5 കോടി രൂപ. അഞ്ചു കോടി രൂപ രണ്ട് ഗഡുക്കായി കേന്ദ്രസർക്കാരിൽ നിന്നും ബന്ധപ്പെട്ട ജില്ലാ അധികാരിക്ക് ലഭ്യമാകുന്നു.

1. ആദ്യവർഷം ആദ്യഗഡു പ്രത്യേക നിബന്ധനകളില്ലാതെ കേന്ദ്ര സർക്കാരിൽ നിന്ന് റിലീസ് ചെയ്യുന്നു. തുടർന്നുള്ള വർഷങ്ങളിൽ ആദ്യഗഡു താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലഭ്യമാകുന്നു.

   (1) മുൻവർഷത്തെ രണ്ടാം ഗഡു ലഭ്യമായിട്ടുണ്ട് എന്നും.

   (2) ആദ്യഗഡുവിന്റെ 80% തുക ചെലവാക്കിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട് എന്നും ഉറപ്പുവരുത്തുക

2. ഓരോ വർഷവും രണ്ടാം ഗഡു ലഭ്യമാക്കുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ്.

   (1) പദ്ധതികൾക്ക് അംഗീകാരം നൽകാതെ ശേഷിക്കുന്ന തുക ഒരു കോടിയിൽ താഴെ

   (2) ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 2.5 കോടിയിൽ താഴെ

   (3) മുൻ സാമ്പത്തിക വർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റ് സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട മാതൃകയിൽ മാർച്ച് മാസത്തെ പദ്ധതി പുരോഗതി റിപ്പോർട്ടിനോടൊപ്പം കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതാണ്.

എം.പി മാരുടെ പ്രാദേശിക വികസന ഫണ്ട് ലാപ്സാകുന്നതല്ല. ഓരോ വർഷവും ബാലൻസ് തുക അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യാവുന്നതാണ്.

## അക്കൗണ്ടിംഗ്

ജില്ലാ അധികാരി എം.പി.എൽ.എ.ഡി.എസ് അക്കൗണ്ടുകൾ. പദ്ധതികൾക്ക് തുക ലഭ്യമാകുന്നതിന് നിർവ്വഹണ ഉദ്യാഗസ്ഥൻ പാർട്ട് ബില്ല് ആയോ ഫൈനൽ ബിൽ ആയോ സമർപ്പിക്കേണ്ടതാണ്. ഉദ്യോഗസ്ഥർ പദ്ധതി പ്രദേശം നേരിട്ട് സന്ദർശിച്ച് ബോദ്ധ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ടിന്മേൽ ബിൽതുക റിലീസ് ചെയ്യുന്നു.

ഓരോ സാമ്പത്തിക വർഷം അവസാനിച്ചാൽ ഫണ്ട് ചാർട്ടേർഡ് അക്കൗണ്ടന്റുമാരെകൊണ്ട് പരിശോധിപ്പിച്ച് വിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റ് സർട്ടിഫിക്കറ്റും നിശ്ചിത മാതൃകയിൽ തയ്യാറാക്കുന്നു.

## നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല

ജില്ലാ കളക്ടർ നിശ്ചയിക്കുന്ന നിർവ്വഹണ ഉദ്യാഗസ്ഥൻ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നു. ബിൽ സമർപ്പിച്ച് തുക ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്നു. സി.വി.സി.യ്ക്ക് ഗ്രാമപഞ്ചായത്തിനെ എം.പി.എൽ.എ.ഡി സ്കീമിൽ ഏകോപിപ്പിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയാക്കാവുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പങ്ക്

സ്കീമിന്റെ കാര്യക്ഷമതയുടെ നിർവ്വഹണം ഉറപ്പാക്കാം. ഗുണഭോക്തൃ സമിതി വഴിയാണെങ്കിൽ അവരെ സംഘടിപ്പിക്കാം. സുതാര്യത നിലനിർത്തി പണി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ എം.പി. ഫണ്ടിൽ ചെയ്യാവുന്ന സ്കീമുകളുടെ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കാം. (ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന്)

## തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായുള്ള ഏകോപനം സംയോജനം എങ്ങനെ സാധ്യമാക്കാം

എം.പി. യുമായി ചർച്ച ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയുമായി ഏകോപിപ്പിക്കാം. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കാം. കൂടാതെ വികലാംഗർക്ക് ചലന സഹായികൾ നൽകുന്നതിന് നിശ്ചിത വിഹിതം വിനിയോഗിക്കാം. (വികലാംഗർക്കുള്ള പദ്ധതിയുമായി സംയോജിപ്പിക്കാം.)

## എം.പി. എൽ.എ.ഡി.യിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ, പ്രവർത്തനങ്ങൾ, ഷെൽഫ് ഓഫ് പ്രോജക്ട്

- ജില്ലാ അതോറിറ്റി ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കണം (പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കടക്കം)
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങളും ലഭ്യമാക്കണം.
- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസൈക്കിൾ, ബാറ്ററി ഓപ്പറേറ്റഡ് വീൽചെയർ, കൃത്രിമ അവയവങ്ങൾ എന്നിവ നൽകുന്നത് ഉൾപ്പെടുത്തണം. ജില്ലയിലെ ചീഫ് മെഡിക്കൽ ഓഫീസർ നയിക്കുന്ന കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചതായിരിക്കണം. (പരമാവധി 10 ലക്ഷം)
- 22 ലക്ഷം വരെയുള്ള തുകയ്ക്ക് സ്കൂളുകൾക്കും കോളേജുകൾക്കും പബ്ലിക്ക് ലൈബ്രറികൾക്കും പുസ്തകം വാങ്ങുന്നതിന് സഹായം നൽകും (കേന്ദ്ര-സംസ്ഥാന യൂണിയൻ ടെറിറ്ററികൾ നടത്തുന്നു) പരിധി പ്രൈമറി - 6 ലക്ഷം, ഹൈസ്കൂൾ - 8 ലക്ഷം, ഹയർ സെക്കണ്ടറി - 8 ലക്ഷം) ഡി.ഇ.ഒ ചെയർമാനായ കമ്മിറ്റി ശുപാർശ ചെയ്യണം. ഒരു സ്ഥാപനത്തിനു നൽകാവുന്ന പരിധി - 3 വർഷം - പ്രൈമറി - 10,000/-, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ - 25,000/- കോളേജ് - 50,000/-
- സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകും. (അനുബന്ധം 2 എ കാണുക) ഒരു സ്കൂളിന് 2 ടീച്ചർമാരേയും നിയമിക്കാം (പരമാവധി 2 കോടി)

- കേന്ദ്ര-സംസ്ഥാന യൂണിയൻ ടെറിറ്ററികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മൊബൈൽ ലൈബ്രറി വാങ്ങി നൽകാം. (മറ്റു ചെലവുകൾ സ്ഥാപനങ്ങൾ ചെയ്യണം) കൂടാതെ സ്കൂളുകൾ, ആശുപത്രികൾ എന്നിവയ്ക്ക് വാഹനങ്ങൾ, ബസ്സുകൾ, ഉപകരണങ്ങൾ, കുടിവെള്ള-ശുചിത്വ ഉപകരണങ്ങൾ എന്നിവ നൽകാം.
- സർക്കാർ ആശുപത്രി, സ്കൂൾ എന്നിവയുടെ ലൈഫ്ലൈൻ കെട്ടിടങ്ങൾക്ക് റീട്രോഫിറ്റിംഗ് നടത്താം.
- നേരത്തെ എം.പി. ഫണ്ട് പ്രകാരം സ്ഥാപിച്ച ഹാൻഡ് പമ്പുകൾക്കു പകരം പുതിയവ പഴയ സാധനങ്ങൾ ഉപയോഗിച്ചു കൊണ്ട് നൽകാം. (അനക്സർ 2 എ കാണുക)
- കടൽത്തീരം, അതിർത്തി മറ്റ് പരിസ്ഥിതി സെൻസിറ്റീവ് സ്ഥലങ്ങൾ ഇവ ചെയ്യുന്നതിന് അതാത് മിനിസ്ട്രി അനുമതി ആവശ്യമാണ്.
- എം.പി.എൽ.എ.ഡി ഫെസിലിറ്റേഷൻ നോഡൽ കേന്ദ്രം തുടങ്ങുന്നതിന് 5 ലക്ഷം വരെ വിനിയോഗിക്കാം. (ഉപകരണങ്ങൾ, ഫർണീച്ചർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ മുതലായവ)
- റെയിൽവേ ഹോൾട്ട് സ്റ്റേഷൻ നിർമ്മിക്കാം. (അനക്സർ 2 എ കാണുക)
- ജില്ലാ അതോറിറ്റിയുടെ സാക്ഷ്യപത്രത്തോടെ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷനുകൾക്കും (സർക്കാർ സ്ഥാപനത്തിന് തുല്യമായ പ്രവർത്തനം കാഴ്ചവെക്കുന്ന) എം.പി.എൽ.എ.ഡി യിൽ പറയുന്ന സഹായങ്ങൾ നൽകാം.
- ബാർ അസോസിയേഷനുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകാം. (റിക്കറിന് ചെലവുകൾ നൽകാൻ പാടില്ല)
- തൊഴിലുറപ്പ് പദ്ധതിയുടെ സാധനഘടകവുമായി എം.പി.എൽ.എ.ഡി ഫണ്ടിനെ സംയോജിപ്പിക്കാം.
- യുവക്രീഡാ /ഖേൽ അഭിയാൻ, നഗര കായിക അടിസ്ഥാന സൗകര്യ സ്കീം (യു.എസ്.ഐ.എസ്) എന്നിവയിൻ കീഴിൽ കളിസ്ഥലം, മതിൽ, കായിക ഹോൾ, ഹോക്കി, ഫുട്ബോൾ എന്നിവയ്ക്ക് ടാങ്കുകൾ നിർമ്മിക്കാനും എം.പി.എൽ എ.ഡി ഫണ്ട് വിനിയോഗിക്കാം.
- ആംബുലൻസ് വാങ്ങാം. (ചീഫ് മെഡിക്കൽ ഓഫീസർ/ജില്ലാ മജിസ്ട്രേറ്റ്/സിവിൽ സർജൻ) അംഗീകാരത്തിന് വിധേയമായി ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും 2 വർഷത്തേക്ക് ഔട്ട് സോഴ്സ് ചെയ്യാം. നിരക്കുകൾ ജില്ലാ കളക്ടർ/ഡെപ്യൂട്ടി കളക്ടർ/ജില്ലാ മജിസ്ട്രേറ്റ് നിശ്ചയിക്കണം. മോണിറ്റർ ചെയ്യണം.

## എം.പി എൽ.എ.ഡി.എസ്. പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത പ്രവൃത്തികൾ (അനുബന്ധം 2)

1. കേന്ദ്ര സംസ്ഥാന വകുപ്പുകൾ, കേന്ദ്ര എജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ഓഫീസ് കെട്ടിടങ്ങളും, പാർപ്പിടങ്ങളും (എന്നാൽ 3.35, 3.35.1 എന്നീ നിബന്ധനകൾക്ക് വിധേയമായി റെയിൽവേ ഹാൾട്ട് സ്റ്റേഷൻ നിർമ്മാണം ആകാവുന്നതാണ്.)
2. സ്വകാര്യ, സഹകരണ, വ്യവസായ സ്ഥാപനങ്ങൾക്ക് ഓഫീസ് കെട്ടിടം, പാർപ്പിടങ്ങൾ എന്നിവ
3. വാണിജ്യ ആവശ്യങ്ങൾക്കായുള്ള കേന്ദ്രങ്ങൾ, യൂണിറ്റുകൾ എന്നിവക്കാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ
4. ഏതു തരത്തിലുള്ള അറ്റകുറ്റപണികളും (എന്നാൽ 3.32 നിബന്ധനകൾ പാലിച്ച് ഹാന്റ് പമ്പ് റീ ബോറിംഗ് ആവശ്യമെങ്കിൽ ഏറ്റെടുക്കാം.)
5. യാതൊരു വിധത്തിലുമുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളും റിപ്പയറുകളും. (എന്നാൽ അനിവാര്യമായ ജീവിതബന്ധിയായ സർക്കാർ ആശുപത്രികൾ, സർക്കാർ സ്കൂളുകൾ, അത്യാഹിത സന്ദർഭങ്ങളിലും ദുരന്ത പരിരക്ഷണത്തിനുമുള്ള പൊതു കെട്ടിടങ്ങൾ, പുരാവസ്തു വകുപ്പിനു കീഴിൽ സംരക്ഷിക്കപ്പെടുന്ന പുരാവസ്തു സ്മാരകങ്ങൾ, മന്ദിരങ്ങൾ എന്നിവയെ ഒഴിവാക്കിയിട്ടുണ്ട്.)
6. കേന്ദ്ര-സംസ്ഥാന ദുരിതാശ്വാസ നിധികളിലേക്ക് സംഭാവന, കടങ്ങൾ, ഗ്രാന്റുകൾ
7. ജീവിച്ചിരിക്കുന്ന വ്യക്തിയുടെ പേരിൽ നിർമ്മിക്കുന്ന ആസ്തികൾ
8. അനക്സ് 2 ൽ പറയുന്നതൊഴികെയുള്ള ഏതൊരുവിധ ജംഗമവസ്തുക്കളും (മൂവബിൾ)
9. ഭൂമി വാങ്ങുന്നതിനും, മുമ്പ് വാങ്ങിയ ഭൂമിയുടെ നഷ്ടപരിഹാരവും
10. പണിപൂർത്തിയായതോ, ഭാഗീകമായി പണിത ഏതെങ്കിലും നിർമ്മാണത്തിന്റെ ചെലവുകൾ
11. വ്യക്തിക്കോ കുടുംബത്തിനോ നൽകുന്ന ആസ്തികൾ (എന്നാൽ 3.28.1 -ാം ഖണ്ഡിക പ്രകാരം അർഹരായ വിഭിന്നശേഷിക്കാർക്ക് അനുവദനീയമായ മോട്ടോറൈസ് ചെയ്ത കൃത്രിമോപകരണങ്ങൾ, ബാറ്ററിയിൽ ഓടുന്ന വീൽചെയർ എന്നിവ അനുവദിക്കാം). കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം അനുവദനീയമായ ആസ്തികൾ സ്കീമിലെ മാനദണ്ഡങ്ങൾക്കും മുൻഗണനാ മാനദ

ണ്ഡങ്ങൾക്കും മാറ്റം വരുത്താതെ എം.പി മാർക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും വ്യക്തിയെ ഈക്കാര്യത്തിൽ തെരഞ്ഞെടുക്കാൻ പാടില്ലെങ്കിലും ചില പ്രത്യേക പ്രദേശങ്ങൾക്കായി ഇത് അനുവദനീയമാണ്.

12. യാതൊരുവിധ ആവർത്തന ചെലവുകൾക്കും റവന്യു ചെലവുകൾക്കും.
13. ഏതെങ്കിലും മതസ്ഥാപനങ്ങളുടെയോ വിശ്വാസ ഗ്രൂപ്പുകളുടെയോ അധീനതയിലുള്ള ഭൂമിയിലോ, ആരാധനാലയങ്ങളോടനുബന്ധിച്ചോ.

# LXII.

## ബാങ്കിംഗ് മേഖല



### ആമുഖം

ഒരു കാലത്ത് ബാങ്കിംഗ് വരേണ്യ വർഗത്തിനുമാത്രം സ്വന്തമായിരുന്നു. സാധാരണ ജനങ്ങൾക്ക് ബാലികേറാമല. 1969 ലെ അന്നത്തെ ഏറ്റവും വലിയ 14 ബാങ്കുകളുടെ ദേശസാൽക്കരണം വഴിത്തിരിവായി, സാധാരണക്കാർക്കും ബാങ്കുകളിലേക്ക് കടന്നുചെല്ലാം എന്നായി. ദുർബ്ബല ജനവിഭാഗങ്ങൾക്കും മറ്റും ചില ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് വന്നു. 1980 ൽ വീണ്ടും 6 ബാങ്കുകൾ കൂടി ദേശസാൽക്കരിക്കപ്പെട്ടു. 1976 ൽ റീജ്യണൽ റൂറൽ ബാങ്കുകൾ ആരംഭിച്ചു. സഹകരണ മേഖലാ ബാങ്കിംഗും ശക്തമായി. ലാഭത്തിനപ്പുറം രാജ്യവികസനവും ജനക്ഷേമവും പൊതുമേഖലാ ബാങ്കുകളുടെ ലക്ഷ്യമായി.

സ്വതന്ത്ര ഭാരതം കണ്ട ഏറ്റവും ജനക്ഷേമകരമായ നടപടിയായി ബാങ്ക് ദേശസാൽക്കരണം ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. 1969 ൽ കേവലം 4200 കോടി രൂപ നിക്ഷേപവും 3200 കോടി രൂപ വായ്പയുമായിരുന്നു. രാജ്യത്തെ എല്ലാ ബാങ്കുകളിലും കൂടി ഉണ്ടായിരുന്നതെങ്കിൽ ഇന്ന് 60 ലക്ഷം കോടി രൂപ നിക്ഷേപവും 45 ലക്ഷം കോടി രൂപ വായ്പയുമായി വൻപുരോഗതി കൈവരിച്ചിരിക്കുന്നു. ജനകീയ പൊതുമേഖലാ ബാങ്കിംഗ് സംവിധാനം ലോകത്തിന് തന്നെ മാതൃകയായി വർത്തി

ക്കുന്നു. ലോകസാമ്പത്തിക മാന്ദ്യത്തിൽ ബാങ്ക് തകർച്ചകളുടെ തുടർക്കഥകൾ ലോകമെമ്പാടുമുണ്ടായപ്പോൾ ഇന്ത്യയെ രക്ഷിച്ച് യശസ്സുയർത്തിയ പൊതുമേഖലാ ബാങ്കുകളെ പടിപടിയായി സ്വകാര്യവൽക്കരിക്കാനുള്ള സംഘടിതവും ക്രമാനുഗതവുമായ നീക്കങ്ങൾ തകൃതിയായി നടന്നുവരുന്നുവെന്ന് ആനുഷംഗികമായി പറഞ്ഞുവയ്ക്കട്ടെ. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്ന മൗഢ്യമാവുമത്. ജനകീയ പൊതുമേഖലാ ബാങ്കിംഗാണ് നാടിനും നാട്ടുകാർക്കും അഭികാമ്യമെന്ന് നമുക്കറിയാം.

ശാസ്ത്ര, സാങ്കേതിക രംഗം കൈവരിച്ച അമ്പരപ്പിക്കുന്ന നേട്ടങ്ങൾ ലോക ബാങ്കിംഗ് ഭൂപടത്തെ മാറ്റിമറിച്ചു. പ്ലാസ്റ്റിക്കിൽ ചലിക്കുന്ന രാഷ്ട്രം എന്ന് ( വിവിധ കാർഡുകളെ ഉദ്ദേശിച്ച്) അമേരിക്കയെ വിശേഷിപ്പിക്കാറുണ്ട്. ജർമ്മനിയിൽ ഇപ്പോൾ ചെക്കുകളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞിരിക്കുന്നു. എല്ലാറ്റിനും ബാങ്ക് എക്കൗണ്ട് നമ്പർ മതിയാവുമത്രെ. കഴിഞ്ഞ 300 സംവത്സരങ്ങളായി ഉപയോഗത്തിലുള്ള ചെക്ക് സമ്പ്രദായം 2018 ൽ അവസാനിപ്പിക്കാനുള്ള ഒരുക്കങ്ങളിലാണ് യുണൈറ്റഡ് കിംഗ്ഡം. ബാങ്ക് അക്കൗണ്ട് നമ്പർ തന്നെ അവിടെയും താരം.

നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും സമൂഹവും ബാങ്കുകളുമായുള്ള ബന്ധം പുതിയ തലങ്ങളിലേക്ക് ഉയർന്നിരിക്കുന്നു. ബാങ്കുകൾ നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെയാണ് ഒരു പുതിയ ബാങ്ക് സംസ്ക്കാരത്തിന്റെ പ്രസക്തി രാജ്യത്തിനും ജനതയ്ക്കും വേണ്ടി എ ഐ ബി ഇ എ ഈ ദിശയിൽ നൽകി വരുന്ന സംഭാവന ജനങ്ങൾക്കറിയാം. അത് ചരിത്രത്തിലെ തിളക്കമാർന്ന ഏടാണ്. പുരോഗമനോന്മുഖവും ജനക്ഷേമകരവുമായ ബാങ്കു നയങ്ങൾ ജന്മംകൊള്ളണമെങ്കിൽ ഗവൺമെന്റിൽ അതിശക്തമായ സമ്മർദ്ദങ്ങൾ ചെന്നുതറയ്ക്കണം. അതിനായി കൈകോർക്കേണ്ട സമസ്ത ശക്തികളും ഒരുമയോടെ നിലകൊണ്ട് പോരടിക്കണം. ഈ പശ്ചാത്തലത്തിൽ ബാങ്ക് സാക്ഷരത കർമ്മപരിപാടിക്ക് നല്ല പ്രസക്തിയുണ്ടെന്ന് ഉറച്ചു വിശ്വസിക്കുന്നു.

ഒരു തീരുമാനം എടുക്കുന്നതിനു മുമ്പ് അത് സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന് എങ്ങനെ പ്രയോജനപ്പെടുമെന്ന് ചിന്തിക്കണം  എന്ന ഗാന്ധിവചനം പാഠമാകണം. സാധാരണക്കാരെ, അതിലും വിശേഷിച്ച് സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളെ, ബാങ്കിംഗുമായി ബന്ധപ്പെട്ട അത്യാവശ്യ കാര്യങ്ങൾ ധരിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

## ബാങ്കിംഗ് ഇന്ന്

1947 ൽ നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ നമുക്ക് നേരിടേണ്ടിയിരുന്ന ഏറ്റവും വലിയ വെല്ലുവിളി നമ്മുടെ മുഴുവൻ ജനത്തിനും ആവശ്യമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നതായിരുന്നു. അത് സാധ്യമാകണമെങ്കിൽ

കൃഷി വളർന്നേ മതിയാകു. പരമ്പരാഗതമായ കൃഷിരീതികളെ ആശ്രയിച്ചുമാത്രം ഇതു സാധ്യമാകില്ല എന്നുവന്നു.

പുതിയ ഇനം വിത്ത് വികസിപ്പിച്ചും വളം ഉൽപാദിപ്പിച്ചും കൃഷി സ്ഥലങ്ങളിൽ വെള്ളമെത്തിക്കുന്നതിന് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുമൊക്കെ കാർഷികോൽപാദനം കൂട്ടണം.

വിത്തും വളവും വാങ്ങണമെങ്കിലും ജലസേചനത്തിന് പമ്പ് സെറ്റുകൾ സ്ഥാപിക്കണമെങ്കിലും പണം വേണം.

പക്ഷെ, ഭാരതത്തിലെ ബാങ്കുകളെല്ലാം വ്യവസായ കുത്തകകളുടെയും നാട്ടുപ്രമാണിമാരുടെയും ഉടമസ്ഥതയിലായിരുന്നു. അവർ നിക്ഷേപമായി പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ചിരുന്ന പണം ഒഴുക്കിയിരുന്നത് തങ്ങളുടെ ബിസിനസ്സ്-വ്യവസായ സാമ്രാജ്യങ്ങൾ വികസിപ്പിക്കുന്നതിനും ലാഭകരമായ മറ്റുകാര്യങ്ങൾക്കുമായിരുന്നു.

ഇതിനുപുറമെ, ബാങ്കുകൾ സ്ഥിതി ചെയ്തിരുന്നത് നഗരങ്ങളിലും കർഷകർ വസിച്ചിരുന്നത് ഗ്രാമങ്ങളിലുമായിരുന്നു. ജന്മിമാരുടേയോ കൊള്ളപലിശക്കാരുടേയോ കടക്കെണിയിൽ കുടുങ്ങി അടിമകളെപ്പോലെ കഴിയേണ്ട ദുരിതത്തിലായിരുന്നു, ഗ്രാമീണരായ കർഷകർ.

അതുകൊണ്ട്, ബാങ്കുശാഖകൾ ഗ്രാമങ്ങളിൽ ആരംഭിക്കുകയും കർഷകർക്ക് മിതമായ പലിശക്ക് വായ്പകൾ കൊടുത്തു തുടങ്ങുകയും ചെയ്താലെ രക്ഷയുള്ളു എന്ന സ്ഥിതി വന്നു.

അതുപോലെ, ദാരിദ്ര്യമനുഭവിക്കുന്ന ഒരു കുടുംബത്തിന്റെ കാര്യമെടുക്കുക. രണ്ട് പശുക്കളെ വാങ്ങി വളർത്തിയാൽ ആ കുടുംബം രക്ഷപ്പെടും. അതിന് വായ്പ ലഭിക്കണം.

മറ്റൊരു കൂട്ടർക്ക് ഒരു ചെറിയ കട തുടങ്ങുന്നതിനാണ് വായ്പയുടെ ആവശ്യം.

ഒരു കുടിൽ വ്യവസായം തുടങ്ങണമെന്നുണ്ട്. പണം വേണം.

കൈത്തൊഴിലറിയാം. അതിനനുസരിച്ചുള്ള ഒരു സംരംഭം തുടങ്ങണമെന്നുണ്ട്.

ഐ.ടി.ഐ അല്ലെങ്കിൽ പോളിടെക്നിക്ക് പാസായി. ഒരു ചെറിയ വർക്ക്ഷോപ്പ് തുടങ്ങണം.

ഒരു ചെറുകിട വ്യവസായം തന്നെ തുടങ്ങിയാലോ എന്ന ആലോചന.

ഒരു ഓട്ടോറിക്ഷ വാങ്ങിയാൽ അതിൽ നിന്നുള്ള വരുമാനംകൊണ്ട് കുടുംബം പുലർത്താം.

ഇതിനെല്ലാം പണം വേണം. വായ്പ കൊടുക്കാൻ ബാങ്കുകൾ തയ്യാറില്ലെങ്കിലോ? നാട്ടിലെ കഴുത്തറുപ്പൻ പലിശക്കാരിൽ നിന്നും ബ്ലേഡുകമ്പനിക്കാരിൽ നിന്നും വായ്പ വാങ്ങണം. ക്രമേണ പലിശ തന്നെ കൊടുത്തുതീർക്കാൻ കഴിയാത്ത അവസ്ഥ. അവസാനം വീടും കുടിയും തന്നെ നഷ്ടപ്പെടും.

## ബാങ്ക് ദേശസാൽക്കരണം

ഇങ്ങനെയുള്ള സാഹചര്യത്തിൽ 1969 ൽ 14 ബാങ്കുകളെ ഇന്ദിരാഗാന്ധി സർക്കാർ ദേശസാൽക്കരിച്ചു. 1980 ൽ വീണ്ടും 6 ബാങ്കുകളും. 1955 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും 1959 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള എസ്.ബി.ഐ. യുടെ അസോസിയേറ്റ് ബാങ്കുകളും നിലവിൽ വന്നിരുന്നു.

## ബാങ്ക് ദേശീകരണത്തിന്റെ ഗുണങ്ങൾ

- ബാങ്ക് ദേശീകരണത്തിനുശേഷം രാജ്യത്തിന്റെ വളർച്ച ത്വരിതഗതിയിലായി.
- രാജ്യത്തെ ഭക്ഷ്യസ്വയംപര്യപ്തതയിലെത്തിച്ച ഹരിത വിപ്ലവവും രാജ്യത്ത് പാലിന്റെ സുലഭ്യത ഉറപ്പാക്കിയ ധവള വിപ്ലവവും സാധ്യമായി.
- കഷ്ടപ്പെടുന്നവർക്കുള്ള അത്താണിയായി ബാങ്കുകൾ മാറി
- ആവശ്യം വരുമ്പോൾ വിശ്വസിച്ച് ബാങ്കുകളെ സമീപിക്കാമെന്ന അവസ്ഥ വന്നു.
- ഒട്ടേറെ കുടുംബങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് കരകയറി.
- മിതമായ പലിശനിരക്കിലുള്ള വായ്പകളും സർക്കാർ നൽകുന്ന സബ്സിഡികളും കൂടിയായപ്പോൾ അത് വലിയൊരു ആശ്വാസമായി.
- രാജ്യത്തിന്റെ മൊത്തമായ വികസനത്തെ ലക്ഷ്യമാക്കി ആസൂത്രണം ചെയ്ത പഞ്ചവത്സര പദ്ധതികൾ വിജയമായി.

ഇങ്ങനെയൊക്കെയാണെങ്കിലും സങ്കുചിത താല്പര്യക്കാരായ ചിലരുടെ അനാവശ്യമായ ഇടപെടലുകളും സ്വാർത്ഥ താത്പര്യങ്ങളും അർഹതയില്ലാത്തവർക്ക് വായ്പകൾ ലഭിക്കുന്നതും അർഹതയുള്ളവർക്ക് വായ്പ നിഷേധിക്കുന്നതുമായ സംഭവങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. എന്നിരുന്നാലും, ബാങ്ക് ദേശീകരണത്തിന്റെ ഗുണഫലങ്ങൾ അപരിമിതമാണ്.

കുറവുകൾ പരിഹരിച്ചുകൊണ്ട് ബാങ്ക് ദേശീകരണത്തിന്റെ മഹത്തായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളുമായി മുന്നോട്ട് പോവണം.

# ബാങ്കുകൾ ജനസേവനത്തിന്

## 1. വിവര സാങ്കേതികവിദ്യ സമ്മാനിക്കുന്ന സാധ്യതകൾ

വിവരസാങ്കേതിക വിദ്യയുടെ സ്ഫോടനാത്മകമായ മാറ്റം ബാങ്കിംഗ് രംഗത്ത് വരുത്തിവെച്ച ഗുണപരമായ മാറ്റങ്ങൾ ഏറെയാണ്.

24 മണിക്കൂറും പണം പിൻവലിക്കാവുന്ന എ.ടി.എം. സൗകര്യം, വീട്ടിലിരുന്നു തന്നെ സ്വന്തം അക്കൗണ്ട് ഇന്റർനെറ്റുവഴി വീക്ഷിക്കാനുള്ള സൗകര്യം, സ്വന്തം മുറിയിലിരുന്ന് പണം മറ്റു അക്കൗണ്ടുകളിലേക്ക് മാറ്റുവാനുള്ള സൗകര്യം, അക്കൗണ്ടുകളിൽ നടക്കുന്ന ഇടപാടുകൾ സ്വന്തം മൊബൈലിൽ അറിയുന്നതിനുള്ള സൗകര്യം, ടെലിഫോൺ, സ്കൂൾഫീസ് തുടങ്ങിയവ അക്കൗണ്ടിൽ നിന്ന് നേരിട്ട് പിടിച്ച് പോകുന്നതിനുള്ള സൗകര്യം, മുറിയിലിരുന്ന് തന്നെ ട്രെയിൻ, വിമാന, ബസ് ടിക്കറ്റുകൾ ബുക്കുചെയ്യുന്നതിനുള്ള സൗകര്യം, എ.ടി.എം കാർഡ്. ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ മുഖേന കടകളിൽ പേയ്മെന്റ് നടത്തുന്നതിനുള്ള (പണം കൊണ്ടു നടക്കേണ്ടതില്ല) സൗകര്യം, മുറിയിലിരുന്നു തന്നെ ഇന്റർനെറ്റിലൂടെ സാധനങ്ങൾ ഓർഡർ ചെയ്ത് വാങ്ങുന്നതിനുള്ള സൗകര്യം, ഏറ്റവും പുതുതായി സ്വന്തം മൊബൈൽ ഉപയോഗിച്ച് സ്വന്തം എക്കൗണ്ടിൽ നിന്നും മറ്റൊരു എക്കൗണ്ടിലേക്ക് പണം കൈമാറുന്നതിനുള്ള സൗകര്യം തുടങ്ങി വിവര സാങ്കേതികവിദ്യ ബാങ്കു സംബന്ധമായി തുറന്നുതന്നീട്ടുള്ള സാധ്യതകൾ ഏറെയാണ്. ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള വിജ്ഞാനം ഇടപാടുകാർ ആർജിക്കേണ്ടതുണ്ട്.

ഇനി ബാങ്കുകളിലൂടെ നടപ്പാക്കപ്പെടുന്ന സർക്കാരിന്റെ പദ്ധതികളെക്കുറിച്ച് പറയാം.

## 2. ഡി ആർ ഐ വായ്പകൾ (4% പലിശയിൽ)

ഡി ആർ ഐ വായ്പകൾ മുൻവർഷത്തെ മൊത്തം വായ്പകളുടെ 1 ശതമാനത്തിൽ താഴെയാകരുതെന്നാണ് റിസർവ്വ് ബാങ്ക് നിഷ്ക്കർഷിച്ചിരിക്കുന്നത്.

ഡി ആർ ഐ വായ്പകളുടെ നിബന്ധനകളിൽ വരുത്തിയിരിക്കുന്ന ചില മാറ്റങ്ങൾ താഴെ പറയുന്നവയാണ്.

- കുടുംബത്തിന്റെ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 18000 രൂപയായും മധ്യമനഗരങ്ങളിലും നഗരങ്ങളിലും 24000 രൂപയായും ഉയർത്തിയിരിക്കുന്നു.
- ഭവനവായ്പ വിഭാഗത്തിൽ 15000 രൂപ വരെ വായ്പ നൽകാം. ഇത് പട്ടികജാതി/ പട്ടികവർഗ്ഗത്തിന് 20000 രൂപ വരെയാകാം.
- ചില ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ ഡി ആർ ഐ നിരക്കിന് നൽകുന്നുണ്ട്.

# തൊഴിൽ സൃഷ്ടി, സ്വയംതൊഴിൽ മേഖല

## 3. പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപാദന പദ്ധതി (PMEGP)

നേരത്തെയുണ്ടായിരുന്ന PMRY, REGP എന്നീ പദ്ധതികളുടെ സ്ഥാനത്ത് നിലവിലുള്ള പദ്ധതിയാണിത്. കാലാകാലാങ്ങളിൽ മാറ്റം വരാം. കേന്ദ്ര ഖാദി & വില്ലേജ് വ്യവസായ കമ്മീഷന്റെ (KVIC) പദ്ധതിയാണിത്. ഇത് നടപ്പാക്കുന്നത് (KVIC), ഖാദി & ഗ്രാമ വ്യവസായ ബോർഡ് (KVIB), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (DIC) എന്നിവ മുഖേനയാണ്.

**ലക്ഷ്യം:** നഗര, ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ സൃഷ്ടിക്കുന്നതിന് ഉദ്ദേശിച്ചുള്ള പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ, പദ്ധതികൾ, മൈക്രോ സംരംഭങ്ങൾ എന്നിവ

**മാർജിൻ:** പൊതു വിഭാഗ(General Category) ത്തിൽ പെടുന്നവർക്ക് 10% അല്ലാത്തവയ്ക്ക് 5%

**പരമാവധി പദ്ധതി വലുപ്പം** : ഉൽപാദന സ്വഭാവത്തിലുള്ളവയ്ക്ക് 25 ലക്ഷം രൂപയും സേവനസ്വഭാവത്തിലുള്ളവയ്ക്ക് 10 ലക്ഷം രൂപയും.

| സബ്സിഡി<br>വിഭാഗം | നഗരം | ഗ്രാമം |
|---|---|---|
| പൊതുവിഭാഗം | പദ്ധതിയുടെ 15% | 25% |
| പട്ടികജാതി/പട്ടികവർഗ്ഗം/മറ്റു പിന്നോക്ക വിഭാഗം/ന്യൂനപക്ഷങ്ങൾ/ സ്ത്രീകൾ/PH/മുൻസൈനികർ | 25% | 25% |

സബ്സിഡി മൂന്നുവർഷത്തേക്കുള്ള സ്ഥിരനിക്ഷേപമായി സൂക്ഷിക്കും. സബ്സിഡിക്കോ, സ്ഥിരനിക്ഷേപത്തിനോ പലിശയുണ്ടായിരിക്കുകയില്ല.

വരുമാനപിധിയില്ല. 18 വയസ്സിന് മുകളിലുള്ളവർക്ക് ലഭിക്കും. പുതിയ പദ്ധതികൾക്കുമാത്രം.

രണ്ടു ലക്ഷം വരെയുള്ള പദ്ധതികൾക്ക് 3 ദിവസത്തെ ഋഉജ പരിശീലനം. മറ്റുള്ളവർക്ക് രണ്ടാഴ്ചത്തെയും.

**വിദ്യാഭ്യാസ യോഗ്യത** : ഉൽപാദന മേഖലയിലുള്ള 10 ലക്ഷത്തിനുമുകളിലുള്ള പദ്ധതികൾക്കും സേവനമേഖലയിലുള്ള പദ്ധതികൾക്കും 8-ാം ക്ലാസ്സ് പാസായിരിക്കണം.

**അർഹതയില്ലാത്ത സംരംഭങ്ങൾ**: പലചരക്ക്-സ്റ്റേഷനറി കടകൾ, ആട്, പന്നി, കോഴി വളർത്തൽ, നഗരങ്ങളിലും ഗ്രാമങ്ങളിലും ഗതാഗതം, യന്ത്രത്തറികൾ, ശരീര ആരോഗ്യ-സൗന്ദര്യ കേന്ദ്രങ്ങൾ, മാംസ സംസ്ക്കരണ-വിതരണ യൂണിറ്റുകൾ, ബീഡി, സിഗരറ്റ് തുടങ്ങിയ പുകയില ഉൽപന്നങ്ങൾ, കള്ളുവ്യവസായം, മദ്യവിതരണശാലകൾ.

## ദാരിദ്ര്യനിർമ്മാർജ്ജനം

## 4. സ്വർണ്ണജയന്തി ഗ്രാമസ്വരോജ്ഗർ യോജന പദ്ധതി (SGSY)

1994 ഏപ്രിൽ 1 ന് തുടങ്ങിയ പദ്ധതിയാണിത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പാവങ്ങളെ സഹായിക്കുകയും ഗ്രാമങ്ങളിലെ എല്ലാ കുടുംബങ്ങളെയും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരുകയുമാണ് ലക്ഷ്യം. സ്വയം തൊഴിലിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്നതാണ് ഈ പദ്ധതി. പാവങ്ങളെ സ്വയംസഹായ സംഘങ്ങളായി (SHGs) സംഘടിപ്പിക്കുന്നതിനും അവർക്ക് പരിശീലനം, വായ്പ, സാങ്കേതിക വിദ്യ, അടിസ്ഥാന സൗകര്യം, വിപണനം എന്നിവ ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചാണ് ഈ പദ്ധതിക്ക് രൂപംകൊടുത്തിട്ടുള്ളത്. SHG കൾക്കാണ് മുൻഗണന.

**അർഹത**: ഗ്രാമസഭ അംഗീകരിച്ച, ബി പി എൽ സെൻസസ് പ്രകാരമുള്ള, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റിലുള്ള എല്ലാ കുടുംബങ്ങളും.

**പദ്ധതി ചെലവ്**: യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുക ജില്ല SGSY സമിതി നൽകുന്ന മാർക്ഷരേഖയുടെ അടിസ്ഥാനത്തിലാണ്. SHG കൾക്ക് പദ്ധതിച്ചെലവിന് പരമാവധി സീലിങ് ഇല്ല.

**ഈട്**

1. ഒരു ലക്ഷം രൂപവരെയുള്ള വ്യക്തിഗത ലോണുകൾക്കും 10 ലക്ഷം രൂപവരെയുള്ള ഗ്രൂപ്പ് ലോണുകൾക്കും.

എ) ബാങ്ക് വായ്പകൊണ്ട് ആർജിച്ച വസ്തുക്കളുടെ ഈട് (Hypothecation)

ബി) കിണർ കുഴിക്കൽ, ലിഫ്റ്റ് ഇറിഗേഷൻ തുടങ്ങിയ ഭൂമി സംബന്ധമായ പദ്ധതികൾക്ക് ബാങ്ക് ആവശ്യപ്പെടുന്നതനുസരിച്ച് ഭൂമിയുടെ ഈട് (Mortgage)

**മാർജിൻ/സബ്സിഡി**: പദ്ധതിച്ചലവിന്റെ 30 ശതമാനം, പരമാവധി 7500 രൂപ. പട്ടികജാതി, പട്ടികവർഗ്ഗത്തിന് ഇത് യഥാക്രമം 50 ശതമാനവും 10000 രൂപയും ആണ്, ഗ്രൂപ്പുകളുടെ കാര്യത്തിലാണെങ്കിൽ 50 ശതമാനവും 1.25 ലക്ഷം രൂപയും. ജലസേചന പദ്ധതികൾക്ക് സബ്സിഡിക്ക് പരമാവധി കണക്കില്ല.

സബ്സിഡി ലഭിക്കാനുള്ള നിശ്ചിത സമയത്തിനുള്ളിൽ വായ്പ ക്ലോസ് ചെയ്താൽ സബിസ്ഡി ലഭിക്കില്ല. കാലാവധി അവസാനിക്കുന്നതിനു മുമ്പായി വായ്പ ക്ലോസ് ചെയ്താൽ സബ്സിഡി ആനുപാതികമായി ലഭിക്കും. സബിസിഡി ലഭിക്കാനുള്ള കാലാവധി, തിരിച്ചടവ് കാലാവധി 5,7,9 വർഷങ്ങൾ എന്നതിനനുസരിച്ച് യഥാക്രമം 3,4,5 വർഷങ്ങൾ ആയിരിക്കും. ഗ്രൂപ്പിന് പ്രവർത്തനച്ചെലവിനായി കാഷ്ക്രെഡിറ്റ് സൗകര്യവും ലഭിക്കും.

**പലിശ നിരക്ക്**: വായ്പ നൽകുന്ന ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതനുസരിച്ച്.

**തിരിച്ചടവ്**: മധ്യകാല വായ്പകൾ ഏറ്റെടുക്കുന്ന പദ്ധതിയുടെ സ്വഭാവമനുസരിച്ച് 5,7,9 വർഷം. വായ്പയും സബ്സിഡിയും ദുരുപയോഗം ചെയ്യുന്ന പക്ഷം സിവിൽ ക്രിമിനൽ നടപടികൾക്ക് വിധേയമായിരിക്കും.

## പൊതുവായ നിബന്ധനകൾ

വായ്പയ്ക്ക് അർഹതയുള്ളവരെ കണ്ടെത്തുക ഗ്രാമസഭയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ (BPL) ലിസ്റ്റിൽ നിന്ന് ബി.ഡി.ഒ, ബാങ്ക്, ഗ്രാമസഭ പ്രസിഡന്റ് എന്നിവർ ചേർന്നായിരിക്കും.

വായ്പയ്ക്ക് അർഹരായവർ പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. കൂടുതൽ വൈദഗ്ദ്യപരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനച്ചെലവുകൾക്കായി ആവശ്യത്തിനനുസരിച്ച് പരമാവധി 5000 രൂപ വായ്പയ്ക്ക് അർഹതയുണ്ട്.

## 5. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM)

ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ മുഖ്യ പദ്ധതിയാണ് പുതുതായി രൂപം കൊടുത്തിട്ടുള്ള ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (National Rural Livelihood Mission) നിലവിലുള്ള SGSY പദ്ധതിക്ക് പകരമാണ് NRLM ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. IRDP മുതൽ SGSY വരെയുള്ള പദ്ധതികൾ സ്വയം തൊഴിൽ സംരംഭങ്ങളിൽക്കൂടി തൊഴിൽ/ജീവന അവസരങ്ങൾ സൃഷ്ടിക്കുന്നതിലാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. എന്നാൽ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ശേഷി വികസനവും അവരുടേതായ ജനകീയ സംഘടനാ സംവിധാനവും ഉണ്ടെങ്കിൽ മാത്രമെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സമഗ്രവും സുസ്ഥിരവുമാകു എന്ന കേരളത്തിലെ കുടുംബശ്രീയുടേയും ആന്ധ്രയിലെ SERP ന്റേയും അനുഭവങ്ങൾ മാതൃകകളാക്കിക്കൊണ്ടാണ് NRLM പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്.

പതിനൊന്നാം പദ്ധതിയുടെ ബാക്കിയുള്ള രണ്ടുവർഷം തെരഞ്ഞെടുത്ത 150 ജില്ലകളിലാണ് NRLM നടപ്പിലാക്കുന്നത്.

കേരളത്തിലും ആന്ധ്രയിലും സംസ്ഥാനാടിസ്ഥാനത്തിൽ ഇത് നടപ്പിൽ വരും. സംസ്ഥാന തലത്തിലുള്ള State Rural Livelihood Mission (SRLM) തയ്യാറാക്കുന്ന 7 വർഷ പദ്ധതിരേഖയുടെ അടിസ്ഥാനത്തിലാവും കേന്ദ്ര സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകുക. സംസ്ഥാനത്ത് കുടുംബശ്രീ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. കുടുംബശ്രീ സംഘടനാ സംവിധാനം വഴിയായിരിക്കും ചഞഘങ ന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുക.

## 6. സ്വർണ്ണ ജയന്തി ശഹരി രോജ്ഗർ യോജന (SJSRY)

കാര്യമായ തൊഴിലില്ലാത്തവരും തൊഴിൽ രഹിതരുമായ നഗരപ്രദേശങ്ങളിലെ ചെറുപ്പക്കാർക്ക് ചെറിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതിയാണിത്.

**പദ്ധതിച്ചെലവ്:** ഒരു വ്യക്തിക്ക് പരമാവധി 2 ലക്ഷം രൂപയും ഒന്നിൽ കൂടുതൽ പേരുടെ സംയുക്ത സംരംഭമാണെങ്കിൽ പരമാവധി 10 ലക്ഷം രൂപയും.

**സബ്സിഡി:** പദ്ധതിച്ചെലവിന്റെ 25 ശതമാനം (പരമാവധി ഒരു വ്യക്തിക്ക് 50000 രൂപ). സംയുക്ത സംരംഭങ്ങൾക്ക് പദ്ധതിച്ചെലവിന്റെ 35% 3.5 ലക്ഷം കവിയാതെ.

**മാർജിൻ:** പദ്ധതിച്ചെലവിന്റെ 5 ശതമാനം

**വായ്പ (സബ്സിഡി ഉൾപ്പെടെ):** പദ്ധതിച്ചെലവിന്റെ 95 ശതമാനം.

**പലിശനിരക്ക്:** മുൻഗണനാ വായ്പകൾക്ക്, വായ്പ നൽകുന്ന ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനനുസരിച്ച്.

**ഈട്:** വായ്പ വിനിയോഗിച്ച് നേടുന്ന ആസ്തികളല്ലാതെ വേറെ ഈടൊ ഗ്യാരണ്ടിയൊ വേണ്ട.

**തിരിച്ചടവ്:** 3 മുതൽ 7 വർഷം കൊണ്ട്, തുടക്കത്തിൽ 6 മാസം മുതൽ 18 മാസം വരെ തിരിച്ചടവിന് അവധി കൊടുക്കും. തിരിച്ചടവ് ഉറപ്പു വരുത്തുന്നതിന് മുനിസിപ്പാലിറ്റി, കുടുംബശ്രി മിഷൻ എന്നിവ സഹായിക്കും.

**പരിശീലനം:** കുറഞ്ഞത് 300 മണിക്കൂറിന്റെ പരിശീലനം നിർബന്ധമാണ്.

**സ്പോൺസറിംഗ്:** നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.

**വായ്പ നൽകുന്നത്:** വാണിജ്യ ബാങ്കുകൾ.

## 7. ഖാദി വില്ലേജ് വ്യവസായബോർഡിന്റെ (KVIB) മുഖ്യപദ്ധതി

ഖാദി വില്ലേജ് വ്യവസായ ബോർഡിന്റെ, സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഉപഭോക്താക്കൾ. പാർട്ട്ണർഷിപ്പോ സ്വകാര്യ കമ്പനികളോ അല്ലാത്ത, വ്യക്തികളും സ്ഥാപനങ്ങളും.

**പദ്ധതി വലുപ്പം:** കുറഞ്ഞത് 2 പേർക്ക് ജോലി നൽകുന്ന പരമാവധി 50,000 രൂപയുടെ പദ്ധതി

**വായ്പാത്തുക:** പദ്ധതിച്ചെലവിന്റെ 90 ശതമാനം

**മാർജിൻ:** പത്തു ശതമാനം

**KVIB യിൽ നിന്ന് ലഭിക്കുന്ന മാർജിൻ:** പദ്ധതിച്ചെലവിന്റെ അനുപാതത്തിൽ - സാധാരണ: 25%, മറ്റുപിന്നോക്കക്കാർ/സ്ത്രീകൾ/ന്യൂനപക്ഷം: 60%, പട്ടികജാതി : 40%, പട്ടികവർഗ്ഗം: 50%

വായ്പയുടെ ആദ്യതവണ നൽകിയതിനുശേഷം ബാങ്ക് ശാഖ KVIB യുടെ പ്രോജക്ട് ഓഫീസറെ അറിയിക്കുകയും മാർജിൻ തുകയ്ക്ക് അപേക്ഷിക്കുകയും വേണം. മാർജിൻ തുക ഉപഭോക്താവിന്റേയും പ്രോജക്ട് ഓഫീസറുടേയും പേരിൽ കുറഞ്ഞത് 2 വർഷത്തെ സ്ഥിര നിക്ഷേപമായി സൂക്ഷിക്കണം. 2 വർഷത്തിനുശേഷം തുക വായ്പയിലേക്ക് അഡ്ജസ്റ്റ് ചെയ്യാം.

KVIB യുടെ നെഗറ്റീവ് ലിസ്റ്റിൽ പെടാത്ത എല്ലാ വ്യവസായങ്ങൾക്കും അർഹതയുണ്ട്. KVIB യുടെ ജില്ലാ ഓഫീസ് വഴിയാണ് സമർപ്പിക്കേണ്ടത്.

## 8. രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർക്കുള്ള കേരള സംസ്ഥാന സ്വയം തൊഴിൽ പദ്ധതി (KERSU)

അർഹതാ നിബന്ധനകൾ: വയസ്സ് 21 നും 50 നും ഇടയിൽ. (SC/CS/PH അപേക്ഷകർക്ക് 5 വയസ്സിന്റെ ഇളവ്). കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത : ബാധകമല്ല.

മുന്ഗണന: 1) 25 വയസ്സ് കഴിഞ്ഞവർക്ക്, 2) തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർക്ക്, 3) N.A.C, N.T.C. തുടങ്ങിയ പ്രൊഫഷണൽ യോഗ്യത സമ്പാദിച്ചവർക്ക്, വരുമാന പരിധി: 40,000 രൂപ (വിദ്യാർത്ഥികൾക്ക് അർഹതയില്ല)

### മറ്റു വ്യവസ്ഥകൾ

1. മാതാപിതാക്കളിൽ ഒരാൾ ഭാര്യയൊ ഭർത്താവൊ ഗ്യാരന്റർ ആയിരിക്കണം

2. വായ്പയുടെ 20% സബ്സിഡിയായി നൽകും.
3. ഒരു വായ്പയുടെ പരമാവധി തുക 1 ലക്ഷം രൂപയായിരിക്കും.
4. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ കമ്മിറ്റി അപേക്ഷ അംഗീകരിക്കണം.
5. സംയുക്ത സംരംഭങ്ങൾക്കും (joint ventures) വായ്പ നൽകും.

### പരിഗണിക്കപ്പെടുന്ന മേഖലകൾ

വ്യവസായം, സേവനം, ബിസിനസ് മുതലായവ. പ്രത്യേക ലിസ്റ്റ് എംപ്ലോയ്മെന്റ് ഡയറക്ടർ പ്രസിദ്ധീകരിക്കും.

വായ്പ തിരിച്ചടവ് ബന്ധപ്പെട്ട ബാങ്ക് തീരുമാനിക്കുന്നത് പ്രകാരമായിരിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് അപേക്ഷിക്കേണ്ടത്

## 9. തൊഴിൽ രഹിതർക്കുള്ള കേരള സംസ്ഥാന വിവിധോദ്ദേശ്യ സേവന കേന്ദ്ര ജോബ് ക്ലബ്ബ് പദ്ധതി

**(Multipurpose Service Centers and job Clubs Scheme for Unemployed in the State of Kerala)**

### അർഹതാ മാനദണ്ഡങ്ങൾ

1. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാക്ഷരരായവർക്ക്.
2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും മതിയായ വൈദഗ്ദ്യമുള്ളവർക്ക്. (ഈ വിഭാഗത്തിൽ പരമാവധി 10 ശതമാനം പേരെ).
3. അപേക്ഷകന്റെ വാർഷിക വരുമാനം 50000 രൂപയിൽ കൂടാൻ പാടില്ല.
4. അപേക്ഷകന്റെ വയസ്സ് 21 നും 40 നും ഇടയിലായിരിക്കണം. പിന്നോക്ക വിഭാഗക്കാർക്ക് 3 വർഷവും പട്ടികജാതി/പട്ടിക വർഗ്ഗത്തിനും PH Candidates നും 5 വർഷവും ഇളവുണ്ടായിരിക്കും.
5. ജോബ് ക്ലബ്ബിൽ അംഗങ്ങളാകുന്നതിന് പുരുഷന്മാർക്കും സ്ത്രീകൾക്കും അർഹത ഉണ്ടായിരിക്കും. പക്ഷെ, ഹോം നേഴ്സ്, ഹോം മെയ്ഡ് (Home maid) തുടങ്ങിയവരുടെ ക്ലബ്ബുകളിൽ അംഗത്വം സ്ത്രീകൾക്ക് മാത്രമെ ഉണ്ടായിരിക്കുകയുള്ളു.
6. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർക്കും ഐ.ടി.സി. കളിൽ നിന്നോ പോളിടെക്നിക്ക്കളിൽ നിന്നോ

NTC/ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ സമ്പാദിച്ചവർക്കും മുൻഗണന ഉണ്ടായിരിക്കും.

7. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി അപേക്ഷ അംഗീകരിക്കണം.

## പദ്ധതി നടത്തിപ്പ്

ഡിസ്ട്രിക്റ്റ് എംപ്ലോയ്മെന്റ് ഓഫീസർ അപേക്ഷകരുടെ കഴിവ്, അഭിരുചി, സംഘടനാ വൈദഗ്ദ്യം എന്നിവ പരിശോധിക്കും. അദ്ദേഹം യോജിപ്പുള്ള ഗ്രൂപ്പുകളെ കണ്ടെത്തി ഒരു പാർട്ട്ണർഷിപ്പ് എഗ്രിമന്റിലൂടെ ജോബ്ബ് ക്ലബ്ബ് രൂപീകരിക്കും.

ഒരു സേവന കേന്ദ്രത്തിന്റെ കീഴിലുള്ള ഓരോ ജോബ്ബ് ക്ലബ്ബും 5 പേരിൽ കൂടുതൽ അംഗങ്ങളില്ലാത്തതും പാർട്ട്ണർഷിപ്പ് നിയമപ്രകാരം രജിസ്റ്റർ ചെയ്തതും ആയിരിക്കും.

മൊത്തം പദ്ധതി ചെലവിന്റെ 25 ശതമാനം (പരമാവധി 2 ലക്ഷം രൂപ) ഓരോ ഗ്രൂപ്പിനും സബ്സിഡിയായി നൽകും. വായ്പയുടെ 10 ശതമാനം ഉപഭോക്താക്കളായ അംഗങ്ങൾ സ്വന്തം പങ്കായി കൊണ്ടുവരണം.

പദ്ധതിച്ചെലവനുസരിച്ച് ഒരു ജോബ് ക്ലബ്ബിന് നൽകുന്ന പരമാവധി വായ്പാ തുക 10 ലക്ഷം രൂപയായിരിക്കും. ഈ വായ്പാ പദ്ധതിയനുസരിച്ചുള്ള ചെറുകിട സൂക്ഷ്മ സംരംഭങ്ങൾക്കുള്ള വായ്പകൾ ക്രെഡിറ്റ് ഗ്യാരന്റി സ്കീമിന്റെ (CGTMSE) പരിധിയിൽ വരും. വായ്പ അനുവദിക്കുന്ന സമയത്ത് ഒറ്റത്തവണയായി നൽകേണ്ട ഫീ പദ്ധതിച്ചെലവിൽ പെടുത്താവുന്നതും പിന്നീട് വർഷാവർഷം നൽകേണ്ട ഫീ ബാങ്കുകൾക്ക് ഉപഭോക്താവിൽ നിന്ന് നേരിട്ട് പിടിക്കാവുന്നതുമാണ്.

## 10. സ്വരോജ്ഗർ ക്രെഡിറ്റ് കാർഡ് പദ്ധതി
## Swarojgar Credit Card Scheme (SCCS)

ചെറുകിട കരകൗശല വിദഗ്ദ്ധർ, കൈത്തറി നെയ്ത്തുകാർ, സ്വയംതൊഴിലിൽ ഏർപ്പെടുന്നവർ, റിക്ഷാ ഉടമസ്ഥർ, മറ്റു ലഘുസംരംഭകർ എന്നിവർക്ക് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി നബാർഡ് തുടങ്ങിയ പദ്ധതിയാണിത്. ഇത് നിശ്ചിത കാലാവധി വായ്പയും (Term loan) കാഷ് ക്രെഡിറ്റും അടങ്ങുന്ന വായ്പാ പദ്ധതിയാണ്. മുതൽ മുടക്കാവശ്യത്തിന് 5 വർഷത്തേക്കുള്ള കാലാവധി വായ്പ നൽകും. തിരിച്ചടവ് യുക്തമായ തവണകളായി നടത്തണം. പ്രവർത്തന ചക്രം, മുതൽ മുടക്കിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്താണ് കാഷ് ക്രെഡിറ്റായി നൽകുക. കാലാവധി വായ്പയും കാഷ് ക്രെഡിറ്റും ചേർത്ത് 25000 രൂപയാണ് വായ്പയായി

നൽകുക. അർഹമായ കേസുകളിൽ ബാങ്കുകൾക്ക് 30000 രൂപവരെ പരിഗണിക്കാം. പുറമെയുള്ള (Collateral) ഈടൊ മാർജിനോ ആവശ്യപ്പെടില്ല. പദ്ധതിയുടെ ഉപ ഭോക്താക്കളെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾക്കൊള്ളിക്കും. പ്രീമിയം, ബാങ്കും ഉപഭോക്താവും തുല്യമായി പങ്കുവെക്കും.

## 11. ലഘു ഉദ്യമി ക്രെഡിറ്റ് കാർഡ് പദ്ധതി (LUCC)

ചെറുകിട കച്ചവടക്കാർ, പ്രൊഫഷണലുകളും സ്വയംതൊഴിൽ കണ്ടെത്തുന്നവരും, ചെറിയ ബിസിനസ് യൂണിറ്റുകൾ, കരകൗശല വിദഗ്ധർ, ഗ്രാമവ്യവസായങ്ങൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ എന്നിവയ്ക്ക് അർഹതയുണ്ട്.

- പ്രവർത്തന മൂലധനത്തിനാണ് കാർഡ് നൽകുക.
- വായ്പയെടുക്കുന്നവർ 3 വർഷം ബാങ്ക് ഇടപാടുകൾ തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുള്ളവരായിരിക്കണം.
- കാർഡിന്റെ കാലാവധി 3 വർഷമായിരിക്കും.
- പരമാവധി 10 ലക്ഷം രൂപയുടെ ലിമിറ്റാണ് അനുവദിക്കുക.
- ചെറുകിട സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വായ്പകൾക്ക് പദ്ധതിയിൽ നിയോഗിക്കുന്ന ആസ്തിയല്ലാതെ വേറെ ഈട് വേണ്ട. അവയെ ഈ വിഭാഗങ്ങൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതിയിൽ (CGTMSE) പെടുത്തുകയും ചെയ്യും.
- ഇൻഷുറൻസും പലിശ നിരക്കും ബാങ്കിന്റെ നിയമമനുസരിച്ച്
- 2 ലക്ഷം രൂപ വരെയുള്ള ലിമിറ്റുകൾക്ക് സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് വേണ്ട. റീട്ടെയിൽ വ്യാപാരങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കുമുള്ള 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ലിമിറ്റുകൾക്ക് ലളിതമായ രീതിയിലുള്ള ഒരു സ്റ്റോക് സ്റ്റേറ്റ്മെന്റ് ആവശ്യമാണ്.

## 12. കരകൗശല വിദഗ്ദ്ധർക്കുള്ള ക്രെഡിറ്റ് കാർഡ് പദ്ധതി Artisans Credit Card Scheme (ACC)

ഇത് കരകൗശല വിദഗ്ദ്ധർക്ക് ബുദ്ധിമുട്ടില്ലാതെ വായ്പാ സഹായം ലഭ്യമാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ളവർക്ക് മുതൽ മുടക്കിനും പ്രവർത്തന മൂലധനത്തിനും നൽകും.

**അർഹത**: ഉൽപാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന കരകൗശല വിദഗ്ദ്ധർക്ക്. വികസന കമ്മീഷണ (Development Commissioner) റുടെ അടുത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മുൻഗണന.

**തുക:** പരമാവധി 2 ലക്ഷം രൂപ വരെ. ഉൽപാദനത്തോതിനനുസരിച്ചായിരിക്കും പ്രവർത്തന മൂലധനം നൽകുക.

**തിരിച്ചടവ്:** നിശ്ചിത കാലാവധി വായ്പ 3 മുതൽ 5 വർഷം കൊണ്ട് തിരിച്ചടയ്ക്കണം.

**ഈട്:** വായ്പ കൊണ്ട് ഉൽപാദിപ്പിക്കുന്ന ഇനങ്ങൾ. വേറെ ഈട് വേണ്ട.

**മാർജിൻ:** 25,000 രൂപവരെയുള്ള വായ്പയ്ക്ക് വേണ്ട. അതിനുമുകളിൽ 15 മുതൽ 25 ശതമാനം വരെ

**കാർഡിന്റെ കാലാവധി:** വാർഷിക പുനപരിശോധനയ്ക്ക് വിധേയമായി മൂന്നു വർഷത്തേക്ക്. 2 ലക്ഷം രൂപ എന്ന പരിധിക്കുള്ളിൽ വർദ്ധന സാധ്യമാണ്.

**ഇൻഷുറൻസ്:** 50,000 രൂപ വേണ്ട.

## 13. കേരള സംരംഭകത്വ വികസന മിഷൻ

**ലക്ഷ്യം:** പുതിയ ചെറുകിട സൂക്ഷ്മ സംയുക്ത സംരംഭങ്ങൾ തുടങ്ങാൻ.

**പദ്ധതി ചിലവ്:** പരമാവധി 20 ലക്ഷം. ഒരു മെമ്പർക്ക് പരമാവധി 4 ലക്ഷം രൂപ.

**യോഗ്യത:** ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽനിന്നും പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന സംയുക്ത സംരംഭങ്ങൾക്ക്.

**ഈട്:** പദ്ധതിയിലെ ആസ്തികളല്ലാതെ വേറെ അധിക ഈടോ, ആൾജാമ്യമോ ആവശ്യമില്ല.

**ഗവൺമെന്റ് നയം:** ബാങ്ക് നിർദ്ദേശിക്കുന്ന പ്രകാരം തിരിച്ചടയ്ക്കുന്ന വായ്പകൾ തികച്ചും പലിശരഹിതം.

**പദ്ധതികൈകാര്യം ചെയ്യുന്ന വകുപ്പ്:** കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ.

**പദ്ധതി വർഷം:** 2012 മുതൽ 2016 വരെ

**പദ്ധതി പ്രദേശം:** എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും.

# കാർഷിക മേഖല

## 14. ഫാർമേഴ്സ് ക്ലബ്ബുകൾ

ഇവ നബാർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നവയാണ്. വാർഷിക ഗ്രാന്റായി നൽകുന്ന 10000 രൂപയ്ക്കു പുറമെ, നബാർഡ് ഗ്രാമച്ചന്തകൾ രൂപീകരിക്കുന്നതിനും

കാർഷിക പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും സെമിനാറുകൾക്കും ശിൽപശാല കൾക്കും പുതുമയുള്ള മറ്റുപരിപാടികൾക്കും ധനസഹായം നൽകുന്നു. വളരെയേറെ ഫാർമേഴ്സ് ക്ലബ്ബുകൾ ബാങ്കുകളെ ധനകാര്യ ഉൾക്കൊള്ളിക്കൽ പരിപാടിയിൽ ((Financial Inclusion Process) പിന്തുണച്ചുകൊണ്ടും ബിസിനസ് ഫെസിലിറ്റേറ്റർമാ രായി (Business facilitators) പ്രവർത്തിച്ചു കൊണ്ടും സഹായിക്കുന്നുണ്ട്. കേന്ദ്രഗ വൺമെന്റിന്റേയും കുടുംബശ്രീ മിഷന്റേയും മറ്റു ഏജൻസികളുടെയും സബ്സിഡി സൗകര്യമുള്ള പദ്ധതികളെക്കുറിച്ചും കൃഷി വിഭാഗത്തിലും അനുബന്ധ വിഭാഗങ്ങ ളിലും ഉണ്ടാകുന്ന ദൈനംദിന സംഭവ വികാസങ്ങളെക്കുറിച്ചും സമ്പദ് രംഗത്തെ മറ്റു പരിപാടികളെക്കുറിച്ചും കർഷക സമൂഹത്തിന് താഴെതട്ടിൽ വിവരങ്ങൾ എത്തി ക്കുന്നതിനാൽ ഫാർമേഴ്സ് ക്ലബ്ബുകൾ സുപ്രധാന പങ്കുവഹിക്കുന്നു.

## 15. ദേശീയ പട്ടുനൂൽ സംസ്ക്കരണ പദ്ധതി (National Sericulture Project)

സംസ്ഥാനത്ത് പട്ടുനൂൽ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മേൽനോട്ട ഏജൻസി കേരള സംസ്ഥാന പട്ടുനൂൽ സംസ്ക്കരണ സഹകരണ ഫെഡ റേഷൻ (Kerala State Sriculture Co-Operative Federation - SERIFED) ആണ്. ഗ്രാമപദേശ ങ്ങളിൽ തൊഴിൽ സൃഷ്ടിക്കുന്നതിന് നല്ല സാദ്ധ്യതയുള്ള കാർഷികാടിസ്ഥാനമുള്ള കുടിൽ വ്യവസായമാണ് പട്ടുനൂൽ സംസ്ക്കരണം. പട്ടുനൂൽ ഉൽപാദനത്തിൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണുള്ളത്. പട്ടുനൂൽ സംസ്ക്കരണ വികസനത്തിന് സെറി ഫെഡ് കർഷകർക്ക് ധനസഹായവും സാങ്കേതികോപദേശവും വിപണന സൗക ര്യവും നൽകുന്നുണ്ട്. ഒരു ഏക്കർ മൾബറി കൃഷിക്ക് നൽകുന്ന ധനസഹായം താഴെപറയും വിധമാണ്.

| | | |
|---|---|---|
| പ്ലാന്റേഷൻ | - | 2,500.00 |
| ഉപകരണ സബ്സിഡി | - | 15,000.00 |
| ഷെഡിനുള്ള സബ്സിഡി | - | 15,000.00 |
| ജലസേചന സബ്സിഡി | - | 10,000.00 |
| കമ്പോസ്റ്റ് | - | 10,000.00 |
| കിറ്റുകൾ | - | 2,870.00 |

## 16. വളർത്തുമൃഗ വികസന പദ്ധതി

മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണിത്. കൂട്ടിലിട്ടു വളർത്തുന്ന മുട്ടക്കോഴികളുടെ യൂണിറ്റുകൾക്കും തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ പന്നിവളർത്തൽ യൂണിറ്റുകൾക്കും, കൂടാതെ മുയൽ വളർത്തൽ യൂണിറ്റുകൾ സ്ഥാപനിക്കുന്നതിനും സഹായിക്കുന്നു.

100 മുട്ടക്കോഴികൾ വീതമുള്ള യൂണിറ്റുകൾക്ക് സഹായം നൽകും. മുടക്കു മുതലിന്റെ മൂന്നിലൊന്ന് സബ്സിഡിയായും ബാക്കി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായും നൽകും. തിരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് മുട്ടക്കോഴി വളർത്തലിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പരിശീലനം നൽകുകയും ചെയ്യും.

## 17. കിസാൻ ക്രെഡിറ്റ് സ്കീം

വിത്തുകൾ, വളം, കീടനാശിനി എന്നിവ വാങ്ങുന്നതിനും ഉൽപാദനച്ചെലവിനുള്ള പണം തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനും കർഷകനെ സഹായിക്കുന്ന പദ്ധതിയാണിത്. സർവ്വീസ് ഏരിയാ ബാങ്ക് മറ്റ് വായ്പകളില്ലാത്ത കർഷകരെ കണ്ടെത്തി ക്രെഡിറ്റ് കാർഡ് നൽകാൻ വരെ നിർദ്ദേശമുണ്ട്.

**കിസാൻ ക്രെഡിറ്റ് കാർഡ് സ്കീമിന്റെ സവിശേഷതകൾ**

1. അർഹതയുള്ള കർഷകർക്ക് കിസാൻ കാർഡും പാസ്ബുക്കും അല്ലെങ്കിൽ പാസ്ബുക്ക് കൂടി അടങ്ങിയ കാർഡ് നൽകും.
2. പരമാവധി പരിധിക്കുള്ളിൽ എത്ര തവണ വേണമെങ്കിലും പിൻവലിക്കാനും അടയ്ക്കാനും കഴിയുന്ന കാഷ്ക്രെഡിറ്റ് സൗകര്യം.
3. പരിധി തീരുമാനിക്കുമ്പോൾ ഒരു വർഷത്തെ മൊത്തം ഉൽപാദനത്തിനുള്ള വായ്പാവശ്യവും ഉൽപാദനവുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങളും പരിഗണിക്കും.
4. പ്രവർത്തന യോഗ്യമായ ഭൂമി, കൃഷിരീതി, സ്കെയിൽ ഓഫ് ഫിനാൻസ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പരിധി തീരുമാനിക്കുക.
5. ബാങ്കുകൾക്ക് യുക്തമായ രീതിയിൽ സബ്ലിമിറ്റുകളും തീരുമാനിക്കാവുന്നതാണ്.
6. കാർഡ് ഓരോ വർഷവുമുള്ള പുന: പരിശോധനയ്ക്ക് വിധേയമായി മൂന്ന് വർഷത്തേക്കായിരിക്കും.
7. പിൻവലിച്ച തുക 12 മാസത്തിനുള്ളിൽ തിരിച്ചടയ്ക്കണം.
8. നല്ല പ്രവർത്തനത്തിനുള്ള അംഗീകാരം എന്ന നിലയ്ക്ക്, ചെലവുകളിൽ വരുന്ന വർദ്ധനയും കൃഷിരീതികളിൽ വരുന്ന മാറ്റവും പരിഗണിച്ച് ലിമിറ്റിൽ വർദ്ധന വരുത്താവുന്നതാണ്.
9. പ്രകൃതി ദുരന്തങ്ങളുടെ ഫലമായി വിളകൾക്ക് നാശമുണ്ടാകുന്ന പക്ഷം വായ്പ പുന:സംഘടിപ്പിക്കാവുന്നതാണ്.
10. ഒരു ലക്ഷം രൂപ വരെയുള്ള വായ്പക്ക് കൃഷി/വിളവ് ചൂണ്ടിപ്പണയം മാത്രം. കൂടുതൽ തുകയ്ക്ക് ഭൂ പണയം/വ്യക്തി ജാമ്യം മുതലായവ. മാർജിൻ, പലിശ നിരക്ക് എന്നിവ വായ്പ നൽകുന്ന ബാങ്ക് നിശ്ചയിക്കുന്നതിനനുസരിച്ചായിരിക്കും.

11. ഇടപാടുകൾ കാർഡ് നൽകുന്ന ശാഖ വഴിയൊ, അല്ലെങ്കിൽ ബാങ്ക് തീരുമാനിക്കുന്ന മറ്റു ശാഖകൾ വഴിയൊ ആയിരിക്കും.
12. പണം പിൻവലിക്കുന്നത് ചെക്കൊ, സ്ലിപ്പൊ മുഖേനയായിരിക്കും. കാർഡും പാസ്ബുക്കും ഹാജരാക്കേണ്ടതുണ്ട്.

**കിസാൻ ക്രെഡിറ്റ് കാർഡ് സ്കീമിന്റെ ഗുണങ്ങൾ**

- എല്ലാ അർഹതയുള്ള കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാൻ കഴിയും.
- മുഴുവൻ വർഷത്തെയും വായ്പാ ആവശ്യം കണക്കിലെടുക്കുന്നു.
- ഏറ്റവും കുറഞ്ഞ കടലാസ് പണികളും ബാങ്കിൽ നിന്ന് പണം എടുക്കുന്നതിന് ഏറ്റവും ലളിതമായ പ്രമാണ രീതിയും.
- ബാങ്ക് തീരുമാനിക്കുന്നതനുസരിച്ച്, കാർഡ് കൊടുക്കുന്ന ശാഖയല്ലാതെ മറ്റു ശാഖയിൽ നിന്ന് പണം പിൻവലിക്കാനുള്ള സൗകര്യം.
- കിസാൻ ക്രെഡിറ്റ് കാർഡുകൾ എ.ടി.എം. വഴി ഉപയോഗിക്കാനുള്ള നീക്കം നടക്കുന്നുണ്ട്.

## 18. കർഷകർക്കുള്ള കടം കൈമാറൽ പദ്ധതി

സ്ഥാപനങ്ങളിൽ നിന്നല്ലാതെ കടം വാങ്ങി ബുദ്ധിമുട്ടിലായ കർഷകരെ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

- അർഹരായ കർഷകർ വായ്പയുടെ ഉറവിടം (പേരും അഡ്രസ്സും), വായ്പാതുക, വായ്പ എടുത്ത തീയതി, മറ്റു പ്രസക്തമായ വിവരങ്ങൾ, വായ്പ കാലാവധിയിൽ സ്ഥാപനങ്ങളിൽ നിന്നല്ലാതെയുള്ള വായ്പ എടുക്കില്ല എന്ന ഉറപ്പ് എന്നിവയടങ്ങിയ പ്രസ്താവം സമർപ്പിക്കണം.
- കർഷകൻ നൽകുന്ന പ്രസ്താവം ഗ്രാമപഞ്ചായത്ത് മെമ്പറൊ, ബാങ്ക് ശാഖയിലെ നിലവിലുള്ള അറിയപ്പെടുന്ന ഇടപാടുകാരനൊ, ബ്ലോക്ക് പരിധിയിൽ പ്രവർത്തിക്കുന്ന അറിയപ്പെടുന്ന സർക്കാരിതര സംഘടന (NGO)യുടെ പ്രസിഡന്റ്/സെക്രട്ടറിയൊ, ബാങ്ക് ശാഖ പ്രമോട്ട് ചെയ്യുന്ന ഫാർമേഴ്സ് ക്ലബ്ബിന്റെ ഭാരവാഹികളൊ സർട്ടിഫൈ ചെയ്യണം.

**വായ്പാ തുക:** കർഷകൻ സ്ഥാപനങ്ങളിൽ നിന്നല്ലാതെ മുമ്പ് എടുത്ത വായ്പാതുക നിശ്ചിത കാലാവധി വായ്പയായി നൽകും. ഇത് കർഷകന്റെ എല്ലാ ഉറവിടങ്ങളിൽ നിന്നുമുള്ള വാർഷിക അറ്റ വരുമാനത്തിന്റെ മൂന്നിരട്ടിയിൽ കൂടാൻ പാടില്ല. പരമാവധി 50000 രൂപയാണ് നൽകുക.

ബാങ്ക് നൽകുന്ന വായ്പ കൊണ്ട് സ്ഥാപനങ്ങളിൽ നിന്നല്ലാതെ കർഷകൻ എടുത്ത മുഴുവൻ വായ്പയും തീർക്കാൻ കഴിയുമെങ്കിലേ വായ്പ നൽകുകയുള്ളു.

**മാർജിൻ** : ഇല്ല

## 19. ഗോൾഡ് ലോൺ (സ്വർണാഭരണ വായ്പ)

കൃഷി ആവശ്യത്തിന് കുറഞ്ഞ പലിശയ്ക്ക് സ്വർണാഭരണ വായ്പ ലഭിക്കും. നിശ്ചിത പരിധിക്കപ്പുറം ഭൂമിയുടെ കരമടച്ച രസീത് വേണം. കൃഷിഭൂമിക്കനുസരിച്ച് തുകയും വർദ്ധിക്കും.

ഇതര ആവശ്യങ്ങൾക്കും സ്വർണാഭരണ വായ്പ ലഭിക്കും - പലിശ അൽപം കൂടുമെന്നേയുള്ളു.

ഗോൾഡ് ലോൺ നൽകുന്ന സ്വകാര്യ ബാങ്കിതര ധനസ്ഥാപനങ്ങളുമായി താര തമ്യം ചെയ്യുമ്പോൾ ബാങ്കുകളിലെ സ്വർണാഭരണ വായ്പയ്ക്ക് പലിശ കുറവും സുരക്ഷിതത്വം കൂടുതലുമാണ്.

# വനിതകൾക്ക്

## 20. വനിതാ സംരംഭക വികസന പദ്ധതി

ഒരു വനിത ആരംഭിക്കുന്നതും 50% ജീവനക്കാർ വനിതകളുമായ സംരംഭം വനിതാ സംരംഭത്തിന്റെ ഗണത്തിൽപ്പെടുന്നു.

സർക്കാർ ഇത്തരം സംരംഭങ്ങൾക്ക് താഴെ പറയുന്ന സാമ്പത്തിക സഹായ ങ്ങൾ നൽകുന്നു.

- കെട്ടിടച്ചെലവിന്റെ 50% - 50,000 രൂപ വരെ - ഗ്രാന്റ്
- യന്ത്രസാമഗ്രികളുടെ ചെലവിന്റെ 50% - 75,000 രൂപ വരെ -ഗ്രാന്റ്
- വാടക സബ്സിഡി, പ്രധാന തൊഴിൽ വിദഗ്ദ്ധന്റെയും മാനേജരുടെയും ശമ്പ ളത്തിൽ കുറഞ്ഞു വരുന്ന രീതിയിൽ 4 വർഷത്തേക്ക് സബ്സിഡി
- വിൽപന നികുതിയിൽ നിന്ന് ഒഴിവ്, കുറഞ്ഞ നിരക്കിൽ വൈദ്യുതി തുടങ്ങിയ ഇളവുകൾ
- മാർജിൻ മണി ഗ്രാന്റ് പദ്ധതിചിലവിന്റെ 20% - 3 ലക്ഷം രൂപയിൽ കവിയാതെ.

## 21. നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്ന മനത്തിനായുള്ള പദ്ധതി

**Development of women & children in Urban Areas (DWCUA)**

നഗരങ്ങളിൽ ദരിദ്രരായ സ്ത്രീകളുടെ സ്വയം സഹായകൂട്ടങ്ങൾ (SHGs) ക്ക് നൽകു ന്നുണ്ട്. ഗ്രൂപ്പുകൾക്ക് പദ്ധതിച്ചെലവിന്റെ 50 ശതമാനം (പരമാവധി 1.25 ലക്ഷം രൂപ) സബ്സിഡിക്ക് അർഹതയുണ്ട്.

## 22. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)

ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ ഉപഘടകമാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി). വനിതാ കർഷകർക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി അവരുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിച്ച് ശാസ്ത്രീയ കൃഷി രീതിയിലൂടെ കാർഷിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജനം ഉറപ്പു വരുത്തുകയും ചെയ്യുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. കേരളത്തിൽ എം.കെ.എസ്.പി യുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. പ്രധാനമായും രണ്ടു പദ്ധതികളാണ് എം.കെ.എസ്.പി മുഖേന നടപ്പാക്കുന്നത്. വനിതാ കർഷകരെ സംഘടിപ്പിച്ച് കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതിയാണ് ഒന്നാമത്തേത്. പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ തുക 79.9 കോടി രൂപയാണ്. 30,000 കുടുംബശ്രീ സംഘ കൃഷി ഗ്രൂപ്പുകളിലൂടെ 1.5 ലക്ഷത്തോളം വനിതാകർഷകർക്ക് സാങ്കേതിക പിന്തുണ നൽകി 24,000 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി കാർഷിക ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

പാലക്കാട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നെൽകൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കുടുംബശ്രീയെ ഫണ്ട് റൂട്ടിംഗ് ഏജൻസിയായി അംഗീകരിച്ച് വനിതാ ലേബർ ബാങ്ക് രൂപീകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് രണ്ടാമത്തേത്. പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ തുക 60.62 കോടി രൂപയാണ്.

# പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക്

## 23. പട്ടികജാതി/പട്ടികവർഗ സംരംഭക വികസന പദ്ധതി

ജില്ലാ വ്യവസായ കേന്ദ്രം (District Industries Centre) നടപ്പാക്കുന്ന പദ്ധതിയാണിത്. വെവ്വേറെ യൂണിറ്റുകളായോ സഹകരണ സംഘങ്ങളായോ ചെറുകിട വ്യവസായ സംരംഭങ്ങളായോ മറ്റും സ്വയംതൊഴിൽ പദ്ധതിയിൽ ആരംഭിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുന്ന സ്കീമാണിത്. പലതരത്തിലുള്ള ഗ്രാന്റുകളും സബ്സിഡികളും ഇളവുകളും നൽകുന്നു.

## 24. പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കുള്ള KSDC യുടെ മാർജിൻ തുക പദ്ധതിയും മാർജിൻ തുക വായ്പ പദ്ധതിയും

പഞ്ചായത്തുകളിൽ 4800 രൂപവരെയും മറ്റുപ്രദേശങ്ങളിൽ 5500 രൂപവരെയും വരുമാനമുള്ള പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾക്കുള്ള പദ്ധതിയാണിത്. പരമാവധി വായ്പ തുക 35000 രൂപയായിരിക്കും. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള KSDC യായിരിക്കും നടപ്പാക്കുന്ന ഏജൻസി. കോർപ്പറേഷൻ യൂണിറ്റിന്റെ മൊത്തം ചെല

വിന്റെ 50% പരമാവധി 5000 രൂപ സബ്സിഡിയായി നൽകും. ഇതു കൂടാതെ കോർപ്പറേഷൻ യൂണിറ്റിന്റെ മൊത്തം ചെലവിന്റെ 50% പരമാവധി 5000 രൂപ സബ്സിഡിയായി നൽകും. കൂടാതെ കോർപ്പറേഷൻ യൂണിറ്റ് ചെലവിന്റെ 16 മുതൽ 66 ശതമാനം വരെ മാർജിൻ തുകയായി നൽകും. പ്രസ്തുത തുക വായ്പ നൽകുന്ന ബാങ്കിൽ (തിരിച്ചടവു കാലാവധിയുമായി ബന്ധപ്പെട്ട്) യുക്തമായ കാലത്തേക്ക് നിക്ഷേപിക്കണം. കാലാവധി തീരുമ്പോൾ ഈ തുക കോർപ്പറേഷന് തിരിച്ച് നൽകണം.

## വ്യവസായമേഖല

### 25. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സംസ്ഥാനത്തിന്റെ മുതൽ മുടക്ക് സബ്സിഡി

ജില്ലാ വ്യവസായ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പലതരത്തിലുള്ള ഇളവുകൾക്കും അർഹതയുണ്ട്. വിൽപന നികുതിയിൽ നിന്നുള്ള ഒഴിവ്, മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി, ജല കണക്ഷനുകൾ, ഭൂമി വിലയ്ക്കും, കെട്ടിടത്തിനും, യന്ത്രസാമഗ്രികൾക്കും 10%, 15%, 20% സബ്സിഡി

### 26. വ്യവസായ വായ്പകൾക്ക് മാർജിൻ തുക വായ്പാ പദ്ധതി

ബാങ്കുകളും കെ.എഫ്.സി.യും നൽകുന്ന വായ്പകളുടെ മാർജിൻ തുകയുടെ 50% സംസ്ഥാന വ്യവസായ വകുപ്പ് നൽകുന്ന പദ്ധതിയാണിത്. പദ്ധതിച്ചെലവിന്റെ 20% വരെയാണ് നൽകുക. പൊതുവിഭാഗത്തിന് 2.5 ലക്ഷം രൂപ വരെയും പ്രവാസി മലയാളികൾക്ക് 5 ലക്ഷം രൂപവരെയും നൽകും. പലിശ നിരക്ക് 9 ശതമാനമാണ്. ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും ശുപാർശയനുസരിച്ച് ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് അപേക്ഷകൾ പരിഗണിക്കുക.

## ഭവന വായ്പ

### 27. ഗ്രാമപ്രദേശങ്ങളിൽ വീട് വെയ്ക്കുന്നതിനുള്ള കേന്ദ്രഗവൺമെന്റിന്റെ വായ്പാ സബ്സിഡി പദ്ധതി

കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുകളിലുള്ളവർക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണിത്.

- 32000 രൂപവരെ വാർഷിക വരുമാനമുള്ള ഗ്രാമീണ കുടുംബങ്ങളെയാണ് പദ്ധതി ലക്ഷ്യമാക്കുന്നത്.
- സബ്സിഡി പരമാവധി 10000 രൂപ നൽകും
- പരമാവധി വായ്പാതുക 40000 രൂപയാണ്.

- സബ്സിഡി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിൽ പങ്കുവെയ്ക്കും.

വായ്പ നൽകുക സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ, നിശ്ചിത വാണിജ്യ ബാങ്കുകൾ, ഭവന വായ്പാ സ്ഥാപനങ്ങൾ, ജില്ലാ ഗ്രാമവികസന അതോറിറ്റി (DRDA) എന്നിവയായിരിക്കും

## 28. ഇന്ദിരാ ആവാസ് യോജന (IAY)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകി കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ഒരു പരിഹാരം കാണുക എന്നതാണ് ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. ഇതര സമുദായത്തിൽപ്പെട്ടവർക്കുള്ള വിഹിതം ആകെ വിഹിതത്തിന്റെ 40 ശതമാനത്തിൽ കവിയാൻ പാടില്ല. ഗുണഭോക്താക്കൾ സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമല്ലാത്ത വീടില്ലാത്തവരുമായിരിക്കണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ചുമതല അതാതു ഗ്രാമസഭകൾക്കാണ്. ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. കുടുംബത്തിലെ ഭർത്താവിന്റെയും ഭാര്യയുടേയും കൂട്ടായ പേരിലും വീട് അനുവദിക്കാവുന്നതാണ്. ഓരോ പ്രദേശങ്ങളിലെയും പ്രത്യേകതകൾ കണക്കിലെടുത്തായിരിക്കും വീടുകളുടെ രൂപകൽപന, വലിപ്പം, തരഭേദം എന്നിവ നിശ്ചയിക്കുക. ഓരോ വീടിനോടനുബന്ധിച്ചും പുകയില്ലാത്ത അടുപ്പും സാനിട്ടറി ലാട്രിനും ഉണ്ടായിരിക്കും. ഇന്ദിരാ ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് അനുവദിക്കാവുന്ന പരമാവധി തുക സമതലപ്രദേശങ്ങളിൽ 45,000/- രൂപയും കുന്നിൻ പ്രദേശങ്ങൾ/ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലേത് 48,500 രൂപയുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം വീട് നിർമ്മാണത്തിനുള്ള സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പൊതുവിഭാഗത്തിന് 75000/- രൂപയും, പട്ടികജാതി വിഭാഗത്തിന് 1,00,000/- രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിന് 1,25,000/- രൂപയുമായി 29-7-09 ലെ സ.ഉ. (എം.എസ്) നമ്പർ 146/09/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് ഈ നിരക്കിലാണ് സബ്സിഡി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അനുവദിക്കേണ്ടതെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പൂർത്തീകരിക്കാത്ത വീടുകൾക്ക്, ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ 20000 രൂപയിൽ കവിയാതെ കേവലം 4 ശതമാനം പലിശ നിരക്കിൽ ഭൂ

പണയം ഒഴിവാക്കിക്കൊണ്ട് ബാങ്ക് വായ്പ ലഭ്യമാണ്. ഓരോ ബ്ലോക്കിലും എഗ്രിമെന്റ് വെക്കുന്ന വീടുകൾക്ക് അധിക വിഹിതം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിലാണ് വകയിരുത്തുന്നത്. ഐ.എ.വൈ. പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ ആകെ വിസ്തീർണ്ണം 25 ച.മീറ്ററിനും 40 ച.മീറ്ററിനും ഇടയിലായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

### ക്രെഡിറ്റ് കം സബ്സിഡി ഭവനനിർമ്മാണം/വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം

ഇന്ദിരാ ആവാസ് യോജന പ്രകാരം ആകെ ലഭ്യമാവുന്ന തുകയുടെ 20 ശതമാനം വരെ നിലവിലുള്ള വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിനും ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പാസഹായത്തോടെയുള്ള ഭവന നിർമ്മാണത്തിനുള്ള സബ്സിഡി നൽകുന്നതിനും വിനിയോഗിക്കാവുന്നതാണ്. വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിന് നൽകുന്ന പരമാവധി ധനസഹായം 15,000 രൂപയാണ്.

## 29. ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം (Rural Self Employment Training Institute (RSETI)

തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക്, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി അവസരമൊരുക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാർ വാണിജ്യബാങ്കുകളുടെ മേൽനോട്ടത്തിൽ രൂപം നൽകിയിട്ടുള്ളവയാണ് ഗ്രാമീണ സ്വയംതൊഴിൽ പരിശീലനകേന്ദ്രങ്ങൾ അഥവാ RSETI കൾ. യുവാക്കൾ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിലൂടെ വ്യക്തിവികസനവും അതോടൊപ്പം ഗ്രാമീണ വികസനവും സാധ്യമാകുന്നു. ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ അവരുടെ അഭിരുചിക്കും താൽപര്യത്തിനും അനുസരിച്ചുള്ള പരിശീലനങ്ങൾ നൽകുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് മുൻഗണന നൽകികൊണ്ട് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. അതാതു ജില്ലകളിലെ ലീഡ്ബാങ്കിനോ അല്ലെങ്കിൽ SLBC അനുവദിക്കുന്ന ഏതെങ്കിലും വാണിജ്യബാങ്കിനോ ആയിരിക്കും RSETI യുടെ നടത്തിപ്പു ഉത്തരവാദിത്വം.

### RSETI യുടെ ലക്ഷ്യങ്ങൾ

1. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് അനുയോജ്യമായ സ്വയംതൊഴിൽമേഖലയിൽ പരിശീലനം കൊടുക്കുന്നു.

2. പരിശീലന കാലയളവിൽ സൗജന്യ ഭക്ഷണവും ആവശ്യമുള്ളവർക്ക് താമസ സൗകര്യവും നൽകുന്നു.
3. തൊഴിലന്വേഷകരുടെ താൽപര്യവും കഴിവും കണ്ടെത്തുകയും അവർക്ക് ശരിയായ മേഖല തെരഞ്ഞെടുക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.
4. സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള മൂലധനം കണ്ടെത്തുന്നതിന് ബാങ്കുകളിൽ നിന്ന് വായ്പാസഹായം ലഭ്യമാകുന്നു.
5. പരിശീലനകാലയളവിനുശേഷവും സ്വയംതൊഴിൽ നടത്തിപ്പു സമയത്ത് നേരിടുന്ന പ്രശ്നപരിഹാരത്തിനുള്ള സഹായവും ഉപദേശവും നൽകുന്നു.
6. പരിശീലനത്തിനുശേഷം അവരുടെ സംരംഭങ്ങളിൽ പോയി നേരിട്ട് കണ്ട് മനസ്സിലാക്കുന്നു.

വർഷത്തിൽ ഒന്നു മുതൽ ആറാഴ്ചവരെ ദൈർഘ്യമുള്ള 30 മുതൽ 40 വരെ പരിശീലന പരിപാടികൾ RSETI കൾ സാധാരണയായി സംഘടിപ്പിക്കുന്നു.

**കാർഷിക പരിശീലനം:** പച്ചക്കറി ജൈവകൃഷി, കൂൺ, ആടുവളർത്തൽ, പശുവളർത്തൽ, കോഴി വളർത്തൽ മുതലായവ

**നിർമ്മാണ പ്രവർത്തനങ്ങൾ:** വസ്ത്രാലങ്കാരം, ചന്ദനത്തിരി നിർമ്മാണം, ബാഗ്, ഫുട്ബോൾ, പേപ്പർ ഗ്ലാസ് നിർമ്മാണം, ബേക്കറി ഉൽപന്നങ്ങളുടെ നിർമ്മാണം മുതലായവ.

**പ്രൊസസ്സ് പ്രവർത്തനങ്ങൾ:** ഇരുചക്ര വാഹന റിപ്പെയറിംഗ്, റേഡിയോ, ടി.വി. റിപ്പെയറിംഗ്, മൊബൈൽ ഫോൺ റിപ്പെയറിംഗ്, ബ്യൂട്ടീഷൻ കോഴ്സ്, കംപ്യൂട്ടർ ഹാർഡ് വെയർ, അലുമിനിയം ഫാബ്രിക്കേഷൻ, ലാപ്ടോപ് ചീപ് ലെവൽ സർവീസിങ് എന്നി പരിശീലന പരിപാടികൾ RSETI കൾ നടത്തി വരുന്നു. ഇന്ത്യയൊട്ടാകെ 300 ൽ കൂടുതൽ RSETI കൾ നിലവിലുണ്ട്.

## കേരളത്തിലെ RSETI കൾ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | JOB RSETI, വഴുതക്കാട്, 0471-2322430,9447164887 |
| 2 | കൊല്ലം | Syndicate IRD, കൊട്ടിയം, 0474-2537141, 9495245002 |
| 3 | പത്തനംതിട്ട | SBT RSETI, പത്തനംതിട്ട, 0468-2270244, 9447122964 |
| 4 | ആലപ്പുഴ | SBT RSETI, കലവൂർ പി.ഒ, 0477-2292427, 9447227727 |
| 5 | കോട്ടയം | SBT RSETI, തിരുനക്കര, 0481-2303306, 9847087723 |
| 6 | ഇടുക്കി | UBI RSETI, നെടുങ്കണ്ടം, 04868-234567, 9495590780 |
| 7 | എണാകുളം | UBI RSETI, പെരുമ്പാവൂർ, 0484 – 234567, 9447990090 |

| | | |
|---|---|---|
| 8 | തൃശൂർ | Canara Bank RSETI, Extn.Training Center Campus, മണ്ണുത്തി 0487-2370212, 9447812313 |
| 9 | പാലക്കാട് | Canara Bank RSETI, വെള്ളിനേഴി, കാളക്കാട് പി.ഒ, 0466-2282845, 9447837384 |
| 10 | മലപ്പുറം | Canara Bank Subbaro Pai SETI, വണ്ടൂർ പി.ഒ, 04931-247001, 9495317325 |
| 11 | കോഴിക്കോട് | Canara Bank RSETI, Block Office Compound, മാതറ, 0495-2432470, 9447088596 |
| 12 | വയനാട് | SBT RSETI, പുത്തൂർ വയൽ പി.ഒ 04936-207132, 9446535620 |
| 13 | കണ്ണൂർ | RUDSETI, കാഞ്ഞിരങ്ങാട് പി.ഒ, 0460-2226573, 944653399 |
| 14 | കാസർഗോഡ് | Bellikoth Institute of Rural Enterpreneurship |
| | | Development, Anandashram P.O, Kanhangad 0467-2268540, 9633784838 |

## 30. ബാങ്കിൽ അക്കൗണ്ട് തുടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തിരിച്ചറിയൽ കാർഡ് വേണം. പാസ്പോർട്ട്, വോട്ടർ തിരിച്ചറിയൽ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ് ഇവയിൽ ഏതെങ്കിലുമൊന്ന് ഈ ആവശ്യത്തിന് മതിയാകും.
- അഡ്രസിന് തെളിവായിട്ട് മുകളിൽ പറഞ്ഞിട്ടുള്ള കാർഡുകൾ തന്നെ (പാൻകാർഡ് ഒഴിച്ച്) മതിയാകും. റേഷൻകാർഡും ഇതിന് ഉപയോഗിക്കാം.
- പാസ്പോർട്ട് സൈസിലുള്ള രണ്ട് ഫോട്ടോകൾ വേണം
- അക്കൗണ്ട് ഉള്ള ഒരാൾ പരിചയപ്പെടുത്തുകയും വേണം.
- ബാലൻസ് പൂജ്യത്തിൽ നിർത്തിക്കൊണ്ടുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ടുകളും (No frill Account) ബാങ്കുകളിൽ തുടങ്ങാവുന്നതാണ്. പക്ഷെ ഇവയ്ക്ക് ചെക്കുബുക്കുകൾ നൽകുകയില്ല. ഈ അക്കൗണ്ടുകളിൽ ഇടപാട് നടത്തുന്നതിന് അക്കൗണ്ട് തുടങ്ങിയ ആൾ നേരിട്ട് ബാങ്കിൽ ചെല്ലണം.
- കുറഞ്ഞ ബാലൻസ് നിബന്ധനയുള്ള അക്കൗണ്ടുകളിൽ ആ ബാലൻസ് നിലനിർത്തിയില്ലെങ്കിൽ ബാങ്കുകൾ ചാർജുകൾ ഈടാക്കുമെന്ന് ശ്രദ്ധിക്കേണ്ടതാണ്. നവ സ്വകാര്യ ബാങ്കുകളിൽ ഇത് വളരെ കൂടുതലാണ്. അതിനാൽ അക്കൗണ്ട് തുടങ്ങുന്നതിന് മുമ്പ് ഇത് സംബന്ധമായ വിവരങ്ങൾ അന്വേഷിച്ചറിയേണ്ടതാണ്.
- നികുതി നിയമമനുസരിച്ച് എല്ലാ വ്യക്തികൾക്കും പാൻ നമ്പർ ഉണ്ടായിരിക്കേണ്ടതാണ്. ബാങ്കിൽ പാൻ നമ്പർ നൽകുന്നില്ലെങ്കിൽ നിക്ഷേപത്തിനു ലഭിക്കുന്ന

പലിശ 10000 രൂപയ്ക്ക് മുകളിലാകുന്ന പക്ഷം ബാങ്ക് മൊത്തം പലിശയ്ക്ക് 20 ശതമാനം നികുതി പിടിക്കും.

- അക്കൗണ്ട് തുടങ്ങിയ ആൾക്ക് പാൻ നമ്പർ ഉണ്ടായിരിക്കുകയും നികുതി നൽകാൻ തക്ക വാർഷിക വരുമാനം ഇല്ലാതിരിക്കുകയും ആണെങ്കിൽ നികുതിയിൽ നിന്ന് ഒഴിവാകുന്നതിന് 15 ജി എന്ന ഫോറം ബാങ്കിൽ ഒപ്പിട്ട് നൽകണം. മുതിർന്ന പൗരനാണെങ്കിൽ (സീനിയർ സിറ്റിസൺ) 15 എച്ച് എന്ന ഫോറമാണ് ഒപ്പിട്ടു നൽകേണ്ടത്. ഈ ഫോറങ്ങൾ ഓരോ വർഷവും ഒപ്പിട്ടു നൽകേണ്ടതാണ്.
- സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ പലിശയ്ക്ക് ഇതേവരെ ബാങ്കുകൾ നികുതി പിടിച്ചു നൽകേണ്ടതില്ലായിരുന്നുവെങ്കിലും അടുത്ത വർഷം മുതൽ നടപ്പാക്കാൻ പോകുന്ന നിയമമനുസരിച്ച് പലിശ 10000 രൂപയിൽ അധികമാണെങ്കിൽ നികുതി പിടിക്കേണ്ട ഉത്തരവാദിത്വം ബാങ്കുകൾക്കുണ്ടായിരിക്കും.
- പല ആവശ്യങ്ങൾക്കും ബാങ്ക് പാസ് ബുക്ക് ഒരു തിരിച്ചറിയൽ രേഖയായി സ്വീകരിക്കപ്പെടുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിപോലെയുള്ള വിവിധ പദ്ധതികൾക്കും സ്വയംസഹായ സംഘങ്ങൾക്കും എല്ലാം ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുണ്ട്.

## 31. ഇടപാടുകാർ അറിഞ്ഞിരിക്കേണ്ട മറ്റു ചില കാര്യങ്ങൾ

- ബാങ്കിൽ നിന്ന് വായ്പ ലഭ്യമാണ് എന്നതുകൊണ്ടു മാത്രം വായ്പകൾ എടുക്കരുത്. ബാങ്കിൽ തിരിച്ചടയ്ക്കാനുള്ള തവണത്തുകകൾ കഴിച്ച് തൃപ്തികരമായ വരുമാനം നൽകുന്ന പദ്ധതിക്കോ പ്രവർത്തനത്തിനോ വേണ്ടി മാത്രമായിരിക്കണം വായ്പയെടുക്കുന്നത്.
- വായ്പ, അനുവദിച്ച ആവശ്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കുക, പദ്ധതിയിതര ആവശ്യങ്ങൾക്കായി വക മാറ്റി ചിലവാക്കിയാൽ, പദ്ധതി നടത്തിപ്പിനേയും തദ്വാര പ്രതീക്ഷിച്ച വരുമാനത്തേയും ബാധിക്കും.
- കൃത്യസമയത്തുതന്നെ വായ്പ/ഗഡുക്കൾ തിരിച്ചടക്കുക. യഥാസമയത്തു തിരിച്ചടക്കപ്പെടുന്ന വായ്പകളിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അതാതു ബാങ്കുകളും പലിശ സബ്സിഡി മുഴുവനായോ ഭാഗികമായോ അനുവദിക്കുന്നുണ്ട്.
- പദ്ധതി നടത്തിപ്പിലും തിരിച്ചടവിലും നേരിടുന്ന പ്രശ്നങ്ങൾ ശാഖാ മാനേജരുമായി ചർച്ച ചെയ്ത് ഏകജാലക സംവിധാനം, ഗ്രീൻ ചാനൽ സംവിധാനം, തിരിച്ചടവ് പുനർനിർണ്ണയം മുതലായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക
- തിരിച്ചടവ് ആവശ്യപ്പെടുന്ന ബാങ്ക് നോട്ടീസ് വായ്പക്കാരനെ തിരിച്ചടവ് ഓർമ്മപ്പെടുത്തുന്ന ഒരുപകരണം മാത്രമാണ്. അത് ബാങ്കിന്റെ സാധാരണ നടപടിക്രമമാണ്.

- വായ്പ നൽകുന്നതടക്കമുള്ള ബാങ്കിന്റെ വിവിധ സേവനങ്ങളിൽ തൃപ്തരല്ലെങ്കിൽ ബാങ്ക് മാനേജരുമായോ ബാങ്കിന്റെ/സോണൽ ഓഫീസുകളുമായോ ബന്ധപ്പെടുക. എന്നിട്ടും തൃപ്തികരമായ പരിഹാരം ലഭിച്ചില്ലെങ്കിൽ റിസർവ്വ് ബാങ്ക്/ ബാങ്കിംഗ് ഓംബുഡ്സ്മാൻ മുതലായ ഓഫീസുകളിൽ പരാതി സമർപ്പിക്കാവുന്നതാണ്.
- ഒട്ടേറെ സ്വകാര്യ ചിട്ടികമ്പനികളും ബ്ലേഡ് കമ്പനികളും പൊളിഞ്ഞ ചരിത്രം കേരളത്തിനുണ്ട്. ഏറെ ജീവിതങ്ങൾ ഇതിനൊപ്പം പൊലിയുകയും തകിടം മറിയുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ബ്ലേഡ് കമ്പനികളും സ്വകാര്യ ചിട്ടി-വായ്പ കമ്പനികളും വെച്ചുനീട്ടുന്ന മോഹവലയങ്ങളിൽ കുടുങ്ങാതെ നീതിപൂർവ്വമായ പ്രതിഫലം നൽകുന്നതും സുരക്ഷിതവുമായ ബാങ്ക് നിക്ഷേപ പദ്ധതികളിൽ പണം നിക്ഷേപിക്കുകയാണ് അഭികാമ്യം.

മാസംതോറും നിശ്ചിത സംഖ്യ നിക്ഷേപിക്കാവുന്ന റെക്കറിംഗ് ഡെപ്പോസിറ്റ്, സ്ഥിരനിക്ഷേപം, സേവിംഗ്സ് ബാങ്ക് തുടങ്ങി വൈവിധ്യമാർന്ന നിക്ഷേപ പദ്ധതികൾ ബാങ്കിലുണ്ട്. സമ്പാദ്യശീലം ഭാവിയിലേക്കുള്ള കരുതലാണല്ലൊ.

- ബാങ്കുകൾ ഇന്ന് നിക്ഷേപ പദ്ധതികൾക്കു പുറമെ മ്യൂചൽ ഫണ്ടുകളും വെച്ചുനീട്ടുന്നുണ്ട്. മ്യൂചൽ ഫണ്ടുകളിൽ നിന്നുള്ള വരുമാനം ഓഹരി കമ്പോളത്തിലെ കയറ്റിറക്കങ്ങൾക്ക് വിധേയമാണ്. വർഷങ്ങളോളം കാത്തിരുന്നിട്ടും ഒരു വരുമാനവും നൽകാത്ത മ്യൂചൽ ഫണ്ടുകളുടെ ചരിത്രവുമുണ്ട്. അതുകൊണ്ട് ഗ്യാരണ്ടിയോടെ തൃപ്തികരമായ വരുമാനം നൽകുന്ന ബാങ്ക് നിക്ഷേപങ്ങൾ തന്നെയാണ് നല്ലത്.
- പലതരം ഇൻഷുറൻസ് പദ്ധതികൾ വിൽക്കാൻ ഇന്ന് ബാങ്കുകൾ വ്യഗ്രത കാട്ടുന്നുണ്ട്. ഇൻഷുറൻസ് പദ്ധതികൾ ബാങ്ക് നിക്ഷേപങ്ങൾക്ക് പകരമാവുന്നില്ലെന്ന വസ്തുത തിരിച്ചറിയണം. ഓഹരിവിപണിയുടെ നഷ്ട സാധ്യതകൾക്ക് വിധേയമാണ് മിക്കവാറും സ്വകാര്യ-വിദേശ ഇൻഷുറൻസ് കമ്പനികളുടെ ഇൻഷുറൻസ് സ്കീമുകൾ.
- സ്ഥിര നിക്ഷേപങ്ങൾ കാലാവധിയെത്തുന്നതിനു മുമ്പും ക്ലോസ് ചെയ്യാവുന്നതാണ്. നിക്ഷേപം പിൻവലിക്കുന്നതുവരെയുള്ള കാലാവധിക്ക് ബാധകമായ പലിശ നൽകുകയും ചെയ്യും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ബാങ്കിൽ നിക്ഷേപിക്കുന്ന പണം എന്നുവേണമെങ്കിലും പിൻവലിക്കാം. പൂർത്തിയാക്കിയ കാലഘട്ടത്തിന് ബാധകമായ പലിശ ലഭിക്കുകയും ചെയ്യും.
- ഒരു ബാങ്കിൽ നിന്ന് മറ്റ് ബാങ്കുകളിലേക്ക് വേഗത്തിൽ പണം മാറ്റുന്നതിന് NEFT, RTGS എന്നീ സംവിധാനങ്ങളുണ്ട്. RTGS ആണെങ്കിൽ ചുരുങ്ങിയ സംഖ്യ 2 ലക്ഷത്തിന് മുകളിലായിരിക്കണം.
- വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് (NRI) വിവിധ നിക്ഷേപ പദ്ധതികളുണ്ട്. എളുപ്പം പണമയക്കാനുള്ള സംവിധാനങ്ങളുമുണ്ട്. അത് ബാങ്കിലമ്പേ

ഷിച്ച് പ്രാവർത്തികമാക്കിയാൽ കുഴൽപ്പണ രീതിയൊക്കെ പാടേ ഒഴിവാക്കാം. പ്രവാസികൾക്ക് ഭവന വായ്പ നൽകാനും ബാങ്ക് പദ്ധതിയുണ്ട്.

നിങ്ങൾ താമസിക്കുന്ന പഞ്ചായത്ത് വാർഡിലെ ബാങ്കിംഗ് സേവനങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള (സർവീസ് ഏരിയാ) ബാങ്ക് ശാഖ ഏതെന്നറിയണം.

വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് ഈ ബാങ്ക് ശാഖയെ ബന്ധപ്പെടണം. സർക്കാർ സ്പോൺസർ ചെയ്യുന്ന എസ്.ജി.എസ്.വൈ, പി.എം.ഇ.ജി.പി തുടങ്ങിയ വായ്പകളും അതത് മേഖലകളിലെ നിർദിഷ്ട ബാങ്ക് ശാഖ വഴിയായിരിക്കും നൽകുക.

## ലീഡ് ബാങ്ക്

ബാങ്കിംഗ് വായ്പ വിന്യാസത്തോത്, വികസന സാധ്യതകൾ, ഗവൺമെന്റ് സബ്സിഡിയോടുകൂടിയ വായ്പാവിതരണം, ജില്ലാതല ക്രെഡിറ്റ് പ്ലാൻ, തുടങ്ങിയ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ ജില്ലക്കും ഒരു പൊതുമേഖലാ ബാങ്കിനെ ലീഡ് ബാങ്കായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനതല ഏകോപനം കൺവീനറായ കനറാ ബാങ്കാണ് നിർവ്വഹിക്കുന്നത്.

| ജില്ല | ലീഡ് ബാങ്ക് | ഫോൺ |
|---|---|---|
| തിരുവനന്തപുരം | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 04712320154 |
| കൊല്ലം | ഇന്ത്യൻ ബാങ്ക് | 04742742651 |
| പത്തനംതിട്ട | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 04682222589 |
| കോട്ടയം | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 04812570090 |
| ഇടുക്കി | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 04862222148 |
| ആലപ്പുഴ | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 04772251267 |
| എറണാകുളം | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 04842385205 |
| തൃശൂർ | കനറാ ബാങ്ക് | 04872331156 |
| പാലക്കാട് | കനറാ ബാങ്ക് | 04912544644 |
| മലപ്പുറം | കനറാ ബാങ്ക് | 04832734881 |
| കോഴിക്കോട് | കനറാ ബാങ്ക് | 04952760399 |
| വയനാട് | കനറാ ബാങ്ക് | 04936202777 |
| കണ്ണൂർ | സിൻഡിക്കേറ്റ് ബാങ്ക് | 04972768994 |
| കാസർഗോഡ് | സിൻഡിക്കേറ്റ് ബാങ്ക് | 04994231070 |

**സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി**

(SLBC) കൺവീനർ : കനറാ ബാങ്ക്, തിരുവനന്തപുരം, 0471-2331302, 2331051

സർവ്വീസ് ഏരിയ ബാങ്ക് ശാഖ വഴി വായ്പാ ലഭ്യതക്കും മറ്റും പ്രശ്നമുണ്ടായാൽ അതതു ബാങ്കിന്റെ മേലധികാരികളുടെയോ (റീജിയണൽ ഓഫീസ്/സോണൽ ഓഫീസ്/സർക്കിൾ ഓഫീസ്/ഹെഡ് ഓഫീസ്), ലീഡ് ബാങ്കിന്റയോ സഹായം തേടാം. വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ ജില്ലാ കളക്ട്രേറ്റിലും നൽകാം. അവരത് ലീഡ് ബാങ്ക് വഴി നിർദ്ദിഷ്ട ബാങ്കുമായി ബന്ധപ്പെട്ട് പരിഹാരം തേടാം.

## 32. വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന്

- ഓരോ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റെയും വാർഡുകളും ഡിവിഷനുകളും സർവീസ് ഏരിയ തിരിച്ച് വിവിധ ബാങ്കു ശാഖകളെ ചുമതല ഏൽപിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ എടുക്കേണ്ട വ്യക്തി താമസിക്കുന്ന വാർഡ് അല്ലെങ്കിൽ ഡിവിഷൻ ഏത് സർവ്വീസ് ഏരിയയിൽ പെടുന്നു എന്നറിഞ്ഞ് ആ സർവ്വീസ് ഏരിയയുടെ ചുമതല ഏൽപിച്ചിട്ടുള്ള ബാങ്ക് ശാഖയെ വായ്പയ്ക്കായി സമീപിക്കുകയാണ് വേണ്ടത്. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചാണിത്.
- പഠനത്തിന് മിടുക്കരായ നിർധന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നേടാൻ വിദ്യാഭ്യാസ വായ്പ വഴിയൊരുക്കുന്നു. പൊതുപ്രവേശന പരീക്ഷ/മെറിറ്റ്-കം-സെലക്ഷൻ പ്രോസസ്സ് വഴി നേടുന്ന മെറിറ്റ് സീറ്റിൽ പഠിക്കുന്നതിന് നാല് ലക്ഷം രൂപ വരെ വായ്പയ്ക്ക് വസ്തു ഈട് നൽകേണ്ടതില്ല.
- നാലരലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥിക്ക് എൻട്രൻസിലൂടെ മെറിറ്റ് സീറ്റിൽ പഠിക്കുന്നതിന് നൽകുന്ന (ഐ ബി എ മാതൃകയിലുള്ള) വിദ്യാഭ്യാസ വായ്പയുടെ പലിശ സർക്കാർ സബ്സിഡിയായി ബാങ്കിന് നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ബാങ്കുമായുള്ള കരാർ പ്രകാരം തിരിച്ചടവ് തുടങ്ങുന്നതുവരെ ഈ ആനുകൂല്യം ലഭ്യമാവും. മുതലും അതിനു ശേഷമുള്ള പലിശയും മാത്രം തിരിച്ചടച്ചാൽ മതിയാവും. (പഠനശേഷം ഒരു വർഷമോ, ജോലി ലഭിച്ച് ആറ് മാസമോ ഏതാണോ ആദ്യം, അന്നു മുതൽ തിരിച്ചടവ് തുടങ്ങണം).
- മാനേജ്മെന്റ് ക്വാട്ടയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ഓരോ ബാങ്കും തനതായ നിബന്ധനകളോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് പലിശ സബ്സിഡി ലഭ്യമല്ല.
- പെൺകുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ വായ്പകൾക്ക് അര ശതമാനം മുതൽ ഒരു ശതമാനം വരെ ചില ബാങ്കുകൾ പലിശയിളവ് നൽകുന്നുണ്ട്.

## 33. എ.ടി.എം. കാർഡുകൾ

ബാങ്കിലെ അക്കൗണ്ടിൽ നിന്ന് പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ 24 മണിക്കൂറും പണം പിൻവലിക്കാനുള്ള സൗകര്യമാണ് എ.ടി.എം കാർഡ് നൽകുന്നത്. ചില ബാങ്കുകൾ ഈ കാർഡ് നൽകുന്നതിന് ഒരു ചാർജ്ജ് ഈടാക്കുന്നുണ്ടെങ്കിലും മറ്റു ചില ബാങ്കുകൾ സൗജന്യമായാണ് ഇത് നൽകുന്നത്.

എ.ടി.എം. കാർഡുപയോഗിച്ച് വിവിധ ബാങ്കുകളുടെ എ.ടി.എം കൗണ്ടറുകളിൽനിന്ന് പണം പിൻവലിക്കാം. പക്ഷെ, മാസത്തിൽ 5 തവണയിൽ കൂടുതൽ മറ്റ് ബാങ്കുകളുടെ എ.ടി.എം സൗകര്യം ഉപയോഗിച്ചാൽ ചാർജ് ഈടാക്കുമെന്നതാണ് നിലവിലുള്ള വ്യവസ്ഥ.

എ.ടി.എം കാർഡിന്റെ ഉപയോഗം വളരെ ലളിതമാണ്. കേരളത്തിലെ എ.ടി.എമ്മുകളിൽ മലയാള ഭാഷയിലും നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സംശയം കൂടാതെ എ.ടി.എമ്മുകളിൽ കയറിച്ചെല്ലു. ഒന്നോ രണ്ടോ തവണ കാർഡുപയോഗിച്ച് പണം പിൻവലിച്ചു കഴിയുമ്പോൾ സംശയങ്ങൾ പൂർണ്ണമായും ഒഴിവാകും.

## 34. കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ ദുരിത പർവ്വം

ഉത്സവങ്ങളുടെ നാടാണ് ഭാരതം  പശ്ചിമ ബംഗാളിൽ ദുർഗ്ഗാപൂജ ആഘോഷങ്ങൾ ഒരു മാസം വരെ നീണ്ടു നിൽക്കുമത്രെ. അങ്ങനെ എത്രയെത്ര ഉത്സവങ്ങൾ. ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും ആധിക്യം മൂലം പ്രവൃത്തി ദിവസങ്ങൾ കുറവാണെന്ന് പരിഹസിക്കുന്ന ഒരു ചൊല്ലുണ്ട് ബംഗ്ഗാളിൽ. ബാരോ മാസോ തേരോ വർവാന (12 മാസങ്ങളിൽ 13 ഉത്സവങ്ങൾ)

നാടിനോടും ഉത്സവങ്ങളോടും വിടപറഞ്ഞ് അവർ  കേരള ഗാഡി  പിടിക്കുന്നത് ഒരുപാട് പ്രതീക്ഷകളുമായാണ്. കതിർക്കന പ്രതീക്ഷകൾ, അതെ, കേരളം ഇന്നവർക്ക് ഗൾഫാണ്. ബംഗാൾ, ഒഡീഷ, ഝാർഖണ്ട്, ആസ്സാം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് കൂടുതലും. വടക്കേ ഇന്ത്യയിൽ നിന്നു വരുന്ന ദീർഘദൂര തീവണ്ടികൾ ആലുവ സ്റ്റേഷനിൽ നിർത്തുന്നതിനെ തുടർന്ന് പ്രധാന കവാടത്തിലേക്കുള്ള ആ ഒഴുക്ക് ഒന്നു കാണേണ്ടതുതന്നെയാണ്.

കേരളത്തിൽ 11 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നാണ് കുറച്ച് നാൾ മുമ്പ് ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ പഠനം പറയുന്നത്. മറ്റു ചില പഠനങ്ങളും ഫീച്ചറുകളും 13 ലക്ഷം വരെ വിവിധ കണക്കുകൾ നിരത്തുന്നു. പെരുമ്പാവൂരിലെ മരമില്ലുകളിൽ, കഞ്ചിക്കോട്ടെ സ്റ്റീൽ അനുബന്ധ വ്യവസായങ്ങളിൽ, റോഡ്, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിൽ ഇവരുടെ വൻസാന്നിദ്ധ്യം

കാണാം. ഗൾഫുനാടുകളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്ന മലയാളികളുടേതി നേക്കാൾ മോശമായ ചുറ്റുപാടുകളിലാണ് പലപ്പോഴും ഇവരുടെ ജീവിതം എന്നു പറയുന്നു.

ഈ വിഭാഗം ആളുകളുടെ ക്ഷേമത്തിനായി ബാങ്കിന്റേതായ പദ്ധതികളൊന്നുമി ല്ല. എന്നാൽ ഇവരിൽ കാര്യവിവരമുള്ളവർ ബാങ്ക് അക്കൗണ്ട് വഴി നാട്ടിലേക്ക് പണം സൗജന്യമായി അയയ്ക്കുന്നുണ്ട്. അത് എങ്ങനെയെന്നല്ലേ? കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നതുകൊണ്ടാണ് ഇപ്രകാരം സാധിക്കുന്നത്. ബംഗാളിലെ മാൽഡ സ്വദേശിയായ കല്യാൺ ബാനർജി, പെരുമ്പാവൂരിലെ തടിമില്ലിൽ പണിയെ ടുക്കുന്നു. ബാനർജിയുടെ ഭാര്യയുടെ പേരിൽ ബാങ്കിന്റെ മാൽഡ ശാഖയിൽ SB A/c തുടങ്ങുന്നു. ATM കാർഡും ചെക്ക് ബുക്കും കിട്ടി. ശമ്പളദിനത്തിൽ കല്യാൺ ബാനർജി പെരുമ്പാവൂർ ശാഖയിലെത്തി ഭാര്യയുടെ അക്കൗണ്ടിൽ പണമടയ്ക്കു ന്നു. സംഖ്യയടച്ച ആ നിമിഷം മുതൽ ബാനർജിയുടെ ഭാര്യയ്ക്ക് എപ്പോൾ വേണ മെങ്കിലും മാൽഡയിൽ പണമെടുക്കാം. ഈ ഇടപാടിൽ ഒരു നിശ്ചിത സംഖ്യ വരെ ബാങ്ക് ഒരു ചില്ലിക്കാശും ഈടാക്കുന്നില്ല. ഇപ്രകാരം പല മാർഗങ്ങളുണ്ട്.

മണി ഓർഡർ അയയ്ക്കുകയാണെങ്കിൽ 100 ന് 5 രൂപ നിരക്കിൽ കമ്മീഷൻ നൽകണം. ബാങ്ക് ഡിമാന്റ് ഡ്രാഫ്റ്റായാണ് സംഖ്യ അയയ്ക്കുന്നതെങ്കിൽ ഡി.ഡി. കമ്മീഷനും തപാൽ ചെലവും. അങ്ങിങ്ങായി കുറെയേറെ അന്യസംസ്ഥാന തൊഴി ലാളികളോട് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതു കൊണ്ടായില്ല. അതിനോരു സംഘടിതവും സുശക്തവുമായ കാമ്പയിൻ കൂടയേ തീരു. തിരിച്ചറിയൽ കാർഡ് ഇല്ലാത്തതുകൊണ്ടാവുമോ ബാങ്കുമായി ബന്ധപ്പെടാ ത്തത്? അതോ ഇനി തന്റെ നാട്ടിൽ ബാങ്ക് ശാഖയുടെ അഭാവമാണോ കാര്യം? മിക്കവർക്കും മൊബൈൽ ഫോണുണ്ട്. അപ്പോൾ തിരിച്ചറിയൽ രേഖയുമുണ്ടാക ണം.

2010 ൽ കേരള സർക്കാർ കൊണ്ടുവന്ന Kerala Migrant Workers Welfare Fund ൽ അംഗത്വമെടുക്കാൻ പ്രതിവർഷം 30 രൂപ മതി. അപകടമരണത്തിന് അരലക്ഷവും സ്വാഭാവിക മരണത്തിന് 15000 രൂപയും ലഭിക്കും. എന്നിട്ടും 30000 ൽ താഴെ തൊഴിലാ ളികൾ മാത്രമാണ് ഇതുവരെ അംഗത്വമെടുത്തിട്ടുള്ളതെന്ന് കണക്കുകൾ വിളിച്ചോ തുന്നു. ഇതൊക്കെ നല്ലൊരു പഠനത്തിന് വിഷയീഭവിക്കേണ്ടതാണ്. ഈ ദിശയിൽ ഞങ്ങളുടേതായ ചില നീക്കങ്ങൾ നിശ്ചയമായും ഉണ്ടാവും.

| | | | | |
|---|---|---|---|---|
| 1 | കൃഷി | www.keralaagriculture.com | krishidirector@gmail.com | 0471-2304480 |
| 2 | മണ്ണുപര്യവേഷണം | | agriscu@hotmail.com | 0471-2451433 |
| 3 | ഇറിഗേഷൻ | | cepikkd@gmail.com0495-2380805 | |
| 4 | മത്സ്യബന്ധനം | www.fishnetkerala.gov.in | fisheriesdirector@gmail.com | 0471-2303160 |
| 5 | മൃഗസംരക്ഷണം | www.aho.kerala.gov.in | directorah.ker@nic.in | 0471-2302285 |
| 6 | ക്ഷീരവികസനം | www.dairy.kerala.gov.in | diarydirector05@gmail.com | 0471-2445749 |
| 7 | വ്യവസായം | | www.keralaindustry.org | 0471-2302449 |
| 8 | കയർ ഡിപ്പാർട്ട്മെന്റ് | | directorate@coir.kerala.gov.in | 0471-2322046 |
| 9 | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | www.kkvib.org | secretary@kkvib.org | |
| 10 | കൈത്തറി വകുപ്പ് | www.keralahandloom.gov.in | dirhandloom@asianetindia.com | 0471-2303427 |
| 11 | വനം വകുപ്പ് | www.forest.kerala.gov.in | pccf@forest.kerala.gov.in | 0471-2321610 |
| 12 | ആരോഗ്യവകുപ്പ് | www.dhs.kerala.gov.in | dhskerala@gmail.com | 0471-2303025 |
| 13 | ഭാരതീയ ചികിത്സാ വകുപ്പ് | oww.ism.kerala.gov.in | directorism@yahoo.com | 0471-2322620 |
| 14 | ഹോമിയോ വകുപ്പ് | www.homeopathy.kerala.gov.in | directorhomeokerala@yahoo.in | 0471-2471428 |
| 15 | മലിനീകരണ നിയന്ത്രണ വകുപ്പ് | | kerapcb@asianetindia.com | 0471-2318150 |
| 16 | പൊതു വിദ്യാഭ്യാസ വകുപ്പ് | dpi@education.kerala.gov.in | dirvhse@yahoo.com | 0471-2325106<br>0471-2325323 |
| 17 | കോളേജ് വിദ്യാഭ്യാസ വകുപ്പ് | | dcedirectorate@gmail.com | 0471-2303548 |
| 18 | സാക്ഷരതാ മിഷൻ | www.leapkerala.org | dcedirectorate@gmail.com | 0471-2303548 |
| 19 | ലൈബ്രറി കൗൺസിൽ | | akcknf@gmail.com | 0471-2438801 |
| 20 | ഭൂജല വകുപ്പ് | www.groundwater.kerala.gov.in | gwdkerala@gmail.com | 0471-2434098 |
| 21 | ജലനിധി | | kurianb@yahoo.com | 0471-2340434,<br>2337006 |

| | | | | |
|---|---|---|---|---|
| 22 | കേരള ജല അതോറിറ്റി | | md@kwa.kerala.gov.in | 0471-2322797 |
| 23 | സോഷ്യോ ഇക്കണോമിക് | | seufhg@vsnl.net | 0471-2315907 |
| 24 | സഹകരണം | www.keralarcs@coop.kerala.gov.in | keralarcs@gmail.com | 0471-2331891 |
| 25 | നാഷ്ണൽ എംപ്ലോയ്മെന്റ് | www.detkerala.gov.in | detkerala@gmail.com | 0471-2323856 |
| 26 | തൊഴിൽ വകുപ്പ് | www.lckerala.gov.in | lc@lc.kerala.gov.in | 0471-2330414 |
| 27 | ഫാക്ടറീസ് & ബോയ്ലറീസ് | | director@fabkerala.gov.in | 0471-2477974 |
| 28 | പട്ടിക ജാതി വകുപ്പ് | sc.directorate@gmail.com | 0471-2314455 | |
| 29 | പട്ടിക വർഗ്ഗ വകുപ്പ് | www.scstkeralacorporation.org | keralatribes@gmail.com | 0471-2302990 |
| 30 | സഹകരണ കോർപ്പറേഷൻ | www.ksbcdc.com | bcdcmo@gmail.com | 0471-2327979 |
| 31 | പിന്നോക്ക സമുദായം | | obcdirectorate@gmail.com | |
| 32 | ടൂറിസം | http.www.keralatourism.org | info@keralatourism.org | |
| 33 | സിവിൽ സപ്ലൈയ്സ് | www.civilsupplieskerala.gov.in | essentioalcommodity@gmail.com | 0471-2320578 |
| 34 | സാമൂഹ്യനീതി വകുപ്പ് | www.swd.kerala.gov.in | swdkerala@gmail.com | 0471-2302887 |
| 35 | റവന്യു വകുപ്പ് | | lrcommissioner@gmail.com | 0471-2322830 |
| 36 | യുവജനകാര്യലയം | www.dsya.kerala.gov.in | keralasportscouncil@gmail.com | 0471-2325883 |
| 37 | പോലീസ് | | dgp@keralapolice.gov.in | 0471-2721601 |
| 38 | ലോട്ടറി വകുപ്പ് | www.keralalotteries.com | direkerlot@gmail.com | |
| 39 | റിമോട്ട് സെൻസിംഗ് | | directorksrec@yahoo.in | 0471-2301167 |
| 40 | ലീഗൽ മെട്രോളജി | www.lmdkerala.gov.in | clmkerala@gmail.com | 0471-2305996 |
| 41 | ഇൻഷ്വറൻസ് | www.insurancekerala.gov.in | directorksid@yahoo.co.in | |
| 42 | മൈനിംഗ് & ജിയോളജി വകുപ്പ് | www.omg.kerala.gov.in | director@omg.kerala.gov.in | 0471-2447429 |
| 43 | എക്സൈസ് വകുപ്പ് | | eckerala@excise.kerala.gov.in | 0471-2332632 |
| 44 | ഔഷധ ഗുണനിയന്ത്രണ വകുപ്പ് | www.dc.kerala.gov.in | dckerala@gmail.com | 0471-2473256 |

| | | | | |
|---|---|---|---|---|
| 45 | ഫയർ & റസ്ക്യൂ വകുപ്പ് | | keralafireandrescueservices @gmail.com | 0471-2320865 |
| 46 | മോട്ടോർ വെഹിക്കിൾ | www.keralamvd.gov.in | tc@keralamvd.gov.in | 0471-2331314 |
| 47 | പൊതുമരാമത്ത് വകുപ്പ് | www.kerala.pwd.gov.in | ceblogs@pwd.kerala.gov.in | 0471-2322946 |
| 48 | പുരാവസ്തു വകുപ്പ് | www.keralaarchaeology.org | dirarch@sancharnet.in | |
| 49 | സാംസ്ക്കാരിക വകുപ്പ് | | ksnacademi@gmail.com | 0487-2382420 |
| 50 | ഇലക്ട്രിസിറ്റി ബോർഡ് | | cmkseb@ksebnet.com | 0471-2942125 |
| 51 | ഭൂവിനിയോഗ ബോർഡ് | www.kslsb.kerala.gov.in | landuseboard@yahoo.com | |
| 52 | ഹൗസിംഗ് ബോർഡ് | adv.rahmath@yahoo.co.in | adv.rahmath@gmail.com | |
| 53 | കുടുംബശ്രീ | | saradamuraleedharan@gmail.com | 04712554789 |
| 54 | ലീഗൽ സർവ്വീസ് അതോറിറ്റി | www.kelsa.nic.in | kelsakerala@gmail.com | 0484-2395353 |
| 55 | കയർ ബോർഡ് | | coir@mdz.vsnl.net.in | |
| 56 | ബാങ്കിംഗ് | www.nabard.org | Trivandrum@nabard.org | 0471-2323859 |

## ഈ കൈപുസ്തകം തയ്യാറാക്കുന്നതിന് സഹായിച്ചവർ

| ക്രമ നം. | പേര് | ഫോൺ നമ്പർ |
|---|---|---|
| 1 | പ്രകാശ് എം | 9447887332 |
| 2 | ഡോ. ദിലീപ്കുമാർ. എസ്.ആർ | 9946105486 |
| 3 | ഡോ. എൻ.ആർ. ഹർഷകുമാർ | 9447084814 |
| 4 | കെ.ബി. ഷാജി | 9446430888 |
| 5 | രേണുകുമാർ എം. | 9496346320 |
| 6 | മോഹൻകുമാർ വി.കെ | 9495890013 |
| 7 | കാളിദാസൻ എം.ജി | 9447050945 |
| 8 | ഡോ. ടി.ടി. കൃഷ്ണകുമാർ | 9447015999 |
| 9 | രാജേന്ദ്രൻ | 9446176748 |
| 10 | വി.എസ്. സുകുമാരൻ | 9388551947 |
| 11 | ഗോകുൽ. ടി.ജി | 9744310077 |
| 12 | സേവ്യർ.പി. ഇഗ്നേഷ്യസ് | 04872360469 |
| 13 | ലാസർ ഇ.പി. | 9495739963 |
| 14 | കൃഷ്ണകുമാർ കെ.എസ്. | 9446384841 |
| 15 | പി.കെ. മോഹൻദാസ് | 9447868021 |
| 16 | മോസസ് രാജ്കുമാർ. എസ് | 9446008174 |
| 17 | സുമിത്ര എസ് | 9447975725 |
| 18 | ഡോ. എൻ. ഗോപാലകൃഷ്ണൻ | 9446377982 |
| 19 | ടി. ലീല | 9447878913 |
| 20 | ശ്രീദേവി. കെ.ജി. | 9847693613 |
| 21 | മീര .പി. | 9447541512 |
| 22 | സി.കെ. പ്രദീപ് കുമാർ | 9446534745 |
| 23 | തോമാസ് സ്കറിയ | 9447419754 |

| | | |
|---|---|---|
| 24 | എം.ഒ. പുഷ്പേന്ദ്രൻ | 9446461713 |
| 25 | അനു.എസ്. നായർ | 9447154502 |
| 26 | കെ.വി. ഗോവിന്ദൻ | 9447684686 |
| 27 | സന്തോഷ്കുമാർ സെൻ | 9495420149 |
| 28 | മിറയാമ്മ കെ. ജോർജ് | 9447450867 |
| 29 | ശങ്കരനാരായണൻ എം. | 9446554726 |
| 30 | ശ്രീകുമാർ . ടി. എസ് | 9446553341 |
| 31 | ശോ ന. ഇ. ആർ | 9447234694 |
| 32 | ഡോ. ജോർജ്ജ് തോമാസ് | 9446547341 |
| 33 | അനുമുരളി വി. | 9446089715 |
| 34 | വേണുകുമാർ സി. | 9447206745 |
| 35 | ലീന രവിദാസ് | 9447668709 |
| 36 | എബ്രഹാം .ടി. എസ്. | 9446333177 |
| 37 | ദിനേശ്കുമാർ കെ.പി. | 9447145996 |
| 38 | ബിന്ദു.പി. വർക്ഷീസ് | 9495139003 |
| 39 | പൃഥിപാലൻ. പി.കെ | 9961524558 |
| 40 | നന്ദൻ. പി | 9447603671 |
| 41 | പ്രീതി. എസ് | 9447735405 |
| 42 | ഔസേപ്പ് . പി.വി | 9847531070 |
| 43 | വിനോദ് രാജ് | 2360130 |
| 44 | നവീൻ എ. കെ | 9400506589 |
| 45 | സദാനന്ദൻ ഇ. എസ് | 9447804781 |
| 46 | രാജേന്ദ്രൻ . സി | 9447400650 |
| 47 | അശോക് കുമാർ. ടി. കെ | 9447617751 |
| 48 | ജാക്സൺ ചാക്കോ | 9847336473 |

| | | |
|---|---|---|
| 49 | പി. മുരളീധരൻ | 9400301395 |
| 50 | ഡോ. കെ. വി. മുഹമ്മദ് കുഞ്ഞി | 9447126861 |
| 51 | റഷീദ്. കെ. എം | 9446241788 |
| 52 | രേണുക. വി. കെ | 9847543474 |
| 53 | വിശ്വനാഥൻ. ടി.കെ | 8547329156 |
| 54 | സുമിത്ര. എസ്. | 9446110526 |
| 55 | ശകുന്തള. കെ | 9447740562 |
| 56 | നിഷ. വി.സി | 9605614714 |
| 57 | രത്നം. എ.ജെ | 9495576362 |
| 58 | ശ്രീധരൻ. വി.കെ | 9497073324 |
| 59 | ജോസഫ്ജോണി | 9446990921 |
| 60 | ദിനേശ്കുമാർ.കെ.പി | 9447145996 |
| 61 | ജെയ്സി ജോസഫ് | 9744494896 |
| 62 | ഡോക്ടർ ഗോപീകൃഷ്ണൻ | 9446377982 |
| 63 | വിൽസൺ. ടി. എൻ. | 9496288132 |
| 64 | അനിരുദ്ധൻ. ടി.സി | 9072446698 |
| 65 | അജിത്കുമാർ. സി.ടി | 9447527301 |
| 66 | മിനി രവീന്ദ്രൻ | 9495884529 |
| 67 | ഷൈജ. എസ്. | 9946755146 |
| 68 | ജയകുമാർ | 9496004058 |
| 69 | ഡോ. ജഗദീശൻ (ഹെൽത്ത് എ.ഡി) | |
| 70 | ജയദേവൻ പി.കെ | 9895287950 |
| 71 | രവീന്ദ്രനാഥൻ. എം.കെ | 9746342952 |

തിയ്യതി : 01-01-2014 കോഡിനേറ്റർ - രവീന്ദ്രനാഥൻ എം.കെ.



# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാനാവിഷ്കൃത പദ്ധതികളും




**Kerala Institute of Local Administration (KILA)**
Mulamkunnathukavu, Thrissur-680 581
Phone:+91 487 2201312, 2201768, 2201061, 2200244
Fax: +91 487 2201062, email:mail@kilaonline.org
Website:www.kilaonline.org